# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 20, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1833/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയുംവനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..102

**II അടിയന്തരപ്രമേയ നോട്ടീസ്**

അയിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു ..428

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്രാന്വേഷണ ഏജൻസികൾ സർക്കാർ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച്

-ശ്രീ. വി. ജോയി ..429

(2) കുടിവെള്ളക്ഷാമം

– ശ്രീമതി ഷാനിമോൾ ഉസ്മാൻ ..432

IV **സബ്മിഷൻ**

(1) വനപാത പദ്ധതി

– ശ്രീ. സി. കൃഷ്ണൻ ..435

(2) മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

– ശ്രീ. വി. ജോയി ..437

(3) ഷഫീക്കിന്റെ മരണം

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ..439

(4) ആദിവാസി ഭൂമിപ്രശ്നങ്ങൾ

ശ്രീ. പി.സി. ജോർജ് ..440

*പേജ്*

(5) താലൂക്ക് രൂപീകരണം

– ശ്രീ. പി. ഉബൈദുള്ള ..442

(6) ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ

– ശ്രീമതി പി. അയിഷാ പോറ്റി ..444

(7) ബി. പി. എൽ. സ്കോളർഷിപ്പ്-

– ശ്രീ. സി. ദിവാകരൻ ..445

(8) മഞ്ചേരി മെഡിക്കൽ കോളേജ്

– ശ്രീ. എം. ഉമ്മർ ..446

(9) ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി

– ശ്രീ. കെ. വി. അബ്ദുൾ ഖാദർ ..448

(10) എൽ.എസ്.ജി.ഡി. പ്രവൃത്തികൾ

– ശ്രീ. കെ. ഡി. പ്രസേനൻ ..450

(11) പാരിസ്ഥിതിക സംവേദന മേഖല

– ശ്രീ. കെ. സി. ജോസഫ്

– ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ) ..451

(12) മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം

– ശ്രീ. ഒ. ആർ. കേളു ..454

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ..455

**VI റിപ്പോർട്ട് സമർപ്പണം**

1. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..456

2. കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..456

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ ..456

4. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ ..456

*പേജ്*

5. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ ..457

6. ഹർജികൾ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ ..457

7. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ..457

**VII ധനകാര്യം**

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച ..457

**VIII അടിയന്തരപ്രമേയ ചർച്ച**

സി.ആന്റ്.എ.ജി. ഓഡിറ്റ് റിപ്പോർട്ട് ..480

**നിയമനിർമ്മാണകാര്യം - തുടർച്ച** ..527

**IX പ്രമേയം**

**ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്** ..582

**അനുബന്ധം** ..583

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 20, ബുധൻ*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ........ചോദ്യം നമ്പർ *151

### തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ്

1(*151) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് അദാനിക്ക് നൽകാതെ സംസ്ഥാന സർക്കാർ രൂപീകരിച്ച ടിയാലിന് നല്കണമെന്ന ഐകകണ്ഠ്യേനയുള്ള ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ;

(ബി) വിമാനത്താവള നടത്തിപ്പിൽ പ്രാഗത്ഭ്യം തെളിയിക്കുന്നതിൽ വിജയിച്ച കിയാൽ, സിയാൽ മാതൃകയിൽ സംസ്ഥാന സർക്കാരിന് കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനി അദാനി വാഗ്ദാനം ചെയ്ത തുക നൽകാമെന്നേറ്റിട്ടും നടത്തിപ്പ് ചുമതല നൽകാത്തത് സംസ്ഥാന താത്പര്യത്തെക്കാൾ കമ്പനികളുടെ താല്പര്യത്തിന് പ്രാമുഖ്യം നൽകുന്നതിനാലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥാപിതമായി രണ്ടുവർഷത്തിനുള്ളിൽ കണ്ണൂർ വിമാനത്താവളത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ) 2020 സെപ്റ്റംബർ 9, നവംബർ 11 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്നാണ് അറിയിച്ചത്. ഈ നിലപാട് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് മറുപടിയും നൽകിയിട്ടുണ്ട്.

(ബി) വ്യോമയാന മേഖലയിലെ തന്ത്രപ്രധാന സ്ഥാപനമായ എയർ ഇന്ത്യയുടെ ഓഹരികളും കോടികൾ വിലമതിക്കുന്ന ആസ്തിയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ വിവിധ വിമാനത്താവളങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കേന്ദ്രം ത്വരിതപ്പെടുത്തിയിരിക്കുകയാണ്, ഇപ്പോൾ തീരുമാനമായിക്കഴിഞ്ഞിട്ടുണ്ട്. ഈ ചോദ്യത്തിന്റെ ഉത്തരത്തിന്റെ ഭാഗമായിട്ടല്ല ഞാൻ പറയുന്നത്. തീരുമാനമായതായി പത്രവാർത്തയുണ്ട്, വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽ നിന്നും പിന്തിരിയണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിച്ചിരുന്നു. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വിമാനത്താവളം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ ഇടപെടലുകൾ ഉൾപ്പെടെ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നായിരുന്നു സംസ്ഥാനത്തിന്റെ നിലപാട്. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്ക്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ തിരുവനന്തപുരം

അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്നൊരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിക്കുകയുമുണ്ടായി. എന്നാൽ ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി അറിയിപ്പൊന്നും ലഭിച്ചില്ല. മറിച്ച് വിമാനത്താവള നടത്തിപ്പ് അദാനിക്ക് കൈമാറുന്നതിനുള്ള നടപടികളാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം സ്വീകരിച്ചത്.

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വിമാന കമ്പനികളായ എയർ ഇന്ത്യ എക്സ്പ്രസ്, ഗോ എയർ, ഇൻഡിഗോ, എയർ ഇന്ത്യ എന്നിവ അബുദാബി, ബഹ്റിൻ, കുവൈത്ത്, ദോഹ, റിയാദ്, ഷാർജ, മസ്കറ്റ്, ദമാം എന്നിവിടങ്ങളിലേയ്ക്ക് അന്താരാഷ്ട്ര വിമാന സർവ്വീസുകളും, തിരുവനന്തപുരം, കോഴിക്കോട്, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, ഗോവ, കൊച്ചി, ഹുബ്ലി എന്നിവിടങ്ങളിലേയ്ക്ക് ആഭ്യന്തര വിമാന സർവ്വീസുകളും ആരംഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 10 മാസം കൊണ്ട് 1 മില്ല്യൺ യാത്രക്കാർ എന്ന അപൂർവ്വ നേട്ടവും, നവംബർ 2020-ന് 2 മില്ല്യൺ യാത്രക്കാർ എന്ന നേട്ടവും കൈവരിക്കാൻ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് സാധിച്ചു. എയർപോർട്ടിൽ ആവശ്യമായ ഫുഡ് & ബിവറേജസ് സ്റ്റാളുകളും എയർപോർട്ടിനുള്ളിലും പുറത്തും റീട്ടെയിൽ ഔട്ട് ലെറ്റുകളും പ്രവർത്തിച്ചുവരുന്നു. വിമാനത്താവളത്തിന്റെ 1-ാം വാർഷികത്തിൽ ഡൊമസ്റ്റിക് സെക്യൂരിറ്റി ഹോൾഡ് ഏരിയയിലും, ഇന്റർനാഷണൽ സെക്യൂരിറ്റി ഹോൾഡ് ഏരിയയിലും 2 കൊമേഴ്സ്യൽ ലോഞ്ചുകൾ ആരംഭിച്ചു. കൂടാതെ വൈ-ഫൈ സംവിധാനം, ആർട്ട് ഗാലറി എന്നിവയും സ്ഥാപിച്ചു. ഡ്യൂട്ടി ഫ്രീ ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 1,200 സ്ക്വയർ മീറ്റർ വിസ്തീർണ്ണവും 12,000 മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്യുന്നതിന് ശേഷിയുള്ള കാർഗോ കോംപ്ലക്സ് പ്രവർത്തനസജ്ജമായിട്ടുണ്ട്. കൂടാതെ 5,800 സ്ക്വയർ മീറ്റർ വിസ്തീർണ്ണവും 55,000 മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്യാനും ശേഷിയുള്ള മറ്റൊരു കാർഗോ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. അഡ്മിൻ ബ്ലോക്കിന്റെ പ്രവൃത്തി ഉടൻ തന്നെ പൂർത്തിയാകുന്നതാണ്. എയർപോർട്ടിലെ 30 മുറികളുള്ള ഡേ ഹോട്ടൽ മാർച്ച് അവസാനത്തോടുകൂടി തുറന്നു പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫ്ളൈ ദുബായ്, സലാം എയർ, ഒമാൻ എയർ, അൽ ജസീറ, സാദിയ എയർലൈൻസ്, ഗൾഫ് എയർ, കുവൈത്ത് എയർലൈൻസ്, എയർ അറേബ്യ, ഇത്തിഹാദ്

എന്നിവ വന്ദേഭാരത് മിഷന്റെ ഭാഗമായി സർവ്വീസ് നടത്തുകയുണ്ടായി. ഈ കാലയളവിൽ വൈഡ് ബോഡി വിമാനങ്ങളും വിമാനത്താവളത്തിൽനിന്നും സുഗമമായി സർവ്വീസ് നടത്തി. റൺവേ 4,000 മീറ്ററാക്കി ദീർഘിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള സർവ്വേ നടപടികൾ ആരംഭിച്ചു. ഇതുകൂടാതെ ഡിഫൻസ്, എം.ആർ.ഒ. എന്നിവയ്ക്കാവശ്യമായ 108 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഫൈവ് സ്റ്റാർ ഹോട്ടൽ, ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, ഷോപ്പിംഗ് ആർക്കേഡ്, റസ്റ്റോറന്റ്, സ്കൈ ഷോപ്പിംഗ്, ബാർ റസ്റ്റോറന്റ്, എം.ആർ.ഒ. എന്നിവയ്ക്കുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചുവരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, പൊതുമേഖലയിൽ നിന്നാൽ വിമാനത്താവളത്തിന്റെ വികസനം സാധ്യമാകുകയില്ലെന്ന ധാരണ പരത്താനാണ് കോൺഗ്രസ് എം. പി., ശ്രീ. ശശി തരൂരും ഒരു വിഭാഗം മാധ്യമങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലയിൽ നിലനിർത്തികൊണ്ട് സിയാൽ മോഡൽ വളരെ ലാഭകരമായി നടത്തിക്കാണിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അദാനിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചതായ വാർത്തകൾ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിമാനത്താവളം പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ സ്വീകരിക്കുന്ന തുടർനടപടികൾ എന്തൊക്കെയായിരിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയുടെ മുമ്പിൽ സംസ്ഥാന സർക്കാരിന്റെ ഹർജി നിലനിൽക്കുകയാണ്. പക്ഷേ അതൊന്നും പരിഗണിക്കാതെ തന്നെ അദാനിക്ക് കൈമാറാനുള്ള നീക്കങ്ങൾ നടന്നുവെന്നാണ് ഇന്നത്തെ പത്രവാർത്തകളിലൂടെ കാണുന്നത്. അതിനോട് സർക്കാരിന് യോജിപ്പില്ലെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. വിമാനത്താവളം പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും ഇപ്പോഴത്തെ നിലപാടിൽനിന്ന് കേന്ദ്രത്തെ പിന്തിരിപ്പിക്കുന്നതിനും എന്തെല്ലാം ചെയ്യാനാകുമോ അതൊക്കെ സംസ്ഥാന സർക്കാർ ചെയ്യുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കണ്ണൂർ എയർപോർട്ട് നമുക്ക് ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ള എയർപോർട്ടാണ്. ഒരുപക്ഷേ ഇന്ത്യയിൽ തന്നെ ഒരു ഇന്റർനാഷണൽ ഹബ്ബാക്കിമാറ്റാൻ കഴിയുന്ന എല്ലാ പ്രത്യേകതകളുമുള്ള എയർപോർട്ടാണ്. നാലായിരം മീറ്ററാക്കി റൺവേ ദീർഘിപ്പിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചത് ഈ സർക്കാരാണ്. കഴിഞ്ഞ സർക്കാരിന് റൺവേയുടെ നീളം ദീർഘിപ്പിക്കുന്നതിനുള്ള നടപടികളിൽ താൽപ്പര്യമുണ്ടായിരുന്നില്ല. യുദ്ധകാലാടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ പൂർത്തീകരിച്ചുകൊണ്ട് കണ്ണൂരിനെ ഇന്ത്യയിലെ ഏറ്റവും മികച്ച വിമാനത്താവളമാക്കി മാറ്റാനുള്ള സർക്കാരിന്റെ ലക്ഷ്യം എന്ന് പൂർത്തീകരിക്കാൻ കഴിയും?

ശ്രീ. പിണറായി വിജയൻ: സർ, കണ്ണൂർ വിമാനത്താവളത്തിന്റെ പൂർണ്ണമായ വികസനത്തിന് കേന്ദ്ര സർക്കാരിന്റെയും വ്യോമയാന വകുപ്പിന്റെയും സഹകരണം ഒഴിച്ചുകൂടാനാകാത്തതാണ്. ഇപ്പോൾ അതിന്റെ ശേഷി മുഴുവനായി ഉപയോഗിക്കാനാകുന്നില്ല. നമ്മുടെ സംസ്ഥാനത്ത് വിദേശത്തുനിന്നുള്ള ധാരാളം മലയാളികൾ വരേണ്ടതുണ്ട്. കണ്ണൂർ എയർപോർട്ടിലേയ്ക്ക് ഇപ്പോൾത്തന്നെ ധാരാളം പേർ വരുന്നുണ്ട്. സുഗമമായ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് മറ്റ് എയർലൈൻസുകൾക്ക് കൂടി അനുമതി നൽകേണ്ടതായിട്ടുണ്ട്. എന്നാൽ അതിന് സന്നദ്ധമാകുന്ന നിലയല്ല കേന്ദ്ര ഗവൺമെന്റും വ്യോമയാനവകുപ്പും ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അത് ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്നതാണ് വസ്തുത. അപ്പോൾ അക്കാര്യത്തിൽ മാറ്റം വരണമെന്നും ഇതിന് സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും ഏത് വിമാനത്തിനും ഇറങ്ങാൻ പറ്റാവുന്ന തരത്തിൽ ഇപ്പോൾ തന്നെ കണ്ണൂർ വിമാനത്താവളം സജ്ജമാണെന്നുള്ളതും ആവശ്യമായ വികസനം ലക്ഷ്യമിട്ടിട്ടുണ്ടെന്നുമെല്ലാം കേന്ദ്ര സർക്കാരിനെ നിരന്തരം അറിയിച്ചിട്ടുണ്ടെങ്കിലും വലിയ മാറ്റം അവരുടെ നിലപാടിൽ കാണുന്നില്ല.

ശ്രീ. എസ്. ശർമ്മ: സർ, ഇരുപത് മാസത്തിനിടയിൽ ഏഴ് വിമാനത്താവളങ്ങളാണ് അദാനിക്ക് കൈമാറുന്നത്. ഇത് ഇന്ത്യയിലെ ഒരു ഭാഗം മുറിച്ചുകൊടുക്കുന്നതിന് തുല്യമാണ്. ഇത്തരം നിന്ദ്യമായ നടപടി സ്വീകരിക്കുന്നതിനെതിരെ ശക്തമായ നിലപാട് സംസ്ഥാന സർക്കാരും സംസ്ഥാനത്തെ പൊതുരാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്നുണ്ട്. സുപ്രീംകോടതിയുടെ മുമ്പിൽ ഗവൺമെന്റ് കൊടുത്തിരിക്കുന്ന കേസ് വിചാരണയ്ക്കെടുത്തിട്ടില്ല. സുപ്രീംകോടതിയുടെ മുമ്പിലിരിക്കുന്ന പ്രശ്നത്തിൽ പോലും കോടതി എന്തുവേണമെങ്കിലും ആലോചിച്ചോട്ടെ, ഇതൊന്നും കോർപ്പറേറ്റുകൾക്ക് ബാധകമല്ലെന്ന സ്ഥിതിയിലേയ്ക്ക് സ്ഥിതിഗതികൾ ഗുരുതരമായി വളർന്നുവരികയാണ്. കോടതിയുടെ നടപടിപോലും പരിഗണിക്കാതെയും അതിന് കാത്തിരിക്കാതെയും ഈ രൂപത്തിലേയ്ക്ക് ഒരുതരം പിടിച്ചുപറി സംഘം ഇന്ത്യയെ വെട്ടിവിഴുങ്ങുവാൻ ശ്രമിക്കുകയാണ്. ഇതിനെതിരായി ഉയർന്നുവരുന്ന ജനകീയപോരാട്ടത്തിന്റെ നേതൃത്വമെന്ന നിലയിൽ ഗവൺമെന്റ് നിയമപരമായും ഭരണപരമായും മുൻകയ്യെടുക്കുന്നതിൽ സന്തോഷമുണ്ട്. ആവശ്യമായ തുടർനടപടികളും സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയായ കാര്യമാണ്. നമ്മുടെ രാജ്യത്ത് സ്വകാര്യവത്കരണത്തിന്റെ വക്താക്കൾ ധാരാളമുണ്ട്. അവർപോലും നേരത്തെ സ്വീകരിച്ച നിലപാടുകളിൽ നിന്നെല്ലാം വ്യത്യസ്തമായ തലത്തിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. വിമാനത്താവളങ്ങൾ സ്വകാര്യവത്കരിക്കുന്ന കാര്യത്തിൽ, ബോംബെ, ഡൽഹി വിമാനത്താവളങ്ങൾ ഒന്നിച്ച് ഒരുകൂട്ടർ എടുക്കാൻവേണ്ടി തയ്യാറായപ്പോൾ അങ്ങനെ കൊടുക്കാൻ പാടില്ല, അതൊരു മൊണോപൊളി സൃഷ്ടിക്കും അതുകൊണ്ട് ഓരോരുത്തർക്കായി കൊടുക്കാമെന്ന നിലപാടാണ് അന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. സ്വകാര്യവത്കരണത്തിന്റെ ഭാഗമായ നിലപാട് സ്വീകരിക്കുമ്പോൾ മൊണോപൊളി പാടില്ലെന്നൊരു നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു. ഇവിടെ പരാമർശിച്ചതുപോലെ, ഇതുവരെ വിമാനത്താവളം നടത്തി യാതൊരു പരിചയവുമില്ലാത്ത ഒരുകൂട്ടർക്ക് ഏഴ് വിമാനത്താവളങ്ങളുടെ നടത്തിപ്പ് ഏൽപ്പിച്ച് കൊടുക്കുകയാണ്. ഈ രംഗത്ത് ഒരു പ്രത്യേക കുത്തകയെ തങ്ങളുടെ താൽപ്പര്യമനുസരിച്ച് സൃഷ്ടിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റിനുള്ളത്. സംസ്ഥാനത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനല്ല ഈ കൈമാറ്റം ഇടയാക്കുന്നത്. ഒരു സംശയവുമില്ല, ഇന്നുള്ളതിൽ നിന്ന് ഒരിഞ്ച് മുന്നോട്ട് പോകാൻ ഈ സ്വകാര്യവത്കരണം കൊണ്ട് കഴിയില്ലെന്നുള്ളത് ഉറപ്പാണ്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ നിന്നും പിന്തിരിയണമെന്നും ഇത്തരം വിമാനത്താവളം നടത്തി അനുഭവമുണ്ടെന്നുള്ളത് മാത്രമല്ല, നല്ല രീതിയിൽ നടത്തി വിജയിപ്പിച്ച് തെളിയിച്ച സംസ്ഥാന സർക്കാരിന് അതിന്റെ അനുമതി നൽകണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. പക്ഷെ, ഈ വ്യഗ്രത കൊണ്ട് ഒരുതരത്തിലും തങ്ങളെടുത്ത നിലപാടിൽനിന്നും പിന്തിരിയില്ലെന്ന സമീപനംകൊണ്ടാണ് ഇങ്ങനെയൊരു അവസ്ഥ വന്നത്. നേരത്തേ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകിയ ഉറപ്പുപോലും ഈ അമിതമായ അഭിനിവേശം കൊണ്ട് ലംഘിക്കുന്ന അവസ്ഥയാണ് വന്നിട്ടുള്ളത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം വിമാനത്താവളം ഇന്ത്യയിലെ ഏറ്റവും പൈതൃക വിമാനത്താവളങ്ങളിലൊന്നാണ്. അതുമാത്രമല്ല, നഗരകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന അപൂർവ്വം വിമാനത്താവളങ്ങളിൽ ഒന്നാണിത്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലും കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിലുമാണ് വിമാനത്താവളം പ്രവർത്തിച്ച് മുന്നോട്ടു പോകുന്നത്. കഴിഞ്ഞ വർഷം ഈ വിമാനത്താവളം നേടിയ വരുമാനത്തെക്കുറിച്ച് വ്യക്തമാക്കാമോ; കേരള സർക്കാരിന്റെ എത്ര ഏക്കർ ഭൂമിയാണ് ഈ നിലയിൽ കച്ചവടം നടത്തുന്നതിനുവേണ്ടി ധാരണയായിട്ടുള്ളതെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിനാവശ്യമായ ഭൂമി നേരത്തെ തന്നെ സംസ്ഥാന സർക്കാർ ഏറ്റെടുത്തുകൊടുത്തിട്ടുണ്ട്. ഇത് മറ്റേതെങ്കിലും തരത്തിൽ സ്വകാര്യവത്കരിക്കുന്ന നിലയുണ്ടാകുകയാണെങ്കിൽ അത് നമ്മുടെ ഷെയറായി കണക്കാക്കണമെന്നും ഇതുമായി ബന്ധപ്പെട്ട അവകാശമുണ്ടെന്നും അതുകൊണ്ടുതന്നെ അത് സ്വകാര്യവത്കരിക്കാൻ പാടില്ലെന്നുമുള്ള നിലപാട് നേരത്തെ സംസ്ഥാന സർക്കാർ സ്വീകരിച്ചതാണ്. അതിൽനിന്നും വ്യത്യസ്തമായ സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രത്തിന് ഭൂമി കൊടുത്തു കഴിഞ്ഞാൽ, ആ ഭൂമി കൊടുത്ത സംസ്ഥാനത്തിന് യാതൊരു അവകാശവുമില്ലെന്നതാണ് അവർ സ്വീകരിക്കുന്ന സമീപനം. തങ്ങൾക്ക് കിട്ടിയ ഭൂമി ഇഷ്ടംപോലെ ചെയ്യാമെന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിനെതിരെയാണ് പല പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലും നാം ചോദ്യം ചെയ്യുന്നതും നടപടികൾ സ്വീകരിച്ചുവരുന്നതും.

ശ്രീ. പി. ടി. എ. റഹീം: സർ, കണ്ണൂർ വിമാനത്താവളത്തിന്റെ രണ്ട് വർഷത്തെ പുരോഗതിയെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രണ്ട് വർഷത്തിനിടയിൽ വലിയ മുന്നേറ്റമാണുണ്ടായത്. ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും അങ്ങ് ഇവിടെ സൂചിപ്പിച്ചു. കോഴിക്കോട് വിമാനത്താവളത്തിന്റെ പ്രവർത്തനം ഇപ്പോൾ പരിമിതപ്പെട്ട് കിടക്കുകയാണ്. ഇവിടെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് വരെ ഇല്ലാതായ സ്ഥിതിയാണ്. ഏറ്റവും കൂടുതൽ ഹജ്ജ് തീർത്ഥാടകരുള്ള മലബാറിൽ നിന്നുള്ളവർക്ക് ഇത് വലിയ പ്രയാസം സൃഷ്ടിച്ചിരിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ ഹാജിമാരെ താമസിപ്പിക്കുകയെന്നുള്ളത് വെല്ലുവിളിയാണ്. കോഴിക്കോട് ഹജ്ജ് ഹൗസിൽ എല്ലാ സൗകര്യങ്ങളുമുണ്ട്. ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിയാൻ താൽപ്പര്യപ്പെടുന്നു.

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് വിമാനത്താവളം പ്രതിസന്ധി നേരിട്ട ഘട്ടങ്ങളിലെല്ലാം കേന്ദ്ര ഗവൺമെന്റുമായും വ്യോമയാന വകുപ്പുമായും നിരന്തരം സംസ്ഥാന സർക്കാർ ബന്ധപ്പെട്ടതിന്റെ ഭാഗമായി ആദ്യ നിലപാടുകളിൽനിന്ന് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് അവസാനം വന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അക്കാര്യത്തിൽ കോഴിക്കോട് വിമാനത്താവളത്തിലുണ്ടായിരുന്ന സൗകര്യം നിലനിർത്തണമെന്ന് തന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അദാനിക്ക് തിരുവനന്തപുരം എയർപോർട്ട് കൈമാറുന്നതിനെതിരെ കഴിഞ്ഞ ഒക്ടോബറിൽ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. ആ കേസ് തള്ളിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്, ടെണ്ടർ നടപടിയിൽ സംസ്ഥാന ഗവൺമെന്റ് അദാനിയോടൊപ്പം പങ്കെടുക്കുകയും ടെണ്ടർ ലഭിക്കാതെ വന്നപ്പോൾ അതിനെ ചോദ്യം ചെയ്യുകയും ചെയ്ത നടപടി നിലനിൽക്കുന്നതല്ലെന്നുമാണ്. എന്നാൽ പിന്നീട് സർക്കാർ സുപ്രീംകോടതിയിൽ പോകാൻ വൈകി. സർക്കാർ സുപ്രീംകോടതിയിൽ പോകാത്തതിൽ പ്രതിഷേധിച്ച് എയർപോർട്ട് എംപ്ലോയീസ് യൂണിയൻ സുപ്രീംകോടതിയെ സമീപിച്ചതിനുശേഷമാണ് സംസ്ഥാന സർക്കാർ സമീപിച്ചിട്ടുള്ളത്. ഇതിൽ വലിയ മറിമായം നടന്നിട്ടുണ്ട്. സിറിൽ അമർചന്ദ് മംഗൾദാസ് എന്ന കമ്പനി വളരെ പ്രശസ്തമായ ലാ സ്ഥാപനമാണ്. ഈ സ്ഥാപനത്തെയാണ് സംസ്ഥാന സർക്കാർ അദാനിയുമായുള്ള എയർപോർട്ട് കൈമാറ്റത്തിനെതിരെ, കേന്ദ്ര ഗവണമെന്റിനെതിരെ കേസ് കൊടുക്കാൻ ചുമതലപ്പെടുത്തിയിരുന്നത്. സിറിൽ അമർചന്ദ് മംഗൾദാസ് എന്ന സ്ഥാപനത്തിലെ സിറിലിന്റെ മകളുടെ ഭർത്താവാണ് അദാനിയുടെ മകൻ. പ്രസ്തുത സ്ഥാപനത്തിന് കേസ് നടത്തിപ്പിനായി 55 ലക്ഷം രൂപ സർക്കാർ നൽകുകയും ചെയ്തു. ഇതിനകത്ത് തിരിമറിയോ അട്ടിമറിയോ ഗൂഢാലോചനയോ നടന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗത്തിനൊഴികെ മറ്റെല്ലാവർക്കും വ്യക്തതയുള്ളതാണ്. എയർപോർട്ട് സ്വകാര്യവത്കരിക്കാൻ പാടില്ലെന്നും സംസ്ഥാന സർക്കാരിന് ലഭ്യമാകണമെന്നുമുള്ള സമീപനമാണ് തുടക്കം മുതൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ അതുമായി ബന്ധപ്പെട്ട് നിരന്തരം ആവശ്യങ്ങൾ ഉന്നയിച്ച് നിൽക്കുമ്പോഴാണ് ഇത്തരമൊരു നടപടിയിലേയ്ക്ക് കേന്ദ്ര സർക്കാർ കടന്നത്. സ്വാഭാവികമായും അത് സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന ആവശ്യമാണ് ആദ്യം ഉന്നയിക്കുന്നത്. ആ ആവശ്യത്തോട് അനുകൂലമായി പ്രതികരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ആ ഘട്ടത്തിലാണ് അതുമായി ബന്ധപ്പെട്ട് ടെണ്ടറിൽ പങ്കെടുക്കേണ്ട നിർബന്ധിത സാഹചര്യമുണ്ടാകുന്നത്. ടെണ്ടറിലൂടെ തീരുമാനങ്ങൾ വന്നാൽ, നിങ്ങൾ ടെണ്ടറിൽ പങ്കെടുത്തില്ലല്ലോയെന്ന് വേണമെങ്കിൽ ചോദിക്കാമായിരുന്നു. അതുകൊണ്ടാണ് ടെണ്ടറിൽ പങ്കെടുക്കേണ്ട നിർബന്ധിത സാഹചര്യമുണ്ടായത്. അതുമായി ബന്ധപ്പെട്ട് കേസിന് പോയപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആ നിലപാട് ശരിയല്ലെന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം.

അതുകൊണ്ടാണ് സുപ്രീംകോടതിയിലേയ്ക്ക് പോയത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിയമസഹായ സംവിധാനങ്ങളും വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നവരാണ്. ഏതെങ്കിലും തരത്തിലുള്ള ദുസ്വാധീനത്തിൽ വഴങ്ങുന്നവരാണെന്നുള്ളത് ഒരു ഘട്ടത്തിലും ആക്ഷേപമായി ഉയർന്നിട്ടില്ല. അത്രയും പ്രശസ്തരായ കൂട്ടരെയാണ് ഇതിനെല്ലാം ഏൽപ്പിച്ചിട്ടുള്ളത്.

ശ്രീ. സജി ചെറിയാൻ: സർ, സ്വകാര്യവൽക്കരണത്തിനെതിരായി ഈ സർക്കാർ സ്വീകരിച്ച നിലപാട് കേരളമാകെ അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. എയർപോർട്ട് വികസനത്തിൽ സംസ്ഥാന സർക്കാർ മാതൃകാപരമായി പ്രവർത്തിക്കുന്ന ഘട്ടമാണ്. ശബരിമലയുമായി ബന്ധപ്പെട്ട് എയർപോർട്ട് നിർമ്മിക്കുന്ന തീരുമാനവുമായി സർക്കാർ മുന്നോട്ട് പോകുന്നുണ്ടോ; അതിന്റെ നിലവിലെ സ്ഥിതിഗതികൾ എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ശബരിമലയുമായി ബന്ധപ്പെട്ട് എയർപോർട്ട് നിർമ്മാണത്തിന്റെ കാര്യത്തിൽ ആവശ്യമായ നടപടികൾ തുടർന്നുവരികയാണ്. അതിന് സ്പെഷ്യൽ ഓഫീസറെ നിശ്ചയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തിരുവനന്തപുരം എയർപോർട്ട് പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിൽ പൊതുമേഖലയിലുള്ള ഏക എയർപോർട്ടാണ് കോഴിക്കോട് എയർപോർട്ട്. കോഴിക്കോട് എയർപോർട്ടിനോട് കേന്ദ്ര സർക്കാർ എന്നും ചിറ്റമ്മ നയമാണ് അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർപോലും ഇന്നുവരെ കോഴിക്കോട് എയർപോർട്ടിന് ഒരു സപ്പോർട്ടും നൽകിയിട്ടില്ലെന്ന് വളരെ വ്യക്തമായി പറയാൻ കഴിയും. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ഇപ്പോഴും കോഴിക്കോട് എയർപോർട്ടിൽ തിരിച്ചുകിട്ടിയിട്ടില്ല. ഇതുസംബന്ധിച്ച് ശ്രീ. പി. ടി. എ. റഹീം ഇവിടെ ഉന്നയിച്ചതാണ്. 80 ശതമാനം ഹജ്ജ് യാത്രക്കാരും മലബാറിൽനിന്നുള്ളവരാണ്. അവർ ആശ്രയിക്കുന്ന എയർപോർട്ടാണ് കോഴിക്കോട് എയർപോർട്ട്. അവിടെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ഇതുവരെ തിരിച്ചുകിട്ടിയിട്ടില്ല. അക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണെടുത്തതെന്ന് അറിയില്ല. യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന സമയത്ത് എല്ലാ ഹജ്ജ് വേളയിലും ഈ എയർപോർട്ടിലേയ്ക്കുള്ള എല്ലാ റോഡുകളും നന്നാക്കുന്നതിനുവേണ്ടി ഫണ്ട് വയ്ക്കാറുണ്ടായിരുന്നു. എന്നാൽ അവിടെ ഹജ്ജ് എംബാർക്കേഷൻ പോയിന്റുള്ള സമയത്തുപോലും അങ്ങോട്ടുള്ള റോഡുകൾ നന്നാക്കുന്നതിനുവേണ്ടി ഫണ്ട് തന്നില്ല.

മലബാറിലെ 18 എം.എൽ.എ.-മാർ ഒപ്പിട്ട കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കൊടുത്തു. കുളത്തൂരിൽ നിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള റോഡ് നന്നാക്കുന്നതിനുവേണ്ടി 7 കോടി രൂപയുടെ എസ്റ്റിമേറ്റിന് പി.ഡബ്ല്യു.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെ സമീപിച്ചിട്ട് അതിനുപോലും അനുമതി ലഭിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് എയർപോർട്ടിനു വേണ്ടി എന്ത് സപ്പോർട്ടാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് എയർപോർട്ടിനെ ഇത്തരമൊരു ദുർഗതിയിലാക്കിയതിന്റെ കുറ്റബോധംകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്. അവിടത്തെ വികസനവുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ നേരത്തെ നിർദ്ദേശങ്ങളായി വന്നിരുന്നു. അപ്പോൾ അതിനെതിരെ പ്രക്ഷോഭവും ഒരുതരത്തിലുള്ള വികസനത്തിനും അനുകൂലമായി നിൽക്കുകയില്ലെന്നും ആളുകളെ സംഘടിപ്പിക്കലും ഭൂമി കൊടുക്കാൻ തയ്യാറാകില്ലെന്നുമൊക്കെയുള്ള നിലപാട് സ്വീകരിച്ചത് ആരായിരുന്നുവെന്നുള്ളത് ഓർക്കുന്നത് നല്ലതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും അത്തരം നിലപാടുകളൊന്നും മാറിയില്ലല്ലോ? അതിന്റെയടിസ്ഥാനത്തിൽ ആ എയർപോർട്ടിന്റെ വികസനം ഉറപ്പു വരുത്തുന്നതിനായി മേല്പറഞ്ഞ നിലപാട് സ്വീകരിച്ചവരെയടക്കം വിളിച്ചുചേർത്ത് അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ ചർച്ച ചെയ്യുന്ന സ്ഥിതിയുണ്ടായി. അതിന്റെ ഭാഗമായി ധാരാളം ചർച്ചകൾ നടന്നു. അങ്ങനെ എയർപോർട്ട് വികസിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്ന ഘട്ടത്തിലാണ് ഇത്തരമൊരു നിർഭാഗ്യകരമായ നിലയിലേയ്ക്ക് കാര്യങ്ങൾ അട്ടിമറിഞ്ഞത്. ഇന്നത്തെ സാഹചര്യത്തിൽ ആ എയർപോർട്ടിനെ ഫലപ്രദമായി എങ്ങനെ അവിടെ നിലനിർത്താൻ കഴിയുമെന്നുള്ളതാണ് സംസ്ഥാന സർക്കാർ ആലോചിക്കുന്നത്. ഹജ്ജ് യാത്രക്കാർക്കുണ്ടാകുന്ന അസൗകര്യം, ഇവിടെ കേന്ദ്രമില്ലാതിരുന്നാലുണ്ടാകുന്ന വിഷമങ്ങൾ ഇതൊക്കെ പരിഗണിച്ചു കൊണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിലെ കണ്ണൂർ, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തി ചെറിയ വിമാനങ്ങൾ, ഹെലികോപ്റ്ററുകൾ എന്നിവയുടെ ആഭ്യന്തര സർവ്വീസ് നടത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കാരണം വാഹനപ്പെരുപ്പവും സമയ ദൈർഘ്യവുമൊക്കെ വർദ്ധിക്കുന്നതുകൊണ്ട് ഈ സർവ്വീസുകൾ ലാഭകരമാക്കാൻ

കഴിയുമെന്നാണ് തോന്നുന്നത്. സർക്കാർ ഇത്തരത്തിലുള്ള ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകുന്നുണ്ടോ; ചെറിയ വിമാനങ്ങളും ഹെലികോപ്റ്ററുകളും സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതൊക്കെ യാത്രയുടെ ഭാഗമായി വരുന്ന വിവിധ ആശയങ്ങളാണ്. നമ്മുടെ അനുഭവത്തിൽ ഇവിടെ പറഞ്ഞ തരത്തിലുള്ള ചില സർവ്വീസുകളുണ്ടായിട്ടുണ്ട്. കണ്ണൂർ വിമാനത്താവളം വന്നപ്പോൾ തിരുവനന്തപുരത്തുനിന്ന് കൊച്ചിയിലേയ്ക്കും കൊച്ചിയിൽനിന്ന് കണ്ണൂരിലേയ്ക്കും വിമാന സർവ്വീസ് നടത്താൻ അവർ തയ്യാറായിരുന്നു. പക്ഷേ മൊത്തത്തിൽ വന്ന സ്തംഭനാവസ്ഥയുടെ ഫലമായി കാര്യങ്ങളാകെ അട്ടിമറിഞ്ഞിരിക്കുകയാണ്. ഇനി പുതിയതായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കേണ്ടതാണ്. ആ ഘട്ടത്തിൽ ഇത്തരം ആശയങ്ങളും നമുക്ക് ഗുണകരമാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം എയർപോർട്ട് അദാനിക്ക് കൊടുക്കുന്നതിനുള്ള എഗ്രിമെന്റ് ഇന്നലെ വച്ചുവെന്നാണ് മാധ്യമങ്ങളിൽ കണ്ടത്. ഇത് തടയണമെന്നാവശ്യപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. സുപ്രീംകോടതിയുടെ Interlocutory Order-നുവേണ്ടി ശ്രമിച്ചിട്ടുണ്ടോ; അങ്ങനെ കൊടുത്തത് ശരിയല്ലെന്ന് സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ സർക്കാർ എന്തുകൊണ്ട് ശ്രമിച്ചില്ല? അതിനുവേണ്ടി സംസ്ഥാന സർക്കാരെടുത്ത നടപടികൾ ഭാഗികമായിപ്പോയെന്നുള്ള ധാരണ സമൂഹത്തിനുണ്ട്. പ്രതിപക്ഷവുംകൂടി ചേർന്ന് ഇതിന് കണ്ണടച്ചുകൊടുത്തുവെന്നുള്ള തരത്തിലാണ് സമൂഹത്തിൽ പൊതുചർച്ച നടക്കുന്നത്. സുപ്രീംകോടതിയിലെ കേസിന്റെ തീർപ്പുവരുന്നതുവരെ ഈ എഗ്രിമെന്റ് വയ്ക്കുന്നത് മാറ്റിവയ്ക്കണമെന്ന് സർക്കാർ ആവശ്യപ്പെടാത്തതും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്താത്തതും എന്തുകൊണ്ടാണ്?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ നിലയ്ക്ക് ഹൈക്കോടതിയുമായി ബന്ധപ്പെട്ട കേസ്സിന്റെ വിധി പുറപ്പെടുവിച്ചുകഴിഞ്ഞാൽ ആ വിധിക്കെതിരെയുള്ള നിലപാടുമായാണ് സർക്കാർ സുപ്രീംകോടതിയെ സമീപിക്കുന്നത്. സുപ്രീംകോടതി അത് സ്വീകരിച്ച് കേൾക്കാനായി വച്ചിരിക്കുകയാണ്. അക്കാര്യത്തിൽ തീരുമാനം വന്നതിനുശേഷമേ ഏതൊരു ഗവൺമെന്റും തുടർനടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. ഇവിടെ അത്തരമൊരു നടപടി സ്വീകരിക്കാതെ തങ്ങൾക്കുള്ള അമിതമായ താല്പര്യത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് തെറ്റായ നിലപാടിലൂടെ സ്വകാര്യവത്കരണത്തിനാവശ്യമായ നടപടി സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനം മൂവ് ചെയ്തോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനം മൂവ് ചെയ്യേണ്ട കാര്യം വരുന്നില്ലല്ലോ? സംസ്ഥാന സർക്കാർ അപ്പീൽ കൊടുത്തുകഴിഞ്ഞു. സാധാരണ മര്യാദയുള്ള ഒരു ഗവൺമെന്റാണെങ്കിൽ ആ കേസ്സിന്റെ ഭാഗമായി വിധിവന്നാൽ മാത്രമേ നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. നിങ്ങൾ പരോക്ഷമായി കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെ ന്യായീകരിക്കാനാണ് നോക്കുന്നത്. അതിന്റെ ആവശ്യമെന്താണ്? കേന്ദ്രഗവൺമെന്റിനെ ന്യായീകരിക്കേണ്ടയാൾ നിങ്ങളുടെ കൂട്ടത്തിലുണ്ട്. ആ ഉത്തരവാദിത്വം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റുള്ളവരും ഏറ്റെടുക്കുന്നതെന്തിനാണ്; അത് ഏറ്റെടുക്കാൻവേണ്ടി ഇവിടെ ശ്രീ. ശശി തരൂരിനെപ്പോലെയുള്ളവരുണ്ടല്ലോ; ഇതുവരെ നിങ്ങളാരും അത് ഏറ്റെടുത്തിട്ടില്ലല്ലോ; കേന്ദ്രഗവൺമെന്റിനെ ന്യായീകരിക്കാൻവേണ്ടി നിങ്ങളത് ഏറ്റെടുക്കാൻ പോകുന്നതെന്തിനാണ്; കേന്ദ്രഗവൺമെന്റ് തെറ്റായ നിലപാട് സ്വീകരിച്ചാൽ അതിനെ വിമർശിക്കാനല്ലേ തയ്യാറാകേണ്ടത്; അതല്ലേ നമ്മുടെ ആവശ്യം; സംസ്ഥാന സർക്കാർ തികഞ്ഞ ഉദ്ദേശ്യശുദ്ധിയോടെയാണ് കാര്യങ്ങൾ ചെയ്തത്. അതിൽനിന്നും വ്യത്യസ്തമായ നിലപാട് കേന്ദ്രഗവൺമെന്റാണ് സ്വീകരിച്ചത്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടത്തെ പ്രശ്നമെന്താണ്? ഇത് വിമാനത്താവളത്തിന്റെ മാത്രം പ്രശ്നമല്ല. സംസ്ഥാന സർക്കാരിന് ഒരവകാശവുമില്ല, കേന്ദ്രഗവൺമെന്റ് സൗകര്യമുള്ളതുപോലെ പ്രവർത്തിക്കും. ഇത് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പ്രശ്നമാണ്. ഇതിങ്ങനെ വിടാൻ കഴിയുന്നതാണോ? ഇതൊരു ഉദാഹരണമായി സൂചിപ്പിച്ചുകൊണ്ട്, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി ആലോചിച്ച് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണെന്ന വസ്തുത രാജ്യത്തെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിന് നേതൃത്വം കൊടുക്കാനുള്ള അവസരമാണ് കേരളത്തിലെ മുഖ്യമന്ത്രിക്ക് ലഭിച്ചിരിക്കുന്നത്. ആ നേതൃത്വപരമായ കഴിവുകൾ വിനിയോഗിക്കാൻ കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഫെഡറൽ തത്വങ്ങൾക്കെതിരായ നിലപാടാണ് തുടർച്ചയായി കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യം അംഗീകരിക്കാൻ തയ്യാറാകാതെ നിരുത്തരവാദപരമായ സമീപനവും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിലുണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതടക്കമുള്ള എല്ലാ കാര്യങ്ങളും പരിശോധിക്കാൻ സർക്കാർ സന്നദ്ധമാണ്.

മി. സ്പീക്കർ: *152-ാം നമ്പർ ചോദ്യവുമായി *157-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. വി. ടി. ബൽറാം നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്.

## കോവിഡ് വാക്സിൻ വിതരണം

2(*152) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ വിതരണം എന്നത്തേയ്ക്ക് ആരംഭിക്കാമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വാക്സിനുകളാണ് കേരളത്തിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; വാക്സിൻ വിതരണത്തിൽ ആർക്കൊക്കെയാണ് മുൻഗണന നൽകുന്നതെന്നറിയിക്കുമോ;

(സി) സംസ്ഥാനത്തെ ജനങ്ങൾക്കാവശ്യമായ വാക്സിനുകൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തിന് എന്തൊക്കെ ചെലവുകൾ വന്നുചേരും എന്നറിയിക്കുമോ;

(ഡി) വാക്സിന്റെ പ്രഭാവം എത്രനാൾ നിലനിൽക്കുമെന്നും അതിനുശേഷം അവലംബിക്കേണ്ട രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) വാക്സിൻ വിതരണത്തിന്റെ വിവിധ ഘട്ടങ്ങൾ എങ്ങനെയാണെന്നും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും വാക്സിൻ നൽകുന്ന സമയക്രമത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) 2021 ജനുവരി 16-ാം തീയതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആരോഗ്യസ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിച്ചു. എറണാകുളം ജില്ലയിൽ 12 കേന്ദ്രങ്ങളും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ 11 കേന്ദ്രങ്ങൾ വീതവും ബാക്കി ജില്ലകളിൽ 9 കേന്ദ്രങ്ങൾ വീതവും സംസ്ഥാനത്താകെ 133 കേന്ദ്രങ്ങളിലാണ് കോവിഡ് വാക്സിനേഷനായി സജ്ജമാക്കിയിരിക്കുന്നത്.

(ബി) പൂനെ സിറം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള കോവി ഷീൽഡ് (Covishield) വാക്സിനാണ് കേരളത്തിൽ നൽകുന്നത്. കോവിഡ് വാക്സിനേഷനായി 374603

പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 14-1-2021-ലെ കണക്കനുസരിച്ച് സർക്കാർ മേഖലയിലെ 175489 പേരും സ്വകാര്യ മേഖലയിലെ 199114 പേരുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകർ, അങ്കണവാടി പ്രവർത്തകരെയും ആരോഗ്യ പ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യപ്രവർത്തകർക്ക് കോവിഡ് വാക്സിൻ നൽകുന്നതിനായി കോവിൻ (COWIN) എന്ന പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയവർക്കുമാത്രമേ കോവിഡ് വാക്സിൻ ലഭിക്കുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർക്കും കേന്ദ്രപ്രതിരോധ വകുപ്പിലെ (ആംഡ് ഫോഴ്സ് മെഡിക്കൽ സർവ്വീസസ്) ആരോഗ്യപ്രവർത്തകർക്കും വാക്സിൻ ലഭിക്കുന്നതാണ്. രണ്ടാംഘട്ടത്തിൽ മുൻനിരപ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാത് വകുപ്പുകൾ നടത്തിവരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ, റവന്യൂ ജീവനക്കാർ, സിവിൽ ഡിഫൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 50 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റിസ്, രക്തസമ്മർദ്ദം, കാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവയുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കോവിഡ് വാക്സിൻ വിതരണത്തിനായി വേണ്ടിവരുന്ന ചെലവുകൾ താഴെചേർക്കുന്നു.

1. തരംതിരിക്കലും സൂക്ഷ്മ ആസൂത്രണത്തിനും വേണ്ടിവരുന്നചെലവ്- Enumeration & microplanning
2. കാര്യക്ഷമതാ നിർമ്മാണത്തിന് വേണ്ടിവരുന്ന ചെലവ് -Capacity Building
3. മാനവ വിഭവശേഷി ചെലവ് - Human Resource
4. ലോജിസ്റ്റിക്സ് & പി.പി.ഇ -Logistics & PPE
5. കോൾഡ് ചെയിൻ & വാക്സിൻ വിതരണ ചെലവ് -Cold chain & Vaccine distribution.
6. I.E.C പ്രവർത്തനങ്ങൾ- I.E.C activities
7. മോണിറ്ററിംഗ് ചെലവ് - Monitoring

8. മറ്റ് ആകസ്മിക ചെലവുകൾ - contingency പ്രവർത്തനച്ചെലവ് സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോവിഡ് രോഗത്തിനെതിരായ വാക്സിൻ കണ്ടുപിടിച്ചിട്ട് ഏതാനും മാസം മാത്രമേ ആയിട്ടുള്ളൂ. വിദേശരാജ്യങ്ങളിലും കോവിഡ് വാക്സിൻ നൽകിത്തുടങ്ങിയിട്ട് കുറച്ചുമാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അതിനാൽ വാക്സിൻ നൽകുന്ന പ്രതിരോധശക്തി എത്രനാൾ നിലനിൽക്കും എന്നതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. കോവിഡ് മാനദണ്ഡങ്ങൾ വാക്സിൻ എടുത്തതിനുശേഷവും തുടരേണ്ടതാണ്.

(ഇ) ആദ്യഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകർ, അങ്കണവാടി പ്രവർത്തകരെയും ആരോഗ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ മുൻനിര പ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാതു വകുപ്പുകൾ നടത്തിവരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ റവന്യൂ ജീവനക്കാർ, സിവിൽ ഡിഫെൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 50 വയസ്സോ അതിൽക്കൂടുതലോ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റീസ്, രക്തസമ്മർദ്ദം, കാൻസർ, ശ്വാസകോശരോഗങ്ങൾ എന്നിവ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 433450 ഡോസ് വാക്സിനുകളാണ് കേന്ദ്രസർക്കാർ ജില്ലകൾക്കായി അനുവദിച്ചത് (മാഹി ഉൾപ്പെടെ). തിരുവനന്തപുരം-64,020, കൊല്ലം-25,960, പത്തനംതിട്ട-21,030, ആലപ്പുഴ-22,460, കോട്ടയം-29,170, ഇടുക്കി-9,240, എറണാകുളം-73,000, തൃശ്ശൂർ-37,640, പാലക്കാട്-30,870, മലപ്പുറം-28,890, കോഴിക്കോട്-40,970, വയനാട്-9,590, കണ്ണൂർ-32,650, കാസർഗോഡ്-6,860, മാഹി-1100 എന്നിങ്ങനെ ഡോസ് വാക്സിനുകൾ വിതരണം ചെയ്തുവരുന്നു. രണ്ടാംഘട്ടത്തിലുള്ള മൂന്നുലക്ഷത്തിലേറെയുള്ള വാക്സിനുംകൂടി ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ അനുവദിച്ചിരുന്നതിൽ മാഹിക്ക് ഉൾപ്പെടെ നൽകാനുള്ളതുകൂടി നമ്മുടെ കൈവശമാണ് നൽകിയിട്ടുള്ളത്. അത് അവർക്ക് കൊടുത്തിട്ടുണ്ട്. ഇതാണ് ഇതുസംബന്ധിച്ചുള്ള കണക്ക്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനിതക മാറ്റം വന്ന കോവിഡ് വൈറസ്**

3(*157) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. സി . ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടനിലെ ജനിതക മാറ്റം വന്ന കോവിഡ് വൈറസ് കേരളത്തിലും കണ്ടെത്തിയെന്ന വാർത്ത ആശങ്കാജനകമാണോ;

(ബി) ഇതിനകം എത്രപേരിലാണ് ജനിതകമാറ്റം വന്ന രോഗബാധ കണ്ടെത്തിയിട്ടുള്ളതെന്നറിയിക്കാമോ;

(സി) ജനിതക മാറ്റം വന്ന വൈറസിന് പകരാനുള്ള സാധ്യത 70 ശതമാനം കൂടുതലാണെന്നത് പരിഗണിച്ച് സംസ്ഥാനത്ത് നിലവിലുള്ള കോവിഡ് പ്രോട്ടോക്കോളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജനങ്ങൾക്കിടയിൽ ഇപ്പോൾ നിലനിൽക്കുന്ന നിസ്സംഗഭാവം ഈ പുതിയ വൈറസിന്റെ രൂക്ഷവ്യാപനത്തിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇന്ത്യയിൽ ഉപയോഗിക്കുവാൻ പോകുന്ന കോവിഡ് വാക്സിനുകൾക്ക് ഈ പുതിയ വൈറസിനെ പ്രതിരോധിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) നിലവിലുള്ള കോവിഡ്-19 വൈറസിനേക്കാളും 70 ശതമാനത്തിലധികം വ്യാപനശേഷിയുള്ളവയാണ് വകഭേദം വന്ന വൈറസ് എന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. തീവ്രവ്യാപനശേഷിയുള്ളതിനാലും ചെറുപ്പക്കാരിൽപ്പോലും കൂടുതലായി ബാധിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത വൈറസിന്റെ വ്യാപനം തടയേണ്ടത് അനിവാര്യമാണ്. വയോജനങ്ങളും പലവിധ ജീവിതശൈലീ രോഗമുള്ളവരും സംസ്ഥാനത്ത് ധാരാളമുള്ളതിനാൽതന്നെ ജനിതകമാറ്റം വന്ന വൈറസ് വ്യാപിക്കാനിടവന്നാൽ സ്ഥിതിഗതികൾ ഗുരുതരമാകാൻ സാധ്യതയുണ്ട്. ആയതിനാൽ ആശങ്കയെക്കാളുപരി അതീവ ജാഗ്രതയോടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി) ബ്രിട്ടനിൽനിന്നും കേരളത്തിലേയ്ക്ക് തിരിച്ചെത്തിയ 9 പേരിലാണ് ജനിതകമാറ്റംവന്ന രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. നിലവിൽ 14-1-2021 വരെ കോട്ടയം ജില്ലയിൽ ഒരാൾക്കും കോഴിക്കോട് ജില്ലയിൽ രണ്ടുപേർക്കും ആലപ്പുഴ ജില്ലയിൽ രണ്ടുപേർക്കും കണ്ണൂർ ജില്ലയിൽ മൂന്നുപേർക്കും പത്തനംതിട്ട ജില്ലയിൽ ഒരാൾക്കുമാണ് UK variant ആയിട്ടുള്ള വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്.

(സി) നിലവിൽ അത്തരം സാഹചര്യമില്ല. ജനിതകമാറ്റംവന്ന വൈറസ് വ്യാപനം തടയുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്നും നടത്തിവരുന്നുണ്ട്. ഡിസംബർ 21 -നും ജനുവരി 1-നും ഗവൺമെന്റ് ഓഫ് ഇന്ത്യ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖയ്ക്കനുസരിച്ചാണ് സംസ്ഥാനത്ത് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആയതിന്റെ ഭാഗമായി എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 4 ഇന്റർനാഷണൽ എയർപോർട്ടുകൾ കേന്ദ്രീകരിച്ചും കിയോസ്കുകൾ ആരംഭിച്ചു. യു.കെ. ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വരുന്നവരുടെ RTPCR കോവിഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. നവംബർ 25-ന് ശേഷം യു.കെ.-യിൽ നിന്നും കേരളത്തിൽ എത്തിയിട്ടുള്ള, മറ്റേതെങ്കിലും രാജ്യങ്ങൾ വഴിയും വരുന്നവരെ കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇവരെ പരിശോധിച്ച് RTPCR പോസിറ്റീവായിട്ടുള്ളതും CT Value 30-ന് താഴെയുള്ളതുമായ എല്ലാവരുടെയും സാമ്പിളുകൾ NIV Pune-യിൽ അയച്ച് ജീനോമിക് സീക്വൻസിംഗ് പരിശോധന നടത്തിവരുന്നുണ്ട്. ഇവരെല്ലാവരും 14 ദിവസം കൃത്യമായി ക്വാറന്റീനിൽ തുടരുന്നുവെന്നും ക്വാറന്റീൻ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്നും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മെഡിക്കൽ ഓഫീസർമാരും ഫീൽഡ് വിഭാഗം ജീവനക്കാരും നിരന്തരം കാര്യങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആരോഗ്യവകുപ്പ് ജീവനക്കാർ കർശനമായും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മരുന്നുകൾ, സുരക്ഷാ ഉപകരണങ്ങൾ, ജീവൻരക്ഷാ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾപ്രകാരം വിദേശങ്ങളിൽ നിന്നെത്തുന്ന യാത്രക്കാർ " www.newdelhiairport.in" എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതും ആർ.ടി.പി.സി.ആർ. പരിശോധിച്ച് നെഗറ്റീവാണെന്ന റിപ്പോർട്ട് അപ് ലോഡ് ചെയ്യിരിക്കുകയും വേണം. ഇവിടെ എത്തിച്ചേരുന്ന യാത്രക്കാർ വിമാനത്താവളത്തിൽവച്ച് വീണ്ടും ആർ.ടി.പി.സി.ആർ. പരിശോധനയ്ക്ക് വിധേയരാകുകയും നെഗറ്റീവ് ആകുന്നവരെ അവരവരുടെ വീടുകളിൽ 14 ദിവസം കൃത്യമായി ക്വാറന്റീനിൽ പാർപ്പിച്ച് ദിവസേന നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ആർ.ടി.പി.സി.ആർ. പോസിറ്റീവാകുന്നവരെ സ്പെഷ്യൽ കോവിഡ് ആശുപത്രികളിൽ single room isolation-ൽ പാർപ്പിച്ച് ആവശ്യമായ ചികിത്സ നൽകിവരുന്നു. 14 ദിവസം

കഴിഞ്ഞ് വീണ്ടും ആർ.ടി.പി.സി.ആർ. പരിശോധന നടത്തി നെഗറ്റീവാകുന്നവരെ വിടുതൽ ചെയ്ത് വീട്ടിലേയ്ക്ക് അയച്ച് തുടർനിരീക്ഷണം നടത്തുന്നു. പോസിറ്റീവ് ആകുന്നവരെ വീണ്ടും ടെസ്റ്റ് ചെയ്ത് രണ്ട് സാമ്പിളുകൾ തുടർച്ചയായി നെഗറ്റീവാകുന്നതുവരെ ചികിത്സയിൽ തുടരുകയും നെഗറ്റീവാകുന്ന മുറയ്ക്ക് വീട്ടിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നവർ മറ്റുള്ളവരുമായി സമ്പർക്കത്തിൽ ഏർപ്പെടാതിരിക്കുന്നതിനായി അതീവജാഗ്രത പുലർത്തുന്നുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ സഹകരണം ലഭ്യമാണ്. ഇത്തരത്തിൽ കൃത്യമായ രീതിയിൽ പ്രവർത്തിക്കുന്നതിനാൽ കോവിഡ് പ്രോട്ടോക്കോളിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. ഈ രീതിയിലാണ് നമ്മൾ അതീവജാഗ്രതയോടുകൂടി പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ഡി) കോവിഡ് വൈറസ് വ്യാപന പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾ കൂടുതലായി പുറത്തിറങ്ങാനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കാനും സാധ്യത കൂടുതലുള്ള ആഘോഷവേളകളിലെല്ലാം തന്നെ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരിൽനിന്നും സെക്ടറൽ മജിസ്ട്രേറ്റുമാരെ തെരഞ്ഞെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ നിയമിക്കുകയും കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ-നടപടികൾ സ്വീകരിക്കാൻ ഇവർക്ക് അധികാരം നൽകിയതനുസിച്ച് പോലീസിന്റെ സഹായത്തോടെ അത്തരം നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ജനിതകമാറ്റം സംഭവിച്ച വൈറസ് സ്ഥിരീകരിക്കപ്പെട്ട സാഹചര്യത്തിൽ അത്തരം രോഗികളെയും അവരുമായി സമ്പർക്കത്തിൽ വരുന്നവരെയും കൃത്യമായി നിരീക്ഷിച്ചുവരികയാണ്. ഇവരിൽനിന്നും മറ്റുള്ളവരിലേയ്ക്ക് രോഗം പകരാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഇവരുമായി ഏതെങ്കിലും തരത്തിൽ സമ്പർക്കം വന്നിട്ടുള്ളവരുടെ സമ്പർക്കപട്ടിക തയ്യാറാക്കി 14 ദിവസം വരെ ദിവസേനയെന്നോണം രോഗലക്ഷണങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിച്ച് രോഗലക്ഷണങ്ങളുള്ളവരെ ആർ.ടി.പി.സി.ആർ. പരിശോധനയ്ക്ക് വിധേയമാക്കുകയും പോസിറ്റീവാകുന്നവർക്ക് ആവശ്യമായ ചികിത്സയും നൽകിവരുന്നു. ഇവരുടെ സാമ്പിളുകൾ ഡൽഹി, IGIB ലാബിൽ എത്തിച്ച് ജീനോമിക് പരിശോധന നടത്തുവാൻ ആരംഭിച്ചിട്ടുണ്ട്. ജനിതകമാറ്റം സംഭവിച്ച കൊറോണ വൈറസ് ബാധിച്ച രോഗികളുടെയും സമ്പർക്കത്തിലുള്ള ആളുകളുടെയും എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം രോഗവ്യാപനം തടയുന്നതിനായി കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരുന്നതാണ്.

(ഇ) വാക്സിനുകളുടെ പ്രതിരോധശേഷി ജനിതകമാറ്റം വന്ന വൈറസുകളെ പ്രതിരോധിക്കാൻ കഴിയുന്നതാണോ എന്നും മറ്റുമുള്ള കാര്യങ്ങൾ വിലയിരുത്തേണ്ടത് കേന്ദ്ര ആരോഗ്യമന്ത്രാലയം നിയോഗിക്കുന്ന വിദഗ്ദ്ധ സമിതിയാണ്. കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് കൃത്യമായി എല്ലാവരും അനുസരിച്ചാൽ മാത്രമേ ഈ പറയുന്ന കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയൂ. 100 ശതമാനം ആളുകളും അങ്ങനെ അനുസരിക്കുന്നുവെന്ന് പറയാൻ കഴിയില്ല.

ശ്രീ. ആർ. രാമചന്ദ്രനുവേണ്ടി (ശ്രീ. മുഹമ്മദ് മുഹസിൻ പി.): സർ, മികച്ചരീതിയിലാണ് ഇപ്പോൾ വാക്സിനേഷൻ നടക്കുന്നത്. വളരെ വേഗത്തിലും നല്ലരീതിയിലും ആരോഗ്യപ്രവർത്തകർക്ക് വാക്സിനേഷൻ കൊടുക്കുന്നുണ്ട്. അതിന് അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇപ്പോൾ ചില സ്ഥലങ്ങളിലുള്ള ഓൺലൈൻ മീഡിയകളിൽ വലിയ രീതിയിലുള്ള വാർത്തകൾവരുന്നുണ്ട്. ബോധപൂർവ്വമുള്ള വാർത്തകളാണെന്നാണ് എനിക്ക് തോന്നുന്നത്. പാർശ്വഫലങ്ങൾ, മരണം എന്നിങ്ങനെയുള്ള വാർത്തകൾ സൃഷ്ടിച്ച് ആളുകൾ വാക്സിനേഷനെ ഭയപ്പെടുന്ന രീതിയിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമം നടക്കുന്നുണ്ട്. ഇതിന്റെ സത്യാവസ്ഥ എന്താണ്; ഇത്രയും ആരോഗ്യപ്രവർത്തകർക്ക് വാക്സിൻ കൊടുത്തതിനുശേഷം ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ടോ; എന്താണ് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതൊരു പുതിയ വൈറസാണ്. ഈ വാക്സിൻ കണ്ടുപിടിച്ചിട്ട് വളരെകുറച്ച് കാലമേ ആയിട്ടുള്ളൂ. ഇതുസംബന്ധിച്ച് ഇപ്പോഴും വിശദമായ പഠനങ്ങൾ നടന്നുവരുന്നുണ്ട്. കേരളത്തിൽ പാർശ്വഫലങ്ങൾ അത്രയേറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സാധാരണ ഏത് വാക്സിൻ എടുക്കുമ്പോഴും ചെറിയ പനി, വാക്സിൻ എടുത്ത സ്ഥലത്ത് ചൊറിച്ചിൽ അനുഭവപ്പെടുക അത്തരത്തിലുള്ള കാര്യങ്ങളൊക്കെ ഉണ്ടാകാറുണ്ട്. അതും വളരെ കുറച്ചുപേർക്ക് മാത്രമാണുണ്ടായിട്ടുള്ളത്. അതൊന്നും വളരെ സീരിയസ്സായിരുന്നില്ല. ആദ്യത്തെ ഒരു ദിവസം പനി വന്ന് അടുത്തദിവസം അത് സുഖപ്പെടുന്ന അനുഭവമാണ് കേരളത്തെ സംബന്ധിച്ചിടത്തോളമുള്ളത്. പൊതുവെ രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലും അതീവ ഗുരുതരമായിട്ടുള്ള പാർശ്വഫലങ്ങൾ ഉണ്ടായിട്ടില്ലെന്നാണ് വ്യക്തമാകുന്നത്. നമ്മൾ കോവി ഷീൽഡ് വാക്സിനാണ് ഉപയോഗിക്കുന്നത്. അതിന് വലിയ പാർശ്വഫലങ്ങൾ കണ്ടിട്ടില്ല. എന്നാൽ അപൂർവ്വം ചിലയിടങ്ങളിൽ രണ്ടുപേർ മരിച്ചതായി റിപ്പോർട്ട് വന്നു. പൂർണ്ണമായും വാക്സിനേഷന്റെ ഫലമായിട്ടാണ് അതുണ്ടായതെന്ന് ശാസ്ത്രജ്ഞൻമാർ തെളിയിച്ചിട്ടില്ല. അതായിരിക്കാൻ സാധ്യതയില്ലെന്നാണ് പറയുന്നത്. എന്നാൽ കേരളത്തിൽ വലിയ പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടായിട്ടില്ല.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, വാക്സിനേഷൻ വ്യാപകമായി എപ്പോൾ കൊടുക്കാൻ സാധിക്കും; ഇത് സാധാരണക്കാർക്ക് പൂർണ്ണമായും സൗജന്യമായി നൽകാൻ സാധിക്കുമോ; വാക്സിൻ ആവശ്യമുള്ളവർക്ക് മാർക്കറ്റിൽനിന്നും വാങ്ങാനുള്ള സാഹചര്യമുണ്ടാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം വാക്സിൻ വലിയ പ്രതീക്ഷയാണ്. ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് മാത്രമേ വാക്സിൻ കൊടുക്കാൻ കഴിയുന്നുള്ളൂവെന്നതാണ് വസ്തുത. ഇവിടെ 133 സെന്ററുകളാണ് അനുവദിച്ചത്. സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ നിലവിൽ 133 സെന്ററുകളെ അനുവദിക്കുകയുള്ളൂ, അവിടെമാത്രമേ വാക്സിൻ കൊടുക്കാൻ പാടുള്ളൂവെന്ന രീതിയിലാണ് പറഞ്ഞിരിക്കുന്നത്. കൂടുതൽ സെന്ററുകൾ കണ്ടെത്തി ഹ്യൂമൻ റിസോഴ്സ് ട്രെയിനിംഗ് നൽകി സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ആദ്യത്തെ സംരംഭമായതുകൊണ്ടാകാം കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നതായി കാണുന്നില്ല. അനുവദിച്ച കേന്ദ്രങ്ങളിൽനിന്നും അനുവദിച്ച നമ്പർ മാത്രമേ കൊടുക്കാൻ കഴിയുന്നുള്ളൂവെന്നതാണ് വസ്തുത. കൂടുതൽ കേന്ദ്രങ്ങളിൽ വാക്സിൻ കൊടുക്കാൻ സാധിക്കും, അതിനനുസരിച്ച് കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം, സംസ്ഥാനത്തിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് കൂടുതൽ ആളുകളിലേയ്ക്ക് വാക്സിനെത്തിക്കാൻ കഴിയണമെന്ന് വീണ്ടും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നിശ്ചിത നമ്പരും നിശ്ചിത കേന്ദ്രങ്ങളും ആയതുകൊണ്ട് മുൻഗണനാ ലിസ്റ്റിനപ്പുറത്തേയ്ക്ക് പോകാൻ നമുക്ക് സാധിക്കുന്നില്ല. ആദ്യത്തെ മുൻഗണന ആരോഗ്യ പ്രവർത്തകർക്കാണ്. അതുകൊണ്ട് ഇപ്പോൾ അവർക്ക് മാത്രമേ നൽകാൻ സാധിക്കുന്നുള്ളൂ. എന്നാൽ നിരന്തരം ഞങ്ങൾ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെടുന്നുണ്ട്. കേരളത്തിൽ മിക്കവാറും എല്ലാദിവസങ്ങളിലും വാക്സിൻ കൊടുക്കണമെന്ന് പറഞ്ഞാലും അതിനുള്ള ഒരുക്കങ്ങൾ നടത്താൻ നമുക്ക് സാധിക്കും. കൂടുതൽ കേന്ദ്രങ്ങളിൽവച്ച് വാക്സിൻ കൊടുക്കാൻ സാധിക്കും. അതിന് തയ്യാറാകാൻ നമുക്ക് കഴിയും. കേന്ദ്രഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്ന മുറയ്ക്കുമാത്രമേ വാക്സിന്റെ അളവ് വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, പല ശാസ്ത്രജ്ഞന്മാരും കോവിഡ് വാക്സിനെക്കുറിച്ച് പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഫലപ്രദമാണോ അല്ലയോയെന്ന് ശാസ്ത്രലോകത്തിന് ഇപ്പോഴും സംശയമാണ്. അതാണ് ജനങ്ങൾക്കുണ്ടാകുന്ന ഭീതി. എന്റെ ചോദ്യം, ഇതുമായി ബന്ധപ്പെട്ട് പാർശഫലങ്ങളുണ്ടായാൽ അതിന്റെ ഉത്തരവാദിത്തം ആർക്കാണ്;

ഗവൺമെന്റിനാണോ; ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിനാണോ; ആരാണ് ഇതിന്റെ അതോറിറ്റി; ആരാണ് ഇതിന് ഗ്യാരന്റി പറയുന്നത്; അതോടൊപ്പം, ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംഭവിച്ചാൽ നഷ്ടപരിഹാരം നൽകാൻ സംവിധാനമുണ്ടോ; ഇപ്പോൾ ചില മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന് വാക്സിൻ നൽകിയതുമായി ബന്ധമുണ്ടോ ഇല്ലയോ എന്നൊന്നും അറിയില്ല. ഞാൻ വായിച്ചതിൽനിന്നും വാക്സിൻ വേണ്ട എന്ന നിലയിലേയ്ക്ക് ജനങ്ങൾ മാറിനിൽക്കുകയാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ മഹാമാരിയിൽനിന്നും ജനങ്ങളെ രക്ഷപ്പെടുത്താൻ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്തുവെന്നത് ഈ ഗവൺമെന്റിന് അഭിമാനിക്കാവുന്ന കാര്യമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സാധാരണ വർഷങ്ങളെടുത്താണ് ഇത്തരം മഹാമാരികൾക്ക് ഫലപ്രദമായ വാക്സിൻ കണ്ടുപിടിക്കുന്നത്. മുൻപ് വസൂരി, കോളറ, ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങളുണ്ടായപ്പോൾ ധാരാളം സമയമെടുത്താണ് പ്രതിരോധ വാക്സിനുകൾ കണ്ടുപിടിച്ചത്. എന്നാൽ പ്രതിരോധ വാക്സിനുകൾ കണ്ടെത്തിയശേഷം ഈ മഹാമാരികളെ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാക്കാനോ അല്ലെങ്കിൽ അതിന്റെ ശക്തി വളരെയധികം കുറച്ചുകൊണ്ടുവരാനോ മനുഷ്യരാശിക്കും ശാസ്ത്രത്തിനും സാധിച്ചിട്ടുണ്ട്. കോവിഡ് -19 (sars coronavirus 2) എന്നത് വളരെ ആധുനികമായി, അടുത്തകാലത്തുണ്ടായ വൈറസിന്റെ വകഭേദമാണ്. അതുസംബന്ധിച്ച് ദ്രുതഗതിയിലാണ് പരീക്ഷണ-നിരീക്ഷണങ്ങൾ നടന്നത്. ശാസ്ത്രലോകത്തിന്റെ എല്ലാ കഴിവുകളും വിനിയോഗിച്ച് ലോകത്തിന്റെ പല ഭാഗത്തും ഈ മരുന്ന് പരീക്ഷണം ശക്തമായി നടക്കുകയായിരുന്നു. അതിൽ വിജയിച്ചിട്ടുള്ള ചില കാര്യങ്ങളാണ് ഇപ്പോൾ വാക്സിനായി നമുക്ക് നൽകുന്നത്. ധാരാളം vaccine candidates ഉണ്ടായിരുന്നു. അക്കൂട്ടത്തിൽനിന്നും മൂന്ന് ഘട്ടത്തിലുള്ള ട്രയലുകൾ പൂർത്തിയാക്കിയശേഷമാണ് ചില വാക്സിനുകൾക്ക് അംഗീകാരം കൊടുത്തിട്ടുള്ളത്. മനുഷ്യരിലടക്കം പരീക്ഷിച്ച് തെളിയിച്ചതിനുശേഷമാണ് കോവിഷീൽഡ് വാക്സിൻ അംഗീകരിക്കപ്പെട്ടത്. ആ വാക്സിനാണ് നമുക്കിപ്പോൾ നൽകിയിട്ടുള്ളത്. ഇന്ത്യയിൽ മാത്രമല്ല, യു.കെ.-യിലും ധാരാളം ആളുകൾക്ക് ഈ വാക്സിൻ കൊടുത്തിട്ടുണ്ട്. താരതമ്യേന പാർശ്വഫലങ്ങൾ കുറഞ്ഞതും അപകടസാധ്യത ഇല്ലാത്തതുമാണെന്നാണ് നിരീക്ഷണങ്ങളിൽനിന്ന് ശാസ്ത്രലോകം കണ്ടെത്തിയിട്ടുള്ളത്. അവർ കണ്ടെത്തിയ വിവരങ്ങൾമാത്രമേ ഞങ്ങൾക്കും വിശ്വസിക്കാനും അംഗീകരിക്കാനും കഴിയുകയുള്ളൂ. എന്നാൽ ഇതിൽനിന്നും എന്തെങ്കിലും അപകടം സംഭവിക്കുമോയെന്ന് ഭയന്ന്

വാക്സിനേഷനിൽ നിന്നും മാറിനിൽക്കാൻ കഴിയില്ല. കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി നടത്തിയ വാക്സിനേഷന്റെ അനുഭവത്തിൽ അധികം പാർശ്വഫലങ്ങളൊന്നും അതിനില്ലെന്ന് തന്നെയാണ് വ്യക്തമാകുന്നത്. കേരളത്തിൽ നിരവധിയാളുകൾ വാക്സിനേഷനിൽനിന്നും മാറിനിൽക്കുന്നതായി തോന്നുന്നില്ല. വാക്സിനേഷന് വലിയ ഡിമാന്റുള്ളതായാണ് കാണുന്നത്. നിലവിൽ ആരോഗ്യപ്രവർത്തകർക്ക് വാക്സിനേഷൻ നൽകുമ്പോൾത്തന്നെ നിരവധിപേർ ആശുപത്രിയുമായും ഞങ്ങളുമായും ബന്ധപ്പെട്ട് ഞങ്ങൾക്കും വാക്സിനെടുക്കണം, ഇതെപ്പോഴാണ് മാർക്കറ്റിൽ കിട്ടുന്നതെന്ന് ചോദിക്കാൻ തുടങ്ങിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ആശങ്ക ആളുകളിലില്ലെന്നാണ് മനസ്സിലാകുന്നത്. വാക്സിനെടുക്കാനുള്ള താൽപ്പര്യം കാണുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വലിയ ഭയം ഇപ്പോഴും സമൂഹത്തിലുണ്ട്. അത് ദൂരീകരിക്കാൻ ശ്രമിക്കാം. പക്ഷേ ഇത് കൂടുതലായി പൊതുസമൂഹത്തിൽ വിതരണം ചെയ്യാൻ അനുവാദവും അതിനുവേണ്ട വാക്സിനും ലഭിക്കുമ്പോൾ മാത്രമേ ആ കാമ്പയിൻ കൊണ്ടുപോകാൻ സാധിക്കൂ. വാക്സിൻ കൊടുത്തുതുടങ്ങിയെന്ന കാര്യത്തിൽ ആശ്വാസമാണ്. അതിന്റെ ഫലം എത്രനാൾ നിലനിൽക്കുമെന്ന കാര്യം തെളിയിക്കപ്പെടേണ്ട വസ്തുതയാണ്. ഒരു വർഷത്തേയ്ക്കോ ആറുമാസത്തേയ്ക്കോ ആകാമെന്നതരത്തിൽ ഇതുസംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഇതുസംബന്ധിച്ച് അവസാനവാക്ക് പറയാൻ സാധിക്കൂ.

ശ്രീമതി ഗീതാ ഗോപി: സർ, മഹാമാരിയായ കോവിഡ്-19/കൊറോണ വൈറസിനെ നേരിട്ടതിൽ കേരളം രാജ്യത്തിന് മാതൃകയായിരുന്നു. വാക്സിൻ കണ്ടുപിടിക്കുന്നതിനുമുമ്പുണ്ടായിരുന്ന സർക്കാരിന്റെ നിലപാടുകളും ഉത്തരവാദിത്വങ്ങളും വളരെ കൃത്യമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് സ്വാഗതാർഹവും അഭിമാനാർഹവുമാണ്. വീട്ടിൽ ക്വാറന്റീനിൽ കഴിയുന്നവരെയും ഇതുബാധിച്ചവരെയും എങ്ങനെ റിക്രൂട്ട്മെന്റ് ചെയ്യാമെന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ കോവിഡ് കെയർ സെന്റർ നാട്ടിക മണ്ഡലത്തിലെ കോട്ടൺമില്ലിലായിരുന്നു. ഇത്രയും വലിയ മഹാമാരിയെ നേരിടാൻ ഗവൺമെന്റുമായി സഹകരിക്കാമെന്ന് ലോകപ്രവാസി മലയാളിയും നാട്ടികക്കാരനുമായ പത്മശ്രീ ഡോ. എം. എ. യൂസഫലി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചുപറഞ്ഞു. തന്റെ റിക്രൂട്ട്മെന്റ് സെന്ററായ കോട്ടൺമിൽ കോവിഡ് കെയർ സെന്ററായി പ്രഖ്യാപിച്ചു. ഏകദേശം രണ്ട് കോടി രൂപ ചെലവിൽ റോബോർട്ടുകളുടെ സഹായത്തോടുകൂടി നാട്ടികയിൽ

സി.എഫ്.എൽ.ടി.സി. സെന്റർ ഒരുക്കിയ അദ്ദേഹത്തെ നിയമസഭ നമിക്കുകതന്നെവേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും മറ്റെല്ലാവരുടെയും നിറഞ്ഞ സാന്നിദ്ധ്യത്തിൽ ഓൺലൈനിലൂടെ ഞങ്ങളത് നാടിന് സമർപ്പിച്ചു. കോവിഡ് മഹാമാരി ബാധിച്ച രോഗികൾക്ക് വീട്ടിലും മറ്റ് പരിസരങ്ങളിലും താമസിക്കാൻ അവസരം കിട്ടാത്ത സന്ദർഭത്തിൽ ഈ സെന്റർ ഗവൺമെന്റിന് നല്ലരീതിയിൽ ചിട്ടയോടുകൂടി പ്രവർത്തിപ്പിക്കാൻ സാധിച്ചു. ഒരേസമയത്ത് 500 രോഗികളെ കിടത്താൻ സെന്റർ സജ്ജമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്.......അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, വാക്സിൻ കണ്ടുപിടിക്കുന്നതിനുമുമ്പ് കേരളത്തിൽ ഈ മഹാമാരിമൂലമുണ്ടായ പ്രതിസന്ധിയിൽ വളരെ ചിട്ടയായും ദീർഘവീക്ഷണത്തോടുകൂടിയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും കേരളം നമിക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ്.......അങ്ങ് ചോദ്യം ചോദിക്കൂ.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഇത് ഇവിടെയല്ലാതെ വേറെ എവിടെയാണ് പറയേണ്ടത്. ഇത്രയും വലിയ മഹാമാരിയിൽ കേരളം മറ്റ് രാജ്യങ്ങൾക്കും ഇന്ത്യക്കുതന്നെയും മാതൃകയായ ഇടപെടൽ ഈ അഞ്ച് വർഷത്തിനുള്ളിലുണ്ടായി. ഇതൊന്നും മറച്ചുവയ്ക്കാൻ സാധിക്കില്ല. എന്റെ ചോദ്യം, വാക്സിനുവേണ്ടി കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പോർട്ടലിലൂടെയാണ് ബുക്ക് ചെയ്യുന്നത്. അങ്ങനെ ഓൺലൈനിൽ പട്ടിക അപ്‌ലോഡ് ചെയ്യുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലും ഒരേസമയത്താണ് വാക്സിൻ വരുന്നത്, ഏതെങ്കിലും സമയത്ത് അപ്‌ലോഡിംഗ് സംവിധാനത്തിന് എന്തെങ്കിലും തകരാർ വന്നാൽ കൃത്യസമയത്ത് വാക്സിൻ ലഭിക്കുമോ? ഇത് ജനങ്ങളിൽ ആശങ്കയുണ്ടാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുമ്പോൾ അതിന്റേതായ സാങ്കേതിക പ്രശ്നങ്ങൾ ധാരാളമുണ്ടാകുന്നുണ്ട്. വാക്സിനേഷന്റെ സമയത്തും ഈ പ്രശ്നങ്ങൾ അനുഭവപ്പെട്ടു, സോഫ്റ്റ്‌വെയർ ഹാങ്ങാവുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ കുറേ സമയത്തേയ്ക്ക് വാക്സിനേഷൻ പ്രോസസ് നിർത്തിവയ്ക്കേണ്ട അവസ്ഥപോലുമുണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഉദ്യോഗസ്ഥർ വളരെ പെട്ടെന്നുതന്നെ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് അതിനുള്ള പരിഹാര നടപടി സ്വീകരിച്ചാണ് വാക്സിനേഷൻ പ്രോസസ് നടത്തിയത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കോവിഡ്

മഹാമാരി വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള കുറ്റമറ്റ പ്രവർത്തനം നടത്തിയതിന്റെ ഫലമായാണ് നമുക്ക് ഇത്രയെങ്കിലും പിടിച്ചുനിർത്താൻ സാധിച്ചത്. വയോജനങ്ങളുടെ എണ്ണവും ജനസാന്ദ്രതയും ജീവിതശൈലീ രോഗങ്ങളും കൂടുതലുള്ള ധാരാളം vulnerabilities ഉള്ള സംസ്ഥാനമാണ് നമ്മുടേത്. ഇവയൊക്കെ ഇത്തമൊരു പകർച്ചവ്യാധിയുടെ മുന്നിൽ വളരെ ഭയപ്പെടേണ്ട കാര്യങ്ങളാണ്. എന്നിട്ടുപോലും നിതാന്ത ജാഗ്രതയോടെയുള്ള ഇടപെടലിന്റെ ഫലമായാണ് മരണനിരക്ക് കുറയ്ക്കാൻ ഞങ്ങൾക്ക് സാധിച്ചത്. അത് ശ്രദ്ധേയമായ വിഷയമാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വളരെ ശാസ്ത്രീയവും മികവുറ്റതുമായ രീതിയിൽ കോവിഡ് വാക്സിനേഷൻ പൂർത്തീകരിക്കാൻ പോകുന്ന സംസ്ഥാനമായി ഈ കൊച്ചുകേരളം മാറുമെന്ന ശുഭപ്രതീക്ഷയാണ് എല്ലാവർക്കുമുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, സ്വന്തം ചെലവിൽ വാക്സിനേഷൻ നടത്താൻ ആഗ്രഹം പ്രകടിപ്പിക്കുന്ന നിരവധിപ്പേർ നമ്മുടെ സമൂഹത്തിലുണ്ട്. അവർക്ക് അതിനുള്ള അനുവാദം നൽകാൻ സർക്കാരിന് പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; ഒരു സമഗ്ര വാക്സിനേഷൻ പ്രക്രിയ പൂർത്തീകരിക്കാനുള്ള പ്രധാന ഘട്ടങ്ങൾ വിശദീകരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് ഞാൻ നേരത്തെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതാണ്. നമ്മുടെ രീതിക്കനുസരിച്ച് വാക്സിൻ വിതരണം ചെയ്യുന്നതിനുള്ള അനുവാദം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് നിശ്ചയിക്കുന്ന മുൻഗണന പ്രകാരവും നിശ്ചയിക്കുന്ന കേന്ദ്രങ്ങൾ വഴിയുംമാത്രമേ ഇപ്പോൾ വാക്സിൻ കൊടുക്കാൻ സാധിക്കുന്നുള്ളൂ. വാക്സിൻ കിട്ടിക്കഴിഞ്ഞാൽ കേരളത്തിന്റെ രീതിക്കനുസരിച്ച് പ്ലാൻ ചെയ്ത് കുറെക്കൂടി ദ്രുതഗതിയിൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള അനുവാദം തരണമെന്ന രീതിയിൽ കേന്ദ്രസർക്കാരിനോട് അപേക്ഷിക്കുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ കുറെക്കൂടി വിപുലമായ രീതിയിൽ വാക്സിനേഷൻ നടത്താൻ സാധിക്കും. മാത്രമല്ല, കൂടുതൽ ഡോസ് വാക്സിൻ സ്വീകരിക്കാൻ നമ്മൾ തയ്യാറാണ്. കേരളത്തിൽ മൂന്ന് പ്രയോറിറ്റിയായ ഹെൽത്ത് കെയർ വർക്കർമാരും ഫ്രണ്ട്ലൈൻ വർക്കർമാരും അൻപത് വയസ്സിനുമേലെയുള്ളവരുമായി വലിയൊരു നമ്പർ വരും. അത്രയും വാക്സിൻ ലഭ്യമായാൽ ആ വാക്സിൻ സ്വീകരിക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള മീറ്റിംഗിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുമുണ്ട്. വാക്സിൻ ലഭിക്കുന്നതനുസരിച്ച് ദ്രുതഗതിയിൽ കൊടുക്കാം. പക്ഷെ, എന്തായാലും

അതിന്റേതായ ഒരു രീതിയുണ്ട്. കൃത്യമായും നിഷ്ഠയോടുംകൂടിമാത്രമേ വാക്സിനേഷൻ നടത്താൻ സാധിക്കുള്ളൂ. എന്തായാലും നമുക്ക് കൂടുതൽ ഡോസ് വാക്സിൻ കിട്ടുമെന്നും കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കാം. അതിനെടുക്കുന്ന സമയദൈർഘ്യം പരമാവധി കുറച്ചുകൊണ്ടുവരാനും വരുംദിവസങ്ങളിൽ കഴിയുമെന്ന് ആശിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, രാജ്യത്ത് നൂറ് പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കിയാൽ അതിൽ രണ്ട് പേർക്ക് കോവിഡ് പോസിറ്റീവാണെന്ന് കാണാൻ സാധിക്കുന്നുണ്ട്. പക്ഷെ, കേരളത്തിൽ നൂറ് പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കിയാൽ അതിൽ പന്ത്രണ്ട്/പതിമൂന്ന് പേർക്ക് കോവിഡ് പോസിറ്റീവാണ്. ഈ കാര്യത്തിൽ നമുക്ക് ഗവൺമെന്റിനെ നമിക്കണം. മറ്റൊന്ന്, ഇന്ത്യയിലാകെയുള്ള കോവിഡ് രോഗികളുടെ എണ്ണത്തിന്റെ പകുതിയും കേരളത്തിലാണ്. വളരെ വലിയൊരു വ്യാപനം ഇവിടെ നടക്കുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. വാക്സിൻ കണ്ടുപിടിച്ചപ്പോൾ ജനങ്ങൾ ചോദിക്കുന്നത്, എം.എൽ.എ.-മാർ വാക്സിനേഷനെടുത്തോ; മന്ത്രിമാരെടുത്തോ; മുഖ്യമന്ത്രിയെടുത്തോ; പ്രധാനമന്ത്രിയെടുത്തോ; ആരും എടുത്തില്ല. ഈ വാക്സിനേഷൻ ഉപയോഗിക്കാൻ പലർക്കും ആശങ്കകളുണ്ട്. ഈ ആശങ്കകൾ ദൂരീകരിക്കാൻവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെ ഒരു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇതുപോലുള്ള ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ മഹാമാരിയെപ്പറ്റിയും അതിനെ നേരിടുന്ന രീതിയെപ്പറ്റിയും വ്യക്തമായ ധാരണയോടുകൂടിയാണോ പറയുന്നതെന്ന് എനിക്കറിയില്ല. ഇന്ന് ലോകത്തിന്റെ ഓരോ മേഖലയിലും നടക്കുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ലോകരാഷ്ട്രങ്ങളാകെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും ശാസ്ത്രീയമായ രീതിയിൽ കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും ചേർന്നുകൊണ്ട് കൃത്യമായി നടത്തിയ പ്രവർത്തനത്തിന്റെ ഫലമാണിത്. കേരളത്തിൽ നടക്കുന്ന ടെസ്റ്റുകളുടെ എണ്ണം കുറവല്ല. ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് കൂടുതലാണെന്ന് പറയുന്നത്, ശരിയായ അർത്ഥത്തിൽ പരിശോധിച്ചാൽ അതങ്ങനെയല്ല. കോവിഡ്-19 ഉൾപ്പെടെ ഏത് മഹാമാരിയുടെ കാര്യമെടുത്താലും നല്ല ധാരണയുള്ളൊരു സമൂഹം അല്ലെങ്കിൽ ഗവൺമെന്റ് ശ്രദ്ധിക്കുന്നത്, ഏറ്റവും കൂടുതലായി വ്യാപിക്കുന്നത് കുറച്ചുകൊണ്ടുവരിക എന്നതിലാണ്. ശാസ്ത്രജ്ഞൻമാരുടെ ഭാഷയിൽ പീക്ക് ഡിലേ

ചെയ്യിക്കുകയെന്ന് പറയും. ഏത് മഹാമാരിയും ഒരു സമൂഹത്തിൽ പടർന്നുപിടിച്ചാൽ വളരെ പെട്ടെന്ന് അത് സമൂഹമാകെ വ്യാപിച്ച് ധാരാളം ആളുകൾക്ക് ഒരുമിച്ച് ഈ മഹാമാരിവന്ന് മരിച്ചുപോകുകയെന്നുള്ളതാണ് അതിന്റെ ഒരു രീതി. അങ്ങനെയൊരു പീക്ക് ഉണ്ടാകുന്നത് കുറയ്ക്കാനാണ് കേരളം തുടക്കംമുതൽ ശ്രദ്ധിച്ചത്. ഒരു സമൂഹത്തിനും ഈ വൈറസിന്റെ വ്യാപനം പൂർണ്ണമായും തടഞ്ഞുനിർത്താൻ സാധിക്കില്ല. നിങ്ങൾക്കെല്ലാം അറിയുന്നതുപോലെ ഈ ലോക്ക്ഡൗൺ പീരിയഡിൽ കേരളം വളരെ നന്നായി പ്രവർത്തിച്ചു. അന്ന് 0.5 ശതമാനമായിരുന്നു മരണനിരക്ക്. മേയ് മൂന്നാം തീയതിക്കുശേഷം ലോക്ക്ഡൗൺ മാറ്റിയപ്പോൾ വലിയ തോതിൽ ആളുകളുടെ മൊബിലിറ്റിയുണ്ടായി. ആ സമയത്തും ഗവൺമെന്റ് നിരവധി വോളന്റിയർമാരേയും പോലീസിനേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയുമെല്ലാം ഏകോപിപ്പിച്ച് കൂടുതൽ ആളുകളിലേയ്ക്ക് വൈറസ് വ്യാപിക്കാതിരിക്കാനുള്ള കഠിനപ്രയത്നം ചെയ്യുകയാണ്. അതിനാവശ്യമായ ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചുകൊണ്ട് കൂട്ടം കൂടരുത്, മാസ്ക് ധരിക്കണം, സാനിറ്റൈസർ ഉപയോഗിക്കണം എന്നീ തരത്തിലുള്ള നിബന്ധനകൾ ജനങ്ങളോട് നിർദ്ദേശിച്ചു. 'ബ്രേക്ക് ദി ചെയിൻ' കാമ്പയിൻ തുടങ്ങി. ഒരാളിൽനിന്നും മറ്റൊരാളിലേയ്ക്ക് കോവിഡ് വൈറസ് പടരാതിരിക്കാനുള്ള മാർഗ്ഗമെന്നുപറയുന്നത് കണ്ണി പൊട്ടിക്കുകയെന്നുള്ളതാണ്. കോവിഡ് ബാധിച്ച ആളുകൾ തൊട്ടടുത്ത് നിൽക്കുന്ന സമയത്ത് സംസാരിക്കുമ്പോഴോ ചുമയ്ക്കുമ്പോഴോ മറ്റോ വൈറസ് അടങ്ങിയിട്ടുള്ള ശ്രവം മറ്റൊരാളിലേയ്ക്ക് തെറിച്ചുപോകുമ്പോഴോ അല്ലെങ്കിൽ വൈറസുള്ള ഏതെങ്കിലുമൊരു പ്രതലത്തിൽ സ്പർശിച്ചശേഷം കൈ വൃത്തിയായി കഴുകാതെ കണ്ണിലോ മൂക്കിലോ സ്പർശിക്കുമ്പോഴോ ഈ വൈറസ് ശരീരത്തിനകത്തേയ്ക്ക് പ്രവേശിക്കാം. വളരെ ദൂരെനിന്നു നോക്കിയാലൊന്നും പകരില്ല. കണ്ണി പൊട്ടിക്കുന്നതിനുവേണ്ടിയാണ് ബ്രേക്ക് ദി ചെയിൻ പരിപാടി കൊണ്ടുവന്നത്. കേരളത്തിലെ 80% ജനങ്ങളും അതനുസരിച്ചതിൽ ജനങ്ങളെ അഭിനന്ദിക്കുന്നു. എന്നാലും ഒരു ഘട്ടത്തിൽ ലേശം കൈവിട്ടുപോയി. കാരണം കൂട്ടായ്മകളുണ്ടായില്ലേ; കൂട്ടായ്മകൾ മാത്രമല്ല, വലിയ പ്രതിഷേധ പ്രകടനങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവയൊക്കെ ഉണ്ടായില്ലേ. പ്രതിക്ഷേധങ്ങളിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ ദയവുചെയ്ത് കോവിഡ് മാനദണ്ഡങ്ങൾ അനുസരിക്കണമെന്ന് അപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതാണ്. ഞങ്ങളെല്ലാം പറഞ്ഞെങ്കിലും ചെയ്തില്ല. ആ കൂട്ടായ്മകൾ മാത്രമല്ല, പല തരത്തിലുള്ള കൂട്ടായ്മകൾ ചില മേഖലകളിൽ ഉണ്ടായതിന്റെ ഫലമായും കോവിഡ് വ്യാപനമുണ്ടായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ നമ്മളെല്ലാവരും

ഇടപെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി കോവിഡ് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഞാൻ പറഞ്ഞുവരുന്നത്, ഇങ്ങനെയെല്ലാം സാധ്യതയുണ്ടായിട്ടും കേരളം കോവിഡ് വൈറസിന്റെ പീക്ക് ഡിലേ ചെയ്യിച്ചുവെന്നുള്ളതാണ്. മഹാരാഷ്ട്രയിൽ കോവിഡിന്റെ പീക്ക് വളരെ ഉയർന്ന സമയത്ത് പതിനായിരങ്ങളിൽ ഒരുമിച്ച് രോഗം വ്യാപിച്ചു. ആശുപത്രികളിൽ സ്ഥലമില്ലാതായി, അതുകൊണ്ടാണ് അൻപതിനായിരത്തിലേറെ ആളുകൾ മരണപ്പെട്ടത്. കേരളത്തിൽ ആ പീക്ക് ഇപ്പോൾ ഒരു പ്ലാറ്റ്ഫോമിൽ നിൽക്കുകയാണ്. അയ്യായിരം-ആറായിരം എന്ന കണക്കിന് നിൽക്കുകയാണ്. യഥാർത്ഥത്തിൽ പ്രെഡിക്ഷൻ എന്തായിരുന്നു? ഓരോ ദിവസവും ഇരുപതിനായിരം കേസുകൾ വരുമെന്നായിരുന്നു പ്രെഡിക്ഷൻ. അത് വരാതിരിക്കാനുള്ള വലിയ പരിശ്രമമാണ് നമ്മളെല്ലാവരും ചേർന്ന് നടത്തിയത്. അതുകൊണ്ടാണ് അയ്യായിരം ആറായിരം എന്നതിൽ നിർത്താൻ സാധിക്കുന്നത്. പരമാവധി ആളുകളിൽ കോവിഡ്-19 വ്യാപിച്ച് പീക്ക് കുറഞ്ഞ സ്ഥലങ്ങളുമായി താരതമ്യം ചെയ്യുന്നതല്ല ശാസ്ത്രീയം. നേരത്തെ അവിടെ പീക്ക് അവറിൽ എത്രയായിരുന്നു നിരക്ക് ആ സമയത്തുള്ള പീക്കുമായിട്ടാണ് ഇതിനെ താരതമ്യം ചെയ്യേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ കേരളത്തിൽ ഇതെല്ലാം വളരെ കുറവാണെന്നത് നമുക്ക് കാണാൻ സാധിക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാന്യയായ മന്ത്രി പറഞ്ഞതുപോലെ കോവിഡ് പ്രതിരോധത്തിലെ സർക്കാർ നടപടികളും അങ്ങയുടെ ആത്മാർത്ഥതയും ഞങ്ങൾ ബഹുമാനിക്കുന്നുണ്ട്. പക്ഷെ, അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, ലോക്കൽബോഡി തെരഞ്ഞെടുപ്പ് കാലത്ത് കോവിഡ് വ്യാപകമാകുമെന്ന് പറഞ്ഞെങ്കിലും അത്രയും വ്യാപകമായില്ല. ഞങ്ങൾ ജാഥകൾ നടത്തി പ്രതിഷേധിച്ചതുകൊണ്ടാണ് കോവിഡ് വ്യാപനമുണ്ടായതെന്ന് പറഞ്ഞു. അതൊരു തെറ്റായ വ്യാഖ്യാനമാണ്. ഞായറാഴ്ച കേരളത്തിന്റെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.57, തിങ്കളാഴ്ച 10.11, ഇന്നലെ 9.34 ആയിരുന്നു. ദേശീയ നിരക്ക് 4 ശതമാനത്തിലും താഴെയാണ്. ഇത്രയും നേട്ടങ്ങളെപ്പറ്റി പറയുമ്പോൾ നമ്മുടെ പോസിറ്റീവിറ്റി നിരക്ക് വർദ്ധിക്കുന്നത് അങ്ങ് കാണുന്നില്ലേ; അതിന് ന്യായീകരണങ്ങൾ പറയാതെ, ഇതിനെ നേരിടാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; അതുപോലെ ഒരു കാര്യം ചോദിക്കാനുള്ളത്, ടാറ്റയുടെ സഹായത്തോടെ കാസർഗോഡ് ജില്ലയിൽ ആരംഭിക്കാൻ തീരുമാനിച്ച ഹോസ്പിറ്റൽ ആരംഭിച്ചോ; സ്റ്റാഫുകളെ അനുവദിച്ചിട്ടുണ്ടോ; അത് ഏത് ഘട്ടംവരെയായെന്ന് പറയാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ആദ്യം ചോദിച്ച ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനുള്ള മറുപടി പറഞ്ഞുകഴിഞ്ഞു. അതായത്, നേരിയ ലക്ഷണങ്ങളുള്ള മുഴുവൻ ആളുകളേയും ടെസ്റ്റ് ചെയ്യുകയാണ്. അപ്പോൾ test method വളരെ ശാസ്ത്രീയമാണ്. എല്ലാവരേയും ടെസ്റ്റ് ചെയ്യുകയെന്നതല്ല, രോഗലക്ഷണങ്ങളുള്ളവരെ ഒഴിവാക്കാതെ ടെസ്റ്റ് ചെയ്യുകയെന്നതാണ്. അതിൽ 8.9 ശതമാനം, 10 ശതമാനം എന്നിങ്ങനെയുള്ള ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറച്ച നാളായി നിൽക്കുകയാണ്. ഞാൻ ഒരു സംസ്ഥാനത്തിന്റേയും കണക്കൊന്നും പറയുന്നില്ല. അവിടെയെല്ലാം ആ സമയത്ത് ഇവിടത്തേക്കാൾ എത്രയോ ഇരട്ടിയായിരുന്നു ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക്. അതിലേയ്ക്ക് കേരളം എത്തിയിട്ടില്ല. എന്നാൽ കേരളത്തിൽ ഇപ്പോഴാണ് പീക്ക് റേറ്റ് വന്നത് എന്നതുകൊണ്ട്, ഇപ്പോൾ നോക്കുമ്പോൾ നിങ്ങൾക്ക് മറ്റുള്ളിടത്തെ ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് കുറവായി തോന്നാം. പക്ഷെ ഒരു കാര്യം, ആത്യന്തികമായി ഈ വൈറസ് പ്രതിരോധത്തിൽനിന്നും നമ്മൾ പ്രതീക്ഷിക്കുന്നത് എന്താണ്? ജനങ്ങളുടെ ജീവൻ രക്ഷിക്കുക. കേരളത്തിൽ മരണ നിരക്ക് 0.41 ശതമാനമാണ്. ഇന്ത്യയുടെ മരണനിരക്ക് 1.4 ശതമാനത്തിലേറെയാണ്. തമിഴ്നാടിന്റെ മരണനിരക്ക് 1.48 ശതമാനമാണ്. ആ നിരക്കിൽ കേരളത്തിലും മരണം നടന്നിരുന്നുവെങ്കിൽ ഇന്ന് സംഭവിച്ചതിന്റെ പത്തിരട്ടിയിലേറെ മരണം സംഭവിക്കുമായിരുന്നു. പക്ഷെ കേരളത്തിലെ മരണ നിരക്ക് കുറയ്ക്കാൻ സാധിച്ചത് ശാസ്ത്രീയമായ രീതിയിൽ കഠിനപ്രയത്നം നടത്തിയിട്ടുതന്നെയാണ്. നമ്മളെല്ലാംകൂടി നടത്തിയ കൂട്ടായ ആ പ്രവർത്തനത്തെയാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് അഭിനന്ദിച്ചത്. നിങ്ങളടക്കം നമ്മളെല്ലാവരും ചേർന്നിട്ടാണ്; ഒറ്റയ്ക്കൊറ്റയ്ക്കല്ല, അതിൽ ചെറിയൊരു വ്യത്യാസം വരുമ്പോൾ അത് ചൂണ്ടിക്കാണിച്ചതാണ്. നമ്മൾ കൂട്ടമായി വരുമ്പോൾ, ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുമ്പോൾ, പ്രത്യേകിച്ച് ഈ സ്രവങ്ങൾ തെറിച്ചുവീഴാൻ സാധ്യത കൂടുതലാണെന്നതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. അല്ലാതെ നിങ്ങളോട് എന്തെങ്കിലും രാഷ്ട്രീയ വൈരാഗ്യമുള്ളതുകൊണ്ട് പറഞ്ഞതല്ല. അങ്ങനെയുള്ള കൂട്ടായ്മകളിൽ ഒരുമിച്ച് ചേർന്ന് ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുന്നത് ഇതുപോലൊരു വൈറസിന്റെ വ്യാപന സാധ്യത വർദ്ധിപ്പിക്കുമെന്ന് പറഞ്ഞതാണ്. അല്ലാതെ നിങ്ങളോട് ആരോടും വൈരാഗ്യമുണ്ടായിട്ട് പറഞ്ഞതല്ല. അതിനിയും പറയാതിരിക്കാൻ വയ്യ. അപ്പോൾ ലോക്ക്ഡൗൺ എടുത്തുമാറ്റി, ജീവിത പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടതല്ലേ; നമുക്ക് നമ്മുടെ ജോലികൾ പുനഃസ്ഥാപിക്കേണ്ടതുണ്ട്, ഇതെല്ലാം അത്യാവശ്യമുള്ള കാര്യങ്ങളാണ്. അതുകൊണ്ടാണ് വളരെ അത്യാവശ്യമുള്ള കാര്യത്തിനുമാത്രമേ പുറത്തിറങ്ങാൻ പാടുള്ളൂവെന്ന് ഇപ്പോഴും പറയുന്നത്. കൂട്ടായ്മകളുണ്ടെങ്കിൽത്തന്നെ മാസ്ക് കൃത്യമായി ധരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ നിയമസഭയിൽത്തന്നെ പല

അംഗങ്ങളും സംസാരിക്കുന്നത് കണ്ടു; സംസാരിക്കുമ്പോഴാണ് മാസ്ക് ധരിക്കേണ്ടത്. മാസ്ക് താടിക്കുതാഴെ താഴ്ത്തിവച്ചിരിക്കുന്നതും സംസാരിക്കുന്ന സമയത്ത് മാസ്ക് വലിച്ചു താഴ്ത്തിവയ്ക്കുന്നതും അപകടകരമാണ്. അതെന്തുകൊണ്ട് പല അംഗങ്ങളും പാലിക്കുന്നില്ല? പല അംഗങ്ങളും മാസ്ക് താഴ്ത്തിവച്ചാണ് ഇരിക്കുന്നത്. സംസാരിക്കുമ്പോഴാണ് മാസ്ക് ഉപയോഗിക്കേണ്ടത്. പക്ഷെ പല അംഗങ്ങളും മാസ്ക് താഴ്ത്തിവച്ചിട്ടാണ് സംസാരിക്കുന്നത്. അപ്പോൾ നമ്മൾപോലും മറന്നുപോകുന്നു. നമ്മളാണ് പൊതുജനങ്ങളെ പഠിപ്പിക്കേണ്ടത്. അതുകൊണ്ട് ആ കാര്യം കൃത്യമായി അനുസരിക്കണം. ഇന്ന് കോവിഡ് പ്രതിരോധ രംഗത്ത് കേരളം വളരെ മുന്നിൽത്തന്നെയാണ്. അത് എല്ലാവരും വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ലോകത്തിലെതന്നെ ഏറ്റവും താഴ്ന്ന മരണനിരക്കായി പിടിച്ചുനിർത്താൻ കേരളത്തിന് കഴിഞ്ഞു. യഥാർത്ഥത്തിൽ പ്രഗത്ഭരായ എല്ലാ ആളുകളും പറഞ്ഞത് കേരളത്തിലായിരിക്കും ഏറ്റവും കൂടുതൽ മരണം സംഭവിക്കാൻ പോകുന്നതെന്നാണ്. കേരളത്തിൽ ആശുപത്രി സൗകര്യങ്ങളെല്ലാമുണ്ട്; പക്ഷെ, കേരളത്തിലാണ് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളത്. കേരളത്തിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ 860 ആണ് ജനസാന്ദ്രതയെങ്കിൽ ഇന്ത്യയിലേത് 460 മാത്രമാണ്. വൃദ്ധജനങ്ങളുടെ എണ്ണവും ജീവിതശൈലീ രോഗങ്ങളും കൂടുതലാണ്. എന്നിട്ടും ഈ നിലയിൽ നമ്മൾ എത്തിയത് നമുക്ക് അഭിമാനകരമായ പ്രവർത്തനം നടത്താൻ കഴിഞ്ഞതുകൊണ്ടാണ്.

ശ്രീമതി ഗീതാ ഗോപി പറഞ്ഞതുപോലെ കാസർഗോഡ് ജില്ലയിൽ കോവിഡ് വ്യാപനം രൂക്ഷമായപ്പോൾ എല്ലാ മേഖലകളിൽനിന്നും സഹായവുമായി ഒരുപാട് ആളുകൾ വന്നിരുന്നു. അതിൽ ടാറ്റ, ബഹുമാനപ്പെട്ട എം. എ. യൂസഫലിയുമുണ്ടായിരുന്നു. ടാറ്റാ ട്രസ്റ്റ്, കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഒരു ആശുപത്രി നിർമ്മിച്ചുതരാമെന്ന് പറഞ്ഞു, അതൊരു കണ്ടെയ്നർ മോഡലിൽ നിർമ്മിച്ചു. കോവിഡ് പോസിറ്റീവാകുന്നരെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുന്നതിനുള്ള ഒരാശുപത്രിയായിരുന്നു. പക്ഷെ ഗവൺമെന്റ് വളരെ ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി അതിനാവശ്യമായ 195 തസ്തികകൾ സൃഷ്ടിച്ചു.. അവിടെ ഇപ്പോൾ കോവിഡ് രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ഓർഡർ....ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു).

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെല്ല് സംഭരണം

4(*153) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നെല്ല് സംഭരണം നടത്തുന്നതെങ്ങനെയെന്നും ആയതിന്റെ വിവിധ ഘട്ടങ്ങളും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ, സംസ്ഥാന സർക്കാരിന്റെ നടത്തിപ്പ് ഏജൻസിയായാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) പ്രവർത്തിക്കുന്നത്. നെല്ല് വിതയ്ക്കുന്ന കാലയളവിൽ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, സപ്ലൈകോ ഏറ്റെടുത്ത് അതിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് നവീന സംസ്കരണശാലകളിൽ ഇരുപ്പുഴുക്കൻ രീതിയിൽ കുത്തി അരിയാക്കിയശേഷം പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നു.

(ബി) നെല്ലിന്റെ സംഭരണവില നിശ്ചയിക്കുന്ന രീതിയും ഈ വർഷത്തെ സംഭരണ വില സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന താങ്ങുവിലയോടൊപ്പം സംസ്ഥാന വിഹിതമായ സംസ്ഥാന പ്രോത്സാഹന ബോണസുംകൂടി ചേർത്താണ് നെല്ലിന്റെ സംഭരണവില സംസ്ഥാന സർക്കാർ നിശ്ചയിക്കുന്നത്. ഈ വർഷത്തെ സംഭരണ വില കിലോഗ്രാമിന് 27.48 രൂപയാണ്. ഇതിൽ 18.68 രൂപ കേന്ദ്ര സർക്കാരിന്റെ അടിസ്ഥാന താങ്ങുവിലയും 8.80 രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്.

(സി) ഈ സീസണിൽ ഒന്നാംവിള നെല്ലിന്റെ സംഭരണവില കർഷകർക്ക് ലഭ്യമാക്കുന്നതിന് ഏതൊക്കെ ബാങ്കുകളുമായാണ് കരാർ ഒപ്പിട്ടതെന്നറിയിക്കുമോ?

നിലവിൽ സംഭരണം നടക്കുന്ന 2020-21 സീസണിൽ കർഷകർക്ക് സംഭരണവില ലഭ്യമാക്കുന്നതിനായി സപ്ലൈകോ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 7 ബാങ്കുകളുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ബാങ്കുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫെഡറൽ ബാങ്ക്
2. എസ്.ബി.ഐ.
3. കേരള ബാങ്ക്
4. കാനറ ബാങ്ക്
5. ബാങ്ക് ഓഫ് ബറോഡ
6. ബാങ്ക് ഓഫ് ഇന്ത്യ
7. കേരള ഗ്രാമീൺ ബാങ്ക്.

(ഡി) കേന്ദ്ര സർക്കാരിൽനിന്ന് നെല്ലിന്റെ താങ്ങുവില യഥാസമയം ലഭ്യമാകാത്തത് കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംഭരിച്ച നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കേന്ദ്രസർക്കാർ അടിസ്ഥാന താങ്ങുവില നൽകുന്നത്. ആയത് സംഭരിച്ച നെല്ലിന്റെ അടിസ്ഥാന താങ്ങുവില ലഭിക്കുന്നതിൽ കാലതാമസത്തിനു ഇടയാക്കുന്നുണ്ട്. എന്നാൽ ഇതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പി.ആർ.എസ്. വായ്പ പദ്ധതി (കൈപ്പറ്റ് രസീത് ബാങ്കിൽ നൽകി ബാങ്കുകൾ കർഷകർക്ക് സംഭരണവില നൽകുന്ന പദ്ധതി) നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) 2019-20 സീസണിലെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് നല്കിക്കഴിഞ്ഞോ; വ്യക്തമാക്കുമോ?

2019-20 സീസണിലെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## ഐ.ടി. വ്യവസായ വികസനം

5 (*154) ശ്രീ. കെ. ബാബു:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോർജ് എം.തോമസ്:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക വികസനത്തിന് വിവര സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ഈ സർക്കാർ ഐ.ടി. വ്യവസായ പ്രോത്സാഹനത്തിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

വിവര സാങ്കേതിക വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് അനുബന്ധ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്ര വികസനം ലക്ഷ്യമാക്കി വിവര സാങ്കേതികവിദ്യാനയം രൂപീകരിച്ചു.

- സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിച്ച ഹൈപവർ ഐ.ടി. ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ മുഖേന വിദേശ കമ്പനികളെയടക്കം കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

- ഹൈപവർ ഐ.ടി. ഉപദേശക സമിതിയുടെ നിർദ്ദേശമനുസരിച്ച് രണ്ട് കൊല്ലത്തിലൊരിക്കൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ നടത്താനുള്ള തീരുമാനമനുസരിച്ച് ആദ്യത്തെ ആഗോള സമ്മേളനം മാർച്ച് 2018-ൽ കൊച്ചിയിൽ നടത്തി.

- ആഗോളതലത്തിൽ ഐ.ടി. അധിഷ്ഠിതമായുള്ള വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ഒരു എസ്.പി.വി. ആയി ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നു.

- നിക്ഷേപം ആകർഷിക്കാനാവശ്യമായ ഇളവുകൾ നൽകി കമ്പനികളെ ഇവിടേയ്ക്ക് കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുന്നു.

- ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യ വികസനങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു.

(ബി) തലസ്ഥാന നഗരിയിലെ ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള തടസ്സം നീങ്ങിയിട്ടുണ്ടോ; ഇതിലൂടെ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

പൊതുവെ കോവിഡ്മൂലം പദ്ധതി നടത്തിപ്പുകളിൽ കുറച്ച് കാലതാമസം എല്ലാ മേഖലകളിലും അനുഭവപ്പെട്ടിട്ടുണ്ട്. ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിയമപരമായ തടസ്സങ്ങളൊന്നുമില്ല. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ടെക്നോപാർക്കിന്റെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി 19.73 ഏക്കർ ഭൂമിയിൽ ആരംഭിക്കുന്ന "ടോറസ്സ് ഡൗൺടൗൺ' പദ്ധതി പൂർത്തിയാകുമ്പോൾ ഇതിലൂടെ ഏകദേശം 20000 പേർക്ക് നേരിട്ടുള്ള അധിക തൊഴിലവസരങ്ങൾ ലഭ്യമാകും.

(സി) ഐ.ടി. വ്യവസായ വികസനം യാഥാർത്ഥ്യമാക്കുന്നതിന് അടിസ്ഥാനസൗകര്യ വർദ്ധനവ് സാദ്ധ്യമായിട്ടുണ്ടോ; ഐ.ടി. രംഗത്തെ വൻകിട കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഒരു ഐ.ടി. ഹബ്ബാക്കി വളർത്താൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

വിവരസാങ്കേതികവിദ്യാ മേഖലയിൽ പരമാവധി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്കാവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള സുഗമമായ വൈദ്യുതി-ജല വിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ സൗകര്യങ്ങളും പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 52.48 ലക്ഷം ചതുരശ്രയടി ഉൾപ്പെടെ 197.70 ലക്ഷം ചതുരശ്രയടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്. സർക്കാർ തലത്തിലും ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചും നടപ്പലാക്കിവരുന്ന മികച്ച പ്രവർത്തനങ്ങളിലൂടെ ഐ.ടി. രംഗത്തെ വൻകിട കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഒരു ഐ.ടി. ഹബ്ബാക്കി

കേരളത്തെ വളർത്താൻ കഴിയും. ഈ സർക്കാരിന്റെ കാലത്ത് ടി.സി.എസ്. (B) ഫെയ്സ് 1, ഇൻഫോസിസ് ഫെയ്സ് 2, സൺടെക്ക് ബിസിനസ്സ് സൊല്യൂഷൻസ് - ടെക്നോസിറ്റി, ടെക്നോപാർക്ക് നിർമ്മിക്കുന്ന ഗവൺമെന്റിന്റെ ഐ.ടി. കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ടെക്നോപാർക്ക് പദ്ധതികളിൽ, ടെക്നോപാർക്കിന്റെ മൂന്നാംഘട്ടത്തിൽ ടോറസ് ഗ്രൂപ്പിന്റെ ഐ.ടി./ ഐ.ടി.ഇ.എസ്./മറ്റ് വാണിജ്യ സംരംഭങ്ങൾ എന്നിവയുൾപ്പെട്ട 19.73 ഏക്കർ ഭൂമിയിലാരംഭിക്കുന്ന ടോറസ്സിന്റെ 'തിരുവനന്തപുരം ഡൗൺടൗൺ' പദ്ധതി. ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ്- (ടെക്നോസിറ്റി), ബ്രിഗേഡ് ഐ.ടി./ഐ.ടി.ഇ.എസ്. (ഒന്നാംഘട്ടം) കാർണിവൽ ഇൻഫോപാർക്ക് (ഒന്നാംഘട്ടം), വിൻവിഷ് ടെക്നോളജി (മൂന്നാംഘട്ടം) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഇൻഫോപാർക്കിന്റെ നേരിട്ടുള്ള ഐ.ടി. മന്ദിരങ്ങൾക്കുപുറമേ ഉപസംരംഭകരായ ലുലു ടെക്പാർക്ക്, ട്രാൻസ് ഏഷ്യ സൈബർ പാർക്ക്, ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ, ക്ലെയ്സിസ് ടെക്നോളജി ക്യാമ്പസ് മുതലായ പദ്ധതികൾ ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ കാസ്പിയൻ ടെക്പാർക്ക്, ഐ.ബി.എസ്. ക്യാമ്പസ്, മീഡിയ സിസ്റ്റം ഐ.ടി. ക്യാമ്പസ് മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## വൻകിടേതര തുറമുഖങ്ങളുടെ വികസനം

6 (*155) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരാനുദ്ദേശിക്കുന്ന ഇൻഡ്യൻ പോർട്സ് ബില്ലിൽ മാരിടൈം പോർട്ട് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ച് സംസ്ഥാന നിയന്ത്രണത്തിലുള്ള വൻകിടേതര തുറമുഖങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്ന കാര്യം പരിശോധന വിധേയമാക്കിയിരുന്നോ;

(ബി) കരട് നിയമം പഠന വിധേയമാക്കി കേന്ദ്രസർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ?

(എ & ബി) പരിശോധിച്ചു. കേന്ദ്രസർക്കാരിനെ നിലപാട് അറിയിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനം അറിയിക്കാമോ?

സംസ്ഥാനത്തെ മേജർ പോർട്ട് (കൊച്ചി)-ന്റെ ഭരണം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. Non Major Ports (ചെറുകിട തുറമുഖം)-ന്റെ ഭരണനിർവ്വഹണമാണ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതിരേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്ററായി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd. (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## പിന്നോക്ക വിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

7(*156) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകാമോ:

(എ) മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) വിവിധ സമുദായങ്ങൾക്ക് സംവരണ പ്രകാരമുള്ള നിയമനത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടെങ്കിൽ അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ ജാതിതിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) അഖിലേന്ത്യ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയും ചെയ്യുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26 ശതമാനം ജീവനക്കാരുടെ വിവരങ്ങൾ 12-1-2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലെയും മുഴുവൻ സ്ഥിരജീവനക്കാരുടെയും വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**പോലീസ് സേനയുടെ നവീകരണം**

8(*158) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോലീസ് സേനയുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധനവിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

1. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

2. രണ്ടോ അതിലധികമോ എസ്.ഐ.മാരുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്.

3. അധികാര പരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബുകളിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

5. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിച്ചു.

6. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

7. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

8. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CCPWC.

9. പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കാൻ "e-VIP" വെബ് പോർട്ടൽ ഏർപ്പെടുത്തി.

10. മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ/ഫീസ് എന്നിവ ഡിജിറ്റലായി ഒടുക്കുന്നതിനുള്ള 'Traffic Offence Compounding E-Chalan System' ആരംഭിച്ചിട്ടുണ്ട്.

11. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

12. സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്.

13. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിനായി 'Virtual Q' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പോലീസ് സേനയിലെ ഒഴിവുകൾ പൂർണ്ണമായും നികത്താനായിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് സേനയിൽ എത്രപേരെ നിയമിച്ചെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയിൽ ആകെ 12284 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് ആകെ 12229 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ, പ്രത്യേകിച്ച് ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളിൽ കുറവ് വന്നിട്ടുണ്ടോ?

കുറവ് വന്നിട്ടുണ്ട്. ആകെ ക്രൈം കേസുകളുടെ എണ്ണം (IPC+SLL) 2016 - 707870, 2017 - 653500, 2018 - 512167, 2019 - 453074, 2020 - 526476.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലയിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹൈടെക് സെൽ, സൈബർ ഡോം തുടങ്ങിയ സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ ഡോമിന്റെ സഹായത്തോടെ ഓപ്പറേഷൻ പി-ഹണ്ട് പോലുള്ള റെയ്ഡുകൾ നടത്തി കുറ്റവാളികളെ വേഗത്തിൽ കണ്ടുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റ നിയന്ത്രണം

9(*159) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചുനിർത്തുന്നതിനായി പൊതുവിതരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണ്?

ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നീ രീതികളിലൂടെ അവശ്യസാധനങ്ങൾ വാങ്ങുന്നതിലൂടെ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങൾ നല്കുന്നതിലൂടെ വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുക, പുതിയ വില്പനശാലകൾ അനുവദിച്ചും നിലവിലുള്ളവ നവീകരിച്ചും വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ശബരി ബ്രാൻഡിലുള്ള തേയില, സഹകരണ മേഖലയിലുള്ള റെയ്ഡ്കോ മുഖേന കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണ വില്പന നടത്തുക, കേന്ദ്ര ഏജൻസികളിൽനിന്ന് നേരിട്ട് പർച്ചേസ് നടത്തുക, സബ്സിഡി ദുരുപയോഗം തടയുന്നതിന് റേഷൻകാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുക എന്നിവയാണ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചുനിർത്തുന്നതിനും പൊതുവിതരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.

(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടഞ്ഞ് അവശ്യവസ്തുക്കളുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് പൊതുവിപണിയിൽ എന്തെല്ലാം ശക്തമായ പരിശോധനകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, വിജിലൻസ് ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥർ

റേഷൻ കടകളിലും ഗോഡൗണുകളിലും സപ്ലൈകോയുടെ പരിശോധന സംഘങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഭക്ഷ്യ വകുപ്പിലെ ഉദ്യോഗസ്ഥരും പരിശോധനകൾ നടത്തിവരുന്നുണ്ട്. പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ലൈസൻസികളിൽനിന്നും ഈടാക്കുന്നതിനും ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ KRO പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് നടത്തുന്ന പരിശോധനകൾക്കുപുറമേ ലീഗൽ മെട്രോളജി, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്നും പച്ചക്കറി മാർക്കറ്റുകളിലുൾപ്പെടെ പൊതുവിപണി പരിശോധനകളും നടത്തുന്നു.

**സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ ശാക്തീകരണം**

10(*160) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യസൂചികയിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിനും ജീവിതശൈലീരോഗ നിയന്ത്രണത്തിൽ തുടരെ യു.എൻ. അവാർഡ് നേടത്തക്ക രീതിയിൽ സംസ്ഥാനത്തെ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനും സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

ദേശീയ ആരോഗ്യ സൂചികയിൽ മാതൃ മരണനിരക്കും ശിശു മരണനിരക്കും ആയുർദൈർഘ്യവും പരിഗണിക്കുമ്പോൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ നമ്മുടെ സംസ്ഥാനം ബഹുദൂരം മുൻപന്തിയിലാണ്. കേരളത്തിലെ മാതൃ മരണനിരക്ക് ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും കുറഞ്ഞതാണ്. ഇത് നിലനിർത്തുന്നതിനായി മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് Kerala Federation of Obstetrics and Gynecology (KFOG)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന

സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ഡിസ്പോസബിൾ ഡെലിവറി കിറ്റ്, ഡിസ്പോസബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. മാതൃ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കേരളത്തിലെ ശിശു മരണനിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. ഇത് നിലനിർത്തുന്നതിനായി ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, IAP (ഇൻഡ്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശു മരണനിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു. നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം (New Born Screening Programme) നടപ്പിലാക്കിവരുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും സംസ്ഥാന ആരോഗ്യ വകുപ്പുമായി യോജിച്ച് വാക്സിൻകൊണ്ട് തടയാൻ കഴിയുന്ന മാരകരോഗങ്ങൾ വരാതിരിക്കാനായി ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പദ്ധതി (യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം) കേരളത്തിൽ നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും പഠനകേന്ദ്രങ്ങളുടെയും സഹായത്തോടുകൂടി ജീവിതത്തിന്റെ നാനാതുറകളിലുമുള്ള ജനവിഭാഗ ങ്ങൾക്കുതകുന്ന വിധത്തിൽ ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം എന്നിവ ജനസംഖ്യാധിഷ്ഠിതമായി നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'അമൃതം ആരോഗ്യം' പദ്ധതി താലൂക്ക്, ജില്ലാശുപത്രികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശാക്തീകരിക്കുന്ന പദ്ധതിയാണ് ആദ്യമായി നടപ്പിലാക്കിയത്. ജീവിതശൈലീരോഗങ്ങളുടെ മൂർധന്യാവസ്ഥകളായ വൃക്കരോഗങ്ങൾ, ഹൃദ്രോഗങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും കാത്ത് ലാബുകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ശാക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡയബറ്റിക് റെറ്റിനോപ്പതി (നേത്ര പടലാന്ധത) നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള അതിനൂതന പദ്ധതിയായ നയനാമൃതം, ലോകത്താദ്യമായി ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രാഥമികാരോഗ്യ തലത്തിൽത്തന്നെ

സംവിധാനമൊരുക്കിയ ശ്വാസ് പദ്ധതി, അതിസങ്കീർണമായ പക്ഷാഘാത ചികിത്സ ഇന്ത്യയിലാദ്യമായി ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കിയ ശിരസ്സ് പദ്ധതി, പ്രമേഹത്തിന്റെ ഗുരുതര ഭാവമായ കാലിലെ വ്രണങ്ങൾ diabetic foot കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പാദസ്പർശം പദ്ധതി എന്നിവ ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവിതചര്യയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനമായി സ്കൂൾ, കോളേജ് തലങ്ങളിൽ VIBGYOR എന്ന പേരിൽ കായിക മാനസികോല്ലാസ പരിപാടികളിലൂടെ ജീവിതശൈലി പരിഷ്കരണം നടപ്പിലാക്കുകയും പൊതുജനങ്ങൾക്കായി വിവിധ തലങ്ങളിൽ Open gym എന്ന നൂതന ആശയം യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കുന്നതിൽ ഏറെ പുരോഗതിയുണ്ടാകുകയും ചികിത്സയും മരുന്നും സൗജന്യമാക്കിയതോടെ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും സഹായകരമായിട്ടുണ്ട്. ക്യാൻസർ ചികിത്സ റീജിയണൽ ക്യാൻസർ സെന്ററുകളുടെ സഹായത്തോടുകൂടി ആരോഗ്യവകുപ്പിനുകീഴിലുള്ള 24 ജില്ലാ താലൂക്കാശുപത്രികളിൽ വികേന്ദ്രീകൃതമായി സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലീരോഗ നിയന്ത്രണത്തിൽ സംസ്ഥാന സർക്കാർ കൈവരിച്ച ഈ നേട്ടങ്ങൾ ലോകാരോഗ്യ സംഘനയുടെ ശ്രദ്ധയിൽപ്പെടുകയും ഐക്യരാഷ്ട്ര സംഘടനയുടെ അവാർഡ് പരിഗണിക്കുന്നതിന് കാരണമാവുകയും ചെയ്തു. ലോകരാജ്യങ്ങളിലെ ജീവിതശൈലീരോഗ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന UN inter agency task force-ന്റെ പട്ടികയിൽ നമ്മുടെ സംസ്ഥാനം ഇടംപിടിക്കുകയും മികവിന്റെ അടിസ്ഥാനത്തിൽ അവാർഡിന് അർഹമാകുകയും ചെയ്തു. ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും അവയുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചും ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ടും മെച്ചപ്പെട്ട ചികിത്സാ സമ്പ്രദായം പ്രാഥമിക തലത്തിൽത്തന്നെ ഏർപ്പെടുത്തി. താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറലാശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനവും ഏർപ്പെടുത്തി. നബാർഡ് പദ്ധതി മുഖേന 5 കോടി രൂപയ്ക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ മുഖഛായ മാറ്റുന്ന രീതിയിൽ കിഫ്ബി പദ്ധതി പ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളിലായി 5000-ൽപ്പരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സർക്കാർ ഏറ്റെടുത്ത കണ്ണൂർ മെഡിക്കൽ കോളേജിലെ ചികിത്സാസൗകര്യവും പഠനസൗകര്യവും വർദ്ധിപ്പിക്കുന്നതിന് ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

കണ്ണൂർ മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യവും പഠന സൗകര്യവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ബഡ്ജറ്റിലുൾപ്പെടുത്തി 33.93 കോടി രൂപയുള്ള സാധനസാമഗ്രികൾ വാങ്ങിക്കുന്നതിനും ഹോസ്റ്റൽ ഉൾപ്പെടെ നിർമ്മിക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് കണ്ണൂരിന്റെ അടിസ്ഥാനവികസന സൗകര്യത്തിന് 124.96 കോടി രൂപ കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി. കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളിൽ നിന്നും (MP Fund, MLA Fund, CSR Fund, KASP etc.) 10,85,00,000 രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങിച്ചു. ചികിത്സാ സൗകര്യവും പഠനസൗകര്യവും വർദ്ധിപ്പിക്കുന്നതിനായി 247 ഡോക്ടർമാരുടെ തസ്തികയും 521 നഴ്സുമാരുടെ തസ്തികയും ഭരണപരമായ ആവശ്യങ്ങൾക്കായി പ്രിൻസിപ്പാൾ ഉൾപ്പെടെ 11 തസ്തികയും സൃഷ്ടിച്ചു. സ്ഥാപനത്തിലെ എല്ലാ മെഡിക്കൽ പാരാമെഡിക്കൽ കോഴ്സുകളും സർക്കാർ മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്തു. കൂടാതെ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സുഗമമായി പ്രവർത്തിക്കുന്നതിനായും പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായും ഏറ്റെടുത്ത ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനുമായി മിനിസ്റ്റീരിയൽ, പാരാമെഡിക്കൽ ഇതര അനദ്ധ്യാപക ജീവനക്കാർ, ദന്തൽ കോളേജ് ഡോക്ടർമാർ, നഴ്സിംഗ് കോളേജ് അദ്ധ്യാപകർ, ഫാർമസി കോളേജ് അദ്ധ്യാപകർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും തൃതീയ തലത്തിലെ പ്രധാന ആശുപത്രികളിലും ഹൈടെക് വികസനമെത്തിക്കുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ താലൂക്ക് തലംമുതൽ ജനറലാശുപത്രി തലംവരെയുള്ള പ്രധാന ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഭാവി വികസനത്തിനുകൂടി മുൻതൂക്കം നൽകി കിഫ്ബി പദ്ധതി പ്രകാരം

ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വിവിധ ഘട്ടങ്ങളിലായി അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, വിജിലൻസ് ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥർ റേഷൻ കടകളിലും ഗോഡൗണുകളിലും സപ്ലൈകോയുടെ പരിശോധനാ സംഘങ്ങൾ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഭക്ഷ്യ വകുപ്പിലെ ഉദ്യോഗസ്ഥരും പരിശോധനകൾ നടത്തിവരുന്നുണ്ട്. പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ലൈസൻസികളിൽനിന്നും ഈടാക്കുന്നതിനും ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ KRO പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സിവിൽ സപ്ലൈസ് നടത്തുന്ന പരിശോധനകൾക്കുപുറമേ ലീഗൽ മെട്രോളജി, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്നും പച്ചക്കറി മാർക്കറ്റുകളിലുൾപ്പെടെ പൊതുവിപണി പരിശോധനകളും നടത്തുന്നു.

## കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി

11(*161) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>:

<u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി എന്നുമുതലാണ് നിലവിൽ വന്നത്; പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

ഏപ്രിൽ 1, 2019. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനായിരുന്നു നടത്തിപ്പ് ചുമതല. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ താഴെപ്പറയുന്നവരാണ്:

- 2018 - 2019 വർഷത്തിൽ രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (ആർ.എസ്.ബി.വൈ.) ചിസ്, ചിസ് പ്ലസ് എന്നീ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കിയവർ.
- 2011- ലെ കാസ്റ്റ് സെൻസസ് ഡാറ്റാ പ്രകാരം അർഹരായിട്ടുള്ളവർ.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണ്; ഏജൻസിയുടെ ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ?

പദ്ധതിയുടെ നടത്തിപ്പ് ചുമതല സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തന ഘടന എക്സിക്യൂട്ടീവ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (മെഡിക്കൽ), ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്), ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻസ്), വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മാനേജർമാർ, ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നീ രീതിയിലാണ്.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയോടൊപ്പം കാരുണ്യ പദ്ധതിയും നിലവിലുണ്ടോ; കാരുണ്യ പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള പ്രവർത്തനങ്ങൾ എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയോടൊപ്പം കാരുണ്യ ബെനവലന്റ് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും കാരുണ്യ പദ്ധതിയുടെ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ചികിത്സ ലഭിക്കുന്നതിനായി കാസ്പ് എംപാനൽഡ് ആശുപത്രികളിൽ കെ.ബി.എഫ്. ഗുണഭോക്താക്കൾക്ക് സമീപിക്കാവുന്നതാണ്. നേരത്തേ കെ.ബി.എഫ്. പദ്ധതിയിൽ 100-ൽത്താഴെ ആശുപത്രികളാണ് എംപാനൽ ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ 186 സർക്കാർ ആശുപത്രികളിൽനിന്നും 369 സ്വകാര്യ ആശുപത്രികളിൽനിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്.

## അളവ് തൂക്കങ്ങളിലെ വ്യാപക തട്ടിപ്പ്

12(*162) ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ ബങ്കുകളിലുൾപ്പെടെ അളവ് തൂക്കങ്ങളിൽ വ്യാപകമായ തട്ടിപ്പ് നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യാപകമായ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ വകുപ്പിന്റെ ശക്തമായ ഇടപെടൽ ഉറപ്പാക്കിയിട്ടുണ്ട്.

(ബി) അളവ് തൂക്കത്തിലെ കൃത്യത ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് ഫലപ്രദമായി ഇടപെടുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) കാര്യക്ഷമമായ പരിശോധനകൾ നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി & സി) അളവിലെ കൃത്യത ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് വാർഷിക പരിശോധനയും ക്രമക്കേടുകൾ തടയുന്നതിനായി മിന്നൽ പരിശോധനയും നടത്തുന്നുണ്ട്. നിപ, കോവിഡ് തുടങ്ങിയ മഹാമാരികളുടെയും പ്രളയത്തിന്റെയും സമയത്ത് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലീഗൽ മെട്രോളജി വകുപ്പ് അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം പുനഃപരിശോധന നടത്താൻ സാധിക്കാത്ത വ്യാപാരികൾക്ക് പിഴയും അഡീഷണൽ ഫീസും ഒഴിവാക്കി പുനഃപരിശോധന നടത്തി മുദ്ര വയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചുനൽകി. കൂടാതെ കൊറോണ കാലയളവിൽ ലീഗൽ മെട്രോളജി വകുപ്പ് മാസ്കിന് അമിതവില ഈടാക്കിയ 64 വ്യാപാരികൾക്കെതിരെയും സാനിറ്റൈസറിന് അമിതവില ഈടാക്കിയ 73 വ്യാപാരികൾക്കെതിരെയും കുപ്പിവെള്ളത്തിന് അമിതവില ഈടാക്കിയ വ്യാപാരികൾക്കെതിരെയും മറ്റ് വിഭാഗങ്ങളിലായി 93 വ്യാപാരികൾക്കെതിരെയും ഉൾപ്പെടെ 843 കേസുകൾ രജിസ്റ്റർ ചെയ്യുകയും 38,75,000 രൂപ രാജി ഫീസ് ഈടാക്കുകയും റേഷൻ, തൂക്കത്തിൽ കുറച്ച് വിൽപ്പന നടത്തിയതിന് 235 വ്യാപാരികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് 9,99,000 രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു. എല്ലാ പമ്പുകളിലും വാർഷിക പുനഃപരിശോധന നടത്തുന്നുണ്ട്. കൂടാതെ മറ്റ്

സ്ഥാപനങ്ങളിൽ അളവിലെ കൃത്യത ഉറപ്പാക്കുന്നതിനായി മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. പരാതികൾ ലഭിക്കുന്ന അവസരത്തിൽ സർക്കാർ നിർദ്ദേശപ്രകാരവും മിന്നൽ പരിശോധന നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്.

**കെ-ഫോൺ പദ്ധതി**

13(*163) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിന് കൺസൾട്ടന്റിനെ നിയോഗിച്ചിരുന്നോ; ആരെയാണ് കൺസൾട്ടന്റായി തെരഞ്ഞെടുത്തതെന്നും എപ്രകാരമാണ് അവരെ തെരഞ്ഞെടുത്തതെന്നും വിശദമാക്കുമോ;

(ബി) കെ-ഫോൺ പദ്ധതിയുടെ കൺസൾട്ടന്റുമാർക്ക് പ്രതിമാസം ശമ്പളയിനത്തിൽ എന്ത് തുകയാണ് നൽകേണ്ടത്?

(എ & ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിയുടെ നടത്തിപ്പിനായി ഒരു NICSI എംപാനൽഡ് ഏജൻസിയെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി (പി.എം.യു.) NICSI നിരക്കിൽ നിയോഗിക്കണമെന്ന് തീരുമാനിച്ചതിൻപ്രകാരം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന കൺസൾട്ടന്റിനെ പി.എം.യു. ആയി നിയമിച്ച് ഉത്തരവായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൺസൾട്ടൻസി സേവനത്തിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായി ഐ.ടി. വകുപ്പിനുകീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) കരാറിലേർപ്പെട്ടിരുന്നു. പ്രതിമാസം ഈ ഇനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ ഏകദേശം 20,64,528 രൂപയാണ് (ഇരുപത് ലക്ഷത്തി അറുപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപ) NICSI നിരക്കിൽ കൺസൾട്ടൻസി ഫീസായി പ്രസ്തുത കമ്പനിക്ക് കെ.എസ്.ഐ.ടി.ഐ.എൽ. നൽകിയിരുന്നത്.

(സി) നിലവിലുണ്ടായിരുന്ന കൺസൾട്ടന്റിനെ മാറ്റുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് ലിമിറ്റഡിന് 01.12.2018 മുതൽ 30-11-2020 വരെ 24 മാസത്തേയ്ക്കായിരുന്നു കരാർ നൽകിയിരുന്നത്. ഐ.ടി.

വകുപ്പിനുകീഴിലുള്ള സ്പെയ്സ് പാർക്ക് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിലുണ്ടായ ജാഗ്രതക്കുറവും വീഴ്ചയും കാരണം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെ സംസ്ഥാനത്തെ ഐ.ടി. വകുപ്പിനുകീഴിലുള്ള പദ്ധതികളിൽ പങ്കെടുക്കുന്നതിൽനിന്നും 27-11-2020 മുതൽ രണ്ട് വർഷത്തേയ്ക്ക് വിലക്കേർപ്പെടുത്തിയതിനാൽ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സുമായിട്ടുള്ള കരാർ 30-11-2020-നുശേഷം പുതുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഡി) ഇവർക്കുപകരം മൂന്ന് പേരടങ്ങുന്ന പ്രോജക്ട് മാനേജ്മെന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചോ; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ?

പ്രസ്തുത കൺസൾട്ടൻസിക്കുപകരം മൂന്ന് പേരടങ്ങുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും അതിനായി കെ.എസ്.ഐ.ടി.ഐ.എൽ. അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീമിന്റെ (എസ്.ഇ.എം.ടി.) ഹെഡ്ഡിനേയും എസ്.ഇ.എം.ടി.-യിലെ മൂന്ന് കൺസൾട്ടന്റിനെയും കെ-ഫോണിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

(ഇ) നിലവിലുണ്ടായിരുന്ന കൺസൾട്ടന്റിനെ ഒഴിവാക്കി പ്രോജക്ട് മാനേജ്മെന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന സാഹചര്യത്തിൽ പ്രതിമാസം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ലാഭം എത്രയാണ്?

നിലവിലുണ്ടായിരുന്ന കൺസൾട്ടന്റ് പദ്ധതിയുടെ സ്റ്റഡി, ഡിസൈൻ, ടെണ്ടർ പ്രക്രിയ വെരിഫിക്കേഷൻ എന്നീ സ്റ്റേജുകളിലാണ് പ്രവർത്തിച്ചിരുന്നത്. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിനുകീഴിലുള്ള ടെലി കമ്മ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡിനെ (TCIL) പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനുപുറമേയാണ് എസ്.ഇ.എം.ടി.-യിൽനിന്നും മൂന്ന് കൺസൾട്ടന്റിനെയും നിയോഗിച്ചത്. അതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ സാധ്യമല്ല.

(എഫ്) വൻകിട കൺസൾട്ടൻസി വഴി മാത്രമേ കെ-ഫോൺ പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയൂവെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനാധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കെ-ഫോൺ പോലുള്ള പദ്ധതികൾ ആദ്യമായിട്ടാണ് കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നത്. അതിനാൽ അന്താരാഷ്ട്ര കമ്പനികളുടെ അനുഭവ സമ്പത്ത് ഒരു മുതൽക്കൂട്ടാവുന്നതാണ്.

## നെല്ല് സംഭരണം സംബന്ധിച്ച പ്രവർത്തനങ്ങൾ

14(*164) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ നെല്ല് സംഭരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

നിലവിൽ സംഭരണം നടക്കുന്ന 2020-21 സീസണിൽ 12-1-2021 വരെ 60,433 കർഷകരിൽ നിന്നായി 1.73 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 52833 കർഷകർക്ക് നെല്ലിന്റെ വിലയായ 438.64 കോടി രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 7 ലക്ഷം ടൺ സംഭരണം പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ നെല്ല് സംഭരണ പ്രക്രിയയിൽ നിശ്ചയിച്ച ഔട്ട് ടേൺ റേറ്റ് (ഒ.ടി.ആർ.) സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ഗുണനിലവാരവും ഔട്ട് ടേൺ റേഷ്യോയും കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഔട്ട് ടേൺ റേഷ്യോ 68 ശതമാനമാണ്.

(സി) സർക്കാർ അംഗീകരിച്ച ഒ.ടി.ആർ. സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ സംബന്ധിച്ച് സർക്കാർ നിശ്ചയിച്ച വിദഗ്ധ സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) അരിമില്ലുകൾക്ക് നൽകുന്ന പ്രോസ്സസിംഗ് ഫീ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കർഷകരിൽനിന്ന് നെല്ല് ഏറ്റെടുത്ത് സംസ്കരിച്ച് അരിയാക്കി തിരികെ നൽകുന്നതിന് 214 രൂപ/ക്വിന്റൽ എന്ന നിരക്കിലാണ് മില്ലുകാർക്ക് സംസ്കരണ ചെലവ് നൽകുന്നത്.

(ഇ) കേന്ദ്രത്തിൽനിന്നും നെല്ല് സംഭരണത്തിനുള്ള റീ-ഇംബേഴ്സ്മെന്റ് ഏത് കാലയളവുവരെ നൽകിയെന്ന് വ്യക്തമാക്കുമോ?

പൊതുവിതരണ സംവിധാനം മുഖേന വിതരണം ചെയ്ത അരിയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ക്ലെയിമിൽ 2020 മാർച്ച് വരെയുള്ള തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

**നൂറുദിന പരിപാടികളിലൂടെ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ**

15(*165) ശ്രീ. ബി. സത്യൻ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരി ദുർബ്ബല വിഭാഗങ്ങളുടെമേലുൾപ്പെടെ ഏല്പിച്ച സാമ്പത്തികാഘാതം മറികടക്കുന്നതിൽ ക്ഷേമനടപടികളോടൊപ്പം വികസന പ്രവർത്തനങ്ങളുടെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രഖ്യാപിച്ച രണ്ട് നൂറുദിന പരിപാടികളെക്കുറിച്ച് വിശദീകരിക്കാമോ?

രണ്ട് നൂറുദിന പരിപാടികളുടെ ചിട്ടയായ പ്രവർത്തനമാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഒന്നാംഘട്ട കർമ്മപരിപാടിയിൽ നൂറുദിവസങ്ങൾകൊണ്ട് (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) നൂറ് പരിപാടികൾ ഉൾപ്പെടുത്തുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പല പദ്ധതികളും പിന്നീട് ചില വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ഉൾപ്പെടുത്തിയതുംകൂടി ചേർത്ത് ആകെ 156 പദ്ധതികളിൽ 115 എണ്ണം പൂർണ്ണതോതിൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)* ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തവ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ട നൂറുദിന കർമ്മപരിപാടിയിലുള്ള (2020 ഡിസംബർ 17 മുതൽ 2021 മാർച്ച് 27 വരെ) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) ആദ്യ നൂറുദിന പരിപാടി പ്രകാരം പുതുതായി എത്ര പേർക്ക് കാർഷികേതര മേഖലകളിൽ തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര പേർക്ക് തൊഴിൽ നൽകാനായെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

50,000 തൊഴിലവസരങ്ങൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരിപാടിയുടെ ഭാഗമായി ലക്ഷ്യത്തേക്കാൾ ഇരട്ടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1,21,083 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി വിഭവ വിനിയോഗം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾവഴി വികസനം ത്വരിതപ്പെടുത്തുന്നതിനും നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും സമയാസമയങ്ങളിൽ പദ്ധതി അവലോകനത്തിനായി മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന പ്രത്യേക യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി മാസന്തോറും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പദ്ധതികളുടെ പുരോഗതി പ്രത്യേകമായി വിലയിരുത്താറുണ്ട്. വകുപ്പുതലത്തിലും പദ്ധതികളുടെ അവലോകന യോഗങ്ങൾ ഓരോ മാസത്തിലും നടത്തപ്പെടുന്നുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി 'PLAN SPACE' (www.planspace.kerala.gov.in) എന്ന 'Online Real time Monitoring System' നിലവിലുണ്ട്. കൂടാതെ, പ്രധാനപ്പെട്ടതും മുൻഗണനാടിസ്ഥാനത്തിൽ ചെയ്യേണ്ടതുമായ പ്രോജക്ടുകൾ പ്രത്യേകം നിരീക്ഷിക്കുന്നതിനായി ‘ Chief Minister’ s Office Project Co-ordination & Monitoring System’ (www.cmopcmg.kerala.gov.in) എന്ന പേരിൽ ഒരു ഡാഷ് ബോർഡും നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ/പ്രോജക്ടുകളുടെ പുരോഗതി സമയാസമയങ്ങളിൽ പ്രസ്തുത സംവിധാനങ്ങളിലൂടെ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. ആദ്യഘട്ട നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി മന്ത്രിമാരെയും ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി മൂന്ന് അവലോകന യോഗങ്ങൾ 13-10-2020, 10-11-2020, 2-12-2020 എന്നീ തീയതികളിൽ മുഖ്യമന്ത്രി വിളിച്ചുചേർക്കുകയുണ്ടായി. കൂടാതെ, വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ തലങ്ങളിൽ നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനം ചെയ്ത് സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വർഗ്ഗീയ വിഭജനശ്രമങ്ങളെ ചെറുക്കാൻ നടപടി

16(*166) ശ്രീ. രാജു എബ്രഹാം:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നിലപാട് അറിയിക്കാമോ?

പൗരത്വ ഭേദഗതി നിയമം 2019 ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കുന്ന ഒന്നല്ല എന്നതാണ് സർക്കാരിന്റെ നിലപാട്.

(ബി) തങ്ങൾക്ക് ഹിതകരമല്ലാത്ത നിലപാട് സ്വീകരിക്കുന്ന സംസ്ഥാന സർക്കാരുകളെ അസ്ഥിരപ്പെടുത്താൻ കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്ന കേന്ദ്രസർക്കാരിന്റെ അധാർമികതയെ തുറന്നുകാട്ടാൻ സംസ്ഥാന സർക്കാരിനായിട്ടുണ്ടോ?

കേന്ദ്ര ഏജൻസികളുടെ അന്വേഷണം വഴിമാറുന്ന കാര്യം സർക്കാർ ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഗവേഷണ സ്ഥാപനത്തിന് മഹാത്മാഗാന്ധി വധക്കേസിലെ പ്രതിയായ വർഗ്ഗീയവാദിയുടെ പേരിട്ട് സംസ്ഥാനത്തെ ജനങ്ങളെ അവഹേളിക്കാൻ നടത്തുന്ന ശ്രമത്തിൽനിന്ന് പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന ഗവേഷണ സ്ഥാപനത്തിന്റെ രണ്ടാമത്തെ ക്യാമ്പസിന് എം.എസ്. ഗോൾവാൾക്കറുടെ പേര് നൽകുന്നത് പുനഃപരിശോധിക്കണമെന്നും രാഷ്ട്രീയ വേർതിരിവുകൾക്കതീതമായ ഈ ഗവേഷണ സ്ഥാപനത്തിന് അന്താരാഷ്ട്രതലത്തിൽ വിഖ്യാതി നേടിയ ഏതെങ്കിലും ഭാരതീയ ശാസ്ത്രജ്ഞന്റെ പേര് നൽകണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പാലക്കാട് നഗരസഭാ ഓഫീസിൽ ദേശീയ പതാകയ്ക്കും നഗരസഭയുടെ പതാകയ്ക്കും പകരം മതചിഹ്നം വിളംബരം ചെയ്തവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നുറപ്പുവരുത്തുമോ?

"ജയ് ശ്രീറാം" എന്നെഴുതിയ ഫ്ലക്സ് ബോർഡ് നഗരസഭാ കെട്ടിടത്തിൽ പ്രദർശിപ്പിച്ച സംഭവത്തിൽ നഗരസഭാ സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ IPC 153 വകുപ്പ് പ്രകാരം പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1574/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിൽ പ്രതിചേർത്തിട്ടുള്ള 10 പേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതും കേസിന്റെ അന്വേഷണം തുടർന്നുവരുന്നതുമാണ്.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

17(*167) ശ്രീ. കെ. ദാസൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ബി. സത്യൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013-നെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കി.

2. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും (കണക്റ്റിവിറ്റി ലഭ്യമല്ലാത്ത 19 കടകൾ ഒഴികെ) റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖാന്തരമാക്കിയിട്ടുണ്ട്.

3. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തിവരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെയാണ്.

4. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

6. രാജ്യത്തുടനീളം ഒരേ റേഷൻകാർഡുപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

7. റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കി.

8. ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

9. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

10. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയോഗിച്ചു.

11. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO(North)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

12. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

13. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു.

14. നിർദ്ധനരായവർക്ക് ഒരുനേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ വിശപ്പ് രഹിത കേരളം എന്ന പദ്ധതി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

15. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനമാരംഭിച്ചു.

16. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം വകുപ്പുതലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

17. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു.

(ബി) പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

പൊതുവിതരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിന് ശക്തമായ പരിശോധനാ സംവിധാനം വകുപ്പുതലത്തിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻകടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വലനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരുതവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവയിലൂടെ പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർഡുടമകൾക്ക് അവരുടെ പ്രതിമാസ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. അലെർട്ടായി നൽകിവരുന്നു.

(സി) രാജ്യത്തുടനീളം വിലക്കയറ്റം രൂക്ഷമാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചുനിർത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പുതലത്തിൽ ചേരുന്നുണ്ട്. ഇത്തരത്തിൽ വ്യാപാരി

സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിക്കുകയും ഇവ ക്രോഡീകരിച്ച് വകുപ്പുതലത്തിൽ കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകളും നടത്തിവരുന്നു. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് രൂപീകരിച്ച പ്രൈസ് മോണിറ്ററിംഗ് സെൽ കാലാകാലങ്ങളിൽ യോഗം ചേരുന്നു. കൂടാതെ സപ്ലൈകോ അവരുടെ വിൽപ്പനശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ നൽകിവരുന്നു. 2020 പ്രാരംഭത്തിൽ വാഹന/ചരക്ക് നീക്കം തടസ്സപ്പെട്ടതുമൂലം ചില ബുദ്ധിമുട്ടുകളുണ്ടായെങ്കിലും ജനജീവിതം ദുസ്സഹമാക്കുന്ന വിധത്തിൽ വില വർദ്ധനവോ ലഭ്യതയിൽ കുറവോ ഉണ്ടായിട്ടില്ല. ഭക്ഷ്യക്കിറ്റുകളുടെ വിതരണം ഫലപ്രദമായി നടത്തിയതിനാൽ അരി, പലവ്യഞ്ജന സാധനങ്ങളുടെ വിലയിൽ കുറവുണ്ടായി. ഉള്ളി, ഉരുളകിഴങ്ങ് എന്നിവയ്ക്ക് 2020 ഒക്ടോബർ മാസം മുതലുണ്ടായ വിലവർദ്ധനവ് നിയന്ത്രിക്കാൻ സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് എന്നിവയിൽക്കൂടി നാഫെഡിൽനിന്നും ഉള്ളി ഇറക്കുവാൻ ഓർഡർ നൽകി. എന്നാൽ സവാളയുടെ ദൗർലഭ്യംമൂലം സപ്ലൈകോ, ഹോർട്ടികോർപ്പ് എന്നിവ മുഖേന കിലോയ്ക്ക് 45 രൂപ നിരക്കിൽ വിതരണം ചെയ്തു. മറ്റ് പച്ചക്കറി ഇനങ്ങളിലും വില നിയന്ത്രിച്ചുനിർത്താൻ സാധിച്ചു. പച്ചക്കറി മാർക്കറ്റുകളിലും ഗോഡൗണുകളിലും കടകളിലും പരിശോധനയും റെയ്ഡുകളും നടത്തിയതിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ കഴിഞ്ഞു. EC Act പ്രകാരം 1 ലിറ്റർ കുപ്പിവെള്ളത്തിന് വില 13 രൂപയായി നിജപ്പെടുത്തി. കൂടാതെ റേഷൻ കടകൾ വഴി ലിറ്ററിന് 11 രൂപ നിരക്കിൽ കുപ്പിവെള്ളം വിതരണം ആരംഭിച്ചു.

(ഡി) പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതുമുതൽ സപ്ലൈകോയാണ് വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്നത്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ്

എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO രീതി കർശനമായും പിന്തുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യം റേഷൻകടയിൽ ലഭ്യമായാൽ ആയത് വിതരണം ചെയ്യാൻ പാടില്ലായെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള പുനർനിർമ്മാണ വികസന പരിപാടി**

18(*168) ശ്രീ. പി. ഉണ്ണി:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസംഖ്യയുടെ ആറിലൊരു ഭാഗത്തെ ബാധിച്ച 2018-ലെ അതിതീവ്ര പ്രളയം അടിസ്ഥാന സൗകര്യങ്ങൾക്കും മറ്റ് പ്രകൃതിദത്ത സംവിധാനങ്ങൾക്കും വരുത്തിയ നാശനഷ്ടം പരിഹരിച്ച് ഈടുറ്റ രീതിയിൽ പുന:സ്ഥാപിക്കുന്നതിനുള്ള കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ നയരേഖയെക്കുറിച്ച് വിശദമാക്കാമോ; എത്ര കോടി രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്?

പരിസ്ഥിതിസൗഹൃദവും അതിജീവനക്ഷമതയും ദുരന്താഘാതം താങ്ങാൻ ശേഷിയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP). ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിനുതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (cross cutting)

നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP-യിലുൾപ്പെടുന്നു. വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റ് ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായാണ് RKDP രൂപപ്പെടുത്തിയിട്ടുള്ളത്. ദുരന്തങ്ങൾ കാരണം മരണമുണ്ടാകാതിരിക്കുക, സാമ്പത്തികനഷ്ടവും സേവനങ്ങൾ തടസ്സപ്പെടുന്നതും ഏറ്റവും കുറഞ്ഞ നിരക്കിലേയ്ക്ക് കൊണ്ടുവരിക എന്നിവയും RKDP ലക്ഷ്യമിടുന്നു. കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്നത് കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാനസൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകളാണ്. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്തസാദ്ധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്കും ഊന്നൽ നൽകുന്നുണ്ട്. പരിസ്ഥിതി സൗഹൃദപരവും മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നതുമായ ഒരു നവകേരളം കെട്ടിപ്പടുക്കാനുള്ള പദ്ധതികളാണ് റീബിൽഡ് കേരള പദ്ധതിവഴി വിഭാവനം ചെയ്ത് നടപ്പാക്കുന്നത്. റീബിൽഡ് കേരള പദ്ധതിയിൻകീഴിൽ ആകെ 7200.28 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. (പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു)*

(ബി) പരിപാടിയുടെ വിവിധ ഘടകപദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിക്ക് ലോക ബാങ്ക്, ജർമ്മൻ ബാങ്ക് ഉൾപ്പെടെയുള്ള ആഗോള ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമായിട്ടുണ്ടോ?

ആർ.കെ.ഐ.-യുടെ കീഴിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ പതിവായി സെക്രട്ടറിതല യോഗം ചേർന്ന്, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് നിർവ്വഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപദേശക സമിതിയുടെ യോഗങ്ങളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ.-യുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുകയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയായി ഇതുവരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ, പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ അടിസ്ഥാന സൗകര്യങ്ങളിൽ വലിയ കുതിപ്പ് സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ത്വരിതപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ മേഖലയിലെ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കാമോ?

കേരള പുനർനിർമ്മാണ വികസന പരിപാടി - റീബിൽഡ് കേരള പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- തദ്ദേശസ്വയംഭരണ വകുപ്പിന്റെ 479.66 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾക്കും 5 പാലങ്ങൾക്കും കൂടി 435.77 കോടി രൂപ ചെലവിൽ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി.
- പൊതുമരാമത്ത് വകുപ്പിന്റെ 733.81 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളും 1 പാലവും 5137.99 കോടി രൂപ ചെലവിൽ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി.
- കേരള വാട്ടർ അതോറിറ്റി മുഖേന മുടങ്ങിക്കിടന്ന 7 കുടിവെള്ള പദ്ധതികൾ 182.6 കോടി രൂപ ചെലവിൽ പൂർത്തിയാക്കി 30,700 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതി.

- ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ADAK മുഖേന വയനാട് ബാണാസുരസാഗർ ഡാം കേന്ദ്രീകരിച്ച് മത്സ്യബന്ധന സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ടി പ്രദേശത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ജീവനോപാധി ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 3.20 കോടിയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.
- 2018-ലെ പ്രളയമേഖലയിലുള്ള ഡാമുകൾ, കനാലുകൾ, നദീതടങ്ങൾ, പുഴകൾ, റെഗുലേറ്റർ കം ബ്രിഡ്ജുകൾ മുതലായവയുടെ നവീകരണത്തിനും കേടുപാടുകളും തകരാറുകളും പരിഹരിക്കുന്നതിനുമായി ജലസേചന വകുപ്പ് മുഖേന 108.58 കോടി രൂപയുടെ 98 പദ്ധതികൾ.

**പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണം**

19(*169) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം . മുകേഷ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില വർദ്ധനവ് സൃഷ്ടിച്ച അവശ്യസാധനങ്ങളുടെ വിലവർദ്ധനവ്, കോവിഡും ലോക്ഡൗണും കാരണം തൊഴിലും വരുമാനവും നഷ്ടപ്പെട്ട പാവപ്പെട്ടവരെ ബാധിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലിനെക്കുറിച്ച് വിശദമാക്കാമോ?

ലോക്ഡൗണും തൊഴിൽ നഷ്ടവുംമൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ).
2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)
3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)
4. അനാഥാലയങ്ങളിലും ധർമ്മ സ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)

6. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം 2 മാസം നല്കി.

7. ഇവ കൂടാതെ PMGKAY പ്രകാരം BPL കുടുംബങ്ങളിൽ ഒരാൾക്ക് 4 കിലോ അരിയും 1 കിലോ പയർവർഗ്ഗവും നവംബർ മാസംവരെ നല്കി.

8. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.

റേഷൻ കാർഡുടമകൾക്കുപുറമെ, സംസ്ഥാനത്തെ എല്ലാ അഗതിമന്ദിരങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെന്റുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കോവിഡ് അതിജീവനക്കിറ്റുകൾ നൽകുന്നുണ്ട്. ഇതിനു പുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യക്കിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസായി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ നിലവിൽവന്ന കാലയളവിൽ (ഏപ്രിൽ - മെയ് മാസങ്ങളിൽ) കേരള ജനതയുടെ അതിജീവനത്തിന് താങ്ങായി 17 അവശ്യസാധനങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ മുഖേന എല്ലാ റേഷൻ കാർഡുടമകൾക്കും അഗതി മന്ദിരങ്ങളിലെയടക്കം അന്തേവാസികൾക്കുമായി വിതരണം നടത്തി. 84,90,066 റേഷൻ കാർഡുടമകൾക്ക് (റേഷൻ കടകൾ മുഖേന 8448016 കിറ്റുകളും സപ്ലൈകോ വില്പനശാലകൾ മുഖേന 42050 കിറ്റുകളും) അതിജീവന കിറ്റ് വിതരണം ചെയ്ത വകയിൽ 756 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്. കോവിഡ് കാലത്തെ ഓണത്തിനും കേരള സർക്കാർ എല്ലാ റേഷൻ കാർഡുടമകൾക്കുമായി ഓണസദ്യ ഒരുക്കുവാനുതകുന്ന ഭക്ഷ്യവസ്തുക്കൾ ഉൾക്കൊള്ളിച്ച കിറ്റുകൾ വിതരണം ചെയ്തു. 83,72,346 റേഷൻ കാർഡുടമകൾക്ക് ഓണക്കിറ്റ് വിതരണം ചെയ്ത വകയിൽ 440 കോടി രൂപയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചത്. കോവിഡ് സമാശ്വാസ കിറ്റുകളുടെ വിതരണത്തിനുപുറമെ, കണ്ടയിൻമെന്റ് സോണുകളിലടക്കം വില്പനശാലകൾ പ്രവർത്തിപ്പിക്കുകവഴി കോവിഡ് കാലഘട്ടത്തിലും വിപണി ഇടപെടൽ

പ്രവർത്തനങ്ങൾക്ക് യാതൊരു വിഘ്നവും വരാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. സ്വകാര്യ മേഖലയിലെ ഭക്ഷ്യസാധന വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കാതിരുന്ന തീവ്രബാധിത മേഖലകളിലും രോഗപ്രതിരോധ സംവിധാനങ്ങൾ പാലിച്ചുകൊണ്ട് സബ്സിഡി നിരക്കിലുള്ള സാധനങ്ങളുൾപ്പെടെ വിതരണം ചെയ്യുന്നതിനായി മൊബൈൽ മാവേലി സ്റ്റോറുകളും പ്രവർത്തിക്കുകയുണ്ടായി.

(ബി) പൊതുമാർക്കറ്റിൽ വിലവർദ്ധനവുണ്ടാകാതിരിക്കാനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നീ രീതികളിലൂടെ അവശ്യസാധനങ്ങൾ വാങ്ങുന്നതിലൂടെ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, പൊതുവിപണി യിലേതിനെക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങൾ നല്കുന്നതിലൂടെ വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുക, പുതിയ വില്പനശാലകൾ അനുവദിച്ചും നിലവിലുള്ളവ നവീകരിച്ചും വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ശബരി ബ്രാൻഡിലുള്ള തേയില, സഹകരണ മേഖലയിലുള്ള റെയ്ഡ്കോ മുഖേന കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണ വില്പന നടത്തുക, കേന്ദ്ര ഏജൻസികളിൽ നിന്ന് നേരിട്ട് പർച്ചേസ് നടത്തുക, സബ്സിഡി ദുരുപയോഗം തടയുന്നതിന് റേഷൻകാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ഉപയോഗപ്പെടുത്തുക എന്നിവയാണ് പൊതുമാർക്കറ്റിൽ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ.

(സി) നോൺ സബ്സിഡി ഇനങ്ങളും പൊതുമാർക്കറ്റിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് കഴിയുന്നുണ്ടോ?

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 36 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ ശബരി’ ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ്

അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP-യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ആയതിനാൽ നോൺ സബ്സിഡി ഇനങ്ങൾക്ക് പൊതുവിപണിയിലെ വിലയേക്കാൾ കുറവ് സപ്ലൈകോയിൽ ലഭ്യമാകുന്നതാണ്.

(ഡി) പൊതുവിതണ ശൃംഖലയുടെ ശാക്തീകരണത്തിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രത നിയമം - 2013-നെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണത്തിന് ചുവടെപ്പറയുന്ന നടപടികൾ സർക്കാർ/വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്:

1. ദേശീയ ഭക്ഷ്യ ഭദ്രത നിയമം-2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കി.

2. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖാന്തരമാക്കിയിട്ടുണ്ട്.

3. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം- 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തി വരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെയാണ്.

4. നേരിട്ട് റേഷൻ വാങ്ങാൻ പോകാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്.

6. രാജ്യത്തുടനീളം ഒരു റേഷൻ കാർഡുപയോഗിച്ച് റേഷൻ വാങ്ങാവുന്നവിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

7. റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കി.

8. ദേശീയ ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

9. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയോഗിച്ചു.

10. ദേശീയ ഭക്ഷ്യ ഭദ്രത നിയമം-2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

11. ദേശീയ ഭക്ഷ്യഭദ്രത നിയമം - 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

12. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനായി സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു.

13. നിർദ്ധനരായവർക്ക് ഒരുനേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള വിശപ്പ് രഹിത കേരളം എന്ന പദ്ധതി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

14. ദേശീയ ഭക്ഷ്യഭദ്രതാ നിയമം-2013 അനുശാസിക്കുന്ന പ്രകാരം പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal)-ന്റെ പ്രവർത്തനമാരംഭിച്ചു.

15. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം വകുപ്പുതലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

16. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു.

## റേഷൻ കടകളിലെ നവീകരണ പ്രവർത്തനങ്ങൾ

20 (*170) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എ. പ്രദീപ് കുമാർ:

ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻകടകളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും ഒരുഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെപ്പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു.
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക്ബോർഡ്/ വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്കരീതിയിൽ സ്ഥാപിച്ചു.
3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്തു.
4. ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു.

റേഷൻ കടകളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനം ലഭ്യമാകുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും (കണക്റ്റിവിറ്റി ലഭ്യമല്ലാത്ത 19 കടകളൊഴികെ) ഇ-പോസ് മെഷീൻ സ്ഥാപിച്ച് ഗുണഭോക്താക്കൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം

സുഗമമാക്കി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണംവഴി വിതരണം നടത്തിവരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെയാണ്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്.

(ബി) റേഷൻ കടകളിലെ സാധനങ്ങളുടെ സ്റ്റോക്ക് ഉറപ്പാക്കുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനും എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്?

റേഷൻകടകളിലെ ആവശ്യകത, നീക്കിയിരുപ്പ് എന്നിവ പരിശോധിച്ചാണ് അലോട്ട്മെന്റ് നൽകുന്നത്. ഇതുവഴി സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുന്നു. റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ നിലവിലുണ്ട്. ഇത്തരത്തിൽ റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവർ നടത്തുന്ന പതിവ് പരിശോധനകൾ കൂടാതെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) എന്നിവരടങ്ങുന്ന വകുപ്പുതല വിജിലൻസ് സംഘവും ദക്ഷിണ മേഖല റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ, ഭക്ഷ്യകമ്മീഷൻ എന്നിവരും റേഷൻകടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്.

(സി) പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ റേഷൻ കടയുടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ റേഷൻ കടയുടമകൾക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. റേഷനിംഗ് ഇൻപെക്ടർമാർ തുടങ്ങി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരടക്കം പരിശോധന നടത്തി ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ മാർക്കറ്റ് വില ലൈസൻസികളിൽനിന്നും ഈടാക്കുന്നതിനോടൊപ്പം ലൈസൻസ് റദ്ദാക്കുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വ്യാപാരികൾക്ക് അനുവദിച്ചിരുന്ന കമ്മീഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിക്കുന്നതിനുമുമ്പ് ക്വിന്റലിന് പരമാവധി 100 രൂപ നിരക്കിലാണ് വിട്ടെടുപ്പിന് കമ്മീഷൻ അനുവദിച്ചിരുന്നത്. ഇ-പോസ് സ്ഥാപിച്ചതിനെത്തുടർന്ന് 2017-ൽ 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരിക്ക് 16,000 രൂപ അടിസ്ഥാന കമ്മീഷൻ ഉറപ്പുവരുത്തുകയുണ്ടായി. 45 ക്വിന്റലിൽ താഴെ റിക്വയർമെന്റുള്ള വ്യാപാരിക്ക് വിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 220 രൂപ ക്വിന്റൽ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേമെന്റായി പരമാവധി 6100 രൂപ കമ്മീഷൻ പാക്കേജ് പ്രകാരം നിലവിൽ വരികയുണ്ടായി. 30-11-2018-ലെ സ.ഉ. (കൈ) നമ്പർ 46/2018/ഭ.പൊ.വി.വ. പ്രകാരമുള്ള കമ്മീഷൻ പാക്കേജ് പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ ചില്ലറ വ്യാപാരികൾക്ക് അടിസ്ഥാന കമ്മീഷൻ 16,000 രൂപയിൽനിന്നും 18,000 രൂപയായും 45 ക്വിന്റലിനുതാഴെ വിതരണം നടത്തുന്ന വ്യാപാരികൾക്കുള്ള സപ്പോർട്ടീവ് പേമെന്റ് 6,100 രൂപയിൽനിന്നും 8,500 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.

**സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ അനിവാര്യത**

21(*171) <u>ശ്രീ. എം. സ്വരാജ്</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. ആർ. രാജേഷ്</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ വിടവ് സംഭവിക്കാതിരിക്കാൻ ഇന്റർനെറ്റ് അവകാശമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സാധാരണക്കാർക്ക് ഇന്റർനെറ്റ് ലഭ്യമാക്കാനുദ്ദേശിച്ചു കൊണ്ടുള്ള കെ-ഫോൺ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനും അതുവഴി ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കാനും ഉതകുന്ന വിധത്തിൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതിവഴി സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്നതിനുപുറമെ 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുവാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയുടെ അനിവാര്യത ബോദ്ധ്യപ്പെടുത്തിയ ഇക്കാലത്ത് അതിനായുള്ള പ്രഖ്യാപിത സർക്കാർ നയം നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതി അറിയിക്കാമോ?

കേരള സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാന ഐ.ടി. മിഷനും സാക്ഷരതാ മിഷനും സംയുക്തമായി ചേർന്ന് ഡിജിറ്റൽ ശാക്തീകരണ യജ്ഞവും പരിശീലന പരിപാടികളും നടപ്പിലാക്കി. ഓൺലൈൻ പണമിടപാടുകൾ, വിവര സാങ്കേതികവിദ്യയുടെ പ്രാഥമികമായ അറിവ്, സമൂഹ മാധ്യമങ്ങളുടെ ഉപയോഗവും സുരക്ഷയും ഓൺലൈൻ വ്യാപാരം തുടങ്ങിയവ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പരിശീലന പരിപാടികൾ നടത്തുന്നത്. സാക്ഷരതാ മിഷന്റെ സഹായത്തോടുകൂടി "ഞാൻ ഡിജിറ്റലായി" എന്ന പദ്ധതി വിപുലമായ രീതിയിൽ നടത്താൻ തീരുമാനിച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ സമൂഹമാധ്യമങ്ങളിലൂടെയും യൂ-ട്യൂബ് വഴിയും സൈബർ സുരക്ഷയെക്കുറിച്ചുള്ള വീഡിയോകൾ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ സൈബർ സുരക്ഷാ അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സൈബർ സെക്യൂരിറ്റി അവയർനെസ്സ് പോർട്ടൽ തയ്യാറാക്കുകയും സൈബർ സുരക്ഷയെപ്പറ്റിയുള്ള വീഡിയോകൾ അതിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇന്റർനെറ്റ് ലഭ്യത വാണിജ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി കുത്തകവൽക്കരണത്തിന് ചില കമ്പനികൾ നടത്തുന്ന ശ്രമങ്ങളെ സഹായിക്കുന്ന തരത്തിൽ അനാവശ്യമായും നിയമവിരുദ്ധമായും ചില കേന്ദ്ര അന്വേഷണ ഏജൻസികൾ പരസ്യമായും രഹസ്യമായും ഇടപെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമപരിധിവിട്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അനുവദിക്കരുതെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽനിന്ന് ഉയർന്നുവരുന്നതായും ഇതിന് സംസ്ഥാനത്തെ ചില രാഷ്ട്രീയ കക്ഷികൾ കേന്ദ്ര ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതായുമുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ ആകെ

പരിശോധിക്കാൻ, അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചുകൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണരീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ചില രാഷ്ട്രീയകക്ഷികൾ കുത്തകക്കമ്പനികളുടെ താല്പര്യാർത്ഥം വികസനം മുടക്കുന്നതിനായി ചില കേന്ദ്ര ഏജൻസികളുടെ കയ്യിലെ കരുക്കളായി മാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കെ-ഫോൺ പദ്ധതി ചില വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽനിന്ന് ഉയർന്നുവരുന്നതായും ഇതിന് സംസ്ഥാനത്തെ ചില രാഷ്ട്രീയ കക്ഷികൾ കേന്ദ്ര ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതായുമുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയെ ആകെ പരിശോധിക്കുവാൻ, അന്വേഷണത്തിന്റെ സ്വാഭാവിക പരിമിതി ലംഘിച്ചുകൊണ്ടുള്ള ചില നീക്കങ്ങൾ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണരീതി പലപ്പോഴും സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിത്തീർന്നപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ളവരിൽ ചിലർ വികസന മിഷനുകൾക്കും കെ-ഫോൺ, സിൽവർ ലൈൻ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കും വിഘ്നം സൃഷ്ടിക്കാൻ നിരന്തരശ്രമം നടത്തി പദ്ധതികളെ മന്ദീഭവിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതയെന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിയും അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്ന നടപടികളും ഒപ്പം സ്വീകരിക്കും.

## സർക്കാർ സർവ്വീസിലെ സംവരണം

22(*172) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിത്, മുസ്ലീം, മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ ജാതിതിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ & ബി) അഖിലേന്ത്യാ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ /സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയും ചെയ്യുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26 ശതമാനം ജീവനക്കാരുടെ വിവരങ്ങൾ 12/01/2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലേയും മുഴുവൻ സ്ഥിരജീവനക്കാരുടെയും വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ദളിത്, മുസ്ലീം, മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് മേൽ സൂചിപ്പിച്ച നടപടികൾക്ക് പുറമേ WP(C)No.35220/2017(B), WP(C) No.19937/2019(N) എന്നീ കേസുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 08/09/2020-ലെ വിധിന്യായമനുസരിച്ച് സർക്കാർ തലത്തിൽ സോഷ്യോ ഇക്കണോമിക് സർവ്വേകൂടി പൂർത്തീകരിക്കേണ്ടതുണ്ട്.

## ആർദ്രം മിഷൻ

23(*173) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആരോഗ്യരംഗത്ത് കേരളം മുൻപന്തിയിൽ നില്ക്കുമ്പോൾത്തന്നെ ആരോഗ്യരംഗത്തെയും അനുബന്ധ രംഗങ്ങളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ സൗഖ്യത്തിൽ വർദ്ധനവുണ്ടാകണമെന്ന ചിന്തയാണോ ആർദ്രം മിഷൻ ആവിഷ്കരിച്ചതിന് പിന്നിലുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. മെച്ചപ്പെട്ട ശിശു മരണനിരക്ക്, ആയുർദൈർഘ്യം, സ്ത്രീ-പുരുഷ അനുപാതം തുടങ്ങിയവ ലോകവ്യാപകമായിത്തന്നെ ചർച്ചാവിഷയമായ കാര്യവുമാണ്. ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങൾ പരിഹരിക്കാനുള്ള വിവിധ മേഖലകളുടെ ഏകോപിപ്പിച്ച പ്രവർത്തനങ്ങൾ ഈ പുരോഗതിക്ക് വലിയ തോതിൽ അടിത്തറ പാകുകയുണ്ടായി. അതോടൊപ്പം ആരോഗ്യരംഗത്തെ ആദ്യകാലങ്ങളിലെ മെച്ചപ്പെട്ട ഗവൺമെന്റ് ഇടപെടലുകളും പൊതുമേഖല ചികിത്സാ സംവിധാനങ്ങളുടെ വളർച്ചയും വികാസവും ഇക്കാര്യങ്ങളിൽ നിർണ്ണായകമായ പങ്കുവഹിക്കുകയുണ്ടായി. നേട്ടങ്ങളോടൊപ്പം സംസ്ഥാനം ഇന്നിപ്പോൾ കുറേയേറെ വെല്ലുവിളികളും നേരിട്ടു കൊണ്ടിരിക്കുകയാണ്. രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയിലുണ്ടായ വർദ്ധനവ്, വിവിധതരം ക്യാൻസറുകൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, മഴക്കാലത്തോടൊപ്പമെത്തുന്ന പകർച്ചവ്യാധികൾ തുടങ്ങിയവയെല്ലാം പ്രധാന ആരോഗ്യപ്രശ്നങ്ങളാണ്. ചികിത്സാ രംഗത്ത് സ്വകാര്യമേഖലയുടെ വൻതോതിലുള്ള വളർച്ച, ചികിത്സാചെലവ് ഉയരുന്നതിനും ഇടയാക്കിയിട്ടുണ്ട്. ദേശീയ സാമ്പിൾ സർവ്വേ കണക്കുകളനുസരിച്ച് സ്വന്തംകയ്യിൽനിന്നുള്ള ചെലവ് (Out of Pocket Expenditure) ഏറ്റവും ഉയർന്ന സംസ്ഥാനമാണ് കേരളം.

സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് ഗവൺമെന്റ് തുടക്കമിട്ടു. നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം മിഷനാണ് അതിലൊന്ന്.

നവകേരള മിഷന്റെ ഭാഗമായുള്ള മറ്റ് മിഷനുകളും ആരോഗ്യവുമായി വളരെ ബന്ധപ്പെട്ടവ തന്നെയാണ്. താളം തെറ്റിയ പാരിസ്ഥിതിക സന്തുലനവും പരിസ്ഥിതി മലിനീകരണവുമൊക്കെ പരിഹരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഹരിതകേരളം മിഷൻവഴി അടിക്കടിയുണ്ടാകുന്ന ജലജന്യ-കൊതുക് ജന്യരോഗങ്ങൾക്ക് വലിയ തോതിൽ പരിഹാരം കാണാൻ നമുക്ക് കഴിയുന്നതാണ്. പാർപ്പിടവും വിദ്യാഭ്യാസവുമൊക്കെ ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന ഘടകങ്ങളുമാണ്. ചുരുക്കത്തിൽ നാല് മിഷനുകളുടെയും ജനപങ്കാളിത്തത്തോടെയുള്ള താഴെത്തട്ടിലെ നടത്തിപ്പ് കേരളീയ ആരോഗ്യത്തിന് വലിയ മുതൽക്കൂട്ടാവുന്നതാണ്.

സവിശേഷ ശ്രദ്ധവേണ്ട മേഖലകളിൽ ഗവൺമെന്റ് തലത്തിൽനിന്നുതന്നെ മിഷൻ മോഡിൽ പ്രത്യേക ഇടപെടലുകളും ബന്ധപ്പെട്ട വകുപ്പുകളുടെ മെച്ചപ്പെട്ട രീതിയിലുള്ള പദ്ധതി പ്രവർത്തനവും അതോടൊപ്പം താഴെത്തട്ടിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ രീതിയിലുള്ള ജനകീയ പങ്കാളിത്തത്തോടൊപ്പമുള്ള പദ്ധതി നിർവ്വഹണത്തിനുമാണ് നാം രൂപം കൊടുത്തത്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നേരിടുന്നതിനായി പൊതുമേഖല ചികിത്സാ സംവിധാനത്തെ സജ്ജമാക്കുന്നതിനുള്ള മറ്റ് വിവിധ പരിപാടികളും ആരോഗ്യവകുപ്പ് നടത്തിവരുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ (Sustainable Development Goals SDG) അടിസ്ഥാനമാക്കി, കേരളീയ ആരോഗ്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാനും 2020-ഓടെയും 2030-ഓടെയും കേരളം ലക്ഷ്യമാക്കേണ്ട വികസനലക്ഷ്യങ്ങൾ തിട്ടപ്പെടുത്താനും വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുകയുണ്ടായി. പകർച്ചവ്യാധി രോഗങ്ങൾ, ജീവിത ശൈലീരോഗങ്ങൾ, മാതൃ ആരോഗ്യം, ശൈശവ ആരോഗ്യം, മാനസിക രോഗങ്ങൾ, ട്രോമാകെയർ തുടങ്ങിയ 22 വിദഗ്ദ്ധ സമിതികൾ സംസ്ഥാനത്തെ നിലവിലെ സ്ഥിതിഗതികൾ വിശകലനം ചെയ്തും ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖകൾ നിർദ്ദേശിച്ചു കൊണ്ടുമുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു. ഇവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ആരോഗ്യരംഗത്തെ 13-ാം പഞ്ചവത്സര പദ്ധതിക്കും ഈ രംഗത്തെ മറ്റ് ഇടപെടലുകൾക്കും രൂപം നൽകിയത്.

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാതലത്തിലും രോഗീസൗഹൃദമാകുന്നതിനുള്ള വലിയൊരു സംരംഭമാണ് ആർദ്രം മിഷനിലൂടെ നടത്തിവരുന്നത്. ആയിരക്കണക്കിന് രോഗികൾ നിത്യേന ചികിത്സയ്ക്കെത്തുന്ന നമ്മുടെ ഗവൺമെന്റ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ

മാനദണ്ഡങ്ങളോടെ രോഗീസൗഹൃദമാക്കുക എന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാതല താലൂക്കതല ആശുപത്രികളിലേയ്ക്കാവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നു. പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ എല്ലാതരത്തിലും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ നൽകിവരുന്ന പരിമിത സേവനങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു കുടുംബത്തിലെ എല്ലാ പ്രധാന പ്രാഥമികാരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി ചെയ്യാനാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. ഇതിനായി അധിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും നിയമിക്കുന്നതോടൊപ്പം ലബോറട്ടറി സൗകര്യങ്ങളും ഇവിടെ ഒരുക്കുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡുതല ആരോഗ്യ പരിചരണ സംവിധാനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്കരിച്ചുകൊണ്ടും പൊതുജനോപകാരപ്രദമായ രീതിയിൽ മാറ്റിക്കൊണ്ടും മാത്രമേ ഈ ലക്ഷ്യം സാക്ഷാത്കരിക്കാനാവുകയുള്ളൂ. എല്ലാവിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാമാർഗ്ഗരേഖകളുടെയും പ്രോട്ടോകോളുകളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ കാര്യത്തിലും ജനപങ്കാളിത്തത്തോടെയുള്ള പ്ലാനിംഗിലും ലോകത്തിനുമുന്നിൽ നല്ല മാതൃകകൾ കാഴ്ചവച്ച സംസ്ഥാനമാണ് കേരളം. 9-ാം പദ്ധതിയിൽ തുടക്കമിട്ട പ്രവർത്തനങ്ങൾ 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൂടുതൽ ചിട്ടയായ രീതിയിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിക്കഴിഞ്ഞു.

ആരോഗ്യസ്ഥാപനങ്ങളെ മെച്ചപ്പെടുത്താനും ആരോഗ്യ പരിപാടികൾ ഉർജ്ജിതപ്പെടുത്താനുമുള്ള എല്ലാ പ്രവർത്തനങ്ങൾക്കും താഴെത്തട്ടിൽ നേതൃത്വം നൽകേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തന്നെയാണ്. അതോടൊപ്പം ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹികഘടകങ്ങൾ പരിഹരിക്കുന്നതിന് വിവിധ മേഖലകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയുന്നതാണ്. ഖര ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങളില്ലാത്തതും ജലസ്രോതസുകളുടെ മലിനീകരണവുമൊക്കെ വലിയതോതിൽ കൊതുക് ജന്യ-ജലജന്യരോഗങ്ങൾക്ക് കാരണമാകുന്നതാണ്. ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനും കായിക പ്രവർത്തനങ്ങൾക്കും വ്യായാമത്തിനും ഭക്ഷണ രീതികളുടെ മാറ്റത്തിനുമൊക്കെ

വലിയ പങ്കുവഹിക്കാൻ കഴിയുന്നതാണ്. ഇതിനൊക്കെ അനുകൂലമായ ഒരു സാഹചര്യം താഴെത്തട്ടിലൊരുക്കാൻ കഴിയുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കാണ്. നിലവിലെ വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ പ്രവർത്തനം വിപുലപ്പെടുത്തിക്കൊണ്ട് കൃഷി വകുപ്പ്, കായിക വകുപ്പ്, യുവജനക്ഷേമ വകുപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് പരിപാടികൾ നടത്തിവരുന്നത്.

ആരോഗ്യരംഗത്തെ വികേന്ദ്രീകൃത ആസൂത്രണം കൂടുതൽ വിപുലപെടുത്തുന്നതിനുവേണ്ടി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമുള്ള കൈപുസ്തകങ്ങൾ തയ്യാറാക്കി പ്രത്യേകമായ പരിശീലന പരിപാടികൾക്ക് ആരോഗ്യ വകുപ്പ് ഇതിനകം തുടക്കമിട്ടുകഴിഞ്ഞു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതാത് പ്രദേശത്തെ ഒരു ആരോഗ്യ അവലോകന റിപ്പോർട്ട് തയ്യാറാക്കി അവിടങ്ങളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനാവുന്ന രീതിയിലുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത്.

(ബി) ആർദ്രം പദ്ധതിയിൽപ്പെടുത്തി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുമ്പോൾ പ്രദാനം ചെയ്യുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രക്രിയയുടെ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങളും വെളിപ്പെടുത്തുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റുകസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കിവരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തിവരുന്നു.

സംസ്ഥാനത്ത് 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 164 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ള 6 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 235 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2019-20 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ഒരുക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

ഉണ്ട്. നിലവിൽ 84 ജില്ലാ/താലൂക്കാശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

താലൂക്കാശുപത്രി - 48

ജനറലാശുപത്രി - 10

ജില്ലാശുപത്രി - 17

പ്രാഥമികാരോഗ്യകേന്ദ്രം - 1 (ഈരാറ്റുപേട്ട)

സാമൂഹികാരോഗ്യകേന്ദ്രം - 6

ട്രൈബൽ സ്പെഷ്യാലിറ്റി - 1

അർബൻ ഡയാലിസിസ് ഡിസൈന്ററികൾ - 1

ഇപ്പോൾ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകൾമുഖേന 5410 പേർക്ക് ഡയാലിസിസ് നൽകിവരുന്നു. കിഫ്ബി ധനസഹായത്തോടുകൂടി 44 ജില്ല/ജനറൽ/ താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ അനുവദിച്ചതിൽ 40 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തനസജ്ജമായി. ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യതയുള്ളതുകൊണ്ട് ഇപ്പോൾ Acute Kidney Injury-ക്ക് നെഫ്രോളജിസ്റ്റിന്റെ സേവനമുള്ള ജനറലാശുപത്രി, തിരുവനന്തപുരം, ജനറലാശുപത്രി, എറണാകുളം, ജനറലാശുപത്രി, പത്തനംതിട്ട എന്നിവിടങ്ങളിൽ ചികിത്സ നൽകിവരുന്നു.

കൂടാതെ പെരിറ്റോണിയൽ ഡയാലിസിസ് യൂണിറ്റുകൾ (CAPD) ജനറലാശുപത്രി തിരുവനന്തപുരം, ജനറലാശുപത്രി പാലക്കാട്, ജനറലാശുപത്രി, എറണാകുളം എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബാക്കി എല്ലാ ജില്ലകളിലും സി.എ.പി.ഡി. യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

താലൂക്കാശുപത്രികളിൽ എൻ.എച്ച്.എം. മുഖേന പ്ലാൻ ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെചേർക്കുന്നു:

- പുതുക്കാട് താലൂക്കാശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ അനുവദിച്ച 46.70 ലക്ഷം രൂപയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

- പേരൂർക്കട ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ അനുവദിച്ച 43.61 ലക്ഷം രൂപയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

- വൈക്കം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ അനുവദിച്ച 132 ലക്ഷം രൂപയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

- മലയിൻകീഴ് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ 51.07 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

- ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ 347 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ പ്ലാൻ ഫണ്ടുപയോഗിച്ച് താലൂക്കാശുപത്രി, വർക്കല, താലൂക്കാശുപത്രി, നെടുങ്ങോലം, താലൂക്കാശുപത്രി, ഹരിപ്പാട് എന്നിവിടങ്ങളിൽ

ഡയാലിസിസ് ചികിത്സാകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. പുനലൂർ താലൂക്കാശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലമാക്കി. തൃശ്ശൂർ തോളൂർ സി.എച്ച്.സി.-യിൽ എം.പി./ എം.എൽ.എ./ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി ഡയാലിസിസ് കേന്ദ്രം പ്രവർത്തനം തുടങ്ങി. കൂടാതെ ആറ്റിങ്ങൽ താലൂക്കാശുപത്രി, അടിമാലി താലൂക്കാശുപത്രി, കട്ടപ്പന താലൂക്കാശുപത്രി, അഴീക്കോട് സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന്റെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി) ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങൾ, ന്യൂറോളജി, നെഫ്രോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ജില്ലാശുപത്രി, പാലക്കാട്, ജനറലാശുപത്രി, പത്തനംതിട്ട, ജനറലാശുപത്രി, എറണാകുളം, ജില്ലാശുപത്രി, കൊല്ലം, ജനറലാശുപത്രി, തിരുവനന്തപുരം, ജനറലാശുപത്രി, മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എട്ട് ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന്റെ ഭാഗമായാണ് ജില്ലാ ആശുപത്രി, കൊല്ലം, ജനറലാശുപത്രി, പത്തനംതിട്ട, ജനറലാശുപത്രി, മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഈ പദ്ധതിയിലുൾപ്പെട്ട ജില്ലാശുപത്രി, കാഞ്ഞങ്ങാട് ജനറലാശുപത്രി, തൃശ്ശൂർ, കാഞ്ഞിരപ്പള്ളി, ആലപ്പുഴ, ജില്ലാശുപത്രി, കണ്ണൂർ എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കൂടാതെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജനറലാശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ജില്ലാതല ആശുപത്രികളിൽ ന്യൂറോളജി, നെഫ്രോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരള മെഡിക്കൽ കോർപ്പറേഷൻ മുഖേന ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നു.

## പുതുവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

24(*174) ശ്രീ. വി .ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ഘട്ടംഘട്ടമായി പ്രഖ്യാപിച്ച നൂറുദിന പദ്ധതികൾക്കുപുറമേ പുതുവർഷത്തിൽ പത്ത് പദ്ധതികൾകൂടി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ജനുവരി 2021-ന് പ്രഖ്യാപിക്കപ്പെട്ട 10 ഇന പരിപാടികൾ താഴെപ്പറയുന്നവയാണ്.

1. വയോജനങ്ങൾക്കും മാരകരോഗങ്ങൾ ബാധിക്കപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും സേവനങ്ങൾ വീട്ടുപടിക്കൽ.
2. ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മളെ തേടി.
3. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം
4. അഴിമതിമുക്ത പൊതുസേവന രംഗം.
5. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കൽ.
6. കുട്ടികളുടെ ആരോഗ്യസുരക്ഷ.
7. പ്രകൃതിസൗഹൃദ നിർമ്മാണം പ്രോത്സാഹിപ്പിക്കൽ.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുഇടങ്ങൾ ഒരുക്കൽ.
9. ഡിജിറ്റൽ മീഡിയ സാക്ഷരത മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.
10. പ്രവാസി ക്ഷേമം.

(ബി) സംസ്ഥാനത്ത് ഉന്നതതലത്തിലുള്ള അഴിമതി വൻതോതിൽ വർദ്ധിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ ഭാഗമായിട്ടാണോ അതിനായി പ്രത്യേക അതോറിറ്റി രൂപീകരിച്ചതെന്നും പ്രസ്തുത അതോറിറ്റിയുടെ ചുമതല ആർക്കാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഉന്നത തലത്തിലുള്ളവർ സ്വർണ്ണക്കടത്ത് ഉൾപ്പെടെയുള്ള വിവിധ കേസ്സുകളിൽ പ്രതികളായതും ഇതുസംബന്ധിച്ച കോടതി പരാമർശവും ഇത്തരത്തിലുള്ള അതോറിറ്റി രൂപീകരിക്കുവാൻ സർക്കാരിന് പ്രേരകമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

(ബി&സി) ഇല്ല. എന്നാൽ അഴിമതിമുക്ത പൊതുസേവന രംഗം എന്ന പദ്ധതിയുടെ ഭാഗമായി, അഴിമതി സംബന്ധിച്ച പരാതികൾ/വിവരം, സോഫ്റ്റ്‌വെയറിലൂടെ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഒരു അതോറിറ്റിക്ക് സമർപ്പിക്കാൻ പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്രകാരം വിവരം നൽകുന്നയാളിന്റെ പേര് രഹസ്യമായി സൂക്ഷിക്കുന്നതും പരാതിയുടെ നിജസ്ഥിതി ശാസ്ത്രീയമായ ഫിൽട്ടറിംഗിലൂടെ മനസ്സിലാക്കിയശേഷം, ആവശ്യമായ നടപടികൾക്കായി ഈ അതോറിറ്റി സർക്കാരിന് കൈമാറുന്നതും അനന്തരം ഉചിതമായ വകുപ്പുതല/വിജിലൻസ് നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. പൊതുജനങ്ങൾ നേരിടുന്ന അഴിമതി സംബന്ധിച്ചുള്ള പരാതികൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ സർക്കാരിനെ അറിയിക്കാനുള്ള ഒരു സംവിധാനമാണ്. ഇത് അഴിമതിരഹിത പൊതുസേവനം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

(ഡി) വിജിലൻസ് ഉദ്യോഗസ്ഥരുടെ എണ്ണം അഴിമതിക്കേസ്സുകൾക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് കേസന്വേഷണം കൂടുതൽ വേഗത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

വിജിലൻസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഇ) കാര്യക്ഷമതയും ഊർജ്ജസ്വലതയുമുള്ള ഉദ്യോഗസ്ഥരെ വിജിലൻസിൽ നിലനിർത്തുന്നതിനുവേണ്ടി ഇരുപത്തിയഞ്ച് ശതമാനം വിജിലൻസ് ഇൻസെന്റീവ് നൽകുന്നതിനും സി.ബി.ഐ.-യിലുള്ളതുപോലെ വൺ സ്റ്റെപ് പ്രൊമോഷൻ നൽകുന്നതിനും വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സമർപ്പിച്ചിരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ**

25(*175) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും വയോജനങ്ങളുടെയും ആരോഗ്യപ്രശ്നങ്ങൾ നേരിടുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയോജനങ്ങൾക്കായി വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പി. സൗകര്യങ്ങളും ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) ഉണ്ട്. ആദിവാസി വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. അതിൽ പ്രധാനപ്പെട്ടവ ഗർഭിണികളുടെയും അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളവയാണ്.

1. അനീമിയ ആന്റ് മാൽ ന്യൂട്രീഷ്യൻ കൺട്രോൾ പ്രോഗ്രാം (Anaemia and Malnutrition control programme) (വിളർച്ച, പോഷകക്കുറവ് എന്നിവ നിയന്ത്രിക്കുന്നതിനുള്ള പരിപാടി)

2. ഹൈപ്പോ തൈറോയിഡിസം സ്ക്രീനിംഗ് പ്രോഗ്രാം (hypothyroidism screening programme)

3. ഏർലി ഇന്റർവെൻഷൻ ഡിസബിലിറ്റി മാനേജ്മെന്റ് (DEIC)- Early Intervention Disability Management)- ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാതോളജി ഡിറ്റക്ഷൻ പ്രോഗ്രാം (Audiology and speech language pathology detection programme)- കുട്ടികളിലെ സംസാരം, കേൾവി എന്നിവ സംബന്ധിച്ച ബുദ്ധിമുട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള പരിപാടി.

4. ആന്റിനേറ്റൽ മെറ്റേർണിറ്റി വെയിറ്റിംഗ് ഹോം ഫോർ ട്രൈബൽ വിമൺ (Antinatal Maternity waiting home for tribal woman) - പ്രസവത്തിനെത്തുന്ന ആദിവാസി സ്ത്രീകൾക്ക് പ്രസവംവരെ താമസിക്കുന്നതിനുള്ള സൗകര്യവും പോഷകക്കുറവ് പരിഹരിക്കുന്നതിനുമുള്ള പദ്ധതി.

5. സിക്കിൾസെൽ സ്ക്രീനിംഗ് പ്രോഗ്രാം (അരിവാൾ രോഗനിർണ്ണയ പരിപാടി)

6. ഊരുമിത്രം പദ്ധതി – Hamlet ASHA (ആദിവാസി ഊരുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന ASHA-മാർ)

7. വിമുക്തി എന്ന പേരിലുള്ള മദ്യാസക്തി കുറയ്ക്കുന്നതിനുള്ള ക്ലിനിക്ക്

8. ആശ്വാസ് എന്ന പേരിൽ മാനസികാരോഗ്യ പരിപാടി

9. വായിലെ ക്യാൻസർ രോഗനിർണ്ണയ പരിപാടി (മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ)

കൂടാതെ

1. ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ - (പോഷകക്കുറവുള്ള കുട്ടികളെ താമസിപ്പിച്ച് പോഷകാഹാരവും ചികിത്സയും നൽകുന്നതിനുള്ള കേന്ദ്രങ്ങൾ (NRC)

2. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു.

3. നല്ലൂർക്കാട് സി.എച്ച്.സി. ക്യാൻസർ കെയർ ആശുപത്രിയായി പ്രവർത്തിച്ചുവരികയാണ്.

4. നൂൽപ്പുഴ എഫ്.എച്ച്.സി. ഇന്ത്യയിലെതന്നെ മികച്ച എഫ്.എച്ച്.സി. ആയി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആദിവാസി മേഖലയിലേയ്ക്ക് കൂടുതൽ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും നിയമിച്ചിട്ടുണ്ട്. പി.എച്ച്.സി.-കൾ എഫ്.എച്ച്.സി.-കളായി ഉയർത്തുകയും താലൂക്ക്/ജില്ലാ ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ

ഹെൽത്ത് കെയർ ഓഫ് എൽഡർലിയുടെ സഹായത്തോടുകൂടി എല്ലാ ജില്ലകളിലും വയോജന സൗഹൃദ വാർഡുകളും ജെറിയാട്രിക് ക്ലിനിക്കുകളും ഫിസിയോതെറാപ്പി യൂണിറ്റുകളും സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ദൗത്യമായ ആർദ്രം മിഷനിലൂടെ ആരോഗ്യ കേന്ദ്രങ്ങളെ വയോജന സൗഹൃദമാക്കിയിട്ടുണ്ട്. ആശുപത്രികളിൽ വയോജന സൗഹൃദം സൃഷ്ടിക്കുന്നതിന് " Elderly care fund" ഉപയോഗപ്പെടുത്തി " Elderly Friendly Hospital Initiative" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ 60 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവരേയും പ്രത്യേകം നിരീക്ഷിച്ച് അവർക്കാവശ്യമായ പരിശോധനയും ചികിത്സയും മറ്റനുബന്ധ സഹായങ്ങളും ഇതര വകുപ്പുകളുടെ സഹകരണത്തോടെ നല്ല രീതിയിൽത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ഒറ്റപ്പെടലും ഏകാന്തതയും മാനസിക പിരിമുറുക്കവും കൂടാൻ സാദ്ധ്യതയുള്ളതിനാൽ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്ക് പ്രത്യേക ടെലി കൗൺസലിംഗ് സേവനം നൽകിവരുന്നുണ്ട്. കിടപ്പിലായ രോഗികൾക്കും പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ, ഗൃഹസന്ദർശനത്തിലൂടെ വൈദ്യസഹായം നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എല്ലാ ജില്ലകളിലും തീരദേശങ്ങൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും ഫിഷറീസ് വകുപ്പ് മുഖേന സംഘടിപ്പിച്ചുവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സംസ്ഥാന സർക്കാർ - നബാർഡ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് വിവിധ ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഏകദേശം 30.85 കോടി രൂപയ്ക്ക് തീരദേശത്തിലെ ഫിഷറീസ് ആശുപത്രി, ജില്ലാശുപത്രി, PHC, CHC, Sub Centre, Dispensary എന്നിവയ്ക്ക് കെട്ടിട നിർമ്മാണം, ഫർണിച്ചറുകൾ, ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങളൊരുക്കി അവ പൂർത്തീകരിച്ചുവരുന്നു.

കൂടാതെ മത്സ്യബോർഡ് മുഖേന

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും Group Accidental Insurance, സംയോജിത PMJJBY, PMSBY, AABY എന്നിവയും

2. മത്സ്യത്തൊഴിലാളികൾക്ക് കുടുംബസംവിധാന പദ്ധതി

3. മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടതയനുഭവിക്കുന്ന മത്സ്യ ത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ടി ധനസഹായം.

4. അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾമൂലവും ദുരിതം അനുഭവിക്കേണ്ടിവരുന്ന മത്സ്യ ത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം.

5. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രസവ ശുശ്രൂഷ ധനസഹായം എന്നിവയും നൽകിവരുന്നു.

6. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതിയും ലഭ്യമാണ്.

സാമൂഹ്യനീതി വകുപ്പിൽ വയോജനങ്ങളുടെ ക്ഷേമത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ.

1. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007-ന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്ന പദ്ധതി.

2. മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോമീറ്റർ നൽകുന്നതിനുള്ള 'വയോമധുരം' പദ്ധതി.

3. എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലെയും അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സ നൽകുന്ന 'വയോ അമൃതം' പദ്ധതി.

4. മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ലുകൾ നൽകുന്നതിനുള്ള 'മന്ദഹാസം' പദ്ധതി.

5. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ വയോജന സുരക്ഷയെ മുൻനിർത്തി ആരംഭിച്ച 'വയോക്ഷേമ കാൾ സെന്റർ'

6. വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്ന 'സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി'.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കകീഴിലെ പകൽവീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും വിവിധ സേവനങ്ങളും ഉൾപ്പെടുത്തി 'സായംപ്രഭാ ഹോമുകൾ' ആക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.

8. ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സായംപ്രഭാ ഹോമുകളിൽനിന്നും തെരഞ്ഞെടുത്ത ഒരു ഹോമിനെ 'മാതൃകാ സായംപ്രഭാ ഹോം' ആക്കി മാറ്റുന്ന പദ്ധതി.

9. ഗവൺമെന്റ് വൃദ്ധമന്ദിരങ്ങളിലെ താമസക്കാരുടെ മാനസിക ഉല്ലാസവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള 'മ്യൂസിക് തെറാപ്പി'.

10. ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ശാരീരികക്ഷമതയും മാനസികാരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന 'യോഗ തെറാപ്പി'.

11. സർക്കാർ വൃദ്ധസദനങ്ങളിലെ വയോജനങ്ങളുടെ മാനസിക സുസ്ഥിതി ഉറപ്പുവരുത്തുന്നതിന് NIMHANS സഹായത്തോടുകൂടി ആരംഭിച്ച 'സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡേർലി ഇൻ ഓൾഡ് ഏജ് ഹോം ' പദ്ധതി.

12. മുതിർന്ന പൗരന്മാർക്ക് മാനസികമായും ശാരീരികമായും ഉല്ലാസം പകരുന്ന വയോജന പാർക്ക്.

13. 'കൺസീലിയേഷൻ ഓഫീസർമാർക്ക് ഹോണറേറിയം' നൽകുന്ന പദ്ധതി.

14. സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സുകഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുന്ന 'വയോമിത്രം' പദ്ധതി. ഇപ്പോൾ 85 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും 3 ബ്ലോക്കുകളിലും നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ പദ്ധതിക്കായി 2019-20-ൽ എത്ര തുകയാണ് കേന്ദ്രത്തിൽനിന്നും ലഭിച്ചത്; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലിയിലൂടെ ജിറിയാട്രിക് വാർഡുകൾ, ജിറിയാട്രിക് ക്ലിനിക്കുകൾ, ഫിസിയോ തെറാപ്പി യൂണിറ്റ് എന്നിവ ജില്ലാതല ആശുപത്രികളിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫിസിയോ തെറാപ്പിസ്റ്റുകൾ എന്നിവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്കാവശ്യമായ മരുന്നുകൾ, അംഗപരിമിതത്വം നേരിടുന്നതിനുള്ള ഉപകരണങ്ങൾ, ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കുമുള്ള വയോജന ആരോഗ്യത്തിനുള്ള പരിശീലനം, വയോജന ആരോഗ്യ ബോധവത്കരണം എന്നീ പ്രവർത്തനങ്ങളും NPEHC പ്രോഗ്രാമിലൂടെ നടപ്പിലാക്കിവരുന്നു. 2019-20 വർഷത്തിൽ കേന്ദ്ര സർക്കാരിൽനിന്നും 517 ലക്ഷം രൂപയും 2020-21- ൽ 282.50 ലക്ഷം രൂപയും ഈ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്.

## സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

26(*176) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവസംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. സ്റ്റാർട്ടപ്പുകൾക്ക് പലവിധത്തിലുള്ള ആനുകൂല്യങ്ങൾ നേരിട്ട് നല്കുന്നതിനുള്ള പദ്ധതിയാണ് യുവസംരംഭകത്വ പദ്ധതി. എന്നാൽ സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് ടെക്നോളജി ഇന്നവേഷൻ സോൺ.

(ബി) ഇക്കാലയളവിൽ സ്റ്റാർട്ടപ്പുകൾക്ക് കോർപ്പസ് ഫണ്ടിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവസംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ പറയുംപ്രകാരമാണ്.

| വർഷം | പദ്ധതി | ചെലവഴിച്ച തുക രൂപ (കോടിയിൽ) |
|---|---|---|
| 2016-17 | യുവ സംരംഭകത്വ പദ്ധതി | 20.00 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 4.00 |
| 2017-18 | യുവ സംരംഭകത്വ പദ്ധതി | 18.85 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 6.00 |
| 2018-19 | യുവ സംരംഭകത്വ പദ്ധതി | 39.20 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 5.00 |
| 2019-20 | യുവ സംരംഭകത്വ പദ്ധതി | 31.56 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 7.00 |
| 2020-21 | യുവ സംരംഭകത്വ പദ്ധതി | 20.00 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 5.00 |
| | ആകെ | 156.61 |

(സി) ഇത് മുൻസർക്കാരിന്റെ കാലത്ത് എത്രയായിരുന്നു; അറിയിക്കാമോ?

മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലൂടെ മുൻസർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കാണുംപ്രകാരമാണ്.

| വർഷം | പദ്ധതി | ചെലവഴിച്ച തുക രൂപ (കോടിയിൽ) |
|---|---|---|
| 2014-15 | യുവ സംരംഭകത്വ പദ്ധതി | 11.17 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 15.00 |
| 2015-16 | യുവ സംരംഭകത്വ പദ്ധതി | 20.20 |
| | ടെക്നോളജി ഇന്നവേഷൻ സോൺ | 25.97 |
| | ആകെ | 72.34 |

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര സ്റ്റാർട്ടപ്പുകൾക്ക് വിദേശസഹായം ലഭിച്ചു; മുൻസർക്കാരിന്റെ കാലത്ത് എത്രയായിരുന്നു; വിവരം നൽകാമോ?

ഇക്കാര്യത്തിൽ പൂർണ്ണമായ വിവരം ലഭ്യമല്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ 148 സ്റ്റാർട്ടപ്പുകൾക്ക് വിദേശസഹായം ലഭിക്കുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. ഇത് ഏകദേശം 300 കോടിയോളം രൂപയാണെന്നാണ് അനുമാനിക്കുന്നത്. മുൻസർക്കാരിന്റെ കാലത്ത് 15 സ്റ്റാർട്ടപ്പുകൾക്ക് വിദേശസഹായം ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ ലഭ്യമായ വിദേശസഹായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## കോവിഡ്-19 മഹാമാരി

27(*177) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കാലത്ത് കേരളത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഇന്ത്യയിൽ സമാനതകളില്ലാത്തതാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; അവ ഫലപ്രദമായിരുന്നോ; വ്യക്തമാക്കുമോ;

(സി) കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കവും തൊഴിലില്ലായ്മയും വരുമാനക്കുറവുംമൂലം പ്രതിസന്ധിയിലായ ജനങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതിന് വരുംമാസങ്ങളിലും ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കുടുംബ ബഡ്ജറ്റുകൾ തകിടംമറിഞ്ഞപ്പോൾ അന്നവും അവയുടെ പാചകത്തിനാവശ്യമായ മറ്റ് വിഭവങ്ങളും നൽകി കോടിക്കണക്കിന് ജനങ്ങളുടെ അതിജീവനം ഉറപ്പുവരുത്തിയത് മുൻപുണ്ടായിട്ടില്ലാത്ത ഒന്നാണോ; വ്യക്തമാക്കുമോ?

(എ-ഡി) കോവിഡ്- 19-മായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനതലത്തിൽ കോവിഡ്-19 സെൽ, ജില്ലാതലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പൊതുവിപണിയിൽ ഗണ്യമായ പരിശോധനകൾ നടത്തുകയും അതുവഴി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാനും സാധിച്ചു. 2020 ഏപ്രിൽ മാസം AAY, PHH വിഭാഗങ്ങളിലുൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. അതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥിത്തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ നല്കുകയും കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യസാധനങ്ങളുടെ ദൗർലഭ്യമുണ്ടാകാതിരിക്കുന്നതിന് അവശ്യസാധനങ്ങളടങ്ങിയ അതിജീവനകിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങളടങ്ങിയ കിറ്റ് വിതരണം ചെയ്തു. 2020 സെപ്തംബർ മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യ സാധനങ്ങളടങ്ങിയ സ്പെഷ്യൽ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ മുഖേന പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങൾ നല്കുകയും ഇവയ്ക്ക് അരി ഭക്ഷ്യ വകുപ്പ് നല്കുകയുമുണ്ടായി. റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ്-19 മാനദണ്ഡങ്ങൾ പ്രകാരം തുറന്നുപ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ആഫീസുകളും എൻ.എഫ്.എസ്.എ. ഗോഡൗണുകളും അവധി ദിവസങ്ങളുൾപ്പെടെ തുറന്നുപ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് റേഷൻ സാധനങ്ങൾ റേഷൻ കടയിൽവന്ന് വാങ്ങുന്നതിന് കഴിയാത്ത കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ റേഷൻ സാധനങ്ങൾ വീടുകളിൽ നേരിട്ടെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങളെത്തിക്കുന്നതിന് തടസ്സങ്ങളുണ്ടായ സമയത്ത് എല്ലാ ജില്ലയിലും RTO, Supplyco, Horticorp wholesale dealers എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അവശ്യസാധന ലഭ്യത

ഉറപ്പുവരുത്തുകയുണ്ടായി. കേന്ദ്രസർക്കാർ പദ്ധതിയായ PMGKAY പ്രകാരം സൗജന്യമായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിട്ടെടുത്ത് മുൻഗണനാ കാർഡുടമകൾക്ക് 2020 ഏപ്രിൽ മുതൽ 2020 നവംബർ വരെ വിതരണം ചെയ്തു. ഇതോടൊപ്പം അതിഥിത്തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ ആത്മ നിർഭർ ഭാരത് പ്രകാരം അരിയും കടലയും വിതരണം ചെയ്തു. കൂടാതെ അതിഥിത്തൊഴിലാളികൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് PM Cares Fund കൂടി ഉപയോഗപ്പെടുത്തി ലേബർ, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി സഹകരിച്ച് വിതരണം ചെയ്തു. ക്രിറ്റിക്കൽ കണ്ടെയിൻമെന്റ് സോണുകളിലും കടുത്ത കടൽക്ഷോഭമുണ്ടായ തീരദേശമേഖലകളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. കിറ്റ് വിതരണം തൊഴിൽലഭ്യത കുറവായ കോവിഡ് കാലയളവിൽ സാധാരണക്കാരായ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഡിസംബർ വരെയുണ്ടായിരുന്ന കിറ്റ് വിതരണം 2021 ഏപ്രിൽ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇത്രയും ബൃഹത്തായ ഭക്ഷ്യക്കിറ്റ് വിതരണ പദ്ധതി സംസ്ഥാന ചരിത്രത്തിൽ ഇതിനുമുമ്പ് നടന്നിട്ടുള്ളതല്ല. കോവിഡ്-19 രോഗവ്യാപനം തടയുന്നതിനായി വിവിധ നിയന്ത്രണങ്ങൾ രാജ്യത്തെമ്പാടും നിലവിലുണ്ടായിരുന്ന ഘട്ടത്തിൽ ചരക്കുനീക്കത്തിലും ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിലും നേരിട്ട ഒട്ടനവധി ബുദ്ധിമുട്ടുകൾ തരണം ചെയ്താണ് ഇത്രയും വിപുലമായ ഭക്ഷ്യസുരക്ഷാനടപടി സർക്കാർ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത്.

## വികസന പദ്ധതികൾ

28(*178) ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിയും പ്രകൃതിദുരന്തങ്ങളും സൃഷ്ടിച്ച ദുരിതകാലത്ത് ജനങ്ങളെ വറുതിയിലാക്കാതെ ക്ഷേമപ്രവർത്തനങ്ങളിലൂടെ സംരക്ഷിച്ചതോടൊപ്പം സ്ഥായിയായ വികസനം ഉറപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ സാദ്ധ്യമായിട്ടുണ്ടോ?

ഉണ്ട്. സ്ഥായിയായ വികസനം ഉറപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

**(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥിതി എന്തായിരുന്നെന്നും അധികാരത്തിലെത്തിയ ശേഷം കൈവരിച്ച നേട്ടവും വിശദമാക്കാമോ?**

കേരളത്തിൽ 513 കിലോമീറ്റർ ദൈർഘ്യം വരുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKBMPL) പദ്ധതിയുടെ രണ്ടാംഘട്ടം 2012-ൽ ആരംഭിച്ചുവെങ്കിലും പല പ്രതികൂലകാരണങ്ങളാൽ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനായില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-ൽ പദ്ധതി പുനരാരംഭിക്കുകയും കൊച്ചിയിൽനിന്നും കൂറ്റനാട് വഴി മംഗലാപുരത്തേയ്ക്കുള്ള 450 കിലോമീറ്റർ പൈപ്പ് ലൈൻ 2020 അവസാനത്തോടുകൂടി പൂർത്തിയാവുകയും ആയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 5-1-2021-ന് രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. KKBMPL PHASE - II ന്റെ ഭാഗമായിട്ടുള്ള കൂറ്റനാട്നിന്നും വാളയാർ വരെയുള്ള 94 കിലോമീറ്റർ പൈപ്പ് ലൈൻ ലോവറിംഗ് പൂർത്തീകരിച്ചു. പൈപ്പ് ലൈനിന് അനുബന്ധമായ എസ്.വി./ഐ.പി. സ്റ്റേഷനുകളുടെ വാൽവ് ഇറക്ഷൻ, എർത്ത് ഫില്ലിംഗ് മുതലായ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ 2021 മാർച്ച് 31-നകം കമ്മീഷൻ ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി) പദ്ധതിയുടെ മുഖ്യനേട്ടങ്ങളിൽ ഒന്നാകേണ്ട സിറ്റി ഗ്യാസ് പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നുവെന്നുറപ്പാക്കാൻ സർക്കാർ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ?**

ഉണ്ട്. ഗെയിലിന്റെ KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനവും (CNG), ഗാർഹിക പാചക വാതകവും (PNG) പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിനായി ടാപ്പ് ഓഫ് സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചുകഴിഞ്ഞു. തെക്കൻ ജില്ലകളിലേയ്ക്ക് വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ദേശീയപാത വികസനം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 25 ശതമാനം സംസ്ഥാന സർക്കാർ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ്ഗതാഗത ഹൈവേ മന്ത്രാലയം, സംസ്ഥാന സർക്കാർ, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക കണക്കാക്കിയ ഏകദേശം 5500 കോടി രൂപയിൽ ഇതുവരെ 1130.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി**

29(*179) <u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. എം. മുകേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നിരവധിയായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി വഴി ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും മൂന്നാംഘട്ടത്തിൽ അവശേഷിക്കുന്ന 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തു. ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ 152 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഒരു കുടുംബത്തിലെ എല്ലാപേർക്കും എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും ആരോഗ്യ

പരിചരണവുമാണ് ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഇന്നിപ്പോൾ വലിയൊരു ആരോഗ്യ പ്രശ്നങ്ങളായി മാറിയ രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള ക്ലിനിക്കുകളും ആസ്ത്മ മാനസികാരോഗ്യപ്രശ്നങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക സേവനങ്ങളും ഇവിടങ്ങളിൽ നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുകയും അധിക ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി സേവനസമയം വൈകിട്ട് 6 മണി വരെ ദീർഘിപ്പിക്കുകയും സേവന മേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമൊക്കെ അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും ദേശീയ ആരോഗ്യ ദൗത്യം മുഖേനയും താല്ക്കാലികമായി നിയമിക്കുന്നുമുണ്ട്. ടോക്കൺ സംവിധാനങ്ങൾ, രജിസ്ട്രേഷൻ കൗണ്ടർ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, ആരോഗ്യബോധവത്ക്കരണത്തിനുള്ള ആധുനിക സംവിധാനങ്ങൾ, നഴ്സുമാർ വഴിയുള്ള പ്രീ-ചെക്കപ്പ്, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ജീവിതശൈലീരോഗ ക്ലിനിക്, ശ്വാസ് (ശ്വാസം മുട്ടലിന്), ആശ്വാസ് (മാനസികാരോഗ്യ പരിചരണം) ക്ലിനിക്കുകൾ തുടങ്ങിയവഴി വലിയൊരു മാറ്റത്തിന് തുടക്കമിട്ടുകഴിഞ്ഞു. രോഗചികിത്സയ്ക്ക് മാത്രമല്ല, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാമടങ്ങുന്ന സമഗ്ര പ്രാഥമിക ആരോഗ്യപരിചരണമാണ് നടപ്പിലാക്കിവരുന്നത്. എല്ലാ ജില്ലയിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരികയാണ്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കിഫ്ബി, പ്ലാൻഫണ്ട്, നബാർഡ്, എം.എൽ.എ., എം.പി. ആസ്തി വികസനഫണ്ട് തുടങ്ങിയവവഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേയ്ക്കുവേണ്ട അധിക ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത്‌ലാബ് സൗകര്യങ്ങളും, നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. 7 ജില്ലാതല ആശുപത്രികളിലും 3 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി വഴിയുള്ള കാത്ത്‌ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ പൂർത്തിയായി

വരികയാണ്. ഇതിനായി 80 കോടി രൂപ അനുവദിച്ചു. എറണാകുളം മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ്, പത്തനംതിട്ട ജനറൽ ഹോസ്പിറ്റൽ, കൊല്ലം ജില്ലാശുപത്രി എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തിയായി കാത്ത് ലാബ് പ്രവർത്തനമാരംഭിച്ചു. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് നിർമ്മാണ പ്രക്രിയ അന്തിമഘട്ടത്തിലാണ്. ഇതേ സ്കീമിലുൾപ്പെടുത്തി താലൂക്കുതല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും അന്തിമഘട്ടത്തിലാണ്. ഇതിനായി 69 കോടി രൂപ അനുവദിച്ചു. ഇതിൽ 40 ഡയാലിസിസ് കേന്ദ്രങ്ങളിൽ പണി പൂർത്തിയാക്കി സേവനം നൽകുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. 5 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാകേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഒരു ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ ക്യാൻസർ കെയർ പരിചരണം തുടങ്ങിയവ വഴിയും ജില്ലാ/താലൂക്കുതല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെട്ട് വരികയാണ്. 8 ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 24 ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടി ആരോഗ്യ മേഖലയിൽ അടിസ്ഥാനസൗകര്യ വികസനരംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് കൈവരിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജുകൾ, ക്യാൻസർ കെയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജില്ലാ/ജനറൽ /താലൂക്ക് ആശുപത്രികളുൾപ്പെടുന്ന വിവിധ പ്രോജക്ടുകൾക്കായി ഏഴായിരം കോടിയിലധികം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ 3100 കോടിയിലധികം രൂപയ്ക്ക് കിഫ്ബി അനുമതി ലഭിക്കുകയും പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. ഇതിൽ എറണാകുളം ജനറലാശുപത്രി, പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവയുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനസജ്ജമായി. മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ മെഡിക്കൽ കോളേജുകളിലെ ഒ.പി. നവീകരിക്കാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചു. മെച്ചപ്പെട്ട സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളുടെയും സർക്കാർ ആശുപത്രികളിലെയും ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 8 സർക്കാർ മെഡിക്കൽ കോളേജുകളുടെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ജനറൽ / ജില്ലാ/ താലൂക്ക് ആശുപത്രികളിലെ ഒ.പി. നവീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 'ഇ - ഹെൽത്ത്' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇ-ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്ത് രോഗികളുടെ

വിവരങ്ങളും ലാബ് റിസൾട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണ്. ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തിയേറ്ററുകൾ, അനസ്തേഷ്യാ, ഡെർമ്മറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ച് വരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ/ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ.എൻ.ടി., ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും ആശുപത്രി ഫർണീച്ചർ, കിടക്കകൾ, തലയിണകൾ വാങ്ങുന്നതിനും ജനറേറ്റർ, എയർകണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആരോഗ്യമേഖലയിൽ പുതുതായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ ആരംഭിച്ചു:

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി.
2. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
3. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി
4. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം
5. സഹകരണ മേഖലയിലുണ്ടായിരുന്ന പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മറ്റ് മെഡിക്കൽ കോളേജുകൾക്കൊപ്പം പ്രവർത്തിച്ചുവരുന്നു.
6. കാസർഗോഡ് ജില്ലയിൽ ടാറ്റ ട്രസ്റ്റ് നിർമ്മിച്ച് സർക്കാരിന് കൈമാറിയ കെട്ടിടത്തിൽ പുതിയ കോവിഡ് ആശുപത്രി ആരംഭിച്ചു.

ഇതിനായി 191 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയുണ്ടായി. അനിയന്ത്രിത പ്രമേഹംമൂലമുണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപതി നിയന്ത്രിക്കുന്നതിന് 'നയനാമൃതം' എന്ന പേരിൽ ഡയബറ്റിക് റെറ്റിനോപതി ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലാ ആശുപത്രികളിലും തിരുവനന്തപുരം ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും Non Mydriatic camera ഉപയോഗിച്ച്

ഡയബറ്റിക് റെറ്റിനോപതി (നേത്രപടല അന്ധത) സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. 5 ജില്ലകളിലെ എഫ്.എച്ച്.സി.-കളിൽ ഈ ക്യാമറ സ്ഥാപിക്കുകയും മറ്റ് ജില്ലകളിൽ ഉപകരണം വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 14 ജില്ലാ ആശുപത്രികളിലും 25 ജനറൽ/താലൂക്ക് ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി 'SWAAS' (Stepwise approach for airways diseases) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്പൈറോമീറ്റർ ഉപയോഗിച്ച് ശ്വാസകോശത്തിന്റെ പ്രവർത്തനം പരിശോധിച്ചശേഷം വിദഗ്ധ ചികിത്സ നൽകുന്നതാണ് ഈ പദ്ധതി. മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ പരിചരണത്തിനായി 'അഭയം' എന്ന പേരിൽ ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ യൂണിറ്റുകൾ 24 ആശുപത്രികളിലേയ്ക്ക് വികസിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യമായി പാലിയേറ്റീവ് കെയറിന്റെ സെക്കണ്ടറിതല പരിരക്ഷ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെയും സ്റ്റാഫ് നഴ്സിന്റെയും ഓരോ തസ്തിക സൃഷ്ടിക്കുകയും ദേശീയ ആരോഗ്യ ദൗത്യം മുഖേന ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ മാനസികാരോഗ്യത്തിന്റെ ഭാഗമായി 124 കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ 8334 ആശ വർക്കർമാർക്ക് പരിശീലനം നൽകുകയും 366 പഞ്ചായത്തുകളിലായി 17940 മാനസികരോഗമുള്ളവരെ കണ്ടെത്തി ചികിത്സ നൽകാനും കഴിഞ്ഞു. ഇതിലൂടെ 24820 പേർക്ക് ഇപ്പോൾ അവരുടെ സമീപത്തുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി ചികിത്സ ലഭിക്കുന്നുണ്ട്. ' അമ്മ മനസ്സ്' എന്ന നാമധേയത്തിൽ മാതൃശിശു മാനസികാരോഗ്യ പരിപാടി നടത്തിവരുന്നു. സംസ്ഥാനത്തെ മാതൃമരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത്മിഷനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology) യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ഡിസ്പോസബിൾ ഡെലിവറി കിറ്റ്, ഡിസ്പോസബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി. ആശുപത്രികൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകി. മാതൃമരണത്തിന്റെ

കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി. ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യഭ്യാസ വകുപ്പ്, IAP (ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (Newborn Care Corner) തുടങ്ങി, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (Newborn Stabilization Unit), SNCU (Special Newborn Care Unit) എന്നിവ തുടങ്ങി. ശിശു ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു. നവജാതശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി Newborn Screening Programme നടപ്പിലാക്കിവരുന്നു. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 2721 തസ്തികകളുൾപ്പെടെ ആരോഗ്യവകുപ്പിൽ മൊത്തം 3360 അധിക തസ്തികകൾ സൃഷ്ടിച്ചു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ആകെ 3318 തസ്തികകളും ആരോഗ്യ സർവ്വകലാശാലയിൽ 176 തസ്തികയും സൃഷ്ടിച്ചു. 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എൻ.എച്ച്.എം. മുഖേന വിവിധ പദ്ധതികൾക്കായി 431 കോടി രൂപയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 229 കോടി രൂപയുടെ പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് (എൻ.ക്യൂ.എ.എസ്.)-ന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്?

കേരളത്തിലെ 85 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. കേരളത്തിലെ 7 സർക്കാർ ആശുപത്രികൾ എൻ.ക്യു.എ.എസ്. അക്രെഡിറ്റേഷനുവേണ്ടിയിട്ടുള്ള ദേശീയതല പരിശോധന കഴിഞ്ഞ് ഫലം കാത്തിരിക്കുകയാണ്. ഇതുകൂടാതെ 8 ആശുപത്രികൾ ദേശീയതല പരിശോധനയ്ക്കായുള്ള അപേക്ഷ നൽകി, പരിശോധനാ നടപടികൾ കാത്തിരിക്കുകയാണ്. മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഇന്ത്യയിൽ മുഴുവനുള്ള ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന

പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്. സർവ്വീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്സ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവ്വീസസ്, ക്ലിനിക്കൽ കെയർ, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ് & ഔട്ട്കം എന്നീ 8 വിഭാഗങ്ങളായി 6500 -ഓളം ചെക്ക് പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്കുശേഷമാണ് ആശുപത്രിയുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽക്കൂടുതൽ മാർക്ക് നേടുന്ന ആശുപത്രികൾക്കാണ് ഭാരത സർക്കാർ എൻ.ക്യു.എ.എസ്. അംഗീകാരം നൽകുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് പതിനായിരം രൂപ എന്ന നിലയിലും കിടത്തി ചികിത്സയില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം മൂന്നുവർഷത്തേയ്ക്ക് പാരിതോഷികം ലഭിക്കുന്നു. മൂന്ന് വർഷത്തിനുശേഷം ദേശീയതല പുനഃപരിശോധനയുണ്ടായിരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ സർക്കാർ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായ പ്രസ്തുത ബഹുമതി കൂടുതൽ സർക്കാർ ആശുപത്രികൾക്ക് നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നടത്തിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടുത്ത ഒരു വർഷത്തോടുകൂടി ഉദ്ഘാടനം കഴിഞ്ഞ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം നേടിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന ആരോഗ്യ വകുപ്പും ദേശീയാരോഗ്യ മിഷൻ കേരള ഘടകവും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം നേടിയെടുക്കുന്നതിൽ ചില കാലതാമസം നേരിടേണ്ടിവന്നു.

(ഡി) ആരോഗ്യ മേഖലയിൽ ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യമേഖലയിൽ ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും ആരോഗ്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡി.എം.ഒ., ഡി.എച്ച്.എസ്. മറ്റ് മേലുദ്യോഗസ്ഥർ എന്നീ തലങ്ങളിലും നിശ്ചിത കാലയളവിൽ പുരോഗതി വിലയിരുത്തുകയും ആയതിനനുസരിച്ചുള്ള മേൽനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സർക്കാർ ഉത്തരവ് G.O. (Rt) No. 1808/2017/H&FWD dated 28-6-2017 പ്രകാരം ഫാമിലി ഹെൽത്ത് കെയർ സെന്ററിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് വ്യത്യസ്തതലങ്ങളിൽ ഇനിപ്പറയുന്ന കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

1. Steering Committees.
2. Programme Management Unit at State Level.
3. Programme Management Unit at District Level.

കൂടാതെ ആരോഗ്യമേഖലയിൽ ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം നടത്തുന്നതിന് സർക്കാർ ഉത്തരവ് G.O.(Rt) No. 2493/2019/H&FWD dated 18-10-2019 പ്രകാരം ചുവടെ ചേർക്കുംപ്രകാരം വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

1. State Level Implementation Committee
2. Campaign Cell at State Level
3. State Level Committee for Healthy Food Campaign.
4. State Level Committee for Physical Activity and Yoga promotion Campaign.
5. State Level Committee for de-addiction and mental Health.
6. State Level Committee Cleanliness -waste disposal.
7. State Level Cimmittee for improving health seeking behaviour

8. Theamatic Committees to support overall activities under Aardram Peoples Campaign. 8.1 Various Campaigns preparation 8.2 Capacity Building 8.3 IEC &Media, Publicity and Documentation. 8.4. Finance 8.5 Line Department and civil Society and other Association Coordination.
9. District level and sub district level Committee structures.
10. Committee at the Directorates functioning under Department of Health & Family Welfare.
11. Directorate of Drug Controller.
12. Directorate of Food Safety.
13. All the Organization / Institution functioning under Department of Health & Family Welfare.

**ഐ.ടി. മേഖലയിലെ നേട്ടങ്ങൾ**

30(*180) ശ്രീമതി ഗീതാ ഗോപി:
`
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കഴിഞ്ഞ നാലര വർഷക്കാലയളവിൽ ഐ.ടി. മേഖലയിൽ വലിയ കുതിപ്പുണ്ടാക്കുന്നതിന് സഹായകരമായ എന്തൊക്ക നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ രൂപീകൃതമായ ഐ.ടി. പോളിസിയുടെ ഭാഗമായി ഐ.ടി. പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. കൂടാതെ ഐ.ടി. മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് സർക്കാർ നേതൃത്വത്തിൽ പ്രധാനപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി മേഖലയിലെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ കെഫോൺ (കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്) പദ്ധതി, സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK), ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) തുടങ്ങിയവ പ്രധാന പദ്ധതികളാണ്. കെ-ഫോൺ

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പ്രസ്തുത പദ്ധതി പ്രകാരം അതിവേഗ ഇന്റർനെറ്റ്/ഇൻട്രാനെറ്റ് കണക്ഷൻ 30,000-ത്തോളം ഓഫീസുകളിൽ നല്കുന്നതാണ്. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കുവാൻ ഈ അടിസ്ഥാന പദ്ധതി സഹായകമാകും. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) ഐ.ടി. വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി യുവതി, യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK). വിവരസാങ്കേതികവിദ്യയുടെ നൂതനവും ഉന്നതനിലവാരമുള്ളതുമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സജ്ജീകരിക്കുന്ന ഒരു പ്ലാറ്റ് ഫോമാണ് ടി പദ്ധതി. ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യൂബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ സംസ്ഥാന സർക്കാർ സ്ഥാപിച്ചുവരികയാണ്. മേൽ പരാമർശിച്ച പദ്ധതികൾ കൂടാതെ സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ലക്ഷ്യമിട്ട രണ്ട് ലക്ഷം പേർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകാൻ ഒരുകോടി ചതുരശ്രയടി ഐ.ടി. ഓഫീസ് സ്പേസുകൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് ടെക്നോപാർക്കിലെ ഐ.ടി. സ്പേസ് വിസ്തൃതി 85.1 ലക്ഷത്തിൽനിന്നും 102.7 ലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. ഇൻഫോപാർക്കിൽ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്രയടിയിൽനിന്ന് 9.2 ദശലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. കെട്ടിടമായ സഹ്യയുടെ ഉദ്ഘാടനം നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. ബിൽഡിംഗിന് മൊത്തമായും 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുണ്ട്.

(ബി) സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായി തൊഴിലവസരങ്ങൾ, കയറ്റുമതി വരുമാനം, ഐ.ടി. പാർക്കിന്റെ സ്ഥലം വർദ്ധന എന്നീ രൂപങ്ങളിൽ സംസ്ഥാനത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ ഐ.ടി. രംഗത്തെ വളർച്ച പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് സർക്കാർ ഐ.ടി. പാർക്കുകളിലാണ്.

1. ടെക്നോപാർക്ക് - തിരുവനന്തപുരം ടെക്നോപാർക്കിലെ ഐ.ടി. സ്പേസ് വിസ്തൃതി 85.1 ലക്ഷത്തിൽനിന്നും 102.7 ലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. കമ്പനികളുടെ എണ്ണം 450 ആയി വർദ്ധിക്കുകയും നേരിട്ടുള്ള തൊഴിലവസരങ്ങൾ 50000-ൽനിന്നും 62000 ആയി വർദ്ധിക്കുകയും ചെയ്തു. ഐ.ടി. കയറ്റുമതി വരുമാനം 7350 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ടെക്നോപാർക്കിന്റെ ഗവൺമെന്റ് ഐ.ടി. കെട്ടിടത്തിനുപുറമേ ഉപസംരംഭകരായ ടി.സി.എസ്., ഇൻഫോസിസ്, സൺടെക്ക് ബിസിനസ്സ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികളുൾപ്പെടെ 17.6 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഐ.ടി. സൗകര്യങ്ങൾ വികസിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

2. ഇൻഫോപാർക്ക് - കൊച്ചി ഇൻഫോപാർക്കിൽ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്രയടിയിൽനിന്ന് 9.2 ദശലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. കമ്പനികളുടെ എണ്ണം 278-ൽ നിന്നും 427 ആയി വർദ്ധിക്കുകയും നേരിട്ടുള്ള തൊഴിലവസരങ്ങൾ 28000-ൽനിന്നും 47000 ആയി വർദ്ധിക്കുകയും ചെയ്തു. ഐ.ടി. കയറ്റുമതി വരുമാനം 5300 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ഇൻഫോപാർക്കിന്റെ നേരിട്ടുള്ള ഐ.ടി. മന്ദിരങ്ങൾക്കുപുറമേ ഉപസംരംഭകരായ ലുലു ടെക്പാർക്ക്, ട്രാൻസ് ഏഷ്യ സൈബർ പാർക്ക്, ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ, ക്ലെയ്സിസ് ടെക്നോളജി ക്യാമ്പസ് മുതലായ പദ്ധതികൾ ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

3. സൈബർ പാർക്ക് - കോഴിക്കോട് സൈബർ പാർക്കിൽ ഐ.ടി. സ്പേസ് 12300 ചതുരശ്രയടിയിൽനിന്നും 2.94 ലക്ഷം ചതുരശ്രയടിയായി ഉയർന്നു. കമ്പനികളുടെ എണ്ണം 4-ൽനിന്നും 43 ആയും നേരിട്ടുള്ള തൊഴിലവസരങ്ങൾ 68-ൽനിന്നും 760 ആയും വർദ്ധിക്കുകയുണ്ടായി. കയറ്റുമതി വരുമാനം 35 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും മുപ്പതിനായിരത്തിൽപ്പരം സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനമെത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) ന്റെയും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും (കെ.എസ്.ഇ.ബി.എൽ.) സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു ജോയിന്റ് വെൻചർ കമ്പനി, 'കെ-ഫോൺ ലിമിറ്റഡ് രൂപീകരിച്ച്, ആയതിലൂടെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി (System Integrator) ഭാരത്

ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കെ-ഫോൺ പദ്ധതി നിലവിൽ 32 ശതമാനംവരെ പൂർത്തിയായിട്ടുണ്ട്. 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്ററിന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി.എൽ. പോളുകളുടെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 1000 സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ഡി) രാജ്യത്താദ്യമായി ഒരു സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലാപ്ടോപ്പ് പുറത്തിറക്കിയത് കേരളത്തിലാണോ; വ്യക്തമാക്കുമോ?

അതെ. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ലാപ്ടോപ്പ് നിർമ്മിക്കുന്നതിനായി കോക്കോണിക്സ് എന്ന കമ്പനി രൂപീകരിക്കുകയുണ്ടായി. കെൽട്രോൺ കെ.എസ്.ഐ.ഡി.സി., യു.എസ്.ടി. ഗ്ലോബൽ, സ്റ്റാർട്ടപ്പ് കമ്പനിയായ ആക്സിലറോൺ എന്നീ സ്ഥാപനങ്ങൾ പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിലാണ് കോക്കോണിക്സ് സ്ഥാപിച്ചിട്ടുള്ളത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡ് തടയുന്നതിനുള്ള നടപടികൾ

1 (1879) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോവിഡ് തടയുന്നതിന്റെ ഭാഗമായി മാസ്ക് ധരിക്കാത്തവരിൽനിന്ന് 30 -12-2020 വരെ എന്ത് തുക പിരിച്ചെടുത്തു?

19,68,79,000 രൂപ.

(ബി)അതേ മാതൃകയിൽ സാമൂഹ്യ അകലം പാലിക്കാതെ യാത്ര ചെയ്തവരിൽനിന്ന് എന്തെങ്കിലും തുക ഈടാക്കിയിരുന്നോ; എങ്കിൽ 30-12-2020 വരെ എന്ത് തുക പിരിച്ചെടുത്തു?

സാമൂഹ്യ അകലം പാലിക്കാതെ യാത്ര ചെയ്തവരിൽനിന്ന് 30-12-2020 വരെ 6,98,86,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

(സി)കെ.എസ്.ആർ.ടി.സി. ബസ്സിൽ മാത്രം യാത്രക്കാർ സാമൂഹ്യ അകലം പാലിക്കുന്നതിൽ കോവിഡ് പ്രോട്ടോക്കോളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ മാത്രം എപ്രകാരമാണ് യാത്രക്കാരെ ചേർത്തിരുത്തിയുള്ള യാത്ര കോവിഡ് പ്രോട്ടോക്കോളിന് വിധേയമായിട്ടെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19-നെ തുടർന്നുള്ള നിയന്ത്രണങ്ങൾ ഭാഗികമായി പിൻവലിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ 30-5-2020-ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 1-6-2020-ലെ സ.ഉ. (എം.എസ്.) 106/2020/പൊ.ഭ.വ. എന്ന സർക്കാർ ഉത്തരവിലാണ് കേരളത്തിൽ ബസ് യാത്രകൾ അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾക്കൂടി വ്യക്തമാക്കിയിട്ടുള്ളത്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടും യാത്രക്കാരെ നിർത്തി യാത്രചെയ്യാൻ അനുവദിക്കില്ലെന്ന വ്യവസ്ഥയിലുമാണ് പ്രസ്തുത പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

2(1881) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തിയതിനുശേഷം എത്ര സർവ്വീസ് സംഘടനകൾ പുതുതായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;**

(ബി) അത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകളുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ?

(എ & ബി) 2013 ഏപ്രിൽ ഒന്നിനുശേഷം 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 77 പ്രകാരം അംഗീകാരം നൽകിയ സംഘടനകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. എൽ.എസ്.ജി.ഡി. ഗ്രാജ്വേറ്റ് അസോസിയേഷൻ
2. എൽ.എസ്.ജി.ഡി. എഞ്ചിനിയേഴ്സ് അസോസിയേഷൻ
3. കേരള ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ
4. കേരള ഗവ. ഡെന്റൽ കോളേജ് ടീച്ചേഴ്സ് യൂണിയൻ
5. കേരള ഗവ. വെറ്ററിനറി ഓഫീസേഴ്സ് അസോസിയേഷൻ
6. കേരള ഗവ. ഹോമിയോ ഫാർമസിസ്റ്റ് ഓർഗനൈസേഷൻ
7. കേരള ഗവ. സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷൻ
8. കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റിസ് എംപ്ലോയീസ് അസോസിയേഷൻ

9. കേരള സ്റ്റേറ്റ് ട്രീറ്റ്മെന്റ് ഓർഗനൈസേഴ്സ്/സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസേഴ്സ് യൂണിയൻ

10. കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് അസോസിയേഷൻ

11. കേരള വെറ്ററിനേറിയൻ സർവ്വീസ് അസോസിയേഷൻ

12. കേരള അഗ്രികൾച്ചറൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ.

**വിധവാ പെൻഷൻ**

3(1882) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവാ പെൻഷൻ വാങ്ങുന്ന സ്ത്രീകൾ വർഷാവർഷം പുനർവിവാഹിതരല്ലെന്ന് അറിയിക്കുന്ന സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. 60 വയസ്സിൽ താഴെയുള്ള വിധവ പെൻഷൻ ഗുണഭോക്താവ് താൻ പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) 60 വയസ്സ് കഴിഞ്ഞ, വിധവ പെൻഷൻ വാങ്ങുന്നവർക്ക് വാർദ്ധക്യകാല പെൻഷൻ സ്കീമിലേയ്ക്ക് മാറാൻ അവസരം നൽകുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

60 വയസ്സുകഴിഞ്ഞ വിധവ പെൻഷൻ ഗുണഭോക്താവ് പുനർ വിവാഹിതയല്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. ആയതിനാൽ വിധവാ പെൻഷൻ ഗുണഭോക്താവ് വാർദ്ധക്യകാല പെൻഷൻ ഇനത്തിലേയ്ക്ക് മാറേണ്ടതിന്റെ ആവശ്യകതയില്ല.

(സി)പ്രസ്തുത സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതിന് പകരം ജനപ്രതിനിധികൾക്ക് സാക്ഷ്യപ്പെടുത്താൻ ഉത്തരവാദിത്വം നൽകുന്ന കാര്യം പരിഗണിക്കുകയാണെങ്കിൽ അത് ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുമെന്നതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

## സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സാക്ഷ്യപത്രം

4(1885) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ സംവരണം ലഭിക്കുന്നതിന് സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ നിയമനങ്ങളിൽ സംവരണം ലഭിക്കുന്നതിന് സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

(1) അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷികവരുമാനം, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, കുടുംബ പെൻഷൻ, തൊഴിലില്ലായ്മ വേതനം, ഉത്സവബത്ത, വിരമിക്കൽ ആനുകൂല്യങ്ങൾ, യാത്രാബത്ത ഇവ ഒഴികെയുള്ള അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ അതിൽ താഴെയോ ആയിരിക്കണം.

(2) അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ 2.5 ഏക്കറിലും, മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

(3) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്തുണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.

(4) മുനിസിപ്പൽ പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്തുണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.

(5) ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള എല്ലാത്തരം ഭൂമിയും പരിഗണിക്കേണ്ടതാണ്.

(6) കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല.

(7) കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ടുണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല.

(8) Anthyodaya Annayojana (AAY)/Priority House Holds (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ, വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെതന്നെ ഈ സംവരണാനുകൂല്യത്തിന് അർഹരാണ്.

**സ്പ്രിംഗ്ലർ കമ്പനിയുമായുള്ള കരാർ**

5(1887) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സ്പ്രിംഗ്ലർ എന്ന അമേരിക്കൻ കമ്പനിയുമായുണ്ടാക്കിയ കരാർ പ്രകാരം എത്ര കോവിഡ് രോഗികളുടെ എന്തെല്ലാം വ്യക്തി വിവരങ്ങളാണ് കൈമാറിയത്?

കോവിഡ്-19-ന്റെ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവര വിശകലനത്തിനായി സ്പ്രിംഗ്ലർ എന്ന കമ്പനിക്ക് ഐ.ടി. വകുപ്പ് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം ചുവടെ നൽകിയിട്ടുള്ള വ്യക്തിഗത വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

1. പേര്

2. വയസ്സ്/ജനനതീയതി

3. ലിംഗം

4. ഏത് സംസ്ഥാനത്തുനിന്ന് വരുന്നതെന്നത്.

5. നിലവിലെ വിലാസം, ജില്ല

6. കേരളത്തിലെ വിലാസം, ജില്ല, പഞ്ചായത്ത്, വാർഡ്, പിൻകോഡ്

7. ഇ-മെയിൽ

8. ഫോൺ നമ്പർ

9. രോഗലക്ഷണങ്ങൾ-പനി, ചുമ, ജലദോഷം, ശ്വാസതടസ്സം ഇവയിലേതെങ്കിലുമുണ്ടോ എന്നത്.

10. നിലവിൽ മറ്റെന്തെങ്കിലും അസുഖങ്ങളുണ്ടോ എന്നത്.

25-3-2020 മുതൽ 20-4-2020 വരെ 1,84,727 റിക്കോർഡുകളാണ് ഡാറ്റാബേസിലുണ്ടായിരുന്നത്. ഇത്തരത്തിൽ വിവരങ്ങൾ ശേഖരിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തിഗത വിവരങ്ങൾ അനോണിമൈസ് ചെയ്തതിനുശേഷമേ മൂന്നാമതൊരു ഏജൻസിക്ക് വിശകലനം ചെയ്യുന്നതിനായി നൽകാവൂവെന്നും പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് ആവശ്യത്തിനുമാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിക്കുകയോ പരിശോധന നടത്താൻ കമ്മീഷനെ നിയോഗിക്കുകയോ ചെയ്തിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) ഒരു വിദേശ കമ്പനിയുമായി കരാറുണ്ടാക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാന നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി & സി) സ്പ്രിംഗ്ലർ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. എം. മാധവൻ നമ്പ്യാർ അദ്ധ്യക്ഷനായി രണ്ടംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുൾപ്പെടെ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയുമായ ശ്രീ. കെ. ശശിധരൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി വിഷയങ്ങൾ പരിശോധിച്ചുവരികയാണ്.

**ജനസാന്ത്വനം പദ്ധതി**

6(1888) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. ടി പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 2019-2020-ൽ 200 കോടി രൂപയും 2020-2021-ൽ 200 കോടി രൂപയും 2021-2022-ൽ 1000(ടോക്കൺ) രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) ഈ പദ്ധതിയിലേയ്ക്ക് ആകെ എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷകൾ തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി 3,48,650 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (സംസ്ഥാനത്താകെ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ള മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ചുകൊണ്ടുള്ള കരട് ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്. ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമേ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**സിവിൽ പോലീസ് ഓഫീസർ**

7(1892) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലെ (കാറ്റഗറി നമ്പർ 657/2017) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി ഉത്തരവാക്കിയ ടെമ്പററി ട്രെയിനിംഗ് പർപ്പസ് വേക്കൻസികൾ എത്രയാണെന്നറിയിക്കാമോ?

കാറ്റഗറി നമ്പർ 657/2017 പ്രകാരം നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി മാത്രം താൽക്കാലിക ട്രെയിനിംഗ് പർപ്പസ് വേക്കൻസികൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ 18-2-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 48/11/ആഭ്യന്തരം

പ്രകാരം ആംഡ് പോലീസ് ബറ്റാലിയനിൽ 1200 താൽക്കാലിക പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾ സൃഷ്ടിക്കുകയും തുടർന്ന് പ്രസ്തുത തസ്തികകൾ നിലനിർത്തുന്നതിനായി ഓരോ വർഷവും അവയ്ക്ക് തുടർച്ചാനുമതി നൽകുകയും ചെയ്തുവരുന്നു. 18-6-2020-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 130/2020/ആഭ്യന്തരം പ്രകാരം കേരള ആംഡ് പോലീസ് ബറ്റാലിയനിൽ താൽക്കാലികമായി സൃഷ്ടിച്ച 200 വനിതാ പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തിക ഉൾപ്പെടെ 1400 തസ്തികകൾക്ക്, അതായത് 713 പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 1-6-2019 മുതൽ 31-5-2021 വരെയും 487 പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 1-6-2018 മുതൽ 31-5-2021 വരെയും 200 വനിതാ പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 22-3-2018 മുതൽ 21-3-2021 വരെയും തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ട്.

**(ബി) പ്രസ്തുത വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്തപക്ഷം പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?**

31-12-2021 വരെയുള്ള പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പി.എസ്.സി.-യിലെ തസ്തിക സൃഷ്ടിക്കൽ

8(1893) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അഭ്യസ്തവിദ്യരായ ലക്ഷോപലക്ഷം യുവജനങ്ങളുടെ ജോലിയെന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-ക്ക് ജോലിഭാരത്തിനനുസൃതമായി ജീവനക്കാരില്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോവിഡ് പ്രതിസന്ധി നേരിട്ട കാലയളവിൽ ആരോഗ്യ മേഖലയിൽ ഡോക്ടർമാർ, നഴ്സ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ യുദ്ധകാലാടിസ്ഥാനത്തിൽ സെലക്ഷൻ നടപടികൾ പൂർത്തിയാക്കി നിയമിക്കുവാൻ പരിശ്രമിച്ച പി.എസ്.സി.-ക്ക് സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകുവാൻ സർക്കാർ തയ്യാറാകുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ 22-4-2017-ലെ സ.ഉ (എം.എസ്.) നമ്പർ 149/2017/ പൊ.ഭ.വ. പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരെ ഉപയോഗിച്ച് ആരോഗ്യ വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലേയ്ക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും തസ്തികകൾ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പി.എസ്.സി.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഹെഡ്ക്വാർട്ടേഴ്സ് തസ്തികകളിൽ സ്ഥലംമാറ്റ നിയമനം

9(1895) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ ഓഫീസുകളില്ലാത്ത വകുപ്പുകളിലെ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ ഹെഡ്ക്വാർട്ടേഴ്സ് തസ്തികകളായി പരിഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒരുവകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും ഓഫീസ് നിലവിൽ വരുമ്പോൾ മാത്രമേ ജില്ലാതല നിയമനം പ്രാവർത്തികമാകുകയുള്ളൂ. എല്ലാ ജില്ലകളിലും ഓഫീസില്ലാത്ത വകുപ്പുകളിൽ ടി വകുപ്പിന്റെ തലവനാണ് നിയമനാധികാരിയായി കണക്കാക്കുന്നത്. അത്തരം വകുപ്പുകളിൽ ഹെഡ് ക്വാർട്ടേഴ്സ് നിയമനം മാത്രമേ പ്രാവർത്തികമാകുകയുള്ളൂ. എല്ലാ ജില്ലകളിലെയും പി.എസ്.സി. റാങ്ക് പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തുല്യമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലേയ്ക്കാണ് ടി തസ്തികകളിൽ ഹെഡ് ക്വാർട്ടേഴ്സ് നിയമനം നടത്തുന്നത്.

(ബി) ഹെഡ്ക്വാർട്ടേഴ്സ് നിയമനം മാത്രമുള്ള ഇത്തരം വകുപ്പുകളിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം, ജില്ലാതല സ്ഥലംമാറ്റം എന്നിവ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വകുപ്പുകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഉത്തരവുകളിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) നിലവിൽ സർക്കാർ വകുപ്പുകളിൽ 2-12-1991-ലെ സ.ഉ.(പി) 36/91/ഉഭപവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റവും, 06-2-2013-ലെ. സ.ഉ.(പി) നമ്പർ 05/2013/ഉഭപവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അന്തർ വകുപ്പ് സ്ഥലംമാറ്റവും നൽകിവരുന്നു.

**പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം**

10(1896) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം (കേഡർ സ്ട്രെങ്ത്) എത്രയാണ്?

പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ അംഗീകരിക്കപ്പെട്ട തസ്തികകളുടെ എണ്ണം ( കേഡർ സ്ട്രെങ്ത്) 373 ആണ്.

(ബി) നിലവിൽ പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ തിരിച്ചുള്ള കണക്ക് ഉൾപ്പെടെ നൽകാമോ?

നിലവിൽ പൊതുഭരണ വകുപ്പിൽ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ ആകെ 384 പേർ ജോലി ചെയ്യുന്നു. അവരിൽ 10 പേർ ശൂന്യവേതനാവധിയിലും 9 പേർ ഡെപ്യൂട്ടേഷനിലുമാണ്.

(സി) നിലവിൽ പൊതുഭരണ വകുപ്പിലെ എൻട്രി കേഡർ അസിസ്റ്റന്റ് വിഭാഗത്തിൽ കേഡർ സ്ട്രെംഗ്ത് പ്രകാരമുള്ള ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഓരോ വർഷവും വിരമിക്കൽ മുഖേനയും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ കുറച്ച് ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

**ഇ-ഓഫീസ്**

11(1897) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലെയും ഫയൽ നീക്കം 'ഇ ഓഫീസ്' അധിഷ്ഠിതമായ ഓൺലൈൻ സംവിധാനത്തിലേയ്ക്ക്

കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത്തരത്തിൽ ഓൺലൈൻ അധിഷ്ഠിത ഫയൽനീക്കം ഇനി നടപ്പിലാക്കാനുള്ളത്; വിശദാംശങ്ങൾ നൽകുമോ?

സെക്രട്ടേറിയേറ്റിലെ മുഴുവൻ വകുപ്പുകൾ, 14 കളക്ടറേറ്റുകൾ, 22 സബ് കളക്ടറേറ്റുകൾ, 9 താലൂക്ക് ഓഫീസുകൾ, 126 വില്ലേജ് ഓഫീസുകൾ, 79 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ/മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇതിനോടകം ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഓൺലൈൻ അധിഷ്ഠിത ഫയൽനീക്കം നടപ്പിലാക്കിയ വകുപ്പുകളിലെല്ലാം ഓഫീസുകളിലെ ഫയലുകളുടെ സ്ഥിതി പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കാനാകുമോ; ഇല്ലെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് ഇത്തരം സംവിധാനം ഇനി ഏർപ്പെടുത്താനുള്ളത്;

(സി) പൊതുജനങ്ങൾ വളരെയധികം ആശ്രയിക്കുന്ന പ്രധാനപ്പെട്ട എല്ലാ ഓഫീസികളിലെയും ഫയൽനീക്കം ഓൺലൈനായി തിരയുന്നതിന് സംവിധാനമേർപ്പെടുത്താൻ ഉടൻ നിർദ്ദേശം നൽകാമോ?

(ബി & സി) ഇ-ഓഫീസിന്റെ സിറ്റിസൺ പോർട്ടലായ http://eoffice.kerala.gov.in-ലൂടെ പൊതുജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം അറിയുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. തപാൽ/ഫയൽ നമ്പർ, വിഷയം, പ്രേഷിതന്റെ വിവരങ്ങൾ എന്നിവയിലേതെങ്കിലും നല്കി ഫയൽനീക്കം സംബന്ധിച്ച വിവരം പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. നിലവിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ 48 ഓഫീസുകളിലെ ഫയൽനീക്കം സംബന്ധിച്ച വിവരങ്ങളാണ് ഈ പോർട്ടൽ വഴി ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്. ഇ-ഓഫീസ് നടപ്പിലാക്കിയ മറ്റ് ഓഫീസുകളിലെ ഫയൽ നീക്കവും സിറ്റിസൺ പോർട്ടലിലൂടെ അറിയുന്നതിനുള്ള സംവിധാനമൊരുക്കാൻ എൻ.ഐ.സി.-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഡിജിറ്റൽ ഫയൽ സംവിധാനത്തിലേയ്ക്ക് മാറുന്ന മുറയ്ക്ക് മാത്രമേ ഫയൽ നീക്കം ഓൺലൈനായി തിരയുന്നതിനുള്ള സംവിധാനമൊരുക്കാൻ സാധിക്കുകയുള്ളൂ.

## എക്സൈസ് ഡ്രൈവർ തസ്തികയിലെ നിയമനം

12(1898) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ ഡ്രൈവർ നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 659/17 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്നും അറിയിക്കാമോ;

(ബി)എക്സൈസ് ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

(എ & ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന 4-9-2019 മുതൽ ഒരു വർഷത്തിനുശേഷം പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന ദിവസമോ അല്ലെങ്കിൽ പരമാവധി മൂന്നുവർഷമോ ഏതാണോ ആദ്യം, ആ തീയതിവരെ റാങ്ക് ലിസ്റ്റിന് കാലാവധി ലഭിക്കുന്നതാണ്. ഒഴിവുകൾ, നിയമന ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

13(1899) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അവസാനമായി ഡി.എ. അനുവദിച്ചത് എന്നാണെന്നറിയിക്കുമോ?

2019 ഏപ്രിൽ 4.

(ബി) ജീവനക്കാർക്ക് കുടിശ്ശികയുള്ള ഡി.എ. നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന്; എത്ര ശതമാനമെന്ന് അറിയിക്കുമോ?

2021 ഏപ്രിൽ മാസം മുതൽ ഒരു ഗഡുവും ഒക്ടോബറിൽ രണ്ടാമത്തെ ഗഡുവും അനുവദിക്കുമെന്നും കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുമെന്നും 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3% ക്ഷാമബത്തയും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5% ക്ഷാമബത്തയും ആനുപാതികമായ 8% ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജീവനക്കാർക്ക് യഥാസമയം ഡി.എ. അനുവദിക്കാത്ത മറ്റൊരു കാലഘട്ടം സമീപകാലത്ത് കേരളത്തിലുണ്ടായിട്ടുണ്ടോ; യഥാസമയം ഡി.എ. വർദ്ധിപ്പിച്ച് നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

തുടർച്ചയായുണ്ടായ പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവ സംസ്ഥാനത്തിന്റെ വരുമാനത്തെ ഗണ്യമായി ബാധിച്ച പശ്ചാത്തലത്തിലാണ് യഥാസമയം ഡി.എ. വർദ്ധിപ്പിച്ച് നല്കാൻ സാധിക്കാത്തത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ സാധിക്കുമോ; ഇതിനുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ?

06-11-2019 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം 30-6-2021 വരെ ദീർഘിപ്പിച്ചുകൊണ്ട് 8-1-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2021/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി കമ്മീഷന്റെ ആദ്യ ഭാഗ റിപ്പോർട്ട് 2021 ജനുവരി 31-ന് മുമ്പ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ജനുവരി അവസാനം ലഭിക്കുമെന്നും അപ്രകാരം ലഭ്യമാകുന്ന കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം മുതൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുമെന്നും ശമ്പള കുടിശ്ശിക 3 ഗഡുക്കളായി പിന്നീട് നൽകുന്നതാണെന്നും 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## പി.എസ്.സി. നിയമന തസ്തികകളുടെ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള കൈമാറ്റം

14(1900) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

ബി)നേരിട്ട് നിയമനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക്, പി.എസ്.സി. വഴി നിയമനം നടന്നുവരുന്ന സർക്കാർ വകുപ്പിലെ ജീവനക്കാരെയും തസ്തികകളെയും കൈമാറുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിലപാടിൽ നിന്നും സർക്കാർ പിന്തിരിയാനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

(എ-സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തിക്കൊണ്ടിരിക്കുന്ന തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണയിലില്ല.

## പൂർണ്ണമായ ദിവസങ്ങളിൽ ജോലി ചെയ്യാനാവാത്ത ജീവനക്കാരുടെ ശമ്പളം

15(1901) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ:/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലിയെടുക്കുന്ന നിരവധി ആരോഗ്യപ്രശ്നങ്ങളാൽ ഓരോ മാസവും പൂർണ്ണമായ ദിവസങ്ങളിൽ ജോലി ചെയ്യാനാകാത്ത ജീവനക്കാരുടെ ശമ്പളം, കൃത്യമായ ദിവസം ജോലി നോക്കുന്ന മറ്റുള്ളവർക്കൊപ്പം പ്രതിമാസ ശമ്പളം നൽകുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ജോലിയെടുക്കുന്ന തന്റേതായ കാരണങ്ങളല്ലാത്ത വിവിധ രോഗത്തിന് അടിമപ്പെട്ട് കഴിയുന്ന ഇക്കൂട്ടർക്ക് ജോലി എടുത്ത പ്രതിമാസ ശമ്പളം വിതരണം ചെയ്യുന്നതിൽ സർക്കാരിന് നയംമാറ്റം ഉണ്ടായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലംവരെ ഇത്തരക്കാരുടെ ശമ്പളം പൂർണ്ണമായും മാസ ജോലി നോക്കുന്നവരുടേതിനനുബന്ധമായി (സപ്ലിമെന്ററി ബിൽ) തയ്യാറാക്കി നൽകി വന്ന രീതിയിൽ വരുത്തിയ മാറ്റം സ്വകാര്യ മേഖലയെപ്പോലും വെല്ലുവിളിക്കുന്നതാണെന്ന് അറിവുള്ളതാണോ?

(എ- സി) ആരോഗ്യപരമായ കാരണങ്ങളാൽ ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന ജീവനക്കാർക്ക് പ്രസ്തുത കാലയളവിൽ അപേക്ഷിക്കുന്നതിനനുസരിച്ച് അർഹമായ അവധി അനുവദിച്ച് അർഹതപ്പെട്ട അവധി ശമ്പളം നൽകുന്നതിൽ തടസ്സമില്ല.

(ഡി) സർക്കാർ തീരുമാനത്തിനെതിരെ ഉദ്യോഗസ്ഥ തീരുമാനമാണ് നടപ്പിലാക്കുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി.-യിലെ ഇത്തരം തീരുമാനം സ്വമേധയാ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തെ സർക്കാർ തീരുമാനം ലംഘിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ വകുപ്പ് മേധാവിക്ക് കനത്ത ജാഗ്രതാ നിർദ്ദേശം നല്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ സർക്കാർ സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം നൽകിവരുന്നത്. കോർപ്പറേഷൻ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് സപ്ലിമെന്ററി സാലറി വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടായത്. എന്നാൽ നിലവിൽ സപ്ലിമെന്ററി സാലറി പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട്.

## സാമൂഹിക സന്നദ്ധസേന വകുപ്പ്

16(1902) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സന്നദ്ധസേന എന്ന വകുപ്പ് സ്ഥാപിതമായതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെ; പ്രസ്തുത വകുപ്പിന് സ്വന്തമായി ഓഫീസും സംവിധാനവുമുണ്ടോ; എത്ര പേർ ഈ വകുപ്പിൽ ജോലി നോക്കുന്നു; ഡെപ്യൂട്ടേഷനിൽ എത്ര പേർ; കോൺട്രാക്ട് വ്യവസ്ഥയിലെത്ര; ഇവരുടെ സേവനവേതന വ്യവസ്ഥകൾ; എന്നിവ വിവരിക്കുമോ?

സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനും ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്ന തരത്തിലും, സാമുഹിക സന്നദ്ധസേനയിലെ അംഗങ്ങൾക്ക് അതിനാവശ്യമായ പരിശീലനം നൽകുക, അവരുടെ ഒരു തത്സമയ സന്നദ്ധ ഡാറ്റാബേസ് സൃഷ്ടിച്ച് ആവശ്യാനുസരണം സന്നദ്ധപ്രവർത്തകരെ ആക്സസ് ചെയ്യുന്നതിനും വിന്യസിക്കുന്നതിനുമായി ജില്ലാ കളക്ടർമാരുമായും തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികളുമായും പങ്കിടുക തുടങ്ങിയവയാണ് സാമൂഹിക സന്നദ്ധസേന എന്ന വകുപ്പ് സ്ഥാപിതമായതിന്റെ ലക്ഷ്യങ്ങൾ. സന്നദ്ധസേന ഡയറക്ടറേറ്റിന് നിലവിൽ സ്വന്തമായി ഓഫീസ് സംവിധാനമില്ല. നിലവിൽ ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ട് എന്ന സ്ഥാപനത്തിന്റെ ഓഫീസ് കെട്ടിടത്തിൽ താത്ക്കാലികമായാണ് പ്രവർത്തിച്ചുവരുന്നത്. ഡയറക്ടറെ കൂടാതെ രണ്ട് പേർ ഡെപ്യൂട്ടേഷനിൽ ഈ വകുപ്പിൽ ജോലി നോക്കുന്നു. ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർക്ക് അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ സേവന വേതന വ്യവസ്ഥകളാണുള്ളത്.

(ബി) പ്രസ്തുത വകുപ്പിൽ നിയോഗിച്ചിട്ടുള്ളവർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

കോൺട്രാക്ട് വ്യവസ്ഥയിൽ മുൻപ് ജോലി നോക്കിയവർക്ക് ശമ്പളം ലഭ്യമാക്കിയിട്ടുണ്ട്. സാമൂഹിക സന്നദ്ധസേനയ്ക്കുവേണ്ടി പുതിയതായി രൂപീകരിച്ച

ഡയറക്ടറേറ്റായതിനാൽ ശമ്പളത്തിനായി പ്രത്യേക ശീർഷകം ലഭ്യമാക്കി അതിൽ ഫണ്ട് അനുവദിക്കുക തുടങ്ങിയ ഭരണ നടപടിക്രമങ്ങളിലെ കാലതാമസം കാരണം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു/ചെയ്യുന്നവർക്ക് ഇതുവരെ ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല. അവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള ഭൂരിഭാഗം നടപടിക്രമങ്ങളും ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത വകുപ്പിലെ സ്റ്റാഫുകൾക്ക് ശമ്പളം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

2053-00-094-40-00-00-00 NV എന്ന ശീർഷകത്തിൽ 2020-21 വർഷം അധികാനുമതിയായി അനുവദിക്കുന്ന ഫണ്ടിൽ നിന്നുമാണ് ഈ വകുപ്പിലെ ജീവനക്കാർക്ക് ശമ്പളം കണ്ടെത്തുന്നത്.

## സർക്കാർ ജീവനക്കാരുടെ ശൂന്യവേതനാവധി

17(1903) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തോ സ്വദേശത്തോ മെച്ചപ്പെട്ട ജോലിയിലേർപ്പെടുന്നതിനോ വിദേശത്തുള്ള പങ്കാളിയോടൊപ്പം താമസിക്കുന്നതിനോ അനുവദിച്ചുവന്നിരുന്ന ശൂന്യവേതനാവധി പരമാവധി അഞ്ച് വർഷം മാത്രമായി ചുരുക്കിക്കൊണ്ട് 5-11-2020-ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ?

ഉണ്ട്. 5-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന. ഉത്തരവ്.

(ബി) നിലവിൽ അഞ്ച് വർഷത്തിലധികമായി ശൂന്യവേതനാവധിയിൽ തുടരുന്ന ജീവനക്കാർക്ക് ഇതിനകം അനുവദിച്ച കാലയളവുവരെ അവധിയിൽ തുടരുന്നതിന് അനുമതിയുണ്ടാകുമോ എന്നറിയിക്കുമോ?

30-12-2020-ലെ സർക്കുലർ നമ്പർ 83/2020/ധന. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് 30-12-2020-ന് ഇറങ്ങിയ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രവാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) സർക്കാർ അവധി അനുവദിക്കുമെന്ന പ്രതീക്ഷയിൽ അവധി നീട്ടാൻവേണ്ടി കാത്തിരിക്കുന്ന പ്രവാസികളായ സർക്കാർ ജീവനക്കാർക്ക് പെട്ടെന്നുണ്ടായ തീരുമാനം പ്രയാസമുണ്ടാകുമെന്നതിനാൽ അർഹമായ കേസുകളിൽ ശൂന്യവേതനാവധി നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

30-12-2020-ലെ സർക്കുലർ നമ്പർ 83/2020/ധന. പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ തീർപ്പാക്കുവാനുള്ള ഫയലുകൾ

18(1904) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യമായി മുഖ്യമന്ത്രി സെക്രട്ടേറിയേറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തപ്പോൾ ഓരോ ഫയലും ഓരോ ജീവിതമാണെന്ന് അവരെ ഉൽബോധിപ്പിച്ചുവെങ്കിലും തദനുസൃതമായി ഫയൽ തീർപ്പാക്കുന്നതിന് ഒരുവിഭാഗം ജീവനക്കാർ ശുഷ്കാന്തി കാണിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 31-12-2020-ലെ കണക്കനുസരിച്ച് സെക്രട്ടേറിയേറ്റിൽ എത്ര ഫയലുകളാണ് തീർപ്പാക്കാനുള്ളത്; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ?

31-12-2020 വരെ ലഭ്യമായ ഫയലുകളുടെ കണക്കനുസരിച്ച് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി 1,86,923 ഫയലുകളാണ് തീർപ്പാക്കാനുള്ളത്. വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു. കോവിഡ് നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുവരുന്ന ഘട്ടത്തിൽ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കാനുള്ള പദ്ധതി പരിഗണിക്കുന്നതാണ്.

## തീരദേശ പരിപാലന പ്ലാൻ

19(1905) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനായി കേന്ദ്രഭൗമശാസ്ത്ര പഠന കേന്ദ്രത്തെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 1:25000, 1:4000 എന്നീ സ്കെയിലുകളിലുള്ള കരട് തീരദേശ പരിപാലന പ്ലാനുകൾ സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കകം തന്നെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

(എ - സി) 18-1-2019-ലെ GSR.No. 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം-2019 (CRZ Notification 2019) പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan - CZMP) തയ്യാറാക്കുന്നതിന് 20-8-2019 -ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 80/19/Envt പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തി. തുടർന്ന് തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കരട് തീരദേശ പരിപാലന പ്ലാൻ (1 : 25000 സ്കെയിലിലുള്ള) കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കരട് മാപ്പിന്മേലുള്ള പബ്ലിക് ഹിയറിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് മാപ്പിന്മേലുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തിരുത്തലുകൾ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. തിരുത്തലുകൾ ഉൾപ്പെടുത്തിയ എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളുടെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഭൗമശാസ്ത്രപഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിക്ക് ഉടൻ തന്നെ നൽകുമെന്നും അറിയിച്ചിട്ടുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ രൂപീകരണം

20(1908) ശ്രീ. അബ്ദുൽ ഹമീദ്. പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട വിവിധ പൊതുമേഖല സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയായോ എന്നറിയിക്കാമോ;

(ബി) പി.എസ്.സി. വഴി നിയമനം നടത്താൻ ഉത്തരവായിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിലേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വരുത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ – സി) നിയമനം പി.എസ്.സി.-ക്ക് വിട്ട സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ട രൂപീകരണം ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമവകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന "ടാസ്ക് ഫോഴ്സ് " രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള

21(1909) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിലുൾപ്പെട്ടിട്ടുള്ള ദേവികുളം നിയോജക മണ്ഡലത്തിലെ റോഡ്, പാലം തുടങ്ങിയ നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളോരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ ദേവികുളം നിയോജക മണ്ഡലത്തിൽനിന്നും 15 തദ്ദേശ റോഡ് പ്രവൃത്തികളുൾപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ ദേവികുളം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള ചെമ്മണ്ണാർ ഗ്യാപ് റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഉൾപ്പെടുത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന പുനർനിർമ്മിക്കുന്ന വില്ലേജ് ഓഫീസുകളിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്നും 9 വില്ലേജ് ഓഫീസുകൾ (കഞ്ഞിക്കുഴി, ഉപ്പുതറ, കൊന്നത്തടി, വെള്ളിയാമറ്റം, വണ്ണപ്പുറം, രാജാക്കാട്, രാജകുമാരി, പൂപ്പാറ, ആനവിരട്ടി) തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ 6 വില്ലേജ് ഓഫീസുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്നവയ്ക്ക് വിശദ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. ഇതുകൂടാതെ അടിമാലി ഗ്രാമപഞ്ചായത്തിലെ മണിയമ്പാറ-കാഞ്ഞിരവേലി പാലം, പന്ത്രണ്ടാം മൈൽ-മെഴുകുന്നേൽ പാലം, മൂന്നാർ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ തൂക്കുപാലം എന്നിവയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയുടെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആശ്രിത നിയമനം

22(1910) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)പ്രസ്തുത താമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

(സി)ആശ്രിത നിയമനവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് മുഖേന എൽ.ഡി.സി. തസ്തികയിൽ 29 പേർക്കും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ 9 പേർക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 30 പേർക്കും സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 33 പേർക്കും സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ 6 പേർക്കും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 46 പേർക്കും ആഡിറ്റർ തസ്തികയിൽ 5 പേർക്കും

നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ 22-1-2020-ലെ സ.ഉ.(കൈ)നമ്പർ 14/2020/പൊ.ഭ.വ, 23-4-2020-ലെ സ.ഉ.(കൈ) 81/2020/പൊ.ഭ.വ, 30-9-2020-ലെ സ.ഉ.(കൈ) നം 190/2020/പൊ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന പോലീസ് വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ തുടർന്നിരുന്ന 248 എൽ.ഡി. ക്ലാർക്കുമാരെ പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച് പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ

23(1911) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതുമൂലം സംസ്ഥാനത്ത് ഇതിനകം എത്ര സ്റ്റാർട്ടപ്പുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തു?**

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ സർക്കാരിന്റെ കാലത്ത് 2600 സ്റ്റാർട്ടപ്പുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി) മൂലധനത്തിന്റെ അഭാവമാണ് സ്റ്റാർട്ടപ്പുകൾ നേരിടുന്ന പ്രധാന വെല്ലുവിളി എന്നതിനാൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ തലത്തിൽ നടത്തുന്നത്?**

സ്റ്റാർട്ടപ്പുകൾക്കാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ/പരിപാടികൾ താഴെ പറയുന്നവയാണ്:

1. സീഡ് ഫണ്ട്: ചുരുങ്ങിയ പലിശ നിരക്കിൽ ലഘുവായ വ്യവസ്ഥകളോടെ നൽകുന്ന വായ്പാ സഹായം.

2. ഇന്നോവേഷൻ ഗ്രാന്റ്: നൂതനമോ സാമൂഹ്യ പ്രതിബദ്ധതയോയുള്ള ആശയങ്ങൾ ആദ്യ മാതൃകയാക്കുന്നതിന് രണ്ട് ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ് ആദ്യ മാതൃക ഉല്പന്നമാക്കുന്നതിന് 7 ലക്ഷം രൂപ വരെയുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ് ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിനുള്ള 12 ലക്ഷം രൂപ വരെയുള്ള സ്കെയിലപ്പ് ഗ്രാന്റ്.

3. വനിതാ സ്റ്റാർട്ടപ്പുകൾക്ക് ലഘു വ്യവസ്ഥയിൽ വായ്പ: വനിതാ സ്റ്റാർട്ടപ്പുകൾക്ക് അവർക്ക് ലഭിക്കുന്ന ഓർഡറുകൾ പൂർത്തീകരിക്കുന്നതിനായി ലഘു വ്യവസ്ഥയിൽ വായ്പ.

4. കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട്: SEBI അക്രഡിറ്റേഷനുള്ള ഫണ്ടുകളിൽ നിക്ഷേപം നടത്തി അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക നിക്ഷേപമായി കേരളം അടിസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളിൽ ലഭ്യമാക്കുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി.

5. ഇൻവെസ്റ്റർ കഫേ: നിക്ഷേപം ആവശ്യമായ സ്റ്റാർട്ടപ്പുകൾക്ക് എയ്ഞ്ചൽ നിക്ഷേപകർ, വെഞ്ചർ ക്യാപിറ്റലിസ്റ്റ്സ് എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നതിനുള്ള അവസരം. തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളെയും നിക്ഷേപകരെയും ബന്ധപ്പെടുത്തി നടത്തുന്ന പ്രതിമാസ പരിപാടി.

6. ഇഗ്നൈറ്റ്: ഹൈ നെറ്റ് വർത്ത് ഇൻവെസ്റ്റർമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വർക് ഷോപ്പ്.

7. സീഡിംഗ് കേരള: കേരള സ്റ്റാർട്ടപ്പ് മിഷൻ വാർഷികമായി സംഘടിപ്പിക്കുന്ന എയ്ഞ്ചൽ നിക്ഷേപകരുടെ സമ്മിറ്റ്. കേരളത്തിലെ ശേഷിയുള്ള നിക്ഷേപകരെ ഇന്ത്യയിലെ മറ്റ് നിക്ഷേപകരുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്ന പരിപാടി.

(സി) സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി. -യും, കെ.എസ്.ഐ.ഡി.സി. -യും കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ പണം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിനകം ധനസഹായം നൽകി എന്ന് വെളിപ്പെടുത്താമോ?

കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ സ്റ്റാർട്ടപ്പുകൾക്ക് പണം വായ്പ നൽകുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി. 2015 മുതൽ നടപ്പിലാക്കി വരുന്നു. ഇതുവരെ 81 സ്റ്റാർട്ടപ്പുകൾക്ക് 13.57 കോടി രൂപ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.എഫ്.സി. 2020-ലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്. ഇതുവരെ 5 സ്റ്റാർട്ടപ്പുകൾക്കായി 8 കോടി 70 ലക്ഷം രൂപ കെ.എഫ്.സി. മുഖേനയും വായ്പയായി അനുവദിച്ചിട്ടുണ്ട്.

(ഡി) വൻകിട കമ്പനികൾ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടുന്നതിനായി സ്റ്റാർട്ടപ്പുകൾ രൂപീകരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം

24(1912) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിൽ സംവരണം ഏർപ്പെടുത്തണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)അത്തരത്തിൽ കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## പി.എസ്.സി.-യുടെ എൽ.ഡി. ക്ലാർക്ക് (വിവിധ വകുപ്പ്) റാങ്ക് ലിസ്റ്റ്

25(1914) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ നൽകുമോ:

(എ) വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി.-യിൽ എത്തുന്ന ഒഴിവുകളിൽ യഥാസമയം നിയമന ശിപാർശ ചെയ്യുന്നതിൽ കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകാൻ അകാരണമായ കാലതാമസമുണ്ടാകുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ, വിജ്ഞാപനം പുറപ്പെടുവിക്കൽ മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെ അനിവാര്യമായ സമയമെടുത്ത് നിയമന നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി)ആശ്രിത നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പല വകുപ്പുകളിലും ഒഴിവുകൾ നീക്കിവയ്ക്കുന്നതായുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പെടെ ആകെ ആശ്രിത നിയമനങ്ങൾ ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടുതലാകരുതെന്ന ബഹു. ഹൈക്കോടതിയുടെ 10-4-2019-ലെ OP KAT 25/2019 കേസിന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിവിധ വകുപ്പുകളുടെ പരസ്യം

26(1915) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 വർഷങ്ങളിൽ ഇതുവരെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പരസ്യത്തിനായി എത്രകോടി രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

2019-20, 2020-21 വർഷങ്ങളിൽ ഇതുവരെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പരസ്യത്തിനായി ഐ.&പി.ആർ.ഡി. മുഖേന അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾക്കായി 52,15,49,963 രൂപ (അൻപത്തി രണ്ട് കോടി പതിനഞ്ച് ലക്ഷത്തി നാൽപ്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) പരസ്യം നൽകുന്ന ചുമതല പി.ആർ.ഡി.- യിൽ നിന്നും സ്വകാര്യ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണ്?

പരസ്യം നൽകുന്ന ചുമതല പി.ആർ.ഡി-യിൽനിന്നും സ്വകാര്യ ഏജൻസികൾക്ക് കൈമാറിയിട്ടില്ല.

## മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ

27(1916) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട്; അവർ ആരൊക്കെയാണ് ?

മുഖ്യമന്ത്രിക്ക് നിലവിൽ 5 ഉപദേഷ്ടാക്കളുണ്ട്. അവരുടെ പേരും തസ്തികയും ചുവടെ ചേർക്കുന്നു:

1. ശ്രീ. പ്രഭാകര വർമ്മ - മാധ്യമ ഉപദേഷ്ടാവ്
2. ഡോ. എൻ. കെ. ജയകുമാർ - നിയമ ഉപദേഷ്ടാവ്.
3 ശ്രീ. എം. ചന്ദ്രദത്തൻ - ശാസ്ത്ര ഉപദേഷ്ടാവ്
4. ശ്രീ. രമൺ ശ്രീവാസ്തവ – ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവ്
5. ശ്രീ. ജോൺ ബ്രിട്ടാസ്- മീഡിയ ഉപദേഷ്ടാവ്.

(ബി) ഉപദേഷ്ടാക്കളിൽ ശമ്പളം കൈപ്പറ്റുന്നവർ ആരൊക്കെ; അവർ ഓരോരുത്തർക്കും ശമ്പളവും മറ്റാനുകൂല്യ ഇനത്തിലും ഇതിനകം എന്ത് തുക ചെലവഴിച്ചു?

മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കളിൽ 15/12/2016 മുതൽ നിയമോപദേഷ്ടാവായി സേവനമനുഷ്ഠിക്കുന്ന (Advisor Law) ശ്രീ. എൻ. കെ. ജയകുമാറിന് 54,84,886 രൂപയും 01/06/2016 മുതൽ മാധ്യമ ഉപദേഷ്ടാവായി സേവനമനുഷ്ഠിക്കുന്ന (Advisor Press) ശ്രീ. എൻ. പ്രഭാകര വർമ്മയ്ക്ക് 62,18,453 രൂപയും 2020 ഡിസംബർ മാസം വരെ ശമ്പള ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) ശമ്പളം പറ്റാത്ത ഉപദേഷ്ടാക്കൾ ആരൊക്കെ; അവർ ഓരോരുത്തർക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ?

1. ശ്രീ. എം. ചന്ദ്രദത്തൻ - ശാസ്ത്ര ഉപദേഷ്ടാവ്
2. ശ്രീ. രമൺ ശ്രീവാസ്തവ – ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവ്
3. ശ്രീ. ജോൺ ബ്രിട്ടാസ് - മീഡിയാ ഉപദേഷ്ടാവ്.

ശമ്പളം പറ്റാത്ത ഉപദേഷ്ടാക്കൾക്ക് യാത്രാബത്ത, ദിനബത്ത, വാഹനം, ആവശ്യപ്പെടുന്ന പക്ഷം ഓഫീസ് സ്റ്റാഫുകളുടെ സേവനം എന്നിവ കൂടാതെ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവിന് പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും രണ്ട് പോലീസ് ഡ്രൈവർമാരുടെ സേവനം, വാഹനം എന്നിവയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഉപദേഷ്ടാക്കാൾ ഓരോരുത്തരുടെയും വാഹനത്തിന് പെട്രോൾ/ഡീസൽ ഇനത്തിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു?

മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കളുടെ വാഹനത്തിന് പെട്രോൾ/ഡീസൽ ഇനത്തിൽ ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. നിയമോപദേഷ്ടാവ്-11,26,088 രൂപ.
2. ശാസ്ത്ര ഉപദേഷ്ടാവ്-4,25,371 രൂപ.
3. മാധ്യമ ഉപദേഷ്ടാവ്- 13,06,451 രൂപ.
4. ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവ്- 3,71,291 രൂപ.

## റീബിൽഡ് കേരളയ്ക്കുള്ള വിദേശ വായ്പ

28(1917) ശ്രീ. പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയ്ക്ക് എത്ര വിദേശരാഷ്ട്രങ്ങളിൽനിന്ന് വായ്പ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതിക്കായി വിദേശ രാഷ്ട്രങ്ങളിൽനിന്നും വായ്പ സ്വീകരിച്ചിട്ടില്ല. എന്നാൽ, കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയായി ഇതുവരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ, പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം വിദേശവായ്പകളിലൂടെ നാളിതുവരെ എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

റീബിൽഡ് കേരള പദ്ധതിക്കായി വിദേശ രാഷ്ട്രങ്ങളിൽനിന്നും വായ്പ സ്വീകരിച്ചിട്ടില്ല. എന്നാൽ, കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയായി ഇതുവരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ, പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയതായി എന്തെങ്കിലും പദ്ധതി കൂട്ടിച്ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൻകീഴിൽ ആകെ 7200.28 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ റീബിൽഡ് കേരള ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ അംഗീകരിക്കുന്നപക്ഷം പുതിയ പദ്ധതികളായി ഉൾപ്പെടുത്തുന്നു.

## കൊച്ചി മണ്ഡലം - റീബിൽഡ് കേരള പദ്ധതി

29(1918) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ?

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ, കൊച്ചി നിയോജകമണ്ഡലത്തിൽ നിലവിൽ 5.36 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികൾ സംബന്ധിച്ച വിശദവിവരവും പ്രവർത്തന പുരോഗതിയും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. ആർ.കെ.ഐ. നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ പതിവായി സെക്രട്ടറിതല യോഗം ചേരുകയും പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് നിർവ്വഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉപദേശകസമിതിയുടെ യോഗങ്ങളും പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ.-യുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുകയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

**ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ഇന്ധനം നൽകിയ വകയിലെ തുക**

30(1919) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ ദുരന്തനിവാരണത്തിന് എറണാകുളം ജില്ലയിലെ വിവിധ ക്യാമ്പുകളിലേക്ക് ഇന്ധനം നൽകിയ വകയിലെ തുക അനുവദിച്ചുകിട്ടുന്നതിന് എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ M/s. പ്രിയാസ്, അഡ്ഹോക് ഡീലർ, ഇന്ത്യൻ ഓയിൽ കമ്പനി ലിമിറ്റഡ്, പൊങ്ങം സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 25 മാസം പിന്നിട്ടിട്ടും പ്രസ്തുത തുക അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മുൻകൂർ അനുവാദമില്ലാതെയും കീഴ്വഴക്കം ഇല്ലാതെയും ഒരു ദുരന്തം നേരിടുന്നതിന് സർക്കാരിന്റെയും ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടേയും ആവശ്യപ്രകാരവും പ്രളയബാധിതരെ സഹായിക്കുവാൻ മുന്നോട്ടുവന്ന ഇത്തരം സ്ഥാപനങ്ങളെ ബാലിശമായ കാരണം പറഞ്ഞ് ബില്ല് വൈകിപ്പിക്കുന്നതിന്റെ കാരണം സർക്കാർ വിശദമായി പരിശോധിച്ച് പരിഹാരനടപടി സ്വീകരിക്കുമോ?

(എ & ബി) 2018-ലെ പ്രളയത്തിൽ ഇന്ധനം നൽകിയതുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പ്രിയാസ്, അഡ്ഹോക് ഡീലർ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. 116651.25 രൂപയുടെ ഇന്ധനം നൽകിയതിൽ 23001.79 രൂപ തൃശ്ശൂർ ജില്ലയിൽനിന്ന് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് കണക്കാക്കാതെ 116651.25 രൂപ നൽകുന്നതിനാണ് പ്രിയാസ്, അഡ്ഹോക് ഡീലർ വീണ്ടും ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിൽ വ്യക്തത നൽകുവാൻ

27-12-2020-ന് പ്രിയാസ്, അഡ്ഹോക് ഡീലർക്ക് കത്ത് നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ട തുകയിൽ വ്യത്യാസമുള്ളതിനാലാണ് പ്രിയാസ്, അഡ്ഹോക് ഡീലർക്ക് തുക അനുവദിക്കുവാൻ സാധിക്കാത്തത്.

(സി) എറണാകുളം ജില്ലയിലെ പ്രളയദുരിതാശ്വാസ തട്ടിപ്പുമായി ഇതിന് ബന്ധമുണ്ടോ എന്നും ഇവരുടെ അപേക്ഷയിൽ മറ്റാരെങ്കിലും പണം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല

(ഡി) പ്രസ്തുത വിഷയത്തിൽ അപേക്ഷകന് പണം നൽകുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രകൃതിദുരന്ത സമയത്ത് കേരളം പകച്ചുനിന്നപ്പോൾ പ്രളയബാധിതരെ സഹായിക്കാൻ മുമ്പോട്ടുവന്ന ഇവരുടെ മനോവീര്യം തകർക്കുന്നതരത്തിലുള്ള ഉദ്യോഗസ്ഥനടപടി പുനഃപരിശോധിച്ച് മാനുഷികപരിഗണന നൽകി വിഷയം തീർപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ഡി & ഇ) 116651.25 രൂപയുടെ ബില്ലാണ് ഡീലർ സമർപ്പിച്ചിരുന്നത്. ആയതിൽ 23001.79 രൂപ തൃശ്ശൂർ ജില്ലയിൽനിന്ന് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഇത് കണക്കാക്കാതെ 116651.25 രൂപയാണ് ഡീലർവീണ്ടും ആവശ്യപ്പെട്ടിരിക്കുന്നത്. ആവശ്യപ്പെട്ട തുകയിൽ വ്യത്യാസമുള്ളതിനാലാണ് പ്രിയാസ്, അഡ്ഹോക് ഡീലർക്ക് തുക അനുവദിക്കുവാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ഡീലർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇന്ധനം നൽകിയത് റവന്യൂ വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണെന്നും ഇത് ദുരിതാശ്വാസ ക്യാമ്പുകളിലെ ആവശ്യത്തിലേയ്ക്കാണ് നൽകിയിട്ടുള്ളതെന്നും ഉറപ്പുവരുത്തിയതിനുശേഷം അർഹമായ തുക സ്ഥാപനത്തിന് അനുവദിക്കുന്നതിന് ആലുവ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### കൊല്ലം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

31(1920) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്ന വിവരം വെളിപ്പെടുത്തുമോ?

(എ-സി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. അതാത് വകുപ്പുകൾക്കാണ് പദ്ധതികളുടെ നിർവ്വഹണ ചുമതല. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ കൊല്ലം ജില്ലയിൽനിന്നും 17 വില്ലേജ് ഓഫീസുകൾ (ചക്കുവരക്കൽ, തെക്കുംഭാഗം, തേവലക്കര, മുണ്ടയ്ക്കൽ, കുളത്തുപ്പുഴ, കുന്നത്തൂർ, ശാസ്താംകോട്ട, പോരുവഴി, കൊല്ലം വെസ്റ്റ്, തൃക്കടവൂർ, പള്ളിമൺ, നെടുമ്പന, മുളവന, തിങ്കൾക്കരിക്കം, കലയപുരം, മൈലം, വിളക്കുടി) പുനർനിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 4 വില്ലേജ് ഓഫീസുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്നവയ്ക്ക് വിശദ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകൾ/ കനാലുകൾ/റെഗുലേറ്ററുകൾ/ജലസേചന സംവിധാനങ്ങൾ എന്നിവയുടെ പ്രളയാനന്തര അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 3 പ്രവൃത്തികൾ കൊല്ലം ജില്ലയിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. പ്രളയാനന്തരം ജീവനോപാധികൾ പുനഃസൃഷ്ടിക്കുന്നതിന് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ സംസ്ഥാന വ്യാപകമായി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'ലൈവ്‌ലിഹുഡ് സപ്പോർട്ട് പാക്കേജ്' എന്നിവയിൽ ജില്ലയിൽ നിന്നുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിക്കും. പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ശുചിത്വ മിഷൻ-ക്ലീൻ കേരള കമ്പനി മുഖേന എല്ലാ ജില്ലകളിലും സോർട്ടിംഗ് ആൻഡ് സെഗ്രിഗേഷൻ സെന്റർ സ്ഥാപിക്കുന്ന പദ്ധതിയിൽ കൊല്ലം ജില്ലയും ഉൾപ്പെടുന്നു. പദ്ധതിക്കാവശ്യമായ മെഷിനറികൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൃഷി

വകുപ്പ് മുഖേന സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ 865 ഇന്റഗ്രേറ്റഡ് ഫാമിങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതടക്കമുള്ള വിവിധ ഘടകങ്ങൾ കൊല്ലം ജില്ലയ്ക്കും ലഭിക്കും. പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫണ്ടിംഗിൽ, വനത്തിനുള്ളിലെ സ്വകാര്യ സെറ്റിൽമെന്റുകളിൽ വസിക്കുന്നവരെ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതിയിൽ കൊല്ലം ജില്ലയിലെ റോസ് മല, കാട്ടിലപ്പാറ സെറ്റിൽമെന്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കണ്ടൽക്കാടുകൾ ഏകീകരിച്ച് സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയിൽ കൊല്ലം ജില്ലയിലെ മൺറോതുരുത്ത് വില്ലേജിലെ പട്ടംതുരുത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളിലെ ഭൂമിയേറ്റെടുക്കൽ അടക്കമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും അനുവദിച്ച തുക

32(1921) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും രോഗചികിത്സയ്ക്കുള്ള ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം, നിരസിച്ച അപേക്ഷകളുടെ എണ്ണം, അംഗീകരിച്ച അപേക്ഷകളുടെ എണ്ണം, അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## സനലിന്റെ കുടുംബത്തിന് നൽകിയ സഹായങ്ങൾ

33(1922) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-11-2018-ൽ നെയ്യാറ്റിൻകര കൊടങ്ങാവിള വച്ച് അന്നത്തെ നെയ്യാറ്റിൻകര ഡിവൈ.എസ്.പി. അപകടത്തിൽപ്പെടുത്തിയ സനലിന്റെ കുടുംബത്തിന് സർക്കാർ നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ; ടി സനലിന്റെ ഭാര്യ ശ്രീമതി വിജിക്ക് സർക്കാർ ജോലി നൽകുമെന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) സനലിന്റെ ഭാര്യ വിജിക്ക് സർക്കാർ ജോലി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ& ബി) 5-11-2018-ന് രാത്രിയുണ്ടായ തർക്കത്തെ തുടർന്ന് മരണമടഞ്ഞ നെയ്യാറ്റിൻകര വില്ലേജ്, മണലൂർ ദേശം, ചെറുകലവിളാകം ചെങ്കോട്ടുകോണം വീട്ടിൽ സനലിന്റെ (31 വയസ്സ്) കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 10,00,000(പത്തുലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ജോലി നൽകുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക വിതരണം

34(1923) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്രപേർക്കാണ് വിതരണം ചെയ്തതെന്നും അറിയിക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഓഖി, പ്രളയം, കോവിഡ്, ചികിത്സാ ധനസഹായം, മറ്റ് വകുപ്പുകൾക്ക് നൽകിയതുൾപ്പെടെ ആകെ 17,44,065 പേർക്ക് 5,457.57 കോടി രൂപ (ആയ്യായിരത്തി നാനൂറ്റി അൻപത്തി ഏഴ് കോടി അൻപത്തിയേഴ് ലക്ഷം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കണക്കുകൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാണോ; എങ്കിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ കണക്കുകൾ ലഭ്യമാക്കാമോ?

നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## വിഷ്ണുവിന്റെ കുടുംബത്തിനുള്ള ധനസഹായം

35(1924) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിനായി വെട്ടിപൊളിച്ചിട്ട പൊതുമരാമത്ത് റോഡിലെ കുഴിയിൽ വീണ് മരണപ്പെട്ട എറണാകുളം ജില്ലയിൽ രാമേശ്വരം വില്ലേജിലെ പള്ളുരുത്തി മാരമ്പള്ളി റോഡ് പുത്തൻവേലിപ്പറമ്പിൽ (മരോട്ടിക്കപ്പറമ്പ്) ശശിയുടെ മകൻ 23 വയസ്സുള്ള പി. എസ്. വിഷ്ണുവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായി 29-7-2020-ന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച 223/A3/DRF/2020 നമ്പർ ഫയലിൽ ധനസഹായം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ധനസഹായം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

(എ-സി) ജല അതോറിറ്റിയുടെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിനായി എടുത്ത പൊതുമരാമത്ത് റോഡിലെ കുഴിയിൽ വീണ് മരണപ്പെട്ട എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിലെ പള്ളുരുത്തി മാരമ്പള്ളി റോഡ് പുത്തൻവേലിപ്പറമ്പിൽ (മരോട്ടിക്കപ്പറമ്പ്) ശശിയുടെ മകൻ 23 വയസ്സുള്ള പി. എസ്. വിഷ്ണുവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായി 29-7-2020-ന് ലഭ്യമായ കത്തിന്മേൽ എറണാകുളം ജില്ലാ കളക്ടറുടെ 14-12-2020-ലെ റിപ്പോർട്ടിൻ പ്രകാരം REV-DRF-A3/223/2020-REV എന്ന ഫയലിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള പദ്ധതി

36(1925) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവർത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി

വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ്, വനിത-ശിശു വികസന വകുപ്പ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7200.28 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ് (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*) അംഗീകരിക്കപ്പെട്ട പദ്ധതികളിൽ ഷൊർണ്ണൂർ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും അനുബന്ധമായി* കൊടുത്തിരിക്കുന്നു.

## എൻഡോസൾഫാൻ ദുരിതബാധിതർ

37(1926) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുവർഷം മുൻപ് സെക്രട്ടേറിയറ്റിനുമുന്നിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ നടത്തിയ പട്ടിണി സമരം ഒത്തുതീർക്കുന്നതിന്റെ ഭാഗമായി നടത്തിയ ചർച്ചയിൽ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി)പ്രസ്തുത വാഗ്ദാനങ്ങൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പാലിച്ചതും പാലിക്കാൻ ബാക്കിയുള്ളതുമായ വാഗ്ദാനങ്ങൾ വേർതിരിച്ച് വിശദമാക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെയും ബഹു.റവന്യൂ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകൾക്കുശേഷം തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങളും ടി നിർദ്ദേശങ്ങളിൽ പാലിക്കാൻ ബാക്കിയുള്ളതുമായവ അനുബന്ധമായി *ചേർക്കുന്നു.

(സി) 2017-ലെ പ്രത്യേക മെഡിക്കൽ ക്യാമ്പിൽനിന്നും കണ്ടെത്തിയ അർഹരായ മുഴുവൻ ദുരിതബാധിതരെയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും അവർക്ക് സൗജന്യ ചികിത്സയും മറ്റു സൗകര്യങ്ങളും നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2017-ലെ എൻഡോസൾഫാൻ ക്യാമ്പിൽനിന്നും കണ്ടെത്തിയ അർഹരായ മുഴുവൻ ദുരിതബാധിതരെയും പട്ടികയിൽ ഉൾപ്പെടുത്തി അവർക്ക് സൗജന്യ ചികിത്സയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ഡി) 2017 ജനുവരി 10-ലെ സുപ്രീംകോടതി വിധി എന്തായിരുന്നുവെന്നും പ്രസ്തുത വിധിയിൽ പറഞ്ഞ ആനുകൂല്യങ്ങൾ ദുരിതബാധിതർക്ക് നൽകിയോയെന്നും വ്യക്തമാക്കാമോ?

ബഹു. സുപ്രീം കോടതിയുടെ 10-1-2017-ലെ WPC (No.213/2017) ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശം നൽകിയിരുന്നു;

'directed the respondents - State Governments to release the entire undisbursed payment of compensation quantified as Rs.5lakhs each to all the affected persons within 3 months from the date" . ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശയനുസരിച്ച് എൻഡോസൾഫാൻ ദുരിതബാധിതരായവരിൽ Mentally Retarded വിഭാഗത്തിൽപ്പെടുന്ന 1173 പേർക്ക് 5 ലക്ഷം രൂപവീതവും കിടപ്പ് രോഗികളായ 269 പേർക്ക് 5 ലക്ഷം രൂപ വീതവും ക്യാൻസർ രോഗികളായ 580 പേർക്ക് 3 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം സംഭവിച്ച 988 പേർക്ക് 3 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ രോഗനിർണ്ണയ ക്യാമ്പ് നടന്ന 16-12-2010-ന് മുൻപ് മരണപ്പെട്ട 515 പേർക്ക് 5 ലക്ഷം രൂപ വീതവും 119 പേർക്ക് 3 ലക്ഷം രൂപ വീതവും 87 പേർക്ക് 1 ലക്ഷം രൂപ വീതവും 13 പേർക്ക് 1.5 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഇ) ദുരിതബാധിതർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക എത്രയാണെന്നും ഇത് വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നല്കിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപ വീതവും, വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപ വീതവും, എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1,200 രൂപ വീതവും അനുവദിച്ചുവരുന്നു. 2017 മുതൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് 1000 രൂപ വീതം ഓണത്തോടനുബന്ധിച്ച് പ്രത്യേക സഹായമായി നൽകിവരുന്നു.

## രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പേരുമാറ്റം

38(1927) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പുതിയ കാമ്പസിന് ആർ.എസ്.എസ്. നേതാവും സൈദ്ധാന്തികനുമായ മാധവ സദാശിവ ഗോൾവാൾക്കറുടെ പേര് നല്കാമെന്ന കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പുമന്ത്രിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷണങ്ങൾ, തെളിവുകൾ, നിഗമനങ്ങൾ എന്നിവയിലൂന്നിയുള്ള യുക്തിസഹമായ ചിന്താരീതിയായ ശാസ്ത്രബോധത്തിന്റെ അടിത്തറയിൽ പിറന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക്, ഗോൾവാൾക്കറുടെ പേരിടത്തക്ക തരത്തിൽ ഏതെങ്കിലും ഇടപെടലുകൾ ശാസ്ത്രരംഗത്ത് അദ്ദേഹം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അദ്ദേഹം ശാസ്ത്രരംഗത്ത് പ്രവർത്തിച്ചതായി അറിവില്ല.

(സി)ശാസ്ത്രത്തേക്കാൾ വലുതാണ് വിശ്വാസമെന്ന് ചിന്തിക്കുന്ന കേന്ദ്രമന്ത്രിമാരും കേന്ദ്രം ഭരിക്കുന്ന കക്ഷിയും മുന്നോട്ടുവയ്ക്കുന്ന ഇത്തരം തീരുമാനങ്ങൾ ആര്യഭട്ടന്റെയും ഭാസ്കരന്റെയും ശാസ്ത്രപാരമ്പര്യത്തെ ചോദ്യം ചെയ്യുന്നതല്ലേയെന്ന് വ്യക്തമാക്കുമോ;

(ഡി)പ്രസ്തുത വ്യക്തിയുടെ പേര് മഹത്തായ ശാസ്ത്രപാരമ്പര്യമുള്ള ഒരു സ്ഥാപനത്തിന് ഇടുന്നതിനെ പ്രതിരോധിക്കുന്നതിനും അതിൽനിന്ന് കേന്ദ്രസർക്കാരിനെ പിന്തിരിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കാമോ?

(സി & ഡി) പ്രശസ്തനായ ഒരു ഇന്ത്യൻ ശാസ്ത്രജ്ഞന്റെ പേര് പുതിയ ബ്ലോക്കിന് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 5-12-2020-ന് കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൊച്ചി മെട്രോ റെയിൽ രണ്ടാം ഘട്ടം**

39(1928) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ രണ്ടാംഘട്ടം കാക്കനാട് ഇൻഫോപാർക്ക് സെക്കന്റ് ഫെയ്സ് പ്രദേശമായ പിണർമുണ്ടയിലേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം അലൈൻമെന്റിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും ആയത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലുമാണ്. പിണർമുണ്ടയിലേക്ക് നീട്ടുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിലുള്ള അലൈൻമെന്റ് വിശദമാക്കാമോ?

കൊച്ചി മെട്രോ രണ്ടാംഘട്ടത്തിന്റെ അലൈൻമെന്റ് ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെ 11.2 കിലോമീറ്റർ, 11 സ്റ്റേഷനുകൾ ഉൾപ്പെടുന്നതാണ്. 11 സ്റ്റേഷനുകൾ താഴെ കൊടുക്കുന്നു:

1. പാലാരിവട്ടം ജംഗ്ഷൻ
2. പാലാരിവട്ടം ബൈപ്പാസ്
3. ചെമ്പു മുക്ക്
4. വാഴക്കാല
5. പടമുഗൾ
6. കാക്കനാട് ജംഗ്ഷൻ
7. കൊച്ചിൻ സെസ്
8. ചിറ്റേത്തുകര
9. കിൻഫ്ര
10. ഇൻഫോപാർക്ക്/സ്മാർട്ട്സിറ്റി - 1
11. ഇൻഫോപാർക്ക്/സ്മാർട്ട്സിറ്റി - 2

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ക് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി. പി.ആർ.ഇ.എം.) പദ്ധതി

40(1929) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 (2021 ജനുവരി ഒന്നു വരെ) സാമ്പത്തിക വർഷങ്ങളിൽ മടങ്ങിവരുന്ന പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ക് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി. പി.ആർ.ഇ.എം.) പദ്ധതി പ്രകാരം എത്ര പേർക്ക് വായ്പ നൽകിയെന്നും ഇതിലേയ്ക്കായി സബ്സിഡിയിനത്തിൽ നോർക്ക എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

2019-20 സാമ്പത്തിക വർഷത്തിൽ 1043 ഗുണഭോക്താക്കൾക്കും 2020-21 സാമ്പത്തിക വർഷത്തിൽ (2021 ജനുവരി ഒന്നു വരെ) 500 ഗുണഭോക്താക്കൾക്കും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ക് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം.) പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 12.20 കോടി രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 9.53 കോടി രൂപയും സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷം ഇതിലേയ്ക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷം 18 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## നോർക്ക ബിസിനസ്സ് ഫെലിസിറ്റേഷൻ സെന്റർ

41(1930) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചോ?

പ്രവർത്തനമാരംഭിച്ചു.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

1. സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക.

2. നിക്ഷേപ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി നിക്ഷേപകരുടെ താൽപ്പര്യാർത്ഥം അനുയോജ്യമായ മേഖലകളിൽ നിക്ഷേപം നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

3. സംരംഭകർക്കാവശ്യമായ സർക്കാർ ക്ലിയറൻസുകളെ സംബന്ധിച്ച ഉപദേശങ്ങൾ നൽകുക.

4. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ലക്ഷ്യംവച്ചുകൊണ്ട് പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിലേയ്ക്കായി പ്രവാസി നിക്ഷേപ സമ്മേളനങ്ങൾ സംഘടിപ്പിക്കുക.

5. സംരംഭകർക്കായി ട്രെയിനിംഗ് പ്രോഗ്രാം, വർക്ക് ഷോപ്പ് എന്നിവ സംഘടിപ്പിക്കുക.

6. ജി2 ബി & ബി2 ബി മീറ്റുകൾ സംഘടിപ്പിക്കുക.

(സി) പ്രവാസി ഡിവിഡന്റ് പദ്ധതിയും പ്രവാസി ചിട്ടി പദ്ധതിയും ഏതു ഘട്ടത്തിലാണെന്നും ഓരോ പദ്ധതിയിലും എത്രപേർ വീതം അംഗത്വം സ്വീകരിച്ചുവെന്നുമറിയുമോ; വെളിപ്പെടുത്തുമോ?

2019 ഡിസംബർ 14-ന് ഉദ്ഘാടനം നിർവ്വഹിച്ച പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ ഇതിനോടകം വിവിധ ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളിൽനിന്നും 1861 നിക്ഷേപങ്ങളിലൂടെ 181.14 കോടി രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിയിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രവാസി ചിട്ടിയിൽ ഇതുവരെയായി 986 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ചിട്ടികളിൽ എല്ലാം കൂടി 31,340 പേർ അംഗത്വവും സ്വീകരിച്ചിട്ടുണ്ട്.

## ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ

42 (1931) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്ക് ആനുകൂല്യം നൽകാൻ സഹായകമായ ഏതെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി പ്രകാരം എത്രപേർക്ക് സഹായം നൽകിയെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

(എ & ബി) നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- വിദേശ രാജ്യങ്ങളിൽനിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000 രൂപ വീതം നോർക്ക റൂട്ട്സ് വഴി അടിയന്തര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനുവേണ്ടി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ 44 പ്രവാസി മലയാളികൾക്ക് 10,000 രൂപ വീതം ചികിത്സാസഹായമായി ആകെ 4,40,000 രൂപ വിതരണം ചെയ്തു. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 500 ഗുണഭോക്താക്കൾക്കായി നോർക്ക ധാരണയായിട്ടുള്ള ബാങ്കുകൾ മുഖേന 30.48 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിനായി 9.42 കോടി രൂപ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ:- കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ചുവന്നിരുന്ന 14218 പേർക്ക് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) 1,000 രൂപ (ആയിരം രൂപ മാത്രം) ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ വീതവും ബോർഡ് നൽകിവരുന്നുണ്ട്. 2020 ഡിസംബർ മാസം വരെ 1.65 കോടി രൂപ കോവിഡ് സഹായമായി ബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്.

## പ്രവാസി ക്ഷേമനിധി

43(1932) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ എത്രപേർ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

18-1-2021-ലെ കണക്ക് പ്രകാരം കോതമംഗലം താലൂക്കിൽനിന്നും 1406 പേർ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

(ബി) അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകളനുസരിച്ച്, പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളതും പെൻഷനാകുന്ന കാലയളവുവരെ മുടക്കം വരുത്താതെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്.

(സി) നിലവിൽ അറുപതുവയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ ചേരാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെയും, 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാണ്. ആയതിനാൽ 60 വയസ്സ് കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം അനുവദിക്കുന്നില്ല.

(ഡി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലമുൾപ്പെടെയുള്ള കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ഒറ്റത്തവണ തുക അടച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

## പ്രവാസി ക്ഷേമം

44(1933) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് വിദേശ രാജ്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനും മറ്റ് സഹായങ്ങൾ നൽകുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നു?

കോവിഡ് കാലത്ത് നോർക്ക സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് റെസ്പോൺസ് സെൽ:- പ്രവാസി സമൂഹത്തിന്റെ സാഹചര്യം മനസ്സിലാക്കുന്നതിനും അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും 24-3-2020-ന് നോർക്ക റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു. നിരവധി പ്രവാസി മലയാളികൾ അയയ്ക്കുന്ന പരാതികൾ അതത് ഇന്ത്യൻ മിഷനുകളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞു.

2. നോർക്ക ഹെൽപ്പ് ഡെസ്ക്:- കോവിഡ്-19 കാലത്ത് വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശരാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു.

3. ഡോക്ടർമാരുടെ സേവനം:- വിദേശത്ത് അസുഖബാധിതരായവർക്ക് ഓൺലൈൻ വൈദ്യോപദേശം/ഡോക്ടറെ നേരിട്ട് വിളിക്കാനുള്ള സൗകര്യം ഏർപ്പാടാക്കി.

4. മരുന്നെത്തിക്കൽ:- വിദേശങ്ങളിൽ അവശ്യ മരുന്നുകൾ എത്തിക്കാൻ എയർ കാർഗോ/കൊറിയർ മുഖേന 25 ശതമാനം ഡിസ്കൗണ്ട് നിരക്കിൽ സംവിധാനം ഏർപ്പെടുത്തി.

5. ധനസഹായം:- കോവിഡ്-19 മൂലമുള്ള ലോക്ക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാതിരുന്ന ജോബ് വിസയുള്ളവർക്ക് 5,000 രൂപ ധനസഹായം ഏർപ്പെടുത്തി.

6. ചികിത്സാസഹായം:- നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ പ്രവാസി മലയാളികൾക്ക് ചികിത്സാസഹായമായി 10,000 രൂപ വീതം അനുവദിച്ചു.

7. എയർപോർട്ടുകളിൽ കോവിഡ് പരിശോധന:- വിദേശരാജ്യങ്ങളിൽ നിന്നും എത്തുന്ന പ്രവാസികൾക്ക് കേരളത്തിലെ നാല് എയർപോർട്ടുകളിലായി കോവിഡ് പരിശോധന സജ്ജമാക്കി.

8. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിയ സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ചു വന്നിരുന്ന 14218 പേർക്ക് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) 1,000 രൂപ (ആയിരം രൂപ മാത്രം) ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ തന്നെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ വീതവും ബോർഡ് നൽകി വരുന്നുണ്ട്.

(ബി) പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രവാസികൾക്കുവേണ്ടി ഈ പ്രതിസന്ധി ഘട്ടത്തിൽ മറ്റ് ഏതെല്ലാം ഇനത്തിലാണ് സർക്കാരിന് ചെലവ് വന്നിട്ടുള്ളത്; ആകെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സർക്കാർ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിൽനിന്നും സാധുതയുള്ള പാസ്പോർട്ട്, സാധുതയുള്ള തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം അനുവദിച്ചിരുന്നു. 1.75 ലക്ഷം അപേക്ഷകരിൽ നാളിതുവരെ 1 ലക്ഷം പ്രവാസികൾക്ക് ആകെ 50 കോടി രൂപ അടിയന്തര ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ അപേക്ഷകർക്കും തുക വിതരണം പൂർത്തിയാക്കാനായി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. നാട്ടിൽ കുടുങ്ങിപ്പോയ കോവിഡ് ബാധിതരായ 44 പ്രവാസി മലയാളികൾക്ക് 10,000 രൂപ വീതം ചികിത്സാസഹായമായി ആകെ 4,40,000 രൂപ വിതരണം ചെയ്തു. കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2020 ഡിസംബർ മാസം വരെ 1.65 കോടി രൂപ കോവിഡ് സഹായമായി വിതരണം ചെയ്തിട്ടുണ്ട്.

## ചെങ്ങന്നൂരിൽ നോർക്കയുടെ ആഫീസ്

45 (1934) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പ്രവാസികൾ ധാരാളമുള്ള മധ്യതിരുവിതാംകൂർ മേഖലയായ ചെങ്ങന്നൂരിൽ നോർക്കയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചാൽ കാര്യങ്ങൾ വേഗത്തിൽ സാധിക്കുന്നതിന് പ്രവാസികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ ഇക്കാര്യം സർക്കാർ പരിഗണനയിൽ ഉൾപ്പെടുത്തുമോ?

നിലവിൽ ആലപ്പുഴ കളക്ടേറ്റിൽ നോർക്കയുടെ സെൽ പ്രവർത്തിച്ചു വരുന്നതിനാൽ, ചെങ്ങന്നൂരിൽ നോർക്കയുടെ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പ്രവാസികൾക്കായി ആരംഭിച്ചിട്ടുള്ള പദ്ധതികൾ

46 (1935) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രവാസികൾക്കായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
2. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.)
3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
4. പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി
5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും
8. ഓൺലൈൻ ഡാറ്റാ ബേയ്സ്
9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
10. എമജൻസി റിപാട്രിയേഷൻ ഫണ്ട്
11. ലോക കേരള സഭ

12. സാന്ത്വന പദ്ധതി (ധനസഹായത്തിന് ഉണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി)

13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

14. നോർക്ക റിക്രൂട്ട്മെന്റ്

15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ്

16. NRI ഇൻവെസ്റ്റ്മെന്റ് കമ്പനി

17. പ്രവാസി കേന്ദ്ര സഹകരണ സംഘം

18. വനിത എൻ.ആർ.കെ. സെൽ

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:-

19. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1000 രൂപ വരെയായിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാറ്റഗറി വ്യത്യാസമില്ലാതെ 2,000 രൂപ മുതൽ 4,000 രൂപവരെയായി വർദ്ധിപ്പിച്ചു.

20. പ്രവാസി ക്ഷേമനിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

21. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്കെല്ലാം 1,000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ വീതവും നൽകിവരുന്നു.

22. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി.

(ബി)ഇതിൽ എത്ര പദ്ധതികളാണ് നാളിതുവരെ ആരംഭിച്ചിട്ടുള്ളത്?

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നവയാണ്.

(സി) ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാനുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഇല്ല.

## പ്രവാസി ലീഗൽ എയ്ഡ് സെൽ

47 (1936) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസി ലീഗൽ എയ്ഡ് സെൽ പ്രവർത്തനമാരംഭിച്ചോ; ആരംഭിച്ചുവെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പ്രവാസി നിയമ സഹായ സെൽ പദ്ധതി (PLAC) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ നിയമങ്ങളിലുള്ള അജ്ഞതമൂലം കോടതി വ്യവഹാരങ്ങളിലും നിയമ കുരുക്കുകളിലുമുൾപ്പെട്ട് നിയമസഹായവും ലഭിക്കാതെ നിസ്സഹായരായ തൊഴിലാളികൾ ജയിലുകളിൽ എത്തപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ രേഖകളുടെ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമസഹായം ഉറപ്പാക്കുക എന്നിവയ്ക്കുവേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൽട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. ജിദ്ദയിലേക്കും റിയാദിലേക്കും ലീഗൽ കൺസൽട്ടന്റ്മാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 115 കേസുകളിന്മേലുള്ള അപേക്ഷകൾ ലഭിക്കുകയും ഏകദേശം 110- ഓളം കേസുകൾ ലീഗൽ കൺസൽട്ടന്റ്മാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നോർക്ക ലീഗൽ കൺസൽട്ടന്റിന്റെ ഇടപെടലിനെ തുടർന്ന് 3 പേർ ജയിൽ മോചിതരായി നാട്ടിലെത്തിയിട്ടുണ്ട്.

(ബി) പ്രവാസി സംഘടനകൾക്ക് ധനസഹായത്തിനുള്ള പദ്ധതികൾ വഴി ഏതെല്ലാം സംഘടനകൾക്ക് എത്ര വീതം സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി മുഖാന്തിരം 2019-20 സാമ്പത്തിക വർഷം 28 സൊസൈറ്റികൾക്കായി 3 ലക്ഷം രൂപ വീതം 84,00,000(എൺപത്തിനാല് ലക്ഷം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. സംഘടനകളുടെ വിശദാംശങ്ങൾ അനുബന്ധമായി * ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രവാസികൾക്കായുള്ള ഗാർഡൻ ഓഫ് ലൈഫ് പദ്ധതി

48 (1937) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ) ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?**

ഉണ്ട്. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നിലവിലുള്ള NDPREM പദ്ധതി കൂടുതൽ ധനകാര്യ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തിയും വിവിധ സർക്കാർ സംരംഭക സഹായ ഏജൻസികളുടെ സഹായത്തോടെയും വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്:

1. 'ഡ്രീം കേരള':- കോവിഡ് 19-ന്റെ വ്യാപനംമൂലം തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽനിന്ന് നേടുന്നതിനുമായി 'ഡ്രീം കേരള' പദ്ധതി ആരംഭിച്ചു.

2. നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ:- തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. രജിസ്റ്റർ ചെയ്യുന്ന തൊഴിൽ അന്വേഷകരുടെ നൈപുണ്യ പരിചയം കണക്കിലെടുത്ത് യോഗ്യതയുള്ള തൊഴിൽദാതാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവസരമാണ് ഇതുവഴി ഒരുക്കുന്നത്.

**(ബി) വിദേശത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള മലയാളി കുടുംബങ്ങളിലെ വയോജനങ്ങൾക്കുവേണ്ടി 'ഗാർഡൻ ഓഫ് ലൈഫ് പദ്ധതി' നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രവർത്തികമാക്കിയിട്ടുണ്ടോ;**

**(സി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഇവർക്ക് അഞ്ച് ഏക്കർ ഭൂമി ലഭ്യമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?**

(ബി & സി) 2020-21 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും അതിനോട് അനുബന്ധിച്ചുള്ള മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ച പുതിയ കെയർ ഹോം or ഗാർഡൻ ഓഫ് ലൈഫ് എന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നു. 'New Service' പാലിച്ച് ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച് പ്രാഥമിക ആലോചനകൾ നടന്നുവരുന്നു.

## തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കുള്ള പദ്ധതികൾ

49 (1939) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസികളുടെ കൃത്യമായ കണക്ക് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കോവിഡ്-19 ജാഗ്രത പോർട്ടൽ പ്രകാരം 920568 പ്രവാസികൾ 16-1-2021 വരെ കേരളത്തിലേയ്ക്ക് എത്തിച്ചേർന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി)തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ ചെയ്യുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നോർക്ക വഴി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് നിലവിലുള്ള പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) വിപുലീകരിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകുന്നു. തിരികെവന്ന് സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പ് മിഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്റ്റ്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു.

(സി)മറ്റ് സംസ്ഥാനങ്ങളിൽനിന്നും ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവരെ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് കണക്കെടുപ്പ് നടത്താനും ഇവർക്ക് പുനരധിവാസ പദ്ധതി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ?

ഇല്ല. കണക്കെടുപ്പ് കൃത്യതയോടെ നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ നോർക്ക നടപ്പിലാക്കിയിട്ടുള്ള മടങ്ങിവരുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവർക്കും അപേക്ഷിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രവാസികൾക്ക് സഹായം**

50 (1940) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പ്രവാസ ലോകത്ത് കോവിഡ് വ്യാപനത്തെ തുടർന്ന് പ്രയാസമനുഭവിക്കേണ്ടിവന്ന മലയാളികൾക്ക് ആശ്വാസമെത്തിക്കുന്നതിനും പ്രവാസി സംഘടനകളെ ഏകോപിപ്പിക്കുന്നതിനും അവരുടെ സഹായം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ മഹാമാരിയിൽ പ്രതിസന്ധി നേരിട്ട പ്രവാസികളെ സഹായിക്കുന്നതിന് ലോക കേരളസഭ വഴി എന്തെല്ലാം നേട്ടങ്ങൾ സാധ്യമായിട്ടുണ്ട്; ലോക കേരളസഭയിലെ അംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ സംസ്ഥാന സർക്കാരിന് വേണ്ടി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്; ഇതിനായി എത്ര അംഗങ്ങളുടെ സഹായമഭ്യർത്ഥിച്ചിരുന്നു; വ്യക്തമാക്കുമോ?

(എ & ബി) ഉണ്ട്. പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 വിദേശ രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചിരുന്നു. നിരവധി പ്രവാസി മലയാളികൾക്ക് ഇത് ആശ്വാസകരമായിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലോക കേരള സഭാംഗങ്ങൾ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വന്തം നിലയിലും കമ്മ്യൂണിറ്റി ലെവലിലും എംബസി മുഖേനയും വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് പ്രവർത്തിച്ചു. ഭക്ഷണം, മരുന്ന്, സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയ കാര്യങ്ങളിൽ പരിഹാരം കാണാനും ശ്രദ്ധിച്ചിട്ടുണ്ട്.

**ലോക കേരളസഭയുടെ റീജിയണൽ മീറ്റിംഗ്**

51(1941) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ലോക കേരളസഭയുടെ റീജിയണൽ മീറ്റിംഗ് ദുബായിൽ വച്ച് നടത്തിയിരുന്നോ; പ്രസ്തുത മീറ്റിംഗിൽ സംസ്ഥാനത്ത് നിന്നുള്ള എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്ന് വെളിപ്പെടുത്താമോ?

നടത്തിയിരുന്നു. 2019-ൽ ദുബായിൽ വച്ച് നടന്ന ലോക കേരള സഭയുടെ റീജിയണൽ മീറ്റിംഗിൽ 3 ഉദ്യോഗസ്ഥർ പങ്കെടുത്തു.

(ബി) ഇവർക്കായുള്ള വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസച്ചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ സർക്കാരിന് എന്ത് തുക ചെലവായെന്ന് അറിയിക്കാമോ?

പ്രസ്തുത ഉദ്യോഗസ്ഥരുടെ വിമാന ടിക്കറ്റ്, വിസ എന്നിവയ്ക്കായി 3,39,154 രൂപയും (മൂന്നു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം), ഡി.എ. ഇനത്തിൽ 1,17,678 രൂപയും (ഒരു ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) താമസത്തിനും ഭക്ഷണത്തിനുമായി 16,768.7 aed (യു.എ.ഇ. ദിനാർ) യും ചെലവായിട്ടുണ്ട്.

(സി) റീജിയണൽ മീറ്റിംഗിന്റെ മുന്നോടിയായി നോർക്കയിലെ ഉദ്യോഗസ്ഥർ ദുബായ് സന്ദർശിച്ചിരുന്നോ; എങ്കിൽ എത്ര പേരെന്നും അവരുടെ വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസച്ചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവായെന്നും വ്യക്തമാക്കാമോ?

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാനും, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാനും, നോർക്കയിലെ രണ്ട് ഉദ്യോഗസ്ഥരും റീജിയണൽ മീറ്റിംഗിന്റെ മുന്നോടിയായി പ്രിപ്പറേറ്ററി മീറ്റിംഗിനായി ദുബായ് സന്ദർശിച്ചിരുന്നു. ഇവരുടെ വിമാന ടിക്കറ്റ്, വിസ എന്നിവയ്ക്കായി 2,57,263 രൂപയും (രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം), ഡി.എ. ഇനത്തിൽ 1,71,864 രൂപയും (ഒരു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപ മാത്രം) ചെലവായിട്ടുണ്ട്.

### ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് നടപടി

52 (1942) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ-ലഹരിമരുന്ന് മാഫിയ, വട്ടിപ്പലിശ സംഘങ്ങൾ വ്യാപകമാണെന്ന് ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല.

(ബി) ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

മാഫിയ പ്രവർത്തനങ്ങളും മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം എന്നിവ തടയുന്നതിനും പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് ഗുണ്ടാ ആക്രമണം പോലെയുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ പ്രകാരവും മറ്റും ശക്തമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വർണ്ണക്കടത്ത് കേസ് പ്രതികളുടെ ചോദ്യം ചെയ്യൽ**

53 (1943) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രതികളായ സ്വപ്ന സുരേഷിനെയും സരിത്തിനെയും എൻഫോഴ്സ്മെന്റ് ജയിലിൽ ചോദ്യം ചെയ്യുമ്പോൾ അവർ പറയുന്നത് കേൾക്കുവാൻ കഴിയുന്ന അകലത്തിൽ ജയിൽ അധികൃതർ നിൽക്കരുതെന്ന് എറണാകുളം സെഷൻസ് കോടതി നിർദ്ദേശിച്ചിരുന്നോ?

നിർദ്ദേശിച്ചിരുന്നു.

(ബി) പ്രസ്തുത വിധിയെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ?

സമീപിച്ചിട്ടുണ്ട്.

(സി) ജയിലിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതികളെ ചോദ്യം ചെയ്യുമ്പോൾ ജയിലധികൃതരുടെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം ജയിലിൽ പാർപ്പിച്ചിരിക്കുന്ന എല്ലാ പ്രതികളുടേയും ശാരീരിക മാനസികാരോഗ്യം ഉറപ്പുവരുത്തേണ്ടത് ജയിൽ

ഉദ്യോഗസ്ഥരുടെ പൂർണ്ണ ഉത്തരവാദിത്വമാണ്. ചോദ്യം ചെയ്യുമ്പോൾ പ്രതികളെ അന്വേഷണ ഉദ്യോഗസ്ഥർ മാനസികമായോ ശാരീരികമായോ ഉപദ്രവിക്കുന്നില്ലെന്നും ഏതെങ്കിലും തരത്തിൽ നിർബന്ധിക്കുകയോ ഭീഷണിപ്പെടുത്തുകയോ സ്വാധീനിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് ജയിൽ അധികൃതരുടെ സാന്നിദ്ധ്യം തീർത്തും അനിവാര്യമാണ്. കൂടാതെ, ചട്ടം 200 പ്രകാരം ഒരു അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പദവിയിൽ കുറയാതെയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ മാത്രം പോലീസിന് തടവുകാരെ ചോദ്യം ചെയ്യാവുന്നതാണെന്നും തടവുകാരൻ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്താൽ തടവുകാരനെ ശിക്ഷിക്കാൻ പാടില്ലാത്തതാണെന്നും ഈ വ്യവസ്ഥകൾക്ക് വിധേയമല്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനേയും മജിസ്ട്രേറ്റിന്റെ രേഖാമൂലമുള്ള ഉത്തരവ് കൂടാതെ ഒരു തടവുകാരനെ അന്വേഷണത്തിനായി ചോദ്യം ചെയ്യാൻ അനുവദിക്കാൻ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിരിക്കുന്നു.

## പോലീസ് സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ/സിംകാർഡ് വിതരണം

54 (1944) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ/സിംകാർഡ് വിതരണം നടത്തിയിരുന്നോ; എങ്കിൽ എപ്പോൾ; വാങ്ങിയവയെല്ലാം ഒരേ ഇനത്തിലും ഉപയോഗത്തിലും പെട്ടതായിരുന്നോ?

സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ വിതരണം നടത്തിയിട്ടില്ല. എന്നാൽ സർക്കാർ ചെലവിൽ സിംകാർഡ് വിതരണം നടത്തിയിട്ടുള്ളതാണ്. 2009 മുതലാണ് പോലീസ് സേനാംഗങ്ങൾക്ക് CUG സിംകാർഡ് നൽകുന്ന 'Hello Kerala" പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഈ സിംകാർഡുകൾ എല്ലാം ബി.എസ്.എൻ.എൽ.-ൽ നിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവയെല്ലാം ഒരേ ഇനത്തിലും ഉപയോഗത്തിലും പെട്ടവയാണ്.

(ബി) ഏതുതലം മുതൽ ഏതുതലം വരെയുള്ള സേനാംഗങ്ങൾക്കാണ് ഇവ ലഭ്യമാക്കിയത്; എത്ര വീതം?

സി.പി.ഒ. മുതലുള്ള ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ Pre-paid CUG സിം കാർഡുകൾ നൽകിയിട്ടുള്ളതാണ്. ഒരു സേനാംഗത്തിന് ഒരു സിം കാർഡ് മാത്രമേ അനുവദിച്ചിട്ടുള്ളൂ.

(സി) സർക്കാർ ഇവ ഏതെങ്കിലും ടെലിഫോൺ കമ്പനികളിൽ നിന്നാണോ വാങ്ങിയത്; ഇവ വാങ്ങിയതിന് സ്വീകരിച്ച മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ; ഇവ വാങ്ങുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തിയത്?

സിംകാർഡുകൾ ബി.എസ്.എൻ.എൽ.-ൽ നിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി കാർഡുകൾ സൗജന്യമായാണ് ബി.എസ്.എൻ.എൽ.-ൽ നിന്നും ലഭ്യമായിട്ടുള്ളത്. സിം കാർഡുകളുടെ മാസവാടക "2055-00-001-99-05-OE-03 ടെലിഫോൺ ചാർജ്ജസ്" എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. നിലവിൽ പോലീസ് സേനയിൽ 51210 CUG സിം കാർഡുകൾ വിതരണം ചെയ്തിട്ടുള്ളതാണ്.

(ഡി) ഇവ അടിയന്തരമായി ഈ വിഭാഗക്കാർക്ക് മാത്രം വാങ്ങി നൽകുന്നതിന് തിടുക്കമുണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ?

ക്രമസമാധാനപാലനം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ ഒട്ടനവധി അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ആശയവിനിമയം സാധ്യമാക്കുന്നതിനും സേനാംഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുമാണ് CUG സിം കാർഡുകൾ പോലീസിന്റെ ഉപയോഗത്തിനായി നൽകിയിട്ടുള്ളത്.

## പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ

55(1945) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ സ്വകാര്യ മൊബൈൽ ഫോണുകളിൽ തെരുവോരങ്ങളിലെ ടൂ വീലറുകളിൽ ഹെൽമെറ്റ് ധരിക്കാത്ത പോലീസിലേതൊഴികെയുള്ള പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ അവരുടെ അനുമതിയോ അറിവോ ഇല്ലാതെ എടുത്ത് പിഴ ചുമത്തുന്നതിന് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള പോലീസ് സർക്കുലർ നമ്പർ 6/2012 പ്രകാരം വാഹന പരിശോധന നടത്തുന്ന സന്ദർഭങ്ങളിൽ പോലീസ് ജനങ്ങളെ ഉപദ്രവിക്കുന്നുവെന്ന പരാതി ഇല്ലാതാക്കാൻവേണ്ടി പോലീസിന് അനുവദിച്ച ഡിജിറ്റൽ ക്യാമറ, ട്രാഫിക് സർവൈലൻസ് ക്യാമറ, സ്പീഡ് റഡാർ തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ പോലീസുദ്യോഗസ്ഥർ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. കൂടാതെ 30-11-2019 -ലെ പോലീസ് എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 38/2019 പ്രകാരവും മൊബൈൽ ഫോൺ ക്യാമറകളും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും വാഹന പരിശോധന സമയത്ത് പോലീസ് ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നു. പോലീസ് നടപടിയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന അവസരത്തിൽ

ഉപയോഗപ്പെടുത്താൻ അതിനായി കെ.പി.ആർ 33(1) & 33(2) പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഇടയിൽ ചെയ്ത യാതൊരു പ്രവൃത്തിയും വീഡിയോ, ഓഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക്സിൽ സൂക്ഷിക്കാവുന്നതാണ്. ബോധപൂർവ്വം ട്രാഫിക് നിയമ ലംഘനങ്ങൾ നടത്തുന്നവരുൾപ്പെടെയുള്ള ചിത്രങ്ങളാണ് നിർദ്ദേശാനുസരണം പോലീസുദ്യോഗസ്ഥർ മൊബൈൽ ഫോണിൽ പകർത്തുന്നത്. ട്രാഫിക് നിയമലംഘനത്തിനും ആയതിൽപ്പെട്ട വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വിധത്തിലാണ് ചിത്രങ്ങൾ പകർത്തുന്നത്. അല്ലാതെ വ്യക്തികൾക്ക് പ്രാധാന്യം നൽകുന്ന വിധത്തിലല്ല. ഇത്തരത്തിൽ പകർത്തുന്ന ചിത്രങ്ങൾ കേരള ട്രാഫിക് പോലീസ് വാട്സ് ആപ്പ് ഹെൽപ്പ് ലൈൻ നമ്പറിലേക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് നിയമങ്ങളുടെ മേൽ നിയമലംഘനം നടത്തുന്നവരുടെ പേർക്ക് പ്രസ്തുത വിവരത്തിന് നോട്ടീസ്/എസ്.എം.എസ്. അയയ്ക്കുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് കുറ്റക്കാർ പിഴ ഒടുക്കുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ ഇത്തരത്തിൽ നോട്ടീസ് ലഭിച്ചുവരുന്നവരിൽ ചിലർ അയാളുടെ പേരിലുള്ള നിയമലംഘന കുറ്റത്തിന്മേൽ തർക്കങ്ങൾ ഉന്നയിക്കുകയും ഈ അവസരത്തിൽ പ്രസ്തുത ചിത്രങ്ങൾ അവരെ കാണിച്ച് ബോധ്യപ്പെടുത്തി വരുന്നതുമാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഇത്തരം ചിത്രങ്ങൾ അധികമായി പകർത്തുന്ന പോലീസുകാർക്ക് എന്തെങ്കിലും അധിക ഇൻസെന്റീവ് പ്രഖ്യാപിച്ച് വകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ രഹസ്യ നിർദ്ദേശം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(സി) സ്വകാര്യ മൊബൈൽ ഫോണിൽ കൗമാരക്കാരുടെയും ഭർത്താക്കൻമാരുടെയും ഒപ്പം യാത്ര ചെയ്യുന്ന സ്ത്രീകളായ പില്ല്യൻ ട്രാവലേഴ്സിന്റെ ഫോട്ടോ എടുത്ത് ഷെയർ ചെയ്യുന്നതിന് നിയമപരമായി അനുവാദമുണ്ടോ; എങ്കിൽ നിയമത്തിലെ ഏത് ഉപവാക്യം പ്രകാരം; പകർപ്പ് ലഭ്യമാക്കുമോ?

അനുവാദം നൽകിയിട്ടില്ല.

(ഡി) ഇല്ലെങ്കിൽ ഇതിന് അധികാരം നൽകുന്നത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ജനത്തെ സാമ്പത്തികമായി പിഴയടച്ച് കൊള്ളയടിക്കാനും പൊതുജനങ്ങളുടെ സ്വകാര്യതയിൽ പോലീസുകാരെ ഉപയോഗിച്ച് കടന്നുകയറുകയും ചെയ്യുന്ന സർക്കാർ നീക്കം ഉപേക്ഷിക്കുമോയെന്ന് അറിയിക്കുമോ?

നിയമം അനുശാസിക്കുന്ന നടപടികളാണ് ഗതാഗത നിയമ ലംഘകർക്കെതിരെ പോലീസ് സ്വീകരിക്കുന്നത്.

**പോലീസിന്റെ കാര്യക്ഷമത**

56(1946) ശ്രീ. ടി.എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനും കേസ്സുകൾ തെളിയിക്കുന്നതിനും പോലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കുറ്റകൃത്യങ്ങൾ തടയുന്നതിനും കേസ്സുകൾ തെളിയിക്കുന്നതിനും പോലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാര്യശേഷി ഇല്ലാത്തവരെയും ക്രിമിനൽ, അഴിമതിക്കേസുകളിൽ ഉൾപ്പെട്ടവരെയും പോലീസ് വകുപ്പിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ?

ഗുരുതരമായ ക്രിമിനൽ കേസുകളിലുൾപ്പെട്ടവരെ ജോലിയിൽ പ്രവേശിക്കുന്നതിൽനിന്നും ഒഴിവാക്കിയാണ് നിയമന പ്രക്രിയ സജ്ജമാക്കിയിരിക്കുന്നത്. ജോലിയിൽ പ്രവേശിച്ചതിനുശേഷം ക്രിമിനൽ, അഴിമതിക്കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഉദ്യോഗസ്ഥരുടെ കാര്യശേഷിയും മറ്റും ഉൾക്കൊള്ളിച്ചുള്ള വാർഷിക രഹസ്യ വിലയിരുത്തൽ റിപ്പോർട്ടി (ACR)-ന്റെ അടിസ്ഥാനത്തിലാണ് ഉയർന്ന തസ്തികകളിലെ പ്രൊമോഷനുകളിലേക്ക് ഉദ്യോഗസ്ഥരെ പരിഗണിക്കുന്നത്. ക്രിമിനൽ, അഴിമതിക്കേസുകളിൽ ഉൾപ്പെട്ടവരെ ഉയർന്ന തസ്തികകളിലെ പ്രൊമോഷനുകളിൽനിന്നും ഒഴിവാക്കാറുണ്ട്.

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

ഇല്ല

## ശബ്ദസന്ദേശം ചോർന്നതിനെക്കുറിച്ചുള്ള അന്വേഷണം

57(1947) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയാമോ?

(എ) മുഖ്യമന്ത്രിക്കെതിരെ മൊഴി നൽകുവാൻ സമ്മർദ്ദമുണ്ടെന്ന രീതിയിൽ ജയിലിൽ കഴിയുന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷിന്റെ ശബ്ദരേഖ പുറത്ത് വന്നിരുന്നോ?

സ്വർണ്ണക്കടത്തുകേസിൽ പ്രതിപ്പട്ടികയിലുള്ള സ്വപ്ന സുരേഷിന്റേത് എന്ന നിലയിൽ ചില ശബ്ദസന്ദേശങ്ങൾ ദൃശ്യമാധ്യമങ്ങളിൽ പ്രചരിച്ച കാര്യത്തിൽ ക്രൈംബ്രാഞ്ച് പ്രാഥമികാന്വേഷണം നടത്തിവരികയാണ്.

(ബി) ശബ്ദസന്ദേശം ചോർന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ജയിൽ ഡി.ജി.പി ആവശ്യപ്പെട്ടിരുന്നോ?

സ്വർണ്ണക്കടത്തുകേസിൽ പ്രതിപ്പട്ടികയിലുള്ള സ്വപ്ന സുരേഷിന്റേത് എന്ന നിലയിൽ ചില ശബ്ദസന്ദേശങ്ങൾ ദൃശ്യ മാധ്യമങ്ങളിൽ പ്രചരിച്ച കാര്യത്തിൽ ക്രൈംബ്രാഞ്ച് പ്രാഥമികാന്വേഷണം നടത്തിവരികയാണ്.

(സി) അതിന്റെ ഭാഗമായി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

സ്വർണ്ണക്കടത്തുകേസിൽ പ്രതിപ്പട്ടികയിലുള്ള സ്വപ്ന സുരേഷിന്റേത് എന്ന നിലയിൽ ചില ശബ്ദസന്ദേശങ്ങൾ ദൃശ്യ മാധ്യമങ്ങളിൽ പ്രചരിച്ച കാര്യത്തിൽ ക്രൈംബ്രാഞ്ച് പ്രാഥമികാന്വേഷണം നടത്തിവരികയാണ്.

## പോലീസ് വകുപ്പിലെ പ്രൊമോഷൻ

58(1948) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 പോലീസ് ആക്ട് ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായി ചെറിയ കുറ്റങ്ങളുടെ പേരിൽ പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തടയുന്ന ഗുരുതരമായ സ്ഥിതിവിശേഷം വകുപ്പിൽ നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2011 പോലീസ് ആക്ട് ഭേദഗതി ചെയ്തതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തടയുന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി) ഉണ്ടെങ്കിൽ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ നടപടി തടയാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ?**

വകുപ്പുതല സ്ഥാനക്കയറ്റത്തിനായി സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. വകുപ്പ് 28-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയത് പ്രകാരം പോലീസ് ആക്റ്റിലെ സെക്ഷൻ 101 (4)-ൽ പരാമർശിക്കുന്ന "എ" മുതൽ "ജെ " വരെയുള്ള ശിക്ഷകൾ പോലീസ് സേനാംഗങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള അർഹത നഷ്ടപ്പെടുത്തുന്നു. കെ.എസ്. & എസ്.എസ്.ആർ.-ലെ വ്യവസ്ഥകൾ പോലീസ് സേനാംഗങ്ങൾക്കുകൂടി ബാധകമാക്കുകയാണ് പ്രസ്തുത ഭേദഗതിമൂലം നടപ്പാക്കിയത്. പോലീസ് സേനാംഗങ്ങളുടെ യോഗ്യതയനുസരിച്ച് അർഹതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്.

**(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?**

വകുപ്പുതല സ്ഥാനക്കയറ്റത്തിനായി സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. വകുപ്പ് 28-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയത് പ്രകാരം പോലീസ് ആക്റ്റിലെ സെക്ഷൻ 101 (4)-ൽ പരാമർശിക്കുന്ന "എ" മുതൽ "ജെ " വരെയുള്ള ശിക്ഷകൾ പോലീസ് സേനാംഗങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള അർഹത നഷ്ടപ്പെടുത്തുന്നു. കെ.എസ്. & എസ്.എസ്.ആർ.-ലെ വ്യവസ്ഥകൾ പോലീസ് സേനാംഗങ്ങൾക്കുകൂടി ബാധകമാക്കുകയാണ് പ്രസ്തുത ഭേദഗതിമൂലം നടപ്പാക്കിയത്. പോലീസ് സേനാംഗങ്ങളുടെ യോഗ്യതയനുസരിച്ച് അർഹതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്.

**(ഡി) പോലീസ് ആക്റ്റിലെ ഭേദഗതിക്കുശേഷം ചെറിയ കുറ്റങ്ങളുടെ പേരിൽ സംസ്ഥാനത്ത് എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ഡി. പി. സി.-യിൽ തടസ്സപ്പെട്ടിട്ടുണ്ട്; വിശദാംശം നല്കുമോ?**

വകുപ്പുതല സ്ഥാനക്കയറ്റത്തിനായി സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് കെ.എസ്. & എസ്.എസ്.ആർ. വകുപ്പ് 28-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ആയത് പ്രകാരം പോലീസ് ആക്ടിലെ സെക്ഷൻ 101 (4)-ൽ പരാമർശിക്കുന്ന "എ" മുതൽ "ജെ " വരെയുള്ള ശിക്ഷകൾ പോലീസ് സേനാംഗങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള അർഹത നഷ്ടപ്പെടുത്തുന്നു. കെ.എസ്. & എസ്.എസ്.ആർ.-ലെ വ്യവസ്ഥകൾ പോലീസ് സേനാംഗങ്ങൾക്കുകൂടി ബാധകമാക്കുകയാണ് പ്രസ്തുത ഭേദഗതിമൂലം നടപ്പാക്കിയത്. പോലീസ് സേനാംഗങ്ങളുടെ യോഗ്യതയനുസരിച്ച് അർഹതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്.

**(ഇ) മൂന്നുവർഷത്തിലധികമായി കേരള പോലീസ് സർവ്വീസിൽ എസ്. പി. തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തുടർനടപടി അടിയന്തരമായി സ്വീകരിക്കുമോ?**

എല്ലാ വർഷവും എസ്.പി. തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് കൃത്യമായി പ്രൊമോഷൻ നൽകിവരുന്നുണ്ട്.

**(എഫ്) ഇപ്പോൾ സംസ്ഥാന പോലീസ് സർവ്വീസിൽ എസ്.പി. മാരിൽ ഏതെല്ലാം കാറ്റഗറിയിലുള്ളവരിൽ നിന്നാണ് ഐ.പി.എസ്. കൺഫർ ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ?**

സംസ്ഥാന പോലീസ് സർവ്വീസിൽ യോഗ്യരായ SP/DYSP-മാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ അതാത് വർഷത്തെ ഒഴിവുകൾക്കനുസരിച്ച് ഐ. പി. എസ്. കൺഫർ ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നു.

## ലൈഫ് ഭവന പദ്ധതിയിന്മേൽ അന്വേഷണം

**59(1949) <u>ശ്രീ. ഒ. രാജഗോപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള കമ്മീഷൻ ഇടപാടും മറ്റ് തട്ടിപ്പുകളും സംബന്ധിച്ച ആരോപണങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് അറിയിക്കാമോ?**

പ്രസ്തുത വിഷയം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 തിരുവനന്തപുരം, വി.സി. 2/2020/SIU-1 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി അന്വേഷണം പൂർത്തിയായാൽ മാത്രമേ ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ബി) സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിന് ബന്ധമുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ?

കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാതെ കടത്തി കൊണ്ടുവരുന്ന സ്വർണ്ണം കണ്ടെത്തുകയും കണ്ടുകെട്ടുകയും ചെയ്യുന്ന ചുമതല കസ്റ്റംസ് വകുപ്പിനാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലെ വിഷയമാണ് കസ്റ്റംസ്. സ്വർണ്ണക്കടത്ത് നടക്കുന്നുണ്ടെങ്കിൽ അത് തടയേണ്ടതും അതുമായി ബന്ധപ്പെട്ടവരെ കണ്ടെത്തേണ്ടതും കേന്ദ്രസർക്കാരിന്റെ സമ്പൂർണ്ണ ഉത്തരവാദിത്വമാണ്.

## പോലീസ് സേനയുടെയും പോലീസ് സ്റ്റേഷനുകളുടെയും നവീകരണത്തിനായി നടപടി

60(1950) <u>ശ്രീ. റ്റി. വി. രാജേഷ്</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകാമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയുടെയും പോലീസ് സ്റ്റേഷനുകളുടെയും നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

2. രണ്ടോ അതിലധികമോ എസ്.ഐ.മാരുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്.

3. അധികാരപരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബുകളിലേക്ക് അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

5. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

6. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

7. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP എന്ന പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

8. ജീവഹാനി കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവീര്യമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

9. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് CCPWC.

10. പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കാൻ "e-VIP" വെബ് പോർട്ടൽ ഏർപ്പെടുത്തി.

11. മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ/ഫീസ് എന്നിവ ഡിജിറ്റലായി ഒടുക്കുന്നതിനുള്ള 'Traffic Offence Compounding E-Chalan System' ആരംഭിച്ചിട്ടുണ്ട്.

12. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

13. സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ?

പൊതുജന സഹകരണത്തോടെ സമൂഹത്തിനാകമാനം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിൽ ഊന്നി വിഭാവനം ചെയ്ത് വിജയകരമായി സംസ്ഥാനത്താകമാനം നടപ്പിലാക്കി വരുന്നതാണ് ജനമൈത്രി സുരക്ഷാ പദ്ധതി. ഇത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിന്റെ ഭാഗമായി ജനമൈത്രി M ബീറ്റ് പദ്ധതി, പ്രശാന്തി, ട്രൈബൽ ജനമൈത്രി, ലഹരിവിരുദ്ധ കാവൽ കൂട്ടം, കവചം, വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി, മൈഗ്രന്റ് ജനമൈത്രി, ഇ-വിദ്യാരംഭം എന്നിവയും സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നു. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുക, ഭാവിയിലെ ഉത്തരവാദിത്വമുള്ള പൗരൻമാരെ സൃഷ്ടിക്കുക, ആദിവാസി ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക, സ്ത്രീ സുരക്ഷ, മുതിർന്ന പൗരൻമാരുടെ ക്ഷേമം, ഗതാഗത അവബോധം മെച്ചപ്പെടുത്തൽ, പൊതുജന പിന്തുണയോടെ ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ നിരീക്ഷണം വ്യാപിപ്പിക്കുക, ഇരകളുടെ പുനരധിവാസം, മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ അവബോധം, പാർപ്പിടം, വാണിജ്യ മേഖലകളുടെ സുരക്ഷ, കാണാതായ കുട്ടികളെ തിരിച്ചറിയൽ, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ദേശീയപാത സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുജനങ്ങളുടെ സുരക്ഷ എന്നിവയാണ് കമ്മ്യൂണിറ്റി പോലീസിംഗിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തുവരുന്നു.

(സി) പൊതുജനങ്ങൾക്ക് പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച്

POL-APP പൊതുജനങ്ങൾക്കായി സജ്ജമാക്കിയിട്ടുണ്ട്. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാവുന്നതാണ്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും കേരള പോലീസ് സൈബർ ഡോം എന്ന നൂതന സംരംഭം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സൈബർ ഡോമിൽ നിലവിൽ 500-ഓളം എത്തിക്കൽ ഹാക്കർമാരും രാജ്യത്തെ 30-ഓളം പ്രമുഖ ഐ.ടി. കമ്പനികളും 1500 സ്റ്റുഡന്റ് വോളന്റിയർമാരും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇന്റർനാഷണൽ ഓർഗനൈസേഷൻസായ OWASP, ISACA, ISRA എന്നിവയും വിവിധ രാജ്യങ്ങളിലെ CERT-കളും C-DAC, ഐ.ടി. മിഷൻ പോലെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുമായും സൈബർഡോം സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

## പയ്യന്നൂരിൽ പുതിയ ഡിവൈ.എസ്.പി. ഓഫീസ്

61 (1951) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ താലൂക്ക് കേന്ദ്രീകരിച്ച് പയ്യന്നൂരിൽ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

## പുതിയ പോലീസ് സബ് ഡിവിഷൻ

62(1952) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോട്ടക്കൽ നിയോജകമണ്ഡലം കേന്ദ്രീകരിച്ച് പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച് ഇ 1/179/2019/ഹോം ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ; നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഡിവൈ.എസ്.പി. മാരേക്കാൾ മുകളിൽ ശമ്പളം വാങ്ങുന്ന എത്ര സർക്കിൾ ഇൻസ്പെക്ടർ നിലവിലുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഡിവൈ.എസ്.പി.-മാരുടെ അടിസ്ഥാന ശമ്പളത്തേക്കാൾ മുകളിൽ ശമ്പളം വാങ്ങുന്ന 17 സർക്കിൾ ഇൻസ്പെക്ടർമാരുണ്ട്.

(സി) സംസ്ഥാനത്ത് പോലീസ് ക്യാമ്പുകളിലെ അസിസ്റ്റന്റ് കമാന്റന്റുമാരുടെ എത്ര തസ്തികകൾ ഇല്ലാതാക്കിയിട്ടുണ്ട്; ഏതെല്ലാം; വ്യക്തമാക്കുമോ?

ഇല്ലാതാക്കിയിട്ടില്ല.

(ഡി) നിർത്തലാക്കിയ ക്യാമ്പുകളിലെ അസിസ്റ്റന്റ് കമാന്റന്റുമാരുടെ തസ്തികകൾ ലോക്കൽ പോലീസിലേക്ക് മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## ശോച്യാവസ്ഥയിലുള്ള തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടം

63(1953) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റ് 2020-21 അലോട്ട്മെന്റ് പ്രകാരം ഈ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചു വരുന്നു.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പോലീസ് വകുപ്പിൽ സബ്ഡിവിഷനുകൾ

64(1954) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പുതിയ സബ്ഡിവിഷനുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഒല്ലൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ?

(എ & ബി) സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ്**

65(1955) <u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ഇരുചക്രവാഹങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കുന്നതിൽ ഇളവ് നൽകിയതിൽ ഈ സർക്കാർ മാറ്റം വരുത്തുകയുണ്ടായോ; എങ്കിൽ പിഴ ഒടുക്കിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ലഭിച്ചു?

കേന്ദ്ര സർക്കാർ പുതുതായി നടപ്പിലാക്കിയ മോട്ടോർ വാഹന (ഭേദഗതി) ആക്ട്, 2019 പ്രകാരം പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഇരുചക്രവാഹനങ്ങളുടെ പിൻസീറ്റിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് ഹെൽമെറ്റ് ധരിക്കാത്തതിന് 91,17,817 രൂപ (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി പതിനേഴ് രൂപ) പിഴയായി ഈ സർക്കാരിന്റെ കാലത്ത് ഈടാക്കിയിട്ടുണ്ട്.

(ബി) പോലീസുകാർ അവരവരുടെ മൊബൈൽ ക്യാമറ ഉപയോഗിച്ച് ടൂ വീലർ യാത്രക്കാരുടെ ചിത്രങ്ങൾ പകർത്തുന്നതിന് അധികാരം നല്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ലഭ്യമാക്കുമോ?

റോഡുകളിൽ വാഹനം തടഞ്ഞുള്ള പരിശോധനയ്ക്കുപകരം എല്ലാ ഉദ്യോഗസ്ഥരും കഴിയുന്നതും ക്യാമറ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിച്ച് നിയമലംഘനങ്ങൾ റിക്കാർഡ് ചെയ്യുകയും, അതിനുശേഷം രജിസ്ട്രേഷൻ നമ്പർ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിക്കുകയും വേണമെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ 18-5-2015 -ലെ Executive Directive No. 09/2015, 1-9-2018-ലെ 38/2018 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 2011-ലെ കേരള പോലീസ് ആക്ട് 33 വകുപ്പ് പ്രകാരം പോലീസിന് അവരുടെ ചുമതല നിർവ്വഹിക്കുന്നതിനിടയിൽ ചെയ്ത ഏതൊരു പ്രവൃത്തിയുടെയും ഓഡിയോ, വീഡിയോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും അങ്ങനെയുള്ള റിക്കാർഡുകൾ പോലീസ് നടപടിയുടെ സത്യാവസ്ഥ ചോദ്യം ചെയ്യപ്പെടുന്ന ഏതൊരു നടപടിക്രമത്തിനും ഉപയോഗിക്കുവാനും അധികാരം നൽകുന്നുണ്ട്. ഈ

നിയമത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച 9-5-2013-ലെ സർക്കുലർ നം. 11/2013 പ്രകാരവും പോലീസ് ഉദ്യോഗസ്ഥർക്ക് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച പകർപ്പുകൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി)കേന്ദ്ര സർക്കാരിനെ ഇക്കാര്യത്തിൽ എതിർക്കുകയും എന്നാൽ ഇതിന്റെ പേരിൽ വൃദ്ധരെയും കുട്ടികളെയുംപോലും വെറുതെ വിടാതെ പിഴ ഈടാക്കുകയും ചെയ്യുന്നതായ സമീപനത്തിൽ സർക്കാർ മാറ്റം വരുത്തുമോ; എങ്കിൽ എപ്രകാരമാണെന്നറിയിക്കുമോ; ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിനെ മാതൃകയാക്കി ജനത്തെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കാൻ തയ്യാറാകുമോ?

നിയമം അനുശാസിക്കുന്ന നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നത്.

## ആഭ്യന്തര വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

66(1956) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫയർ & റസ്ക്യൂ സർവ്വീസസിൽ 205 തസ്തികകളും ജയിൽ വകുപ്പിൽ 334 തസ്തികകളും കെമിക്കൽ എക്സാമിനർ ലബോറട്ടറി വകുപ്പിൽ 3 തസ്തികകളും പോലീസ് വകുപ്പിൽ 3856 സ്ഥിരം തസ്തികകളും 863 താൽക്കാലിക തസ്തികകളുമായി ആകെ 4719 തസ്തികകളും പ്രോസിക്യൂഷൻ ഡയറക്ടേറ്റിൽ 149 തസ്തികകളും ജുഡീഷ്യറിയിൽ 1992 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ 11265 പേരെയും വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 509 പേരെയും പി.എസ്.സി. മുഖാന്തിരവും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 54 പോലീസ് കോൺസ്റ്റബിൾമാരെയും 21 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

67(1957) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

748 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ നേട്ടങ്ങൾ വിശദീകരിക്കാമോ?

വിദ്യാർത്ഥികളെ ഉത്തരവാദിത്വവും കഴിവുമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിനും അവരെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടും മറ്റും സഹാനുഭൂതിയോടെ പെരുമാറാനും തിന്മക്കെതിരെ പ്രതിരോധിക്കാനും പ്രാപ്തിയുള്ള ഉത്തമ പൗരന്മാരായി വാർത്തെടുക്കുവാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നു.

(സി) ഈ പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഘട്ടംഘട്ടമായി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

68(1958) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിക്കായി സർക്കാർ പ്രതിവർഷം എത്ര കോടി രൂപ ചെലവാക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ ചെലവാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുട്ടികൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 62748 കുട്ടികൾ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* നൽകുന്നു.

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിലവിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു; എത്ര കുട്ടികൾ ഇതിന്റെ ഭാഗമായി ടി മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്നു; വ്യക്തമാക്കാമോ?

കൊച്ചി നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന 3 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

1. ജി.എച്ച്.എസ്.എസ്. പുത്തൻതോട്

2. തിരുമല ദേവസ്വം എച്ച്.എസ്, മട്ടാഞ്ചേരി

3. സെന്റ്.സെബാസ്റ്റ്യൻ എച്ച്.എസ്., തോപ്പുംപടി

ഇതിന്റെ ഭാഗമായി 264 കുട്ടികൾ ടി സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നു; വിശദാംശം വ്യക്തമാക്കുമോ?

പത്താം ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 5% ഗ്രേസ് മാർക്കും, കേരള യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ഡിഗ്രി അഡ്മിഷൻ സമയത്ത് 15 മാർക്ക് വെയിറ്റേജും നൽകിവരുന്നു.

## കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതിനെതിരെ നടപടി

69(1960) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; അവർ ആരെല്ലാം; ഇവരുടെ തൊഴിൽ മേഖല ഏതെന്ന് വ്യക്തമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട് 189 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര സ്ഥലങ്ങളിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി; എത്ര ഉപകരണങ്ങൾ പിടിച്ചെടുത്തു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 1007 സ്ഥലങ്ങളിൽ പരിശോധന നടത്തുകയും 916 ഉപകരണങ്ങൾ പിടിച്ചെടുക്കുകയും 785 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കുട്ടികളുടെ മനസ്സിലും ജീവിതത്തിലും ആഴമേറിയ മുറിപ്പാടുകളുണ്ടാക്കുന്ന ഇത്തരം ഗൂഢസംഘങ്ങളെ അമർച്ച ചെയ്യാനും ഇവരുടെ പേരും ഫോട്ടോയും ഉൾപ്പെടെ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാനും കഴിയുന്ന തരത്തിൽ നിയമത്തിൽ കർശന വ്യവസ്ഥ ഉൾപ്പെടുത്തി ഇവർക്ക് കഠിന ശിക്ഷ വാങ്ങി നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. Cyber Dome, Cyber Police ഉം കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നിരന്തരം നിരീക്ഷിക്കുകയും Operation P-Hunt പോലുള്ള റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പോലീസിന്റെ സോഷ്യൽ മീഡിയ, വെബ്സൈറ്റുകൾ, മറ്റ് നവമാധ്യമങ്ങൾ എന്നിവ വഴി കുട്ടികൾക്കും പൊതുജനങ്ങൾക്കും നിയമത്തിന്റെ അവബോധവും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു.

**കുഞ്ഞാമിനയുടെ കൊലപാതകത്തിന്റെ അന്വേഷണം**

70(1961) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക നാല് വർഷം മുൻപ് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

ഇതുസംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s 397, 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് ഇരിക്കൂർ പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. കേസ്സിലെ പ്രതികളെന്ന് സംശയിക്കുന്നവർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ പേരുകളിൽ ഒളിവിൽ കഴിഞ്ഞുവരുന്നുവെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും ലുക്ക് ഔട്ട് സർക്കുലർ (LOC) തയ്യാറാക്കി അയച്ചിട്ടുണ്ട്. പ്രതികളെന്ന് സംശയിക്കുന്നവരുടെ ഫോട്ടോ സാമൂഹ്യ-ദൃശ്യ മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടന്നുവരുന്നു.

(ബി) ക്രൈംബ്രാഞ്ചാണോ കേസ് അന്വേഷിക്കുന്നതെന്നും അവരുടെ നിഗമനങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

ടി കേസ് ഇരിക്കൂർ പോലീസാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടില്ല.

(സി) കേസ് സി.ബി.ഐ.-യ്ക്ക് കൈമാറണമെന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും ആവശ്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## പെരിയയിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസ്

71 (1963) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാസർഗോഡ് പെരിയയിൽ ശരത്‌ലാൽ, കൃപേഷ് എന്നീ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. അന്വേഷണം തടയുന്നതിന് സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

അന്വേഷണം തടയുന്നതിന് സർക്കാർ യാതൊരു ശ്രമവും നടത്തിയിട്ടില്ല.

(ബി) കേസ് സി.ബി.ഐ.-ക്ക് വിട്ടുകൊണ്ട് ഹൈക്കോടതി വിധി പ്രസ്താവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സംസ്ഥാന വിജിലൻസ് സി.ബി.ഐ.-ക്ക് കേസ് ഡയറി പോലും കൈമാറാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്?

പ്രസ്തുത കേസിന്റെ അന്വേഷണം സംസ്ഥാന വിജിലൻസ് നടത്തിയിട്ടില്ല. അന്വേഷണം നടത്തുന്നത് ക്രൈം ബ്രാഞ്ചാണ്.

**(സി) ഹൈക്കോടതി ഉത്തരവിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ പോയിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നെന്ന് വെളിപ്പെടുത്താമോ?**

അപ്പീൽ സമർപ്പിച്ചിരുന്നു. ക്രൈം ബ്രാഞ്ച് കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിരുന്നതിനാലാണ് ബഹു.കേരള ഹൈക്കോടതി ഉത്തരവിനെതിരെ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ പോയത്.

**(ഡി) കേസ് സി.ബി.ഐ.-യ്ക്ക് വിട്ട ഹൈക്കോടതി നടപടി സുപ്രീംകോടതി ശരിവച്ചിട്ടുണ്ടോ; അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത കേസന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?**

പ്രസ്തുത നടപടി ബഹു. സുപ്രീംകോടതി ശരിവച്ചിട്ടുണ്ട്. കേസ് ഫയൽ സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ട്.

## കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം

**72(1964) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം എന്നാണ് നടന്നത്?**

14-11-2016 21.30 മണിക്കും 15-11-2016 7.45 മണിക്കും ഇടയിലുള്ള സമയത്ത്.

**(ബി) പ്രസ്തുത കേസിലെ പ്രതികളെ പിടികൂടുന്നതിനും കേസ് തെളിയിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?**

കടമ്പഴിപ്പുറം ഇരട്ടക്കൊലപാതകം സംബന്ധിച്ച് ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 753/2016 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. CB Crime No.50/2017/CB/PKD ആയി റീനമ്പർ ചെയ്ത് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അയൽവാസികളെയും സംശയിക്കുന്നവരേയും നിരീക്ഷിച്ച് ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## വാഗമൺ മയക്കുമരുന്ന് അന്വേഷണം

73 (1965) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാഗമൺ റിസോർട്ട് കേന്ദ്രീകരിച്ച് നിശാപാർട്ടിയും മയക്കുമരുന്നു ക്രയവിക്രയവും നടന്നതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ; കുറ്റക്കാർക്കെതിരെ നാർക്കോട്ടിക്സ് നിയമം അനുസരിച്ചുള്ള നടപടി സ്വീകരിക്കുമോ?

വാഗമൺ റിസോർട്ട് കേന്ദ്രീകരിച്ച് നിശാപാർട്ടിയും മയക്കുമരുന്ന് ക്രയവിക്രയവും നടക്കുന്നതായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്ത് പരിശോധന നടത്തി 11 പേർക്കെതിരെ വാഗമൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 597/2020 U/S 20(b)iiA, 22(a), 22(b), 22(c), 27, 29 of NDPS Act ആയി രജിസ്റ്റർ ചെയ്ത കേസ് വിശദമായ അന്വേഷണത്തിന് സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും, ആയത് ക്രൈം 324/CB/IDK/R/20 U/S 20(b)iiA, 22(a)(b)(c), 27 & 29 of NDPS Act, 1985 പ്രകാരം റീനമ്പർ ചെയ്ത് ഇടുക്കി ക്രൈംബ്രാഞ്ച് യൂണിറ്റ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നതുമാണ്.

## രാജൻ-അമ്പിളി ദമ്പതികൾ തീപ്പൊള്ളലേറ്റ് മരിക്കാൻ ഇടയായ സംഭവം

74 (1967) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെയ്യാറ്റിൻകര അതിയന്നൂർ പഞ്ചായത്തിൽ ഭാസ്കർ നഗർ വാർഡിലെ നെട്ടത്തോട്ടം കോളനിയിൽ താമസിച്ചിരുന്ന രാജൻ-അമ്പിളി ദമ്പതികൾ തീപ്പൊള്ളലേറ്റ് മരിക്കാനിടയായ സംഭവത്തെക്കുറിച്ച് നടക്കുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) ഇവരെ കുടിയൊഴിപ്പിക്കാനുള്ള നെയ്യാറ്റിൻകര പ്രിൻസിപ്പൽ മുൻസിഫ് കോടതിയുടെ 2020 ജൂൺ മാസത്തിലെ ഉത്തരവ് 2021 ജനുവരി 5-ാം തീയതി വരെ വിധി നടപ്പാക്കുന്നത് മരവിപ്പിച്ചുകൊണ്ട് അതേ കോടതി 2020 ഡിസംബർ മാസം ഉത്തരവ് പുറപ്പെടുവിച്ച ദിവസംതന്നെ അവരെ ഒഴിപ്പിക്കുന്നതിന് അമിതാവേശം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഇതുസംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

(സി) 2020 ഡിസംബർ 22-ാം തീയതിയിലെ ദാരുണ സംഭവത്തെക്കുറിച്ച് അന്ന് തന്നെയോ രാജൻ മരിച്ചതിന് ശേഷമോ അന്വേഷണം നടത്താതിരിക്കുകയും അമ്പിളികൂടി മരിച്ചശേഷം പൊതുജനവികാരം ഉയർന്നപ്പോൾ മാത്രം അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സംഭവം റിപ്പോർട്ട് ചെയ്ത 22-12-2020 -നുതന്നെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നം.3573/2020 u/s 353 & 309 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ഡി) ഇത്തരം സാഹചര്യത്തിൽ രണ്ട് മരണം സംഭവിക്കുന്നതുവരെ അന്വേഷണം വൈകിപ്പിച്ചത് എന്തുകൊണ്ട്; അന്വേഷണം വൈകിപ്പിച്ചതിനും ഈ സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതെ നീട്ടിക്കൊണ്ടുപോകുന്നതിനും പിന്നിൽ ഭരണകക്ഷിയായ സി.പി.ഐ.(എം.)-ന്റെ ജില്ലാ നേതൃത്വത്തിന്റെ ഇടപെടലാണെന്ന ആരോപണം അന്വേഷിക്കുമോ?

പ്രസ്തുത സംഭവം റിപ്പോർട്ട് ചെയ്ത 22-12-2020-ന് തന്നെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 3573/2020 u/s 353 & 309 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

## യു.എ.പി.എ. കേസുകൾ

75 (1969) ശ്രീ പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ യു.എ.പി.എ. ചുമത്തിയ എത്ര കേസുകൾ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണത്തിൽ യു.എ.പി.എ. ഒഴിവാക്കിയിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യു.എ.പി.എ. ചുമത്തിയ കേസുകളിൽ നിരോധിത സംഘടനകളുമായി ബന്ധപ്പെട്ടവ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ?

(എ - സി) 175 കേസുകളാണ് നിലവിലുണ്ടായിരുന്നത്. യു.എ.പി.എ. ചുമത്തുന്ന കേസുകളിൽ പരിശോധനയ്ക്കായി റിട്ട.ഹൈക്കോടതി ജഡ്ജി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് യു.എ.പി.എ. ഒഴിവാക്കുക. ഇവയിൽ 135 കേസുകൾ നിരോധിത സംഘടനകളുമായി ബന്ധപ്പെട്ടതാണ്.

## ആലപ്പുഴ ജില്ലയിലെ വാഹനാപകടങ്ങൾ

76 (1970) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ ജില്ലയിൽ 2016 മുതൽ 2020 ഡിസംബർ 31 വരെ ഉണ്ടായിട്ടുള്ള വാഹനാപകടങ്ങൾ എത്രയെന്നും, എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും, പരിക്കേറ്റവർ എത്രയെന്നും ഓരോ വർഷം തിരിച്ച് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ഉണ്ടായിട്ടുള്ള വാഹനാപകടങ്ങളുടെയും മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | ആകെ വാഹനാപകടങ്ങളുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം | ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണം | നിസ്സാരമായി പരിക്കേറ്റവരുടെ എണ്ണം |
|---|---|---|---|---|
| 2016 | 2999 | 356 | 2333 | 1133 |
| 2017 | 311 | 407 | 2437 | 1074 |
| 2018 | 3489 | 373 | 2840 | 1294 |
| 2019 | 3632 | 409 | 2956 | 1233 |
| 2020 | 2529 | 249 | 2071 | 750 |

(ബി) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലകുളങ്ങര, കായംകുളം, കനകകുന്ന്, കുറത്തികാട്, മാവേലിക്കര, വള്ളിക്കുന്നം എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ ഉണ്ടായിട്ടുള്ള റോഡപകടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കരീലക്കുളങ്ങര, കായംകുളം, കനകക്കുന്ന്, കുറത്തികാട്, മാവേലിക്കര, വള്ളിക്കുന്നം എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ 2016 മുതൽ 2020 വരെയുള്ള കാലയളവിൽ റിപ്പോർട്ടായ വാഹനാപകടങ്ങളുടെയും, മരണപ്പെട്ടവരുടെയും, പരിക്കേറ്റവരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൈബർ ഇടങ്ങളിലെ വ്യക്തിഹത്യ

77 (1971) ശ്രീ. ടി.എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഇടത്തിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നടക്കുന്ന വ്യക്തിഹത്യയും അധിക്ഷേപങ്ങളും വർദ്ധിച്ചുവരുന്നത് തടയുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**(എ & ബി) ഇത്തരം സംഭവങ്ങൾ തടയുന്നതിന് നിലവിലെ നിയമങ്ങൾക്ക് വിധേയമായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.**

## ഓൺലൈൻ ചൂതാട്ട ഗെയിമുകൾ

78(1972) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കടക്കെണികളിലൂടെയും ആത്മഹത്യയിലേയ്ക്കും തള്ളിവിടുന്ന ഓൺലൈൻ ചൂതാട്ട ഗെയിമുകൾ സംസ്ഥാനത്ത് സജീവമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഗെയിമുകളെ നിയന്ത്രിക്കുന്നതിന് നിയമമുണ്ടോ; ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ?

നിലവിൽ പരിഗണനയിലില്ല. ഇതുസംബന്ധിച്ച് ഒരു പ്രിലിമിനറി എൻക്വയറി നടത്തുന്നതിന് ക്രൈം ബ്രാഞ്ചിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സൈബർ ഡോം കാര്യക്ഷമമായ സൈബർ പട്രോളിംഗ് നടത്തി ഇത്തരം ആപ്പുകളെ കണ്ടെത്താനും നിരീക്ഷിക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം ആപ്പുകൾക്കും

ഗെയിമുകൾക്കുമെതിരെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ബോധൽക്കരിക്കുന്നതിനായി സോഷ്യൽ മീഡിയ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി, എസ്.പി.സി. പദ്ധതി എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി**

79 (1973) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുജന സഹകരണത്തോടെ സമൂഹത്തിലാകമാനം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിൽ ഊന്നി വിഭാവനം ചെയ്ത് ജനമൈത്രി പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായിട്ടുള്ള ജനമൈത്രി സുരക്ഷാ സംവിധാനത്തിന്റെ കീഴിൽ ജനമൈത്രി M ബീറ്റ് പദ്ധതി, പ്രശാന്തി, ട്രൈബൽ ജനമൈത്രി, ലഹരിവിരുദ്ധ കാവൽക്കൂട്ടം, കവചം, വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി, മൈഗ്രന്റ് ജനമൈത്രി, ഇ-വിദ്യാരംഭം എന്നിവയും സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നു. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുക, ഭാവിയിലെ ഉത്തരവാദിത്വമുള്ള പൗരന്മാരെ സൃഷ്ടിക്കുക, ആദിവാസി ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക, സ്ത്രീ സുരക്ഷ, മുതിർന്ന പൗരൻമാരുടെ ക്ഷേമം, ഗതാഗത അവബോധം മെച്ചപ്പെടുത്തൽ, പൊതുജന പിന്തുണയോടെ ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ നിരീക്ഷണം വ്യാപിപ്പിക്കുക, ഇരകളുടെ പുനരധിവാസം, മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ അവബോധം, പാർപ്പിടം, വാണിജ്യ മേഖലകളുടെ സുരക്ഷ, കാണാതായ കുട്ടികളെ തിരിച്ചറിയൽ, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ദേശീയപാത സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുജനങ്ങളുടെ സുരക്ഷ എന്നിവയാണ് കമ്മ്യൂണിറ്റി പോലീസിംഗിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റെസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തുവരുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് എയ്ഡ്പോസ്റ്റ്

80(1974) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച പോലീസ് എയ്ഡ്പോസ്റ്റിൽ നിലവിൽ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിതമായ എയ്ഡ്പോസ്റ്റിലേക്ക് എല്ലാ ദിവസവും പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്.

(ബി) പോലീസ് എയ്ഡ്പോസ്റ്റിൽ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ആശുപത്രിയിൽനിന്നും രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(സി) സ്ഥിരമായി പോലീസിനെ നിയോഗിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

## ഹോംഗാർഡ്സിന്റെ ചുമതലകൾ

81(1975) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി നിയമിച്ചിട്ടുള്ള ഹോംഗാർഡ്സിന് എന്തെല്ലാം ചുമതലകളാണ് നൽകാറുള്ളത്; റോഡ് നിയമങ്ങൾ ലംഘിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്നതിന് ഇവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റോഡ് നിയമങ്ങൾ ലംഘിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്നതിന് ഹോംഗാർഡ്സിനെ ചുമതലപ്പെടുത്തിയിട്ടില്ല. പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തി നിയമിച്ചിട്ടുള്ള ഹോംഗാർഡ്സിന് താഴെപ്പറയുന്ന ചുമതലകളാണ് 26-11-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 190/2009/ ആഭ്യന്തരം പ്രകാരം നൽകിയിട്ടുള്ളത്.

1. ഫയർ ഫൈറ്റിംഗ് & റെസ്ക്യൂ ഓപ്പറേഷൻസ്.

2.ട്രാഫിക് കൺട്രോൾ & റെഗുലേഷൻസ്.

3. ഫെസ്റ്റിവൽ ബന്തോവസ്ത്

4. ഫങ്ഷൻ ബന്തോവസ്ത്

5. നാഷണൽ കലാമിറ്റീസ് - സിവിൽ ഡിഫൻസ് ഓപ്പറേഷൻസ്.

6. സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾസ് (ഇലക്ഷൻ സമയത്ത്)

7. സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടീസ്.

8. പട്രോൾ അസിസ്റ്റൻസ്

9. കമ്മ്യൂണിറ്റി പോലീസിംഗ്.

(ബി) ഗതാഗതനിയമം ലംഘിക്കുന്ന സ്ത്രീകളുൾപ്പെടെയുള്ള യാത്രക്കാരോട് ഹോംഗാർഡ്സ് അപമര്യാദയായി പെരുമാറുന്നതും പൊതുജനമധ്യത്തിൽ അവരെ അപമാനിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ?

ഏതാനും ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിക്കുകയും ഇത്തരക്കാരെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി മടക്കി അയയ്ക്കുകയും ചെയ്യാറുണ്ട്.

(സി) യാത്രക്കാരോടും പൊതുജനങ്ങളോടും സ്ത്രീകളോടും അപമര്യാദയായി പെരുമാറിയ എത്ര ഹോംഗാർഡ്സിനെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്?

4 പേർക്കെതിരെ.

(ഡി) പൊതുജനങ്ങളോടും യാത്രക്കാരോടും മാന്യമായി പെരുമാറുന്നതിനുവേണ്ട ക്ലാസ്സുകൾ ആവശ്യമാണെങ്കിൽ ആയത് ഇവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൊതുജനങ്ങളോടും യാത്രക്കാരോടും മാന്യമായി പെരുമാറുന്നതിന് വേണ്ട ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. അത് തുടർന്നും നടത്തുന്നതാണ്.

## മുക്കം പോലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം

82 (1976) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട് തിരിച്ചുപിടിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

മുക്കം പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി 2018-19 സ്റ്റേറ്റ് പ്ലാൻ സ്കീം പ്രകാരം 190 ലക്ഷം രൂപ അനുവദിക്കുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ടി സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കാൻ പൊതുമരാമത്ത് വകുപ്പ് വൈകിയതിനാൽ ബഹു. എം.എൽ.എ. -യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത നിർമ്മാണം നടത്തുന്നതിനും നേരത്തേ അനുവദിച്ച തുക പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി അനുമതി നൽകിയിട്ടുണ്ട്.

## അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ

83 (1977) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ബി) അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## തൃക്കാക്കര - വെണ്ണല ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ

84 (1978) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെണ്ണല ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) വെണ്ണല പോലീസ് സ്റ്റേഷൻ അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

## ബാലരാമപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

85 (1979) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ ബാലരാമപുരം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ബാലരാമപുരം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് വക സർവ്വേ നമ്പർ 240/15-ൽ ഇരുപത് സെന്റ് റവന്യൂ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാട്ടാക്കടയിലെ ഡിവൈ.എസ്.പി. ഓഫീസ്

86 (1980) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്കാസ്ഥാനമായ കാട്ടാക്കട കേന്ദ്രമായി ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## ചാലക്കുടിയിൽ പോലീസ് കോംപ്ലക്സ്

87 (1981) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പോലീസ് കോംപ്ലക്സ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സുകൾ സ്ഥിതി ചെയ്യുന്ന ഭാഗം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തൃക്കാക്കര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾ**

88 (1982) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ തൃക്കാക്കര നിയോജകമണ്ഡലം ഉൾപ്പെടുന്നുവെന്ന് വിശദമാക്കാമോ?

കൊച്ചി സിറ്റിയിലെ എളമക്കര, പാലാരിവട്ടം, കടവന്ത്ര, മരട്, എറണാകുളം ടൗൺ സൗത്ത്, തൃക്കാക്കര, ഇൻഫോ പാർക്ക് എന്നീ പോലീസ് സ്റ്റേഷനുകളാണ് തൃക്കാക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നത്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും നിലവിലുള്ള സ്റ്റാഫ് സ്ട്രെംഗ്ത് എത്രയെന്ന് വിശദമാക്കാമോ; നിലവിൽ ഓരോ സ്റ്റേഷനിലും എത്ര പേർ വീതം സേവനമനുഷ്ഠിക്കുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിവുണ്ടെന്നും വിശദമാക്കുമോ?

ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(സി) ഈ സ്റ്റേഷനുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഒഴിവുകൾ നികത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ**

89 (1983) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പ്രമുഖ വ്യവസായി സൗജന്യമായി നൽകിയ സ്ഥലം ചതുപ്പ് നിലമായതിനാൽ സ്റ്റേഷൻ നിർമ്മിക്കാൻ സാധിക്കില്ല.

(ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സൗജന്യമായി ലഭ്യമായ സ്ഥലം അനുയോജ്യമല്ലെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് പുതിയ സ്ഥലം കണ്ടെത്താനുള്ള നടപടികൾ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## വെഞ്ഞാറമൂട് ഡിവൈ.എസ്.പി. ഓഫീസ്

90 (1984) ശ്രീ. ഡി.കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 ലോക്കൽ പോലീസ് സ്റ്റേഷനുകൾക്ക് അനുമതി നൽകി.

1. അച്ചൻകോവിൽ (കൊല്ലം റൂറൽ)
2. കൈപ്പമംഗലം (തൃശ്ശൂർ റൂറൽ)
3. കൊപ്പം (പാലക്കാട്)
4. തൊണ്ടർനാട് (കോറോം) (വയനാട്)
5. നഗരൂർ (തിരുവനന്തപുരം റൂറൽ)
6. പിണറായി (കണ്ണൂർ)
7. പുതൂർ (പാലക്കാട്)
8. മട്ടന്നൂർ എയർപോർട്ട് (കണ്ണൂർ)
9. ഇലവുംതിട്ട (പത്തനംതിട്ട)
10. കണ്ണനെല്ലൂർ (കൊല്ലം സിറ്റി)

11. പന്തീരങ്കാവ് (കോഴിക്കോട് സിറ്റി)

12. ഉടുമ്പഞ്ചോല (ഇടുക്കി)

13. മേൽപ്പറമ്പ് (കാസർഗോഡ്) ഇതിൽ പൂളൂർ (പാലക്കാട്) ഒഴികെയുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 4 പുതിയ വനിതാപോലീസ് സ്റ്റേഷനുകൾ (പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ്) ആരംഭിച്ചത് കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്.

(സി) പുതിയ പോലീസ് സ്റ്റേഷൻ, ഡിവൈ.എസ്.പി. ഓഫീസ് എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം, പോലീസ് സ്റ്റേഷനുകൾ തമ്മിൽ ദൂരപരിധി, പ്രത്യേക സുരക്ഷ ആവശ്യമുള്ള മേഖല എന്നിവ പരിഗണിച്ചാണ് പുതിയ പോലീസ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകുന്നത്. മേൽപ്പറഞ്ഞ ഘടകങ്ങൾ കൂടാതെ പ്രദേശത്തിന്റെ ആവശ്യകത കൂടി കണക്കിലെടുത്താണ് ഡിവൈ.എസ്.പി. ഓഫീസ് അനുവദിക്കുന്നത്.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് പുതിയ ഡി.വൈ.എസ്.പി. ഓഫീസ്, പനവൂർ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള ശിപാർശ നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഡിവൈ.എസ്.പി ഓഫീസിന് ശിപാർശ നിലവിലില്ല. എന്നാൽ പനവൂർ പോലീസ് സ്റ്റേഷന്റെ കാര്യത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാത്തതുമായ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

## കോന്നിയിൽ ഡിവൈ.എസ്.പി. ഓഫീസ്

91 (1985) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നിയിൽ ഡിവൈ.എസ്.പി. ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അനുവദിക്കുമെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ബി) കോന്നിയിലെ ഫയർഫോഴ്സ് ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോന്നി അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി വില്ലേജിലെ സർവ്വേ നമ്പർ 59/3-ൽ പ്പെട്ട 40 സെന്റ് വസ്തു ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## ഇരിങ്ങാലക്കുടയിലെ ആഭ്യന്തര വകുപ്പ് പദ്ധതികൾ

92 (1986) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പ് മുഖാന്തരം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും പൂർത്തികരിച്ചതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

ഇരിങ്ങാലക്കുട സ്പെഷ്യൽ സബ്ജയിലിന്റെ നിർമ്മാണ പ്രവൃത്തികൾ 8 കോടി രൂപ അനുവദിച്ച് പൂർത്തീകരിച്ചു. 10 ലക്ഷം രൂപ ചെലവഴിച്ച് അഗ്നിസുരക്ഷാ നിലയത്തിന്റെ ടെറസ്സ് ഷീറ്റ് വിരിക്കുകയും പുതുതായി കിച്ചൻ നിർമ്മിച്ച് ഷീറ്റിടുകയും നിലയകെട്ടിടം മുഴുവൻ പാച്ച് വർക്ക് & പെയിന്റിംഗ് നടത്തുകയും 44,66,704 രൂപ ചെലവാക്കി അഗ്നിസുരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കുകയും ചെയ്തു. തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരത്തിനായുള്ള നടപടികൾ നടന്നുവരികയുമാണ്. ഡിസ്ട്രിക്ട് കമാന്റ് ആൻഡ് കൺട്രോൾ റൂം ഉദ്ഘാടനം ചെയ്തു. Disabled friendly toilet in Police Stations എന്ന സ്കീമിൽ ഉൾപ്പെടുത്തി വൃദ്ധകൾക്കും അംഗവൈകല്യമുള്ളവർക്കും പ്രത്യേക സജ്ജീകരണങ്ങളോട് കൂടിയുള്ള ശൗചാലയം നിർമ്മിച്ചിട്ടുള്ളതും ഇരിങ്ങാലക്കുടയിൽ കെന്നൽ ബിൽഡിംഗിന്റെ നിർമ്മാണം കഴിഞ്ഞിട്ടുള്ളതും ഡോഗ് സ്ക്വാഡ് രൂപികരിച്ച് പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടുള്ളതും

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷന് കൂടുതൽ സൗകര്യം ഒരുക്കുന്നതിനായി വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി നിർമ്മിച്ച ശിശുസൗഹൃദ റൂം പ്രവർത്തനസജ്ജമായിട്ടുള്ളതും 2017-ൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ MODERN INTERROGATION ROOM നിർമ്മിച്ചിട്ടുള്ളതുമാണ്.

**സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട ചോദ്യം ചെയ്യൽ**

93 (1988) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിൽ മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രനെ കേസ് അന്വേഷിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ദിവസം എന്നറിയിക്കാമോ?

ഇല്ല.

(ബി) അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യലിനായി നോട്ടീസ് നൽകിയപ്പോൾ പല കാരണങ്ങൾ പറഞ്ഞ് സി.എം.രവീന്ദ്രൻ അത് ഒഴിവാക്കിയിട്ടുണ്ടോ?

കോവിഡ് ചികിത്സാ കാരണങ്ങളാൽ സാവകാശം ആവശ്യപ്പെട്ടിരുന്നു.

(സി) സി.എം. രവീന്ദ്രൻ ബിനാമി ഇടപാടിലൂടെ കോടികൾ നേടി എന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ എന്ന് വെളിപ്പെടുത്താമോ?

ഇല്ല.

**അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചികിത്സാ പീഡനങ്ങളും മരണങ്ങളും**

94 (1990) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എത്ര മരണങ്ങൾ ഇക്കാലയളവിനുള്ളിൽ സംഭവിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഇത്തരത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കൊല്ലം ജില്ലയിൽ ഒന്നും മലപ്പുറം ജില്ലയിൽ നാലും കോഴിക്കോട് ജില്ലയിൽ ഏഴ് കേസുകളും, കൊല്ലം കോഴിക്കോട് ജില്ലകളിൽ ഓരോ മരണവും സംഭവിച്ചിട്ടുണ്ട്.

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പേരിൽ ചികിത്സാ പീഡനങ്ങളും മരണങ്ങളും ഉണ്ടാകാതിരിക്കുന്നതിനായി സമൂഹമാധ്യമങ്ങൾ വഴിയും റസിഡന്റ്സ് അസോസിയേഷനുകൾ വഴിയും ജനമൈത്രി സുരക്ഷാ ബീറ്റ് ഓഫീസർമാരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഇത്തരത്തിലുള്ള പ്രവണതകൾക്കെതിരെ നിരീക്ഷണം ശക്തിപ്പെടുത്തി കുറ്റക്കാർക്കെതിരെ നിലവിലെ നിയമപ്രകാരം മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊണ്ടു വരുന്നു.

## സ്വർണ്ണ കടത്ത് കേസ്

95 (1991) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസുമായി ബന്ധപ്പെട്ട് 2020 ജൂലൈയിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നോ; കത്തിലെ ആവശ്യം എന്തായിരുന്നു;

(ബി) പ്രസ്തുത കത്തിൽ കേന്ദ്രത്തിന്റെ എല്ലാ ഏജൻസികളും സ്വർണ്ണക്കടത്ത് കേസും അനുബന്ധ കാര്യങ്ങളും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ?

(എ & ബി) രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാമ്പത്തിക ഭദ്രതയെയും തകർക്കുന്ന സ്വർണ്ണക്കള്ളക്കടത്തിന്റെ അടിവേരുകൾ കണ്ടെത്തണം. അതോടൊപ്പം കള്ളക്കടത്തിലൂടെ രാജ്യാതിർത്തി കടന്നുവരുന്ന സ്വർണ്ണം എത്തിച്ചേരുന്ന ഇടം കണ്ടുപിടിക്കുകയും ചെയ്യണം. അതുകൊണ്ട് കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്ന് പ്രധാനമന്ത്രിയോട് 2020 ജൂലായ് 8-ന് കത്തിലൂടെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടു.

(സി) കേന്ദ്ര ഏജൻസികളുടെ അന്വേഷണം മുഖ്യമന്ത്രിയുടെ ഓഫീസിലേക്കും മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടവരിലേക്കും എത്തുന്നുവെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണോ അവരുടെ അന്വേഷണം മര്യാദയില്ലാത്ത ഒന്നാണെന്നും തിരുത്തൽ നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 2020 ഡിസംബർ 17 -ന് മുഖ്യമന്ത്രി വീണ്ടും കത്തയച്ചത് എന്നറിയിക്കാമോ?

കേന്ദ്ര ഏജൻസികളുടെ അന്വേഷണം ഒരു ഘട്ടത്തിൽ നിഷ്പക്ഷതയുടെ വഴിയിൽ നിന്നും മാറുകയും മുൻകൂട്ടി തീരുമാനിച്ച തിരക്കഥയുടെ അടിസ്ഥാനത്തിൽ നീങ്ങുകയും ചെയ്യുന്നുവെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോധ്യം വന്നപ്പോഴാണ് സംസ്ഥാന സർക്കാരിന് ശക്തമായ വിമർശനം അറിയിക്കേണ്ടതായി വന്നത്.

(ഡി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസികൾ നിലവിൽ അവരുടെ അന്വേഷണം നീതിപൂർവ്വവും ന്യായവുമായിട്ടാണ് ഇപ്പോൾ നടത്തുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര ഏജൻസികൾ അവയുടെ അധികാരപരിധിക്കുള്ളിൽ നിന്ന് നിയമാനുസൃതമായ അന്വേഷണം നടത്തണമെന്നാണ് സർക്കാരിന്റെ അഭിപ്രായം.

## സ്വർണ്ണക്കടത്ത് കേസും അനുബന്ധ കേസുകളും

96 (1992) <u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസും അനുബന്ധ കേസുകളും അന്വേഷിക്കുന്ന കേന്ദ്ര ഏജൻസികൾ സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുന്നതിനായി നീതിയോ ന്യായമോ മര്യാദയോ ഇല്ലാത്ത അന്വേഷണമാണ് നടത്തുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ?

കേന്ദ്ര അന്വേഷണ ഏജൻസികളുടെ അന്വേഷണങ്ങളുമായി സഹകരിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) ചില അന്വേഷണ ഉദ്യോഗസ്ഥരുടെ സഹായത്തോടെ സർക്കാരിനേയും സർക്കാരിന് നേതൃത്വം നൽകുന്നവരേയും അപകീർത്തിപ്പെടുത്തുവാൻ ആസൂത്രിതവും നിരന്തരവുമായ പ്രചരണമാണ് നടത്തുന്നതെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ തിരുത്തൽ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള തിരുത്തൽ വേണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്;

(ഡി) സ്വർണ്ണക്കടത്ത് കേസിൽ കേന്ദ്ര ഏജൻസികളുടെ ഏത് തരത്തിലുള്ള അന്വേഷണവും സ്വാഗതം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നേരത്തേ കത്തയച്ചിരുന്നോ; അപ്രകാരം ഒരു കത്ത് അയച്ച ശേഷം അവരുടെ അന്വേഷണത്തിൽ അപാകത ഉണ്ടെന്ന് കാണിച്ച് വീണ്ടും കത്ത് അയച്ചത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ?

(ബി-ഡി) രാജ്യത്തിന്റെ സമ്പദ്ഘടനയെയും സാമ്പത്തിക ഭദ്രതയെയും തകർക്കുന്ന സ്വർണ്ണക്കള്ളക്കടത്തിന്റെ അടിവേരുകൾ കണ്ടെത്തണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കള്ളക്കടത്തിലൂടെ രാജ്യാതിർത്തി കടന്നുവരുന്ന സ്വർണ്ണം എത്തിച്ചേരുന്ന ഇടം കണ്ടുപിടിക്കുകയും ചെയ്യണം. അതുകൊണ്ടാണ് കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയോട് 2020 ജൂലൈ 8 ന് കത്തിലൂടെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. കസ്റ്റംസ് (പ്രിവന്റീവ്) തിരുവനന്തപുരം യൂണിറ്റ് അന്വേഷിച്ചുവന്ന സ്വർണ്ണക്കടത്ത് കേസിൽ ദേശീയ അന്വേഷണ ഏജൻസി കൂടി അന്വേഷണം ആരംഭിച്ചപ്പോൾ അന്വേഷണത്തിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്തു. കേന്ദ്ര ഏജൻസികളുടെ അന്വേഷണം ഒരുഘട്ടത്തിൽ നിഷ്പക്ഷതയുടെ വഴിയിൽനിന്നും മാറുകയും മുൻവിധിയോടെ നീങ്ങുകയും ചെയ്യുന്നുവെന്ന് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോധ്യം വന്നപ്പോഴാണ് സംസ്ഥാന സർക്കാരിന് ശക്തമായ വിമർശനം ഉന്നയിക്കേണ്ടിവന്നത്.

**വിജിലൻസ് അന്വേഷണം പൂർത്തിയാക്കാൻ നടപടി**

97 (1993) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിൽ ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗവ. എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച് ത്വരിതാന്വേഷണം നടത്തിയിരുന്നു. പ്രസ്തുത

ത്വരിതാന്വേഷണത്തിനാസ്പദമായ പരാതി 1-8-2017-ലാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചത്. പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസിൽ പ്രതി ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ നടത്തിയ സത്വരാന്വേഷണം പൂർത്തീകരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് തുടർനടപടികൾക്കായി 25-6-2019 -ലെ വിജി-ബി2/1195/18/വിജി (1) നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിലേക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ ആരോപണ വിധേയമായ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധിച്ച് ലഭിച്ച മറ്റുപരാതികളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരെക്കൊണ്ട് ടി കെട്ടിടത്തിന്റെ ഉറപ്പ് സംബന്ധിച്ച് വീണ്ടും പരിശോധന നടത്തുകയും തൃശ്ശൂർ ഗവ.എൻജിനീയറിംഗ് കോളേജിലെ ഉദ്യോഗസ്ഥരുടെ ടെക്നിക്കൽ ടീമിനെക്കൊണ്ട് സ്കൂൾ കെട്ടിടം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ എൻജിനീയറിംഗ് കോളേജിന്റെ വിദഗ്ദ്ധ സംഘം നടത്തുവാനുദ്ദേശിക്കുന്ന വെരിഫിക്കേഷൻ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ വ്യാജ നിയമന ഉത്തരവ്

98 (1994) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ എം.ഡി.-യുടെ വ്യാജ നിയമന ഉത്തരവ് നൽകി ജോലി തട്ടിപ്പിന് ശ്രമിച്ചുവെന്ന കേസിൽ പരാതിലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ എം.ഡി. കത്ത് നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ?

നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉണ്ട്.

## പിലാക്കാട്ടിരി അങ്കണവാടി കെട്ടിട നിർമ്മാണം

99(1995) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നാഗലശ്ശേരി പഞ്ചായത്തിലെ എട്ടാം വാർഡിലെ 73-ാം നമ്പർ പിലാക്കാട്ടിരി അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിനാസ്പദമായ പരാതി വിജിലൻസിന് ലഭിച്ചത് എന്നാണ്; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ആരെയൊക്കെയാണ് കേസിൽ പ്രതി ചേർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് അന്വേഷണം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) നിലവിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) വിജിലൻസ് അന്വേഷണത്തിന്റെ പേരിൽ ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിജിലൻസ് അന്വേഷണത്തിന്റെ പേരിലല്ല ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തത്. എന്നാൽ കെട്ടിടത്തിന് ചോർച്ചയുള്ളതിനാൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും Unfit Certificate ആണ് പ്രസ്തുത കെട്ടിടത്തിന് ലഭിച്ചിട്ടുള്ളത്.

(ഇ) കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഈ അങ്കണവാടിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന അടിയന്തര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി കെട്ടിട നിർമ്മാണത്തിലെ അപാകതയുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമികാന്വേഷണം പൂർത്തിയാക്കി. അന്വേഷണത്തിൽ കണ്ടെത്തിയ അപാകത പരിഹരിക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനും ചീഫ് ടെക്നിക്കൽ എക്സാമിനറും ശിപാർശ ചെയ്ത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. അങ്കണവാടി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.

**കെ.എസ്.എഫ്.ഇ.-യിലെ വിജിലൻസ് റെയ്ഡ്**

100 (1996) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ അടുത്തകാലത്ത് വിജിലൻസ് റെയ്ഡ് നടത്താനിടയായ സാഹചര്യമെന്താണ്;

(ബി) ക്രമക്കേടുകൾ തടയുന്നതിൽ ധനകാര്യ വകുപ്പ് യഥാസമയം നടപടിയെടുക്കാൻ പരാജയപ്പെട്ടതാണ് റെയ്ഡിനിടയാക്കിയതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ധനകാര്യ വകുപ്പ് മേധാവിയറിയാതെ റെയ്ഡ് നടത്താനിടയായതിന് കാരണമെന്താണ്?

(എ&ബി) സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നടക്കുന്നതായ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിവരുന്ന ഒരു നടപടിക്രമമാണ് മിന്നൽ പരിശോധന. സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഇത്തരം മിന്നൽ പരിശോധനകൾ നടത്താറുണ്ട്. മുൻകൂട്ടി അറിയിച്ചുകൊണ്ട് മിന്നൽ പരിശോധന നടത്തുന്നത് ഇത്തരം പരിശോധനകളുടെ ഉദ്ദേശ്യവും ഫലപ്രാപ്തിയും ഇല്ലാതാക്കുന്നതാണ്.

(സി) കെ.എസ്.എഫ്.ഇ.- യിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മിന്നൽ പരിശോധന റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

## സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എടുത്ത വിജിലൻസ് കേസുകൾ

101(1997) ശ്രീ യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് 1451 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ 665 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം നല്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത 61 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) എത്ര കേസ്സുകളിൽ വിചാരണ പൂർത്തീകരിച്ച് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം നല്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത കേസുകളിൽ കോടതിയിൽ വിചാരണ പൂർത്തീകരിച്ച് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല.

## നിയമസഭാംഗത്തിനെതിരെയുള്ള കേസ്സുകളുടെ വിവരം

102(1999) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയിലെ വടക്കാഞ്ചേരി നിയമസഭാംഗത്തിന്റെ പേരിൽ സംസ്ഥാനത്ത് ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ തൃശ്ശൂർ ഈസ്റ്റ് തൃശ്ശൂർ വെസ്റ്റ്, വിയ്യൂർ, വടക്കാഞ്ചേരി, പേരാമംഗലം എന്നീ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ തീർപ്പായ കേസ്സുകൾ, അന്വേഷണത്തിലുള്ള കേസ്സുകൾ, കോടതിയുടെ പരിഗണനയിലുള്ള കേസ്സുകൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

(ബി & സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മാധ്യമപ്രവർത്തകൻ എസ്.വി. പ്രദീപിന്റെ കൊലപാതകം**

103 (2000) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെയ്യാറ്റിൻകര ദേശീയപാതയിൽ 2020 ഡിസംബർ 12-ന് ടിപ്പർ ലോറി കയറി മാധ്യമപ്രവർത്തകൻ എസ്.വി. പ്രദീപ് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്;

(ബി) ഇതുമായി ബന്ധപ്പെട്ട് ഐ.പി.സി. 302 വകുപ്പ് പ്രകാരം എടുത്ത കേസ് 304-ാം വകുപ്പ് പ്രകാരമാക്കുവാൻ പോലീസ് നടപടി സ്വീകരിച്ചോ; എങ്കിൽ അത് എന്തുകൊണ്ടാണ്?

(എ & ബി) പ്രസ്തുത സംഭവത്തിന് നേമം പോലീസ് സ്റ്റേഷൻ ക്രൈം നം.1985/2020 u/s 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസിന്റെ അന്വേഷണ വേളയിൽ u/s 304 IPC പ്രകാരമുള്ള കുറ്റകൃത്യമാണ് നടന്നിട്ടുള്ളതെന്ന് തെളിവായതിന്റെ അടിസ്ഥാനത്തിലാണ് മേൽ വകുപ്പ് പ്രകാരം നടപടി സ്വീകരിച്ചത്.

(സി) വാഹനാപകടം നടന്ന സമയത്ത് പ്രദീപിന്റെ വാഹനത്തിന് സമീപമുണ്ടായിരുന്ന ഇരുചക്രവാഹനത്തിലുണ്ടായിരുന്നവർ പ്രദീപിനെ തള്ളി ടിപ്പർ ലോറിക്കടിയിലേയ്ക്കിട്ടു എന്ന ആക്ഷേപം പോലീസ് പരിശോധിച്ചിരുന്നോ; പ്രസ്തുത ഇരുചക്ര വാഹനത്തെയും, അതിൽ ഉണ്ടായിരുന്നവരെയും പോലീസ് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പോലീസ് കസ്റ്റഡിയിലെടുത്ത ലോറി ഡ്രൈവർ വേറെ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ പങ്കാളിയാണോ?

പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) എസ്.വി. പ്രദീപിന്റെ മരണത്തിൽ ദുരൂഹത ചൂണ്ടിക്കാണിച്ച് പ്രദീപിന്റെ അമ്മ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി പ്രകാരം ഈ കേസ് സി.ബി.ഐ -യ്ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ?

പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള അഗ്നിരക്ഷാസേവന വകുപ്പിന്റെ ആധുനികവൽക്കരണം**

104 (2002) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അഗ്നിരക്ഷാ സേവന വിഭാഗം ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫയർ & റെസ്ക്യു വകുപ്പിൽ വാർഷിക പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 39 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 40.12 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും നവീകരണത്തിനുമായി അനുവദിക്കുകയും കൂടാതെ യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുവാനായി 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1. ടി തുകകൾ ഉപയോഗിച്ച് അനുബന്ധത്തിൽ* പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്.

2. അനുബന്ധത്തിൽ* പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

3. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിലെ മുക്കം, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, ഏലൂർ, കൊല്ലം ജില്ലയിലെ കടയ്ക്കൽ, കണ്ണൂർ റീജിയണൽ ഫയർ ഓഫീസ്, കണ്ണൂർ ജില്ലാ ഫയർ ഓഫീസ്, കണ്ണൂർ സ്റ്റേഷൻ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക, വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാഡമി, കണ്ണൂർ ജില്ലാ ഫയർ ഓഫീസ്, തിരുവനന്തപുരം ആസ്ഥാന ഓഫീസ്, സിവിൽ ഡിഫൻസ് അക്കാഡമി,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ 105 പുതിയ തസ്തികകളും കൂടാതെ 100 ഫയർ വുമൺ തസ്തികകളും ഉൾപ്പെടെ ആകെ 205 തസ്തികകൾ അനുവദിക്കുകയുണ്ടായി.

4. വകുപ്പിന്റെ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ച് ഉത്തരവായി.

5. വകുപ്പിൽ ചരിത്രത്തിൽ ആദ്യമായി 100 ഫയർവുമൻ തസ്തിക സൃഷ്ടിച്ച് സേനയിലേയ്ക്ക് വനിതകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

6. വകുപ്പിൽ ഫയർ എൻ.ഒ.സി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് ഓൺലൈൻ വെബ്പോർട്ടൽ സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

7. നിലവിലുള്ള തസ്തികകളും ഇൻഫ്രാസ്ട്രക്ച്ചറുകളും ഉപയോഗപ്പെടുത്തി 100 ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ട് സ്പെക്ഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി.

8. വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആപത്മിത്ര പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. കേരള യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള യൂത്ത് ആക്ഷൻ ഫോഴ്സിലെ തെരഞ്ഞെടുത്ത 100 യുവജനങ്ങൾക്ക് അക്കാദമിയിൽ അഗ്നിസുരക്ഷാ പരിശീലനം നൽകുകയും കൂടാതെ 100 വനിതകൾക്ക് പ്രസ്തുത പരിശീലനം നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലുമാണ്.

9. അഗ്നിരക്ഷാ സേവന വകുപ്പിന്റെ കീഴിൽ 3000 ഹോംഗാർഡുകൾ ജോലിനോക്കുന്നു. ആയതിൽ 30% സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ സർക്കാർ തീരുമാനിക്കുകയും ഹോംഗാർഡ്സിൽ വനിതകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) ഈ സർക്കാർ അഗ്നിരക്ഷാ സേവന വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഗ്നിരക്ഷാ സേവന വകുപ്പിൽ പുതിയ 205 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാറ്റലൈറ്റ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ

105 (2003) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാറ്റലൈറ്റ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ - സി) സാറ്റലൈറ്റ് ഫയർ & റെസ്ക്യൂ സ്റ്റേഷൻ എന്ന പേരിൽ ആരംഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം-ചാല, എറണാകുളം-ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട്- മിഠായിതെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

i. കോഴിക്കോട് മിഠായിതെരുവിൽ ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിന് റെയിൽവേ വക സ്ഥലം കൈമാറി ലഭിക്കുന്നതിന് നടപടി പുരോഗമിക്കുന്നു.

ii. എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയ സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർക്ക് കത്ത് നൽകിയിരിക്കുകയാണ്.

iii. തിരുവനന്തപുരം ചാലയിൽ ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് ടിഡിയുടെ കൈവശമുള്ള 25 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മാണം

106 (2004) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചുവെങ്കിലും തുടർനടപടികൾ വൈകുന്നതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിലേക്ക് വിവിധ വിഭാഗങ്ങളിൽ നിയമിച്ചിട്ടുള്ള എത്ര ജീവനക്കാർ ജോലി ക്രമീകരണ വ്യവസ്ഥയിൽ മറ്റ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നുവെന്ന് വിശദീകരിക്കുമോ; ഇവരെ കരുനാഗപ്പള്ളി സ്റ്റേഷനിലേക്ക് തിരികെ കൊണ്ടുവന്ന് ഇവിടത്തെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഒരു ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ). കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിൽ 7 ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയുള്ളതിനാൽ ഒരാളുടെ കുറവുണ്ടായാലും സ്റ്റേഷൻ പ്രവർത്തനത്തെ ബാധിക്കുന്നില്ല എന്നതിനാലും ജീവനക്കാരുടെ ജോലി ഭാരം കൂടുന്നില്ല എന്നതിനാലുമാണ് കരുനാഗപ്പള്ളി നിലയത്തിൽനിന്നും ഒരാളെ 3 ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ)മാർ മാത്രമുള്ള കൊട്ടാരക്കര നിലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി നിയോഗിച്ചിട്ടുള്ളത്. ടിയാനെ കരുനാഗപ്പള്ളിയിലേയ്ക്ക് തത്ക്കാലം തിരികെ അയയ്ക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(സി) കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സങ്കേതികാനുമതി നൽകി എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു.

**ചീമേനി ഫയർ സ്റ്റേഷൻ നിർമ്മാണം**

107 (2005) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിലെയും മലയോര മേഖലയിലെയും പ്രധാന വ്യാപാരകേന്ദ്രവും നിരവധി സർക്കാർ- പൊതു മേഖലാസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതുമായ ചീമേനിയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും സൗകര്യവും സൗജന്യമായി ലഭ്യമാക്കിയാൽ ഈ വർഷം തന്നെ ഫയർസ്റ്റേഷൻ പ്രഖ്യാപിക്കുമോ?

(എ & ബി) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന പട്ടികയിൽ ചീമേനി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി**

108 (2006) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ മുൻഗണനാലിസ്റ്റിൽ ഒറ്റപ്പാലം ഉൾപ്പെട്ടിരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

ഉണ്ട്. മുൻഗണനാ ലിസ്റ്റിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അടിയന്തരമായി ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ?

മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുന്ന പക്ഷം ഭരണാനുമതി, സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**പുതിയതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ**

109 (2007) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

3 എണ്ണം. അരൂർ, നാട്ടിക, കൊയിലാണ്ടി.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഫയലിൽ സ്വീകരിച്ച നടപടി എന്താണെന്നറിയിക്കാമോ;

(സി) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോ?

(ബി&സി) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ ഉൾപ്പെടുന്നപക്ഷം സ്ഥലം, ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്ക് വിധേയമായി മാത്രമേ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

## ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

110 (2008) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ഫയർസ്റ്റേഷന്റെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ആലത്തൂർ താലൂക്ക്, കുഴൽമന്ദം-1 വില്ലേജിൽ സർവ്വേ നം.672/6 ൽ ഉൾപ്പെട്ട ജലസേചന വകുപ്പിന്റെ 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

## ഭീമനടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ

111 (2009) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലയോര താലൂക്കായ വെള്ളരിക്കുണ്ട് താലൂക്ക് പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ താലൂക്കിൽ ഫയർസ്റ്റേഷൻ ഇല്ലാത്തതിനാൽ മുപ്പത് കിലോമീറ്റർ ദൂരത്തുള്ള കാഞ്ഞങ്ങാട് ഫയർ സ്റ്റേഷനെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനായി ഭീമനടി കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതുതായി സ്റ്റേഷനുകൾ തുറക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ വെള്ളരിക്കുണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ആയതിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം

112 (2010) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി, പറമ്പിക്കുളം ഉൾപ്പെടെയുള്ള വനമേഖലയും നിരവധി ഡാമുകളും ഉൾപ്പെടുന്ന നെന്മാറ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൊല്ലങ്കോട് ട്രഷറി പരിസരത്ത് ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് അനുവദിച്ച് കിട്ടിയ സ്ഥലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന വിഷയം പരിഗണിച്ചിട്ടുണ്ടോ?

28-10-17 ലെ സ.ഉ.(സാധാ) 2814/17/ ആഭ്യന്തരം പ്രകാരം നെന്മാറ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും കൊല്ലങ്കോട് സ്റ്റേഷൻ നിർമ്മാണത്തിനായി 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) എങ്കിൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൊല്ലങ്കോട് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## കല്ലമ്പലം ഫയർ & റസ്ക്യൂ സ്റ്റേഷൻ

113 (2011) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നാവായിക്കുളം കല്ലമ്പലം കേന്ദ്രമാക്കി ഫയർ & റസ്ക്യൂ സ്റ്റേഷന് വേണ്ടി ഭൂമി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ എത്ര സെന്റ് ഭൂമിയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലാ കളക്ടറുടെ 3-8-2018-ലെ നടപടിക്രമ ഉത്തരവ് നം.ബി2/541/18 പ്രകാരം നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നമ്പർ 233/1-ൽ ഉൾപ്പെട്ട 19.34 ആർ. സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

(ബി) ഭൂമി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന മുൻഗണനാ പട്ടികയിൽ കല്ലമ്പലം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## കുറ്റവാളികളുടെ മാനസിക പരിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

114 (2012) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ കുറ്റവാളികളുടെ മാനസിക പരിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ ജയിലുകളിലുള്ള സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ജയിലുകളിൽ തടവുകാരുടെ മാനസിക പരിവർത്തനത്തിനും ബോധവൽക്കരണത്തിനും അവരെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനും ഉതകുന്നവിധത്തിലുള്ള പ്രവർത്തനങ്ങൾ വെൽഫെയർ ഓഫീസർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ട് തടവുകാരുടെ മാനസികാരോഗ്യത്തിനായി സൈക്യാട്രിസ്റ്റിന്റെ സേവനം പ്രധാന ജയിലുകളിൽ ലഭ്യമാക്കി വരുന്നുണ്ട്.

(ബി) 4-9-2015 ൽ E1-17591/15 no: കത്തിൽ അന്നത്തെ ജയിൽ ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റ കേരളത്തിലെ എല്ലാ ജയിലുകളിലും വെൽഫെയർ ഓഫീസർമാരെ നിയമിക്കാൻ നൽകിയ ശിപാർശയിൽ സർക്കാർ എന്തുനടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആറ് മാസക്കാലയളവിൽ കൂടുതൽ ശിക്ഷ ലഭിക്കുന്ന തടവുകാരെ സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ എന്നിവിടങ്ങളിലാണ് പാർപ്പിക്കുന്നത്. ടി ജയിലുകളിലെല്ലാം തന്നെ വെൽഫെയർ ഓഫീസർ തസ്തിക നിലവിലുണ്ട്. കൂടാതെ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മുട്ടം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, മാനന്തവാടി ജില്ലാ ജയിലുകളിലും, കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം എന്നീ സ്പെഷ്യൽ സബ് ജയിലുകളിലും ടി തസ്തിക നിലവിലുണ്ട്. മറ്റു ജയിലുകളിൽ വെൽഫെയർ ഓഫീസർ തസ്തിക സൃഷ്ടിക്കണമെന്ന ശിപാർശയിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചിരുന്നതായി കാണുന്നില്ല.

**ആലത്തൂർ സബ് ജയിൽ നവീകരണം**

115 (2013) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലത്തൂർ സബ് ജയിൽ നവീകരണത്തിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ സബ് ജയിൽ നവീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ - സി) ആലത്തൂർ സബ് ജയിലിലെ അടുക്കള ബ്ലോക്കിന് ട്രസ്സ് വർക്ക് ചെയ്യുന്നതിനായി 7.40 ലക്ഷം രൂപയും (ഏഴ് ലക്ഷത്തി നാല്പതിനായിരം രൂപ) സെപ്റ്റിക് ടാങ്ക് നവീകരിക്കുന്നതിനായി 5 ലക്ഷം രൂപയും (അഞ്ച് ലക്ഷം രൂപ) 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലുള്ള കാലതാമസം**

116 (2015) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. പൊതുനിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് കമ്പ്യൂട്ടർവത്കൃത ഉത്തരക്കടലാസ് പരിശോധനാ സമ്പ്രദായപ്രകാരം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട സമയപരിധി എത്രയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

സമയപരിധി നിർണ്ണയിക്കപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. പരീക്ഷകൾ നടത്തിയിട്ടും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉദ്യോഗാർത്ഥികളുടെ ബാഹുല്യവും ചോദ്യപേപ്പറുകളിൽ ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കലും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ കാലയളവിനെ സ്വാധീനിക്കുന്നുണ്ട്. ടി രണ്ട് കാര്യങ്ങളും ഉൾക്കൊണ്ട് അനിവാര്യമായ കുറഞ്ഞ സമയം പ്രയോജനപ്പെടുത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

## ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

117 (2016) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം ആലപ്പുഴ ജില്ലയിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം വകുപ്പുകൾ തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

118 (2017) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 657/2017 കാറ്റഗറി നമ്പറിലെ സി.പി.ഒ. റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി 2020 ജൂൺ 17-ലെ മന്ത്രിസഭായോഗതീരുമാനപ്രകാരമുള്ള 130/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം ലഭിക്കേണ്ട 1200 ട്രെയിനിംഗ് പർപ്പസ് വേക്കൻസി പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ബറ്റാലിയനും ലഭിച്ച വേക്കൻസി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതി ഉൾപ്പെടെ വിശദമാക്കാമോ?

കാറ്റഗറി നമ്പർ 657/2017 പ്രകാരം നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി മാത്രം താൽക്കാലിക ട്രെയിനിംഗ് പർപ്പസ് വേക്കൻസികൾ സൃഷ്ടിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (കൈ) നമ്പർ 130/2020/ആഭ്യന്തരം പ്രകാരം 1200 താൽക്കാലിക ട്രെയിനി പോലീസ് കോൺസ്റ്റബിൾ തസ്തികകൾക്ക് തുടർച്ചാനുമതിയാണ് നൽകിയത്. അതിൽ 154 എണ്ണം ഐ.ആർ. ബറ്റാലിയൻ വിഭാഗത്തിനും 1046 എണ്ണം ആംഡ് പോലീസ് ബറ്റാലിയൻ വിഭാഗത്തിനുമായി റിസർവ് ചെയ്തിട്ടുള്ളതുമാണ്. 31-12-2021 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നു. താല്ക്കാലിക തസ്തിക ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| SAP | 203 |
| KAP 1 | 140 |
| KAP 2 | 99 |
| KAP 3 | 209 |
| KAP 4 | 156 |
| KAP 5 | 133 |
| MSP | 106 |
| Total | 1046 |

ഓരോ ബറ്റാലിയനും ലഭിച്ച വേക്കൻസികൾ 4-2-2020, 25-6-2020 എന്നീ തീയതികളിലാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**(ബി) ജി.ഒ.(എം.എസ്.)7/2020/ഹോം ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് ഡബ്ല്യൂ.സി.പി.ഒ. ഉദ്യോഗാർത്ഥികളെ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേയ്ക്കായി എത്ര ഒഴിവുകളാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?**

എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് നിയമനത്തിനായി പരിഗണിക്കുന്നതിന് ലിംഗവ്യത്യാസമില്ല.

**(സി) യൂണിവേഴ്സിറ്റി കേസും കൊറോണയുംമൂലം ഏഴ് മാസത്തോളം കാലവധി നഷ്ടപ്പെട്ട് 2020 ജൂൺ 30-ന് കാലാവധി അവസാനിച്ച 657/2017 നമ്പർ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും അർഹമായ നിയമനങ്ങൾ നടത്താൻ കഴിയാത്തതിനാൽ ഈ ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുമോ?**

1-7-2020-ൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചു. 31-12-2021 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി) 657/2017 കാറ്റഗറി നമ്പർ പുരുഷ സി.പി.ഒ. റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥികൾക്ക് ജി.ഒ.(എം.എസ്)7/2020/ഹോം ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; ഓരോ ബറ്റാലിയനിലും നിയമനം നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഗാർഡുകളെ വിന്യസിക്കുന്നതിന് ഏജൻസികളിൽ നിന്നുള്ള ധാരണാപത്രത്തിന് വിധേയമായി സ്വതന്ത്രമായ റിക്രൂട്ട്മെന്റിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ഇതിലേയ്ക്ക് പുതിയ കരാറുകളായിട്ടില്ല. എന്നാൽ നിലവിലുള്ള കരാറുകൾക്കനുസൃതമായി നേരത്തെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ SISF-ലേക്ക് ഏത് യൂണിറ്റിൽ നിന്നാണോ സുരക്ഷാ ഗാർഡുകൾ അന്യത്ര സേവനത്തിന് അപേക്ഷ നൽകി പോകുന്നത് അപ്രകാരം അതാത് യൂണിറ്റിന് ഒഴിവുകൾ ആനുപാതികമായി ലഭിക്കുന്നു. നിലവിൽ 857 പേർ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്നും അന്യത്ര സേവനത്തിൽ SISF-ൽ വിവിധ ബറ്റാലിയനുകളിൽനിന്നും ജോലി നോക്കി വരുന്നു. ഡെപ്യൂട്ടേഷൻ ഒഴിവുകൾ അതാത് ബറ്റാലിയനുകളുടെ ഒഴിവുകളായാണ് കണക്കാക്കുന്നത്

(ഇ) ഇല്ലെങ്കിൽ മേൽ ഉത്തരവ് പ്രകാരം എസ്.ഐ.എസ്.എഫ്. തസ്തികയിലേയ്ക്ക് 657/2017 കാറ്റഗറി നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സുരക്ഷ ആവശ്യമുള്ള ഏജൻസികൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്വതന്ത്രമായ റിക്രൂട്ട്മെന്റ് വേണ്ടിവരുന്നത്. അത് മുൻകൂട്ടി നിശ്ചയിക്കുവാൻ സാധിക്കുന്നതല്ല.

## പി.എസ്.സി. നിയമനം

119 (2018) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതികളും കോവിഡ് മഹാമാരിയും കാരണം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പൂർണ്ണമായി നിയമനം നടത്താൻ കഴിയാതിരുന്നതിനാൽ മികച്ച റാങ്ക് നേടിയ നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെപോയ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളിൽ പ്രായപരിധി കഴിഞ്ഞുപോയതിനാൽ ഇനിയൊരു അവസരമില്ലാത്തവർക്ക് പ്രത്യേക പരിഗണന നൽകുവാൻ നടപടിയുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ റാങ്ക് ലിസ്റ്റ് കാലാവധി ഏതാനും ദിവസങ്ങളോ മാസങ്ങളോ മാത്രം അവശേഷിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കാൻ വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യെ അറിയിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2020 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-യെ അറിയിക്കുവാൻ 2019-ൽ തന്നെ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. നിയമന ചട്ടങ്ങളും സംവരണ ചട്ടങ്ങളും പാലിച്ചുകൊണ്ട് കൃത്യമായി നിയമന ശിപാർശ നൽകി വരുന്നുണ്ട്.

## ഹോമിയോപ്പതി അറ്റൻഡർ തസ്തിക

120 (2021) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ന് ശേഷം നാളിതുവരെ ഹോമിയോപ്പതി അറ്റൻഡർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, പി.എസ്.സി. എത്ര നിയമന ശിപാർശ നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2015-ന് ശേഷം നാളിതുവരെ അറ്റൻഡർ ഗ്രേഡ് 2 തസ്തികയിൽ 44 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ 32 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഹോമിയോപ്പതി വകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II നിയമനം

121 (2024) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും എഴുത്ത് പരീക്ഷയും മറ്റ് നടപടികളും തുടങ്ങാത്തതുകാരണം ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകുവാനായി നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ പി.എസ്.സി.യോട് നിർദ്ദേശിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. എന്തെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയ്ക്കായി കാറ്റഗറി നമ്പർ 404/17 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത തസ്തിക സംബന്ധിച്ച് പ്രത്യേക തീരുമാനങ്ങളൊന്നുംതന്നെ പി.എസ്.സി. കൈക്കൊണ്ടിട്ടില്ല.

## പി.ഡബ്ല്യൂ.ഡി. ഓവർസീയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ്

122(2025) ശ്രീ എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ഓവർസീയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

20-11-2020-ൽ സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.യിൽ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ പി.ഡബ്ല്യൂ.ഡി. ഓവർസീയർ ഗ്രേഡ് III തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

52 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ തസ്തികയിൽ ആറ് മാസത്തിനുള്ളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കാൻ 12-9-2020- ലെ ഉപസി3/116/2020/ഉഭപവ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റ് ഒഴിവുകൾ**

123 (2026) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ പി.എസ്.സി. കാറ്റഗറി നമ്പർ 280/18 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലില്ല.

(ബി) നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകളാണ് പി.എസ്.സി.- യെ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം**

124 (2027) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള കാറ്റഗറി നമ്പർ 582/2017 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

റാങ്ക് ലിസ്റ്റിന്റെ കാലാവധി 16-3-2023 വരെയാണ്. 142 ഉദ്യോഗാർത്ഥികൾക്ക് കേരള പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഒഴിവുകൾ**

125 (2028) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. കാറ്റഗറി നമ്പർ 543/14 പ്രകാരം അപേക്ഷ ക്ഷണിച്ച ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാറ്റഗറി നമ്പർ 543/14 വിജ്ഞാപന പ്രകാരം എത്ര പേരെ നിയമിച്ചുവെന്ന് വിശദമാക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

(എ &ബി) 33 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 32 ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിനായുള്ള ഒരൊഴിവ് മാറ്റിവച്ചിട്ടുണ്ട്. 6-9-2018 -ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ പരമാവധി കാലാവധി 3 വർഷമാണ്.

**ഡ്രൈവർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

126 (2029) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.വി. 16/2014 (Various) വിജ്ഞാപന പ്രകാരം വിവിധ വകുപ്പുകളിലെ ഡ്രൈവർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന തീയതി എന്നെന്നും ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും നടന്ന നിയമനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടി, നിലവിലുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയുടെ അന്തിമ റാങ്ക് പട്ടിക**

127 (2030) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം. 444/16 അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചോ എന്ന വിവരം വെളിപ്പെടുത്തുമോ?

6-1-2021-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് എത്ര വിഭാഗങ്ങളായാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലിസ്റ്റ് I, ലിസ്റ്റ് II എന്നീ രണ്ട് വിഭാഗങ്ങളായാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(സി) ഓരോ വിഭാഗത്തിൽനിന്നും നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന്റെ സാധ്യതകൾ വെളിപ്പെടുത്തുമോ?

(സി & ഡി) ടി തസ്തികയുടെ ചുവടെ ചേർത്തിട്ടുള്ള യോഗ്യതകളിൽ A(1) ആയി ചേർത്തിട്ടുള്ള യോഗ്യതയുള്ളവരെ ലിസ്റ്റ് ഒന്നിലും, ശേഷിക്കുന്ന യോഗ്യതയുള്ളവരെ ലിസ്റ്റ് രണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്നു. ലിസ്റ്റ് ഒന്നിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലിസ്റ്റ് രണ്ടിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. വിജ്ഞാപനപ്രകാരമുള്ള ടി തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു. A) (1) കേരള കാർഷിക സർവകലാശാലയിൽ നിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യമായ യോഗ്യതയോ. മുകളിൽ വിവരിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ (2) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റ് (1),(2) ഖണ്ഡികകളിലുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ (3) കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ.സി.-യോ തത്തുല്യ യോഗ്യതയോ അല്ലെങ്കിൽ എസ്.എസ്.എൽ.സി.-യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ കൃഷി ഐശ്ചിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബേസിക് സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ്. B) നല്ല കായികശേഷി.

**ഓവർസിയർ ഗ്രേഡ് III തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടിക**

128 (2031) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി./ഇറിഗേഷൻ വകുപ്പുകളിലെ ഓവർസിയർ ഗ്രേഡ് III തസ്തികയിലേക്ക് കാറ്റഗറി നമ്പർ 247/2018 ആയി നടത്തിയ പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരണത്തിന് തയ്യാറായോ; ചുരുക്കപ്പട്ടികയിൽ എത്രപേരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

16-11-2020-ന് സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേക്ക് 22.11.2016-ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിലെ മെയിൻ, സപ്ലിമെന്ററി പട്ടികകളിലായി എത്ര പേരാണ് ഉൾപ്പെട്ടിരുന്നത്?

22.11.2016-ന് അംഗീകരിച്ച മുൻ റാങ്ക് പട്ടികയുടെ മുഖ്യപട്ടികയിൽ 2871 (രണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ഒന്ന്) ഉദ്യോഗാർത്ഥികളും ഉപപട്ടികയിൽ 2644 (രണ്ടായിരത്തി അറുന്നൂറ്റി നാല്പത്തി നാല്) ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിരുന്നു.

(സി) പി.എസ്.സി.-യുടെ ചുരുക്കപ്പട്ടികയിലും റാങ്ക് ലിസ്റ്റിലും ഉൾക്കൊള്ളിക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

മുൻ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം, ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകൾ, ഈ റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ സാധ്യതയുള്ള ഒഴിവുകൾ എന്നിവ അടിസ്ഥാനമാക്കി പി.എസ്.സി. ഓരോ തെരഞ്ഞെടുപ്പിനും സെലക്ഷൻ പ്രൊപ്പോസൽ അംഗീകരിക്കുകയാണ് ചെയ്യുന്നത്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

129 (2032) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2021-ൽ കാലാവധി പൂർത്തിയാകുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് കോവിഡ് സാഹചര്യത്തിൽ ആവശ്യമായ നിയമനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അത്തരം ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

130 (2034) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് നിയമനത്തിനായിട്ടുള്ള റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നു; എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി; നിയമനം നൽകുന്നതിനായി എത്ര പുതിയ ഒഴിവുകളാണ് നിലവിലുള്ളത്?

2-4-2018-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. 3759 ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 15-12-2020 വരെ 915 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം സംസ്ഥാനത്ത് കൂടുതൽ പേർ വിരമിച്ച 2019-2020 കാലയളവിൽ ആനുപാതികമായി വന്ന ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്യിട്ടില്ലായെന്നുള്ള കാര്യം ഗൗരവമായി കാണുമോ?

എല്ലാ സർക്കാർ വകുപ്പുകളിലും ഓരോ കലണ്ടർ വർഷത്തിലെയും വിവിധ തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സി.-യെ അറിയിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിവരുന്നുണ്ട്. 2019 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ 10-8-2018-ലെ ഉപസ13/149/18/ ഉഭപവ നമ്പർ സർക്കുലർ മുഖേനയും 2020 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ 20-9-2019-ലെ ഉപസ 3/101/2019/ഉഭപവ സർക്കുലർ മുഖേനയും എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രളയവും കോവിഡ്-19 മൂലമുണ്ടായ പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടി നീട്ടുന്നതിനുള്ള കാര്യം പരിഗണിക്കുമോ?

കോവിഡ് വ്യാപനത്തെ തുടർന്ന് കേന്ദ്ര സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ 19-6-2020 വരെ പി. എസ്.സി. ദീർഘിപ്പിച്ചു നൽകിയിരുന്നു. നിലവിൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ഡി) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് നിയമനത്തിനായി കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ എത്ര പേർക്ക് ഉൾപ്പെട്ടിരുന്നു; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; കാലാവധി എത്ര വർഷമായിരുന്നു; വിശദാംശം നൽകാമോ?

2814 പേർ ഉൾപ്പെട്ടിരുന്ന കഴിഞ്ഞ റാങ്ക് ലിസ്റ്റിൽനിന്നും 1428 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിരുന്നു. മൂന്ന് വർഷമായിരുന്നു റാങ്ക് ലിസ്റ്റിന്റെ കാലാവധി.

**സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

131 (2035) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുള്ളവർക്ക് (കാറ്റഗറി നമ്പർ 657/2017) സർക്കാർ ഉത്തരവ് 130/2020/ആഭ്യന്തരം പ്രകാരം അനുവദിച്ച 1200 ട്രെയിനിംഗ് പർപ്പസ് വേക്കൻസി, നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; എങ്കിൽ ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സർക്കാർ ഉത്തരവ് (കൈ) നമ്പർ 130/2020/ആഭ്യന്തരം പ്രകാരം 1200 താൽക്കാലിക ട്രെയിനി പോലീസ് കോൺസ്റ്റബിൾ തസ്തികകൾക്ക് തുടർച്ചാനുമതിയാണ് നൽകിയത്. അതിൽ 154 എണ്ണം ഐ.ആർ. ബറ്റാലിയൻ വിഭാഗത്തിനും 1046 എണ്ണം ആംഡ് പോലീസ് ബറ്റാലിയൻ വിഭാഗത്തിനുമായി റിസർവ് ചെയ്തിട്ടുള്ളതുമാണ്. 31-12-2021 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നു. താല്ക്കാലിക ട്രെയിനി തസ്തിക ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| SAP | 203 |
| KAP1 | 140 |
| KAP2 | 99 |
| KAP3 | 209 |
| KAP4 | 156 |
| KAP5 | 133 |
| MSP | 106 |
| Total | 1046 |

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് യൂണിവേഴ്സിറ്റി കോളേജിൽ നടന്ന പി.എസ്.സി. പരീക്ഷാതട്ടിപ്പ്, കോവിഡ് എന്നിവമൂലം പത്ത് മാസത്തോളം നിയമനങ്ങൾക്ക് തടസം നേരിട്ട സാഹചര്യത്തിൽ ഈ റാങ്ക് ലിസ്റ്റിൽനിന്നും അർഹമായ നിയമനങ്ങൾ നടക്കാത്തതിനാൽ ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേക്ക് നീട്ടി നൽകുമോ?

1-7-2020-ൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.)7/2020/ഹോം പ്രകാരം പുതുതായി സൃഷ്ടിച്ച രണ്ടായിരം തസ്തികകളിലേയ്ക്ക് സ്റ്റേറ്റ് ഇൻഡസ്ട്രീസ് സെക്യൂരിറ്റി ഫോഴ്സിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ എസ്.ഐ.എസ്.എഫ്.-ൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഗാർഡുകളെ വിന്യസിക്കുന്നതിന് ഏജൻസികളിൽ നിന്നുള്ള ധാരണാപത്രത്തിന് വിധേയമായി സ്വതന്ത്രമായ റിക്രൂട്ട്മെന്റിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ഇതിലേക്ക് പുതിയ കരാറുകളായിട്ടില്ല. എന്നാൽ നിലവിലുള്ള കരാറുകൾക്കനുസൃതമായി നേരത്തെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ SISF-ലേക്ക് ഏത് യൂണിറ്റിൽ നിന്നാണോ സുരക്ഷാ ഗാർഡുകൾ അന്യത്ര സേവനത്തിന് അപേക്ഷ നൽകി പോകുന്നത് അപ്രകാരം അതാത് യൂണിറ്റിന് ഒഴിവുകൾ ആനുപാതികമായി ലഭിക്കുന്നു. നിലവിൽ 857 പേർ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്നും അന്യത്ര സേവനത്തിൽ SISF-ൽ വിവിധ ബറ്റാലിയനുകളിൽ നിന്നും ജോലി നോക്കി വരുന്നു. ഡെപ്യൂട്ടേഷൻ ഒഴിവുകൾ അതാത് ബറ്റാലിയനുകളുടെ ഒഴിവുകളായാണ് കണക്കാക്കുന്നത്.

(ഡി) എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് വുമൺ സിവിൽ പോലീസ് ഓഫീസർ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി പരിഗണിച്ചിരുന്നോ; എങ്കിൽ പുരുഷ സി.പി.ഒ. ഉദ്യോഗാർത്ഥികളെ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി രൂപീകരിച്ച എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് നിയമനത്തിനായി പരിഗണിക്കുന്നതിന് ലിംഗ വ്യത്യാസമില്ല.

(ഇ) സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടുള്ളവരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഔദ്യോഗിക കണക്കിലും വിവരാവകാശ രേഖകളിലും വലിയ വ്യത്യാസമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 244/2020 കാറ്റഗറി നമ്പർ വിജ്ഞാപനം

132 (2036) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 244/2020 കാറ്റഗറി നമ്പർ വിജ്ഞാപന പ്രകാരം എൽ.പി.എസ്.ടി. (മലയാളം മീഡിയം) തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എറണാകുളം ജില്ലയിൽ എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ?

രണ്ട് അപേക്ഷകരാണുള്ളത്.

(ബി) പ്രസ്തുത തസ്തിക മാറ്റം വഴിയുള്ള അപേക്ഷയിൽ അപേക്ഷകരുടെ എണ്ണം കഴിഞ്ഞുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റി നൽകുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തസ്തികമാറ്റം കഴിഞ്ഞുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് വേണ്ടി മാറ്റി നൽകുന്ന കാര്യം പി.എസ്.സി.-യുടെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) കാറ്റഗറി നമ്പർ 244/2020 എൽ.പി. സ്കൂൾ ടീച്ചർ (മലയാളം)-ന്റെ വിജ്ഞാപന വ്യവസ്ഥയനുസരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒഴിവുകൾ ടി തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന്റെ റാങ്ക് പട്ടികയിൽനിന്നും നികത്തുന്നതാണ്.

## എച്ച്.എസ്.എ. (കണക്ക്) റാങ്ക് ലിസ്റ്റ്

133(2038) ശ്രീ. കെ. എസ്. ശബരിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.എ. (കണക്ക്) അദ്ധ്യാപകർക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇതുവരെ എല്ലാ ജില്ലകളിലുമായി 913 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 9 പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കോവിഡ്-19 കണക്കിലെടുത്ത് സ്കൂളുകൾ തുറക്കാത്തതിനാലും സ്റ്റാഫ് ഫിക്സേഷൻ നടക്കാത്തതിനാലും ഒരു വർഷത്തെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടുന്ന കാര്യം പരിഗണിക്കുമോ?

കോവിഡ് വ്യാപനത്തെത്തുടർന്ന് കേന്ദ്ര സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ 19-6-2020 വരെ പി.എസ്.സി. ദീർഘിപ്പിച്ച് നൽകിയിരുന്നു. നിലവിൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല.

(സി) എച്ച്.എസ്.എ. (കണക്ക്) അദ്ധ്യാപകർക്കുള്ള മുൻ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി എത്ര വർഷമായിരുന്നുവെന്ന് അറിയിക്കുമോ; എത്ര പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

134 (2039) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 444/2016 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

6-1-2021-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ നേരിട്ടുള്ള നിയമനത്തിനായി കൃഷി അസിസ്റ്റന്റ് തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലവിൽ 188 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ എച്ച്.എസ്.എ. നാച്വറൽ സയൻസ് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ

135 (2040) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. നാച്വറൽ സയൻസ് കാറ്റഗറി നമ്പർ 659/2012 റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) 6-6-2021 വരെയാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി. രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകി. ഒരൊഴിവ് ഭിന്നശേഷി വിഭാഗത്തിനായി മാറ്റിവച്ചിരിക്കുന്നു.

(സി) മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30-നകം പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

## സർവ്വേ ഭൂരേഖ വകുപ്പിലെ സർവ്വേയർ ഗ്രേഡ്-2-ന്റെ റാങ്ക് ലിസ്റ്റ്

136(2041) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഭൂരേഖ വകുപ്പിൽ സർവ്വേയർ ഗ്രേഡ്-2 ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ ലിസ്റ്റാണുള്ളത്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; നിലവിൽ നിയമനം നൽകുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; കഴിഞ്ഞ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ?

സർവ്വേ വകുപ്പിൽ സർവ്വേയർ ഗ്രേഡ്-2-ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. മെയിൻ ലിസ്റ്റിൽ 1921 പേരും സപ്ലിമെന്ററി ലിസ്റ്റിൽ ഈഴവ – 221, എസ്.സി.- 337, എസ്.ടി. - 19, മുസ്ലീം - 150, ലാറ്റിൻ കാത്തലിക്ക് - 71, ഒ.ബി.സി. - 47, വിശ്വകർമ്മ - 44, എസ്.ഐ.യു.സി. നാടാർ - 33, ഒ. എക്സ് - 13, ധീവര -19, ഹിന്ദു നാടാർ -20, ഡിഫറൻഷ്യലി ഏബിൾഡ് - 10 എന്നിങ്ങനെയാണ് റാങ്ക് ലിസ്റ്റിലെ

ഉദ്യോഗാർത്ഥികളുടെ എണ്ണം. 357 പേർക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടുണ്ട്. 18 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും 898 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയുടെ സൂപ്പർവൈസറി തസ്തികകളിൽ പ്രൊമോഷൻ യഥാസമയം നടത്തിയുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഒന്നാംതരം സർവ്വേയർ തസ്തികയിലെയും രണ്ടാംതരം സർവ്വെയർ തസ്തികയിലെയും വിരമിക്കൽ മുഖേനയുണ്ടാകുന്ന 2021 ഡിസംബർ വരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് ആന്റിസിപ്പേറ്റഡ് ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വകുപ്പിൽ സർവ്വേയർമാരുടെ അഭാവം രൂക്ഷമായിട്ടുള്ളതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അകാരണമായി വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇങ്ങനെയുണ്ടാകുന്ന അധിക തസ്തികകൾ ഈ റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി & ഡി) അധികമായി കണ്ടെത്തി വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കോവിഡ്, പ്രളയ സാഹചര്യങ്ങൾമൂലം നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശപ്രകാരം സാങ്കേതിക തസ്തികകളിലെ 3 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ആ ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്യുമോ?

പരിഗണനയിലില്ല.

## സിവിൽ പോലീസ് ഓഫീസർ നിയമനം

137 (2043) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ പോലീസ് ഓഫീസർ കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുവേണ്ട പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ?

ഇല്ല.

(ബി) സർക്കാർ ഉത്തരവ് നമ്പർ 130/2020/ഹോം പ്രകാരം എത്ര ടെമ്പററി ട്രെയിനിംഗ് പർപ്പസ് വേക്കൻസികളാണുണ്ടായിരുന്നതെന്ന് അറിയിക്കുമോ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ടി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വേക്കൻസികൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ബി & സി) 18/06/2020-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 130/2020/ ആഭ്യന്തരം പ്രകാരം കേരള ആംഡ് പോലീസ് ബറ്റാലിയനിൽ താൽക്കാലികമായി സൃഷ്ടിച്ച 200 വനിതാ പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികയുൾപ്പെടെ 1400 തസ്തികകൾക്ക്, അതായത് 713 പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 1-6-2019 മുതൽ 31-5-2021 വരെയും 487 പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 1-6-2018 മുതൽ 31-5-2021 വരെയും 200 വനിതാ പോലീസ് കോൺസ്റ്റബിൾ ട്രെയിനി തസ്തികകൾക്ക് 22-3-2018 മുതൽ 21-3-2021 വരെയും തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ട്. അതിൽ 154 എണ്ണം ഐ.ആർ. ബറ്റാലിയൻ വിഭാഗത്തിനും 1046 എണ്ണം ആംഡ് പോലീസ് ബറ്റാലിയൻ വിഭാഗത്തിനുമായി റിസർവ് ചെയ്തിട്ടുള്ളതാണ്. 31-12-2021 വരെയുള്ള പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നു. താല്ക്കാലിക തസ്തിക ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| SAP | 203 |
| KAP 1 | 140 |
| KAP 2 | 99 |
| KAP 3 | 209 |
| KAP 4 | 156 |
| KAP 5 | 133 |
| MSP | 106 |
| Total | 1046 |

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. നിയമനം

138 (2044) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 387/2014 എറണാകുളം ജില്ല എൽ.പി.എസ്.ടി. തസ്തികയിൽ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലുമായി എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യ പട്ടികയിൽ 400 ഉദ്യോഗാർത്ഥികളും ഉപപട്ടികകളിലായി 578 ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമന ശിപാർശ നല്കിയെന്ന് വ്യക്തമാക്കാമോ?

298 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിലേയ്ക്കായി പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

3 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

27-12-2021 വരെയാണ് കാലാവധി.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

139 (2045) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലെ എൻടി കേഡർ അസിസ്റ്റന്റ് വിഭാഗത്തിലെ ഒഴിവുകൾ കണക്കാക്കുന്നതിന് കേഡർ സ്ട്രെങ്ത് മാനദണ്ഡമാണോ;

(ബി) പൊതുഭരണ വകുപ്പിലെ ജീവനക്കാരുടെ ആറ് മാസത്തിലധികം കാലാവധിയുള്ള ലീവ്, ഡെപ്യൂട്ടേഷൻ എന്നിവ മുഖേന എൻടി കേഡർ അസിസ്റ്റന്റ് തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യേണ്ടതല്ലേയെന്ന് അറിയിക്കുമോ;

(സി) 2019 ഏപ്രിൽ ഒന്നിനുശേഷം ഇത്തരത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ – സി) ഓരോ വർഷവും റിട്ടയർമെന്റ്മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം കിഴിവ് ചെയ്യേണ്ടവ കുറച്ച് ബാക്കി ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. അതായത് വിരമിക്കൽമൂലവും പുതുതായി തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതുമൂലവും പുതിയതായി ലഭിക്കുന്ന അന്യത്രസേവന ഒഴിവുകളും ജീവനക്കാർ ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതുമൂലവുമുണ്ടാകുന്ന ഒഴിവുകളും കണക്കാക്കി അതിൽനിന്ന് ആശ്രിതനിയമനം വഴി നൽകുന്ന നിയമനങ്ങളും താഴ്ന്നവിഭാഗം ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴിയുണ്ടാകുന്ന നിയമനങ്ങളും ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ വരുന്നതും അന്യത്രസേവന കാലാവധി കഴിഞ്ഞ് തിരികെ വരുന്ന നിയമനങ്ങളും കിഴിച്ച് ബാക്കിയുള്ള ഒഴിവുകളാണ് നിലവിൽ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുന്നത്.

**കേരള അഗ്നിരക്ഷാ സേനയെ സംബന്ധിച്ച സമഗ്രപഠന റിപ്പോർട്ട്**

140 (2048) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഗ്നിരക്ഷാ സേനയെ സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് കേരളത്തിനകത്തും പുറത്തും നടത്തിയ സമഗ്രപഠന റിപ്പോർട്ട് സർക്കാരിന് ലഭ്യമായത് എന്നാണെന്ന് അറിയിക്കുമോ?

15-7-2019-ൽ.

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടില്ല. പഠന റിപ്പോർട്ടിന്മേൽ വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം ഫയർമാൻ, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നീ രണ്ട് തസ്തികകളുടെ പ്രൊമോഷൻ അനുപാതം, ശമ്പള രീതി എന്നിവയിൽ വിവേചനമുള്ളതായി പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച തീരുമാനം എന്തെന്ന് വ്യക്തമാക്കുമോ?

ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഡ്രൈവർ മെക്കാനിക് തസ്തിക നിർത്തലാക്കുന്നതിനും ടി സാഹചര്യത്തിൽ ഫയർമാൻ, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികകളിൽനിന്നും അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് 7:2 (7 ലീഡിംഗ് ഫയർമാൻ : 2 ഫയർമാൻ

ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ) ആയി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഫയർമാൻ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത കൂടാതെ അധികമായി ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് കൂടി ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയ്ക്ക് വേണ്ടതാണെന്ന് സ്പെഷ്യൽ റൂളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ അധികയോഗ്യതയ്ക്ക് അധിക വേതനം ശമ്പള സ്കെയിലിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഫയർമാൻ തസ്തികയുടെ സ്കെയിലിനേക്കാൾ ഒരു സ്റ്റേജ് ഉയർന്ന സ്കെയിൽ ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ തസ്തികയ്ക്ക് നൽകണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ട്രാൻസ്ജെന്റർ ഉദ്യോഗാർത്ഥികൾക്ക് സംവരണം

141 (2050) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും അവരുടെ നിലവിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തി കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസി മുഖേന സർവ്വേ നടന്നുവരുന്നുണ്ട്. പ്രസ്തുത സർവ്വേ റിപ്പോർട്ട് 2021 മേയ് 31-നകം വകുപ്പിന് സമർപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി സി.എം.ഡി. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സർവ്വേ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സി.എം.ഡി. ലഭ്യമാക്കുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന പൊതുനിയമനങ്ങളിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് സംവരണം ഏർപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

## നാദാപുരം തയ്യിൽ പാലം നിർമ്മാണം

142 (2054) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വടകര-മാഹി കനാലിലെ എടച്ചേരി-ഏറാമല പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. തയ്യിൽ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി IDRB-ക്ക് സമർപ്പിച്ചിട്ടുള്ളതും ടി പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലുമാണ്.

**കൊച്ചി വാട്ടർ മെട്രോ**

143 (2056) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ?

പരിസ്ഥിതി സംബന്ധമായ എല്ലാ ക്ലിയറൻസുകളും ലഭിച്ചുകഴിഞ്ഞു. 100 pax-ന്റെ 23 ബോട്ടുകൾക്കായുള്ള നിർമ്മാണത്തിന് കൊച്ചിൻ ഷിപ്പ് യാർഡിനെ കരാർ ഏൽപ്പിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആദ്യ ബോട്ടിന്റെ ലോഞ്ചിംഗ് ഫെബ്രുവരി പകുതിയോടെ നടക്കും. ഇതിനോടനുബന്ധിച്ച് ഫ്ലോട്ടിംഗ് ജെട്ടികളുടെ നിർമ്മാണത്തിനായി കരാർ നൽകുകയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ജലഗതാഗതത്തിനാവശ്യമായ ആഴം കൂട്ടുന്നതിനായി ഡ്രെഡ്ജിംഗ് കോൺട്രാക്ട് അവാർഡ് ചെയ്തു. ജെട്ടി ലൊക്കേഷനുകളിൽ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള 16 ടെർമിനലുകളുടെ ടെണ്ടറിംഗ് പ്രോസ്സസ് പുരോഗമിക്കുന്നു. സ്വകാര്യ മേഖലയിലെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇതിനായി ഏറ്റെടുക്കുന്ന ഭൂമി എത്രയാണെന്നും ഇത് ഏതെല്ലാം വില്ലേജുകളിലാണെന്നും വ്യക്തമാക്കാമോ?

ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി, രാമേശ്വരം, ഇടക്കൊച്ചി, കുമ്പളം, മരട്, എറണാകുളം, നടമ, പൂണിത്തുറ, കാക്കനാട്, പുത്തൻകുരിശ്, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, ചേരനെല്ലൂർ, കടമക്കുടി, ഏലൂർ, ഇടപ്പള്ളി നോർത്ത്, വരാപ്പുഴ, മുളവുകാട്.

(സി) ജലമെട്രോ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ജലമെട്രോ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 2-7-2019-ലെ സ.ഉ.(കൈ)നമ്പർ 34/2019/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിയുടെ ഒന്നാംഘട്ടം ഫെബ്രുവരി അവസാനത്തോടുകൂടി ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## നാദാപുരം കളിയാമ്പള്ളി പാലം നിർമ്മാണം

144 (2057) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വടകര-മാഹി കനാലിന്റെ കുറുകെയുള്ള ഇടുങ്ങിയ കളിയാമ്പള്ളി പാലം പുനർനിർമ്മിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) കളിയാമ്പള്ളി പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി IDRB-ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്.

## ക്ഷേമപെൻഷനുകൾ

145 (2061) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം പെൻഷൻ തുക ബാങ്ക് മുഖേനയോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേനയോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം വിതരണം ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര പേർക്ക് ക്ഷേമപെൻഷൻ നല്കിയിരുന്നു; അവസാനം നൽകിയ ക്ഷേമപെൻഷൻ തുക എത്രയായിരുന്നു

മുൻസർക്കാർ 4132826 പേർക്കാണ് സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ നല്കിയിരുന്നത്. അവസാനം നൽകിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകയുടെ വിശദാംശങ്ങൾ പെൻഷൻ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | തുക |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1500 |
| | | പ്രായം 75 വയസ്സുവരെ | 600 |
| 2 | ഇന്ദിരാഗാന്ധിദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിന് മുകളിലും വൈകല്യമുള്ളവർ | 1100 |
| | | 80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ | 800 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 4 | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 5 | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |

ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത നിരക്കായിരുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശികയായിരുന്നു; എത്ര രൂപയായിരുന്നു കുടിശ്ശിക?

മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും വ്യത്യസ്ത കാലയളവുകളിലായി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഗുണഭോക്താക്കൾക്കുണ്ടായ കുടിശ്ശികയ്ക്ക് ഏകീകൃത കാലയളവുണ്ടായിരുന്നില്ല.

(ഡി) ഇപ്പോൾ എത്ര പേർക്ക് ക്ഷേമപെൻഷൻ നല്കുന്നുണ്ട്; പ്രതിമാസം ക്ഷേമപെൻഷൻ നല്കുന്നതിന് എത്ര രൂപ ചെലവ് വരും?

നിലവിൽ 5252843 പേർക്കാണ് സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ നൽകുന്നത്. പ്രതിമാസം ക്ഷേമ പെൻഷനുകൾ നൽകുന്നതിനായി 752.45 കോടി രൂപ ചെലവുവരും.

## കേരള പുനർനിർമ്മാണ പദ്ധതി

146(2064) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ.) യിലുൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ വകുപ്പുകളിലെ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതുവരെ എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് തുകകൾ സഹിതം വ്യക്തമാക്കാമോ; ഈ ഓരോ പദ്ധതികളുടെയും നിർവ്വഹണ ചുമതല നിർവ്വഹിക്കുന്ന ഏജൻസികൾ ഏതൊക്കെ;

(ബി) ഇവയിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ബാക്കിയുള്ളവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇവയുടെ നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള പുനർ നിർമ്മാണ പദ്ധതി (ആർ.കെ.ഐ.) യിലുൾപ്പെടുത്തി വിവിധ വകുപ്പുകളിലായി 18-1-2021 വരെ ആകെ 7200.28 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകി. 651.38 കോടി രൂപ ഇതിനകം വിവിധ പദ്ധതികൾക്കായി ആർ.കെ.ഐ. അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം, നിർവ്വഹണ ചുമതല വഹിക്കുന്ന ഏജൻസികൾ, നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## എകരൂൽ -കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

147(2065) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരീക്കോട്-എടവണ്ണ റോഡ് (52.5 കി.മീ.) ഉൾപ്പെടുത്തിയിട്ടുണ്ട്. വാണിമേൽ ഗ്രാമപഞ്ചായത്തിലെ പാക്കോയി പാലം, കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ മൂന്നാംകൽ-അങ്കണവാടി-തൊട്ടിൽപ്പാലം പാലം എന്നിവ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിനുകീഴിലുള്ള ഡാമുകൾ/കനാലുകൾ/റെഗുലേറ്ററുകൾ/ജലസേചന സംവിധാനങ്ങൾ എന്നിവയുടെ പ്രളയാനന്തര അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 10 പ്രവൃത്തികൾ കോഴിക്കോട് ജില്ലയിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽനിന്നും 17 വില്ലേജ് ഓഫീസുകൾ (കാക്കൂർ, മറവൂർ, പൂളക്കോട്, കരുവട്ടൂർ, ചാത്തമംഗലം, വേളം, കാന്തലാട്, കൂരാച്ചുണ്ട്, അവിടനല്ലൂർ, വാവാട്, പനങ്ങാട്, താഴേക്കാട്, കോടഞ്ചേരി, ഏറാമല, ശിവപുരം, വില്യാപ്പള്ളി, വളയം) പുനർനിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുകൂടാതെ ജില്ലയിലെ 10 റവന്യൂ ഓഫീസുകൾക്ക് (താലൂക്ക് ഓഫീസ്-വടകര, റവന്യൂ റിക്കവറി ഓഫീസ്-വടകര, ആർ.ഡി.ഒ. ഓഫീസ് -വടകര, റവന്യൂ റിക്കവറി ഓഫീസ്-കോഴിക്കോട്, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (എൽ.എ.)-കോഴിക്കോട്, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (എൽ.എ.)-കൊയിലാണ്ടി, ലാന്റ് ട്രിബ്യൂണൽ ഓഫീസ്-കോഴിക്കോട്, സബ് കളക്ടർ ഓഫീസ്-കോഴിക്കോട്, ഐ.ടി. സെൽ നവീകരണം, താലൂക്ക് ഓഫീസ് (ഇലക്ഷൻ)- താമരശ്ശേരി) പുതിയ കെട്ടിടം/അറ്റകുറ്റപ്പണികൾ സാധ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടം നേരിട്ട അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി പുനർനിർമ്മിക്കുന്ന പദ്ധതിക്കുകീഴിൽ കോഴിക്കോട് ജില്ലയിൽനിന്നും 3 അങ്കണവാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രളയാനന്തരം ജീവനോപാധികൾ പുനഃസൃഷ്ടിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ സംസ്ഥാന വ്യാപകമായി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'ലൈവ്‌ലിഹുഡ് സപ്പോർട്ട് പാക്കേജ് എന്നിവയിൽ ജില്ലയിൽനിന്നുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിക്കും. ശുചിത്വ മിഷൻ-ക്ലീൻ കേരള കമ്പനി മുഖേന എല്ലാ ജില്ലകളിലും സോർട്ടിംഗ് ആൻഡ് സെഗ്രഗേഷൻ സെന്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ആനുകൂല്യം കോഴിക്കോട് ജില്ലയിലും ലഭിക്കും. കൃഷി വകുപ്പുമുഖേന സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ 905 ഇന്റഗ്രേറ്റഡ് ഫാമിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതടക്കമുള്ള വിവിധ ഘടകങ്ങൾ കോഴിക്കോട് ജില്ലയ്ക്കും ലഭിക്കും.

(ബി) എകരൂൽ-കക്കയം ഡാം സൈറ്റ് റോഡിന്റെ നവീകരണ പ്രവൃത്തിക്ക് റീബിൽഡ് കേരളയിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

148 (2066) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയായ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, ഊർജ്ജ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, വനം-വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 7200.28 കോടി രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ് (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ബി) ഈ പദ്ധതിക്ക് ഏതെങ്കിലും വിദേശ ഏജൻസികളുടെയോ/ ബാങ്കുകളുടെയോ സഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനകം ലഭിച്ച തുക എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്താമോ?

(ബി&സി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയായി ഇതുവരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമ്മൻ ബാങ്കായ KfW-യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന തുക ബഡ്ജറ്റ് വിഹിതമായി RKI-ക്ക് ലഭ്യമാക്കുകയും അതുവഴി വിവിധ വകുപ്പുകൾക്ക് പദ്ധതി നടത്തിപ്പിനായി ആവശ്യാനുസരണം തുക കൈമാറുകയും ചെയ്തുവരുന്നു.

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഇതിനകം എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്; അതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചു; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

14-1-2021 വരെ 7200.28 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3908.81 രൂപയുടെ പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കുകയും 2934.62 കോടി രൂപയുടെ കരാർ നൽകുകയും ചെയ്തു.

(ഇ) വിവിധ വകുപ്പുകൾക്ക് പദ്ധതി നടത്തിപ്പിനായി ഇതിനകം കൈമാറിയ തുക എത്രയാണ്; മറ്റേതെങ്കിലും വിദേശ ഏജൻസികളിൽനിന്നും ധനസമാഹരണത്തിന് ചർച്ച നടക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇതിനകം വകുപ്പുകൾക്ക് വിവിധ പദ്ധതികൾക്കായി 651.38 കോടി രൂപ കൈമാറിയിട്ടുണ്ട്. 'പ്രോഗ്രാം ഫോർ റിസൾട്ട്സ്' (P for R) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂരിലെ റീബിൽഡ് കേരള പദ്ധതി

149 (2067) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിനുവേണ്ടി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ & ബി) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ, ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതികൾ സംബന്ധിച്ച വിശദവിവരവും പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ടി പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റീബിൽഡ് കേരള പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. ആർ.കെ.ഐ. നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ പതിവായി സെക്രട്ടറിതല യോഗം ചേരുകയും പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് നിർവ്വഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉപദേശക സമിതിയുടെ യോഗങ്ങളും പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ.-യുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വികസിപ്പിക്കുകയും അതുമുഖേന പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

## സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാനുള്ള നടപടികൾ

150 (2069) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പദ്ധതി യാഥാർത്ഥ്യമായതുവഴി സംസ്ഥാനത്ത് സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സി.എൻ.ജി.-യുടെ വിതരണം കേരളത്തിന്റെ തെക്കൻ ജില്ലകളിലേയ്ക്കും വ്യാപകമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

(എ&ബി) ഗെയിൽ KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) നല്കുന്നതിലേയ്ക്കായി തെരഞ്ഞെടുത്ത SV/IP സ്റ്റേഷനുകളിൽ ടാപ്പ് ഓഫിനുള്ള സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വാഹനങ്ങൾക്കുള്ള CNG വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. തെക്കൻ

ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG & P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എറണാകുളം ജില്ലയിൽ 9 സി.എൻ.ജി. സ്റ്റേഷനുകളും തൃശ്ശൂർ ജില്ലയിൽ 5 സി.എൻ.ജി. സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വരുംവർഷങ്ങളിൽ പി.എൻ.ജി.ആർ.ബി.-യുടെ അംഗീകാരപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി 2026-ഓടുകൂടി തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മൊത്തം 200 സി.എൻ.ജി. സ്റ്റേഷനുകളും മലപ്പുറം ജില്ലയിൽ 130 സി.എൻ.ജി. സ്റ്റേഷനുകളും കോഴിക്കോട്, വയനാട് ജില്ലകളിൽ മൊത്തത്തിൽ 142 സി.എൻ.ജി. സ്റ്റേഷനുകളും കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളിൽ മൊത്തമായി 125 സി.എൻ.ജി. സ്റ്റേഷനുകളും പ്രാവർത്തികമാക്കാനാണ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നത്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. ശേഷിക്കുന്ന മൂന്ന് ജില്ലകളായ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളെ PNGRB യുടെ 11-ാം ഘട്ട ബിഡ്ഡിംഗിനുള്ള താല്കാലിക ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

## തലസ്ഥാനത്തെ സിറ്റി ഗ്യാസ് പദ്ധതി

151 (2070) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ആയതിനായി വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കുമോ;

(സി) വിശദമാക്കാമോ?

(എ-സി) പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) തലസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചുമതല AGP City Gas Pvt. Ltd. എന്ന കമ്പനിക്കാണ് നല്കിയിരിക്കുന്നത്. ആയതനുസരിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ AGP City Gas Pvt. Ltd. സ്വീകരിച്ചുവരുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് പാചക വാതക വിതരണം നൽകേണ്ടതിനാൽ ജനവാസകേന്ദ്രങ്ങൾക്ക് സമീപം LCNG/LNG സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി വരികയാണ്. പ്രസ്തുത കമ്പനി തെക്കൻ ജില്ലകളായ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി

നടപ്പിലാക്കുന്നതിനുള്ള Execution Strategy & Business Plan തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഓയിൽ മാർക്കറ്റിംഗ് കമ്പനികളായ IOCL, HPCL, BPCL എന്നീ കമ്പനികളുമായി മാസ്റ്റർ സെയിൽസ് കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ തെക്കൻ ജില്ലകളായ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ 2030-നകം 291 സി.എൻ.ജി. സ്റ്റേഷനുകളും 1.14 ദശലക്ഷം ഗാർഹിക കണക്ഷനുകളും നൽകാനാണ് AGP City Gas Pvt. Ltd. വിഭാവനം ചെയ്യുന്നത്. ആയതിലേയ്ക്കായി പ്രസ്തുത കമ്പനി 3237 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനങ്ങൾ

152 (2071) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കർ എത്ര പ്രാവശ്യം മുഖ്യമന്ത്രിയുടെകൂടെ വിദേശരാജ്യങ്ങൾ സന്ദർശിച്ചുവെന്നും ഏതൊക്കെ രാജ്യങ്ങളിലായിരുന്നുവെന്നും അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കർ മുഖ്യമന്ത്രിയോടൊപ്പം വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(ബി) വിദേശരാജ്യങ്ങളിൽ മുഖ്യമന്ത്രി സന്ദർശിക്കുന്നതിന് മുന്നോടിയായി അവിടങ്ങളിൽ ശിവശങ്കർ സന്ദർശിച്ചിരുന്നോ?

ഇല്ല.

(സി) അത്തരം വിദേശസന്ദർശനങ്ങളിൽ സ്വപ്ന സുരേഷിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബാധകമല്ല.

## കെ-ഫോൺ പദ്ധതി

153(2076) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി. ഐ.എൽ.) ന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.) ന്റെയും സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം ആയിരത്തോളം സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചത് ടെണ്ടർ നടപടികളിലൂടെയാണോ എന്നും ആണെങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ/സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കുമോ?

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ പദ്ധതി നടത്തിപ്പിനായുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഇ-ടെണ്ടറിൽ A2Z ഇൻഫ്രാ എഞ്ചിനീയറിംഗ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ടെലികമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ കമ്പനികൾ പങ്കെടുത്തു.

## സ്പേസ് പാർക്കിൽ സ്വപ്ന സുരേഷിന്റെ നിയമനം

154 (2078) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കീഴിലുള്ള സ്പേസ് പാർക്കിൽ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ സ്വപ്നാ സുരേഷിനെ ഏത് തസ്തികയിലാണ് നിയമിച്ചത്;

(ബി) ഏത് കൺസൾട്ടൻസി വഴിയായിരുന്നു സ്വപ്നാ സുരേഷിന്റെ നിയമനം; പ്രതിമാസം എത്ര ലക്ഷം രൂപയാണ് പ്രസ്തുത കൺസൾട്ടൻസിക്ക് സ്വപ്നാ സുരേഷിന്റെ ശമ്പളയിനത്തിൽ നൽകിയിരുന്നതെന്ന് അറിയിക്കാമോ?

(എ & ബി) പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന കൺസൾട്ടൻസിയാണ് നിയമിച്ചിരുന്നത്. പ്രസ്തുത സ്ഥാപനമാണ് ശമ്പളം നല്കിയിരുന്നത്.

**പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക്**

155 (2079) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഫലപ്രദമായിത്തന്നെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനമായി അപ്ഡേറ്റ് ചെയ്തത് എന്നാണെന്ന് അറിയിക്കുമോ; ഇതിന്റെ ഡാറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

പി.ആർ.ഡി. മീഡിയ ഹാൻഡ് ബുക്ക് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ 16-1-2021-ന് അപ്ഡേറ്റഡ് വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ റിസർച്ച് & റഫറൻസ് വിഭാഗത്തിനാണ് മൊബൈൽ ആപ്ലിക്കേഷന്റെ അപ്ഡേഷൻ ചുമതല.

(ബി) ഈ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർ പരിപാലനത്തിനുമായി സർക്കാരിന് ചെലവായ തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ നിലവിൽ ലഭ്യമാകുന്ന പല വിവരങ്ങളും കാലഹരണപ്പെട്ടവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അപ്ഡേറ്റ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനുവേണ്ടി അച്ചടി മാധ്യമ വാർത്തകൾ, മീഡിയ ഡയറക്ടറി (മീഡിയ ഹാൻഡ് ബുക്ക്) എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്നതിന് ഒരു വർഷത്തെ ആന്വൽ മെയിന്റനൻസ് ചാർജ്ജ് ഉൾപ്പെടെ അഞ്ച് ലക്ഷം രൂപ ചെലവായിട്ടുണ്ട്. തുടർന്ന് 9-7-2019 മുതൽ 9-7-2020 വരെയുള്ള ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഇനത്തിൽ നികുതി ഉൾപ്പെടെ 59,000 രൂപയും നാളിതുവരെ ചെലവായിട്ടുണ്ട്. ടി മൊബൈൽ ആപ്ലിക്കേഷനിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തുവരുന്നുണ്ട്.

**കെ-ഫോൺ ശൃംഖല**

156 (2080) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്?

സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം ആയിരത്തോളം സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി 2021 ഫെബ്രുവരിയിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 2021 ജൂലൈ മാസത്തോടെ കെ-ഫോൺ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ ഭാഗമായുള്ള ഒപ്റ്റിക്കൽ കേബിൾ ലൈൻ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ പദ്ധതിയുടെ ഭാഗമായി 6900 കിലോമീറ്റർ ഓൾ ഡൈ-ഇലക്ട്രിക് സെൽഫ് സപ്പോർട്ടിംഗ് (ADSS), ഒപ്റ്റിക് ഫൈബർ കേബിൾ (OFC) ലേയിംഗ് 14 ജില്ലകളിലായി പൂർത്തീകരിച്ചിട്ടുണ്ട്. 110-220 കെ.വി. ഇലക്ട്രിക്കൽ ലൈൻ വഴി 2900 കിലോമീറ്റർ ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ (OPGW) കേബിളിടാനുള്ളതിൽ 370 കിലോമീറ്റർ കേബിൾ സ്ഥാപിക്കുന്നത് പൂർത്തിയായിട്ടുണ്ട്.

(സി) റെയിൽവേ ലൈനിനും ദേശീയപാതയ്ക്കും കുറുകെ കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

റെയിൽവേ ലൈനിനും ദേശീയപാതയ്ക്കും കുറുകെ കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കെ-ഫോൺ ശൃംഖല ഉപയോഗിക്കാൻ ഏതൊക്കെ ഇന്റർനെറ്റ് സേവനദാതാക്കൾ മുന്നോട്ട് വന്നിട്ടുണ്ട്; അവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്?

കെ-ഫോൺ ശൃംഖല ഉപയോഗിക്കുന്നതിനായി ഡെൻ നെറ്റ്‌വർക്ക്, പവർ ഗ്രിഡ്, ബി.എസ്.എൻ.എൽ. മുതലായ നിരവധി സ്ഥാപനങ്ങൾ ഐ.ടി. വകുപ്പിനുകീഴിലുള്ള കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. ടെണ്ടർ വഴിയാണ് ഇന്റർനെറ്റ് സേവനദാതാക്കളെ തെരഞ്ഞെടുക്കാനുദ്ദേശിച്ചിട്ടുള്ളത്.

(ഇ) കെ-ഫോൺ ശൃംഖല ഉപയോഗിക്കുന്ന ഇന്റർനെറ്റ് സേവനദാതാക്കൾ നൽകുന്ന വാടകയിൽനിന്നും പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുവാനുള്ള ചെലവ് കണ്ടെത്തുവാൻ സാധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കെ-ഫോൺ ശൃംഖല ഉപയോഗിക്കുന്ന ഇന്റർനെറ്റ് സേവനദാതാക്കൾ നൽകുന്ന വാടകയിൽനിന്നും പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുവാനുള്ള ചെലവ് കണ്ടെത്തുവാനുള്ള സാധ്യതകളെക്കുറിച്ച് വിശകലനം ചെയ്തുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ നിഗമനത്തിലോ തീരുമാനത്തിലോ എത്തിയിട്ടില്ല.

## കൊരട്ടി ഇൻഫോപാർക്ക്

157 (2081) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊരട്ടി ഇൻഫോപാർക്കിൽ കൂടുതൽ ഐ.ടി. അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

കൊരട്ടി ഇൻഫോപാർക്കിൽ നിലവിൽ 36 കമ്പനികളിലായി ആയിരത്തോളം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലെ വില്ലകൾക്ക് പുറമേ കൂടുതൽ ഐ.ടി. സ്പേസ് അന്വേഷണങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2020 അവസാന പകുതിയിൽ അത്യാധുനിക ഐ.ടി. മന്ദിരമായ ഇന്ദീവരത്തിന്റെ രണ്ടാം നിലയിൽ 20000 ചതുരശ്രയടി ഫിറ്റ്ഔട്ട് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നേരത്തെ തുടങ്ങാനിരുന്ന ഈ നിർമ്മാണ പ്രവൃത്തികൾ കോവിഡ് മഹാമാരിമൂലം അൽപ്പകാലം മന്ദഗതിയിലായിരുന്നെങ്കിലും നിലവിൽ പൂർത്തീകരണത്തോടടുക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുവാൻ തയ്യാറായി നാലോളം കമ്പനികൾ ഈ സ്പേസുകൾ ബുക്ക് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതുവഴി അഞ്ഞൂറോളം തൊഴിലവസരങ്ങളാണ് അധികമായി സൃഷ്ടിക്കപ്പെടുന്നത്. കോവിഡ് നിയന്ത്രണങ്ങൾമൂലം " വർക്ക് ഫ്രം ഹോം" രീതിയിൽ ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നതിനാൽ നിലവിൽ ദിവസേന ക്യാമ്പസിൽ നേരിട്ടെത്തി ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഏതാണ്ട് 250-ഓളം മാത്രമാണ്. ക്രമേണ പ്രവർത്തനങ്ങൾ പഴയപടിയിലെത്തുന്ന മുറയ്ക്ക് കമ്പനികൾക്കും ജീവനക്കാർക്കും കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനായി റോഡ് ടാറിംഗ്, കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പെയിന്റ് ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും ക്യാമ്പസ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കേരള പോലീസിന്റെ സുരക്ഷാ വിഭാഗമായ SISF-നെ ക്യാമ്പസിന്റെ സുരക്ഷാ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ഐ.ടി. മേഖലയുടെ സമഗ്രവികസനം

158 (2082) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി. മേഖലയുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ രൂപീകൃതമായ ഐ.ടി. പോളിസിയുടെ ഭാഗമായി ഐ.ടി. പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നല്കിക്കൊണ്ട് വികസന പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. കൂടാതെ ഐ.ടി. മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് സർക്കാർ നേതൃത്വത്തിൽ പ്രധാനപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി മേഖലയിലെ വികസനത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കെ-ഫോൺ (കേരളാ ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്) പദ്ധതി, സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK), ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) തുടങ്ങിയവ പ്രധാന പദ്ധതികളാണ്. സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പ്രസ്തുത പദ്ധതി പ്രകാരം അതിവേഗ ഇന്റർനെറ്റ്/ഇൻട്രാനെറ്റ് കണക്ഷൻ 30,000-ത്തോളം ഓഫീസുകളിൽ നല്കുന്നതാണ്. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കുവാൻ ഈ അടിസ്ഥാന പദ്ധതി സഹായകമാകും. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) ഐ.ടി. വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി യുവതി, യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK). വിവരസാങ്കേതികവിദ്യയുടെ നൂതനവും ഉന്നത നിലവാരമുള്ളതുമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സജ്ജീകരിക്കുന്ന ഒരു പ്ലാറ്റ് ഫോമാണ് ടി പദ്ധതി. ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നൊവേഷൻ ഇൻക്യൂബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ സംസ്ഥാന സർക്കാർ സ്ഥാപിച്ചുവരികയാണ്. മേൽ പരാമർശിച്ച പദ്ധതികൾ കൂടാതെ സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ലക്ഷ്യമിട്ട രണ്ട് ലക്ഷം പേർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകാൻ ഒരു കോടി ചതുരശ്രയടി ഐ.ടി. ഓഫീസ് സ്പേസുകൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് ടെക്നോപാർക്കിലെ ഐ.ടി. സ്പേസ് വിസ്തൃതി 85.1 ലക്ഷത്തിൽനിന്നും 102.7 ലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. ഇൻഫോപാർക്കിൽ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്രയടിയിൽനിന്ന് 9.2 ദശലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. സൈബർ

പാർക്കിന്റെ ആദ്യ ഐ.ടി. കെട്ടിടമായ സഹ്യയുടെ ഉദ്ഘാടനം നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. ബിൽഡിംഗ് മൊത്തമായും 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുണ്ട്. ടെക്നോപാർക്ക് ഈ സർക്കാരിന്റെ കാലത്ത് റ്റി.സി.എസ്. (B) ഫെയ്സ് 1, ഇൻഫോസിസ് ഫെയ്സ് 2, സൺടെക്ക് ബിസിനസ്സ് സൊല്യൂഷൻസ് - ടെക്നോസിറ്റി, ടെക്നോപാർക്ക് നിർമ്മിക്കുന്ന ഗവൺമെന്റിന്റെ ഐ.ടി. കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ടെക്നോപാർക്ക് പദ്ധതികളിൽ ടെക്നോപാർക്കിന്റെ മൂന്നാംഘട്ടത്തിൽ ടോറസ് ഗ്രൂപ്പിന്റെ ഐ.ടി./ ഐ.ടി.ഇ.എസ്./മറ്റ് വാണിജ്യ സംരംഭങ്ങൾ എന്നിവയുൾപ്പെട്ട 19.73 ഏക്കർ ഭൂമി ആരംഭിക്കുന്ന ടോറസ്സിന്റെ 'തിരുവനന്തപുരം ഡൗൺടൗൺ' പദ്ധതി. ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് - (ടെക്നോസിറ്റി), ബ്രിഗേഡ് ഐ.ടി./ഐ.ടി.ഇ.എസ്. (ഒന്നാംഘട്ടം) കാർണിവൽ ഇൻഫോപാർക്ക് (ഒന്നാംഘട്ടം), വിൻവിഷ് ടെക്നോളജി (മൂന്നാംഘട്ടം) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഇൻഫോപാർക്ക് ഇൻഫോപാർക്കിന്റെ നേരിട്ടുള്ള ഐ.ടി. മന്ദിരങ്ങൾക്കുപുറമേ ഉപസംരംഭകരായ ലുലു ടെക് പാർക്ക്, ട്രാൻസ് ഏഷ്യ സൈബർ പാർക്ക്, ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ, ക്ലെയ്സിസ് ടെക്നോളജി ക്യാമ്പസ് മുതലായ പദ്ധതികൾ ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ കാസ്പിയൻ ടെക് പാർക്ക്, ഐ.ബി.എസ്. ക്യാമ്പസ്, മീഡിയ സിസ്റ്റം ഐ.ടി. ക്യാമ്പസ് മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചുവരുന്ന നിക്ഷേപങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി മികച്ച പിന്തുണ നൽകാൻ ഇൻഫോപാർക്കിന് സാധിച്ചിട്ടുണ്ട്. സൈബർ പാർക്ക്, സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. കെട്ടിടമായ സഹ്യയുടെ ഉദ്ഘാടനം നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. ബിൽഡിംഗ് മൊത്തമായും 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൈബർ പാർക്കിന്റെ ഐ.ടി. സ്പേസ് വിസ്തൃതി 12,300 ചതുരശ്രയടിയിൽനിന്ന് 2.94 ലക്ഷം ചതുരശ്രയടിയിലേയ്ക്ക് വളർന്നു. കൂടാതെ, സൈബർ പാർക്കിൽ നോൺ SEZ ഏരിയിൽ 12,300 ചതുരശ്രയടി സ്പേസ് മൊത്തമായും ഫർണിഷ് ചെയ്ത് മൊബൈൽ ഇൻക്യൂബേഷൻ ആപ്പ് -ന് നൽകിയിട്ടുണ്ട്. ഐ.ടി. പാർക്കുകളിലെ സോഫ്റ്റ്‌വെയർ കയറ്റുമതി വർദ്ധനവ് (2016-2020) ടെക്നോപാർക്ക് 6250 കോടി രൂപയിൽനിന്നും 7350 കോടി രൂപയായും ഇൻഫോപാർക്കിൽ 3500 കോടി രൂപയിൽനിന്നും 5300 കോടി രൂപയായും സൈബർപാർക്കിൽ ഏകദേശം 3 കോടി രൂപയായിരുന്നത് ഇപ്പോൾ 35 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്.

ഐ.ടി. മേഖലയിലെ നൂതന വിദ്യാഭ്യാസ വികസനത്തിനായി IIITM-K-യെ The Kerala University of Digital Science Innovation and Technology എന്ന പേരിൽ ഒരു സ്റ്റേറ്റ് ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഐ.ടി. മേഖലയിൽ ബിൽറ്റ് അപ് സ്പേസ് എത്രയായിരുന്നുവെന്നും ഇപ്പോൾ അത് എത്രയാണെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ മൂന്ന് ഗവൺമെന്റ് ഐ.ടി. പാർക്കുകളിലുമായി 145.22 ലക്ഷം ചതുരശ്രയടി ബിൽട്ട്-അപ്പ് സ്പെയിസ് സൗകര്യങ്ങളുണ്ടായിരുന്നു. (ടെക്നോപാർക്ക് 85.1 ലക്ഷം ചതുരശ്രയടി, ഇൻഫോപാർക്ക് 60 ലക്ഷം ചതുരശ്രയടി, സൈബർപാർക്ക് 12000 ചതുരശ്രയടി) ഈ കാലയളവിൽ പുതുതായി വികസിപ്പിച്ച 52.48 ലക്ഷം ചതുരശ്രയടി ഉൾപ്പെടുത്തി മൂന്ന് ഐ.ടി. പാർക്കുകളുടെ വിസ്തൃതി ഇപ്പോൾ 197.70 ലക്ഷം ചതുരശ്രയടിയായി വർദ്ധിച്ചിട്ടുണ്ട്. (ടെക്നോപാർക്ക് 17.6 ലക്ഷം ചതുരശ്രയടി, ഇൻഫോപാർക്ക് 32 ലക്ഷം ചതുരശ്രയടി, സൈബർപാർക്ക് 2.88 ലക്ഷം ചതുരശ്രയടി എന്നിങ്ങനെ ഈ കാലയളവിൽ വികസിപ്പിച്ചിട്ടുണ്ട്).

(സി) ഐ.ടി. പാർക്കുകളിൽ മുൻ സർക്കാരിന്റെ കാലത്ത് എത്ര കമ്പനികൾ പുതുതായി വന്നുവെന്നും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വന്ന കമ്പനികൾ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

ഐ.ടി. പാർക്കുകളിൽ വിവിധ കാലഘട്ടങ്ങളിലായി പ്രവർത്തനമാരംഭിച്ച 640 കമ്പനികൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് പുതിയതായി വന്ന 280 കമ്പനികളുമായി ആകെ മൂന്ന് പാർക്കുകളിലുമായി ഇപ്പോൾ 920 കമ്പനികൾ പ്രവർത്തിക്കുന്നു.

| കമ്പനികൾ | വർഷം | |
|---|---|---|
| | 2016 | 2021 |
| ടെക്നോപാർക്ക് | 358 | 450 |
| ഇൻഫോ പാർക്ക് | 278 | 427 |
| സൈബർ പാർക്ക് | 4 | 43 |
| ആകെ കമ്പനികൾ | 640 | 920 |

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. പാർക്കുകളിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് ഐ.ടി. പാർക്കുകളിൽ 69692 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു.

**പുതിയ അക്ഷയ കേന്ദ്രങ്ങൾ**

159 (2083) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) പുതുതായി ആരംഭിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ സർക്കാരുമായി ഒപ്പുവയ്ക്കേണ്ട ധാരണാപത്രത്തിൽ ഭേദഗതികൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾക്ക് പ്രസ്തുത ഭേദഗതികൾ ബാധകമാണോ?

ഉണ്ട്. അക്ഷയ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്കേ നിലവിലുള്ള കേന്ദ്രങ്ങൾക്ക് പ്രസ്തുത ഭേദഗതികൾ ബാധകമാകുന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(സി) പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കുകയും ചെയ്തവർക്ക് എഗ്രിമെന്റ് വയ്ക്കാൻ കാലതാമസമുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്കിടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതുക്കിയ എഗ്രിമെന്റ് വ്യവസ്ഥകൾ നിലവിൽ വരുന്നതുവരെ പഴയ വ്യവസ്ഥകൾ പ്രകാരം എഗ്രിമെന്റ് ഒപ്പുവച്ച് പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കണ്ണിപറമ്പിൽ പുതുതായി അനുവദിച്ച അക്ഷയ കേന്ദ്രത്തിന്റെ സംരംഭകൻ എല്ലാ സൗകര്യങ്ങളുമൊരുക്കി മാസങ്ങളായി വാടക കൊടുത്ത് തുടങ്ങാൻ കഴിയാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. കരാർ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്ന വിഷയം സംബന്ധിച്ച് എത്രയും വേഗം തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്.

**കോതമംഗലം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ**

160 (2084) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

കോതമംഗലം മണ്ഡലത്തിൽ 21 അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) മണ്ഡലത്തിൽ പുതിയതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കോതമംഗലം മണ്ഡലത്തിൽ ചുവടെപ്പറയുന്ന സ്ഥലങ്ങളിൽ അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലുണ്ട്:

1. പിണ്ടിമന ഗ്രാമപഞ്ചായത്ത് - ചെങ്കര
2. കീരമ്പാറ ഗ്രാമപഞ്ചായത്ത് - ഊഞ്ഞാപ്പാറ
3. കവളങ്ങാട് ഗ്രാമപഞ്ചായത്ത് - ഊന്നുകൽ
4. കവളങ്ങാട് ഗ്രാമപഞ്ചായത്ത് - നീണ്ടപാറ
5. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് - ഇരുമലപ്പടി
6. കോതമംഗലം നഗരസഭ - കമ്മ്യൂണിറ്റി ഹാൾ കുമ്പളത്തുമുറി
7. കോതമംഗലം നഗരസഭ - കമ്മ്യൂണിറ്റി ഹാൾ കൊറിയമല.

(സി) മണ്ഡലത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വിഷയം അക്ഷയ സംസ്ഥാന ഓഫീസിൽ പരിശോധിച്ചുവരികയാണ്.

(ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അക്ഷയ സംസ്ഥാന ഓഫീസിൽനിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ സർക്കാർ അനുവദിക്കുകയും തുടർന്ന് സംരംഭക തെരഞ്ഞെടുപ്പിനുള്ള നടപടികൾ അക്ഷയ ഡയറക്ടർ തലത്തിൽ സ്വീകരിച്ച് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും സംരംഭകനെ തെരഞ്ഞെടുത്ത ശേഷമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുക.

## ഓവർഡ്രാഫ്റ്റ്

161 (2085) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര തവണ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിൽ ബാങ്കുകളിൽനിന്ന് ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്; എന്നൊക്കെയാണ് ഇവ എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് തവണ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിൽ ബാങ്കുകളിൽനിന്ന് ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്. 2018 ഒക്ടോബറിലും 2019 ഫെബ്രുവരിയിലും 2020 ഫെബ്രുവരിയിലുമാണ് ഓവർഡ്രാഫ്റ്റ് എടുത്തിരുന്നത്.

(ബി) ഓരോ തവണ എടുത്ത ഓവർ ഡ്രാഫ്റ്റ് തുകയും അതിനെതിരെ വച്ച സ്ഥിരനിക്ഷേപവും എത്രയെന്ന് വ്യക്തമാക്കുമോ?

2018 ഒക്ടോബറിൽ 97,76,283 രൂപ, 87,38,021.47 രൂപ, 87,38,021 രൂപ എന്നീ തുകകളുടെ സ്ഥിരനിക്ഷേപങ്ങളുടെ ജാമ്യത്തിൽ 2,00,00,000 രൂപയും 2019 ഫെബ്രുവരിയിൽ 1,29,14,823 രൂപ, 55,33,992 രൂപ, 99,54,103 രൂപ എന്നീ തുകകളുടെ സ്ഥിരനിക്ഷേപങ്ങളുടെ ജാമ്യത്തിൽ 2,40,00,000 രൂപയും 2020 ഫെബ്രുവരിയിൽ 58,73,552 രൂപ, 58,76,749 രൂപ, 58,76,747 രൂപ, 58,76,747 രൂപ എന്നീ തുകകളുടെ സ്ഥിരനിക്ഷേപങ്ങളുടെ ജാമ്യത്തിൽ 2,00,00,000 രൂപയും ബാങ്കുകളിൽനിന്ന് ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(സി) ഇതിൽ എത്ര ഓവർ ഡ്രാഫ്റ്റ് ക്ലോസ് ചെയ്തിട്ടുണ്ട്; എങ്ങനെയാണ് ഈ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്തത്; ജാമ്യം വച്ച സ്ഥിരനിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ?

മൂന്ന് ഓവർഡ്രാഫ്റ്റുകളും ക്ലോസ് ചെയ്തിട്ടുണ്ട്. 2018 ഒക്ടോബറിലും 2019 ഫെബ്രുവരിയിലും എടുത്ത ഓവർഡ്രാഫ്റ്റുകൾ ജാമ്യം വച്ച സ്ഥിരനിക്ഷേപ തുകകൾ സറണ്ടർ ചെയ്താണ് ക്ലോസ് ചെയ്തത്. 2020 ഫെബ്രുവരിയിൽ എടുത്ത ഓവർഡ്രാഫ്റ്റ് മുഴുവൻ തുകയും തിരിച്ചടച്ചാണ് ക്ലോസ് ചെയ്തത്. ആയതിലേയ്ക്കായി ജാമ്യം വച്ചിരുന്ന തുക സ്ഥിരനിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

## കോവിഡ് രോഗമുക്തരുടെ തുടർ ആരോഗ്യ പ്രശ്നങ്ങൾ

162 (2086) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗമുക്തി നേടിയ വ്യക്തികളുടെ തുടർ ആരോഗ്യ പ്രശ്നപരിഹാരത്തിന് സർക്കാർ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡ് മുക്തരായവരിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. സർക്കാർ പുറപ്പെടുവിച്ച പോസ്റ്റ് കോവിഡ് സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ Deputy DMO (NCD) പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ നോഡൽ ഓഫീസറായും ശ്വാസ് നോഡൽ ഓഫീസറെ അസിസ്റ്റ് ചെയ്യാനുമായി നിയമിച്ചു. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ ഓഫീസർമാർക്കും സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്കും പരിശീലനം നൽകി. ഒരു നിശ്ചിത ദിവസം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക് നടത്തുന്നു. കോവിഡ് രോഗമുക്തി വന്നിട്ടുള്ള എല്ലാ രോഗികളേയും രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യാത്ത കോവിഡ്മുക്തരെ നിരീക്ഷിക്കാനായി ആരോഗ്യ പ്രവർത്തകരേയും ആശാ പ്രവർത്തകരേയും നിയമിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രം/സാമൂഹികാരോഗ്യ കേന്ദ്രം/കുടുംബാരോഗ്യ

കേന്ദ്രം എന്നിവിടങ്ങളിൽനിന്നും റഫർ ചെയ്തുവരുന്ന പോസ്റ്റ് കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായി താലൂക്ക് ആശുപത്രി/ജില്ല/ജനറൽ ആശുപത്രി/മെഡിക്കൽ കോളേജുകളിൽ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിനെ നിയോഗിച്ചു. സംസ്ഥാന സർക്കാരിന്റെ ടെലി മെഡിസിൻ പ്ലാറ്റ് ഫോമായയ സഞ്ജീവനിയിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ നടന്നുവരുന്നുണ്ട്. ഗുരുതര രോഗലക്ഷണങ്ങളുള്ള പോസ്റ്റ് കോവിഡ് രോഗികൾക്കുവേണ്ടി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ജില്ല/ജനറൽ ആശുപത്രി/മെഡിക്കൽ കോളേജുകളിൽ നൽകിവരുന്നുണ്ട്. ശ്വാസകോശ സംബന്ധമായ വ്യായാമം ആവശ്യമുള്ളവർക്ക് അതിനുള്ള സേവനം അടുത്തുള്ള ശ്വാസ് ക്ലിനിക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഈ പ്രോഗ്രാമിന്റെ മേൽനോട്ടം വഹിക്കുന്നു.

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ് രോഗമുക്തി നേടിയവരുടെ തുടർ ആരോഗ്യപ്രശ്നങ്ങൾ വലിയതോതിൽ വർദ്ധിക്കുകയോ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

163 (2087) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് ഏതൊക്കെ മേഖലകളിലാണ് അധിക സാമ്പത്തിക ചെലവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി NHM-ന് 543.04 കോടി രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ഇവ ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആശുപത്രികളുടെയും CFLTC കളുടെയും quarantine സെന്ററുകളുടെയും അറ്റകുറ്റപ്പണികൾ, കൺട്രോൾ റൂമിന്റെയും കാൾ സെന്ററിന്റെയും പ്രവർത്തനങ്ങൾ, സർവെയ്‌ലൻസ് യൂണിറ്റുകളുടെ ശക്തിപ്പെടുത്തൽ, ബോധവൽക്കരണവും ട്രെയിനിംഗും, സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കൽ, രോഗികൾക്കുള്ള ആഹാരം, പാർപ്പിക്കൽ,

ഐസോലേഷൻ, സ്റ്റേഷനറി, ഡോക്യുമെന്റ്, വിമാനത്താവളം, തുറമുഖം നടത്തിപ്പ്, രോഗനിർണ്ണയവും സാമ്പിൾ ട്രാൻസ്പോർട്ട്, മരുന്നുകൾ, അനുബന്ധ സാമഗ്രികൾ, മാസ്ക്, പി.പി.ഇ. കിറ്റുകൾ എന്നിവ വാങ്ങൽ, രോഗികൾക്കായുള്ള ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും, കോവിഡിനായി നിയമിച്ച ആരോഗ്യ പ്രവർത്തകരുടെ ശമ്പളം, യാത്രാ ചെലവുകൾ, വിവര സാങ്കേതികവിദ്യ Hardware/software, NHM ആരോഗ്യ പ്രവർത്തകരുടെ ഇൻസെന്റീവ് എന്നിവ.

(ബി) സർക്കാർ സൗജന്യ ചികിത്സ നൽകുന്ന ഒരു കോവിഡ് രോഗിക്ക് ശരാശരി എത്ര രൂപയാണ് സർക്കാരിന് സാമ്പത്തിക ചെലവ് വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആശുപത്രിയിലെത്തുന്ന രോഗിയുടെ ഗുരുതരാവസ്ഥ, എത്ര ദിവസം ആശുപത്രിയിൽ കഴിയുന്നു, വിലയേറിയ മരുന്നുകളുടെ ഉപയോഗം, ഭക്ഷണം തുടങ്ങി നിരവധി കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ രോഗിക്കും ചെലവാകുന്ന തുകയിൽ വ്യത്യാസം വരുന്നു.

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്ക് ഏതൊക്കെ ദേശീയ - അന്തർദ്ദേശീയ പുരസ്കാരങ്ങളാണ് ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഏറ്റവും മികച്ച കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ആരോഗ്യ വകുപ്പിനും ആരോഗ്യ വകുപ്പ് മന്ത്രിക്കുമായി ലഭിച്ച ദേശീയ/അന്തർദേശീയ പുരസ്കാരങ്ങളും അംഗീകാരങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്*.

**പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ രോഗീസൗഹൃദമാക്കൽ**

164 (2088) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധകാലത്ത് സംസ്ഥാനത്തെ ആരോഗ്യപ്രവർത്തകർ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചപ്പോഴും രോഗികളോട് അപമര്യാദയായി പെരുമാറുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ആംബുലൻസ് ഡ്രൈവർ കോവിഡ് രോഗബാധിതയെ ആംബുലൻസിനുള്ളിൽവച്ച് പീഡിപ്പിച്ച സംഭവം പത്തനംതിട്ടയിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്

2. കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ സി.എച്ച്.സി.-യിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ക്വാറന്റൈൻ സർട്ടിഫിക്കറ്റ് വാങ്ങാൻ ചെന്ന രോഗിയെ പീഡിപ്പിച്ച സംഭവവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നമ്മുടെ പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യ സംവിധാനങ്ങൾ രോഗീസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കോവിഡ് ചികിത്സ സംബന്ധമായും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിരന്തര പരിശീലനം വിവിധ തലങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. രോഗികളോടും അവരുടെ ബന്ധുക്കളോടും നല്ല രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള പരിശീലനവും ആശുപത്രിയിലുള്ള ആരോഗ്യപ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. ക്വാറന്റൈനിൽ കഴിയുന്നവർക്കും രോഗികൾക്കും എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ '1056' ദിശ നമ്പരിൽ വിളിച്ച് വിവരം അറിയിക്കുവാനും ജില്ലകളിലെ കോൾ സെന്ററിൽ ബന്ധപ്പെട്ട് പ്രശ്നപരിഹാരം ലഭ്യമാക്കുന്നതിനും ദിശ പങ്കുവഹിക്കുന്നുണ്ട്. കൂടാതെ ആശുപത്രികളിലും വീടുകളിലും ചികിത്സയിലുള്ള എല്ലാ രോഗികളുമായും അവരുടെ ബന്ധുക്കളുമായും നല്ല രീതിയിൽ ആശയവിനിമയം നടത്തുവാനും ഫീൽഡ് വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്. മാനസിക സമ്മർദ്ദം അനുഭവപ്പെടുന്നവർക്ക് ജില്ലാ മാനസികാരോഗ്യ വിഭാഗം ജീവനക്കാർ ടെലഫോൺ മുഖാന്തരം കൗൺസിലിംഗ് നൽകിവരുന്നുണ്ട്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കോൾ സെന്റർ മുഖേനയും ദിശ കോൾ സെന്റർ വഴിയും സംശയദൂരീകരണവും ആശയവിനിമയവും നല്ല രീതിയിൽത്തന്നെ നടത്തിവരുന്നുണ്ട്.

(സി) ആശുപത്രികൾ കൂടുതൽ രോഗീസൗഹൃദവും മികച്ച പരിചരണം ലഭിക്കുന്നതുമായി മാറ്റിയെടുക്കുന്നതിന് കൂടുതൽ സന്നദ്ധരായവരെ പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കുമോ?

പരിഗണിക്കുന്നുണ്ട്. കോവിഡ് ബ്രിഗേഡ് - നിലവിൽ സേവന സന്നദ്ധരായ ഡോക്ടർമാർ, നഴ്സുമാർ മറ്റ് പാരാമെഡിക്കൽ യോഗ്യതയുള്ള ആളുകൾ എന്നിവരെ വോളന്റിയറായി അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ജില്ലകളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നുണ്ട്. കൂടാതെ കോവിഡ് വിമുക്തിസേന എന്ന പേരിൽ കോവിഡ് അസുഖം ഭേദമായവരെയും CFLTC, DCC, CSLTC എന്നിവിടങ്ങളിൽ വോളന്റിയറായി നിയോഗിക്കുന്നുണ്ട്.

(ഡി) കോവിഡ് മഹാമാരി പ്രതിരോധിക്കുന്നതിൽ ഫലപ്രദമായ രീതിയിൽ സഹകരിച്ച സന്നദ്ധപ്രവർത്തകരെ ആദരിക്കുന്നതിനും പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

**ഐ.എം.എ. നൽകിയ നിർദ്ദേശങ്ങൾ**

165 (2089) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ആരോഗ്യ അടിയന്തരാവസ്ഥയായി പരിഗണിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ഐ.എം.എ. ആവശ്യപ്പെട്ടിരുന്നോ;

(ബി) പ്രതിദിന സാമ്പിൾ പരിശോധന ഒരു ലക്ഷത്തിലെത്തിക്കുക, കോവിഡ് വ്യാപനം കുറയാതെ ആരാധനാലയങ്ങളും സ്കൂളുകളും തുറക്കാതിരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഐ.എം.എ. മുന്നോട്ട് വച്ചിരുന്നോ?

(എ & ബി) ഉണ്ട്.

(സി) ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിൽ കേരളം രാജ്യ ശരാശരിയെക്കാൾ മുന്നിലായിട്ടും ഐ.എം.എ. നൽകിയ നിർദ്ദേശങ്ങൾ പരിഗണിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ നിയോഗിച്ച വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ധരടങ്ങിയ സമിതി കോവിഡ് രോഗബാധ നിയന്ത്രണങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് നൽകിവരുന്നു. പ്രസ്തുത നിർദ്ദശങ്ങളനുസരിച്ച് കോവിഡ് മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വിവിധ മേഖലകളിൽ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

**കോവിഡ് മുക്തരുടെ തുടർ ചികിത്സ**

166 (2090) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗമുക്തരായവരിൽ തുടർ ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോവിഡ് മുക്തി നേടിയവർക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള തുടർചികിത്സാ സൗകര്യങ്ങൾ വിശദമാക്കാമോ?

(എ & ബി) കോവിഡ് രോഗമുക്തി വന്ന രോഗികളിൽ പലവിധങ്ങളായ ആരോഗ്യപ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യപ്രശ്നങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. പരിഹരിക്കപ്പെടാവുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽത്തന്നെ ചികിത്സിക്കുകയും തുടർചികിത്സ വേണ്ടിവരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഈ ആശുപത്രികളിൽ വിവിധ സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ എഴുപത്തി മൂവായിരത്തിൽപ്പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകിയിട്ടുണ്ട്. പോസ്റ്റ് കോവിഡ് സിൻഡ്രോം ഉള്ളവരെ നിരീക്ഷിച്ച് അത്തരക്കാർക്കുവേണ്ട എല്ലാ ചികിത്സയും സർക്കാർ നൽകി വരുന്നു.

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

167 (2091) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള 100% കേന്ദ്രവിഹിതമായി ഇൻഡ്യ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം പ്രിപ്പയേർഡ് പാക്കേജിന്റെ ഭാഗമായി താഴെപ്പറയുന്ന ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്.

1. 6-4-2020 - 219.38 കോടി രൂപ
2. 5-8-2020 - 90.59 കോടി രൂപ
3. 20-10-2020 - 90.58 കോടി രൂപ
4. 30-12-2020 - 53.01 കോടി രൂപ.

ഇതുകൂടാതെ 74.21 കോടി രൂപ കോവിഡ് 19-ന്റെ ഭാഗമായി നാഷണൽ ഹെൽത്ത് മിഷനുവേണ്ടിയുള്ള അഡീഷണൽ ഗ്രാന്റ് ഇൻ എയ്ഡായും 5.3355 കോടി രൂപ കോവിഡ് 19 വാക്സിനേഷൻ ഫോർ ഹെൽത്ത് വർക്കേഴ്സിന്റെ ഭാഗമായും കേന്ദ്ര സർക്കാർ, നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച തുക – 533.1055 കോടി രൂപ. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും നാഷണൽ ഹെൽത്ത് മിഷൻ മുഖാന്തരം വ്യക്തിഗത സുരക്ഷാ കിറ്റുകളും മറ്റ് കോവിഡ് പ്രതിരോധ ഉപകരണങ്ങളും വാങ്ങുവാൻ 252 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷനിൽനിന്നും 4570000 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 468.46 കോടി രൂപയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്. അതിൽ 216.46 കോടി രൂപ സംസ്ഥാന വിഹിതമാണ്. കോവിഡ് ടെസ്റ്റിംഗ് കിറ്റുകൾ, വ്യക്തിഗത സുരക്ഷാ കിറ്റുകൾ, ട്രിപ്പിൾ ലെയർ മാസ്കുകൾ, എൻ 95 മാസ്കുകൾ, ഹാൻഡ് സാനിറ്റൈസറുകൾ, ഹാൻഡ് ഗ്ലൗസുകൾ, ടെസ്റ്റിംഗിനുള്ള കൺസ്യൂമബിൾസായ സ്വാബുകളും റീഏജന്റുകളും വാങ്ങുന്നതിനായാണ് പ്രസ്തുത തുക കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്. നാളിതുവരെ സംസ്ഥാന സർക്കാർ നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ച തുക താഴെപ്പറയുന്നു:

1. സംസ്ഥാന വിഹിതം - 49.47 കോടി രൂപ (കോവിഡ് പ്രതിരോധ ഫണ്ടിന്റെ സംസ്ഥാന വിഹിതം)

2. ജീവനക്കാർക്ക് ഇൻസെന്റീവും അലവൻസും നൽകാനായി കോവിഡ് ബ്രിഗേഡ് ഗ്രാന്റ് 22.68 കോടി രൂപ

3. ആശുപത്രികൾക്കുള്ള HMC ഫണ്ടായി 36.36 കോടി രൂപ (ആശുപത്രികൾക്ക് അനുവദിച്ചു.)

## കോവിഡ് പോസിറ്റീവായവർ സുഖം പ്രാപിച്ചശേഷം വീണ്ടും വൈറസ് ബാധിതരാകുന്ന സാഹചര്യം

168 (2092) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പോസിറ്റീവായവർ സുഖം പ്രാപിച്ചശേഷം ലക്ഷണങ്ങളില്ലാതെതന്നെ വീണ്ടും കോവിഡ് വൈറസ് ബാധിതരാകുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ?

ഉണ്ട്. ആകെ 14 പേർക്ക് വീണ്ടും കോവിഡ് രോഗബാധയുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം - 2, കൊല്ലം - 2, പത്തനംതിട്ട - 3, മലപ്പുറം - 1, കോഴിക്കോട് - 4, കാസർഗോഡ് - 2 എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആർ.ടി.പി.സി.ആർ. പരിശോധനകളിൽ ഒരിക്കൽ രോഗം വന്ന് സുഖം പ്രാപിച്ചവർ മൂന്ന് മാസംവരെ ടെസ്റ്റ് പോസിറ്റീവായി തുടരാൻ സാധ്യതയുണ്ട്. എന്നാൽ ഈ പോസിറ്റിവിറ്റി പുതിയ അണുബാധ കാരണമാകണമെന്നില്ല. മറിച്ച് Viral RNA Shedding മൂലമാകാം.

(ബി) എങ്കിൽ ഇപ്രകാരം സംഭവിക്കുന്നത് കൊറോണ വൈറസിന്റെ പ്രത്യേക വകഭേദങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല.

(സി) വൈറസ് ബാധ 45 ദിവസം കഴിഞ്ഞും നീണ്ടുനിൽക്കുന്ന കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരാൾക്കും കൊല്ലം ജില്ലയിൽ ഒരാൾക്കും പത്തനംതിട്ട ജില്ലയിൽ 2 പേർക്കും എറണാകുളം ജില്ലയിൽ 2 പേർക്കും പാലക്കാട് ജില്ലയിൽ 3 പേർക്കും കോഴിക്കോട് ജില്ലയിൽ 13 പേർക്കും തൃശ്ശൂർ ജില്ലയിൽ 4 പേർക്കും കാസർഗോഡ് ജില്ലയിൽ 2 പേർക്കും കണ്ണൂർ ജില്ലയിൽ 26 പേർക്കുമായി ആകെ 54 പേർക്ക് 45 ദിവസത്തിൽ കൂടുതൽ രോഗബാധ നീണ്ടുനിന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കോവിഡ് പ്രതിരോധം

169 (2093) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മാസ്ക് ധരിക്കലും സാമൂഹ്യ അകലം പാലിക്കലും കോവിഡ് രോഗപ്രതിരോധത്തിന് നിലവിൽ ആവശ്യമാണോ;

എങ്കിൽ ഓരോ വ്യക്തിയും മറ്റൊരാളിൽനിന്ന് എത്ര ദൂരം അകലമാണ് പാലിക്കേണ്ടതായിട്ടുള്ളത്?

ആവശ്യമാണ്. കോവിഡ് വ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഏറ്റവും പ്രാധാന്യത്തോടെ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങളാണ് മാസ്ക് ധരിക്കലും സാമൂഹിക അകലം പാലിക്കലും. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഒരോ വ്യക്തിയും മറ്റൊരാളിൽനിന്നും രണ്ട് മീറ്റർ അകലം പാലിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്.

(ബി) ടി അകലം പാലിക്കേണ്ടതായിട്ടുള്ളതിൽ പൊതുജനങ്ങൾ ഒത്തുകൂടുന്ന ഏതെങ്കിലും സർക്കാർ ഇടത്തെമാത്രം ഒഴിവാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ഇല്ലെങ്കിൽ സാധാരണ ജനം യാത്രയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി.-യിൽമാത്രം യാത്രക്കാർ സാധാരണക്കാരായതിനാൽ ചേർത്തിരുത്തി യാത്ര അനുവദിച്ച് രോഗം വരുത്തുന്നത് തടയാൻ ഗവൺമെന്റ് എന്തുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്താത്തത് എന്നറിയിക്കുമോ?

ഇല്ല. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. സാമൂഹിക അകലവും മാസ്കും സാനിറ്റൈസറും സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ യാത്രക്കാരും പാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## പോസ്റ്റ് കോവിഡ് രോഗികൾക്ക് ആശ്രയിക്കാവുന്ന ക്ലിനിക്കുകൾ

170 (2094) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. പരിഹരിക്കപ്പെടാവുന്ന നിസ്സാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽത്തന്നെ ചികിത്സിക്കുകയും തുടർചികിത്സ വേണ്ടിവരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഈ ആശുപത്രികളിൽ വിവിധ സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന ഒരു ടീം

രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ എഴുപത്തിമൂവായിരത്തിൽപ്പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകിയിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സബ് സെന്ററുകൾ കൂടുതൽ നവീകരിക്കുകയും പോസ്റ്റ് കോവിഡ് രോഗികൾക്കുൾപ്പെടെ ആശ്രയിക്കാവുന്ന ക്ലിനിക്കുകളായി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ പ്രവർത്തനം പ്രാഥമികാരോഗ്യകേന്ദ്ര തലംമുതലാണ്. എങ്കിലും പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത് സബ് സെന്റർ കേന്ദ്രീകരിച്ച് ഫീൽഡ് തല ജീവനക്കാരും ആശാപ്രവർത്തകരും മറ്റ് സന്നദ്ധ പ്രവർത്തകരും ചേർന്നാണ്. ആയതിനാൽ സബ് സെന്ററുകളെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളാക്കി മാറ്റുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പോസ്റ്റ് കോവിഡ് രോഗങ്ങളെക്കുറിച്ചും അവയുടെ ലക്ഷണങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് വിവിധതരം ആരോഗ്യബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ആരോഗ്യപ്രവർത്തകരും ആശാപ്രവർത്തകരും കോവിഡ് മുക്തരായവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് കോവിഡാനന്തര രോഗങ്ങളെക്കുറിച്ചുള്ള അവബോധം നേരിട്ട് നൽകുകയും അവരെ ഏറ്റവുമടുത്തുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്കെത്തിക്കുകയും ചെയ്യുന്നു. ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും കോവിഡാനന്തര രോഗങ്ങളെക്കുറിച്ചും ചികിത്സ ലഭിക്കുന്ന ആശുപത്രികളെക്കുറിച്ചും വ്യക്തമായ ബോധവത്കരണം ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു.

## കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് നടപടി

171 (2095) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ ഉത്കണ്ഠ കാരണം കോവിഡ് രോഗികൾ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും ആത്മഹത്യ ചെയ്ത

സംഭവമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ആത്മഹത്യ ചെയ്തുവെന്ന് അറിയിക്കാമോ?

7 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | - | 3 |
| തൃശ്ശൂർ മെഡിക്കൽ കോളേജ് | - | 1 |
| തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം | - | 1 |
| കണ്ണൂർ മെഡിക്കൽ കോളേജ് | - | 1 |
| മലപ്പുറം മഞ്ചേരി ജയിൽ (CFLTC) | - | 1 |
| ആകെ | | 7 പേർ |

(ബി) കോവിഡ് രോഗികളുടെ അമിത ഉത്കണ്ഠ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡ് രോഗവ്യാപനവുമായി ബന്ധപ്പെട്ട് മാനസിക – സാമൂഹിക പിന്തുണ നൽകുന്നതിനായി സർക്കാർ ഫെബ്രുവരി ആദ്യവാരംതന്നെ "ഒറ്റയ്ക്കല്ല ഒപ്പമുണ്ട് " എന്ന പേരിൽ സൈക്കോ സോഷ്യൽ സപ്പോർട്ട് ടീം രൂപീകരിക്കുകയുണ്ടായി. ഓഖി സമയത്തും പ്രളയത്തിലും നടത്തിയിട്ടുള്ള മാനസികാരോഗ്യ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ തുടർച്ചയായിത്തന്നെ ആരോഗ്യവകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് എല്ലാ ജില്ലകളിലും ഇത് രൂപീകരിച്ചിട്ടുള്ളത്. സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൗൺസിലർമാർ എന്നിവരുൾപ്പെട്ട 1304 മാനസികാരോഗ്യ പ്രവർത്തകർ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ ക്വാറന്റൈൻ/ഐസൊലേഷനിൽ കഴിയുന്ന എല്ലാ വ്യക്തികൾക്കും ടെലിഫോൺ മുഖാന്തരം സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്നു. മാനസിക സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം, ഉറക്കക്കുറവ് എന്നിവയ്ക്ക് വിദഗ്ധ സേവനം ലഭ്യമാക്കുന്നു. സ്റ്റിഗ്മ, സാമൂഹിക ആവശ്യങ്ങൾ എന്നിവയ്ക്ക് അതാത് പഞ്ചായത്ത്/ഐ.സി.ഡി.എസ്. മുഖാന്തരം സഹായം നൽകുന്നു. ഇതുവരെ ക്വാറന്റൈൻ/ഐസൊലേഷനിൽ കഴിയുന്ന 2799684 പേർക്ക് ഇപ്രകാരം സേവനം നൽകിയിട്ടുണ്ട്. കൂടാതെ ലോക്ക്ഡൗൺ കാലത്ത് മനോരോഗ ചികിത്സയിലിരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ എന്നിങ്ങനെ 348860 പേർക്കും 40543 ആരോഗ്യപ്രവർത്തകർക്കും സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ മാനസിക

സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 557342 കോളുകൾ ചെയ്യുകയും 55106 കുട്ടികൾക്ക് നാളിതുവരെ കൗൺസലിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗങ്ങളിലുമായി ഇതുവരെ 6545574 പേർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ നൽകിക്കഴിഞ്ഞു. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് പല ജില്ലകളിലും ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാനത്തൊട്ടാകെ "ജീവൻരക്ഷ" എന്ന പേരിൽ ആത്മഹത്യ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

(സി) കോവിഡ് വാർഡുകളിലെ രോഗികളെ സി.സി.ടി.വി. വഴി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## കോവിഡ് വാക്സിൻ വിതരണം

172 (2096) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. അനിൽ അക്കര</u>:
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഷീൽഡ്, കോവാക്സിൻ എന്നീ കോവിഡ് വാക്സിനുകൾക്ക് ഔദ്യോഗിക അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ജനുവരി മാസത്തിൽത്തന്നെ വാക്സിൻ ലഭ്യമാക്കുമെന്നുള്ള പ്രഖ്യാപനം സംസ്ഥാനത്തെ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് എത്രമാത്രം സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ ജനുവരി 16-ാം തീയതി മുതൽ വാക്സിൻ നൽകി തുടങ്ങി. പൂനെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ നിന്നുള്ള കോവിഷീൽഡ് വാക്സിനാണ് നൽകുന്നത്. സംസ്ഥാനത്ത് ആകെ 4,33,450 ഡോസ് വാക്സിനുകളാണ് കേന്ദ്രസർക്കാർ ജില്ലകൾക്കായി അനുവദിച്ചത് (മാഹി ഉൾപ്പെടെ).

തിരുവനന്തപുരം - 64020

കൊല്ലം - 25960

പത്തനംതിട്ട - 21030

ആലപ്പുഴ - 22460

| | |
|---|---|
| കോട്ടയം | - 29170 |
| ഇടുക്കി | - 9240 |
| എറണാകുളം | - 73000 |
| തൃശ്ശൂർ | - 37640 |
| പാലക്കാട് | - 30870 |
| മലപ്പുറം | - 28890 |
| കോഴിക്കോട് | - 40970 |
| വയനാട് | - 9590 |
| കണ്ണൂർ | - 32650 |
| കാസർഗോഡ് | - 6860 |

മാഹി - 1100 എന്നിങ്ങനെ ഡോസ് വാക്സിനുകൾ വിതരണം ചെയ്തുവരുന്നു. വാക്സിനേഷൻ നൽകുന്നത് രോഗവ്യാപന നിരക്ക് കുറയ്ക്കുന്നതിനും രോഗംകൊണ്ടുണ്ടാകുന്ന മരണനിരക്ക് കുറയ്ക്കുന്നതിനും സഹായിക്കും.

(ബി) രാജ്യത്ത് കോവിഡ് വ്യാപനം ഏറ്റവും ശക്തമായതും ഏറ്റവും കൂടുതൽ രോഗികളുള്ളതുമായ സംസ്ഥാനം കേരളമാണെന്നിരിക്കെ വാക്സിന്റെ കാര്യത്തിൽ മുൻഗണന വേണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്ര പ്രതികരണമെന്താണ്?

കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ രാജ്യത്തിനുതന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന കോവിഡ് വാക്സിൻ കൃത്യമായി കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചുതന്നെ കേരളം വിതരണം ചെയ്തുവരുന്നുണ്ട്.

(സി) കോവിഡ് വാക്സിൻ നൽകുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; ആരോഗ്യപ്രവർത്തകർ കഴിഞ്ഞാൽ ഏത് വിഭാഗത്തിനാണ് മുൻഗണനയെന്ന് വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകരെയും അങ്കണവാടി പ്രവർത്തകരെയും ആരോഗ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ മുൻനിര പ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാത് വകുപ്പുകൾ നടത്തിവരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ, റവന്യൂ ജീവനക്കാർ, സിവിൽ ഡിഫൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ 50 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റിസ്, രക്തസമ്മർദ്ദം, ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

(ഡി) ഇക്കാര്യത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതുന്ന ലക്ഷക്കണക്കിന് കുട്ടികൾക്ക് എന്തെങ്കിലും മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച അറിയിപ്പുകളൊന്നുംതന്നെ കേന്ദ്ര കുടുംബാരോഗ്യക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

## കായംകുളം മണ്ഡലത്തിലെ കോവിഡ് കേസ്സുകൾ

173 (2097) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2020 ഡിസംബർ 31 വരെ എത്ര കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും നഗരസഭ, പഞ്ചായത്ത് തരംതിരിച്ച് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2020 ഡിസംബർ 31 വരെ റിപ്പോർട്ട് ചെയ്ത കോവിഡ് കേസുകൾ, മരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലഘട്ടത്തിൽ മണ്ഡലത്തിലെ ഓരോ ആരോഗ്യ കേന്ദ്രങ്ങളിലും നടത്തിയ ആർ.റ്റി.പി.സി.ആർ., ട്രൂനാട്ട്, ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ കോവിഡ് പരിശോധനാവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക്

174 (2098) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിതരെ ചികിത്സിക്കുന്നതിന് നിലവിൽ എത്ര സ്വകാര്യ ആശുപത്രികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കോവിഡ് ബാധിതരെ ചികിത്സിക്കുന്നതിന് നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 95 ആശുപത്രികളാണ് എംപാനൽ ചെയ്തിട്ടുള്ളത്.

(ബി) ഈ സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കോവിഡ് ചികിത്സാ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി കോവിഡ് ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രിയിൽ ഒരു ദിവസത്തേയ്ക്കുള്ള ചികിത്സാനിരക്ക് താഴെപ്പറയും പ്രകാരമാണ്:

General Ward - Rs. 2300

HDU - Rs. 3300

ICU without ventilator - Rs. 6500

ICU with ventilator - Rs. 11,500

(സി) നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല സ്വകാര്യ ആശുപത്രികളും അമിത നിരക്ക് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് നടത്തിയതെന്ന് പറയാമോ;

(ഡി) കോവിഡ് ബാധിതരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ 3,00,000 മുതൽ 50,000 രൂപ വരെ സ്വകാര്യ ആശുപത്രികൾ മുൻകൂറായി ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ഉണ്ട്. അപ്രകാരം ലഭിച്ച പരാതികളിൽ തുടർനടപടി സ്വീകരിക്കുന്നതിനായി പരാതിയുടെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

## കോവിഡ് രോഗികൾക്ക് ആർ.റ്റി.പി.സി.ആർ. പരിശോധന

175 (2099) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റിജൻ പരിശോധനയിൽ കോവിഡ് നെഗറ്റീവാകുന്നവർക്ക് രോഗലക്ഷണങ്ങളുണ്ടെങ്കിൽ നിർബന്ധമായും ആർ.റ്റി.പി.സി.ആർ. പരിശോധന നടത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ?

നിർദ്ദേശിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് ഈ നിർദ്ദേശം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ?

നടപ്പിലാക്കിയിട്ടുണ്ട്. ആന്റിജൻ പരിശോധനയിൽ കോവിഡ് നെഗറ്റീവായിട്ടുള്ളതും എന്നാൽ രോഗലക്ഷണങ്ങളുള്ളതുമായ മിക്കവാറും എല്ലാവരേയും ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നുണ്ട്.

(സി) ആർ.റ്റി.പി.സി.ആർ. പരിശോധനയ്ക്ക് ജില്ല, സംസ്ഥാന തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിരീക്ഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ലാബുകൾ പരിശോധിക്കുന്നതിന് ഒരു ഡോക്ടർ, ജില്ലാ ലാബ് ടെക്നീഷ്യൻ, ഒരു ക്ലാർക്ക് അടങ്ങുന്ന ടീം പ്രൈവറ്റ് സ്ഥാപനങ്ങളുൾപ്പെടെയുള്ള ലാബുകൾ സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നുണ്ട്.

## കോവിഡ് രോഗവ്യപനം

176 (2100) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയ കോവിഡ് നിയന്ത്രണ വിഭാഗം പുറത്തുവിട്ട കണക്കനുസരിച്ച് മറ്റ് സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളം രോഗവ്യാപനത്തിൽ മുൻനിരയിലാണെന്ന സൂചനയുണ്ടോ;

(ബി) ദേശീയ തലത്തിൽ 2.24 ശതമാനമെന്ന നിരക്കിലേയ്ക്ക് രോഗവ്യാപനം കുറഞ്ഞപ്പോൾ ഇതേ കാലയളവിൽ കേരളത്തിൽ ഇത് 9.4 ശതമാനത്തിൽനിന്ന് 10 ശതമാനത്തിലേയ്ക്ക് ഉയരുകയുണ്ടായോ?

(എ & ബി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രാലയത്തിന്റെ (MoHFW) ഔദ്യോഗിക വെബ്സൈറ്റിലെ രേഖകൾ പ്രകാരം 17-1-2021-ൽ

ആകെ രോഗികളുടെ എണ്ണത്തിൽ മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ പുറകിലാണ്. രോഗവ്യാപന നിരക്ക് ദിവസേന സ്വാഭാവികമായും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. 17-1-2021-ലെ കണക്കുപ്രകാരം ദേശീയതലത്തിൽ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5.65 ശതമാനമായിരിക്കെ കേരളത്തിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.56 ശതമാനമാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതേസമയം കേരളത്തിൽ ഒരു ദശലക്ഷം പേരിൽ 253923 പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുമ്പോൾ ദേശീയതലത്തിൽ 135574 പേരെ മാത്രമാണ് കോവിഡ് പരിശോധന നടത്തുന്നത്. അതായത് കേരളത്തിലെ കോവിഡ് പരിശോധനാ നിരക്ക് ദേശീയ നിരക്കിനേക്കാൾ വളരെ കൂടുതലാണ്.

(സി) മാർച്ച് 28-ന് എറണാകുളത്ത് ആദ്യ മരണം റിപ്പോർട്ട് ചെയ്തശേഷം കഴിഞ്ഞ 9 മാസത്തിനിടയ്ക്ക് സംസ്ഥാനത്ത് ഔദ്യോഗിക കണക്കുപ്രകാരം മൂവായിരത്തിലധികവും അനൗദ്യോഗിക കണക്കുപ്രകാരം അയ്യായിരത്തിലധികവും കോവിഡ് മരണം സംഭവിക്കുകയുണ്ടായോ?

ഔദ്യോഗിക കണക്കുകൾ പ്രകാരം 17-1-2021 വരെ 3463 പേർ കോവിഡ് രോഗംമൂലം കേരളത്തിൽ മരണപ്പെടുകയുണ്ടായി.

(ഡി) ഈ സാഹചര്യത്തിൽ കേരളത്തിൽ എന്നു മുതൽ കോവിഡ് വാക്സിൻ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങുമെന്നറിയിക്കാമോ?

കേരളത്തിൽ 16-1-2021 മുതൽ ആരോഗ്യപ്രവർത്തകർക്ക് കോവിഡ് വാക്സിനേഷൻ നൽകുവാൻ ആരംഭിച്ചു. തുടർന്ന് കോവിഡ് മുൻനിരയിലെ മറ്റ് പ്രവർത്തകർക്കും അതിനെത്തുടർന്ന് 50 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കും 50 വയസ്സിൽ താഴെയുള്ള ജീവിതശൈലീ രോഗബാധിതർക്കും മാർഗ്ഗ രേഖകൾക്കനുസൃതമായി കോവിഡ് വാക്സിൻ നൽകുന്നതായിരിക്കും.

## കോവിഡ് വാക്സിൻ മുൻഗണന

177 (2101) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വാക്സിൻ നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ?

മുൻഗണന നിശ്ചയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ മുൻഗണന നിശ്ചയിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ആദ്യഘട്ടത്തിൽ ആശുപത്രി ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്കാണ് നൽകുന്നത്. ആശാപ്രവർത്തകരേയും അങ്കണവാടി പ്രവർത്തകരേയും ആരോഗ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യപ്രവർത്തകർക്ക് കോവിഡ് വാക്സിൻ നൽകുന്നതിനായി, കോവിൻ (COWIN) എന്ന പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയവർക്കുമാത്രമേ കോവിഡ് വാക്സിൻ ലഭിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും കേന്ദ്ര പ്രതിരോധ വകുപ്പിലെ (ആംഡ് ഫോഴ്സ് മെഡിക്കൽ സർവ്വീസസ്) ആരോഗ്യപ്രവർത്തകർക്കും വാക്സിൻ ലഭിക്കുന്നതാണ്. രണ്ടാംഘട്ടത്തിൽ മുൻനിര പ്രവർത്തകർക്ക് (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) കോവിഡ് വാക്സിൻ ലഭിക്കും. ഇതിനായുള്ള രജിസ്ട്രേഷൻ അതാത് വകുപ്പുകൾ നടത്തിവരുന്നു. ഇതിൽ സൈനികർ, പോലീസ്, ഹോംഗാർഡ്, ജയിൽ ജീവനക്കാർ, മുനിസിപ്പാലിറ്റി മുൻനിര പ്രവർത്തകർ, റവന്യൂ ജീവനക്കാർ, സിവിൽ ഡിഫൻസ് ഓർഗനൈസേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ 50 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരെയും 50 വയസ്സിൽ താഴെയുള്ള ഡയബറ്റിസ്, രക്ത സമ്മർദ്ദം, ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(സി) വാക്സിൻ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2021 ജനുവരി 16-ാം തീയതി മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രത്യേകമായി സജ്ജീകരിച്ച ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ ആരംഭിച്ചു.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവ്

178 (2102) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച തുകയും അതിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകളും വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ സംസ്ഥാന സർക്കാർ ഇതിനായി എത്ര തുക നീക്കിവച്ചുവെന്നും ചെലവഴിച്ചുവെന്നും വിശദീകരിക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

(എ & ബി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാഷണൽ ഹെൽത്ത് മിഷനിൽനിന്നും 45,70,000 രൂപ ലഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനായി കേന്ദ്രം ഇതുവരെ (15-1-2021 വരെ) സംസ്ഥാനത്തിന് അനുവദിച്ച തുക 533.11 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാർ 474.77 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. 100% കേന്ദ്രവിഹിതം - 458.9 കോടി രൂപ, 60:40 കേന്ദ്ര വിഹിതം : 74.21 കോടി രൂപ, ആകെ 533.11 കോടി രൂപ. 40% സംസ്ഥാന വിഹിതം ലഭിച്ചത്: 49.47 കോടി രൂപ. സംസ്ഥാന വിഹിതം ഉൾപ്പെടെ ആകെ നാഷണൽ ഹെൽത്ത് മിഷന് ലഭിച്ച 524.24 കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* നാളിതുവരെ സംസ്ഥാന സർക്കാർ എൻ.എച്ച്.എം. മുഖേന അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് പ്രതിരോധത്തിനായി സംസ്ഥാന വിഹിതം - 49.47 കോടി രൂപ

2. ജീവനക്കാർക്ക് ഇൻസെന്റീവും അലവൻസും നൽകാനായി കോവിഡ് ബ്രിഗേഡ് ഗ്രാന്റ് - 22.68 കോടി രൂപ

3. ആശുപത്രികൾക്കുള്ള HMC ഫണ്ടായി - 36.36 കോടി രൂപ (ആശുപത്രികൾക്ക് അനുവദിച്ചു.)

ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 468.46 കോടി രൂപയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്. ആയതിൽ 216.46 കോടി രൂപ സംസ്ഥാന വിഹിതമാണ്.

(സി) കോവിഡ് പ്രതിരോധത്തിന് വിദേശ സഹായങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ?

ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അംഗീകാരങ്ങളും പുരസ്കാരങ്ങളും

179 (2103) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുൾപ്പെടെ ആരോഗ്യ വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

കേരളം കോവിഡ് പ്രതിരോധത്തിൽ അഭിമാനകരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. ട്രെയിസ്, ക്വാറന്റൈൻ, ടെസ്റ്റ്, ട്രീറ്റ് എന്ന കേരളം ആവിഷ്കരിച്ച രീതി ലോകം അംഗീകരിച്ചു. ഇന്ത്യയിൽ ബ്രേക്ക് ദ ചെയിൻ കൊണ്ടുവന്നത് കേരളമാണ്. അത് വലിയ ക്യാമ്പയിനായി മാറി. ഇത്തരമൊരു ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് പിടിച്ചുനിൽക്കാനായത് വലിയ പ്രവർത്തനങ്ങൾകൊണ്ടാണ്. മരണം കുറയ്ക്കുക എന്നതായിരുന്നു ആരോഗ്യ വകുപ്പിന്റെ ലക്ഷ്യം. റിവേഴ്സ് ക്വാറന്റൈൻ ഫലപ്രദമായി നടത്തി. ലോകാരോഗ്യസംഘടന മരണനിരക്ക് ഒരു ശതമാനത്തിന് താഴെയാക്കാൻ കഴിഞ്ഞാൽ നേട്ടമാകുമെന്ന് സൂചിപ്പിച്ചപ്പോൾ കേരളത്തിന്റെ മരണനിരക്ക് 0.4 ആയി കുറയ്ക്കാൻ സാധിച്ചു. ഇതാണ് ലോകരാഷ്ട്രങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും അഭിനന്ദനത്തിന് കാരണമായത്. 200-ഓളം അന്താരാഷ്ട്ര മാധ്യമങ്ങളാണ് കേരളത്തിന്റെ കോവിഡ് പ്രതിരോധത്തെ പ്രകീർത്തിച്ചത്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുൾപ്പെടെ ആരോഗ്യ വകുപ്പിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും ചുവടെ ചേർക്കുന്നു:

1. ഐക്യരാഷ്ട്രസഭയുടെ അവാർഡ് - ഐക്യരാഷ്ട്ര സഭ എല്ലാ വർഷവും നൽകിവരുന്ന മികച്ച ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് നൽകിവരുന്ന അവാർഡ് കോവിഡ് കാലത്ത് ആദ്യമായി ഇത്തവണ കേരളത്തിന് ലഭിച്ചു.

2. കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് യു.എൻ. അംഗീകാരം ഐക്യരാഷ്ട്ര സഭയുടെ പബ്ലിക് സർവ്വീസ് ദിനത്തോടനുബന്ധിച്ച് (ജൂൺ 23) കോവിഡ് - 19 മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കുകയുണ്ടായി.

3. UNOSSC സൗത്ത് - സൗത്ത് ഗാലക്സിയിൽ ഉജ്ജ്വല വനിതകളുടെ സംഗമത്തിൽ, കോവിഡ് പ്രതിരോധത്തിന് മികച്ച നേതൃത്വം നൽകിയ ഗ്ലോബൽ സൗത്തിലെ വികസിത-വികസ്വര രാജ്യങ്ങളിലെ വനിതകളെ ഏകോപിപ്പിച്ചുകൊണ്ടാണ് യുണൈറ്റഡ് നേഷൻ ഓഫീസ് ഫോർ സൗത്ത്, സൗത്ത് കോ-ഓപ്പറേഷൻ (UNOSSC) സംഘടിപ്പിച്ച പരിപാടിയിൽ അരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനും പങ്കെടുക്കാൻ അവസരം ലഭിച്ചു.

4. കേരള മോഡലിന് ആഗോള അംഗീകാരം (കുട്ടികളുടെ അവകാശങ്ങളിൽ സംസ്ഥാനത്തിന്റെ പങ്ക് യൂണിസെഫിന്റെ പ്രശംസ) യു.എൻ. കൺവെൻഷനിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ കുട്ടികളുടെ അവകാശങ്ങൾ കോവിഡ് കാലത്തും സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന് യൂണിസെഫിന്റെ പ്രശംസ ലഭിച്ചു.

5. ബ്രിട്ടീഷ് മാഗസിൻ പ്രോസ്പെക്ടസിന്റെ ആദരം ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രോസ്പെക്ട് മാഗസിൻ പ്രസിദ്ധീകരിച്ച കോവിഡ്-19 കാലത്തിലെ മികച്ച 50 ചിന്തകരുടെ പട്ടികയിൽ ആരോഗ്യ വകുപ്പുമന്ത്രി ആദ്യമെത്തി.

6. ഫിനാൻഷ്യൽ ടൈംസിന്റെ ആദരം - ഫിനാൻഷ്യൽ ടൈംസിലെ 2020-ലെ ലോകത്തെ ഏറ്റവും സ്വാധീനിച്ച വനിത 12 പേരിൽ ഒരാളായി ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ തെരഞ്ഞെടുത്തു.

7. ദ ഗാർഡിയന്റെ പ്രശംസ - ചൈനയിൽ കോവിഡ് പടർന്നുതുടങ്ങിയ ജനുവരിയിൽത്തന്നെ കേരളം കൈക്കൊണ്ട പ്രതിരോധം, മുൻകരുതലുകൾ, തീരുമാനങ്ങളുടെ ധീരത എന്നിവ കണക്കിലെടുത്ത് അന്താരാഷ്ട്ര മാധ്യമമായ 'ദ ഗാർഡിയനിൽ' പ്രത്യേക ലേഖനം പ്രസിദ്ധീകരിച്ചു.

8. വോഗ് മാഗസിന്റെ ലീഡർ ഓഫ് ദി ഇയർ ബഹുമതി - വോഗ് മാഗസിന്റെ ലീഡർ ഓഫ് ദി ഇയർ 2020 പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ലഭിച്ചു.

9. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ : നീതി ആയോഗിന്റെ പ്രശംസ കേരളത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് നീതി ആയോഗ് പ്രശംസിച്ചു. സമ്പർക്കപ്പട്ടിക തയ്യാറാക്കൽ, ബോധവൽക്കരണം, വിഭവശേഷി വർധിപ്പിക്കൽ, ഭരണ സംവിധാനങ്ങളുടെ ഉപയോഗം, ഡിജിറ്റൽ സംവിധാനങ്ങളുടെ ഉപയോഗം തുടങ്ങിയവയിൽ കേരളം നടപ്പാക്കിയ കാര്യങ്ങൾ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചു.

10. റേഡിയോ ഏഷ്യയുടെ 2020-ലെ വാർത്താതാരം - ഗൾഫിലെ ആദ്യത്തെ മലയാളം റേഡിയോ പ്രക്ഷേപണ നിലയമായ റേഡിയോ ഏഷ്യയുടെ 2020- ലെ ന്യൂസ് പേഴ്സൺ ഓഫ് ദ ഇയർ ആയി മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ ശ്രോതാക്കൾ തെരഞ്ഞെടുത്തു.

11. മദർ തെരേസ പുരസ്കാരം - കോവിഡ് നിയന്ത്രണത്തിലെ മികവ് പരിഗണിച്ച് മുംബൈ ആസ്ഥാനമായ ഹാർമണി ഫൗണ്ടേഷന്റെ മദർ തെരേസ പുരസ്കാരം മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ലഭിച്ചു.

12. മനോരമ ന്യൂസ് - 'ന്യൂസ് മേക്കർ പുരസ്കാരം 2020' വെല്ലുവിളി നിറഞ്ഞ കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ആരോഗ്യവകുപ്പിനെ നയിച്ചതിന് അംഗീകാരമായി മനോരമ ന്യൂസ് 'ന്യൂസ് മേക്കർ പുരസ്കാരം 2020' ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ലഭിച്ചു.

13. ഇന്ത്യാ ടുഡെ അവാർഡ് കേരളത്തിന് ഇന്ത്യയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഭാഗത്തിലെ ഇന്ത്യാ ടുഡെ ഹെൽത്ത് ഗിരി അവാർഡ് ഏറ്റവും മികച്ച കോവിഡ് പ്രതിരോധത്തിന് കേരളത്തിന് ലഭിച്ചു.

## കോവിഡ്-19

180 (2104) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ എത്ര കോവിഡ്-19 കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര പേർ സുഖം പ്രാപിച്ചു; എത്ര പേർ ചികിത്സയിലുണ്ട്?

13-1-2021 വരെ ആകെ രോഗികൾ - 8,25,769

സുഖം പ്രാപിച്ചവർ - 7,56,817

ചികിത്സയിലുള്ളവർ - 65,373

(ബി) കേരളത്തിൽ കോവിഡ്-19 രോഗത്തിന്റെ മോർട്ടാലിറ്റി റേറ്റ് എത്രയാണ്?

കേരളത്തിൽ മോർട്ടാലിറ്റി റേറ്റ് 0.4 ശതമാനമാണ്.

(സി) ഇന്ത്യയുടെ മോർട്ടാലിറ്റി റേറ്റും മറ്റ് പ്രധാന കോവിഡ് ബാധിത സംസ്ഥാനങ്ങളുടെ മോർട്ടാലിറ്റി റേറ്റും ലഭ്യമാണോ; എങ്കിൽ നൽകാമോ?

ഇന്ത്യയുടെ മോർട്ടാലിറ്റി റേറ്റ് 1.44 ശതമാനമാണ്. സംസ്ഥാനങ്ങളിലെ മോർട്ടാലിറ്റി റേറ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊറോണ വൈറസിന്റെ പുതിയ വകഭേദം

181 (2105) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വൈറസിന്റെ അതിവേഗം പകരുന്ന പുതിയ വകഭേദം ബ്രിട്ടനിലും മറ്റ് പല യൂറോപ്യൻ രാജ്യങ്ങളിലും പടരുന്നതായ റിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

നിലവിലുള്ള കോവിഡ്-19 വൈറസിനേക്കാളും 70 ശതമാനത്തിലധികം വ്യാപന ശേഷിയുള്ളതാണ് വകഭേദം വന്ന വൈറസ് എന്നാണ് വിദഗ്ധാഭിപ്രായം. തീവ്രവ്യാപനശേഷിയുള്ളതിനാലും ചെറുപ്പക്കാരിൽപ്പോലും കൂടുതലായി ബാധിക്കാൻ സാധ്യതയുള്ളതിനാലും വയോജനങ്ങളും മറ്റ് പലവിധ ജീവിതശൈലീരോഗമുള്ളവരും സംസ്ഥാനത്ത് ധാരാളമുള്ളതിനാലും ജനിതകമാറ്റം വന്ന വൈറസ് വ്യാപിക്കാനിട വന്നാൽ സ്ഥിതിഗതികൾ സങ്കീർണ്ണമാകുവാൻ സാധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് അതീവ ഗൗരവമായിത്തന്നെ പരിഗണിക്കുകയും ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) കൊറോണ വൈറസിന്റെ പുതിയ വകഭേദം സംസ്ഥാനത്ത് വ്യാപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

ബ്രിട്ടനിൽ നിന്നും കേരളത്തിലേയ്ക്ക് തിരിച്ചെത്തിയ 9 പേരിലാണ് നിലവിൽ ജനിതകമാറ്റം വന്ന കൊറോണ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. കോട്ടയം ജില്ലയിൽ ഒരാൾക്കും കോഴിക്കോട് ജില്ലയിൽ 2 പേർക്കും ആലപ്പുഴ ജില്ലയിൽ 2 പേർക്കും കണ്ണൂർ ജില്ലയിൽ 3 പേർക്കും പത്തനംതിട്ട ജില്ലയിൽ ഒരാൾക്കുമാണ് പ്രസ്തുത വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്. തദ്ദേശവാസികൾക്കാർക്കുംതന്നെ നിലവിൽ ജനിതകമാറ്റം വന്ന വൈറസ് ബാധിച്ചതായി സ്ഥിരീകരിച്ചിട്ടില്ല.

(സി) കൊറോണ വൈറസിന്റെ പുതിയ വകഭേദത്തെ പ്രതിരോധിക്കുവാൻ നിലവിലെ ചികിത്സാ രീതികൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

നിലവിലെ ചികിത്സാരീതികൾ ജനിതകമാറ്റം വന്ന വൈറസിനെ പ്രതിരോധിക്കാൻ പര്യാപ്തമാണ്. നിലവിലെ കോവിഡ് പ്രോട്ടോക്കോൾ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. ജനിതകമാറ്റം വന്ന വൈറസ് വ്യാപനം

തടയുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും നടത്തിവരുന്നുണ്ട്. ഡിസംബർ 21-നും ജനുവരി 1-നും കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് സംസ്ഥാനത്ത് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 4 ഇന്റർനാഷണൽ എയർപോർട്ടുകൾ കേന്ദ്രീകരിച്ചും കിയോസ്കുകൾ ആരംഭിച്ചു. യു.കെ. ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വരുന്നവരുടെ ആർ.ടി.പി.സി.ആർ. പരിശോധന ശക്തമാക്കിയിട്ടുണ്ട്. യു.കെ.-യിൽനിന്നും മറ്റേതെങ്കിലും യൂറോപ്യൻ രാജ്യങ്ങൾ വഴിയും കേരളത്തിലെത്തിയിട്ടുള്ള എല്ലാവരെയും കണ്ടെത്തുന്നതിനും പരിശോധന നടത്തി ആർ.ടി.പി.സി.ആർ. പോസിറ്റീവായിട്ടുള്ളതും CT Value 30-ന് താഴെയുള്ളതുമായ എല്ലാവരുടെയും സാമ്പിളുകൾ NIV Pune-യിൽ അയച്ച് ജീനോമിക് സീക്വൻസിംഗ് പരിശോധന നടത്തി വരുന്നുണ്ട്. ആർ.ടി.പി.സി.ആർ. പോസിറ്റീവ് ആകുന്നവരെ തുടർന്ന് അതാത് ജില്ലകളിലെ സ്പെഷ്യൽ കോവിഡ് ആശുപത്രികളിൽ സിംഗിൾ റൂം ഐസൊലേഷനിൽ പാർപ്പിക്കുകയും ആവശ്യമായ ചികിത്സ നടത്തി വരികയും ചെയ്യുന്നു. നെഗറ്റീവാകുന്നവരെ വീടുകളിൽ 14 ദിവസം കൃത്യമായി നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്നു. അതാത് പ്രദേശങ്ങളിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഫീൽഡ് സ്റ്റാഫുകളും മറ്റ് ജീവനക്കാരും ഇവരെ കർശനമായി നിരീക്ഷിക്കുന്നതിനും മറ്റാളുകളുമായി സമ്പർക്കത്തിലേർപ്പെടാതെ നോക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ കോവിഡ്-19 പ്രവർത്തനങ്ങൾ

182 (2106) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വിവിധ ആശുപത്രികളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികൾ (PHC/FHC/GH/THQH) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഓരോ ആശുപത്രിയുടെ കീഴിലും ഫീൽഡ് ലെവലിൽ ബോധവത്ക്കരണം

നടത്താനും contact tracing/Quarantine എന്നിവ നടപ്പാക്കുന്നതിനും RRT (Rapid Response Team) കൾ രൂപീകരിച്ച് പ്രവർത്തനം നടത്തി. ആശുപത്രികൾ കേന്ദ്രീകരിച്ച് സ്വാബ് ടെസ്റ്റിംഗ് കൃത്യമായി നടത്തി. വൈത്തിരി താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്കിന് താഴെയുള്ള ഭാഗത്ത് 10 ബെഡ്ഡുള്ള ഒരു ICU സജ്ജമാക്കി. കൽപ്പറ്റ നിയോജകമണ്ഡലത്തിനുകീഴിൽ വിവിധ പഞ്ചായത്തുകളിലായി ആവശ്യം വന്നാൽ പ്രവർത്തനസജ്ജമാക്കാൻ 29 CFLTC കളിലായി 1280 ബെഡ്ഡുകൾ കണ്ടെത്തുകയും തയ്യാറാക്കുകയും ചെയ്തിരുന്നു. ഇവയിൽ രണ്ടെണ്ണം CFLTC ഓറിയന്റൽ ഹോസ്റ്റൽ കൽപ്പറ്റയും CFLTC MRS കണിയാമ്പറ്റയും സജീവമായി പ്രവർത്തിക്കുകയും ചെയ്തു. CFLTC ഓറിയന്റൽ ഹോസ്റ്റൽ കൽപ്പറ്റ 2020 സെപ്റ്റംബർ 30-ന് പ്രവർത്തനം ആരംഭിക്കുകയും ഡിസംബർ 29 വരെ പ്രവർത്തനം തുടരുകയും ചെയ്തു. 204 ബെഡ് സൗകര്യമുണ്ടായിരുന്ന ഇവിടെ ആകെ 850 രോഗികളെ കിടത്തി ചികിത്സിക്കുകയുണ്ടായി. അതാത് തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ മികച്ച ചികിത്സയും താമസ സൗകര്യവും ഭക്ഷണവും ഈ കേന്ദ്രങ്ങളിലൊരുക്കാൻ സാദ്ധ്യമായി.

(ബി) ഇതിനായി നാളിതുവരെ ആകെ എത്ര തുക വിനിയോഗിച്ചു; വിശദമാക്കുമോ?

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ കോവിഡ് ആശുപത്രികൾ/CFLTC/CSLTC (Covid Second Line Treatment Centre) എന്നിവിടങ്ങളിലേയ്ക്കാവശ്യമായ മെഡിക്കൽ, നോൺ മെഡിക്കൽ സാമഗ്രികൾ വാങ്ങുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന അനുവദിക്കപ്പെട്ട സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്നും കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് പ്രധാന ഉപകരണങ്ങൾ വാങ്ങുന്നതിനായി 34,72,422 രൂപ (മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2019-20 പ്ലാൻ ഫണ്ടിൽനിന്നും സാംക്രമിക രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള ശീർഷകത്തിൽ കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി കൽപ്പറ്റ നിയോജകമണ്ഡലത്തിലെ തരിയോട് സി.എച്ച്.സി.-ക്ക് 64000 രൂപ (അറുപത്തിനാലായിരം രൂപ മാത്രം) 2020 മാർച്ചിൽ അനുവദിക്കപ്പെടുകയും ടി തുക വിനിയോഗിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

183 (2107) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ ഓരോ ആരോഗ്യസ്ഥാപനവും കോവിഡ് രോഗവ്യാപനം തടയുന്നതിനായി നടത്തിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിൽ ജനുവരി 30-ന് ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തതുമുതൽ കോവിഡ് നിയന്ത്രണത്തിനായി ബൃഹത്തായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെ കാലാകാലങ്ങളിൽ വരുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കോവിഡ് പ്രതിരോധത്തിനായി ആലത്തൂർ നിയോജകമണ്ഡലത്തിലും നടത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും നടന്നുവരുന്നത്:

1. വിദേശത്തുനിന്നും ഇതരസംസ്ഥാനത്തുനിന്നും വരുന്നവരെ 7 ദിവസം (As per new guidelines) ക്വാറന്റൈനിൽ താമസിപ്പിക്കുക. അവരുടെ ആന്റിജൻ, ആർ.റ്റി.പി.സി.ആർ. മുതലായ ടെസ്റ്റുകൾ ചെയ്ത് നെഗറ്റീവാണെങ്കിൽ അവരെ ക്വാറന്റൈനിൽനിന്നും വിടുതൽ ചെയ്യുക. ആന്റിജൻ, ആർ.റ്റി.പി.സി.ആർ. മുതലായ ടെസ്റ്റുകൾ പോസിറ്റീവാകുന്ന രോഗലക്ഷണങ്ങളില്ലാത്ത കാറ്റഗറി എ രോഗികളെ Home Isolation, CFLTC, DCC-യിൽ പ്രവേശിപ്പിക്കുന്നു. ലഘു രോഗലക്ഷണങ്ങളുള്ളവരെ കാറ്റഗറി B (a) (b) രോഗികളെ CSLTC-യിലും ഗുരുതര രോഗലക്ഷണങ്ങളുള്ളവരെ കാറ്റഗറി സി രോഗികളെ കോവിഡ് ആശുപത്രികളിലും പ്രവേശിപ്പിച്ച് ചികിത്സിക്കുന്നു.

2. കോണ്ടാക്ട് ട്രെയിസിംഗ് - കോവിഡ് രോഗം സ്ഥിരീകരിച്ച ആളുകളെയും അവരുമായി സമ്പർക്കമുണ്ടായവരെയും ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ., ആശാവർക്കർ, അംഗനവാടി ടീച്ചർ, വാർഡ് മെമ്പർ എന്നിവരടങ്ങിയ റാപ്പിഡ് റെസ്പോൺസ് ടീം കണ്ടെത്തി ക്വാറന്റൈനിൽ പ്രവേശിപ്പിക്കുന്നു. അവർക്കാവശ്യമായ നിർദ്ദേശങ്ങളും മറ്റ് സഹായങ്ങളും ആവശ്യാനുസരണം ഉറപ്പാക്കുന്നു.

3. അതിൽ പ്രൈമറി കോണ്ടാക്ട്, ഹൈ റിസ്ക് കോണ്ടാക്ട് എന്നിവരുടെ ആന്റിജൻ/ആർ.റ്റി.പി.സി.ആർ. മുതലായ ടെസ്റ്റുകൾ ചെയ്യുകയും പോസിറ്റീവായ രോഗലക്ഷണമില്ലാത്ത കാറ്റഗറി എ രോഗികളെ Home Isolation, CFLTC, DCC-യിൽ പ്രവേശിപ്പിക്കുന്നു. ലഘു രോഗലക്ഷണമുള്ള കാറ്റഗറി B (a) (b) രോഗികളെ CSLTC-യിലും ഗുരുതര രോഗലക്ഷണമുള്ള കാറ്റഗറി സി രോഗികളെ കോവിഡ് ആശുപത്രികളിലും പ്രവേശിപ്പിച്ച് ചികിത്സിക്കുന്നു.

4. ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ - ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, എസ്.എം.എസ്. (സാനിറ്റൈസർ, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ്), ആരോഗ്യ പ്രവർത്തകർ, രോഗികൾ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം വിവിധ തലങ്ങളിൽ നടപ്പിലാക്കിവരുന്നു.

5. കോവിഡ് പ്രതിരോധത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പ്രൈവറ്റ് സ്ഥാപനങ്ങളുൾപ്പെടെ നടപ്പിലാക്കിവരുന്നു.

6. റിവേഴ്സ് ക്വാറന്റൈൻ - 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരുടെ ആരോഗ്യപരവും മാനസികവുമായ വിഷയങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പും സാമൂഹ്യനീതി വകുപ്പും മറ്റ് ഏജൻസികളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗ്രാന്റ് കെയർ. കുടുംബശ്രീ, അംഗനവാടി, പാലിയേറ്റീവ്, ആശപ്രവർത്തകർ എന്നിവരെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വയോജനങ്ങളേയും നേരിട്ടോ ടെലിഫോണിലൂടെയോ ബന്ധപ്പെടുകയും അവരുടെ ആരോഗ്യപരവും മാനസികവുമായ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാരെ അവരുടെ വീടുകളിലോ മുറിക്കുള്ളിലോ മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുന്നതിന് ഏർപ്പെടുത്തിയ റിവേഴ്സ് ക്വാറന്റൈൻ നിലനിൽക്കുന്നതിനാൽ, അവരുടെ ആവശ്യാനുസരണം മരുന്നും ഭക്ഷണവും മറ്റും വീടുകളിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെടലും ഏകാന്തതമൂലമുള്ള മാനസിക പിരിമുറുക്കവും വർദ്ധിക്കുന്നതിന് സാദ്ധ്യതയുള്ളതിനാൽ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ഇവർക്ക് ടെലിഫോൺ വഴി കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തു. " ഒറ്റയ്ക്കല്ല ഒപ്പമുണ്ട്" എന്ന പേരിൽ രണ്ട് ലക്ഷത്തോളം വരുന്ന ഒറ്റയ്ക്ക് താമസിക്കുന്ന വയോധികരെ ടെലിഫോണിലൂടെ ബന്ധപ്പെടുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്.

7. ജില്ലാ മാനസികാരോഗ്യ വിഭാഗം പ്രവർത്തകർ ക്വാറന്റൈനിൽ കഴിയുന്നവർക്കും കോവിഡ് രോഗബാധ സ്ഥിരീകരിച്ചവർക്കും സാമൂഹിക മാനസിക പിന്തുണ നൽകിവരുന്നു.

8. കിടപ്പിലായ രോഗികൾക്കും അതുപോലെ പ്രമേഹത്തിനും രക്താതിമർദ്ദം എന്നിവയ്ക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ വീടുകളിലെത്തിച്ച് കൊടുത്തുവരുന്നുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിനുകീഴിൽ വരുന്ന താലൂക്ക് ആസ്ഥാന ആശുപത്രി ആലത്തൂർ, സാമൂഹികാരോഗ്യ കേന്ദ്രം കുഴൽമന്ദം, കുടുംബാരോഗ്യ കേന്ദ്രം കിഴക്കഞ്ചേരി, കുടുംബാരോഗ്യ കേന്ദ്രം കുനിശ്ശേരി, കുടുംബാരോഗ്യ കേന്ദ്രം മേലാർകോട്, കുടുംബാരോഗ്യ കേന്ദ്രം തേൻകുറിശ്ശി, കുടുംബാരോഗ്യ കേന്ദ്രം വണ്ടാഴി എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. Surveillane Activities വിദേശരാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനത്തിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നവരെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് നിരീക്ഷണത്തിൽ ഇരുത്തുവാനും അതിൽ ലക്ഷണങ്ങളുള്ളവരെ കോവിഡ് പരിശോധിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോവിഡ് കെയർ സെന്റേഴ്സ്

1. ക്രസന്റ് ഹോസ്പിറ്റൽ ഹോസ്റ്റൽ -100 ബെഡ്ഡുകൾ

2. ഗായത്രി കല്യാണമണ്ഡപം - 50 ബെഡ്ഡുകൾ ഈ കോവിഡ് കെയർ സെന്ററിൽ നിരീക്ഷണത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. Contact Tracing High risk contacts-നെയും Secondary contacts-നെയും ആരോഗ്യ പ്രവർത്തകരും ആശാ പ്രവർത്തകരും അങ്കണവാടി പ്രവർത്തകരും ചേർന്ന ടീം ഗൃഹനിരീക്ഷണത്തിൽ ഇരിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിരുന്നു. ലക്ഷണങ്ങളുള്ളവരെ പരിശോധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ILI Surveillance കോവിഡിന് സമാനമായ ലക്ഷണങ്ങളുള്ളവരെ ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. TRIAGE ആരോഗ്യ സ്ഥാപനങ്ങളിൽ ഒ.പി.-യിൽ വരുന്നവരെ ലക്ഷണങ്ങളനുസരിച്ച് വേർതിരിച്ച് കോവിഡ് സമാനമായ ലക്ഷണമുള്ളവരെ മറ്റ് രോഗികളുമായി സമ്പർക്കം ഒഴിവാക്കുന്നതിന് പനി ക്ലിനിക്കുകളിൽ നിയോഗിക്കപ്പെട്ട മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും ചെയ്തിരുന്നു. Testing എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് പരിശോധന നടത്തുന്നതിനായി പരിശോധന കിറ്റുകൾ ലഭ്യമാക്കുകയും പരിശോധകൾ നടത്തി

വരികയും ചെയ്യുന്നു. ആലത്തൂർ താലൂക്കാശുപത്രി കേന്ദ്രീകരിച്ച് ആർ.ടി.പി.സി.ആർ. പരിശോധന സാമ്പിൾ ശേഖരണത്തിന് പ്രത്യേക സജ്ജീകരണം ചെയ്തിട്ടുണ്ട്. Cluster and Containment Activities ആലത്തൂർ താലൂക്കാശുപത്രിയിൽ ജീവനക്കാർക്കിടയിൽ 1-8-2020-ന് കോവിഡ് ക്ലസ്റ്ററുണ്ടാവുകയും 50 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിതരാവുകയും ചെയ്തു. 15 ദിവസത്തോളം ക്ലസ്റ്റർ സജീവമായിരുന്നു. 60-ഓളം ജീവനക്കാരെ പരിശോധനയ്ക്ക് വിധേയരാക്കുകയും ചെയ്തു. Training കോവിഡ് രോഗവുമായി ബന്ധപ്പെട്ടിട്ടുള്ള രോഗപ്രതിരോധം, ചികിത്സ, രോഗവ്യാപന നിയന്ത്രണ ചികിത്സ, ഐ.സി.യു. കെയർ തുടങ്ങിയ വിഷയങ്ങളിൽ മണ്ഡലത്തിലെ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പോലീസ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയവർക്കും പരിശീലനം നൽകിയിട്ടുണ്ട്. കോവിഡ്-19 സംബന്ധമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങൾ,

1. ആരോഗ്യ പ്രവർത്തകർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കുമുള്ള ഓൺലൈൻ പരിശീലന പരിപാടികൾ.

2. സോഷ്യൽ മീഡിയ (ഫേസ്ബുക്ക്, വാട്സാപ്പ്) യിലൂടെയുള്ള പോസ്റ്റർ പ്രചരണം.

3. എഫ്.എം. റേഡിയോ സന്ദേശങ്ങൾ.

4. ലോക്കൽ കേബിൾ ചാനലിലൂടെ സ്ക്രോളിംഗ് ന്യൂസ്.

5. എസ്.ടി.എസ്. കാമ്പയിനുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രചരണം, ജില്ലാ തലത്തിൽ സൈക്കിൾ പ്രചരണയാത്ര, എല്ലാ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലും ബോധവത്കരണം

**കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡം**

184 (2108) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്?

കോവിഡ്-19 രോഗബാധ കേരളത്തിൽ സ്ഥിരീകരിച്ചതുമുതൽ കോവിഡ് മരണങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ

കോവിഡ്-19 മരണനിരക്ക് 0.4 ശതമാനമാണ്. കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച അന്തർദേശീയ മാനദണ്ഡങ്ങളനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണങ്ങൾ കണക്കാക്കുന്നത്. ഡബ്ല്യു.എച്ച്.ഒ.-യുടെ അംഗീകാരമുള്ള International Guidelines For Certification And Classification (Coding) Of Covid-19 As Cause Of Death എന്ന ഇന്റർനാഷണൽ ഗൈഡ്‌ലൈൻ അനുസരിച്ചാണ് ഇവിടെയും കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. International Statistical Classification of Diseases അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഗൈഡ്‌ലൈൻ. ഇതനുസരിച്ച് കോവിഡ് രോഗം മൂർച്ഛിച്ച് അതുമൂലം അവയവങ്ങളെ ബാധിച്ച് ഗുരുതരാവസ്ഥയിലെത്തി മരണമടയുന്നതിനെ മാത്രമേ കോവിഡ് മരണത്തിന്റെ വിഭാഗത്തിലുൾപ്പെടുത്താൻ കഴിയൂ. ഇതുസംബന്ധിച്ചുള്ള വിദഗ്ദ്ധ പരിശോധനയും മെഡിക്കൽ റിപ്പോർട്ടും ഡോക്ടർമാരടങ്ങുന്ന വിദഗ്ദ്ധ സമിതി പരിശോധിച്ചാണ് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. ഇതുസംബന്ധിച്ച് രോഗിയെ പരിശോധിച്ച ആശുപത്രിയിൽനിന്നും ലഭിക്കുന്ന മെഡിക്കൽ റിപ്പോർട്ട് വിദഗ്ദ്ധ സമിതി വിലയിരുത്തിയാണ് കോവിഡ് മരണമാണോയെന്ന് സ്ഥിരീകരിക്കുന്നത്. ആശുപത്രിയിൽ കോവിഡ് ചികിത്സയിലിരിക്കെ മരണം സംഭവിച്ചാൽ ഉടൻതന്നെ സാമ്പിളുകൾ അതേ ആശുപത്രിയിൽ തന്നെയുള്ള കോവിഡ് ലാബിലോ അംഗീകൃത ലാബില്ലെങ്കിൽ തൊട്ടടുത്ത കോവിഡ് ലാബിലോ പരിശോധനയ്ക്കായി അയയ്ക്കുന്നു. മരിച്ച നിലയിൽ ആശുപത്രിയിലെത്തിച്ചാലും മരണത്തിൽ ഡോക്ടർക്ക് സംശയം തോന്നിയാലും സാമ്പിളുകൾ ലാബിലേക്കയയ്ക്കുന്നു. കാലതാമസമുണ്ടാകാതിരിക്കാൻ ജീൻ എക്സ്പേർട്ട് ടെസ്റ്റോ, ട്രൂനാറ്റ് ടെസ്റ്റോ നടത്തിയാണ് മൃതദേഹം വിട്ടുകൊടുക്കുന്നത്. ട്രൂനാറ്റ് ടെസ്റ്റിൽ പോസിറ്റീവാണെന്ന് കരുതി എല്ലായിപ്പോഴും പോസിറ്റീവാകണമെന്നില്ല. മറ്റ് ഗുരുതര രോഗങ്ങളുള്ളവർക്കും ചിലപ്പോൾ പോസിറ്റീവ് ഫലം കാണിക്കും. ആശുപത്രിയിൽനിന്നും മൃതദേഹം വിട്ടുകൊടുക്കുമ്പോൾ കോവിഡ് പോസിറ്റീവാണെന്ന് പറഞ്ഞാണ് വിട്ടുകൊടുക്കുന്നത്. മാത്രമല്ല കോവിഡ് പ്രോട്ടോകോൾ പാലിച്ചാകും മൃതദേഹം സംസ്കരിക്കുക. അതേസമയം മൃതദേഹത്തിൽ നിന്നെടുത്ത സാമ്പിൾ കേന്ദ്ര സർക്കാരിന്റെ എൻ.ഐ.വി. ആലപ്പുഴ ലാബിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ആദ്യം മുതലേ സംശയമുള്ള എല്ലാ കേസുകളും എൻ.ഐ.വി. ആലപ്പുഴയിൽ അയച്ചാണ് സ്ഥിരീകരിച്ചുവരുന്നത്. എൻ.ഐ.വി. ആലപ്പുഴയിൽനിന്നും ലഭിക്കുന്ന ഫലവും ആശുപത്രി നൽകുന്ന മെഡിക്കൽ റിപ്പോർട്ടും വിലയിരുത്തിയാണ് അത് കോവിഡ് മരണമാണോയെന്ന് സ്ഥിരീകരിക്കുന്നത്. എൻ.ഐ.വി. ആലപ്പുഴയിൽ സാമ്പിളുകൾ അയച്ച് കിട്ടുന്നമുറയ്ക്ക് കാലതാമസമില്ലാതെ വിലയിരുത്തി മരണം പ്രഖ്യാപിക്കാറാണ് പതിവ്.

(ബി) പല കോവിഡ് മരണങ്ങളും അപ്രകാരം റിക്കോർഡ് ചെയ്യുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തുണ്ടാകുന്ന കോവിഡ് മരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ ദിവസവും ജില്ലകളിൽനിന്ന് സംസ്ഥാനത്തേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനതലത്തിൽ ഒരു വിദഗ്ദ്ധ സമിതി ഇത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയുമാണ് പതിവ്. ഇതുസംബന്ധിച്ച് കർശന നിർദ്ദേശങ്ങളും എല്ലാ ജില്ലകൾക്കും നല്കിയിട്ടുണ്ട്.

(സി) കോവിഡുമായി ബന്ധപ്പെട്ട് സുപ്രീംകോടതി സ്വമേധയാ എടുത്ത കേസിൽ സംസ്ഥാന സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് ചികിത്സയ്ക്കൊരുക്കിയ സജ്ജീകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ രോഗികളുടെ രോഗലക്ഷണങ്ങളും മറ്റ് അനുബന്ധ രോഗങ്ങളും അടിസ്ഥാനപ്പെടുത്തി അഞ്ച് സ്ഥലങ്ങളിലായി ചികിത്സയും നിരീക്ഷണവും നിജപ്പെടുത്തിയിരിക്കുന്നു. രോഗലക്ഷണങ്ങളൊന്നും തന്നെയില്ലാത്തവർക്ക് വീടുകളിലും വീടുകളിൽ സൗകര്യമില്ലാത്ത രോഗലക്ഷണമില്ലാത്തവർക്ക് ഡൊമിസിലിയറി കെയർ സെന്ററുകളിലും കാറ്റഗറി എ ലക്ഷണമുള്ളവർക്ക് സി.എഫ്.എൽ.റ്റി.സി.- കളിലും കൂടുതൽ ലക്ഷണങ്ങളുള്ളവരോ മറ്റനുബന്ധ രോഗമുള്ളവരോ ആയവർക്ക് സി.എസ്.എൽ.റ്റി.സി.-കളിലും ഗുരുതര രോഗങ്ങളുള്ളവർക്ക് കോവിഡ് ആശുപത്രികളിലുമാണ് ചികിൽസ നൽകുന്നത്. മാത്രമല്ല ആശുപത്രികളിൽ ആവശ്യമുള്ള അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെന്നും ബഹു.കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് നിയന്ത്രിക്കുന്നതിനും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10 ശതമാനത്തിൽത്താഴെ നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഇന്ത്യയിലാദ്യമായി കോവിഡ്-19 റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. ജനുവരി 30-ന് ചൈനയിലെ വുഹാനിൽ നിന്നുംവന്ന മെഡിക്കൽ വിദ്യാർത്ഥിനിക്കാണ് സംസ്ഥാനത്ത് ആദ്യമായി കോവിഡ് ബാധയുണ്ടായത്. കൃത്യനിഷ്ഠയോടെ ആരോഗ്യവകുപ്പ് നടത്തിയ ഇടപെടലുകൾ വൈറസിന്റെ വ്യാപനം കുറയ്ക്കുവാനും മരണനിരക്ക് കുറയ്ക്കുവാനും വളരെയേറെ സഹായിച്ചു. വുഹാനിൽ ധാരാളം മലയാളികളുണ്ടെന്നതിനാൽ അവർ വഴി വൈറസ് ഇവിടെയെത്താനുള്ള സാധ്യത കണക്കിലെടുത്ത് കൃത്യമായ പ്ലാനുണ്ടാക്കിയാണ്

പ്രവർത്തനം ഏകോപിപ്പിച്ചത്. അതിന്റെ ഭാഗമായിട്ടാണ് ജനുവരി 24-ന് സംസ്ഥാന കോവിഡ് കൺട്രോൾ റൂം പ്രവർത്തനസജ്ജമായത്. രോഗബാധിത പ്രദേശങ്ങളിൽനിന്നും വന്നവരുടെ വിവരശേഖരണം, പോസിറ്റീവ് രോഗികളുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കൽ, വൈദ്യ സഹായം, വീടുകളിലെ നിരീക്ഷണം, മരുന്നുകളുടേയും പ്രതിരോധ ഉപകരണങ്ങളുടേയും ലഭ്യത, രോഗനിരീക്ഷണം, ബോധവത്ക്കരണം, പരിശോധനകൾ തുടങ്ങി കോവിഡ് സംബന്ധമായ എല്ലാ കാര്യങ്ങളുടെയും ഏകോപനമാണ് സംസ്ഥാന കൺട്രോൾ റൂമിൽ നടക്കുന്നത്. കോവിഡിനെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായുള്ള വിവിധ പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിക്കുവാൻവേണ്ടി 18 കമ്മിറ്റികൾ രൂപീകരിച്ചു. ഇതേ മാതൃകയിൽ 14 ജില്ലകളും ടീമുകൾ രൂപീകരിക്കുകയും സംസ്ഥാന കൺട്രോൾ റൂമുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. ആരോഗ്യ വകുപ്പ് റാപ്പിഡ് റെസ്പോൺസ് ടീമിനെ ഊർജ്ജസ്വലമാക്കി. കേരളം തയ്യാറാക്കിയ പ്രോട്ടോകോളും പ്രവർത്തന രൂപരേഖയും (SOP) നിർദേശങ്ങളും (Advisory) പിന്നീട് ലോകരാജ്യങ്ങൾതന്നെ ചർച്ചചെയ്യുന്ന സ്ഥിതിയുണ്ടായി. ജനുവരി 30, ഫെബ്രുവരി 2, 4 തീയതികളിലായി ആദ്യഘട്ടത്തിൽ 3 കേസ്സുകളാണുണ്ടായത്. അവരിൽനിന്നും കുടുതലാളുകളിലേയ്ക്ക് രോഗം പടരാതെ പിടിച്ചുനിർത്താൻ കേരളത്തിനായി. രോഗബാധിത പ്രദേശങ്ങളിൽനിന്നും കൂടുതലാളുകൾ എത്തിക്കൊണ്ടിരുന്നെങ്കിലും ഫെബ്രുവരി ആദ്യവാരം ആർക്കും രോഗം ബാധിച്ചില്ല. എങ്കിലും ജാഗ്രത തുടർന്നു. മറ്റ് രാജ്യങ്ങളിൽ കോവിഡ് പടർന്നതോടെ കേരളത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും കോവിഡ്-19-ന്റെ രണ്ടാം വരവുണ്ടായി. മാർച്ച് 8-ന് ഇറ്റലിയിൽ നിന്നുംവന്ന പത്തനംതിട്ട സ്വദേശികളിൽ നിന്നാണ് രോഗമുണ്ടായത്. തുടർന്ന് വിദേശ രാജ്യങ്ങളിൽനിന്നും ആൾക്കാർ രോഗബാധിതരായി എത്താൻ തുടങ്ങിയതോടെ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും രോഗികളുടെ എണ്ണം ഉയർന്നു. രാജ്യം ലോക്ഡൗണിലേയ്ക്ക് പോയസമയത്ത് മറ്റ് സംസ്ഥാനങ്ങളിൽ രോഗം കുതിച്ചുയർന്നപ്പോൾ മാർച്ച് 24-ന് കേരളത്തിൽ 105 പേരാണ് ചികിത്സയിലുണ്ടായിരുന്നത്. മേയ് 3 വരെയുള്ള രണ്ടാം ഘട്ടത്തിൽ 496 പേർക്കാണ് ആകെ രോഗം ബാധിച്ചത്. മേയ് 4-ന് ചെക്ക്പോസ്റ്റുകൾ തുറന്നതോടെ മൂന്നാം ഘട്ടമായി. മേയ് 7 മുതൽ എയർപോർട്ട് വഴിയും മേയ് 10 മുതൽ സീപോർട്ട് വഴിയും മേയ് 14 മുതൽ ട്രെയിൻ വഴിയും മേയ് 25 മുതൽ ഡൊമസ്റ്റിക് ഫ്ളൈറ്റ് വഴിയും യാത്രക്കാരെത്തി. ചിലയിടങ്ങളിൽ സമൂഹ വ്യാപനമുണ്ടായെങ്കിലും പിടിച്ചുനിർത്താൻ നമുക്കായി. കൂടുതൽ സ്ഥലങ്ങളിൽ സമൂഹ വ്യാപനമുണ്ടാകാതിരിക്കാൻ ശക്തമായ നടപടികളാണ് സ്വീകരിച്ചത്. ക്ലസ്റ്റർ കെയറിലൂടെ ശക്തമായ പ്രവർത്തനങ്ങളാണ് നടത്തിയത്. കേരളം മുൻകൂട്ടി തയ്യാറാക്കിയ ക്ലസ്റ്റർ മാനേജ്മെന്റ് സ്ട്രാറ്റജി അനുഭവങ്ങളുടെ വെളിച്ചത്തിൽ ശക്തമാക്കി പ്രയോഗത്തിൽ വരുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ചില ക്ലസ്റ്ററുകളിൽ രോഗവ്യാപനം നിലച്ച്

സ്വതന്ത്രമാക്കുമ്പോൾ പുതിയ ക്ലസ്റ്റർ വരുന്നുണ്ട്. ഇവിടെയും അതേ നടപടിക്രമീകരണങ്ങൾതന്നെ സ്വീകരിക്കണം. രോഗികൾ കൂടുന്ന അവസ്ഥയിൽ എല്ലാ ജില്ലകളിലും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് മതിയായ സി.എഫ്.എൽ.ടി.സി.-കളേയും അവയ്ക്കാവശ്യമായ ജീവനക്കാരേയും സജ്ജമാക്കി. മൂന്ന് സ്റ്റേജുകളായാണ് സി.എഫ്.എൽ.ടി.സി.-കൾ തയ്യാറാക്കിയിരിക്കുന്നത്. കോവിഡ്-19 സമ്പർക്ക രോഗികളുടെ എണ്ണം കൂടിയ പശ്ചാത്തലത്തിൽ സൂപ്പർ സ്പ്രെഡ് ഒഴിവാക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി. സൂപ്പർ സ്പ്രെഡിലേയ്ക്കുപോയ പ്രദേശങ്ങളിൽ പ്രത്യേകം ക്ലസ്റ്ററായി തിരിച്ച് കർശന നടപടികൾ സ്വീകരിച്ചു. രോഗബാധിതരെ നേരത്തെതന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും ക്വാറന്റൈനിലാക്കുന്നതിന്റേയും ഭാഗമായി വിവിധ വിഭാഗങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് വിപുലമായ പരിശോധനകളാണ് നടത്തുന്നത്. പ്രായംചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ ഭിന്നശേഷിക്കാർ, മറ്റനുബന്ധ രോഗങ്ങളുള്ളവർ എന്നിവരെ കൊറോണ ബാധിത മേഖലകളിൽനിന്ന് വരുന്നവരിൽനിന്നും പൂർണ്ണമായി മാറ്റിനിർത്തുന്നതിനും സമ്പർക്കം ഒഴിവാക്കുന്നതിനുംവേണ്ടി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കി. ആരോഗ്യ വകുപ്പിനുപുറമെ പോലീസ്, സാമൂഹ്യനീതി വകുപ്പ്, (അങ്കണവാടി വർക്കർമാർ) ആശ വർക്കർമാർ, വോളന്റിയർമാർ തുടങ്ങിയവർ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആളുകളുള്ള ഓരോ വീടുമായും ബന്ധപ്പെട്ട് അവരുടെ സമ്പർക്ക വിലക്ക് ഉറപ്പാക്കാൻ ശ്രമിച്ചു. ഇതോടൊപ്പം ജീവിതശൈലീ രോഗങ്ങൾക്കടക്കം ദൈനംദിനം മരുന്നുകൾ കഴിക്കുന്ന ആളുകളുടെ കാര്യവും നാം മുൻകൂട്ടി പ്ലാൻ ചെയ്യുകയുണ്ടായി. രോഗികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കോവിഡ് ആശുപത്രികൾക്ക് അധിക മാനവ വിഭവശേഷിയും അടിസ്ഥാനസൗകര്യങ്ങളും നൽകി. കൂടുതൽ ഐ.സി.യു. കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഒരുക്കി. ഈ സൗകര്യങ്ങളിലെല്ലാം ഒക്യുപ്പൻസി നില സംസ്ഥാന തലത്തിലുള്ള കോർ ഗ്രൂപ്പ് നിരീക്ഷിച്ചു. കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉത്പാദനശേഷിയും ഓക്സിജന്റെ ഉപയോഗവും നിരീക്ഷിക്കുന്നതിന് ഓക്സിജൻ ഓഡിറ്റും ദിവസേന നടത്തി. പരിശോധനാശേഷി, പ്രതിദിനം കുറഞ്ഞത് 70,000 ടെസ്റ്റുകളായി ഉയർത്തി. എല്ലാ ജില്ലകൾക്കും ജനസംഖ്യ, കേസ് ലോഡ് എന്നിവ അടിസ്ഥാനമാക്കി ദൈനംദിനം നടത്തേണ്ട പരിശോധനയുടെ എണ്ണം നൽകി. ഇതുവരെ 2206 ലാബുകൾ/സ്ഥാപനങ്ങൾ സംസ്ഥാനത്തുടനീളം കോവിഡ് പരിശോധന നടത്തുന്നു. അതിൽ 72 ലാബുകൾ ആർ.ടി.പി.സി.ആർ. പരിശോധന നടത്തുന്നു. 29 ലാബുകൾ സിബി-നാറ്റ് ചെയ്യുന്നു. 75 ലാബുകൾ ട്രൂനാറ്റ് പരിശോധന നടത്തുന്നു. 2030 ലാബുകൾ/സ്ഥാപനങ്ങൾ ആന്റിജൻ പരിശോധന ചെയ്യുന്നു. രോഗലക്ഷണ രോഗികൾക്കും കണ്ടെയ്ൻമെന്റ് സോണുകളിൽ നിന്നുള്ളവർക്ക് പി.എച്ച്.സി., സി.എച്ച്.സി. എന്നിവയിൽ ആന്റിജൻ പരിശോധനയും ലഭ്യമാക്കി.

പൊതുജനങ്ങളിൽ സാമൂഹിക അകലം, മാസ്ക്, മറ്റ് സംരക്ഷണ നടപടികൾ എന്നിവ പാലിക്കുന്നത് നിരീക്ഷിക്കുന്നതിനായി ഗസറ്റഡ് ഉദ്യോഗസ്ഥരിൽനിന്ന് ജുഡീഷ്യൽ അധികാരമുള്ള സെക്ടറൽ മജിസ്ട്രേറ്റുകളെ നിയമിച്ചു. സർക്കാർ പുറപ്പെടുവിച്ച പ്രോട്ടോകോളുകൾ ലംഘിക്കുന്നവർക്ക് പിഴയും മുന്നറിയിപ്പും നൽകാൻ സെക്ടറൽ മജിസ്ട്രേറ്റിന് അധികാരമുണ്ടായിരുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ എന്നീ പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ കോവിഡ് പടരാതിരിക്കുന്നതിനും പ്രകൃതിദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മുൻകരുതലുകളെടുത്തു. രോഗികൾക്കാവശ്യമായ പരിചരണം നൽകുന്നതിനായി എല്ലാ വൈദ്യശാസ്ത്ര സംവിധാനങ്ങളിൽ (മോഡേൺ മെഡിസിൻ, ഐ.എസ്.എം., ഹോമിയോപ്പതി) നിന്നുമുള്ള ജീവനക്കാരെ വിന്യസിച്ചു. ഇവർക്കെല്ലാവർക്കും കോവിഡ്-19 രോഗികളെ വേണ്ടരീതിയിൽ കൈകാര്യം ചെയ്യുന്നതിന് മതിയായ പരിശീലനവും നൽകി. കൂടാതെ, ഡി.എച്ച്.എസ്., ഡി.എം.ഇ. എന്നിവയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലുമുള്ള എല്ലാ ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും ഐ.സി.യു., വെന്റിലേറ്റർ പരിശീലനവും നൽകി. ഐസൊലേഷനിൽ കഴിയുന്നവർക്കും പ്രായമായവർക്കും ടെലിമെഡിസിൻ സേവനങ്ങൾ നൽകുന്നതിനും സാംക്രമികേതര രോഗങ്ങൾ ചികിത്സിക്കുന്നതിനും ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം ആരംഭിച്ചു. മികച്ച സേവനങ്ങളുടെ ഉപയോഗം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഇന്റൻസിവിസ്റ്റുകളുടെയും ക്രിട്ടിക്കൽ കെയർ വിദഗ്ധരുടെയും ജില്ലാ പൂൾ സ്ഥാപിച്ചു. ഗുരുതരാവസ്ഥയിലുള്ള എല്ലാ രോഗികളെയും ഇന്റൻസിവിസ്റ്റുകൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ചികിത്സിക്കുന്ന ഡോക്ടർമാരെ ഒരു കേസ് അടിസ്ഥാനത്തിൽ നയിക്കുന്നതിനും ടെലി ഐ.സി.യു. സേവനങ്ങളുടെ ഒരു ഹബ് & സ്പോക്ക് മോഡലിൽ സജ്ജമാക്കി. കോവിഡ്-19-ൽനിന്ന് സുഖം പ്രാപിച്ചതിനുശേഷം പോസ്റ്റ് കോവിഡ് ലക്ഷണങ്ങളുള്ള രോഗികളുടെ ചികിത്സയ്ക്കായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. പി.എച്ച്.സി./സി.എച്ച്.സി./എഫ്.എച്ച്.സി. തലത്തിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും ടി.എച്ച്.ക്യു./ഡി.എച്ച്./ജി.എച്ച്./ മെഡിക്കൽ കോളേജുകളിൽ റഫറൽ ക്ലിനിക്കുകളും ആരംഭിച്ചു. നിലവിൽ 1135 ഇത്തരത്തിലുള്ള ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളുമായുള്ള ഇടപഴകൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി.) വഴി നടത്തി. ഇതുവരെ 105 സ്വകാര്യ ആശുപത്രികൾ കോവിഡ് -19 ചികിത്സ നൽകുന്നു. കോവിഡ്-19 സ്റ്റെപ്പ് കിയോസ്കുകൾ (സ്ക്രീനിംഗ്, ടെസ്റ്റിംഗ്, വിദ്യാഭ്യാസം, പ്രതിരോധ കിയോസ്കുകൾ) സ്ഥാപിച്ചു. പ്രത്യേകിച്ചും വിമാനത്താവളങ്ങൾ, അതിർത്തി പ്രദേശങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റ് ട്രാൻസിറ്റ് പോയിന്റുകൾ, ഷോപ്പിംഗ് മാളുകൾ മുതലായവ, ശബരിമല പോലുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള വഴിയിലും സ്റ്റെപ്പ് കിയോസ്കുകളും ആരംഭിച്ചു.

## സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിൽസ

185 (2109) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളിൽ പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; ഐ.സി.യു.-വിലെ കിടത്തി ചികിത്സ, വെന്റിലേറ്റർ ഉപയോഗം തുടങ്ങി ഓരോ കാറ്റഗറിക്കും എത്ര രൂപയാണ് സ്വകാര്യ ആശുപത്രികൾക്ക് ഈടാക്കാൻ കഴിയുക എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി കോവിഡ് ചികിത്സയ്ക്കായി നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| General Ward | - | Rs. 2,300 |
| HDU | - | Rs. 3,300 |
| ICU without Ventilator | - | Rs. 6,500 |
| ICU with Ventilator | - | Rs. 11,500 |

(ബി) നിശ്ചയിച്ച നിരക്കിനേക്കാൾ അധികം തുക കോവിഡ് ചികിൽസയ്ക്ക് ഈടാക്കിയതായി എതെങ്കിലും തരത്തിലുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കോവിഡ് ഇതര ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളിൽ തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി & സി) ഉണ്ട്. അപ്രകാരം ലഭിച്ച പരാതികളിൽ തുടർനടപടി സ്വീകരിക്കുന്നതിനായി പരാതികളുടെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

## തീവ്ര കോവിഡ്-19 വൈറസ്

186 (2110) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്ര കോവിഡ്-19 വൈറസ് വകഭേദം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം കണ്ടെത്തിയിട്ടുണ്ട്; വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ബ്രിട്ടനിൽനിന്നും കേരളത്തിലേയ്ക്ക് തിരിച്ചെത്തിയ 9 പേരിലാണ് ജനിതകമാറ്റം വന്ന രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. നിലവിൽ 14-1-2021 വരെ കോട്ടയം ജില്ലയിൽ ഒരാൾക്കും കോഴിക്കോട് ജില്ലയിൽ രണ്ടുപേർക്കും ആലപ്പുഴ ജില്ലയിൽ രണ്ടുപേർക്കും കണ്ണൂർ ജില്ലയിൽ മൂന്നുപേർക്കും പത്തനംതിട്ട ജില്ലയിൽ ഒരാൾക്കുമാണ് UK variant ആയിട്ടുള്ള വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്.

(ബി) പുതിയ വൈറസ് വകഭേദത്തെ നേരിടാൻ സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ജനിതകമാറ്റം വന്ന കോവിഡ്-19 വൈറസ് ബാധ തടയുന്നതിന് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിന്റെ ഭാഗമായി എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 4 ഇന്റർനാഷണൽ എയർപോർട്ടുകൾ കേന്ദ്രീകരിച്ചും കിയോസ്കുകൾ ആരംഭിച്ചു. യു.കെ. ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വരുന്നവരുടെ ആർ.ടി.പി.സി.ആർ. കോവിഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിദേശത്തുനിന്നും എത്തിച്ചേരുന്ന ആളുകൾ www.newdelhiairport.in എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ആർ.ടി.പി.സി.ആർ. പരിശോധിച്ച് നെഗറ്റീവാണെന്ന റിസൾട്ട് പ്രസ്തുത സൈറ്റിൽ അപ്‌ലോഡ് ചെയ്തിരിക്കുകയും വേണം. എന്നിരുന്നാലും ഇവിടെ എത്തിച്ചേരുന്ന യാത്രക്കാരെ വിമാനത്താവളത്തിൽവച്ച് വീണ്ടും ആർ.ടി.പി.സി.ആർ. പരിശോധനയ്ക്ക് വിധേയമാക്കുകയും നെഗറ്റീവാകുന്നതുവരെ 14 ദിവസം കൃത്യമായ ക്വാറന്റൈൻ നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്നു. ആർ.ടി.പി.സി.ആർ. പോസിറ്റീവാകുന്നവരെ ജില്ലയിലെ സ്പെഷ്യാലിറ്റി കോവിഡ് ആശുപത്രികളിൽ single room isolation-ൽ പാർപ്പിക്കുകയും ആവശ്യമായ ചികിത്സ നൽകുകയുമാണ് ചെയ്യുന്നത്. ആർ.ടി.പി.സി.ആർ. പോസിറ്റീവാകുന്നവരുടെ സാമ്പിളുകൾ NIV പൂനെയിൽ WGS പരിശോധനയ്ക്കയയ്ക്കുന്നുണ്ട്.

## കോവിഡ് പ്രതിരോധവും പോസ്റ്റ് കോവിഡ് ചികിത്സയും

187 (2111) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധത്തിലും പോസ്റ്റ് കോവിഡ് ചികിത്സയിലും അലോപ്പതി കൂടാതെ ആയുർവ്വേദത്തിലും ഹോമിയോപ്പതിയിലും എന്തൊക്കെ ചികിത്സകളാണ് ആരോഗ്യ വകുപ്പ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

ആയുർവ്വേദം

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പ് മുഖേനയും ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മുഖേനയും ആയുർ രക്ഷാ ക്ലിനിക്കിലൂടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് അമൃതം, സ്വാസ്ഥ്യം, സുഖായുഷ്യം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പോസ്റ്റ് കോവിഡ് റീഹാബിലിറ്റേഷൻ പ്രവൃത്തിയുടെ ഭാഗമായി പുർജ്ജനി പദ്ധതിയും നടത്തിവരുന്നു. ഇതിനുപുറമെ കോംപ്ലിക്കേഷനില്ലാതെ കോവിഡ് മൈൽഡ് കേസുകളുടെ ചികിത്സയും കൺസന്റ് നൽകിയിട്ടുള്ള പേഷ്യൻസിന് 'ഭേഷജം' പദ്ധതിയിലൂടെ നൽകുന്നുണ്ട്.

ഹോമിയോപ്പതി വകുപ്പ്

എല്ലാ ജില്ലകളിലും കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി കേന്ദ്ര ആയുഷ് മന്ത്രാലയം ശിപാർശ ചെയ്ത ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം നടത്തിയിട്ടുണ്ട്.

(ബി) പോസ്റ്റ് കോവിഡ് ചികിത്സയ്ക്കുൾപ്പെടെ അലോപ്പതിയേതര മാർഗ്ഗങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പോസ്റ്റ് കോവിഡ് ചികിത്സയ്ക്ക് പുനർജ്ജനി എന്ന ആയുർവ്വേദ ചികിത്സാ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു. കൂടാതെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് കോവിഡ് ട്രീറ്റ്മെന്റിനായി സ്പെഷ്യൽ ഒ.പി. ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) അലോപ്പതിയേതര മേഖലയിലെ ഫലപ്രദമായ ചികിത്സാ സംവിധാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അലോപ്പതിയേതര മേഖലയിലെ ഫലപ്രദമായ ചികിത്സ പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പത്രദൃശ്യ മാധ്യമങ്ങളിലൂടെ പ്രചാരണവും നൽകുന്നുണ്ട്. ഇതിനുപുറമെ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

188 (2112) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനായിരുന്നു നടത്തിപ്പ് ചുമതല. മേൽസൂചിപ്പിച്ച സ്ഥാപനം നിയമാനുസൃതമായ ടെണ്ടർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 33 തസ്തികകൾക്ക് സർക്കാർ രൂപം നൽകി. സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 4149149 കുടുംബങ്ങൾക്ക് മേൽ സൂചിപ്പിച്ച പദ്ധതിയിൽ അംഗത്വം നൽകിയിട്ടുണ്ട്. 186 സർക്കാർ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും 370 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. 5 ലക്ഷം രൂപയാണ് ഒരു വർഷം ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും ചികിത്സ ഇനത്തിൽ നൽകുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിധിയിൽ വരുന്ന 19,51,163 കുടുംബങ്ങളുടെ 100 ശതമാനം ചികിത്സാ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ചികിത്സ ഇനത്തിൽ 138,10,61,182 രൂപ കേന്ദ്ര സർക്കാർ ചെലവഴിച്ചപ്പോൾ 223,07,27,236 രൂപ സംസ്ഥാന സർക്കാരും വഹിക്കുകയുണ്ടായി.

(ബി) നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വമില്ലാത്തവർക്ക് അംഗത്വം നൽകാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; പുതിയതായി അംഗത്വമെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. പുതുതായി അംഗത്വമെടുക്കാനുള്ള നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ്. 2018-2019 വർഷത്തിൽ പുതുക്കിയിട്ടുള്ള ആർ.എസ്.ബി.വൈ. കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കിയോസ്കുകളിൽ സൗജന്യമായി അംഗത്വം എടുക്കുന്നതിനുള്ള സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) അംഗത്വമെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ?

നിശ്ചയിച്ചിട്ടില്ല. നിലവിൽ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്. 2018-2019-ൽ പുതുക്കിയിട്ടുള്ള ആർ.എസ്.ബി.വൈ. കാർഡ് കൈവശമുള്ളവർ, 2011-ലെ കാസ്റ്റ് സെൻസസ് പ്രകാരം Deprived വിഭാഗം ഡി 1, ഡി 2, ഡി 3, ഡി 4, ഡി 5. അതായത് വീടില്ലാത്ത കുടുംബങ്ങൾ, നിരാലംബരായ കുടുംബങ്ങൾ, ശുചീകരണ പ്രവർത്തകർ, പാരമ്പര്യ ഗോത്രവർഗ്ഗക്കാർ, ലീഗലി റിലീസ്ഡ് ബോണ്ട് ലേബർ എന്നിവരാണ്.

(ഡി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ 72 ആശുപത്രികളാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. ഇതിൽ 16 സർക്കാർ ആശുപത്രികളും 56 സ്വകാര്യ ആശുപത്രികളും ഉൾപ്പെടുന്നു. മറ്റ് ജില്ലകളെയപേക്ഷിച്ച് ഏറ്റവും കൂടുതൽ ആശുപത്രികൾ എംപാനൽ ചെയതിട്ടുള്ളത് കോഴിക്കോട് ജില്ലയിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചികിത്സ ലഭ്യമാക്കുന്നത് 25 സ്പെഷ്യാലിറ്റികൾക്ക് കീഴിലായി 1667 പാക്കേജുകളിലായിട്ടാണ്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്.

## കോവിഡ് -19 നേരിടുന്നതിനുള്ള സാധനങ്ങളുടെ ലഭ്യത

189 (2113) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നേരിടുന്നതിനുള്ള പി.പി.ഇ. കിറ്റ്, എൻ 95 മാസ്ക്, വെന്റിലേറ്റർ തുടങ്ങിയവ സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നോയെന്നറിയിക്കാമോ?

കോവിഡ് -19 വ്യാപനം നേരിടുന്നതിനുള്ള പി.പി.ഇ. കിറ്റ്, എൻ 95 മാസ്ക് തുടങ്ങിയവ സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. കൂടാതെ കോവിഡ്-19 വ്യാപനം നേരിടുന്നതിനുള്ള വെന്റിലേറ്റർ കേന്ദ്രഫണ്ടുപയോഗിച്ച് സംസ്ഥാനം സ്വന്തമായി വാങ്ങരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ത്തിനാവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ എത്രയെന്ന് വിലയിരുത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന് 8 ലക്ഷം പി.പി.ഇ. കിറ്റുകളും 10 ലക്ഷം എൻ 95 മാസ്കുകളും ആവശ്യമാണെന്ന് കേന്ദ്രസർക്കാരിനെ 2020 മാർച്ച് മാസത്തിൽ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മേൽസാധനങ്ങൾ കേന്ദ്രം കൃത്യമായി വിതരണം നടത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ?

M/s. HLL LIFE CARE എന്ന സ്ഥാപനം മുഖേന 1,91,298 എണ്ണം പി.പി.ഇ. കിറ്റുകളും 5,20,702 എണ്ണം എൻ 95 മാസ്കുകളും കേന്ദ്ര സർക്കാർ, സംസ്ഥാനത്തിന് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 480 വെന്റിലേറ്ററുകൾ കേന്ദ്ര സഹായമായി സംസ്ഥാനത്തിന് ലഭിച്ചു.

**നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച കേന്ദ്ര സംസ്ഥാനവിഹിതം**

190 (2114) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നാഷണൽ ഹെൽത്ത് മിഷന് അനുവദിച്ച കേന്ദ്ര, സംസ്ഥാന വിഹിതം എത്രയാണ്?

1. 2016-17 എൻ.എച്ച്.എം.-ന് ഇൻഫ്രാസ്ട്രക്ചർ റീ-ഇംബേഴ്സ്മെന്റ് (IM) ഉൾപ്പെടെ അനുവദിച്ച കേന്ദ്ര വിഹിതം 275.32 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം 183.54 കോടി രൂപയാണ്.

2. 2017-18 കേന്ദ്ര വിഹിതം - 496.52 കോടി രൂപ (255.41 കോടി- IM) സംസ്ഥാനവിഹിതം - 266.72 കോടി രൂപ

3. 2018-19 കേന്ദ്ര വിഹിതം - 845.66 കോടി രൂപ (574.6 കോടി- IM) സംസ്ഥാനവിഹിതം - 563.77 കോടി രൂപ

4. 2019-20 കേന്ദ്ര വിഹിതം - 836.28 കോടി രൂപ (430.26 കോടി- IM, 74.21 കോടി രൂപ കോവിഡ് - 60:40 ഗ്രാന്റ്) സംസ്ഥാനവിഹിതം - 557.52 കോടി രൂപ

5. 2020-21 (15-1-2021 വരെ) കേന്ദ്ര വിഹിതം - 662.66 കോടി രൂപ (404.7 കോടി- IM) സംസ്ഥാനവിഹിതം - 441.77 കോടി 100% കോവിഡ് ഗ്രാന്റ് കേന്ദ്ര വിഹിതം - 458.9 കോടി രൂപ

(ബി) ഇതിൽ ഓരോ സാമ്പത്തിക വർഷത്തേയ്ക്കും നാഷണൽ ഹെൽത്ത് മിഷന് കൈമാറിയത് എത്ര തുകയാണ്; ഇനി കൈമാറാനുള്ളത് എത്ര തുകയാണെന്ന് വ്യക്തമാക്കാമോ?

1. 2016-17 റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കിട്ടിയ തുകയായ 83.37 കോടി രൂപ കിഴിച്ച് സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ഉൾപ്പെടെ അനുവദിക്കേണ്ട തുക 375.49 കോടി രൂപയാണ്. ഇതിൽ ആ വർഷത്തെ 280.65 കോടി രൂപയും മുൻവർഷത്തെ 155.79 കോടി രൂപയും ചേർത്ത് 436.44 കോടി രൂപ സംസ്ഥാനം എൻ.എച്ച്.എം.-ന് അനുവദിച്ചു.

2. 2017-18-ൽ ആകെ അനുവദിക്കേണ്ട തുക ( IM കിഴിച്ച്) - 507.83 കോടി രൂപ. കൈമാറിയ തുക – 494.92 കോടി രൂപ (മുൻ വർഷത്തെ തുക – 94.84, തന്നാണ്ടിലെ തുക – 400.08)

3. 2018-19-ൽ ആകെ അനുവദിക്കേണ്ട തുക (IM കിഴിച്ച്) - 834.62 കോടി രൂപ. കൈമാറിയ തുക – 435.34 കോടി രൂപ (മുൻവർഷത്തെ തുക – 107.75, തന്നാണ്ടിലെ തുക – 327.59)

4. 2019-20-ൽ ആകെ അനുവദിക്കേണ്ട തുക (IM കിഴിച്ച്) - 930.84 കോടി രൂപ. കൈമാറിയ തുക – 597.5 കോടി രൂപ (മുൻവർഷത്തെ തുക – 504.79, തന്നാണ്ടിലെ തുക – 92.71)

5. 2020-21 (15-1-2021 വരെ) ആകെ അനുവദിച്ച തുക (IM കിഴിച്ച്) - 666.4 കോടി രൂപ. കൈമാറിയ തുക – 1290.79 കോടി രൂപ (മുൻവർഷത്തെ തുക – 818.58, തന്നാണ്ടിലെ തുക – 472.21) 100% കോവിഡ് ഗ്രാന്റ് കേന്ദ്ര വിഹിതം കൈമാറിയ തുക – 400.56 കോടി രൂപ. ബാക്കി തുക – 58.34 കോടി രൂപ ഇനി സംസ്ഥാനം എൻ.എച്ച്.എം.-ന് കൈമാറാനുള്ള ആകെ തുക 274.32 കോടി രൂപയാണ്.(ഇതിൽ 2019-20-ലെ 21.79 കോടി രൂപയും 2020-21-ലെ 194.19 കോടി രൂപയും കോവിഡ് ഗ്രാന്റായി അനുവദിച്ചതിൽ 58.34 കോടി രൂപയുമാണ്).

**നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ**

191 (2115) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളിൽ ചിലത് തിരികെ വരുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(എ & ബി)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലോകത്തുനിന്നുതന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ട മാരക പകർച്ചവ്യാധിയായ വസൂരിയും ഭാരതത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഗിനിവിര ബാധയും നമ്മുടെ സംസ്ഥാനത്ത് തിരികെ എത്തിയിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. അതുപോലെ പോളിയോ നിർമ്മാർജ്ജനം അന്തിമഘട്ടത്തിലെത്തിയ ഇക്കാലത്ത് മൈൽഡ് പോളിയോ വൈറസ്മൂലമുള്ള പോളിയോ 2000-നുശേഷം കേരളത്തിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും പോളിയോ രോഗം നൈജീരിയ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്നും നിർമ്മാർജ്ജനം ചെയ്തിട്ടില്ലാത്തതിനാൽ പൾസ് പോളിയോ പരിപാടിയും പോളിയോ നിരീക്ഷണവും സംസ്ഥാനത്ത് ഇപ്പോഴും തുടരുന്നു. ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്തിരിക്കുന്ന സുസ്ഥിരവികസന ലക്ഷ്യങ്ങളിലുൾപ്പെടുത്തി മലമ്പനി, മന്തുരോഗം, ക്യാൻസർ, ക്ഷയം, കുഷ്ഠം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ രാജ്യത്തുനിന്നും നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ കേരളത്തിലും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിനുള്ള സംസ്ഥാന/ജില്ലാതല കർമ്മ പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്. ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി ആവശ്യമായ ഫണ്ടും ലഭ്യമാക്കിവരുന്നു. ഇത്തരം രോഗങ്ങളുടെ നിരീക്ഷണം, ചികിത്സ, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി നടത്തിവരുന്നു. ഇതോടൊപ്പമുള്ള പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കു ന്നതിനുമായി 2018-ൽ ആരംഭിച്ച ആരോഗ്യജാഗ്രത കർമ്മപരിപാടിയും തുടർന്ന് ഓരോ വർഷവും സമയബന്ധിതമായും വിജയകരമായും നടത്തി വരുന്നു.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ വനിത-ശിശു വികസന പദ്ധതികൾ

192 (2119) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ വനിത-ശിശു വികസന പദ്ധതികൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അടിസ്ഥാന വികസനത്തിനായി വനിത-ശിശുവികസന വകുപ്പിന്റെ വിവിധ പദ്ധതികളിലായി ആകെ 4,70,000 രൂപ (നാല് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് അനുബന്ധമായിയി ചേർക്കുന്നു.*

(ബി) പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതികൾക്കുമായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വിശദീകരിക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(ബി & സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## തീരദേശ, ഗോത്രവർഗ്ഗ മേഖലകളിലെ ആരോഗ്യ സംരക്ഷണം

193(2120) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും ആരോഗ്യ സ്ഥാപനങ്ങളുടെ വികസന കാര്യങ്ങളിലും ഈ സർക്കാർ പട്ടിക ഗോത്രവർഗ്ഗ മേഖലകൾക്കും തീരദേശ മേഖലകൾക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ?

ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സേവനങ്ങൾ അതത് സ്ഥലത്ത് ലഭ്യമാക്കുന്നതിനായി ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സേവനങ്ങൾ അതത് സ്ഥലത്ത് ലഭ്യമാക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 35 ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റിലും മെഡിക്കൽ ആഫീസർ, നഴ്സിംഗ് സ്റ്റാഫ്, അറ്റന്റർ എന്നിവരുടെ സേവനം ലഭ്യമാണ്. ഫീൽഡ് ലെവലിൽ ട്രൈബൽ പ്രൊമോട്ടേഴ്സ്, ആശമാർ, അങ്കണവാടി വർക്കർമാർ എന്നിവരുടെ സഹായത്തോടെ ഊരിലുള്ള സേവനം ആവശ്യമുള്ളവരെ കണ്ടെത്തി നേരത്തെ നിശ്ചയിച്ച പ്രകാരമുള്ള തീയതിയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിലേക്ക് എത്തിക്കുകയും അവർക്ക് ആവശ്യമായ സേവനം (പ്രതിരോധ കുത്തിവയ്പ്, അയൺ ഫോളിക് ആസിഡ് ഗുളികകൾ, ബ്ലഡ് ഷുഗർ പരിശോധന ഉൾപ്പെടെ) നൽകുന്നു. ട്രൈബൽ മൊബൈൽ യൂണിറ്റുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഗോത്രവർഗ്ഗ മേഖലകളിൽ ഓരോ ഊരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളെ തെരഞ്ഞെടുത്ത് നടപ്പാക്കുന്ന ഊരുമിത്രം പദ്ധതിയുടെ വിശദാംശം നൽകുമോ?

തിരുവനന്തപുരം ജില്ലയിലെ വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിലും, ഓരോ ഊരിൽ നിന്നും ഊരുമിത്രം പദ്ധതിയുടെ ഭാഗമായി ഹാംലെറ്റ് ആശമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സി.എച്ച്.സി വിതുര, പി.എച്ച്.സി. അമ്പൂരി, പി.എച്ച്.സി. ഭരതന്നൂർ, പി.എച്ച്.സി. പാലോട്, പി.എച്ച്.സി. മലയടി, പി.എച്ച്.സി. കുറ്റിച്ചൽ, പി.എച്ച്.സി. പനവൂർ, പി.എച്ച്.സി. പെരിങ്ങമല എന്നീ ആശുപത്രികളിൽ നിന്നും ഊരുമിത്രം പദ്ധതിപ്രകാരം പരിശീലനം ലഭിച്ച ഹാംലെറ്റ് ആശമാർ ആദിവാസി ഊരുകളിൽ ആരോഗ്യ ചികിത്സ ബോധവത്കരണവും നടത്തിവരുന്നു. കൊല്ലം ജില്ലയിൽ ഊര് മിത്രം പദ്ധതി പ്രകാരം 24 പേരെ ആശാപ്രവർത്തകരായി തെരഞ്ഞെടുത്ത് 7 ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ ഇവരെ ആശമാരായി നിയമിക്കുകയും ചെയ്തു. ഇവർ ഗോത്രവർഗ്ഗക്കാർക്ക് ആവശ്യമുള്ള സേവനം നൽകിവരുന്നു. കോട്ടയം ജില്ലയിലെ സി.എച്ച്.സി. എരുമേലി, സി.എച്ച്.സി. ഇടമറുക്, പി.എച്ച്.സി. പൂഞ്ഞാർ, പി.എച്ച്.സി. കോരുത്തോട്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പി.എച്ച്.സി. തലനാട്, പി.എച്ച്.സി. പാറത്തോട് എന്നീ ആരോഗ്യ സ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന 19 ആദിവാസി മേഖലയിൽ നിന്നും 19 ഊരുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ഊരിൽ നിന്നും ഒരാൾ വീതം 19 പേരെ ഹാംലെറ്റ് ആശമാരായി തെരഞ്ഞെടുക്കുകയും ആദ്യഘട്ട പരിശീലനം നവംബർ 2019 നും രണ്ടാംഘട്ട പരിശീലനം ഡിസംബർ 2020-നും പൂർത്തിയാക്കുകയും ചെയ്തു. ഇടുക്കി ജില്ലയിലെ ചിത്തിരപുരം സി.എച്ച്.സി.-യുടെ കീഴിൽ ഇടമലക്കുടി ട്രൈബൽ പഞ്ചായത്തിൽ 14 ആശാ പ്രവർത്തകർക്ക് ഊരുമിത്രം പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലും സമീപമുള്ള രണ്ട് പഞ്ചായത്തുകളിലുമാണ് ഊരുമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓരോ ഊരിലേയും താമസക്കാരായ വിവാഹിതരും ഒരു കുഞ്ഞെങ്കിലുമുള്ള സ്ത്രീകളെയാണ് ആശമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ പരിശീലനം നേടിയ 19 ആശമാർ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഊര്മിത്രം പദ്ധതിയുടെ പ്രോത്സാഹനത്തിനായി വീൽ ചെയർ, സ്റ്റക്ചർ, ബി.പി. അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, തെർമോമീറ്റർ, ഫസ്റ്റ് എയ്ഡ് കിറ്റ്, മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 24 ആശാപ്രവർത്തകരെ തെരഞ്ഞെടുക്കുകയും ഒന്നാംഘട്ട പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. രണ്ടാംഘട്ട പരിശീലനം ഈ മാസം അവസാനം ആരംഭിക്കും. പാലക്കാട് ജില്ലയിൽ പരിശീലനം ലഭിച്ച 37 ആശാപ്രവർത്തകർ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ആശാ പ്രവർത്തകരെ തെരഞ്ഞെടുത്തുവെങ്കിലും കോവിഡ് 19 രോഗവ്യാപനം കാരണം പരിശീലനം നൽകിയിട്ടില്ല. വയനാട് ജില്ലയിൽ 9 പഞ്ചായത്തുകളിലായി 11 ഊര് മിത്രങ്ങളുണ്ട്. ടി ഊരുകളിൽ നിന്നും 226 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് ഒന്നാംഘട്ട പരിശീലനം നടത്തികഴിഞ്ഞു. രണ്ടാംഘട്ട പരിശീലനം നടന്നുവരുന്നു.

(ഡി) തീരദേശ മേഖലയിലെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ 'കെയർ ഓൺ വീൽസ് ' പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തീരദേശ മേഖലയും മലയോര മേഖലയും ഉൾപ്പെടുന്ന ദുർഘട പ്രദേശങ്ങളിൽ ജീവിതശൈലീരോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച സഞ്ചരിക്കുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയാണ് കെയർ ഓൺ വീൽസും കെയർ ഓൺ വേവ്സും. ഈ പദ്ധതി പ്രകാരം വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ജീവിതശൈലീരോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും സഞ്ചരിക്കുന്ന ജീവിതശൈലി യൂണിറ്റുകൾ

ആരംഭിക്കുകയും ജില്ലയിൽ തയ്യാറാക്കുന്ന ക്രമപട്ടികയുടെ അടിസ്ഥാനത്തിൽ പ്രദേശങ്ങൾ സന്ദർശിക്കുകയും അവശ്യ സേവനങ്ങൾ നൽകിവരുകയും ചെയ്യുന്നു. എല്ലാ സാമ്പത്തിക വർഷവും ജീവിതശൈലീരോഗ നിയന്ത്രണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനായി ഫണ്ട് അനുവദിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

194(2125) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ കുടുംബക്ഷേമവകുപ്പിനുകീഴിൽ മങ്കട മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, ഭരണാനുമതി ഉത്തരവ്, തുക, നിലവിലെ പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ:

1. പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ 2017-2018 വർഷത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് 22 ലക്ഷം (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

2. മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 4-9-2018-ലെ സ.ഉ (സാധാ)നമ്പർ 2714/2018/H&FWD, പ്രകാരം അനുവദിച്ച എം.എൽ.എ. ഫണ്ടുപയോഗിച്ച് ഒരു കോടി രൂപയുടെ ഒ.പി ബിൽഡിംഗിന്റെ സെക്കന്റ് ഫ്ലോറിന്റെ വർക്ക് പൂർത്തീകരിച്ച് വരുന്നു. കൂടാതെ, എൽ.എസ്.ജി.ഡി. പ്രോജക്ട് നമ്പർ S0090/20 പ്രകാരം 21,66,466 രൂപയുടെ (ഇരുപത്തിയൊന്ന് ലക്ഷത്തി അറുപത്തി ആറായിരത്തി നാനൂറ്റി അറുപത്തിയാറ് രൂപ മാത്രം) വനിതാ വാർഡ് നിർമ്മാണം പൂർത്തീകരിച്ചു.

3. അങ്ങാടിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രം: എൻ.എച്ച്.എം., എൽ.എസ്.ജി.ഡി. ജനകീയാസൂത്രണ പദ്ധതി എന്നിവ പ്രകാരം 56,00,000 (അൻപത്തിയാറ് ലക്ഷം രൂപ മാത്രം) രൂപയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു.

4. മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രം: മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ. ഫണ്ടിൽനിന്നും 20,00,000, (ഇരുപത് ലക്ഷം രൂപ) എൻ.എച്ച്.എം.-ൽനിന്ന് 16.07 ലക്ഷം, എൽ.എസ്.ജി.ഡി. ഫണ്ടിൽ നിന്നും 32,00,000 (മുപ്പത്തിരണ്ട് ലക്ഷം രൂപ) എന്നീ തുകകൾ ഉപയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തികരിച്ചു.

5. പി.എച്ച്.സി. കുട്ടിലങ്ങാടി DCMPM-13580/2018-L2 dtd. 3-9-2020 23.11 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

6. പി.എച്ച്.സി. പുഴകാട്ടിരി DCMPM-13580/2018-L2 dtd. 3-9-2020 15.09 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

(ബി) 2020-21 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രത്യേകം നൽകാമോ?

2020-21 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയതും, ആരംഭിക്കാൻ പോകുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പി.എച്ച്.സി. കുട്ടിലങ്ങാടി DCMPM-13580/2018-L2 dtd. 3-9-2020 23.11 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ

2. പി.എച്ച്.സി. പുഴകാട്ടിരി DCMPM-13580/2018-L2 dtd.3-9-2020 15.09 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ.

## ആരോഗ്യ സുരക്ഷാ പദ്ധതി

195 (2126) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാവപ്പെട്ട രോഗികൾക്ക് വലിയ ആശ്വാസമായിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി പകരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കീഴിലുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല. പകരം കാരുണ്യ ബെനവലന്റ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സംയോജിപ്പിച്ച് വിപുലീകരിച്ചിട്ടുണ്ട്. മുൻപ് കാരുണ്യ ബെനവലന്റ്

പദ്ധതിയിൽ 365 പാക്കേജുകളിലായി 100-ൽ താഴെ സ്വകാര്യ ആശുപത്രികളിൽനിന്നു മാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പിലേക്ക് കെ.ബി.എഫ്. ലയിപ്പിച്ചപ്പോൾ 186 സർക്കാർ ആശുപത്രികളിൽ നിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽ നിന്നും 370 സ്വകാര്യ ആശുപത്രികളിൽനിന്നും 1667 പാക്കേജുകളിലായി നിലവിൽ സൗജന്യ ചികിത്സ ലഭ്യമാണ്. മുൻപ് അപേക്ഷ നല്കാൻ ലോട്ടറി ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസുകളിൽ നേരിട്ട് ഹാജരായി പേപ്പർ മുഖാന്തിരമാണ് അപേക്ഷാ നടപടികൾ പൂർത്തീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 561 ആശുപത്രികളിലെ കിയോസ്കുകളിൽ വെബ് ബേസ്ഡ് പ്ലാറ്റ് ഫോമിലൂടെ (പേപ്പർ രഹിതം) സേവനം ലഭിക്കുന്നതാണ്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവോടെ ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി നൽകുന്ന സൗജന്യ മരുന്ന്, സാന്ത്വന പരിചരണത്തിനുള്ള ധനസഹായം, അവയവദാതാവിന് നൽകുന്ന ഒരു ലക്ഷം രൂപയുടെ ധനസഹായം, അടിയന്തര ഘട്ടത്തിൽ രോഗി തന്നെ ചെലവഴിക്കുന്ന പണം പിന്നീട് നൽകുന്ന രീതി എന്നീ ആനുകൂല്യങ്ങൾ നഷ്ടമാകുമോ?

ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്കും മറ്റ് അസുഖബാധിതരായിട്ടുള്ള കാരുണ്യ ബെനവലന്റ് പദ്ധതി ഗുണഭോക്താക്കൾക്കും മുൻപ് ലഭിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും നിലവിൽ ലഭ്യമാണ്. മുൻപ് ചില മരുന്നുകൾ ലഭിച്ചിരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.) മുഖേനയായിരുന്നു. ഈ മരുന്നുകളെല്ലാം തന്നെ നിലവിൽ കാസ്പ് എംപാനൽഡ് ആശുപത്രികളിൽനിന്നും ലഭ്യമാണ്. നിലവിൽ കെ.ബി.എഫ്. പദ്ധതി മുഖാന്തിരം നേരിട്ട് ധനസഹായം ലഭ്യമല്ല, പകരം എംപാനൽ ചെയ്തിട്ടുള്ള 561 ആശുപത്രികളിൽ നിന്നും രോഗത്തിനും അവയവമാറ്റത്തിനും ആവശ്യമായ സൗജന്യ ചികിത്സ ലഭ്യമാണ്.

(സി) ക്യാൻസർ, ഹീമോഫീലിയ, ഹൃദ്രോഗം എന്നീ രോഗങ്ങൾ ബാധിച്ചവർക്ക് മുൻപ് കാരുണ്യ പദ്ധതി വഴി ലഭിച്ചിരുന്ന ആനുകൂല്യങ്ങളും നഷ്ടമാകുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജിൽ ഡയാലിസിസ്, ക്യാൻസർ, ഹൃദ്രോഗം എന്നീ ചികിത്സകൾ ലഭ്യമാണ്. ഹീമോഫീലിയ ചികിത്സയ്ക്ക് നാഷണൽ ഹെൽത്ത് മിഷൻ (ആരോഗ്യകേരളം) നടപ്പിലാക്കുന്ന ചികിത്സ പദ്ധതിയായ 'ആശാധാര' നിലവിലുണ്ട്.

(ഡി) സെപ്റ്റംബർ ഒന്ന് മുതൽ കാരുണ്യ പദ്ധതി ഫലത്തിൽ സംസ്ഥാനത്ത് ഇല്ലാതായിട്ടുണ്ടോ; എങ്കിൽ നിലവിലെ ഉത്തരവ് പിൻവലിച്ച് കാരുണ്യ ബെനവലന്റ് പദ്ധതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സെപ്റ്റംബർ ഒന്ന് മുതൽ കാരുണ്യ പദ്ധതി ഫലത്തിൽ സംസ്ഥാനത്ത് ഇല്ലാതായിട്ടില്ല. പകരം കാരുണ്യ ബെനവലന്റ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സംയോജിപ്പിച്ച് വിപുലീകരിച്ചിട്ടുണ്ട്.

## എസ്.എം.എ.പി. പദ്ധതി

196 (2127) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എം.എ.പി.(സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ) പദ്ധതി വഴി ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നതെന്ന് വിശദമാക്കാമോ?

എസ്.എം.എ.പി. (സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ)പദ്ധതി വഴി ധനസഹായം അനുവദിക്കുന്ന രോഗങ്ങളുടെയും അംഗീകൃത ആശുപത്രികളുടെയും ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) ഓരോ രോഗങ്ങൾക്കും എത്ര രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

എസ്.എം.എ.പി. (സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ) പദ്ധതി വഴി ധനസഹായം ലഭിക്കുന്നത് സൊസൈറ്റി അംഗീകൃത സർക്കാർ ആശുപത്രികളിൽ ചികിത്സ നടത്തുന്ന രോഗികൾക്കാണ്. അവയുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.* സൈറ്റിയുടെ അപേക്ഷാ ഫോറത്തിൽ അനുബന്ധത്തിൽ പറഞ്ഞ ആശുപത്രികളിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 വരെ ധനസഹായം അനുവദിക്കുന്നു.

(സി) ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന, 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള നിർദ്ധന രോഗികൾക്കാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദ പുവർ പദ്ധതി മുഖേന സഹായം നൽകുന്നത്. ആയതിന്റെ മാനദണ്ഡങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര രൂപ നൽകിയെന്ന് വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2021 ജനുവരി വരെ ധനസഹായം നൽകിയതിന്റെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## കിരൺ ആരോഗ്യ സർവ്വേ

197 (2128) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിരൺ (കേരള ഇൻഫർമേഷൻ ഓൺ റസിഡൻസ് ആരോഗ്യം നെറ്റ്‌വർക്ക്) എന്ന പേരിൽ ഒരു ആരോഗ്യ സർവ്വേ നടത്തിയിരുന്നോ; അതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നും അത് നിർവ്വഹിക്കപ്പെട്ടത് എപ്രകാരമാണെന്നും അതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ?

കേരള ഇൻഫർമേഷൻ ഓൺ റസിഡൻസ് ആരോഗ്യം നെറ്റ്‌വർക്ക് (KIRAN) എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങളുടെ പ്രാചുര്യത്തെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചുമുള്ള ഒരു പഠനം നടത്തിയിരുന്നു. സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ ദേശീയ ശരാശരിയേക്കാളും ഉയർന്ന തോതിൽ കാണപ്പെടുന്നത് ആശങ്കയോടെയാണ് ആരോഗ്യ വിദഗ്ദർ കാണുന്നത്. ഇവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിലും മറ്റും വന്ന കാതലായ മാറ്റങ്ങളെ തുടർന്ന് ഈ രോഗങ്ങളുടെ പ്രാചുര്യം നാൾക്കുനാൾ വർദ്ധിക്കുന്നതായാണ് കണ്ടുവരുന്നത്. ഇതിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിതശൈലിയെക്കുറിച്ചും ആധികാരികമായ ഒരു സർവ്വേ ഈ രോഗ നിയന്ത്രണത്തിന്റെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അത്യന്താപേക്ഷിതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വന്നു. ഈ ഉദ്ദേശ്യലക്ഷ്യം മുൻനിർത്തിയാണ് കേരളത്തിലെ എല്ലാ പ്രദേശങ്ങളെയും ഉൾകൊള്ളിച്ചുകൊണ്ട് ജനങ്ങളുടെ ഭക്ഷണരീതി, വ്യായാമരീതി, ലഹരിയോടുള്ള ആസക്തി, നിലവിലുള്ള രോഗങ്ങൾ, രോഗങ്ങൾക്ക് സ്വീകരിക്കുന്ന ചികിത്സാ മാനദണ്ഡങ്ങൾ മുതലായവയെക്കുറിച്ച് പത്തു ലക്ഷം പേരുടെ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനായാണ് കിരൺ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി നടപ്പിലാക്കിയത് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എന്ന ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ വിഭാഗമാണ്. ആരോഗ്യ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഫീൽഡ് വിഭാഗം ജീവനക്കാരായ ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. എന്നിവരാണ് ഭവന സന്ദർശനം നടത്തി ഈ സർവ്വേ നടപ്പിലാക്കുന്നത്. ഇതിന്റെ ഡാറ്റാ ശേഖരണം ഇ-ഹെൽത്ത് നൽകിയിട്ടുള്ള ടാബ്ലെറ്റ് കമ്പ്യൂട്ടറിലൂടെയും, ഇതിന്റെ ഡാറ്റാ സംഭരിച്ചിരുന്നത് സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെല്ലിലുമാണ്. സംസ്ഥാനത്ത് നഗരപ്രദേശങ്ങളെയും ഗ്രാമപ്രദേശങ്ങളെയും തീരദേശത്തേയും മലയോര പ്രദേശത്തെയും ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വാർഡുകൾ തെരഞ്ഞെടുത്താണ് ഈ സർവ്വേ നടത്തിയിരുന്നത്. ഇതിന്റെ ഡാറ്റാ അവലോകനം അച്യുതമേനോൻ സെന്റർ സർക്കാരിന് സമർപ്പിക്കുന്നതാണ്. ഇതിന്റെ പരിശീലന പരിപാടികൾ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററാണ് നിർവഹിച്ചിരുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസിയുടെ ഫണ്ടിൽനിന്നും 2,58,30,000(രണ്ടു കോടി അൻപത്തി എട്ടു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ഈ പദ്ധതിക്കായി അച്യുതമേനോൻ സെന്ററിനായി കൈമാറിയിട്ടുണ്ട്. ഈ തുകയിൽ 90 ലക്ഷം രൂപയോളം ഡിസംബർ മാസം വരെ ചെലവഴിച്ചിട്ടുണ്ട്. പരിശീലന പരിപാടികൾക്കായി SHSR ന് 93,83,500 രൂപ കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വേയുടെ വിവരങ്ങൾ തത്സമയം കനേഡിയൻ ഏജൻസിയായ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെർവ്വറിൽ ശേഖരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സർക്കാർ അനുമതി നൽകിയിരുന്നോ; സർക്കാർ അംഗീകാരം ഇല്ലാതെയാണ് അപ്രകാരം സംഭവിച്ചതെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിയമനടപടികൾ വിശദമാക്കാമോ?

കിരൺ സർവ്വേയിലൂടെ ശേഖരിച്ച ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ഇ-ഹെൽത്തിലൂടെ സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സംഭരിച്ചിരുന്നത്. സംസ്ഥാന സർക്കാരിനും അച്യുതമേനോൻ സെന്ററിനുമൊഴികെ

മറ്റാർക്കും ഈ ഡാറ്റാ നൽകുന്നതിന് അനുവാദമുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ 100% ഡാറ്റാ സുരക്ഷിതത്വമുള്ള സംസ്ഥാന ഡാറ്റാ സെല്ലിൽ നിന്നും കനേഡിയൻ ഏജൻസിയായ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെർവറിൽ കൈമാറിയെന്നത് വസ്തുതാവിരുദ്ധമാണ്. ഡാറ്റാ സംഭരണം പൂർത്തിയാകുമ്പോൾ അതിന്റെ വിശകലനം നടത്തുന്നതിന് പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണം തേടുന്നതിന് അച്യുതമേനോൻ സെന്റർ കേന്ദ്ര സർക്കാരിന്റെ ഹെൽത്ത് മിനിസ്റ്റേഴ്സ് സ്ക്രീനിംഗ് കമ്മിറ്റിയുടെ (HMSC)-യുടെ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിരുന്നു. എന്നാൽ ഈ ആവശ്യം നിരാകരിക്കപ്പെട്ടതോടെ ഇതിനുള്ള നീക്കം സ്വഭാവികമായും ഉപേക്ഷിക്കപ്പെട്ടു. ഇതുസംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും നേടിയിട്ടുള്ളതും അതിൽ വിവര ചോർച്ച നടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

198 (2129) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും അനുവദിച്ച തസ്തികകളും പട്ടിക തിരിച്ച് വിശദമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടത്തിയ പ്രവൃത്തികളും അനുവദിച്ച തസ്തികകളും അനുബന്ധമായി ചേർക്കുന്നു*.

## ആർദ്രം പദ്ധതി

199 (2130) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ വഴി സംസ്ഥാനത്തെ ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ സാധിച്ചത്; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി വഴി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതോടെ ഒ.പി. സേവനങ്ങൾ വൈകുന്നേരം 6 മണി വരെയാക്കുകയും, നഴ്സസ് പ്രീ-ചെക്ക്പ്പ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ശ്വാസ്/ആശ്വാസ് ക്ലിനിക്കുകൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാക്കിവരുന്നു. ടി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടികൾ ഘട്ടംഘട്ടമായി നടന്നുവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അവയ്ക്കാവശ്യമായ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുകയും, അതിലൂടെ കൂടുതൽ സൗകര്യങ്ങൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ലഭ്യമാക്കി വരികയും ചെയ്യുന്നു.

(ബി) ജനങ്ങൾക്ക് നൽകുന്ന ആതുരസേവനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ രൂപീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, NCD ക്ലിനിക്കുകൾ, ശ്വാസ്- ആശ്വാസ് ക്ലിനിക്ക് കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഏർപ്പെടുത്തുക വഴി സർക്കാർ മേഖലയിൽ തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നിവ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആർദ്രം പദ്ധതി നടപ്പിലാക്കി നാലുവർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ജനകീയ ആഡിറ്റ് നടത്തുമോയെന്ന് അറിയിക്കാമോ?

മറ്റു സർക്കാർ വകുപ്പിലേതുപോലെ ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും അക്കൗണ്ടന്റ് ജനറൽ കേരളയുടെ വാർഷിക ഓഡിറ്റിന് വിധേയമാണ്.

(ഡി) ഈ പദ്ധതി പ്രകാരം കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആർദ്രം പദ്ധതി പ്രകാരം ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 2721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ആർദ്രം മിഷൻ വഴി പുതുതായി സൃഷ്ടിച്ച ഡോക്ടർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ് II, സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. വഴിയും ഇവയുടെ സ്ഥാനക്കയറ്റ തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്ക്, ലാബ് ടെക്നീഷ്യൻ, ജൂനിയർ സയന്റിഫിക് ആഫീസർ, ഇ.സി.ജി. ടെക്നീഷ്യൻ, റേഡിയോഗ്രാഫർ എന്നീ വിഭാഗം പാരാമെഡിക്കൽ ജീവനക്കാരെ ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിച്ചിരുന്നുവെങ്കിലും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിയമനം പൂർത്തീകരിച്ചിട്ടില്ല. ആർദ്രം പദ്ധതി ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ മാത്രം ഇതുവരെ 3360 തസ്തികകൾ ഈ സർക്കാർ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

200 (2131) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ കീഴിൽ ഭരണാനുമതി നൽകിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ പെരുമൺ എഫ്.എച്ച്.സി.-യുടെ വർക്കുകൾ പൂർണ്ണമാകുകയും അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലാശുപത്രിയിൽ കാത്ത് ലാബ്, ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ, ഡയാലിസിസ് യൂണിറ്റിലെ ബെഡ് സ്ട്രെംഗ്ത് കൂട്ടുകയും സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം എന്നിവ പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. പെരിനാട്, തൃക്കരുവ എന്നീ പി.എച്ച്.സി.-കളുടെ സിവിൽ വർക്കുകൾ പുരോഗമിക്കുന്നു. കിളികൊല്ലൂർ എഫ്.എച്ച്.സി.-യുടെ പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകുകയുണ്ടായി.

**പരിയാരം ഗവ. ആയുർവ്വേദ കോളേജിലെ പുതിയ പി.ജി. കോഴ്സുകൾ**

201(2132) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവ. ആയുർവ്വേദ കോളേജിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നല്കിയിട്ടുള്ളത്; ആകെ എത്ര വിദ്യാർത്ഥികൾക്ക് പി.ജി. കോഴ്സുകൾക്ക് അഡ്മിഷൻ നല്കാൻ കഴിയും; വിശദമാക്കുമോ?

3 പുതിയ പി.ജി കോഴ്സുകൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്. ശല്യതന്ത്ര വിഭാഗം - 6 സീറ്റ്, ശാലാക്യ തന്ത്ര വിഭാഗം - 6 സീറ്റ്, രസശാസ്ത്ര & ഭൈഷ്യജ കല്പന - 7 സീറ്റ്. ഇതിൻ പ്രകാരം ആകെ 19 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയുന്നതാണ്.

(ബി) ഈ വർഷം തന്നെ പുതിയ കോഴ്സുകൾക്ക് അലോട്ട്മെന്റ് നൽകുന്നതിനായി വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ കോഴ്സ്സുകളിലെ സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നതിനായി വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകുന്നതിനും അവസരം നൽകിയിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് നഴ്സ് തസ്തിക

202 (2133) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ എത്ര തസ്തികകളിൽ ഒഴിവുണ്ടെന്നും കോളേജ് തിരിച്ച് അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണത്തിനും കിടക്കകൾക്കും ആനുപാതികമായി സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

രോഗബാധിതരാകുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ തസ്തികകൾ സർക്കാർ സൃഷ്ടിച്ചു വരുന്നുണ്ട്.

## പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ ശാക്തീകരണം

203 (2138) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി 2015-16 ൽ 5.6% ആയിരുന്ന ശിശു മരണനിരക്ക് 2019-20-ൽ 4.4% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതു ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ ഫലമായി ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനത്തെത്താനായിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായിട്ടുണ്ടോ; ഇതിനായി അടിസ്ഥാന സൗകര്യ വിപുലീകരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും, രണ്ടാംഘട്ടത്തിൽ 461 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 43 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും മൂന്നാംഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടൊപ്പം മെച്ചപ്പെട്ട രോഗീസൗഹൃദ സേവനം ലഭ്യമാക്കുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ നടപ്പാക്കിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ അധികമായി നിയമിക്കുകയും, ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കുകയും നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, NCD ക്ലിനിക്കുകൾ, ശ്വാസ്/ആശ്വാസ് ക്ലിനിക്ക് കൂടാതെ ലാബ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇതിനായി എത്ര ജീവനക്കാരെ അധികമായി നിയമിച്ചെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതി പ്രകാരം ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 2721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ആരോഗ്യ വകുപ്പിൽ മൊത്തമായി 3360 തസ്തികകൾ ഈ സർക്കാർ വന്ന ശേഷം പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

204 (2139) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുകയാണ് ഓരോ ആരോഗ്യ കേന്ദ്രത്തിലും വിനിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പി.എച്ച്.സി.-കളായിരുന്ന നെല്ലായ, അടക്കാ പുത്തൂർ എന്നിവയെ എഫ്.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. ആയിരുന്ന ചളവറ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായിരുന്ന വാണിയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളായി ഉയർത്തുന്നതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വിനിയോഗിച്ച തുക |
|---|---|---|
| 1 | പി.എച്ച്.സി. അടയ്ക്കാപുത്തൂർ | 820,000 |
| 2 | പി.എച്ച്.സി. നെല്ലായ | 1,600,000 |
| 3 | പി.എച്ച്.സി. ചളവറ | 1,243,707 |
| 4 | പി.എച്ച്.സി. വാണിയംകുളം | 1,400,000 |
| 5 | പി.എച്ച്.സി. വെള്ളിനേഴി | 1,400,000 |

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിനായി എത്ര അധിക തസ്തികകളാണ് ഓരോ കേന്ദ്രത്തിലും പുതിയതായി സൃഷ്ടിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കിവരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തിവരുന്നു. പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആർദ്രം സ്ഥാപനം പുതുതായി സൃഷ്ടിച്ച തസ്തികകൾ - ഒന്നാം ഘട്ടം എഫ്.എച്ച്.സി. നെല്ലായ അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2 ഫാർമസിസ്റ്റ്-1 ലാബ് ടെക്നീഷ്യൻ-1 എഫ്.എച്ച്.സി. അടക്കാപുത്തൂർ അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2 ഫാർമസിസ്റ്റ്-1 ലാബ് ടെക്നീഷ്യൻ-1. രണ്ടാം ഘട്ടം സി.എച്ച്.സി ചളവറ സ്റ്റാഫ് നഴ്സ്-1 എഫ്.എച്ച്.സി വാണിയംകുളം അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-1 ലാബ് ടെക്നീഷ്യൻ-1 എഫ്.എച്ച്.സി വെള്ളിനേഴി അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-1 എഫ്.എച്ച്.സി. തൃക്കടീരി അസിസ്റ്റന്റ് സർജൻ-1 സ്റ്റാഫ് നഴ്സ്-2.

## ഞാറയ്ക്കൽ സർക്കാർ ആശുപത്രി

205 (2140) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഞാറയ്ക്കൽ സർക്കാർ ആശുപതിയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന ഫീമെയിൽ വാർഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഞാറയ്ക്കൽ താലൂക്കാശുപത്രിയിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള ഫീമെയിൽ വാർഡിന്റെ സ്ട്രക്ചറൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഫ്ലോറിംഗ് ജോലികൾ നടന്നുവരുന്നു. പ്ലാസ്റ്ററിംഗ്, പ്ലംബിംഗ്, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കുവാനുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

2021 ഫെബ്രുവരി അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇടുക്കി ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ കുറവ് പരിഹരിക്കാൻ നടപടി

206(2141) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഇടുക്കി ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ, ജില്ലാശുപത്രി എന്നിവയുടെ ആകെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ 39 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 4 താലൂക്കാശുപത്രികൾ, 2 ജില്ലാ ആശുപത്രികൾ ഉൾപ്പെടെ ആകെ 58 ആശുപത്രികളാണുള്ളത്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലുള്ള ആകെ കിടക്കകളുടെ എണ്ണം എത്ര വീതമാണെന്നും ഓരോ സ്ഥാപനത്തിലും ജോലി ചെയ്യുന്ന നഴ്സുമാരുടെ ആകെ എണ്ണം എത്രവീതമാണെന്നും അറിയിക്കുമോ?

ഇടുക്കി ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിലുള്ള ആകെ കിടക്കകളുടെ എണ്ണം, ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എന്നിവ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രികളിൽ നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതും ഒരു തസ്തിക മാത്രമുള്ളതുമായ ആശുപത്രികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത ആശുപത്രികളിൽ പി.എച്ച്.സി. കല്ലാർ, വട്ടയാർ, പി.എച്ച്.സി മണക്കാട്, പി.എച്ച്.സി ചക്കുപള്ളം, പി.എച്ച്.സി ശാന്തമ്പാറ എന്നീ സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടെ തസ്തിക നിലവിലില്ല. പി.എച്ച്.സി വണ്ണപ്പുറം, പി.എച്ച്.സി കാന്തല്ലൂർ, പി.എച്ച്.സി പൂച്ചപ്ര, പി.എച്ച്.സി. പൂമാല, പി.എച്ച്.സി. ഇടവെട്ടി, പി.എച്ച്.സി. കെ.പി. കോളനി, പി.എച്ച്.സി. മാങ്കുളം, സി.എച്ച്.സി. രാജാക്കാട് എന്നീ സ്ഥാപനങ്ങളിൽ ഒരു സ്റ്റാഫ് നേഴ്സിന്റെ തസ്തിക മാത്രമേയുള്ളൂ.

(ഡി) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര അധിക തസ്തികകൾ സൃഷ്ടിക്കേണ്ടി വരുമെന്നും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിൽ ഇടുക്കി ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) ഇടുക്കി ജില്ലയിൽ നിലവിലുള്ള സ്റ്റാഫ് നഴ്സ് റാങ്ക് പട്ടികയുടെ കാലാവധി തീരുന്നതിനുമുമ്പ് അധിക തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് നഴ്സുമാരുടെ കുറവ് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. ഇതിൽ ഇടുക്കി ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി.-കളുടെ വികസനം

207 (2142) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, മുല്ലശ്ശേരി സി.എച്ച്.സി. -കളുടെ വികസനത്തിനായി വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാടാനപ്പള്ളി, മുല്ലശ്ശേരി എന്നിവിടങ്ങളിൽ നടത്തിയ വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

സാമൂഹികാരോഗ്യകേന്ദ്രം, വാടാനപ്പള്ളി - 2016- 2017 ൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 62,793 രൂപ ചെലവിൽ ഇലക്ട്രോണിക് ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. 2017 - 2018 കാലഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം 3,62,250 രൂപചെലവിൽ ഇൻസിനറേറ്റർ സ്ഥാപിച്ചു. കൂടാതെ ഫിസിയോതെറാപ്പി യൂണിറ്റിനായി 9,82,445 രൂപ ചെലവഴിച്ചു. 46,595 രൂപയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി. 2018- 2019 ൽ ഫാർമസി സ്റ്റോർ, ലാബ് മുതലായവ എ.സി. ആക്കുന്നതിന് 2,92,350 രൂപ ചെലവഴിച്ചു. 2019 - 2020 ൽ അഞ്ച് ലക്ഷം രൂപയുടെ സോളാർ പാനൽ സ്ഥാപിച്ചു. സാമൂഹികാരോഗ്യകേന്ദ്രം, മുല്ലശ്ശേരി 2018-2019-ൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.മുരളി പെരുനെല്ലിയുടെ എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി ഒരേസമയം 50 പേരുടെ രക്തം പരിശോധിക്കാൻ സാധിക്കുന്ന ഫുള്ളി ഓട്ടോ അനലൈസർ സ്ഥാപിച്ചു. കൂടാതെ കറന്റ് പോയാലും ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി 25,59,345 രൂപ ചെലവഴിച്ച് 62.5 KVA ഓട്ടോമാറ്റിക് ജനറേറ്റർ സ്ഥാപിച്ചു. 2019-2020-ൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 25 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സ്റേ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 23 ലക്ഷം രൂപ ചെലവിൽ പുതിയ ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2019-2020 കാലഘട്ടത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചു. 25 ലക്ഷം രൂപ ചെലവിട്ടുകൊണ്ട് വനിതാ വാർഡ് പുതുക്കി പണിതു. ഫാർമസി, കുട്ടികളുടെ കുത്തിവെയ്പ്പ് മുറി എന്നിവ ശീതീകരിച്ചു. കിച്ചൻ പൊളിച്ച് 3,00,000 രൂപ ചെലവിൽ പുതിയത് സ്ഥാപിച്ചു. 24 ലക്ഷം രൂപ ഉപയോഗിച്ച് കുട്ടികളുടെ വാർഡ് പുതിയതായി നിർമ്മിച്ചിട്ടുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലം - ആർദ്രം പദ്ധതി

208 (2143) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

1. ആർദ്രം ആദ്യഘട്ടം പ്രാഥമികാരോഗ്യകേന്ദ്രം, നായരമ്പലം.

2. ആർദ്രം രണ്ടാംഘട്ടം

   1. പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പള്ളി
   2. പ്രാഥമികാരോഗ്യകേന്ദ്രം, മുളവുകാട്
   3. പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം
   4. പ്രാഥമികാരോഗ്യകേന്ദ്രം, എടവനക്കാട്.

3. ആർദ്രം മൂന്നാം ഘട്ടം

   1. പ്രാഥമികാരോഗ്യകേന്ദ്രം, പുതുവൈപ്പ്
   2. പ്രാഥമികാരോഗ്യകേന്ദ്രം, വല്ലാർപാടം
   3. പ്രാഥമികാരോഗ്യകേന്ദ്രം, പിഴല.

(ബി) കുടുംബാരോഗ്യകേന്ദ്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഇനിയും ബാക്കിയുള്ള പി.എച്ച്.സി.-കൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാനുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളൊന്നുംതന്നെ ബാക്കിയില്ല.

(സി) അവ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളൊന്നുംതന്നെ ബാക്കിയില്ല.

## കോതമംഗലം താലൂക്കാശുപത്രിയിലെ ഡോക്ടർ തസ്തിക

209 (2144) ശ്രീ. ആന്റണി ജോൺ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണുള്ളതെന്ന് ഓരോ വിഭാഗം തിരിച്ച് വ്യക്തമാക്കാമോ?

കോതമംഗലം താലൂക്കാശുപത്രിയിലെ ഡോക്ടർ തസ്തികയിലെ വിവരം ചുവടെ ചേർക്കുന്നു:

സൂപ്രണ്ട് - അസിസ്റ്റന്റ് ഡയറക്ടർ - 1

കൺസൾട്ടന്റ് - ഗൈനക്കോളജി - 1

കൺസൾട്ടന്റ് - പീഡിയാട്രിക്സ് - 1

കൺസൾട്ടന്റ് - ജനറൽ മെഡിസിൻ - 1

ജൂനിയർ കൺസൾട്ടന്റ് - ഓർത്തോ -1

ജൂനിയർ കൺസൾട്ടന്റ് - ഇ.എൻ.റ്റി - 2

ജൂനിയർ കൺസൾട്ടന്റ് - പീഡിയാട്രിക്സ് - 1

ജൂനിയർ കൺസൾട്ടന്റ് - ജനറൽ മെഡിസിൻ -1

ജൂനിയർ കൺസൾട്ടന്റ് - അനസ്തേഷ്യ -1

ജൂനിയർ കൺസൾട്ടന്റ് - ഡെർമറ്റോളജി -1

ജൂനിയർ കൺസൾട്ടന്റ് -ഗൈനക്കോളജി - 1

ജൂനിയർ കൺസൾട്ടന്റ് - ഒഫ്ത്താൽമോളജി -1

ജൂനിയർ കൺസൾട്ടന്റ് - ജനറൽ സർജറി -2

കാഷ്വാലിറ്റി - മെഡിക്കൽ ആഫീസർ -4

ഡെന്റൽ അസിസ്റ്റന്റ് സർജൻ -1

(ബി) നിലവിൽ ഏതെങ്കിലും വിഭാഗത്തിൽ ഡോക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പതിനാറിലധികം വരുന്ന ആദിവാസി കോളനികളടക്കം വിപുലവും വിസ്തൃതവുമായ മേഖലയായ കോതമംഗലം താലൂക്ക് ആശുപത്രിയിലെ മുഴവൻ

തസ്തികകളിലും ഡോക്ടർമാരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) നിലവിൽ കൺസൾട്ടന്റ് ജനറൽ മെഡിസിൻ തസ്തികയിൽ ഒരൊഴിവ് ശേഷിക്കുന്നുണ്ട്. ആയത് സ്ഥലംമാറ്റം/പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ**

210 (2146) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് അനുവദിച്ചത്?

ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കുന്നതിനായി 30.07.2020-ൽ 13.62 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

കിഫ്ബിയിൽപ്പെടുത്തി, പദ്ധതി നടപ്പിലാക്കുന്നതിന് എച്ച്.എൽ.എൽ. ഇൻഫ്രാടെക് സർവ്വീസസ് ലിമിറ്റഡിനെയാണ് (HITES) ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ നിർവ്വഹണ പുരോഗതി വിശദീകരിക്കാമോ?

കിഫ്ബിയിൽപ്പെടുത്തി ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് സർക്കാർ 30-7-2020-ൽ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഹൈറ്റ്സ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി 18-12-2020- ന് കിഫ്ബി പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. പദ്ധതിരേഖയുടെ വിശദമായ പരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ച ശേഷമാണ് ടെൻഡർ നടപടികളിലേയ്ക്ക് കടക്കുക. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പദ്ധതി നിർവ്വഹണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ

211 (2147) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന കൊല്ലങ്കോടിനെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായിരുന്ന എലവഞ്ചേരി, മുതലമട, പല്ലശ്ശന, അയിലൂർ, വടവന്നൂർ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായിരുന്ന പുതുനഗരം, നെല്ലിയാമ്പതി എന്നിവയേയും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനമാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ?

എഫ്.എച്ച്.സി. കൊല്ലങ്കോട്, മുതലമട, പല്ലശ്ശന, അയിലൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു.

(സി) ബാക്കിയുള്ളതിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത എലവഞ്ചേരി, വടവന്നൂർ എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത പുതുനഗരം, നെല്ലിയാമ്പതി എന്നീ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ പദ്ധതികൾ**

212 (2148) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയുടെ വികസനം കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കുന്നതിന് 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി 12-10-2020-ന് കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ ഹരിത ചട്ട പ്രകാരം GRIHA 3 star rating ലഭിക്കുന്നതിനാവശ്യമായ അധിക സാമ്പത്തിക അനുമതികൂടി ലഭ്യമാക്കിയശേഷം ടെൻഡർ നടപടികളിലേയ്ക്ക് കടക്കുവാനാണ് കിഫ്ബി നിർദ്ദേശിച്ചിട്ടുള്ളത്. ഇതുപ്രകാരം അധിക സാമ്പത്തിക അനുമതിക്കുള്ള ശിപാർശ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി വരികയാണ്. കിഫ്ബിയിൽപ്പെടുത്തി 22 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 2021 ജനുവരി മുതൽ പൂർണ്ണതോതിൽ നടന്നു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്നും ആകെ എത്ര തുക ഇതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**പെരിങ്ങോം താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം**

213 (2150) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവ്വഹിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവൃത്തിക്കായി നബാർഡിൽ നിന്നും 12 കോടി രൂപ അനുവദിച്ചിരുന്നിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പെരിങ്ങോം താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവൃത്തിക്കായി നബാർഡിൽനിന്നും 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന നടത്തുന്നതിന് 2,86,500 (രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി അഞ്ഞൂറ്) രൂപയുടെ സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തു. തുടർന്ന് 26-6-2020-ൽ മണ്ണ് പരിശോധന പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരികയും ചെയ്യുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിലെ സി.എച്ച്.സി/എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് തസ്തികകൾ

214 (2151) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ സി.എച്ച്.സി., മൂന്നിയൂർ എഫ്. എച്ച്. സി., തേഞ്ഞിപ്പാലം എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ കൂടുതൽ തസ്തികകൾ ആവശ്യമാണെന്ന് ചൂണ്ടിക്കാണിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കണമെന്നും തേഞ്ഞിപ്പാലം കുടുംബാരോഗ്യകേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നിവരെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് ലഭിച്ച നിവേദനം സർക്കാർ പരിശോധിച്ച് വരുന്നു. പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനത്തിന്മേൽ 23-5-2017-ലെ G.O. (Rt) No. 1683/2017/ത.സ്വ.ഭ.വ. എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ താത്ക്കാലിക നിയമനം നടത്തി ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാന്നാർ സി.എച്ച്.സി. കെട്ടിട നിർമ്മാണം

215 (2152) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മാന്നാർ സി.എച്ച്.സി. കെട്ടിട നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ആയതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ & ബി) മാന്നാർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ 3,50,00,000(മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് 'Major Constructions under DHS ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനം

216 (2153) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിന് വേണ്ടി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നവീകരിച്ച പുരുഷൻമാരുടെ വാർഡ്, എം.എസ്. വാർഡ്, ഗൈനക്കോളജി വാർഡ് എന്നിവ 24 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു.
2. 40 ലക്ഷം രൂപ ചെലവിൽ അത്യാധുനിക എം.ഐ.സി.യു. പൂർത്തീകരിച്ചു.
3. 110 ലക്ഷം രൂപ ചെലവിൽ ആർദ്രം പദ്ധതി പ്രകാരം ഒ.പി. നവീകരണം പൂർത്തീകരിച്ചു.
4. 20 ലക്ഷം രൂപ ചെലവിൽ SNCU നിർമ്മാണം പൂർത്തീകരിച്ചു.
5. 40 ലക്ഷം രൂപ ചെലവിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു.
6. 8.6 ലക്ഷം രൂപ ചെലവിൽ സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചു.
7. 13.2 ലക്ഷം രൂപ ചെലവിൽ ഓപ്പറേഷൻ തീയേറ്റർ വെയ്റ്റിംഗ് ഏരിയ നിർമ്മാണം പൂർത്തീകരിച്ചു.

8. 98 ലക്ഷം രൂപ ലക്ഷ്യ പദ്ധതിപ്രകാരം അനുവദിക്കുകയും അതിൽ നിന്നും 46 ലക്ഷം രൂപ ചെലവഴിച്ച് ലാബ് നവീകരിക്കുകയും ചെയ്തു. ബാക്കിയുള്ള 52 ലക്ഷം രൂപയ്ക്ക് ലേബർ റൂമിന്റെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. 15.6 ലക്ഷം രൂപ ചെലവിൽ വാർഡുകളിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സപ്ലൈ പൂർത്തീകരിച്ചു.

10. 149 ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേഷൻ തീയേറ്റർ നിർമ്മാണം അവസാനഘട്ടത്തിലാണ്. 90% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

11. 110 ലക്ഷം രൂപ ചെലവിൽ സ്വീവേജ് ട്രീറ്റ്മെന്റ് നിർമ്മാണം പുരോഗമിക്കുന്നു.

12. ഒഫ്താൽമിക് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് സർജന്റെ നിയമനം**

217 (2154) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജനെ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സർജനെ നിയമിക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

(എ & ബി) ജില്ലയിൽ ഏതെങ്കിലും ഒരു ജില്ല/ജനറൽ ആശുപത്രിയിൽ ഒരു പോലീസ് സർജന്റെ തസ്തികയാണ് ആർദ്രം പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയത് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പോലീസ് സർജന്റെ അഭാവം കാരണം പല പോസ്റ്റ്മോർട്ടവും നടക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോലീസ് സർജൻ തന്നെ കൈകാര്യം ചെയ്യേണ്ടതായ പോസ്റ്റ്മോർട്ടങ്ങൾ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും മറ്റുള്ളവ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തന്നെ നടത്തുകയും ചെയ്യുന്നു.

## കോന്നി നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയുടെ പശ്ചാത്തല വികസനം

218 (2155) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കോന്നി നിയോജക മണ്ഡലത്തിൽ ആരോഗ്യമേഖലയുടെ പശ്ചാത്തല വികസനത്തിന് എത്ര തുക അനുവദിച്ചു; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോന്നി നിയോജകമണ്ഡലത്തിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1. താലൂക്കാസ്ഥാന ആശുപത്രി - കോന്നി കെട്ടിടത്തിന്റെ ഒന്നാം നില വയറിംഗ് - 4 ലക്ഷം ഐ.പി. ബ്ലോക്ക് വയറിംഗ് -3 ലക്ഷം കേന്ദ്രീകൃത ഓക്സിജൻ വിതരണം - 4.8 ലക്ഷം പുതിയ കെട്ടിട നിർമ്മാണം - 7 കോടി ഓഫീസ് മെയിന്റനൻസ് -3.5 ലക്ഷം BLS ആംബുലൻസ് വാങ്ങൽ -20,23,500 രൂപ.

2. പ്രാഥമികാരോഗ്യകേന്ദ്രം- കൊക്കാത്തോട് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ -14 ലക്ഷം കെട്ടിട നിർമ്മാണം -25 ലക്ഷം BLS ആംബുലൻസ് വാങ്ങൽ -10,44,608 രൂപ.

3. സാമൂഹികാരോഗ്യകേന്ദ്രം - ചിറ്റാർ വയോജന വിശ്രമ കേന്ദ്ര നിർമ്മാണം -6 ലക്ഷം കടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ - 14.5 ലക്ഷം പുതിയ കെട്ടിട നിർമ്മാണം - 1.20 കോടി രൂപ.

4. പ്രാഥമികാരോഗ്യ കേന്ദ്രം - കൂടൽ കെട്ടിട നിർമ്മാണം -50 ലക്ഷം BLS ആംബുലൻസ് വാങ്ങൽ -14,29,023 രൂപ

5. കുടുംബാരോഗ്യകേന്ദ്രം - തണ്ണിത്തോട് കെട്ടിട നിർമ്മാണം - 40 ലക്ഷം രൂപ

6. കുടുംബാരോഗ്യ കേന്ദ്രം - മൈലപ്ര കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ - 15 ലക്ഷം രൂപ, BLS ആംബുലൻസ് വാങ്ങൽ 14,29,023 രൂപ

7. പ്രാഥമികാരോഗ്യ കേന്ദ്രം - അങ്ങാമൂഴി BLS ആംബുലൻസ് വാങ്ങൽ - 10,44,608 രൂപ

8. പ്രാഥമികാരോഗ്യ കേന്ദ്രം - പ്രമാടം BLS ആംബുലൻസ് വാങ്ങൽ – 14,29,023 രൂപ

9. പ്രാഥമികാരോഗ്യ കേന്ദ്രം - വള്ളിക്കോട് BLS ആംബുലൻസ് വാങ്ങൽ -14,29,023 രൂപ

10. പ്രാഥമികാരോഗ്യ കേന്ദ്രം - മലയാലപ്പുഴ BLS ആംബുലൻസ് വാങ്ങൽ – 14,29,023 രൂപ.

കൂടാതെ കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള പശ്ചാത്തല വികസനത്തിനായി നാളിതുവരെ 1,18,02,76,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) |
|---|---|
| 2016-17 | 7,50,00,000 |
| 2017-18 | 33,50,00,000 |
| 2018-19 | 39,19,58,000 |
| 2019-20 | 27,63,36,000 |
| 2020-21 | 10,19,82,000 |

## ഹെൽത്ത് കാർഡ്

219 (2156) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ചികിത്സയ്ക്കെത്തുന്നവരുടെ ഹെൽത്ത് കാർഡ് പരിഗണിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഹെൽത്ത് കാർഡ് ഉപയോഗിച്ചുള്ള ചികിത്സാനുകൂല്യങ്ങൾ രോഗിക്ക് ലഭ്യമാകുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരമാണ്. ടി പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ

അല്ലാത്തതിനാൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീചിത്ര അധികാരികളെയും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറെയും ഉൾപ്പെടുത്തി ഈ വിഷയം പരിഹരിക്കുന്നതിന് കൂടിയാലോചന നടത്തിയിട്ടുണ്ട്. പരിഹാര നിർദ്ദേശമായി ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 നിജപ്പെടുത്തി, നിരക്കിൽ വർദ്ധന വരുത്തണമെന്നാണ് ശ്രീചിത്ര ആശുപത്രി അധികാരികൾ മുന്നോട്ടുവച്ച നിർദ്ദേശം. ഇതിൻപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. എന്നാൽ ശ്രീചിത്രയിൽ എത്തുന്ന കാസ്പ് ഗുണഭോക്താവിന് ചികിത്സ മറ്റ് എംപാനൽഡ് ആശുപത്രികളിൽനിന്നും ഉറപ്പ് വരുത്തുന്നുണ്ട്.

## കക്കാട് പി.എച്ച്.സി-.യിൽ ആർദ്രം പദ്ധതി

220 (2158) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി.യിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം 2020 ആഗസ്റ്റ്-3 ന് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. എൻ.എച്ച്.എം. വഴി 15.5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം മുഖേനെ നടത്തിയിട്ടുണ്ട്. നവീകരിച്ച ഒ.പി.ബിൽഡിംഗ്, പുതിയ ലാബ്, രോഗികൾക്കായി വെയ്റ്റിംഗ് ഏരിയ, ടോക്കൺ സിസ്റ്റം, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ആർദ്രം പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ ലാബിലേയ്ക്കായി ലാബ് ടെക്നീഷ്യനെ നിയമിച്ചിട്ടുണ്ട്. ഫാർമസിയുടെ പ്രവർത്തനങ്ങൾക്കായി ഒരു ഫാർമസിസ്റ്റിനെ കാട്ടുകുറ്റി പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്.

## വലിയകുന്ന് താലൂക്കാശുപത്രി വികസന പ്രവർത്തനങ്ങൾ

221 (2159) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ നടന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ നടന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഒ.പി. കെട്ടിടത്തിന് 3.50 ലക്ഷം രൂപ അനുവദിച്ചു. ആയതിന്റെ സിവിൽ വർക്ക് നടന്നുവരുന്നു.

2. 12 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് - 4.08 ലക്ഷം രൂപ അനുവദിച്ചു. 85% നിർമ്മാണ പ്രവർത്തനം പൂർത്തിയായി.

3. ഒഫ്ത്താൽമോളജി തിയേറ്ററിന് 55 ലക്ഷം രൂപ അനുവദിച്ചു. 80% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി.

4. മെറ്റേണിറ്റി ബ്ലോക്കിനായി 340 ലക്ഷം രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ പൂർത്തിയായി. നിർമ്മാണ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ഐ.സി.യു. ബിൽഡിംഗിനായി 75 ലക്ഷം രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ ആരംഭിച്ചു.

6. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും സായി ഗ്രാമവുമായി ചേർന്ന് 4 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റിൽ രണ്ട് ഷിഫ്റ്റുകളിലായി 24 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു.

7. ബഹു. എം.എൽ.എ. ഫണ്ടിൽ നിന്നും 5,85,000 രൂപ ചെലവിൽ ആശുപത്രി കോമ്പൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.

8. 12 ലക്ഷം രൂപ ചെലവിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നവീകരിച്ചു.

9. 15 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സ്റേ സ്ഥാപിച്ചു.

10. മുനിസിപ്പാലിറ്റി ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവിൽ വനിതാ കാന്റീനിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

11. ബഹു. എം.പി.-യുടെ ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയറിനുവേണ്ടി ഒരു ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതികൾ

222 (2160) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബിയിൽ നിന്നും 64.93 കോടി രൂപയുടെ പദ്ധതി അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. താലൂക്കാശുപത്രിയിൽ നടപ്പിലാക്കിയ മറ്റ് പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അനുവദിച്ച തുക എത്ര; നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഓരോ ഘട്ടവും സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ?

കരുനാഗപ്പള്ളി താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിന് കിഫ്ബി യിൽ നിന്നും 64.93 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലുള്ള രണ്ട് നിലയോടുകൂടിയ കെട്ടിടം ആറ് മാസത്തിനകം പൂർത്തിയാക്കത്തക്കവിധമാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഒൻപത് നിലകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം 29 മാസത്തിനകം പൂർത്തീകരിക്കുന്നതിനാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി.-യ്ക്ക് കരാർ നൽകിയിട്ടുള്ളത്.

(സി) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നിലവിലുള്ള 12 കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ രോഗികൾക്കുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ?

നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ പുതുതായി സ്ഥാപിക്കുന്ന രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയായാൽ ഉടൻ പൊളിക്കേണ്ട കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന യൂണിറ്റുകൾ അവിടേയ്ക്ക് മാറ്റി സ്ഥാപിച്ച് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടാമ്പി താലൂക്കാശുപത്രിയിലെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്

223 (2161) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയിലേയ്ക്ക് 2016-17 വർഷം പട്ടാമ്പി മണ്ഡലം ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഇനിയും ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഡിജിറ്റൽ എക്സറേ വാങ്ങാനുള്ള തുക പൊതുമരാമത്ത് വകുപ്പിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുമെന്ന് അറിയിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല. അതിനാൽ ഉപകരണത്തിന് വിതരണ ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല.

(ബി) കെ.എം.എസ്.സി.എൽ. വഴി പർച്ചേസ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഈ യൂണിറ്റ് ലഭിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് അഡ്വാൻസ് തുക നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആസ്തിവികസന ഫണ്ടിൽ നിന്നും അഡ്വാൻസ് തുക നൽകാൻ കഴിയുമോ; നടപടിക്രമങ്ങൾ വിശദമാക്കാമോ?

കെ.എം.എസ്.സി.എൽ. മുഖേനയുള്ള പർച്ചേസിന് മുൻകൂർ തുക നൽകേണ്ടതുണ്ട്. 2016-17 ആസ്തി വികസന പദ്ധതി ഫണ്ടായതിനാൽ ഫിനാൻസ് വകുപ്പിന്റെ പ്രത്യേക ഉത്തരവ് പ്രകാരം കെ.എം.എസ്.സി.എൽ.- ന് മുൻകൂർ തുക അനുവദിക്കേണ്ടതായിവരും. കെ.എം.എസ്.സി.എൽ.-ൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) നോഡൽ സെന്റർ- സി-യ്ക്ക് കെ.എം.എസ്.സി.എൽ.-ലേയ്ക്ക് മുൻകൂർ തുക അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിക്കൊണ്ട് ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ലഭ്യമാക്കേണ്ടതുണ്ട്.

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടാമ്പി താലൂക്കാശുപത്രിയിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും ഡിജിറ്റൽ എക്സ്റേ വാങ്ങാനുള്ള തുക അവിടുത്തെ പി.ഡബ്ല്യൂ.ഡി.യിൽ നിന്നും കെ.എം.എസ്.സി.എൽ.-ന് ലഭിക്കാത്തതിനാൽ ഉപകരണം സ്ഥാപിക്കുവാൻ സാധിച്ചില്ല. എന്നാൽ നിലവിലുള്ള എൻ.എച്ച്.എം. ഫണ്ടിൽനിന്നും ഒരു ഡിജിറ്റൽ എക്സ്റേ പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

224 (2162) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതെന്ന് അറിയിക്കുമോ?

മണലൂർ മണ്ഡലത്തിലെ മണലൂർ, വെങ്കിടങ്ങ്, എളവള്ളി, തൈക്കാട് എന്നീ 4 പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്.

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ലഭ്യമാക്കിവരുന്നു. കൂടാതെ ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ആർദ്രം പദ്ധതി പ്രകാരം നടത്തിവരുന്നു.

(സി) ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

**1. എഫ്.എച്ച്.സി. മണലൂർ**

എൻ.എച്ച്.എം. ഫണ്ട് 13,50,000 രൂപ

എം.എൽ.എ.ഫണ്ട് 7,00,000 രൂപ

ആകെ തുക 20,50,000 രൂപ

**2. എഫ്.എച്ച്.സി. വെങ്കിടങ്ങ്**

എൻ.എച്ച്.എം. ഫണ്ട് 13,98,500 രൂപ

എം.എൽ.എ. ഫണ്ട് 6,00,000 രൂപ

ജില്ലാ പഞ്ചായത്ത് ഫണ്ട് 10,00,000 രൂപ

ഗ്രാമ പഞ്ചായത്ത് ഫണ്ട് 4,00,000 രൂപ

ആകെ തുക 33,98,500 രൂപ

**3. എഫ്.എച്ച്.സി. എളവള്ളി**

എൻ.എച്ച്.എം. ഫണ്ട് 15,50,000 രൂപ

എം.എൽ.എ. ഫണ്ട് 24,50,000 രൂപ

ആകെ തുക 40,00,000 രൂപ

**4. എഫ്.എച്ച്.സി.തൈക്കാട്**

എൻ.എച്ച്.എം.ഫണ്ട് 14,00,000 രൂപ

എൽ.എസ്.ജി.ഡി (ഗുരുവായൂർ മുനിസിപ്പാലിറ്റി) 30,00,000 രൂപ

ഇലക്ട്രിഫിക്കേഷൻ (ഗുരുവായൂർ മുനിസിപ്പാലിറ്റി) 5,00,000 രൂപ

ആകെ തുക 49,00,000 രൂപ.

(ഡി) ഇതിൽ ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നടപ്പാക്കിയ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

എഫ്.എച്ച്.സി. മണലൂർ - രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, ഫാർമസി സ്റ്റോർ നവീകരണം ശ്വാസ്, ആശ്വാസ് ക്ലിനിക്ക്, പ്രവേശന കവാടം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

എഫ്.എച്ച്.സി. വെങ്കിടങ്ങ് - രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, ഫാർമസി സ്റ്റോർ, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, റാംപ്, പ്രവേശന കവാടം എന്നിവ നവീകരിച്ചു. ആശുപത്രി കെട്ടിടത്തിന്റെ മുകളിൽ കോൺഫറൻസ് ഹാൾ ക്രമീകരിച്ചിട്ടുണ്ട്.

എഫ്.എച്ച്.സി. എളവള്ളി - രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, നഴ്സസ് സ്റ്റേഷൻ, റാംപ് നിർമ്മാണം മറ്റ് അറ്റകുറ്റപ്പണികൾ നടപ്പിലാക്കി.

എഫ്.എച്ച്.സി. തൈക്കാട് - നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗം ട്രസ്സ് വർക്ക് ചെയ്ത് ഓഫീസും പൊതുജനാരോഗ്യ വിഭാഗവും മുകളിലേയ്ക്ക് മാറ്റി. പഴയ കെട്ടിടത്തിന്റെ മുൻവശത്തോട് ചേർന്ന് പുതിയൊരു കെട്ടിടം നിർമ്മിക്കുകയും രോഗികളുടെ കാത്തിരിപ്പുകേന്ദ്രം, മരുന്ന് വിതരണത്തിനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു.

## ദന്തൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക

225 (2164) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദന്തൽ സർജ്ജൻമാരില്ലാത്ത താലൂക്കാശുപത്രികളിലും ബ്ലോക്ക്തല സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ദന്തൽ വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഹെൽത്ത് ഇൻസ്പെക്ടർ ഒഴിവുകൾ നികത്തുവാൻ നടപടി

226 (2165) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പ്

| ക്രമ നമ്പർ | ജില്ല | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ഒഴിവുകളുടെ എണ്ണം | ജെ.എച്ച്.ഐ ഗ്രേഡ് I ഒഴിവുകളുടെ എണ്ണം | ജെ.എച്ച്.ഐ ഗ്രേഡ് II ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 2 | 1 | 6 |
| 2 | കൊല്ലം | 1 | - | 50 |
| 3 | പത്തനംതിട്ട | 1 | 4 | 7 |
| 4 | ആലപ്പുഴ | - | - | 5 |
| 5 | കോട്ടയം | 1 | - | 5 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | എറണാകുളം | 2 | - | 14 |
| 7 | ഇടുക്കി | - | - | 9 |
| 8 | തൃശ്ശൂർ | - | 2 | 34 |
| 9 | മലപ്പുറം | 3 | - | 27 |
| 10 | പാലക്കാട് | 2 | - | 7 |
| 11 | കോഴിക്കോട് | 2 | 1 | 33 |
| 12 | വയനാട് | 3 | - | 5 |
| 13 | കണ്ണൂർ | 4 | - | 6 |
| 14 | കാസർഗോഡ് | 4 | - | 14 |
| ആകെ | | 25 | 8 | 222 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I & II

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അനുവദിക്കപ്പെട്ട തസ്തിക | നിലവിലുള്ള എണ്ണം | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 4 | 2 | 2 | |
| 2 | സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 3 | 1 | 2 | |
| 3 | സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 3 | 0 | 3 | |
| 4 | സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 1 | 0 | 1 | |
| 5 | സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | 6 | 2 | 3 | 22-2-2012-ലെ സ.ഉ (സാധ) നമ്പർ 475/ 2012/ആ.ക.വ ഉത്തരവ് |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരം ഒരു ഹെൽത്ത് ഇൻസ്പെക്ടറെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് നിയമിച്ചിട്ടുണ്ട്. |
| 6 | സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ് | 1 | 0 | 1 | പുതിയതായി സൃഷ്ടിച്ച തസ്തിക |
| 7 | സർക്കാർ മെഡിക്കൽ കോളേജ്,, കോന്നി | 1 | 0 | 1 | പുതിയതായി സൃഷ്ടിച്ച തസ്തിക |
| | Total | 19 | 5 | 13 | 22-2-2012-ലെ സ.ഉ (സാധാ) നം. 475/ 2012/ ആ.കു.വ ഉത്തരവ് പ്രകാരം ഒരു ഹെൽത്ത് ഇൻസ്പെക്ടറെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് നിയമിച്ചിട്ടുണ്ട് |

7-1-2021-ൽ ഹെൽത്ത് എഡ്യൂക്കേറ്റർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് മുഖേന ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ ഒരൊഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തുന്നതിനും, പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ തസ്തികകളായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നീ തസ്തികകളിലെ ഒഴിവുകൾ

പ്രൊമോഷൻ മുഖേന നികത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ കോവിഡ് -19- ന്റെ സവിശേഷ സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ അഡ്ഹോക്ക് മുഖേന താൽക്കാലികമായി നികത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ നിയമനം 28-11-2019-ലെ സ.ഉ.180/2019/ആ.കു.വ പ്രകാരം സംസ്ഥാനതലമാക്കിയതിനാൽ, നേരത്തെ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളും സംസ്ഥാനതലമായി റിപ്പോർട്ട് ചെയ്യാൻ പി.എസ്.സി. അറിയിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പുരോഗമിച്ചു വരുന്നു.

## ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക

227 (2166) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഫാർമസിസ്റ്റ് തസ്തികകൂടി ഉൾപ്പെടുത്തി ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക ഉൾപ്പെടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) എറണാകുളം ജില്ലയിൽ നിലവിലുള്ളതും ജൂൺ 2021-ൽ കാലാവധി അവസാനിക്കുന്നതുമായ ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

2021 ജൂണിൽ കാലാവധി തീരുന്ന എറണാകുളം ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത കാലയളവിൽ ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം നിയമനം നടത്തുന്നതാണ്.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ശിശുരോഗ വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കാൻ നടപടി

228 (2167) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ നിലവിലുള്ള ശിശുരോഗവിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിൽ നേരിടുന്ന വൈഷമ്യം വിശദമാക്കുമോ?

ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ നിലവിലുള്ള ശിശുരോഗ വിദഗ്ധൻ ഡി.എം. കാർഡിയോളജിയിൽ ഉപരിപഠനം നേടിയ ആളായതിനാൽ ടിയാന്റെ സേവനം പൂർണ്ണമായും ലഭ്യമാക്കുന്നതിനായി കാർഡിയോളജി സൗകര്യം നിലവിലുള്ള കൊല്ലം ജില്ലാശുപത്രിയിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിരിക്കുകയാണ്.

(ബി) ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറിപ്പോയ ശിശുരോഗവിദഗ്ധന് പകരം മറ്റൊരാളെ നിയമിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് വിശദമാക്കുമോ?

സമാന തസ്തികയിലുള്ള ഡോക്ടർമാർ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ നിരാക്ഷേപപത്രം ഉൾപ്പെടുത്തിയ അപേക്ഷ ഉചിതമാർഗ്ഗേന സമർപ്പിക്കുന്ന മുറയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകാൻ കഴിയുമോ എന്നത് പരിശോധിക്കാവുന്നതാണ്.

## ആരോഗ്യ വകുപ്പിലെ പുതിയ തസ്തികകൾ

229 (2168) ശ്രീ എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 3360 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടത് വഴി പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സർക്കാരിന് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പുതിയതായി 3360 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്, ഇതിനായി 161,83,14,360 രൂപ (നൂറ്റി അറുപത്തി ഒന്ന് കോടി എൺപത്തി മൂന്ന് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) പ്രതിവർഷം ചെലവാകുന്നു.

(സി) ഇതിൽ എത്ര തസ്തികയിൽ റാങ്ക് ലിസ്റ്റായിട്ടുണ്ടെന്നും അവയിൽ എത്ര നിയമനം ഇതുവരെ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൃഷ്ടിച്ച തസ്തികകളിൽ ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1, ജൂനിയർ സയന്റിഫിക് ആഫീസർ, റേഡിയോഗ്രാഫർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകളിൽ നിയമനം പൂർത്തിയായിട്ടുണ്ട്. ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ 32 എണ്ണത്തിൽ നിയമനം പൂർത്തിയായിട്ടുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിയമനം പൂർത്തിയായിട്ടില്ല. ഡയാലിസിസ് ടെക്നീഷ്യൻ, എക്സ്റേ അറ്റൻഡർ, മോർച്ചറി ടെക്നീഷ്യൻ, മോർച്ചറി അറ്റൻഡന്റ്, മെഡിക്കൽ റിക്കോർഡ് അറ്റൻഡന്റ് എന്നീ തസ്തികകളുടെ നിയമനരീതി, യോഗ്യത എന്നിവ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ആയതിനാൽ ടി തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ലാ സെക്രട്ടറി ആന്റ് ട്രഷറർ-1, ജൂനിയർ സൂപ്രണ്ട്-1, സീനിയർ ക്ലാർക്ക് -4, ലോവർ ഡിവിഷൻ ക്ലാർക്ക് -4, ഹെഡ് ക്ലാർക്ക് -1, ക്ലാർക്ക് ടൈപ്പിസ്റ്റ് -1, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്-II-18 എന്നീ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഫിസിയോ തെറാപ്പിസ്റ്റ്, ഡ്രൈവർ ഗ്രേഡ് -II എന്നീ തസ്തികയിൽ നിലവിൽ റാങ്ക് ലിസ്റ്റില്ലാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. കോവിഡ് 19-ന്റെ സാഹചര്യത്തിൽ ടി തസ്തികകളിൽ എംപ്ലോയ്മെന്റ് മുഖാന്തിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1, ഗ്രേഡ് -II, ഹെഡ് നഴ്സ്, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകളിൽ പ്രൊമോഷൻ മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, ഫാർമസിസ്റ്റ് ഗ്രേഡ് -II എന്നീ തസ്തികകളിലെ ഒഴിവുകൾ നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ആഫീസർമാർ അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള ഒഴിവുകൾ മാറ്റി വച്ചതിനുശേഷം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ് ട്യൂട്ടർ തസ്തിക 19 എണ്ണം സൃഷ്ടിച്ചതിൽ 5 എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിൽ നിയമനം നടത്തുകയും ചെയ്തു. 14 എണ്ണം ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തി ഒഴിവ് നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ റാങ്ക് ലിസ്റ്റ് കരട് പട്ടിക തയ്യാറായിട്ടുണ്ട്. മെയിൻ പട്ടിക നിലവിൽ വരുന്നതനുസരിച്ചായിരിക്കും നിയമനത്തിനുള്ള നടപടി സ്വീകരിക്കുന്നത്.

## പാലക്കാട് ജില്ലയിലെ ലാബ് ടെകനീഷ്യൻ നിയമനം

230 (2169) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ആരോഗ്യ വകുപ്പിൽ പാലക്കാട് ജില്ലയിലെ ലാബ് ടെക്നീഷ്യൻ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ലാബ് ടെക്നീഷ്യൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ആകെ 24 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്?

പാലക്കാട് ജില്ലയിൽ അനുവദിക്കപ്പെട്ട ലാബ് ടെക്നീഷ്യൻ തസ്തികയിൽ ആരെയും താൽക്കാലികമായി നിയമിച്ചിട്ടില്ല.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലികമായി ലാബ് ടെക്നീഷ്യൻമാരെ നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലികമായി ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 24 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളിലെ ബയോ കെമിസ്ട്രി ലാബ് ഫീ

231 (2170) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ വരുന്ന രോഗികളിൽനിന്നും ബയോ കെമിസ്ട്രി ലാബ് ഫീ ഈടാക്കുന്നുണ്ടോ; ഏതെല്ലാം ടെസ്റ്റിനാണ് ഫീസ് ഈടാക്കുന്നത്; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ?

ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ വരുന്ന രോഗികളിൽനിന്നും ബയോകെമിസ്ട്രി ലാബ് പരിശോധനയ്ക്ക് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രികളിൽ ഫീസ് ഈടാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ലാബിൽ നടത്തുന്ന ബയോകെമിസ്ട്രി പരിശോധനയ്ക്ക് ഫീസ് ഈടാക്കുന്നുണ്ട്. ആലപ്പുഴ, കണ്ണൂർ, കൊല്ലം, മഞ്ചേരി, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ബയോകെമിസ്ട്രി ലാബ് പരിശോധനയ്ക്ക് എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികളിൽനിന്നും ഫീസ് ഈടാക്കുന്നുണ്ട്. RFT, LFT, Lipid Profie, Calcium, Phosphorous, Blood Sugar, T3, T4, TSH, HbA1C, CRP, Troponin, Uric acid, Hormone Assay എന്നീ പരിശോധനകൾക്കാണ് ഫീസ് ഈടാക്കുന്നത്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ട്.

(ബി) ബയോ കെമിസ്ട്രി ലാബിലേയ്ക്ക് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാരാണോ റീ ഏജന്റ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് മെഡിക്കൽ കോളേജുകളിലെ ബയോകെമിസ്ട്രി ലാബുകളിലേയ്ക്കാവശ്യമുള്ള റീ ഏജന്റ് വാങ്ങി നൽകുന്നത്. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഫണ്ട് ഉപയോഗിച്ച് ആശുപത്രികളിൽ ബയോകെമിസ്ട്രി ലാബുകളിലേയ്ക്കാവശ്യമുള്ള റീ ഏജന്റ് വാങ്ങി നൽകാറുണ്ട്.

(സി) സൗജന്യ രോഗികൾക്കല്ലാതെ മറ്റുള്ളവരിൽനിന്നും ലാബ് ഫീ ഈടാക്കുന്നത് സർക്കാർ നിശ്ചയിച്ച് നൽകിയ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്?

മെഡിക്കൽ കോളേജാശുപത്രികളിൽ ബി.പി.എൽ. അല്ലാത്ത രോഗികളിൽനിന്നും 8-2-1994 -ലെ സ.ഉ (പി) നം.27/1994/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്കിലും തുടർന്ന് ഫീ പരിഷ്കരിച്ചുകൊണ്ടുള്ള 8-3-2019-ലെ സ.ഉ(പി)നം. 28/2019/ധന, 17-3-2018-ലെ സ.ഉ(പി) നമ്പർ 44/2018/ധന ഉത്തരവുകൾ അനുസരിച്ചുമാണ് ഫീസ് ഈടാക്കുന്നത്. കണ്ണൂർ മെഡിക്കൽ കോളേജിൽ 24-9-2019-ലെ സ.ഉ. (സാധാ) നമ്പർ 2289/2019/ആ.കു.വ പ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിലാണ് ലാബ് പരിശോധനകളുടെ ഫീസ് ഈടാക്കുന്നത്.

(ഡി) ലാബുകളിലേയ്ക്ക് സർക്കാർ റീ ഏജന്റ് വാങ്ങി നൽകാറുണ്ടോ; ലാബ് ഫീ ആയി വാങ്ങുന്ന തുക ആർക്കാണ് അടയ്ക്കുന്നത്; തുക അടയ്ക്കുന്ന രീതി വ്യക്തമാക്കാമോ; ഈ തുക എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കാമോ?

സർക്കാർ ഫണ്ട് ഉപയോഗിച്ച് ആവശ്യമായ റീ ഏജന്റ് ലാബുകൾക്ക് വാങ്ങി നൽകുന്നുണ്ട്. ലാബ് ഫീ ഇനത്തിൽ ഈടാക്കുന്ന തുക ഇതിനായി സജ്ജീകരിച്ചിട്ടുള്ള കൗണ്ടറുകളിലൂടെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ രസീത് മുഖേന വാങ്ങി ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്യുന്നത്. ഈ തുക ആശുപത്രിയുടെ മൊത്തത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും, ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും റീ ഏജന്റുകൾ വാങ്ങി നൽകുന്നതിനും ഉപയോഗിച്ചുവരുന്നു.

**ഭക്ഷണ പദാർത്ഥങ്ങളിലെ മായം**

232 (2171) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ, മത്സ്യം ഉൾപ്പെടെയുള്ളവയിൽ ചേർക്കുന്നതിനുമെതിരെ സംസ്ഥാനത്ത് സ്വീകരിക്കപ്പെടുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന

ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ "ഓപ്പറേഷൻ സാഗർറാണി" വിജയകരമായി നടപ്പിലാക്കിവരുന്നു. "ഓപ്പറേഷൻ പനേല" എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2020-ൽ സംസ്ഥാനത്തൊട്ടാകെ നടത്തിയ 33655 പരിശോധനകളിൽ ശേഖരിച്ച ഭക്ഷ്യ സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 265 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ അഡ്ജ്യൂഡിക്കേഷൻ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 252 ഭക്ഷ്യസാമ്പിളുകൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് റിപ്പോർട്ട് ലഭിച്ചതിനാൽ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇവയിൽ 42 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 13,56,000 രൂപ പിഴ ചുമത്തിയിട്ടുണ്ട്. കൂടാതെ ഒരു പ്രോസിക്യൂഷൻ കേസ് തീർപ്പാവുകയും 3,50,000 രൂപ പിഴയും കോടതി പിരിയും വരെയുള്ള തടവും വിധിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ ഇതുസംബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ കാശ്മീരി ചില്ലി പൗഡറിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല.

(സി) അതിൽ ശിക്ഷാനടപടികൾ എടുത്തിട്ടുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിൽ 2020 കാലയളവിൽ കാശ്മീരി ചില്ലി പൗഡറിൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ ഒരു പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് തീർപ്പായിട്ടില്ല.

## കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം

233(2172) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിൽ ഗുണനിലവാരമില്ലാത്തവയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

2019, 2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 3 അനലിറ്റിക്കൽ ലാബുകളും 8 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലുള്ള കുടിവെള്ള സാമ്പിളുകളിലെ കെമിക്കൽ, ബാക്ടീരിയോളജിക്കൽ പരിശോധനകൾ ടി ലാബിൽ നടത്തിവരുന്നു. സംസ്ഥാനത്ത് ലഭ്യമാകുന്ന മുഴുവൻ കുടിവെള്ള ബ്രാൻഡുകളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിവരുന്നുണ്ട്. അപ്രകാരം 2019, 2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 14 ബ്രാൻഡുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 6 ബ്രാൻഡുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഒരു ബ്രാൻഡിനെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുപ്പിവെള്ളത്തിന് ഏകീകൃതമായ ന്യായവില നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

17-3-2020-ലെ സ.ഉ. (അച്ചടി) നമ്പർ 5/2020/ഭ.പൊ.വി.വ (എസ്. ആർ. ഒ. നമ്പർ 237/2020) പ്രകാരം ഭക്ഷ്യ പൊതുവിതരണ വകുപ്പ് കേരള അവശ്യ സാധന നിയന്ത്രണ ആക്ട് പ്രകാരം ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 13 രൂപ വില നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലം-ആർദ്രം പദ്ധതി**

234(2173) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ദേവികുളം നിയോജകമണ്ഡലത്തിലെ പത്ത് സ്ഥാപനങ്ങളെ ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളതാണ്. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആർദ്രം ഒന്നാംഘട്ടം വട്ടവട പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതും അതിന്റെ ഭാഗമായിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഡോക്ടർ-1, സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതുമാണ്. ആർദ്രം രണ്ടാം പദ്ധതി - ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പി.എച്ച്.സി. ചിന്നക്കനാൽ, പി.എച്ച്.സി. ബൈസൺവാലി, സി.എച്ച്.സി. ദേവികുളം, പി.എച്ച്.സി. വെള്ളത്തൂവൽ, പി.എച്ച്.സി. ദേവിയാർ കോളനി എന്നീ സ്ഥാപനങ്ങളെ എഫ്.എച്ച്.സി. ആയി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളതും ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതുമാണ്.

| സ്ഥാപനം | തസ്തികകൾ |
|---|---|
| പി.എച്ച്.സി. ചിന്നക്കനാൽ | ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 |
| പി.എച്ച്.സി. ബൈസൺവാലി | ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1 |
| സി.എച്ച്.സി. ദേവികുളം | സ്റ്റാഫ് നഴ്സ്-1 |
| പി.എച്ച്.സി. വെള്ളത്തൂവൽ | ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 |
| പി.എച്ച്.സി. ദേവിയാർ കോളനി | ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 |

പി.എച്ച്.സി. ചിന്നക്കനാൽ, പി.എച്ച്.സി. ബൈസൺവാലി, പി.എച്ച്.സി. ദേവിയാർ കോളനി എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പി.എച്ച്.സി. വെള്ളത്തുവലിൽ സ്ഥലപരിമിതിയുള്ളതിനാൽ എഫ്.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. സി.എച്ച്.സി. ദേവികുളം എഫ്.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള ഡി.പി.ആർ. ദേവികുളം എച്ച്.എം.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനായി എൻ.എച്ച്.എം. സമർപ്പിച്ചിട്ടുള്ളതാണ്. ആർദ്രം മൂന്നാംഘട്ടം പി.എച്ച്.സി. മാങ്കുളം, പി.എച്ച്.സി. കാന്തല്ലൂർ, പി.എച്ച്.സി. കല്ലാർ വട്ടിയാർ, പി.എച്ച്.സി. ഇടമലക്കുടി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി അടിമാലി താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് O&G-1, ഫാർമസിസ്റ്റ്ഗ്രേഡ്-II-1, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്II-1, ഡെന്റൽ മെക്കാനിക്ക് ഗ്രേഡ്II -1, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-4, ലാബ് ടെക്നീഷ്യൻ ഗ്രേഡ്II-2 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവർത്തനം | പുരോഗതി |
|---|---|---|
| 1. | പി.എച്ച്.സി. വട്ടവടയെ എഫ്.എച്ച്.സി. ആയി ഉയർത്തുന്നത് | പ്രവർത്തനം പൂർത്തീകരിച്ച് എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട് |
| 2. | പി.എച്ച്.സി ചിന്നക്കനാൽ എഫ്.എച്ച്.സി. ആയി ഉയർത്തുന്നത്. | ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 3. | പി.എച്ച്.സി. ബൈസൺ വാലി എഫ്.എച്ച്.സി യായി ഉയർത്തുന്നത് | ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 4. | സി.എച്ച്.സി. ദേവികുളം | എഫ്.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള ഡി.പി.ആർ. ദേവികുളം എച്ച്.എം.സി.- യുടെ അംഗീകാരത്തിനായി എൻ.എച്ച്.എം. സമർപ്പിച്ചിട്ടുണ്ട് |
| 5. | പി.എച്ച്.സി. വെള്ളത്തുവൽ | സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| 6. | പി.എച്ച്.സി. ദേവിയാർകോളനി | പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു |

## കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനം

235(2174) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ 20% തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ 40 ലക്ഷം രൂപയുടെ വർക്കുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുകൊണ്ടിരിക്കുന്നു.

(ബി) ബഡ്ജറ്റിൽ നീക്കിവച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഒരു കോടി അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ടി ഫയലിന്റെ വിശദാംശം നൽകുമോ?

ലഭിച്ചിട്ടില്ല.

## അവയവദാനം

236 (2175) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട് നിലവിലെ നിയമങ്ങൾ കാറ്റിൽ പറത്തി അനധികൃത അവയവ കച്ചവടം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയവദാനവുമായി ബന്ധപ്പെട്ട് നിലവിൽ വന്ന 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്ടിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടാണ് ഇത്തരം ഇടപാടുകൾ നടത്തുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994-ൽ ലോകസഭ പാസ്സാക്കിയ മനുഷ്യാവയവ കൈമാറ്റ നിയമം (Transplantation of Human Organs Act) അടിസ്ഥാനമാക്കിയാണ് കേരളത്തിൽ അവയവദാന പ്രക്രിയകൾ നടക്കുന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബന്ധുവേതര അവയവമാറ്റത്തിന് അംഗീകാരം നൽകുന്നതിനായി സംസ്ഥാനത്തെ 3 സോണുകളിലായി തിരിച്ച് ഓതറൈസേഷൻ കമ്മിറ്റികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അവയവ മാറ്റത്തിൽ യാതൊരുവിധ കച്ചവടവും ക്രയവിക്രയവും നടന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തുകയാണ് ഈ കമ്മിറ്റിയുടെ ലക്ഷ്യം. ഈ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷമാണ് ബന്ധുവേതര അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നത്.

അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകളെത്തുടർന്ന് അവയവം ആവശ്യപ്പെട്ടുകൊണ്ടുള്ള പരസ്യം പത്രമാധ്യമങ്ങളിൽ നൽകുന്നത് സർക്കാർ വിലക്കിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി അവയവ കച്ചവടം സംസ്ഥാനത്തു നിന്നും തുടച്ചുനീക്കുകയെന്ന ലക്ഷ്യത്തോടെ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ശസ്ത്രക്രിയകൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ രൂപം നൽകിയ മൃതസഞ്ജീവനി പദ്ധതി അട്ടിമറിക്കുംവിധമുള്ള അനധികൃത വ്യാപകമാണെന്ന പരാതികൾ നേരത്തെ ഉയർന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ച് അന്വേഷണം ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

അവയവ കച്ചവടത്തെക്കുറിച്ചുള്ള വാർത്തകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ വന്നിട്ടുള്ളത് ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ഏതെങ്കിലും രീതിയിലുള്ള കച്ചവടം നടന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചുള്ള അന്വേഷണം ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്.

## ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

237 (2176) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ കുറവുമൂലം ബുദ്ധിമുട്ടുന്ന കൗൺസിലിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിനായി നിലവിലെ തസ്തികകൾക്ക് പുറമെ 4-10-2020-ലെ സ.ഉ.(കൈ)നമ്പർ 130/2020/ആ.കു.വ. ഉത്തരവ് പ്രകാരം പത്ത് അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. 20-01-2020 മുതൽ കൗൺസിലിന്റെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്.

(ബി) 2019-ൽ കൗൺസിലിൽ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര എണ്ണം തീർപ്പാക്കി; നിരസിച്ചത് എത്ര ; വിശദമാക്കുമോ?

2019-ലെ വിവിധ ചികിത്സാവിഭാഗങ്ങൾക്കായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

| Sl. No. | System of Medicine | Total No. of Application | No. of Registration Granted | No.of Defective Application | No.of application rejected |
|---|---|---|---|---|---|
| 1 | Modern Medicine Studied in India | 10375 | 10312 | 63 | 0 |
| 2 | Modern Medicine studied in Foreign Country | 698 | 688 | 4 | 6 |
| 3 | Indian System of Medicine | 5626 | 5566 | 60 | 0 |
| 4 | Homoeopathy Medicine | 1446 | 1386 | 38 | 0 |
| 5 | Good standing & NOC for all System of Medicine | 3804 | 3804 | 0 | 0 |
| 6 | Additional Qualification | 2934 | 2869 | 65 | 0 |
| | Grand Total | 24883 | 24625 | 226 | 6 |

(സി) എം.ബി.ബി.എസ്. പഠനം കഴിഞ്ഞ് രജിസ്ട്രേഷനുവേണ്ടി 2019-ൽ എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചു; ഇതിൽ മറ്റ് സംസ്ഥാനങ്ങളിലെ എത്ര പേർ രജിസ്റ്റർ ചെയ്തു; ഇന്ത്യയ്ക്ക് പുറത്തുള്ള എത്ര രാജ്യങ്ങളിലെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തു?

എം.ബി.ബി.എസ്. പഠനം കഴിഞ്ഞ് സ്ഥിര രജിസ്ട്രേഷനുവേണ്ടി 2019-ൽ അപേക്ഷ സമർപ്പിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ലഭിച്ച അപേക്ഷകൾ - 8252

മറ്റു സംസ്ഥാനങ്ങളിൽ പഠിച്ച് റ്റി.സി.എം.സി. -യിൽ രജിസ്റ്റർ ചെയ്തവർ - 1818

ഇന്ത്യയ്ക്ക് പുറത്ത് പഠിച്ചവരിൽ ടി.സി.എം.സി.- യിൽ രജിസ്റ്റർ ചെയ്തവർ - 698.

(ഡി) ഇന്ത്യയ്ക്ക് പുറത്തും അകത്തും എം.ബി.ബി.എസ്. കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ മാനദണ്ഡങ്ങളും രജിസ്ട്രേഷൻ ഫീസും എത്രയെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയ്ക്കകത്ത് എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയവർക്ക് പ്രൊവിഷണൽ രജിസ്ട്രേഷൻ ഫീസ് 1,000 രൂപയും പെർമനന്റ് രജിസ്ട്രേഷൻ ഫീസ് 3000 രൂപയുമാണ്. ഇന്ത്യയ്ക്ക് പുറത്ത് മെഡിക്കൽ ബിരുദം കഴിഞ്ഞവർക്ക് പ്രൊവിഷണൽ രജിസ്ട്രേഷൻ ഫീസ് 15000 രൂപയും പെർമനന്റ് രജിസ്ട്രേഷൻ ഫീസ് 20000 രൂപയുമാണ്. Travancore-Cochin Medical Practitioners Act 1953, National Medical Commission Act 2019 എന്നിവ പ്രകാരവും National Medical Commission (Former Medical Council of India)യും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും, റെഗുലേഷനുകളും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ സമയാസമയങ്ങളിൽ കൈക്കൊണ്ടുവരുന്ന തീരുമാനങ്ങളും അനുസരിച്ചാണ് ഇന്ത്യയ്ക്കകത്തും പുറത്തും എം.ബി.ബി.എസ്. കഴിഞ്ഞ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ നൽകിവരുന്നത്.

(ഇ) അപേക്ഷ സമർപ്പിച്ചാൽ രജിസ്ട്രേഷൻ ലഭിക്കുന്ന കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ?

യൂണിവേഴ്സിറ്റി ഫലപ്രഖ്യാപനം നടത്തുന്ന, വർഷത്തിൽ രണ്ടുതവണ ഭീമമായ എണ്ണം അപേക്ഷകൾ ലഭിക്കുന്നതിനാൽ രജിസ്ട്രേഷൻ നൽകുന്നതിന് കുറഞ്ഞത് രണ്ടുമാസവും അപ്ഡേഷൻ മുതലായ സേവനങ്ങൾക്ക് 30 മുതൽ 45 ദിവസംവരെയും അല്ലാത്ത സാഹചര്യങ്ങളിൽ 30 ദിവസംവരെയും കാലതാമസമുണ്ടാകുന്നു. വിദേശ മെഡിക്കൽ ബിരുദധാരികളെ സംബന്ധിച്ചിടത്തോളം അവരുടെ അപേക്ഷകളുടെ വെരിഫിക്കേഷനും സ്ക്രൂട്ടണിയും പൂർത്തിയാക്കുന്ന മുറയ്ക്കും മറ്റു സംസ്ഥാനങ്ങളിൽനിന്നും മെഡിക്കൽ ബിരുദം കഴിഞ്ഞുവരുന്നവർക്ക് അതാത് കൗൺസിലുകളുടെ സ്ഥിരീകരണം ലഭിക്കുന്ന മുറയ്ക്കുമാണ് രജിസ്ട്രേഷൻ നൽകിവരുന്നത്. എന്നാൽ അപൂർണ്ണവും

കൂടുതൽ വ്യക്തത ആവശ്യമുള്ള വിദേശ, അന്യസംസ്ഥാന അപേക്ഷകൾ ആയത് പൂർത്തീകരിച്ച് നൽകുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ നൽകുവാൻ സാധിക്കുകയുള്ളൂ.

(എഫ്) നിയമസഭ സാമാജികർ കൗൺസിൽ സെക്രട്ടറിക്ക് നൽകുന്ന കവറിംഗ് ലെറ്ററിന് മറുപടി ലഭ്യമാക്കാറുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതോ കൗൺസിലുകളുടെ തീരുമാനം അനിവാര്യമായ സാഹചര്യങ്ങളിലോ ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മറുപടി നൽകുന്ന രീതിയാണ് നിലവിലുള്ളത്.

(ജി) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്റ്റാറ്റ്യൂട്ടറി നടപടിക്രമം പാലിച്ചാണ് സമയബന്ധിതമായി രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നത്.

## അതിഥി തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

238 (2177) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ആരോഗ്യ നിലവാരവും സംരക്ഷണവും വിലയിരുത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

അതിഥി തൊഴിലാളികളുടെ ആരോഗ്യ നിലവാരവും സംരക്ഷണവും ഉറപ്പാക്കുന്നതിനും വിലയിരുത്തുന്നതിനുമായി ആരോഗ്യവകുപ്പ് തൊഴിൽ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ഒത്തുചേർന്നു പ്രവർത്തിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വർഷംതോറും നടത്തിവരുന്ന "ആരോഗ്യ ജാഗ്രത" കർമ്മ പരിപാടിയിലൂടെ അതിഥി തൊഴിലാളികളുടെ വ്യക്തിശുചിത്വം, അവരുടെ താമസ സ്ഥലത്തെയും, തൊഴിലിടങ്ങളിലെയും പരിസരശുചിത്വം, കുടിവെള്ള ലഭ്യത, മാലിന്യ നിർമ്മാർജ്ജനം, കൊതുക് ഉറവിട നശീകരണം തുടങ്ങിയവ ആരോഗ്യപ്രവർത്തകർ നിരീക്ഷിക്കുകയും വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നുണ്ട്. ഹെൽത്തി കേരള ക്യാമ്പയിന്റെ ഭാഗമായി പൊതുജനാരോഗ്യ നിയമാനുസൃതമായ പരിശോധനകൾ നടത്തിയും നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. അതിഥി തൊഴിലാളികൾക്ക് അനുയോജ്യമായ സമയത്ത് അവരുടെ ഭാഷയിൽത്തന്നെ ബോധവത്കരണം നൽകുന്നുമുണ്ട്. കൂടാതെ കോവിഡ് 19 അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നും നിരീക്ഷിച്ചുവരുന്നു. അതിഥി തൊഴിലാളികളെ സമയബന്ധിതമായി പരിശോധന നടത്തി ഇവർക്ക് ക്ഷയരോഗം, മലമ്പനി, മന്തുരോഗം, കാലഅസർ, കുഷ്ഠരോഗം, എയ്ഡ്സ്, ജലജന്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്നറിഞ്ഞ് ആവശ്യാനുസരണം സൗജന്യ ചികിത്സയും നൽകിവരുന്നുണ്ട്. കൂടാതെ എട്ടുജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ജെ.എച്ച്.ഐ., ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തി സജ്ജീകരിച്ചിരിക്കുന്ന മൊബൈൽ സർവ്വേ ടീം വഴിയും അതിഥി തൊഴിലാളികളുടെ രോഗപരിശോധനയും ചികിത്സയും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വാർഡ് തലത്തിലും, തദ്ദേശ സ്ഥാപന തലത്തിലും, പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്ര തലത്തിലും, ജില്ലാ/സംസ്ഥാന തലങ്ങളിലും വിലയിരുത്തി വരുന്നുമുണ്ട്.

(ബി) ഇവർ കേരളത്തിൽ ജോലിക്കെത്തുന്ന അവസരത്തിൽ തന്നെ ആവശ്യമായ പ്രതിരോധ വാക്സിനുകളും മറ്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ദേശീയ പ്രതിരോധ വാക്സിനേഷൻ പദ്ധതി (Universal Immunization Programme) പ്രകാരമുള്ള വാക്സിനുകൾ എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പട്ടിക പ്രകാരമുള്ള വാക്സിനുകൾ നൽകുന്നതിന് പ്രത്യേകമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ആരോഗ്യ മേഖലയിലെ പുതിയ തസ്തികകൾ

239 (2178) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെയാണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ 7272 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ മാത്രമായി 3360 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്യാൻസർ രോഗപ്രതിരോധത്തിനായുള്ള നടപടികൾ

240 (2179) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗ പ്രതിരോധത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

ജനിതകമായ കാരണങ്ങളാലും ജീവിതശൈലികൊണ്ടും പാരിസ്ഥിതികമായ കാരണങ്ങൾകൊണ്ടും ഉത്ഭവിക്കുന്ന രോഗങ്ങളാണ് വിവിധ തരത്തിലുള്ള ക്യാൻസറുകൾ. ഓരോ ക്യാൻസറിനും ഓരോ തരത്തിലുള്ള കാരണങ്ങളും ലക്ഷണങ്ങളുമാണുള്ളത്. അതുകൊണ്ടുതന്നെ കാൻസർ പ്രതിരോധ നടപടി ഏറെ സങ്കീർണ്ണവും പൊതുജനാരോഗ്യ പരിപാടിയായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുമാണ്. എങ്കിലും നേരത്തെ കണ്ടെത്താൻ സാധിക്കുന്നതും കണ്ടെത്തിയാൽ നൂറുശതമാനം ചികിത്സിച്ച് ഭേദമാക്കാൻ പറ്റിയതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം തുടങ്ങിയ ക്യാൻസറുകൾക്കാണ് ആരോഗ്യ വകുപ്പ് പ്രതിരോധത്തിനായി ഊന്നൽ നൽകുന്നത്. ഇതോടൊപ്പം സംസ്ഥാനത്ത് ഇപ്പോൾ വർദ്ധിച്ചുവരുന്ന കുടലിലെ ക്യാൻസറും തൈറോയ്ഡ് ക്യാൻസറും പ്രോസ്റ്റേറ്റ് ക്യാൻസറും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി പ്രാരംഭദശയിൽ തന്നെ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് നടത്തുന്നതിന് എല്ലാ ജില്ലകളിലും സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. കൂടാതെ ജനസംഖ്യാധിഷ്ഠിതമായി breast, cervical, oral ക്യാൻസറുകൾ കണ്ടെത്തുന്നതിന് പോപ്പുലേഷൻ based screening-ഉം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ pre-check സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ക്യാൻസറുകളുടെ പ്രതിരോധത്തിനാവശ്യമായ ആരോഗ്യ ബോധവൽക്കരണ പരിപാടികളും ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഭക്ഷണം, പുകവലി, മദ്യപാനം, വ്യായാമമില്ലായ്മ തുടങ്ങി റിസ്ക് ഫാക്ടർക്കെതിരെയാണ് പ്രധാനമായും ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം രോഗലക്ഷണങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും താമസംവിനാ പരിശോധിക്കുന്നതിനും ചികിത്സ സ്വീകരിക്കുന്നതിനുമുള്ള ബോധവൽക്കരണ പരിപാടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ രോഗ പ്രതിരോധ നടപടികളുടെ ഭാഗമായി 2021 മുതൽ 2026 വരെ ഒരു സമഗ്ര ക്യാൻസർ ബോധവൽക്കരണം, ആരംഭദശയിലുള്ള രോഗനിർണ്ണയം, സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലാടിസ്ഥാനത്തിൽ (District Cancer Control Programme-DCCP) സർക്കാർ തലത്തിൽ നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ പരിശോധിച്ചുവരുന്നു.

കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ സമഗ്ര അർബുദ നിയന്ത്രണ പദ്ധതിയായ ' ആശ്വാസ്', കാസർഗോഡ് ജില്ലയിൽ ക്യാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ച പദ്ധതിയായ ' അതിജീവനം' , എം.സി.സി.-യുടെ നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന ' Aware and Awake' എന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടി, ആർ.സി.സി.-യുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് ക്യാൻസർ പ്രതിരോധത്തിനും മുൻകൂർ രോഗ നിർണ്ണയത്തിനുമായി പരിശീലിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നിവ ക്യാൻസർ രോഗ പ്രതിരോധത്തിനായി സംസ്ഥാനത്ത് സ്വീകരിച്ചുവരുന്ന പ്രധാന നടപടികളാണ്.

**(ബി) ആരംഭദശയിൽ തന്നെ ക്യാൻസർ രോഗം തിരിച്ചറിയുന്നതിന് ആവശ്യമായ പരിശോധനകൾ എല്ലാ താലൂക്കാശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?**

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരിയെക്കാൾ ഉയർന്ന ക്യാൻസർ രോഗനിരക്കുള്ള സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തിൽപ്പരം പുതിയ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. വർദ്ധിച്ചുവരുന്ന ഈ രോഗ ബാഹുല്യത്തിന് അനുസൃതമായി സർക്കാർ തലത്തിൽ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമായതിനാൽ സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ ക്യാൻസർ കെയർ പദ്ധതി എന്ന പേരിൽ വകുപ്പിന് കീഴിലുള്ള ജില്ലാ-താലൂക്ക് ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്ററിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും സർവ്വീസിൽ നിലവിലുള്ള ക്യാൻസർ രോഗവിദഗ്ദ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 24 ജില്ലാ-താലൂക്ക് ആശുപത്രികളിൽ ക്യാൻസറിനുള്ള തുടർചികിത്സ നൽകിവരുന്നുണ്ട്. എല്ലാ സാമ്പത്തിക വർഷവും കൂടുതൽ ആശുപത്രികൾ ഉൾപ്പെടുത്തിക്കൊണ്ട് ഈ സംവിധാനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജനസംഖ്യാനുപാതികമായി ക്യാൻസർ രോഗചികിത്സ അപര്യാപ്തമായ മേഖലകളിലെ താലൂക്കാശുപത്രികളിൽ കാൻസർ രോഗ നിർണ്ണയ നിയന്ത്രണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ക്യാൻസർ കെയർ യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) രോഗം കണ്ടെത്തുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ റസിഡന്റ്സ് അസോസിയേഷനുകൾ/മറ്റ് സംഘടനകൾ എന്നിവയുമായി ചേർന്ന് പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ക്യാൻസർ രോഗം കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ഓഫീസുകൾ എന്നിവയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ സേവന സംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ അർബുദ ബോധവൽക്കരണ ക്ലാസ്സുകൾ, അർബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ (Early Cancer Detection Camp), ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതുജനങ്ങൾക്കായി മലബാർ കാൻസർ സെന്റർ നടത്തിവരുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ കാൻസർ രോഗ നിയന്ത്രണത്തിനായി സാമൂഹിക, സാംസ്കാരിക, സാന്ത്വന രംഗത്തെ മുപ്പത്തിയൊന്ന് കൂട്ടായ്മകളുടെ കൂട്ടായ്മയായ കേരള കാൻസർ കൺട്രോൾ കൺസോർഷ്യം മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ രജിസ്ട്രേഷൻ ഡിസംബർ 2020-ന് പൂർത്തിയായി. സാമൂഹിക പങ്കാളിത്തത്തോടുകൂടിയുള്ള അർബുദ നിയന്ത്രണമാണ് ഡിസ്ട്രിക്ട് ക്യാൻസർ കൺട്രോൾ കൺസോർഷ്യത്തിന്റെ ലക്ഷ്യം.

## കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന

241 (2180) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം നടക്കുന്ന കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ?

സംസ്ഥാനത്ത് നിലവിലുള്ള കണ്ണട വ്യാപാരികൾ നൽകിയിട്ടുള്ള കണ്ണടകൾ, ലെൻസുകൾ എന്നിവയുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ ദേശീയ അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ കാഴ്ചവൈകല്യമുള്ള 13255 സ്കൂൾ കുട്ടികൾക്കും 13576 വയോജനങ്ങൾക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന കണ്ണട സംഭരിച്ച് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.

(ബി) കണ്ണടകളിൽ ഉപയോഗിക്കുന്ന ലെൻസുകളുടെ അടിസ്ഥാനത്തിൽ ഇവയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്ത് കണ്ണടകളും ലെൻസുകളും നിർമ്മിക്കുകയോ വില്പന നടത്തുകയോ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കണ്ണടകളും ലെൻസുകളും നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL Ltd. (Hindustan Latex Limited)-ന്റെ HLL-Optical Store-കൾ സംസ്ഥാനത്ത് പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളോട് അനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്റ്റോറുകൾ മുഖേന കണ്ണടകളുടെ ലെൻസുകളും ഫ്രെയിമുകളും വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ, കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനു മുൻപ് പർച്ചേസ് കമ്മിറ്റിയുടെ കീഴിൽ ഒഫ്ത്താൽമോളജി വിഭാഗത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കണ്ണട വ്യാപാര സ്ഥാപനം നിലവിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരുംവിധം ഓഫ്ത്താൽമിക് വിഭാഗമുള്ള സർക്കാർ ആശുപത്രികളിലെങ്കിലും കണ്ണടകളുടെ വില്പനയ്ക്കുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

242 (T*2181) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിലവിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉണ്ട്. കാരുണ്യ ബെനവലന്റ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ലയിപ്പിച്ച് വിപുലീകരിച്ചിട്ടുണ്ട്. മുൻപ് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ 365 പാക്കേജുകളിലായി നൂറിൽ താഴെ സ്വകാര്യ ആശുപത്രികളിൽനിന്ന് മാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പ്-ലേയ്ക്ക് കെ.ബി.എഫ്. ലയിപ്പിച്ചപ്പോൾ 186 സർക്കാർ ആശുപത്രികളിൽനിന്നും 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽനിന്നും 370 സ്വകാര്യ ആശുപത്രികളിൽനിന്നും 1667 പാക്കേജുകളിലായി നിലവിൽ സൗജന്യ ചികിത്സ ലഭ്യമാണ്.

**(ബി) പ്രസ്തുത പദ്ധതിക്ക് സമാനമായ മറ്റ് ചികിൽസ സഹായ പദ്ധതികൾ നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവയാണ്. ഇതിനുപുറമെ ആരോഗ്യ കിരണം, ആശാധാര, സുകൃതം, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്നീ പദ്ധതികളും ആരോഗ്യ വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു.

## 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ

243 (2182) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് RBSK മുഖാന്തരം 30 ആരോഗ്യ പ്രശ്നങ്ങൾക്കും, 'ആരോഗ്യ കിരണം' പദ്ധതി പ്രകാരം നികുതിദായകർ, സർക്കാർ ജീവനക്കാർ എന്നിവരുടെ കുട്ടികൾ അല്ലാത്ത, മേൽ പ്പറഞ്ഞ 30 ആരോഗ്യ പ്രശ്നങ്ങൾ ഒഴികെയുള്ളവർക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ജനനം മുതൽ 18 വരെ വയസ്സ് വരെയുള്ള കുട്ടികളുടെ ജന്മനാലുള്ള ഹൃദയ വൈകല്യങ്ങൾക്ക് RBSK പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പൂർണ്ണമായി സൗജന്യ ചികിത്സ ലഭ്യമാണ്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ്

നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി, സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് "ഹൃദ്യം". ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദയ വൈകല്യമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേക്കൂട്ടി തിരിച്ചറിയാനും, ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കുമായി എല്ലാ ജില്ലകളിലും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി, നൂതന സംവിധാനമായ ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി.) നടപ്പാക്കിവരുന്നു. ജനനം മുതൽ 18 വരെ വയസ്സ് വരെയുള്ള കുട്ടികളുടെ ജന്മനാലുള്ള ഹൃദയവൈകല്യങ്ങൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. ജനനി ശിശു സുരക്ഷാ കാര്യക്രമം (JSSK) പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭ്യമാണ്.

(ബി) ഏതെല്ലാം ഇനങ്ങളിലാണ് സൗജന്യം ലഭ്യമാകുന്നത് എന്നറിയിക്കാമോ?

18 വയസ്സിന് താഴെയുള്ള ക്യാൻസർ രോഗികളായ കുട്ടികൾക്ക് ക്യാൻസർ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. ഹൃദയസംബന്ധമായ അസുഖങ്ങൾ, വൃക്ക രോഗങ്ങൾ, സെറിബ്രൽ പൾസി, ജന്മനായുള്ള അസ്ഥി വൈകല്യങ്ങൾ, ന്യൂറോ സംബന്ധമായ അസുഖങ്ങൾ, താലസീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങൾക്ക് ' താലോലം പദ്ധതി' യിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. ജന്മനായുള്ള രോഗങ്ങൾ, മറ്റ് മാരക രോഗങ്ങൾ എന്നിവയ്ക്കുള്ള ചികിത്സ, ആർ.ബി.എസ്.കെ.-യിലൂടെയും, ശസ്ത്രക്രിയ, അപകടം, പനി സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെയും സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. ' മിഠായി പദ്ധതി' യിൽ ടൈപ്പ് 1 ഡയബറ്റിസ് ബാധിച്ച 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്. അക്ഷയകേന്ദ്രം വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മിഠായി പദ്ധതികളിലെ കുട്ടികൾക്ക് ആവശ്യമായ മരുന്നുകളും മറ്റും സൗജന്യമായ നൽകി വരുന്നു. 18 വയസ്സിന് താഴെയുള്ള ജനിതക ഹൃദ്രോഗമുള്ള കുട്ടികളെ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സൗജന്യമായി തുടർന്നുള്ള ചികിത്സ നൽകുന്നു. ഒരു വയസ്സിനുതാഴെയുള്ള ജന്മനാ വൈകല്യമുള്ള കുട്ടികൾക്ക് ജെ.എസ്.എസ്.കെ. പദ്ധതി പ്രകാരം സൗജന്യ ചികിത്സ നൽകി വരുന്നു. ഈ പദ്ധതികൾ പ്രകാരം

Medicine, lab test, diagnostics, X-ray, ECG, Ultra sound Scanning, CT, MRI എല്ലാം സൗജന്യമായി നൽകിവരുന്നു. ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശ പ്രകാരം അനുബന്ധമായി ചേർത്തിരിക്കുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും, ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സർക്കാർ ആശുപത്രികളിൽ സൗജന്യമാക്കിയിരിക്കുന്നു.

(സി) പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും അതിനോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും താലോലം, ക്യാൻസർ സുരക്ഷ, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, മിഠായി, ഹൃദ്യം, ജെ.എസ്.എസ്.കെ. തുടങ്ങിയ പദ്ധതികൾ വഴി 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യ ചികിത്സ നൽകുന്നുണ്ട്.

**ആശാവർക്കർമാരെ നിയമിക്കാനുള്ള നടപടി**

244 (2183) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ നിയോഗിച്ചിട്ടുള്ള ആശാവർക്കർമാർ പല സ്ഥലങ്ങളിലും ജോലി ഉപേക്ഷിച്ചുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ പോയവർക്ക് പകരം പുതിയ ആശാവർക്കർമാരെ നിയോഗിച്ചിട്ടില്ലെന്നുള്ള കാര്യം ഗൗരവമായി കാണുമോ?

കേരളത്തിൽ 14 ജില്ലകളിലായി 26221 ആശാ വർക്കർമാർ പ്രവർത്തിച്ചുവരുന്നു. 2018 -19- ൽ "ഒരു വാർഡിനു ഒരു ആശ" എന്ന നിലയിൽ പുനർക്രമീകരണം നടത്തിട്ടുണ്ട്. ഇതുപ്രകാരം നിലവിലുള്ള വാർഡിനേക്കാൾ കൂടുതൽ ആശാ വർക്കർമാർ വന്നാൽ അവരെ മറ്റു വാർഡുകളിലേയ്ക്ക് മാറ്റുന്നതിനും കുറവ് വന്നിട്ടുണ്ടെങ്കിൽ അവിടെ പുതിയ ആശാ വർക്കർമാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഒഴിവുള്ള സ്ഥലങ്ങളിൽ പരിശീലനം നൽകി ആശാവർക്കർമാരെ ഉടൻ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ആശാ വർക്കർമാർ ഒഴിവുള്ള സ്ഥലങ്ങളിൽ പുതിയവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ**

245 (2184) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ എത്ര പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഒഴിവുകൾ നിലവിലുണ്ട്; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പിൽ 9 പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 8 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരൊഴിവ് സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രൊമോഷൻ നൽകുന്നതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു.

(ബി) സാമൂഹ്യനീതി വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II-ന്റെ കേഡർ സ്ട്രെംഗ്ത് റേഷ്യോ ഉയർത്താനുള്ള നപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II-ന്റെ കേഡർ സ്ട്രെംഗ്ത് റേഷ്യോ ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**മാതൃവന്ദന യോജന പദ്ധതി**

246 (2185) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃവന്ദന യോജന പദ്ധതിയിലൂടെ നാളിതുവരെ എത്ര അമ്മമാർക്ക് സർക്കാർ സഹായം ലഭിച്ചു?

മാതൃവന്ദന യോജന പദ്ധതി വഴി നാളിതുവരെ ആകെ 5,87,773 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചു?

മാതൃവന്ദന യോജന പദ്ധതിക്കായി 60:40 അനുപാതത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 1,46,70,97,800 രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 97,80,65,200 രൂപയും ചേർത്ത് ആകെ 2,44,51,63,000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## പുതിയ കെട്ടിടം നിർമ്മാണം

247 (2186) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് (CII) - ന്റെ സ്പോൺസർഷിപ്പിൽ സി.എസ്.ആർ. ഫണ്ടിലുൾപ്പെടുത്തി 1,37,00,000(ഒരു കോടി മുപ്പത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡ് നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## വാമനപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം

248 (2187) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-11-2014-ലെ സ.ഉ.700/2014/സാ.നീ.വ. പ്രകാരം വാമനപുരം ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിലുള്ള വാമനപുരം ഗ്രാമപഞ്ചായത്തിലെ 01, 08, 17 നമ്പർ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിരുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

(എ&ബി) 27-11-2014-ലെ സ.ഉ. 700/2014/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരവും 17-10-2013-ലെ സ.ഉ(സാധാ)നമ്പർ 520/2013/സാ.നീ.വ പ്രകാരവും വാമനപുരം ഐ.സി.ഡി.എസ്. പ്രോജക്ടിലെ വാമനപുരം പഞ്ചായത്തിലെ 01, 08, 17 നമ്പർ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിരുന്ന തുക വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ

249 (2188) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് ഒഴിവുകളും കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു ഒഴിവും നിലവിലുണ്ട്.

(ബി) വർക്കിംഗ് അറേഞ്ച്മെന്റ്/അക്കോമഡേഷൻ വ്യവസ്ഥയിൽ ഏതെങ്കിലും അനസ്തേഷ്യ പ്രൊഫസർമാർ മറ്റ് മെഡിക്കൽ കോളേജുകളിൽ ജോലി നോക്കുന്നുണ്ടോ; ഏതെല്ലാം കോളേജുകളിൽ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം പ്രൊഫസറായ ഡോ. മായ. ജി., തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം പ്രൊഫസർ തസ്തികയിൽ അക്കോമഡേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ പ്രൊഫസറായ ഡോ. ലിനറ്റ് ജെ. മോറിസ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.

(സി) വർക്കിംഗ് അറേഞ്ച്മെന്റ്/അക്കോമഡേഷൻമൂലം ഒഴിഞ്ഞു കിടക്കുന്ന അനസ്തേഷ്യ പ്രൊഫസർ തസ്തികകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വർക്കിംഗ് അറേഞ്ച്മെന്റ്/അക്കോമഡേഷൻ അനുവദിക്കുന്നത് ഭരണപരമായ സൗകര്യങ്ങൾക്ക് വേണ്ടിയാണ് എന്നതിനാൽ തന്നെ ഇത്തരത്തിലുണ്ടാകുന്ന ഒഴിവുകൾ ഡി.പി.സി. മുഖേന നികത്താൻ നിലവിൽ വ്യവസ്ഥകളില്ല.

## സ്വാശ്രയ മെഡിക്കൽ നിയമം

250 (2189) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി WP(c) No.2305-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെ സർക്കാർ അടിയന്തരമായി സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് കേസ് വാദിക്കുന്നതിന് പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2017 മുതലുള്ള വിദ്യാർത്ഥികളുടെ കേസുകളിൽ പ്രാഥമിക വാദങ്ങളിൽ വന്ന വീഴ്ച ഉണ്ടാകാതിരിക്കാൻ അന്തിമവാദ വേളയിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ ഏറ്റവും പ്രഗത്ഭരായ സീനിയർ അഭിഭാഷകരെ നിയമിക്കുന്നതിനും ഈ കേസ്സുകൾ ഏകോപിപ്പിക്കുന്നതിനും വിദഗ്ധരായ അഭിഭാഷകരുടെ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) സ്വാശ്രയ മെഡിക്കൽ നിയമത്തിലെ പഴുതുകളും ബലഹീനതകളും മുതലെടുത്ത് സ്വാശ്രയ മാനേജ്മെന്റുകൾ സ്ഥിരമായി ഇത്തരത്തിൽ കേസ്സുകളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ, നിലവിലെ സ്വാശ്രയ നിയമത്തിലെ ന്യൂനതകൾ പരിഹരിച്ച് ചൂഷണത്തിനും വ്യവഹാരത്തിനും ഇടനൽകാത്ത സുശക്തവും സമഗ്രവുമായ സ്വാശ്രയ കോളേജ് നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-സി) WP(c) 2305 എന്ന നമ്പറിലുള്ള റിട്ട് ഹർജി ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടതല്ല. എന്നാൽ 2020-ലെ മെഡിക്കൽ അഡ്മിഷനുമായി ബന്ധപ്പെട്ട് WP(C) 23005/2020 എന്ന നമ്പരിൽ ഉള്ള കേസ് ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം 2019-ലെ 10.(1)(i) പ്രകാരം MBBS കോഴ്സിന് അഡ്മിഷൻ നടത്തുന്നതിലേക്കായി 50% സീറ്റുകളിലേക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസ് നിർണ്ണയ അധികാരം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിക്ഷിപ്തമാണെന്നും 2020-21 അധ്യയന വർഷം അഡ്മിഷന് മുൻപായി നാഷണൽ മെഡിക്കൽ കമ്മീഷനോട് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ 50% എം.ബി.ബി.എസ്. സീറ്റുകളിലേക്കുള്ള ഫീസ് നിർണ്ണയിക്കാൻ ഉത്തരവാകണമെന്നതാണ് പ്രസ്തുത റിട്ട് ഹർജിയിലെ ആവശ്യം. നാഷണൽ മെഡിക്കൽ കമ്മീഷന് വേണ്ടി ബഹു. ഹൈക്കോടതിയിൽ ഹാജരായ സ്റ്റാന്റിംഗ് കൗൺസിൽ, കമ്മീഷന്റെ നിർദേശ പ്രകാരം, ഈ അധ്യയന വർഷം ഫീസ് നിർണയത്തിനുള്ള മാനദണ്ഡങ്ങൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിശ്ചയിച്ചിട്ടില്ലെന്നും ആയതിനാൽ 2020-21 അധ്യയന വർഷം കമ്മീഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കോടതിയെ അറിയിച്ചതിന്റെ വെളിച്ചത്തിൽ 22/12/2020-ൽ ബഹു. ഹൈക്കോടതി ഈ കേസിൽ ഉൾപ്പെടെ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഇടക്കാല ഉത്തരവിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ കോടതിയിൽ ബോധിപ്പിച്ച കാര്യം രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഫലപ്രദമായ രീതിയിലാണ് നിലവിൽ സ്വാശ്രയ മെഡിക്കൽ കേസ്സുകൾ കൈകാര്യം ചെയ്തുവരുന്നത്. ബഹു. സുപ്രീംകോടതി ഉത്തരവുകൾകൂടി കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തിയ പഴുതടച്ചുള്ള സ്വാശ്രയ നിയമമാണ് ഇപ്പോൾ നിലവിലുള്ളത്.

## ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ കാലോചിതമായ പരിഷ്കരണം

251 (2190) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സമാനതകളില്ലാത്ത ഗുരുതര പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖല കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിലേയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. അടിയ്ക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ പോലുള്ള ദുരന്തങ്ങളിൽപ്പെടുന്നവരുടെ ചികിത്സയ്ക്കും കോവിഡ് മഹാമാരി പോലുള്ള സാംക്രമിക രോഗവ്യാപനം നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ കാലോചിതമായ പരിഷ്കരണത്തിന്റെ ഭാഗമായി കേരളത്തിൽ സർക്കാർ മേഖലയിൽ നിലവിലുള്ള മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം നടത്തുകയും പുതിയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി എം.ബി.ബി.എസ്., പി.ജി., നഴ്സിംഗ് വിദ്യാഭ്യാസം, മറ്റ് പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകളിൽ 2300 എം.ബി.ബി.എസ്. സീറ്റും സർക്കാർ മേഖലയിൽ 1555 സീറ്റും ഇപ്പോൾ ലഭ്യമാണ്. നേരത്തേ നിലവിലുണ്ടായിരുന്ന 5 സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പുറമേ ഇടുക്കി, കോന്നി, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പഠനത്തിനായി മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 110 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നടത്തി പഠനം നടന്നുവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലും എം.ബി.ബി.എസ്. പ്രവേശനം നടത്തി പഠനം നടന്നുവരുന്നു. കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ബദിയടുക്കയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും നിർമ്മാണം പൂർത്തിയായ അക്കാഡമിക് ബ്ലോക്കിൽ നിലവിലെ സാഹചര്യം കണക്കിലെടുത്ത് കോവിഡ് ആശുപത്രി പ്രവർത്തിക്കുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിൽ എസ്.സി./എസ്.റ്റി. വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് സ്ഥാപിച്ചുകഴിഞ്ഞു. വയനാട് ജില്ലയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു.

കണ്ണൂർ ജില്ലയിലെ പരിയാരത്ത് പ്രവർത്തിച്ചുവന്നിരുന്ന സഹകരണ മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എറണാകുളം ജില്ലയിലെ സഹകരണ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന സഹകരണ മെഡിക്കൽ കോളേജിനെയും സർക്കാർ ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന ആവശ്യം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. മികച്ച വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതോടൊപ്പം ആധുനിക ചികിത്സ ജനങ്ങൾക്ക് നൽകുന്നതിന് ഈ മെഡിക്കൽ കോളേജുകൾക്ക് സാധിക്കുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ നൽകുന്നതിനായി പ്രത്യേക സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ദന്തൽ കോളേജുകളും വികസനത്തിന്റെ പാതയിലാണ്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സർക്കാർ നഴ്സിംഗ് കോളേജുകളും വികസനത്തിന്റെ പാതയിലാണ്. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഫാർമസി കോളേജുകളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്കായി പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

**(ബി) രോഗപ്രതിരോധ പ്രവർത്തന രംഗത്ത് ആഗോള മാതൃക സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള സർക്കാർ ആരോഗ്യമേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?**

വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി നെറ്റ്‌വർക്കിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ റീജിയണൽ ലെവൽ 2 വൈറോളജി ലാബ് പ്രവർത്തിക്കുന്നു. ഈ ലാബിനെ റീജിയണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക് ലാബാക്കി മാറ്റുന്നതിനായി ബി.എസ്.എൻ.എൽ. III ലാബ് നിർമ്മിക്കുന്നതിനായി 3.895 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 1.8 കോടി രൂപയും) തൃശ്ശൂർ മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് പ്രവർത്തനസജ്ജമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ലെവൽ ലാബും പ്രവർത്തിക്കുന്നു. ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന എൻ.ഐ.വി. യൂണിറ്റിന് നിപ്പ പോലുള്ള വൈറസിനെ കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ട്.

## പ്രൊഫഷണൽ കോഴ്സുകൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ്

252(T*2191) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ നിയമമില്ലെന്ന കാരണത്താൽ, പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നൽകി വരുന്ന ബി.പി.എൽ. സ്കോളർഷിപ്പ് 23-7-2020-ലെ ബഹു. ഹൈക്കോടതി വിധിയിലൂടെ സ്റ്റേ ചെയ്തതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ബി.പി.എൽ. സ്കോളർഷിപ്പ് പദ്ധതി സ്റ്റേ ചെയ്ത 23-7-2020-ലെ ബഹു.ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹു.സുപ്രീം കോടതി മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) എം.ബി.ബി.എസ്. രണ്ടാം വർഷ പരീക്ഷ 2021 ഏപ്രിൽ മാസം നടത്താൻ പോകുന്ന സാഹചര്യത്തിൽ ബി.പി.എൽ. സ്കോളർഷിപ്പ് ലഭിക്കേണ്ട കുട്ടികളെ ഫീസ് നൽകാതെ പരീക്ഷ എഴുതാൻ അനുവദിക്കില്ലെന്ന കോളേജ് മാനേജ്മെന്റുകളുടെ നിലപാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ വ്യക്തമായ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് ഫീസ് അടയ്ക്കുന്നത് തടയണമെന്ന് കുട്ടികൾ നൽകിയ പരാതിയിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ആയതിന്മേൽ അനുകൂല നടപടി എടുക്കാൻ സർക്കാർ ശ്രമിക്കുമോ?

(ബി & സി) ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുന്നതുവരെ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാധുനിക ലൈബ്രറികൾ

253(2192) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം അത്യാധുനിക ലൈബ്രറികളും അതിനോട് അനുബന്ധമായി ഓൺലൈൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികളും അതിനോട് അനുബന്ധമായി ഓൺലൈൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ ലൈബ്രറി സൗകര്യം ലഭ്യമാണ്. കോന്നി, കാസർഗോഡ് എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആകുമ്പോൾ ലൈബ്രറി സൗകര്യങ്ങളും ഒരുക്കുന്നതാണ്.

(ബി) ഇതേ സംവിധാനങ്ങൾ സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിലും ലഭ്യമാണോ; ഇല്ലെങ്കിൽ ഇവ ലഭ്യമാക്കുന്നതിന് നേരിടുന്ന തടസ്സമെന്താണ്?

സഹകരണ മേഖലയിൽ നിന്നും ഏറ്റെടുത്ത എറണാകുളം, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികളും ഓൺലൈൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഏറ്റെടുത്ത കൊല്ലം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ അത്യാധുനിക ലൈബ്രറിയും ഓൺലൈൻ സെന്ററും പ്രവർത്തിച്ചുവരുന്നു.

(സി) സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിൽ സീനിയർ ഗ്രേഡ് ലൈബ്രേറിയൻ തസ്തിക നിലവിലില്ലാത്തതിനാലും മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിലെ പോലത്തെ സ്റ്റാഫ് പാറ്റേൺ ലൈബ്രറി വിഭാഗത്തിനില്ലാത്തതും കാരണം പിന്നോക്കം നിൽക്കുന്ന മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളെ കൂടി മുൻനിരയിലെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

സഹകരണ മേഖലയിൽ നിന്നും സർക്കാർ ഏറ്റെടുത്ത എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ '6' ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ടി നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ തലത്തിലുള്ള എം.ബി.ബി.എസ്. സീറ്റുകൾ

254(2193) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ തലത്തിൽ എത്ര എം.ബി.ബി.എസ്. സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്നും 2020-21- ൽ എത്ര സീറ്റുകളാണുള്ളതെന്നും വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2016-17 അദ്ധ്യയന വർഷത്തിൽ) സർക്കാർ തലത്തിൽ 1200 എം.ബി.ബി.എസ്. സീറ്റുകൾ നിലവിലുണ്ടായിരുന്നു. ഇതുകൂടാതെ 50 എം.ബി.ബി.എസ്. സീറ്റ് അഡ്മിഷൻ ഇടുക്കി മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്നുവെങ്കിലും അടിസ്ഥാന സൗകര്യം പോലും അവിടെ ഇല്ലാത്തതിനാൽ MCI ടി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദ് ചെയ്തിരുന്നു. 2020-21 അധ്യയന വർഷത്തിൽ സർക്കാർ തലത്തിൽ 1555 എം.ബി.ബി.എസ്. സീറ്റുകൾ നിലവിലുണ്ട്.

(ബി) 2015-16 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ്.-നുള്ള ഫീസ് ഘടന വ്യക്തമാക്കാമോ; 2019-20 അദ്ധ്യയന വർഷത്തെ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2015-16 അദ്ധ്യയന വർഷത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള ഫീസ് 25,000 രൂപയും 2019-20 അദ്ധ്യയന വർഷത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള ഫീസ് 26,220 രൂപയുമാണ്.

## ലഹരിക്കായി ചികിത്സാ മരുന്നുകളുടെ ഉപയോഗം

255(2194) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലവിധ രോഗങ്ങൾക്ക് ചികിത്സയ്ക്കായുള്ള മരുന്നുകൾ വ്യാപകമായി ലഹരിക്കായി ഉപയോഗിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) മനോരോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളാണ് കൂടുതലായും ലഹരിക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളത്. ഇത്തരം മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C&F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി ഇവയെല്ലാം തന്നെ എച്ച് 1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്ത/ചില്ലറ ഔഷധ വിൽപ്പന ശാലകൾ വഴിയുള്ള ഇവയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുണ്ട്.

(സി) സംസ്ഥാനത്ത് ഓൺലൈനായി വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

രാജ്യത്ത് മരുന്നുല്പാദനവും വിപണനവും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിന് കീഴിലുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 പ്രകാരവുമാണ്. പ്രസ്തുത നിയമങ്ങൾ പ്രകാരം മരുന്നുകളുടെ ഓൺലൈൻ വിൽപ്പന സംസ്ഥാനത്ത് എങ്ങും അനുവദിച്ചിട്ടില്ല.

## വണ്ടൂരിലെ ഗവ. ഹോമിയോപ്പതിക് ക്യാൻസർആശുപത്രി

256(2195) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹോമിയോപ്പതിക് ക്യാൻസർ ആശുപത്രിയും സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയും (സി.സി.ആർ.എച്ച്.) തമ്മിൽ ധാരണാപത്രം ഒപ്പിടുവാനും റിസർച്ച് ഫെല്ലോഷിപ്പുകൾ ആരംഭിക്കുവാനുമുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ക്യാൻസർ രോഗത്തിന് ഹോമിയോപ്പതിയിലൂടെ എങ്ങനെ പരിഹാരം കണ്ടെത്താമെന്നത് സംബന്ധിച്ച് സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി (CCRH)-യുടെ നേതൃത്വത്തിൽ 2019 ജൂലൈ 19, 20 തീയതികളിൽ ഡൽഹിയിൽവച്ച് നടന്ന സബ്കമ്മിറ്റി ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ് (Minutes) പ്രകാരം CCRH, മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹോമിയോപ്പതിക് ക്യാൻസർ ആശുപത്രിയുമായി ക്യാൻസർ റിസർച്ച് നടത്തുന്നതിനും റിസർച്ച് ഫെലോഷിപ്പുകൾ ആരംഭിക്കുന്നതിനും മുന്നോടിയായി ഒരു ധാരണാപത്രം ഒപ്പിടുന്നതിനായി തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

**നേമം ശ്രീവിദ്യാധിരാജ ഹോമിയോ കോളേജ്**

257(2196) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം ശ്രീവിദ്യാധിരാജ ഹോമിയോ കോളേജിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ?

പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പ് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കോളേജ് മാനേജർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഉണ്ടെങ്കിൽ ആ പരാതിയിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

**വാമനപുരം മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ**

258 (2197) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ വനിതാ ശിശുവികസന വകുപ്പ് മുഖേന അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി, അങ്കണവാടി കെട്ടിട നവീകരണ പദ്ധതി, അങ്കണവാടി കെട്ടിടങ്ങൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ, ശിശു സൗഹൃദ ടോയ്‌ലറ്റ് സൗകര്യമൊരുക്കൽ, അഭയകിരണം പദ്ധതി, സഹായഹസ്തം പദ്ധതി, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം എന്നീ പദ്ധതികൾ വനിത ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഓരോ പദ്ധതിക്കും അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരം അനുബന്ധമായി* ചേർക്കുന്നു. കൂടാതെ, സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാജ്യോതി, വിദ്യാകിരണം, മന്ദഹാസം, സ്വാശ്രയ, പരിണയം, ഭിന്നശേഷി ദുരിതാശ്വാസ നിധി, മിശ്രവിവാഹ ധനസഹായം തുടങ്ങിയ പദ്ധതികൾ വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രവീതമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ?

(ബി & സി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും നടപ്പിലാക്കുന്ന പദ്ധതികൾ

259 (2198) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പും സാമൂഹ്യ സുരക്ഷാമിഷനും സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സർക്കാരിന്റെ Plan fund ഉപയോഗിച്ച് Society for Medical Assistance to Poor എന്നൊരു ചികിത്സാധന സഹായ പദ്ധതി നിലവിലുണ്ട്. മാരകരോഗങ്ങളാൽ അവശതയനുഭവിക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3 ലക്ഷത്തിൽ താഴെ വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായം അനുവദിച്ചുവരുന്നു. സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന മിഠായി പദ്ധതിയിലും, Ankylosing Spondylitis പദ്ധതിയിലും ആരോഗ്യ വകുപ്പ് സാങ്കേതികമായ സഹകരണത്തിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഇതിൽ മിഠായി പദ്ധതി ടൈപ്പ് -1 പ്രമേഹരോഗമുള്ള കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ പെൻ, ഇൻസുലിൻ പമ്പ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ എന്നിവ 18 വയസ്സുവരെ നൽകുന്നതിനുള്ള പദ്ധതിയാണ്, ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട സാങ്കേതിക സഹായവും, സാറ്റ്ലൈറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് ജില്ലാ ആശുപത്രികളെ സജ്ജീകരിക്കുകയുമാണ് ആരോഗ്യ വകുപ്പ് ചെയ്തുവരുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ഡയബറ്റിക് റെറ്റിനോപ്പതി പദ്ധതിയായ നയനാമൃതത്തിന്റെ സാങ്കേതിക സഹായം കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനിൽനിന്നും ലഭിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതികളിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, അവ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതി എന്നിവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും താഴെപറയും പ്രകാരമാണ്. 2018-19 വർഷത്തിൽ പുതുക്കിയിട്ടുള്ള RSBY കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുമായി കാരുണ്യ ആരോഗ്യസുരാക്ഷാ പദ്ധതി (KASP) കിയോസ്കുകളിൽ സൗജന്യമായി അംഗത്വം എടുക്കുന്നതിനുള്ള സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2011 കാസ്റ്റ് സെൻസസ് പ്രകാരം അർഹരായിട്ടുള്ളവർക്കും പദ്ധതിയുടെ ഗുണഫലം ലഭ്യമാകും. കെ. ബി. എഫ്./കാസ്പ് അപേക്ഷ നൽകുന്നതിനായി കേരളത്തിലെ 561 എംപാനൽഡ് ആശുപത്രികളിൽ സ്ഥാപിച്ച കിയോസ്കുകളെ സമീപിക്കാവുന്നതാണ്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം വരുന്ന എല്ലാ കുടുംബങ്ങളും കെ.ബി.എഫ്. പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. കെ.ബി.എഫ്. പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ച AB-PMJAY-KASP ഹെൽത്ത് ബെനഫിറ്റ് പാക്കേജ് ഉപയോഗിച്ചുള്ള സൗജന്യ ചികിത്സ KASP എംപാനൽഡ് ആശുപത്രികൾ മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. Society for Medical Assistance to Poor പദ്ധതിയിൽ അപേക്ഷ സമർപ്പിക്കേണ്ടത് തപാൽ മുഖേനയാണ്. അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം മെമ്പർ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം- 695035 എന്നതാണ്.

## ഇരിങ്ങാലക്കുട മണ്ഡലം - സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

260 (2199) പ്രൊഫ. കെ. യു. അരുണൻ.: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ പോഷൻ അഭിയാൻ പ്രവർത്തനങ്ങളുടെ ഭാഗമായി അങ്കണവാടികളിൽ നിർമ്മൽ സംഗമം, ദമ്പതി സംഗമം, കുഞ്ഞൂണ്, വർണ്ണ സംഗമം, സീമന്ത സംഗമം എന്നിവ നടത്തിവരുന്നു. 5 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ഗ്രോത്ത് മോണിറ്ററിംഗ് അങ്കണവാടികളിൽ നടപ്പിലാക്കിവരുന്നു. അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. അങ്കണവാടികൾ വഴി അമ്മമാർക്കും കുട്ടികൾക്കും സൈക്കോ സോഷ്യൽ കൗൺസിലർമാർ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. വിധവകൾക്ക് സ്വയംതൊഴിൽ പദ്ധതിയായ സഹായഹസ്തം അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നല്കുന്ന അഭയകിരണം, വിധവാ പുനർ വിവാഹ പദ്ധതിയായ മംഗല്യ, വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ പടവുകൾ, വനിത ഗൃഹനാഥരായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവ നൽകിവരുന്നു. കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം നടത്തുന്നു. പോഷകക്കുറവുള്ള കുട്ടികൾക്ക് കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് ന്യൂട്രീബാർ വിതരണം ചെയ്തു. കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിന് മിൽമയുമായി സഹകരിച്ച് ഫോർട്ടിഫൈ ചെയ്ത പാൽ ദിവസേന 100 മി.ലി. വീതം വിതരണം ചെയ്തു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള കേന്ദ്ര സംസ്ഥാന സർക്കാർ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ പ്രധാനമന്ത്രി 'മാതൃ വന്ദന യോജന' പ്രകാരം ധനസഹായം നല്കിവരുന്നു.

## വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പദ്ധതികൾ

261 (2200) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ സൂചിപ്പിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് വനിതാ-ശിശുവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കുട്ടികൾക്കായുള്ള ക്ഷേമ പദ്ധതികൾ

262(2201) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല, ബാലഭിക്ഷാടനം എന്നിവ നിയന്ത്രിക്കുന്നതിനും തെരുവ് ബാല്യമുക്ത കേരളം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ ശരണബാല്യം പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിൽ, വിദ്യാഭ്യാസം, വനം, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ വനിത-ശിശു വികസന വകുപ്പ് ശരണബാല്യം പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയായ 'ബാലനിധി'-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഏറ്റവും കൂടുതൽ വിഷമതകൾ അനുഭവിക്കുന്ന കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനുംവേണ്ടി ധനസഹായം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ഒഴിവുകൾ

263 (2202) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ 171 ഒഴിവുകളുണ്ട്. ആയതിൽ 170 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1-1-2021 മുതൽ 31-5-2024 വരെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽനിന്നും വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും വ്യക്തമാക്കാമോ?

നിലവിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ 1-1-2021 മുതൽ 31-5-2024 വരെ വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു*.

(സി) 1-1-2021 മുതൽ 31-5-2024 വരെ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) തസ്തികയിൽനിന്നും വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും വ്യക്തമാക്കാമോ?

നിലവിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ 1-1-2021 മുതൽ 31-5-2024 വരെ വിരമിക്കുന്നവരുടെ പേരും (വർഷവും തീയതിയും ഉൾപ്പെടെ) അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു *.

(ഡി) കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഇ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ദിവസവേതന കരാർ അടിസ്ഥാനത്തിലോ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജനറൽ കാറ്റഗറി) തസ്തികയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ദിവസവേതന കരാർ അടിസ്ഥാനത്തിലോ ആരും ജോലി നോക്കുന്നില്ല.

(എഫ്) വനിതാ-ശിശു വികസന വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക (ജനറൽ കാറ്റഗറി) ആകെ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ?

വനിത-ശിശു വികസന വകുപ്പിൽ ആകെ 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് നിലവിലുള്ളത്. ടി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം 10-8-2010-ലെ സ.ഉ.(പി) നമ്പർ 54/2010/ SWD, 27-12-2012-ലെ സ.ഉ. (പി) നമ്പർ 78/2012/SWD എന്നിവ പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരമാണ് നടത്തുന്നത്. ഇതിനായി ആകെയുള്ള 1327 തസ്തികകളുടെ 58% തസ്തികകളാണ് ജനറൽ കാറ്റഗറിയിൽ നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ളത്. ഇപ്രകാരം 770 തസ്തികകളാണ് ജനറൽ കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമനം നടത്തുന്നത്.

## അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം

264 (2203) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജോലി നോക്കിവരുന്ന അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എണ്ണം എത്ര; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജീവനക്കാരുടെ ഓണറേറിയം എന്നുമുതലാണ് വർദ്ധിപ്പിച്ച് നൽകിയതെന്നും ഉയർത്തി നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 32986 അങ്കണവാടി വർക്കർമാരും 32986 അങ്കണവാടി ഹെൽപ്പർമാരും 129 മിനി അങ്കണവാടി വർക്കർമാരും ഉൾപ്പെടെ ആകെ 66101 അങ്കണവാടി ജീവനക്കാരുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2018, 2019 വർഷങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം 2016-ൽ യഥാക്രമം 10000, 9250, 7,000 രൂപയിൽ നിന്നും 2019 ഏപ്രിൽ മുതൽ യഥാക്രമം 12,000, 11,000, 8,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) വർദ്ധിപ്പിച്ചു നൽകിയ തുകയിൽ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അങ്കണവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, അതാത് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് ഓണറേറിയം നൽകിവരുന്നത്. നിലവിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ഓണറേറിയം, മെയിൻ അങ്കണവാടി വർക്കർക്ക് 4,500 രൂപയും മിനി അങ്കണവാടി വർക്കർക്ക് 3,500 രൂപയും ഹെൽപ്പർക്ക് 2,250 രൂപയുമാണ്. ഇത് 60:40 അനുപാതത്തിലാണ് നൽകേണ്ടത്. ഇതിൽ കേന്ദ്രവിഹിതം യഥാക്രമം 2,700, 2,100, 1,350 രൂപയും സംസ്ഥാന വിഹിതം 1,800, 1,400, 900 രൂപയുമാണ്. ഇതുകൂടാതെ ഓണറേറിയം സംസ്ഥാന വിഹിതം മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 5,300 രൂപ വീതവും ഹെൽപ്പർക്ക് 4,300 രൂപയുമാണ്. ഇതിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 2,200 രൂപ വീതവും ഹെൽപ്പർക്ക് 1,450 രൂപയും നൽകുന്നുണ്ട്. 2016-ൽ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും അധിക ഓണറേറിയം സംസ്ഥാന വിഹിതം 4,800 രൂപ വീതവും, ഹെൽപ്പർക്ക് 4,050 രൂപയും ആയിരുന്നത് 2019 ൽ യഥാക്രമം 5,300 രൂപയും 4,300 രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുക ഉൾപ്പെടെ നിലവിൽ മെയിൻ അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ എന്നിവർക്ക് യഥാക്രമം 12,000 രൂപ, 11,000 രൂപ 8,000 രൂപ എന്ന നിരക്കിലാണ് പ്രതിമാസം ഓണറേറിയം നൽകി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ജീവനക്കാർക്ക് ഉയർത്തി നൽകിയ പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ?

സ.ഉ.(എം.എസ്) നമ്പർ 31/2009/സാ.ക്ഷേ.വ, തീയതി, 7-8-2009 പ്രകാരം 1-9-2009 മുതൽ വിരമിച്ച അങ്കണവാടി വർക്കർക്ക് 500 രൂപയും അങ്കണവാടി ഹെൽപ്പർക്ക് 300 രൂപയും അങ്കണവാടി വെൽഫെയർ ഫണ്ടിൽനിന്നും പ്രതിമാസ പെൻഷൻ അനുവദിച്ചുനൽകിയിരുന്നു. ആയത് 22-4-2017 -ലെ സ.ഉ(കൈ) നമ്പർ 15/2017/സാ.നീ.വ. പ്രകാരം അങ്കണവാടി വർക്കർക്ക് 1,000 രൂപയും അങ്കണവാടി ഹെൽപ്പർക്ക് 600 രൂപയുമായി 2016 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. പ്രതിമാസ പെൻഷൻ 9-12-2019 ലെ സ.ഉ(സാധാ)നമ്പർ 763/2019/ സാ.നീ.വ പ്രകാരം അങ്കണവാടി വർക്കർക്ക് 1,000 രൂപയിൽ നിന്ന് 2,000 രൂപയായും, അങ്കണവാടി ഹെൽപ്പർക്ക് 600 രൂപയിൽ നിന്നും 1,200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ നിരക്കിലുള്ള പെൻഷനാണ് നൽകിവരുന്നത്.

**അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ പുരോഗതി**

265 (2204) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം പുരോഗതിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1097 അങ്കണവാടികളിൽ കുടിവെള്ള സൗകര്യവും 1638 അങ്കണവാടികളിൽ Baby friendly Toilet നിർമ്മിക്കുകയും സംസ്ഥാനത്തെ 1730 അങ്കണവാടികൾ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് 1730 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അങ്കണവാടികളിൽ 'സർഗ്ഗോൽസവം' എന്ന പേരിൽ കലാമേള സംഘടിപ്പിച്ചു. പ്രീസ്കൂൾ പഠന സഹായികളുടെ കന്നടയിലേയ്ക്കുള്ള മൊഴിമാറ്റം, അച്ചടി, പ്രകാശനം എന്നിവയും ഇ.സി.സി.ഇ. തീം തമിഴിലേയ്ക്ക് മൊഴിമാറ്റം ചെയ്ത് അച്ചടിച്ച് തമിഴ് പ്രാദേശിക ഭാഷയായുള്ള, വിവിധ ജില്ലകളിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. വനിതാ-ശിശു വികസന വകുപ്പ് മുഖേന 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കായി ഓൺലൈൻ മുഖേന പ്രീസ്കൂൾ പഠനം കിളികൊഞ്ചൽ എന്ന പരിപാടിയിലൂടെ വിക്ടേഴ്സ് ചാനൽ മുഖേന നടപ്പാക്കിവരുന്നു. കോവിഡ്

വ്യാപനത്തെ തുടർന്ന് അങ്കണവാടികൾ തുറക്കാനാകാത്തതിനാലും വനിതാ ശിശു വികസന വകുപ്പ് മുഖേന വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം കാണാൻ സാഹചര്യമില്ലാത്ത കുട്ടികൾക്കായി ECCE തീം അധിഷ്ഠിത പോസ്റ്ററുകൾ സർക്കാർ പ്രസ്സിൽനിന്നും സൗജന്യമായി അച്ചടിച്ച് പ്രീസ്കൂൾ കുട്ടികളുടെ വീട്ടിലെത്തിച്ചിട്ടുണ്ട്. അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം ലക്ഷ്യം വച്ചുകൊണ്ട് വകുപ്പിൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിക്കുകയും നിലവിൽ 40 കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

25-2-2016-ൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 10,000 രൂപയും മിനി അങ്കണവാടി വർക്കർമാർക്ക് 9,250 രൂപയും ഹെൽപ്പർമാർക്ക് 7,000 രൂപയും ഹോണറേറിയം 1-4-2016 മുതൽ വർദ്ധിപ്പിച്ച് ഉത്തരവായെങ്കിലും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് പ്രാബല്യത്തിൽ വന്നിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-8-2016-ൽ വർദ്ധവിന്റെ 50% സാമൂഹ്യനീതി വകുപ്പ് വഹിക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുക ജീവനക്കാർക്ക് ലഭ്യമാക്കി. ആയത് 2018 വർഷത്തിൽ യഥാക്രമം 11,500, 10,500, 7,750 എന്ന ക്രമത്തിലും 2019 വർഷത്തിൽ യഥാക്രമം 12,000, 11,000, 8,000 എന്ന ക്രമത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) എത്ര പുതിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിവരങ്ങൾ നൽകുമോ; നിർമ്മാണം പുരോഗമിക്കുന്നവ എത്രയെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 1212 അങ്കണവാടികൾ നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകുകയും ആയതിൽ 398 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 234 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. 580 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. നിർമ്മിച്ച അങ്കണവാടി കെട്ടിടങ്ങൾ, നിർമ്മാണം പുരോഗമിക്കുന്നവ എന്നിവയുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോവിഡ് കാലത്ത് അങ്കണവാടി ജീവനക്കാരുടെ സേവനം

266 (2205) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്; വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം ചുവടെപ്പറയുന്ന കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

(i) അങ്കണവാടി പ്രവർത്തകർ കോവിഡ് കാലത്ത് ക്വാറന്റീനിൽ കഴിഞ്ഞിരുന്ന ആളുകളുടെ ക്ഷേമം അന്വേഷിക്കുകയും ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയുമുണ്ടായി.

(ii) 60 വയസ്സിന് മേൽ പ്രായമുള്ള വയോജനങ്ങളുടെയും മറ്റ് രോഗങ്ങളാൽ ഭവനങ്ങളിൽ കഴിഞ്ഞിരുന്ന ആളുകളുടെയും വിവരങ്ങൾ അങ്കണവാടി പ്രവർത്തകർ ശേഖരിക്കുകയുണ്ടായി. കൂടാതെ ഇവർ, സർക്കാർ ഏർപ്പെടുത്തിയിരുന്ന reverse quarantine-ൽ ഉണ്ടായിരുന്നവരുടെ ക്ഷേമ വിവരങ്ങൾ ടെലഫോൺ മുഖേന ആരായുകയും മരുന്നും മറ്റ് ആവശ്യമുള്ള സേവനങ്ങളും എത്തിക്കുകയും ചെയ്തു. രോഗത്താൽ മാനസിക വിഷമമനുഭവിക്കുന്നവർക്ക് കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(iii) കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് 10-12-2020-ൽ ചേർന്ന ആദ്യത്തെ State Steering Committee മീറ്റിംഗിൽ, സമൂഹത്തിൽ കോവിഡ് വാക്സിനേഷൻ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് അങ്കണവാടി വർക്കർമാരെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(iv) കോവിഡ് വ്യാപനത്താൽ അങ്കണവാടികൾ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അങ്കണവാടി ഗുണഭോക്താക്കളായ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി മുഖേന നൽകിവന്നിരുന്ന അനുപൂരക പോഷകാഹാരം, ടേക്ക് ഹോം റേഷനായി വർക്കർമാർ ഗുണഭോക്താക്കളുടെ ഭവനത്തിൽ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തിൽ തുടങ്ങിയ ഈ പദ്ധതി നിലവിൽ 2021 ജനുവരി 31 വരെ തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കുട്ടികൾക്കുള്ള ഭക്ഷണസാമഗ്രികൾ അവരുടെ വീടുകളിൽ എത്തിക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ആയത് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ?

കോവിഡ് വ്യാപനംമൂലം അങ്കണവാടികൾ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അങ്കണവാടി ഗുണഭോക്താക്കളായ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി മുഖേന നൽകിവന്നിരുന്ന അനുപൂരക പോഷകാഹാരം ടേക്ക് ഹോം റേഷനായി അങ്കണവാടി വർക്കർമാർ ഗുണഭോക്താക്കളുടെ ഭവനത്തിൽ എത്തിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 മാർച്ച് മാസത്തിൽ തുടങ്ങിയ ടി പദ്ധതി നിലവിൽ 2021 ജനുവരി 31 വരെ തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അങ്കണവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും അധികമായി രണ്ട് ജോഡി യൂണിഫോം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്?

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സമ്പുഷ്ട കേരളം പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം രണ്ട് അഡീഷണൽ യൂണിഫോം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 5,29,84,000 രൂപ (അഞ്ച് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി

267 (2206) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, ഇതിനകം എത്ര സ്മാർട്ട് അങ്കണവാടികൾ നിർമ്മിച്ചുവെന്ന് വിശദമാക്കാമോ?

ഉണ്ട്. നാളിതുവരെ സംസ്ഥാനത്ത് 7 ജില്ലകളിലായി 40 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അങ്കണവാടി ഗുണഭോക്താക്കളായ ആറ് മാസം മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതി 33115 അങ്കണവാടികളിലൂടെ നടപ്പിലാക്കി വരുന്നു. ആറ് മാസം മുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 8 രൂപയും, ഗുരുതര ഭാരക്കുറവുള്ള കുട്ടികൾക്ക് 12 രൂപയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 9.50 രൂപയും പ്രതിദിനം നിശ്ചയിച്ചിട്ടുണ്ട്. പ്രതിവർഷം 300 ദിവസത്തേയ്ക്കാണ് ഇത് നൽകുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ ടി ചെലവ് വഹിക്കുന്നു. സംസ്ഥാന വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും കേന്ദ്ര വിഹിതം റീ-ഇംബേഴ്സ്മെന്റായി ശിശു വികസന പദ്ധതി ഓഫീസർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നടത്തിപ്പ് ചുമതല. ആറ് മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷൻ (THR) ആയും, 3-6 വയസ്സുവരെയുള്ള കുട്ടികൾക്ക് നൂൺ ഫീഡിംഗും, ജനറൽ ഫീഡിംഗും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർക്ക് വിവിധ ഭക്ഷ്യധാന്യങ്ങൾ ജനറൽ ഫീഡിംഗിൽ ഉൾപ്പെടുത്തി THR ആയും നൽകുന്നു. ഇതുകൂടാതെ 3-6 വിഭാഗത്തിന് മോർണിംഗ് സ്നാക്സ് സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ടി ആവശ്യത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ പല പഞ്ചായത്തുകളും തനതു ഫണ്ടിൽനിന്നും ചെലവഴിക്കുന്നുണ്ട്.

**കം ക്രഷ് അങ്കണവാടി പദ്ധതി**

268 (2207) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 'കം ക്രഷ് അങ്കണവാടി പദ്ധതി' തുടങ്ങാനുള്ള ഉദ്ദേശ്യം സർക്കാരിനുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നിലവിലുള്ള അങ്കണവാടി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യാധിഷ്ഠിതമായും കാലോചിതമായും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലുൾപ്പെടെ സാദ്ധ്യമായ സ്ഥലങ്ങളിൽ അങ്കണവാടികളോ, അങ്കണവാടികളും ക്രഷും തമ്മിലോ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 19-11-2020-ലെ സ.ഉ(സാധാ)നമ്പർ 655/2020/സാ.നീ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കും വിധമുള്ള അങ്കണവാടികൾ, ക്രഷുകൾ എന്നിവ കണ്ടെത്തി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ അനുമതി അടക്കമുള്ളവ ലഭ്യമാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

### കുന്നത്തുനാട് മണ്ഡലത്തിലെ അങ്കണവാടികൾ

269 (2208) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചു; പട്ടിക തിരിച്ച് നൽകാമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ഏഴ് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 63,16,813 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര അങ്കണവാടികളിൽ ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം പദ്ധതികളിലൂടെയാണ് പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ 177 അങ്കണവാടികളിൽ വിദ്യാസഹായി, ഓൺലൈൻ പഠന സഹായി എന്നീ പദ്ധതികളിലൂടെ കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ. ഓൺലൈൻ പഠന സഹായം ഏർപ്പെടുത്തിയിട്ടുണ്ട്. 26 അങ്കണവാടികളിൽ സർക്കാർ/സ്വകാര്യ/എൽ.ജി.ഒ. സ്ഥാപനങ്ങളുടെ സഹായത്തോടെ ടി.വി. വാങ്ങി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾ

270 (2209) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിൽ ആകെ 264 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തവ എത്രയെണ്ണമുണ്ട്?

51 എണ്ണം.

(സി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകിയെന്ന് അറിയിക്കുമോ; എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ നിയോജക മണ്ഡലത്തിലെ 8 അങ്കണവാടികൾക്ക് വകുപ്പിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

പ്രസ്തുത അങ്കണവാടികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*.

## ഭിന്നശേഷിക്കാരുടെ സാമൂഹ്യഉന്നമനം

271 (2210) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിന് ഫണ്ടിന്റെ അഭാവം നേരിടുന്നുണ്ട്; വിശദമാക്കുമോ; വിതരണം ചെയ്യാൻ കുടിശ്ശികയുള്ളവ ഏതൊക്കെ?

(എ & ബി) ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും നടത്തിപ്പിന്റെ പുരോഗതിയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായുള്ള ഫണ്ടിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*. ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാണ്. ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ ലഭ്യമാണ്. കേരള സംസ്ഥാനത്ത് ചലന വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കും അവർക്കുവേണ്ട ഉപകരണങ്ങൾ, കൃത്രിമ അവയവങ്ങൾ എന്നിവ നൽകുന്നതിന് 24 PMR യൂണിറ്റുകൾ, 9 ലിംബ് ഫിറ്റിംഗ് സെന്ററുകൾ എന്നിവ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. PMR യൂണിറ്റുകൾ മുഖാന്തിരം ശാരീരിക വൈകല്യത്തിന് കാരണമാകുന്ന അവസ്ഥകൾ പരിശോധിക്കുന്നതിനോടൊപ്പം ഐ.പി, ഒ.പി. കെയർ എക്സർസൈസ് തെറാപ്പി, ബോട്ടിലിസം, ടോക്സിൻ ഇൻജെക്ഷൻ ഫോർ സ്പാസ്റ്റിസിറ്റി, ട്രാൻസ്ക്യൂട്ടേനിസ്, ഇലക്ട്രിക്കൽ നെർവ് സ്റ്റിമുലേഷൻ തുടങ്ങിയ ചികിത്സകളും ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ലിംബ് ഫിറ്റിംഗ് യൂണിറ്റുകളിലൂടെ ചലന വൈകല്യമുള്ളവർക്കായി ആർട്ടിഫിഷ്യൽ ലിംബ്, കാലിപ്പേഴ്സ് ക്രെച്ചസ്, ബ്രെസസ്, എം.സി.ആർ. ചാപ്പൽ, സ്പ്ലിന്റ് പോളി പ്രൊപ്പലീൻ ഷീറ്റുകൾ, കൃത്രിമ കാലുകൾക്കായുള്ള എന്റോസ്കേൽട്ടൻ ജോയിന്റുകൾ, സ്പൈനൽ ജാക്കറ്റുകൾ, സർവിക്കൽ കോളറുകൾ എന്നിവ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ നടത്തിപ്പിന് നിലവിൽ ഫണ്ടിന്റെ അഭാവം നേരിടുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിലേയ്ക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരുടെ ചികിത്സകൾക്കായി സർക്കാർ നൽകിവരുന്ന സൗജന്യങ്ങൾ എന്തൊക്കെ?

കേന്ദ്രസർക്കാരിന്റെ നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ കീഴിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൽസി, മാനസിക വൈകല്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കായി മാത്രം നാഷണൽ ട്രസ്റ്റ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് "നിരാമയ ഇൻഷ്വറൻസ് പദ്ധതി". പ്രതിവർഷം ഒരു ലക്ഷം രൂപ വരെ ചികിത്സാ ആനുകൂല്യങ്ങൾ ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു. കൂടാതെ സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലഭ്യമാകുന്ന എല്ലാ ചികിത്സാനുകൂല്യങ്ങളും ഭിന്നശേഷിക്കാർക്ക് ലഭ്യമാണ്.

## സംസ്ഥാന ശിശുക്ഷേമസമിതിയിലെ നിയമനം

272 (2211) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമസമിതിയിൽ ഏതൊക്കെ തസ്തികകളിലേയ്ക്കാണ് അടുത്തിടെ നിയമനം നടത്തിയതെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിൽ കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് അടുത്തിടെ നിയമനം നടത്തിയിട്ടുണ്ട്. നഴ്സ് (കരാർ) നഴ്സ്(ദിവസക്കൂലി) ആയ (ദിവസക്കൂലി) സെക്യൂരിറ്റി(ദിവസക്കൂലി) ഡ്രൈവർ കം അറ്റൻഡർ (ദിവസക്കൂലി) ബാലസേവിക/ചൈൽഡ് കെയർ വർക്കർ (ദിവസക്കൂലി) ലീഗൽ കൺസൾട്ടന്റ് (കരാർ) അസിസ്റ്റന്റ് (കരാർ).

(ബി) ആയതിനായുള്ള അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലാണ് പരസ്യം നല്കിയതെന്ന് വ്യക്തമാക്കുമോ?

കരാർ നിയമനങ്ങളിൽ പത്ര പരസ്യം നൽകിയിരുന്നു. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരള കൗമുദി, മംഗളം, മാധ്യമം എന്നീ പത്രങ്ങളിൽ അപേക്ഷ ക്ഷണിച്ചുകൊണ്ട് അറിയിപ്പ് നൽകിയിരുന്നു.

(സി) പ്രസ്തുത നിയമനങ്ങളിൽ ക്രമക്കേട് നടന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ലീഗൽ കൺസൽട്ടന്റ് നിയമനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കാതെ പത്രപരസ്യം നൽകി നിയമനം നടത്തുന്നത് ഏത് സാഹചര്യത്തിലാണ്?

കൊച്ചിൻ ലിറ്റററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം (12 ഓഫ് 1955) പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ശിശുക്ഷേമ സമിതി. സമിതി നിയമാവലി, സമിതിക്ക് സ്വന്തമായുള്ള സർവ്വീസ് റൂൾ ഇവ പ്രകാരമാണ് ജീവനക്കാരുടെ നിയമനങ്ങൾ നടത്തുന്നത്. കോവിഡുമായി ബന്ധപ്പെട്ട് പ്രത്യേക പ്രതിസന്ധി സാഹചര്യത്തിലും സ്ഥാപനത്തിന്റെ അടിയന്തര ആവശ്യം പരിഗണിച്ചുമാണ് പത്രപ്പരസ്യം നൽകി നിയമനം നടത്തിയത്.

## സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ

273 (2212) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർക്കാർ അംഗീകൃത വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്?

സാമൂഹ്യനീതി വകുപ്പിന് കീഴിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടിയുള്ള 619 സർക്കാരിതര വൃദ്ധസദനങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ അംഗീകാരമില്ലാത്ത വൃദ്ധസദനങ്ങളുടെ എണ്ണമെത്ര?

വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി) വൃദ്ധരായ അന്തേവാസികളുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്?

സർക്കാർ വൃദ്ധസദനത്തിലെ താമസക്കാരുടെ ശുശ്രൂഷയ്ക്കും പുനരധിവാസത്തിനുംവേണ്ടി സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. താമസക്കാർക്ക് ആയുർവേദ ചികിത്സ നൽകുന്ന വയോ അമൃതം പദ്ധതി, താമസക്കാരുടെ ശാരീരികക്ഷമതയും മാനസികാരോഗ്യവും മെച്ചപ്പെടുത്തുന്നതിനുള്ള മ്യൂസിക് തെറാപ്പി, യോഗ തെറാപ്പി, വയോജനങ്ങളുടെ മാനസിക സുസ്ഥിതി ഉറപ്പുവരുത്തുന്നതിന് NIMHANS-ന്റെ സഹായത്തോടുകൂടി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം വൃദ്ധസദനങ്ങളിൽ സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡേർലി ഇൻ ഓൾഡ് ഏജ് ഹോം പദ്ധതി, സംസ്ഥാനത്തെ വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും, സേവനങ്ങളും ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം പ്രോജക്ട്

(കണ്ണൂർ, മലപ്പുറം, കൊല്ലം വൃദ്ധസദനങ്ങളിൽ) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഒരു താമസക്കാരന് പ്രതിമാസം 1,100 രൂപ എന്ന നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി മതിയായ ശുശ്രൂഷയും നൽകിവരുന്നു.

(ഡി) വൃദ്ധർക്കായി ഓരോ ജില്ലയിലും സീനിയർ സിറ്റിസൺസ് ഹാബിറ്റാറ്റ് സെന്റർ എന്ന പേരിൽ ഒരു ഏകീകൃത പാർപ്പിട സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ സംരക്ഷണം ഏറ്റെടുത്തവരുടെ ഇപ്പോഴത്തെ വിശദാംശങ്ങൾ

274 (2213) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ സർക്കാർ സംരക്ഷണം ഏറ്റെടുക്കുന്നതായി തീരുമാനം എടുത്തിട്ടുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും പേരുവിവരം, മേൽവിലാസം എന്നിവ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള വ്യക്തികളുടെ/കുടുംബങ്ങളുടെ പേരുവിവരം അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരിൽ ഓരോരുത്തരുടെയും ഇപ്പോഴത്തെ ജീവിതാവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം ഏറ്റെടുക്കപ്പെട്ടവരിൽ ചെറിയ കുട്ടികളോ വിദ്യാർത്ഥികളോ ഉൾപ്പെട്ടിരുന്നുവെങ്കിൽ അവരിൽ ഓരോരുത്തർക്കും ലഭ്യമായ വിദ്യാഭ്യാസം, സ്വയം തൊഴിൽ പരിശീലനം, ലഭ്യമായ തൊഴിൽ, അവരുടെ ഇപ്പോഴത്തെ ജീവിതാവസ്ഥ എന്നിവ യഥാക്രമം പ്രത്യേകമായി ലഭ്യമാക്കുമോ?

(എ-ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

(ഇ) ഏറ്റെടുക്കപ്പെട്ടവരിൽ വിധവകൾ, നിരാലംബരായ സ്ത്രീകൾ എന്നിവർ ഉൾപ്പെട്ടിരുന്നുവെങ്കിൽ അവരുടെ ഇപ്പോഴത്തെ സാമൂഹിക സാമ്പത്തിക ജീവിതാവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണം

275 (2214) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ വൃദ്ധജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അവസരങ്ങൾ കുറവായതിനാൽ വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ആരോഗ്യവകുപ്പ് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ സമൂഹത്തിൽനിന്ന് കൂടുതൽ ഒറ്റപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പരിഹാരമാർഗ്ഗങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) കോവിഡ് മഹാമാരിയും അതേതുടർന്നുള്ള ലോക്ക്ഡൗണും, റിവേഴ്സ് ക്വാറന്റൈനും വൃദ്ധജനങ്ങൾക്ക് അവരുടെ ഭവനങ്ങളിലോ മുറിക്കുള്ളിലോ ഏകാന്തതയോടെ കഴിയുന്നതിന് കാരണമാവുകയും ഇതേതുടർന്ന് അവർക്ക് വിവിധതരത്തിലുള്ള മാനസിക അസ്വാസ്ഥ്യം ഉടലെടുത്തതായും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇതൊരു പരിധിവരെ നേരിടുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പും സാമൂഹ്യനീതി വകുപ്പും മറ്റ് ഏജൻസികളുമായി ഒത്തുചേർന്ന് കൊണ്ട് 'ഗ്രാന്റ് കെയർ പദ്ധതി' നടപ്പിലാക്കുകയുണ്ടായി. കുടുംബശ്രീ, അങ്കണവാടി, പാലിയേറ്റീവ് കെയർ, ആശാപ്രവർത്തകർ എന്നിവരെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വയോജനങ്ങളെയും നേരിട്ടും ടെലിഫോണിലൂടെയും ബന്ധപ്പെടുകയും അവരുടെ ആരോഗ്യപരവും മാനസികവുമായ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഗ്രാന്റ് കെയർ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. വീടിന് പുറത്തിറങ്ങാൻ സാധിക്കാതിരുന്ന വൃദ്ധജനങ്ങൾക്ക് അവരുടെ ആവശ്യാനുസരണം മരുന്നും ഭക്ഷണവും മറ്റ് ആവശ്യങ്ങളും വീടിനുള്ളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെടലും ഏകാന്തതയും മാനസിക പിരിമുറക്കം വർദ്ധിപ്പിക്കുന്നതിന് സാധ്യതയുള്ളതിനാൽ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ഇവർക്ക് ടെലിഫോണിക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട് എന്ന പദ്ധതിയിലൂടെ രണ്ട് ലക്ഷത്തോളം വരുന്ന ഒറ്റയ്ക്കു താമസിക്കുന്ന വയോധികരെ ടെലിഫോണിലൂടെ ബന്ധപ്പെടുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി

ഫെയ്സ് ബുക്കിലൂടെ വിനോദപരിപാടികളും ആരോഗ്യവകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ ഏകാന്തതയിലേയ്ക്ക് നയിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുസംബന്ധമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ കണക്ക്

276 (2215) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ. ഗോഡൗണിൽനിന്നും സർക്കാർ കൈപ്പറ്റാറുണ്ടോ?

സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തിയതിനുശേഷം, മുൻഗണനാ വിഭാഗത്തിൽ അധിക നീക്കിയിരിപ്പായി വന്ന സ്റ്റോക്ക് കുറവുചെയ്ത് വിട്ടെടുത്ത ചില മാസങ്ങളിലേതൊഴിച്ചാൽ, കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകുന്ന മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ.-യിൽനിന്നും കൈപ്പറ്റാറുണ്ട്.

(ബി) 2020 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്തിന് അനുവദിച്ചതും കൈപ്പറ്റിയതുമായ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് ലഭ്യമാകുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു *.

(സി) കോവിഡ് പ്രതിസന്ധിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്രം ഇപ്രകാരം അനുവദിച്ചതെന്ന് അറിയിക്കുമോ?

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്രം സംസ്ഥാനത്തിന് കൂടുതലായി ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്. PMGKAY (പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന) സ്കീമിൽ അരിയും ഗോതമ്പുമുൾപ്പെടെ 592905.48 മെ.ടൺ ഭക്ഷ്യധാന്യവും 29528.735 മെ.ടൺ പയർവർഗ്ഗങ്ങളും അതിഥിത്തൊഴിലാളികൾക്ക് നൽകുന്നതിനായി ആത്മ നിർഭർ ഭാരത് സ്കീമിൽ 15480.012 മെ.ടൺ അരിയും 745.058 മെ.ടൺ പയർവർഗ്ഗങ്ങളും നൽകിയിരുന്നു. കൂടാതെ മുൻഗണനേതര വിഭാഗങ്ങൾക്കായി 133000 മെ.ടൺ അരിയും നൽകിയിട്ടുണ്ട്.

(ഡി)ഇപ്രകാരം കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായിട്ടാണോ അനുവദിച്ചത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

PMGKAY സ്കീം മുഖേന മുൻഗണനാ വിഭാഗങ്ങൾക്ക് നൽകിയ വിഹിതവും അതിഥിത്തൊഴിലാളികൾക്ക് ANB സ്കീം മുഖേന നൽകിയ വിഹിതവും സൗജന്യമായിട്ടാണ് അനുവദിച്ചത്. എന്നാൽ മുൻഗണനേതര വിഭാഗത്തിനനുവദിച്ച വിഹിതം കി.ഗ്രാമിന് 22 രൂപ നിരക്കിലാണ് ലഭ്യമാക്കിയത്.

## വൈത്തിരി താലൂക്കിലെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

277(2216) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിന്റെ ഭാഗമായി വൈത്തിരി താലൂക്കിൽ ഓരോ മാസവും എത്ര ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു; ഇതിനായി ഓരോ മാസവും ചെലവായ തുകയെത്ര; വിശദമാക്കാമോ?

വൈത്തിരി താലൂക്കിൽ ഓരോ മാസവും വിതരണം ചെയ്ത ഭക്ഷ്യ കിറ്റിന്റെ വിശദമായ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതിനായി ചെലവായ തുക സംബന്ധിച്ച കണക്കുകൾ സപ്ലൈകോ തലത്തിൽ തയ്യാറാക്കിവരുന്നു. സംസ്ഥാനത്ത് സൗജന്യ കിറ്റ് വിതരണത്തിനായി നാളിതുവരെ 2845.79 കോടി രൂപയാണ് സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്.

## പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിയിലെ പയറുവർഗ്ഗങ്ങൾ

278(2217) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾ സംസ്ഥാനത്ത് എത്രയുണ്ടെന്നും പ്രസ്തുത പരിധിയിൽ വരാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

588092 എ.എ.വൈ കാർഡുകളും 3247478 പി.എച്ച്.എച്ച്. കാർഡുകളും ഉൾപ്പെടെ ആകെ 3835570 ഭക്ഷ്യഭദ്രതാ കാർഡുടമകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നത്.ഇതിലേയ്ക്കായി സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നത്.

(ബി) പ്രസ്തുത കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയറുവർഗ്ഗങ്ങൾ അനുവദിച്ചിരുന്നോയെന്നും ഇത് ഈ കാർഡുടമകൾക്ക് നൽകിയോയെന്നും വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയർവർഗ്ഗങ്ങൾ അനുവദിച്ചിരുന്നു. അതിന്റെ വിതരണം പുരോഗമിക്കുന്നു.

(സി) പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന (പി.എം.ജി.കെ.എ.വൈ.) പദ്ധതിയിൽ ലഭിച്ച ഈ പയർവർഗ്ഗങ്ങൾ (കടലയും പയറും) വക മാറ്റിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റിൽ പയറിനും കടലയ്ക്കും ക്ഷാമം വന്നപ്പോൾ പി.എം.ജി.കെ.എ.വൈ. പദ്ധതിയിൽ ലഭിച്ച കടലയും പയറും വകമാറ്റിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ഉണ്ട്. ഓരോ മാസവും റേഷൻ കടകളിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തിയതിനുശേഷം, വരും മാസങ്ങളിലേക്ക് വിതരണം

ചെയ്യേണ്ടതായിട്ടുള്ള പയർവർഗ്ഗങ്ങൾ നീക്കിയിരിപ്പായ സാഹചര്യം ഡിപ്പോകളിൽ ഉണ്ടായിരുന്നു. സൂക്ഷിപ്പ് കാലാവധി കുറവായ മേൽപ്പറഞ്ഞ പയർവർഗ്ഗങ്ങൾ ഉപയോഗ ശൂന്യമാകാതിരിക്കുവാൻ, ഡിപ്പോകളിൽ ആഭ്യന്തര ക്രമീകരണങ്ങൾ നടത്തി ഉപയുക്തമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള പയർവർഗ്ഗങ്ങൾ മുഴുവനായും PMGKAY/ നീക്കിയിരിപ്പിലേക്ക് നൽകുകയും, ആയത് ആവശ്യാനുസരണം റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ഉപയോഗശൂന്യമായിപോകുമായിരുന്ന പയർവർഗ്ഗങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) നവംബർ മാസം വിതരണം ചെയ്യേണ്ട പയർവർഗ്ഗങ്ങൾ ജനുവരിയായിട്ടും കാർഡുടമകളിൽ ഭൂരിഭാഗത്തിനും ലഭിച്ചിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

PMGKAY പദ്ധതി പ്രകാരം രണ്ടാം പാദത്തിന്റെ വിതരണം 2020 ജൂലൈ മുതൽ നവംബർ വരെയായിരുന്നെങ്കിലും വിതരണം ചെയ്യേണ്ട പയർവർഗ്ഗങ്ങൾ നാഫെഡിൽ നിന്ന് ലഭ്യമായിത്തുടങ്ങിയത് 2020 ആഗസ്റ്റ് മാസം മുതലാണ്. 16-11-2020-ലാണ് അവസാനമായി സ്റ്റോക്ക് ലഭ്യമായത്. എന്നാൽ ഘട്ടംഘട്ടമായി സ്റ്റോക്ക് ലഭ്യമായതിനനുസരിച്ച്, ദ്രുതഗതിയിൽ വിതരണം പൂർത്തിയാക്കുന്ന തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും രണ്ടാം പാദത്തിൽ ഇതുവരെ 92% വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേട്ടങ്ങൾ

279(2218) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഇനിയും എന്തെല്ലാം പുതിയ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർക്കുന്നു *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യക്കിറ്റ് വിതരണം

280(2219) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകുന്ന സൗജന്യ കിറ്റ് വിതരണ പദ്ധതി 2021 ഏപ്രിൽ മാസം വരെ നീട്ടുമ്പോൾ വരുന്ന സാമ്പത്തിക ചെലവ് എത്രയാണ്; വിശദമാക്കുമോ?

നാളിതുവരെ സൗജന്യ കിറ്റ് വിതരണത്തിന് സപ്ലൈകോയ്ക്ക് 2845.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കൂടി സൗജന്യ ഭക്ഷ്യകിറ്റ് വിതരണം തുടരുന്നതിന് പ്രതിമാസം 338.00 കോടി രൂപ എന്ന കണക്കിൽ നാല് മാസങ്ങളിലേയ്ക്ക് ആകെ 1352.00 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കിറ്റിലെ ഇനങ്ങളുടെ വിലയും കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കുന്നതിന് വേണ്ടി വരുന്ന അനുബന്ധ ചെലവുകളും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന തുകയാണ്.

(ബി) കോവിഡ് കാലത്ത് എത്ര അതിഥിത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കുമോ?

2020 ഏപ്രിൽ, മെയ് മാസങ്ങളിൽ 3,20,803 അതിഥി തൊഴിലാളികൾക്ക് 5 കി.ഗ്രാം അരിയോ 4 കി.ഗ്രാം ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് സൗജന്യമായി നൽകി. 2020 മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര പദ്ധതിയായ ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം 1,76,013 അതിഥിത്തൊഴിലാളികൾക്ക് ഒരാൾക്ക് പ്രതിമാസം 5 കി.ഗ്രാം അരിയും ഒരു കുടുംബത്തിന് ഒരു കി.ഗ്രാം കടലയും എന്ന തോതിൽ സൗജന്യമായി നല്കി.

## ഭക്ഷ്യ കിറ്റുകളുടെ ഗുണനിലവാരം

281(2220) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകളിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉൾപ്പെട്ടിരുന്നുവെന്ന പരാതിയുണ്ടായിട്ടുണ്ടോ?

ഭക്ഷ്യക്കിറ്റുകളിൽ ഗുണനിലവാരമില്ലാത്ത ശർക്കര, പർപ്പടകം എന്നിവ ഉൾപ്പെട്ടിരുന്നതായി പരാതി ഉണ്ടായിട്ടുണ്ട്.

(ബി) ഭക്ഷ്യക്കിറ്റുകളിലെ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; ആയതിന്റെ പരിശോധനാഫലം എന്താണെന്ന് അറിയിക്കുമോ?

പയർവർഗ്ഗങ്ങൾ ഡിപ്പോകളിൽ ഗുണനിലവാര പരിശോധന നടത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഗുണനിലവാരമില്ലാത്തത് തിരിച്ചയയ്ക്കുന്നു. റാന്റം അടിസ്ഥാനത്തിൽ നടത്തിയ ലാബ് (CFRD) പരിശോധനകളിൽ 480 സാമ്പിളുകളിൽ 78 എണ്ണത്തിൽ ഗുണനിലവാര വ്യതിയാനം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ശർക്കരയുടെ 33 സാമ്പിളുകളും പർപ്പടകത്തിന്റെ 17 സാമ്പിളുകളും ഉൾപ്പെടും. പ്രൈവറ്റ് ലാബിൽ ശർക്കരയുടെ 40 സാമ്പിളുകൾ പരിശോധിച്ചതിൽ 13 എണ്ണത്തിന് ഗുണനിലവാരമില്ലെന്ന് കണ്ടെത്തുകയും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. ലാബ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ഗുണനിലവാര വ്യതിയാനങ്ങൾക്ക് ടെണ്ടർ വ്യവസ്ഥകളും ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റി (HOMC) ശിപാർശകളും അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യവസ്തുക്കളുടെ സംഭരണവും സംരക്ഷണവും**

282(2221) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനുമായി സർക്കാർ ഉടമസ്ഥതയിലും അല്ലാത്തതുമായ 241 ഗോഡൗണുകൾ സപ്ലൈകോ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ഫ്യൂമിഗേറ്റ് ചെയ്ത് ഭക്ഷ്യധാന്യങ്ങൾ കേടുവരാതെ സംരക്ഷിച്ചുവരുന്നു.

(ബി)സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പുതിയ ഗോഡൗണുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ശാസ്ത്രീയമായി പണികഴിപ്പിച്ച ഗോഡൗണുകൾ സപ്ലൈകോ മാനദണ്ഡങ്ങൾ പ്രകാരം ദീർഘകാല കരാർ

വ്യവസ്ഥയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം മേഖലയിൽ വലിയതുറയിൽ സപ്ലൈകോയുടെ ഉടമസ്ഥതയിൽ 25000 sq.ft NFSA ഗോഡൗൺ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. കൊല്ലം ഡിപ്പോയുടെ കീഴിൽ സപ്ലൈകോ ഉടമസ്ഥതയിൽ 30,000 sq.ft വരുന്ന ഗോഡൗണിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ ഡിപ്പോയിൽ സപ്ലൈകോയുടെ 7 സ്പാൻ ഗോഡൗൺ 40 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചു. തിരുവനന്തപുരത്ത് മച്ചേൽ, മുണ്ടേല എന്നീ സ്ഥലങ്ങളിൽ ദീർഘകാല കരാർ വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചുവരുന്നു. പാലക്കാട് ആലത്തൂരിൽ 13000 sq.ft വരുന്ന ശാസ്ത്രീയ ഗോഡൗൺ ദീർഘകാല കരാർ വ്യവസ്ഥയിൽ ഏർപ്പെട്ട് പ്രവർത്തിച്ചുവരുന്നു. തിരൂരിൽ 40,000 sq.ft വരുന്ന ശാസ്ത്രീയ ഗോഡൗൺ സ്വകാര്യവ്യക്തിയിൽനിന്നും ഏറ്റെടുത്ത് പ്രവർത്തനം ഈ മാസം ആരംഭിക്കുന്നുണ്ട്. ശാസ്ത്രീയമായ ഗോഡൗൺ ഇല്ലാത്ത 30 ഡിപ്പോകൾക്കായി Expression of Interest ക്ഷണിക്കുകയും ആയത് പ്രകാരം 97 അപേക്ഷകൾ ലഭ്യമാകുകയും ആയതിന്റെ മേഖലാ തലത്തിലുള്ള സ്ഥലപരിശോധന നടന്നുവരികയും ചെയ്യുന്നു.

## സിവിൽ സപ്ലൈസ് ഡിപ്പോയുടെ പ്രവർത്തനം

283(2222) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള സിവിൽ സപ്ലൈസ് ഡിപ്പോയുടെ പ്രവർത്തനം പുനരാരംഭിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; തൽസ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

പീരുമേട് താലൂക്കിൽ കുട്ടിക്കാനത്ത് പ്രവർത്തിച്ചുവരുന്ന സപ്ലൈകോ എക്സ്റ്റൻഷൻ ഡിപ്പോയ്ക്ക് പകരം താലൂക്ക് ഡിപ്പോ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## വയനാട് ജില്ലയിലെ പുതിയ മാവേലി സ്റ്റോറുകൾ

284(2223) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വയനാട് ജില്ലയിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ?

ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ഇടവക മാവേലി സ്റ്റോർ - ഇടവക പഞ്ചായത്ത്, മാനന്തവാടി ഡിപ്പോ - 8-9-2016.

2. ഇരുളം മാവേലി സ്റ്റോർ - പൂതാടി പഞ്ചായത്ത്, സുൽത്താൻ ബത്തേരി ഡിപ്പോ - 16-6-2017.

3. വാകേരി മാവേലി സൂപ്പർ സ്റ്റോർ - പൂതാടി പഞ്ചായത്ത്, സുൽത്താൻ ബത്തേരി ഡിപ്പോ - 24-1-2020.

(സി) കൂടുതൽ മാവേലി സ്റ്റോറുകൾ വയനാട് ജില്ലയിൽ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

നിലവിലെ മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് പുതിയ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാണെങ്കിൽ ആയതിന്റെ സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കുന്ദമംഗലം ലീഗൽ മെട്രോളജി ഓഫീസ്

285(2224) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി കോഴിക്കോട് സർക്കിൾ മൂന്ന് ഓഫീസിന്റെ പരിധിയിലുള്ള ആറ് പഞ്ചായത്തുകൾ കുന്ദമംഗലം നിയോജക മണ്ഡലത്തിലും മൂന്ന് പഞ്ചായത്തുകൾ തിരുവമ്പാടി മണ്ഡലത്തിലുമാണെങ്കിലും ഓഫീസ് കോഴിക്കോട് സിവിൽ സ്റ്റേഷനിൽ തന്നെ തുടരുന്നത് പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ ഓഫീസ് കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ലീഗൽ മെട്രോളജി കോഴിക്കോട് സർക്കിൾ-3 ഇൻസ്പെക്ടർ ഓഫീസ് കോഴിക്കോട് സിവിൽ സ്റ്റേഷനിൽനിന്നും കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## വിശപ്പ് രഹിത പദ്ധതി

286(2225) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി ഇരുപത്തിയഞ്ച് രൂപയ്ക്ക് ഊണ് നൽകുന്ന ആയിരം ഭക്ഷണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി പൊതുജനത്തിന് 20 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന 1000 ജനകീയ ഹോട്ടലുകൾ രൂപീകരിക്കുന്നതിന് 2020-2021 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ അനുമതി നൽകിയിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നത് കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുവിതരണ വകുപ്പും സംയുക്തമായാണ്. ഹോട്ടൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഊണിനുവേണ്ട അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ പൊതു വിതരണ വകുപ്പും ലഭ്യമാക്കുന്നതാണ്. കുടുംബശ്രീ 680 ഹോട്ടലുകൾ ഇതുവരെ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച ജനകീയ ഹോട്ടലുകൾക്ക് പുറമെ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടലുകൾ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ടി ഹോട്ടലുകളിലും 20 രൂപ നിരക്കിലാണ് ഊണ് നല്കിവരുന്നത്.

(ബി) ഇതിനായി റേഷൻ വിലയ്ക്ക് അരിയും സഹായവിലയ്ക്ക് പലവ്യഞ്ജനവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ടോ?

ഇല്ല. (ഭക്ഷ്യശാലകൾക്ക് സബ്സിഡി ഇനത്തിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് പലചരക്ക് സാധനങ്ങളും ആവശ്യമെങ്കിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്).

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തെങ്കിലും സഹായം സർക്കാർ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

## പാതയോരങ്ങളിലെ ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ

287(2226) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ വ്യാപകമായി പ്രവർത്തിക്കുന്ന ലൈസൻസില്ലാത്ത ഭക്ഷ്യശാലകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം ഭക്ഷ്യശാലകളിൽ വിൽക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ?

ഇത്തരം ഭക്ഷണശാലകളിൽനിന്നും ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ സംവിധാനങ്ങൾ നിലവിലുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ഒരു വർഷ കാലയളവിൽ നടത്തിയ പരിശോധനകളിൽ 74 സ്ഥാപനങ്ങൾക്കെതിരെ 1,64,000 രൂപ (ഒരു ലക്ഷത്തി അറുപത്തിനാലായിരം രൂപ) പിഴ ഈടാക്കിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## സംസ്ഥാനത്തെ നിലവിലെ റേഷൻ കടകളുടെ വിവരം

288(2227) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളാണ് (എആർഡി) നിലവിലുള്ളത് ?

സംസ്ഥാനത്ത് 14239 റേഷൻ കടകൾ നിലവിലുണ്ട്.

(ബി) 2016 ജൂൺ ഒന്നാം തീയതിക്ക് മുൻപ് എത്ര കടകളാണ് ഉണ്ടായിരുന്നത്; കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച സംവരണതത്വം പാലിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 ജൂൺ ഒന്നാം തീയതിക്ക് മുൻപ് 14209 കടകൾ നിലവിലുണ്ടായിരുന്നു. ഒരു പ്രദേശത്ത് പുതിയ റേഷൻകടയുടെ ആവശ്യകതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം താഴെപ്പറയുന്ന ഘടകങ്ങൾകൂടി പരിഗണിച്ചാണ് റേഷൻകട ലൈസൻസ് അനുവദിച്ചുവന്നിരുന്നത്:

1. കുറഞ്ഞത് 400 കാർഡെങ്കിലും ടി കടയിൽ ഉണ്ടാകണം.

2. 2 കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു റേഷൻകട നിലവിലുണ്ടാകരുത്.

3. സമീപത്ത് നിലവിലുള്ള റേഷൻകടയുടെ ലാഭകരമായ പ്രവർത്തനത്തെ ബാധിക്കരുത്. എന്നാൽ 1966-ലെ കേരള റേഷനിംഗ് ഉത്തരവിന്റെ പരിഷ്കരണം പൂർത്തിയായതിനുശേഷം മാത്രം പുതിയ ലൈസൻസി നിയമനങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്ന ഉത്തരവുകൾക്കെതിരെ കേസുകൾ ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് സംവരണതത്വം പാലിക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതി വിധി നിലവിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് ലൈസൻസി നിയമനങ്ങൾ നടത്തിവരുന്നു.

(സി) 2016 ജൂൺ ഒന്നിനു ശേഷം എത്ര റേഷൻ കടകൾ ലൈസൻസി ഉപേക്ഷിച്ചു പോയിട്ടുണ്ട്; ലൈസൻസി ഉപേക്ഷിച്ചുപോയ കടകൾ ആർക്കാണ് നൽകുന്നത്; ഒരു ലൈസൻസിക്ക് ഒന്നിലേറെ കടകൾ നൽകിയിട്ടുണ്ടോ; ഇത്തരം എത്ര ലൈസൻസികളാണ് സംസ്ഥാനത്തുള്ളത്; അവ ഏതെല്ലാം ജില്ലകളിലായി എത്ര വീതമുണ്ട്; ലൈസൻസിയുടെ കുടുംബാംഗങ്ങൾക്കും ലൈസൻസി അനുവദിക്കുന്നതിന് തടസ്സമുണ്ടോ?

2016 ജൂൺ ഒന്നിനുശേഷം 276 കടകൾ ലൈസൻസികൾ ഉപേക്ഷിച്ചു പോയിട്ടുണ്ട്. ലൈസൻസി ഉപേക്ഷിച്ചുപോയ കടകൾ തൊട്ടടുത്ത കടയിൽ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ അറ്റാച്ച് ചെയ്യുകയോ കാർഡുകൾ മറ്റു കടയിലേയ്ക്ക് സ്കാറ്റർ ചെയ്യുകയോ ആണ് നിലവിൽ ചെയ്തുവരുന്നത്. ഒരു ലൈസൻസിക്ക് ഒന്നിലധികം റേഷൻ കടകൾ അനുവദിച്ച് നൽകുന്നില്ല. എന്നാൽ സഹകരണ സംഘങ്ങൾക്ക് ഒന്നിലധികം ലൈസൻസ് നൽകാറുണ്ട്.

(ഡി) ലൈസൻസി ഉപേക്ഷിച്ചുപോയ റേഷൻ കടകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടുനൽകാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇപ്രകാരം എത്ര കടകൾ സപ്ലൈകോ ഏറ്റെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നത് ആരാണ്; ഇവയിലെ സ്റ്റോക്ക്, വാതിൽപ്പടി വിതരണം, ഗുണമേന്മ പരിശോധന എന്നിവയുടെ ചുമതല ആർക്കാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലൈസൻസ് ഉപേക്ഷിച്ചുപോയ തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഷനിംഗ് ഓഫീസ് നോർത്തിന്റെ പരിധിയിലുള്ള 119-ാം നമ്പർ റേഷൻകട 2020 നവംബർ 3 മുതൽ സപ്ലൈകോയുടെ അധീനതയിൽ ലൈസൻസ് അനുവദിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത റേഷൻ കടയിൽ സ്റ്റോക്ക്, വാതിൽപ്പടി വിതരണം എന്നിവ സപ്ലൈകോയാണ് നടത്തിവരുന്നത്. ഗുണമേന്മ പരിശോധന സിവിൽ സപ്ലൈസ് വകുപ്പാണ് ചെയ്തു വരുന്നത്.

## ബി.പി.എൽ. കാർഡ്

289(2228) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ എത്രപേർക്കാണ് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗങ്ങൾക്കുപകരമായി മുൻഗണനാ എ.എ.വൈ, പി.എച്ച്.എച്ച്)/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 5,88,092 എ.എ.വൈ. കാർഡുകളും 32,47,478 പി.എച്ച്.എച്ച്. കാർഡുകളും ഉൾപ്പെടെ ആകെ 3,835,570 മുൻഗണനാ കാർഡുകൾ അനുവദിച്ചതിലൂടെ 1,52,94,754 അംഗങ്ങളാണ് മുൻഗണനയിൽ ഉൾപ്പെട്ടിട്ടുള്ളത്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്.

## കോഴിക്കോട് ജില്ലയിലെ മുൻഗണനാ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ

290(2229) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിൽ ഇപ്പോൾ എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ 15,674 അപേക്ഷകളുണ്ട്.

(ബി) അപേക്ഷകളിൽ തീർപ്പു കൽപിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിന് അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് മുൻഗണനാ കാർഡിനുള്ള അപേക്ഷ പരിഹരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അദാലത്തുകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**റേഷൻ കാർഡ് ബി.പി.എൽ. ആയി മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ**

291(2230) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട മുഴുവൻ പേർക്കും ബി.പി.എൽ. കാർഡ് നൽകാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; അതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ & ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നശേഷം റേഷൻകാർഡ് വിതരണത്തിൽ ബി.പി.എൽ./എ.പി.എൽ. എന്ന ക്രമീകരണം അവസാനിച്ചു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടെ സാമൂഹികവും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ 18-9-2017 ലെ സ.ഉ.(സാധാ നം. 320/17/ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര

സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 അംഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്.

## പുതിയ റേഷൻ കാർഡുകൾ

292(2231) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അപേക്ഷിച്ചാൽ 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഇത് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

24 മണിക്കൂറിനകം എല്ലാവർക്കും റേഷൻകാർഡ് നൽകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വയം സമർപ്പിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ 28-4-2020-ൽ ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ വിശദമായ പരിശോധനകൾ കൂടാതെ അനുവദിച്ചുവരുന്നുണ്ട്.

## റേഷൻ കാർഡ് വിതരണം

293(2232) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് പുതിയതായി റേഷൻ കാർഡ് നൽകി ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിവരുന്നുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് പുതുക്കിനൽകിയ 80,18,030 റേഷൻ കാർഡുകളും പുതിയതായി അനുവദിച്ച 9,19,980 കാർഡുകളും ഉൾപ്പെടെ നിലവിലുള്ള ആകെ 89,38,010 കാർഡുകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അനർഹരായ എത്ര കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്?

ഈ സർക്കാർ അനർഹരായ 5,79,990 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) അർഹരായ എത്രപേരെ പുതിയതായി കണ്ടെത്തി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം നൽകിവരുന്നുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

റേഷൻകാർഡ് പുതുക്കലിനുശേഷം നാളിതുവരെ അർഹരായ 5,39,910 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻകാർഡ് അനുവദിച്ച് ഭക്ഷ്യധാന്യം നൽകി വരുന്നുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കിവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

## മുൻഗണനാ വിഭാഗക്കാർക്കുള്ള റേഷൻ കാർഡ്

294(2233) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി 2020-ൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽനിന്ന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി 2020-ൽ 1,96,560 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മലപ്പുറം ജില്ലയിലെ ഏറനാട്, കൊണ്ടോട്ടി താലൂക്കുകളിൽ 2020-ൽ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചുവെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ 2020-ൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനായി ഏറനാട് താലൂക്കിൽ ലഭിച്ച 4140 അപേക്ഷകളിൽ 1541 കുടുംബങ്ങൾക്കും കൊണ്ടോട്ടി താലൂക്കിൽ ലഭിച്ച 1999 അപേക്ഷകളിൽ 775 കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

(സി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡുകൾ അവരുടെ അപേക്ഷ പ്രകാരം 2020-ൽ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റി (കൊണ്ടോട്ടി, ഏറനാട്) എന്നറിയിക്കാമോ?

ഏറനാട് താലൂക്കിൽ 417 കാർഡുകളും കൊണ്ടോട്ടി താലൂക്കിൽ 282 കാർഡുകളും അപേക്ഷ പ്രകാരം 2020-ൽ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തിയ എത്രയാളുകളെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയെന്ന് (കൊണ്ടോട്ടി, ഏറനാട്) വെളിപ്പെടുത്താമോ?

ഏറനാട് താലൂക്കിൽ 1316 കാർഡുകളും കൊണ്ടോട്ടി താലൂക്കിൽ 282 റേഷൻകാർഡുകളും സർക്കാരിന്റെ പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻ കാർഡ് ഉടമകളുടെ വിവരങ്ങൾ

295(2234) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കാർഡ് ഉടമകളാണ് നിലവിലുള്ളത്; ഇതിൽ ഓരോ വിഭാഗത്തിലും എത്ര വീതം കാർഡുകളുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള ആകെ റേഷൻ കാർഡുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2016 ജൂൺ മുതൽ നാളിതുവരെ ഓരോ വർഷവും എത്ര പേർ പുതിയ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിച്ചു; ഇതിൽ ഏതെല്ലാം വിഭാഗത്തിലായി എത്ര പേർക്ക് പുതുതായി കാർഡുകൾ അനുവദിച്ചു; ഇതിന്റെ ജില്ല/വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ; 2016 ജൂൺ വരെ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്തുണ്ടായിരുന്നത്; ജില്ല/വിഭാഗം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

2016-ൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിനുശേഷം 2018 മുതലാണ് പുതിയ റേഷൻകാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയത്. 2018 മുതൽ നാളിതുവരെ ഓരോ വർഷവും പുതിയ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങളും വിവിധ വിഭാഗങ്ങളിലായി പുതിയതായി അനുവദിച്ച കാർഡുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും 2016 ജൂൺ വരെ സംസ്ഥാനത്തുണ്ടായിരുന്ന റേഷൻ കാർഡുകളുടെ ജില്ല/വിഭാഗം തിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) 2020 ജനുവരിക്കുശേഷം എത്ര റേഷൻ കാർഡുകൾ പുതുതായി ഓരോ മാസവും അനുവദിച്ചു; പുതിയ റേഷൻ കാർഡുകളായി നൽകുന്നത് വെള്ള കാർഡുകൾ മാത്രമാണോ; വെള്ള റേഷൻ കാർഡ് ലഭിക്കുന്ന ദരിദ്രവിഭാഗത്തിലുള്ളവർക്കോ പാവപ്പെട്ടവർക്കോ പിന്നീട് മറ്റുവിഭാഗം കാർഡുകളിലേയ്ക്ക് മാറ്റം അനുവദിക്കാറുണ്ടോ; അതിന്റെ മാനദണ്ഡമെന്താണ്; 2016-നുശേഷം ഇങ്ങനെ വെള്ള വിഭാഗത്തിൽ നിന്നും നീല, പിങ്ക്, മഞ്ഞ വിഭാഗങ്ങളിലേക്ക് എത്ര കാർഡുകൾ മാറ്റി അനുവദിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2020 ജനുവരിക്കുശേഷം പുതുതായി ഓരോ മാസവും അനുവദിച്ച റേഷൻ കാർഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പുതിയ റേഷൻ കാർഡുകളായി അനുവദിക്കുന്ന വെള്ള കാർഡുകൾ NP(NS) ആണ്. ഇത്തരത്തിൽ വെള്ള കാർഡുകൾ NP(NS) ലഭിക്കുന്ന കാർഡുടമകൾ മറ്റു വിഭാഗങ്ങളിലേക്ക് കാർഡുകൾ മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ അർഹതയുള്ളപക്ഷം മറ്റു വിഭാഗങ്ങളിലുള്ള കാർഡുകൾ അനുവദിച്ചുവരുന്നുണ്ട്. 2016-ന് ശേഷം ഇങ്ങനെ വെള്ള (NP(NS)) വിഭാഗത്തിൽനിന്നും നീല (NP(S)), പിങ്ക് (PHH), മഞ്ഞ (AAY) വിഭാഗങ്ങളിലേക്ക് മാറ്റി അനുവദിച്ച കാർഡുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു *.

(ഡി) റേഷൻ കാർഡ് അനുവദിച്ചശേഷം എത്ര ദിവസത്തിന് ശേഷമാണ് കാർഡ് ഉടമയെ ഇ-പോസ് മെഷീനിലെ സംവിധാനത്തിലേക്ക് അപ്ഡേറ്റ് ചെയ്യുന്നത്; ഇതിൽ കാലതാമസമുണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; അങ്ങനെ എങ്കിൽ ഈ കാലതാമസം പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

റേഷൻ കാർഡ് ഡാറ്റായും അതുമായി ബന്ധപ്പെട്ട മാറ്റങ്ങളും Ration card Management System (RCMS) എന്ന പോർട്ടലിലൂടെ കേരള NIC-യും, ഈ ഡാറ്റാ ഉപയോഗിച്ച് ഇ-പോസ് മെഷീനിലൂടെ റേഷൻ വിതരണം നടത്തുന്ന സംവിധാനമായ Aadhar Enabled Public Distribution System (AePDS) ഹൈദരാബാദ് NIC-യുമാണ് കൈകാര്യം ചെയ്യുന്നത്. റേഷൻ കടയിലുള്ള ഇ-പോസ് മെഷീനിലൂടെ റേഷൻ വിതരണം നടത്തുന്നതിന്, ഓരോ മാസവും നിലവിലുള്ള റേഷൻ കാർഡ് വിവരങ്ങൾ ഈ ഡാറ്റാ സൂക്ഷിക്കുന്ന RCMS സെർവ്വറിൽനിന്നും ഇ-പോസ് മെഷീന്റെ സെർവ്വറിലേക്ക് (AePDS) ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. ഓരോ മാസവും ഏകദേശം 22-ാം തീയതിയാണ് അടുത്ത മാസത്തെ വിതരണത്തിനായുള്ള റേഷൻ കാർഡ് ഡാറ്റാ ഇ-പോസ് മെഷീന്റെ സെർവ്വറിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്. അതിനോടൊപ്പം അലോട്ട്മെന്റ് ഫിക്സ് ചെയ്യൽ, പോളിസി സെറ്റ് ചെയ്യൽ തുടങ്ങി ധാരാളം പ്രോസസ് കൂടി പൂർത്തിയാക്കിയാണ് തൊട്ടടുത്ത മാസത്തെ റേഷൻ വിതരണം തുടങ്ങുന്നത്. 22-ാം തീയതിക്ക് ശേഷം റേഷൻ കാർഡ് ഡാറ്റായിലുണ്ടാകുന്ന മാറ്റങ്ങൾ സ്വാഭാവികമായും തൊട്ടടുത്ത മാസത്തിൽ ഇ-പോസ് മെഷീനിൽ ലഭ്യമാകുകയില്ല. ആയതിനാൽ ഇത്തരത്തിലുള്ള കാർഡുകൾക്ക് റേഷൻ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിവാസി കുടുംബങ്ങൾക്ക് റേഷൻകാർഡ്

296(2235) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിൽ റേഷൻ കാർഡ് കിട്ടാത്ത എത്ര ആദിവാസി കുടുംബങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

വൈത്തിരി താലൂക്കിൽ 2020 ഡിസംബർ മാസം വരെ അപേക്ഷ നൽകിയ എല്ലാ ആദിവാസി കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ബഹു.എം.എൽ.എ. പ്രത്യേക അദാലത്തുകൾ നടത്തി ഹാജരായ ആദിവാസി കുടുംബങ്ങളുടെ റേഷൻ കാർഡ് അപേക്ഷകൾ തീർപ്പാക്കുകയുണ്ടായി. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഈ മാസം വരെ ലഭിച്ച അപേക്ഷകൾ പരിശോധന നടത്തി റേഷൻ കാർഡുകൾ അനുവദിച്ചു വരുന്നുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതുതായി റേഷൻകാർഡ് അനുവദിച്ചു നൽകി?

ഈ സർക്കാർ വന്നശേഷം 27,419 ആദിവാസി കുടുംബങ്ങൾക്ക് പുതുതായി റേഷൻകാർഡ് അനുവദിച്ചു നൽകിയിട്ടുണ്ട്.

## ബി.പി.എൽ. കാർഡ്

297(2236) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പട്ടാമ്പി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്കാണ് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുള്ളത് ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ. വിഭാഗങ്ങൾക്ക് പകരമായി മുൻഗണനാ (എ.എ.വൈ, പി.എച്ച്.എച്ച്)/ മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 5,88,092 എ.എ.വൈ. കാർഡുകളും 32,47,478 പി.എച്ച്.എച്ച്. കാർഡുകളും ഉൾപ്പെടെ ആകെ 38,35,570 മുൻഗണനാ കാർഡുകൾ അനുവദിച്ചു.

മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. പട്ടാമ്പി മണ്ഡലത്തിൽ 29,343 കുടുംബങ്ങൾക്കാണ് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളത്.

(ബി) ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ഏതെല്ലാം രീതിയിലുള്ള മുൻഗണനയാണ് അനുവദിച്ചുവരുന്നത്; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.പി.എൽ./ ബി.പി.എൽ. കാർഡുകൾക്ക് പകരം മുൻഗണനാ/മുൻഗണനേതര കാർഡുകളാണ് നിലവിലുള്ളത്. 18-9-2017-ലെ സ.ഉ(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ പ്രകാരമാണ് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്.

### റേഷൻ വ്യാപാരികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ

298(2237) ശ്രീ. എൻ. ഷംസുദ്ദീൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട റേഷൻ വ്യാപാരികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കേസുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ & ബി) ഈ സർക്കാർ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട റേഷൻ വ്യാപാരികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു *.

### പൊതുവിതരണ കേന്ദ്ര ലൈസൻസിനായുള്ള അപേക്ഷകൾ

299(2238) ശ്രീ. മുല്ലക്കര രത്നാകരൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലൈസൻസി തന്നെ ഒന്നിലധികം പൊതുവിതരണ കേന്ദ്രങ്ങൾ നടത്തി വരുന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ സംഭവിക്കാനിടയായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ സ്ഥാപനങ്ങൾക്ക് മാത്രമേ ഒന്നിലധികം ലൈസൻസ് അനുവദിച്ചു നൽകാറുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ എത്ര എ.ആർ.ഡി. ലൈസൻസുകൾ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ?

കൊല്ലം ജില്ലയിൽ 35 എ.ആർ.ഡി.കളുടെ ലൈസൻസുകൾ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| താലൂക്ക് | എണ്ണം |
|---|---|
| കൊല്ലം | 27 |
| കൊട്ടാരക്കര | 1 |
| കരുനാഗപ്പള്ളി | 4 |
| പത്തനാപുരം | 0 |
| പുനലൂർ | 2 |
| കുന്നത്തൂർ | 1 |
| ആകെ | 35 |

(സി) കൊല്ലം ജില്ലയിൽ എ.ആർ.ഡി. നടത്തിപ്പ് ലൈസൻസിനായുള്ള എത്ര അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുവാനുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ എ.ആർ.ഡി. നടത്തിപ്പ് ലൈസൻസിനായി നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. 1966-ലെ കേരള റേഷനിംഗ് ഉത്തരവിന്റെ പരിഷ്കരണം പൂർത്തിയായതിനുശേഷം മാത്രം പുതിയ ലൈസൻസി നിയമനങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ഇ-പോസ് മെഷീൻ**

300(2239) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ പൊതുവിതരണ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇ-പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിനായി ഇ-ടെണ്ടർ വിളിക്കുകയും പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്ത് വെയിംഗ് സ്കെയിൽ മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) ഇ-പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിക്കുന്നതിന് എന്തെങ്കിലും ഫണ്ട് മാറ്റിവെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഫണ്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ഏതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(ഡി) സർക്കാർ മാനദണ്ഡമനുസരിച്ച് ഇ-പോസ് മെഷീനുകൾ ത്രാസുകളുമായി ബന്ധിപ്പിച്ച് അളവ് കൃത്യമായി പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വെയിംഗ് സ്കെയിൽ മെഷീൻ വാങ്ങുന്നതിനായി റീ-ടെണ്ടർ വിളിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി കൂടുകയും അടിയന്തരമായി റീ-ടെണ്ടർ ചെയ്ത് വെയിംഗ് സ്കെയിൽ മെഷീനുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

301(2240) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾ സംസ്ഥാനത്ത് എത്രയുണ്ടെന്നും ഈ പരിധിയിൽ വരാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

588092 എ.എ.വൈ. കാർഡുകളും 3247478 പി.എച്ച്.എച്ച്. കാർഡുകളും ഉൾപ്പെടെ ആകെ 3835570 ഭക്ഷ്യഭദ്രതാ കാർഡുടമകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേയ്ക്കായി സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയർവർഗ്ഗങ്ങൾ അനുവദിച്ചിരുന്നോ എന്നും ആയത് മേൽപ്പറഞ്ഞ കാർഡുടമകൾക്ക് നൽകിയോ എന്നും വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന റേഷൻ കാർഡുടമകൾക്ക് നൽകാൻ കേന്ദ്ര സർക്കാർ സൗജന്യ പയർവർഗ്ഗങ്ങൾ അനുവദിച്ചിരുന്നു. അതിന്റെ വിതരണം പുരോഗമിക്കുന്നു.

(സി) പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്നയോജന (പി.എം.ജി.കെ.എ.വൈ) പദ്ധതിയിൽ ലഭിച്ച ഈ പയർവർഗ്ഗങ്ങൾ (കടലയും പയറും) വക മാറ്റിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഓരോ മാസവും റേഷൻ കടകളിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തിയതിനുശേഷം, വരും മാസങ്ങളിലേക്ക് വിതരണം ചെയ്യേണ്ടതായിട്ടുള്ള പയർവർഗ്ഗങ്ങൾ നീക്കിയിരിപ്പായ സാഹചര്യം ഡിപ്പോകളിലുണ്ടായിരുന്നു. സൂക്ഷിപ്പ് കാലാവധി കുറവായ മേൽപ്പറഞ്ഞ പയർവർഗ്ഗങ്ങൾ ഉപയോഗ ശൂന്യമാകാതിരിക്കുവാൻ, ഡിപ്പോകളിൽ ആഭ്യന്തര ക്രമീകരണങ്ങൾ നടത്തി ഉപയുക്തമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള പയർവർഗ്ഗങ്ങൾ മുഴുവനായും PMGKAY/ നീക്കിയിരുപ്പിലേക്ക് നൽകുകയും, ആയത് ആവശ്യാനുസരണം റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ഉപയോഗശൂന്യമായി പോകുമായിരുന്ന പയർവർഗ്ഗങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യക്കിറ്റിൽ പയറിനും കടലയ്ക്കും ക്ഷാമം വന്നപ്പോൾ പി.എം.ജി.കെ.എ.വൈ. പദ്ധതിയിൽ ലഭിച്ച കടലയും പയറും വകമാറ്റിയിരുന്നോ; വ്യക്തമാക്കാമോ?

ഉണ്ട്. ഓരോ മാസവും റേഷൻ കടകളിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തിയതിനുശേഷം, വരും മാസങ്ങളിലേയ്ക്ക് വിതരണം ചെയ്യേണ്ടതായിട്ടുള്ള പയർവർഗ്ഗങ്ങൾ നീക്കിയിരിപ്പായ സാഹചര്യം ഡിപ്പോകളിലുണ്ടായിരുന്നു. സൂക്ഷിപ്പ് കാലാവധി കുറവായ മേൽപ്പറഞ്ഞ പയർവർഗ്ഗങ്ങൾ ഉപയോഗ ശൂന്യമാകാതിരിക്കാൻ, ഡിപ്പോകളിൽ ആഭ്യന്തര ക്രമീകരണങ്ങൾ നടത്തി ഉപയുക്തമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള പയർവർഗ്ഗങ്ങൾ മുഴുവനായും PMGKAY/ നീക്കിയിരുപ്പിലേക്ക് നൽകുകയും, ആയത് ആവശ്യാനുസരണം റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതുമൂലം ഉപയോഗശൂന്യമായി പോകുമായിരുന്ന പയർവർഗ്ഗങ്ങൾ മുഴുവനായും ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) നവംബർ മാസം വിതരണം ചെയ്യേണ്ട പയർവർഗ്ഗങ്ങൾ ജനുവരിയായിട്ടും കാർഡുടമകളിൽ ഭൂരിഭാഗത്തിനും ലഭിച്ചിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

PMGKAY പദ്ധതി പ്രകാരം രണ്ടാം പാദത്തിന്റെ വിതരണം 2020 ജൂലൈ മുതൽ നവംബർ വരെയായിരുന്നെങ്കിലും വിതരണം ചെയ്യേണ്ട പയർവർഗ്ഗങ്ങൾ നാഫെഡിൽനിന്ന് ലഭ്യമായിത്തുടങ്ങിയത് 2020 ആഗസ്റ്റ് മാസം മുതലാണ്. 16-11-2020-ലാണ് അവസാനമായി സ്റ്റോക്ക് ലഭ്യമായത്. എന്നാൽ ഘട്ടം ഘട്ടമായി സ്റ്റോക്ക് ലഭ്യമായതിനനുസരിച്ച്, ദ്രുതഗതിയിൽ വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും രണ്ടാംപാദത്തിൽ ഇതുവരെ 92% വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## സൗജന്യ ഭക്ഷ്യകിറ്റ്

302(2241) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഡിസംബറിൽ സൗജന്യ ഭക്ഷ്യകിറ്റ് എത്രപേർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്; അതിൽ എത്ര പേർക്ക് ഇതിനകം കിറ്റ് വിതരണം നടത്തി?

2020 ഡിസംബറിലെ കിറ്റ് സംസ്ഥാനത്തെ 88,68,717 റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യാനാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ 16-1-2021 വരെ 80,58,403 റേഷൻ കാർഡുടമകൾക്കുള്ള കിറ്റ് വിതരണം പൂർത്തിയായി കഴിഞ്ഞു. ഇതിനുപുറമെ അംഗീകാരമുള്ളതും ഇല്ലാത്തതുമായ എല്ലാ അഗതി മന്ദിരങ്ങളിലേയും ആശ്രമങ്ങളിലേയും മഠങ്ങളിലേയും അന്തേവാസികൾക്കും കിറ്റ് നല്കുവാൻ തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ 12-1-2021 വരെ 12,564 ഡിസംബർമാസ കിറ്റുകൾ അഗതി മന്ദിര/ആശ്രമ അന്തേവാസികൾക്കായി നല്കിയിട്ടുണ്ട്.

(ബി) നവംബർ മാസത്തെ സൗജന്യ കിറ്റ് ഇതിനകം എത്രപേർക്ക് വിതരണം ചെയ്തു?

നവംബർ മാസത്തെ കിറ്റ് 16-1-2021 വരെ 84,42,566 റേഷൻ കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 12-1-2021 വരെ അഗതി മന്ദിര/ആശ്രമ അന്തേവാസികൾക്കായി 12,768 നവംബർമാസ കിറ്റുകളും നല്കിയിട്ടുണ്ട്.

(സി) ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം കിറ്റ് വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വസ്തുക്കൾക്കാണ് ദൗർലഭ്യം ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭക്ഷ്യ കിറ്റുകളിലുൾപ്പെടുന്ന പയർവർഗ്ഗങ്ങൾക്കായി പ്രധാനമായും അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നതെന്നതിനാൽ, കോവിഡ് അനുബന്ധ നിയന്ത്രണങ്ങളാലും മറ്റും പയർവർഗ്ഗങ്ങൾക്ക് താൽക്കാലികമായ ദൗർലഭ്യം അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ സമയബന്ധിതമായ തുടർ നടപടികളിലൂടെയും തത്തുല്യമായ രീതിയിൽ പകരമായി ഉൾപ്പെടുത്താവുന്ന ഇനങ്ങൾ ഉപയോഗപ്പെടുത്തിയും കിറ്റ് വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിക്കാത്ത വിധം ദൗർലഭ്യത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

(ഡി) തങ്ങൾക്ക് നൽകാത്ത കിറ്റ് സിവിൽ സപ്ലൈസ് വിഭാഗം കണക്കിൽ കൂട്ടുന്നതായും അത് കാർഡുടമകളുമായിട്ടുള്ള തർക്കത്തിന് ഇടയാക്കുമെന്നും കാണിച്ച് റേഷൻകട ഉടമകൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

ഇത്തരം പരാതികളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എ.പി.എൽ. ഗുണഭോക്താക്കൾക്കുള്ള അരി വിഹിതം

303(2242) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളായതിനാൽ റേഷൻ കാർഡ് എ.പി.എൽ. വിഭാഗത്തിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ കോവിഡ് പശ്ചാത്തലത്തിലും മറ്റും ജോലി നഷ്ടപ്പെട്ട് പ്രവാസം മതിയാക്കി നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള സാഹചര്യത്തിൽ അവരുടെ റേഷൻ വിഹിതം വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) അൽപം വില കൂട്ടിയിട്ടാണെങ്കിലും എ.പി.എൽ. ഗുണഭോക്താക്കൾക്ക് പ്രതിമാസ അരി വിഹിതം വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ & ബി) പ്രവാസികളുൾപ്പെട്ട റേഷൻ കാർഡുകൾ മുൻഗണനേതര വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. നിലവിൽ തിരികെ എത്തിയിട്ടുള്ളവർ എൻ.ആർ.ഐ. സ്റ്റാറ്റസ് മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ നൽകിയാൽ സ്റ്റാറ്റസ് മാറ്റുന്നതിനും പരിശോധന നടത്തി കാർഡ് അർഹമായ വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. കാർഡ് വിഭാഗം മാറുന്നതനുസരിച്ച് റേഷൻ വിഹിതത്തിലും വർദ്ധന ഉണ്ടാകുന്നതാണ്. കോവിഡ്-19 നെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാരിൽനിന്ന് പ്രവാസികുടുംബങ്ങളുൾപ്പെടെയുള്ള മുൻഗണനേതര വിഭാഗങ്ങൾക്ക് കിലോഗ്രാമിന് 22 രൂപ നിരക്കിൽ അനുവദിച്ച അധികവിഹിതമുപയോഗിച്ച് 2020 ഏപ്രിൽ മാസത്തിൽ എല്ലാ മുൻഗണനേതര കുടുംബങ്ങൾക്കും 15 കിലോഗ്രാം അരി വീതം സൗജന്യമായും 2020 മെയ്, ജൂൺ മാസങ്ങളിൽ തന്മാസ വിഹിതം കൂടാതെ കിലോഗ്രാമിന് 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം അരി സ്പെഷ്യലായും വിതരണം ചെയ്തിരുന്നു. ഇപ്രകാരമുള്ള വിതരണത്തിനുശേഷം നീക്കിയിരിപ്പുവന്ന അരി 5 കിലോഗ്രാം വീതം 15 രൂപ നിരക്കിൽ ജൂലൈ മാസത്തിലും വിതരണം ചെയ്തിരുന്നു. കൂടാതെ ഓണം പ്രമാണിച്ച് എല്ലാ മുൻഗണനേതര കുടുംബങ്ങൾക്കും 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം സ്പെഷ്യൽ അരി 2020 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്യുകയും നീക്കിയിരിപ്പ് വന്ന അരി സെപ്റ്റംബർ മാസത്തിൽ 5 കിലോഗ്രാം വീതം 15 രൂപ നിരക്കിൽ വിതരണം ചെയ്യുകയും ചെയ്തിരുന്നു. മുൻഗണനേതര വിഭാഗത്തിന്റെ റേഷൻ വിഹിതം അപര്യാപ്തമായതിനാൽ, റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല.

## റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകൾ

304(2243) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് കൊട്ടാരക്കര താലൂക്കിൽ എത്ര ഗോഡൗണുകളുണ്ട്; അവ എവിടെയെല്ലാമാണ്?

കൊട്ടാരക്കര താലൂക്കിന് കീഴിൽ 2 പി.ഡി.എസ്. ഡിപ്പോകളാണുള്ളത്.

1. കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോ

2. കടയ്ക്കൽ പി.ഡി.എസ്. ഡിപ്പോ. കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോ പ്രവർത്തിക്കുന്ന കെട്ടിടം കൂടാതെ 6 കെട്ടിടങ്ങൾകൂടി റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനുണ്ട്. കടയ്ക്കൽ പി.ഡി.എസ്. ഡിപ്പോ പ്രവർത്തിക്കുന്ന കെട്ടിടം കൂടാതെ മറ്റൊരു കെട്ടിടംകൂടി റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിലുണ്ട്.

(ബി) ഓരോ ഗോഡൗണുകളുടെയും ചുമതലയുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും വെളിപ്പെടുത്തുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഓരോ ഗോഡൗണിലും പ്രതിദിനം ശരാശരി എത്ര അളവിൽ ഭക്ഷ്യധാന്യം കൈകാര്യം ചെയ്യുന്നുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

കൊട്ടാരക്കര ഗോഡൗണിൽ പ്രതിദിനം 8 ലോഡ് ഭക്ഷ്യധാന്യവും കടയ്ക്കൽ ഗോഡൗണിൽ പ്രതിദിനം 6 ലോഡ് ഭക്ഷ്യധാന്യവും കൈകാര്യം ചെയ്യുന്നു.

(ഡി) ഗോഡൗണുകളിലേക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് ഗോഡൗണിൽ രേഖപ്പെടുത്തുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഗോഡൗണിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ആയതിന് സ്റ്റോക്ക് രജിസ്റ്റർ, ഗോഡൗൺ രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ പ്രത്യേകം സൂക്ഷിക്കുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന് എൻ.ഐ.സി. തയ്യാറാക്കി നൽകിയിരിക്കുന്ന സപ്ലൈ ചെയിൻ മാനേജ്മെന്റ് സൊല്യൂഷൻ സോഫ്റ്റ്‌വെയറിലും (SCMS) സപ്ലൈകോ സോഫ്റ്റ്‌വെയറായ DMS-ലും ഫുഡ് കോർപ്പറേഷനിൽനിന്നും എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് രേഖപ്പെടുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യക്കിറ്റ് വാങ്ങാത്തവർക്ക് റേഷൻ നിഷേധിക്കുന്ന നടപടി

305(2244) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകൾ വാങ്ങാത്തവരുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കാർഡുടമകൾക്ക് റേഷൻ വിഹിതം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ?

ഇല്ല.

(സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ അവകാശമാണെന്നിരിക്കെ ഇത്തരം നടപടികൾ ഒഴിവാക്കുമോ എന്നറിയിക്കാമോ?

റേഷൻ നിഷേധിക്കുന്ന ഒരുനടപടിയും സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും കിറ്റ് വാങ്ങാതിരിക്കുകയും നിരന്തരം റേഷൻ വാങ്ങാതിരിക്കുകയും ചെയ്ത മുൻഗണനാ കാർഡുകളുടെ അർഹത പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## "വിശപ്പുരഹിത കേരളം പദ്ധതി"

306(2246) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വിശപ്പുരഹിത കേരളം" പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ?

ഈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ ഉച്ചഭക്ഷണശാലകൾ ആവശ്യകതയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 13-10-2020-ലെ 310/2020 ഭ.പൊ.വി.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ/സഹകരണ സംഘങ്ങൾ തുടങ്ങിയവരുമായി സഹകരിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സുഭിക്ഷ ഹോട്ടലുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. സ്ഥലത്തെ ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അനുയോജ്യമായ സ്ഥലം കണ്ടെത്തി

പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പൊതുമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ ചേർന്ന് വിലനിലവാരം പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 22 അവശ്യസാധനങ്ങളുടെ പൊതു വിപണിയിലുള്ള വില കേന്ദ്ര പൊതു വിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ചേർക്കുകയും ശരാശരി വിലയിൽനിന്നും കൂടിയ വില ഈടാക്കുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ അവരുടെ വിൽപന ശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ നൽകിവരുന്നുണ്ട്. ഒരു ലിറ്റർ കുപ്പിവെള്ളത്തിന് വില 13 രൂപയാക്കി നിജപ്പെടുത്തുകയും കുപ്പിവെള്ളം ലിറ്ററിന് 11 രൂപ നിരക്കിൽ റേഷൻകട വഴി വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യ കിറ്റുകളുടെ വിതരണം നടത്തിയതിനാൽ അരി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ പൊതു വിപണിയിലെ വില വർദ്ധനവ് തടയാൻ കഴിഞ്ഞിട്ടുണ്ട്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് രൂപീകരിച്ച പ്രൈസ് മോണിറ്ററിംഗ് സെൽ കാലാകാലങ്ങളിൽ യോഗം ചേരുന്നുണ്ട്. കൂടാതെ പച്ചക്കറി മാർക്കറ്റുകളിലും ഗോഡൗണുകളിലും കടകളിലും നടത്തിവരുന്ന പരിശോധനകളും റെയ്ഡുകളുംമൂലം കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ കഴിഞ്ഞിട്ടുണ്ട്.

### ഭക്ഷ്യധാന്യക്കിറ്റ്

307(2247) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി എത്ര പേർക്ക് ഭക്ഷ്യധാന്യക്കിറ്റ് സൗജന്യമായി നൽകുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യധാന്യക്കിറ്റ് സ്വീകരിക്കാത്ത കാർഡുടമകളുണ്ടെങ്കിൽ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഉത്പന്നങ്ങൾ

308(2248) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ വില കുറച്ച് സപ്ലൈകോ വഴി നൽകിയതിലൂടെ സർക്കാർ എത്ര രൂപയാണ് 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ സബ്സിഡി നൽകിയതെന്ന് അറിയിക്കുമോ?

അവശ്യ നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് സപ്ലൈകോ വില്പനശാലകൾ മുഖേന വിതരണം ചെയ്തത് വഴി 2018-19 സാമ്പത്തിക വർഷം 281.93 കോടി രൂപയുടെയും 2019-20 സാമ്പത്തിക വർഷം 322.83 കോടി രൂപയുടെയും സബ്സിഡിയാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയത്.

(ബി) ഏതെല്ലാം ഉത്പന്നങ്ങളാണ് സർക്കാർ സബ്സിഡി നൽകി സപ്ലൈകോ വഴി വിതരണം ചെയ്യുന്നത്; വിശദമാക്കുമോ?

സപ്ലൈകോ വില്പനശാലകൾ വഴി സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുന്ന സാധനങ്ങളുടെ പട്ടിക (നിലവിലെ വില ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു *.

## സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത

309(2249) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയും പലവ്യഞ്ജനവും എത്തിച്ച വകയിൽ സപ്ലൈകോ, വിവിധ ഏജൻസികൾക്ക് നിലവിൽ എന്ത് തുക നൽകുവാനുണ്ട്; വിശദമാക്കുമോ?

പർച്ചേസ് ഓർഡർ നൽകി അരിയും പലവ്യഞ്ജനവും വിതരണം ചെയ്ത വകയിൽ നിലവിൽ ഏകദേശം 69 കോടി രൂപ വിതരണക്കാർക്ക് നൽകാനുണ്ട്. ഭക്ഷ്യ കിറ്റിലേയ്ക്കുവേണ്ടി വെളിച്ചെണ്ണ, ഉപ്പ്, ഉലുവ, സാമ്പാർ പൊടി, മഞ്ഞൾപൊടി, മല്ലിപൊടി, മുളക്പൊടി എന്നിവ വിവിധ ഏജൻസികളിൽനിന്നും വാങ്ങിയതിന്റെ സമർപ്പിക്കപ്പെട്ട ബില്ലുകൾ പ്രകാരം 30,93,50,000 രൂപ (മുപ്പത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) നൽകാനുണ്ട്.

(ബി) സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

(സി) 2020 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ കൂടി ഭക്ഷ്യക്കിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്ത് ചെലവ് വരും?

2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാല് മാസങ്ങളിൽകൂടി സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങളിലുൾപ്പെടുത്തി 2021 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽകൂടി സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം തുടരുന്ന പക്ഷം, പ്രതിമാസം 338.00 കോടി രൂപ എന്ന കണക്കിൽ നാല് മാസങ്ങളിലേയ്ക്ക് ആകെ 1352.00 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കിറ്റിലെ ഇനങ്ങളുടെ വിലയും കിറ്റ് തയ്യാറാക്കി റേഷൻ കടകളിൽ എത്തിക്കുന്നതിന് വേണ്ടിവരുന്ന അനുബന്ധ ചെലവുകളും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന തുകയാണ്.

(ഡി) സപ്ലൈകോയുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിന് സഹകരണ ബാങ്കുകളിൽനിന്നും ക്ഷേമനിധി ബോർഡുകളിൽനിന്നും പണം ട്രഷറിയിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്ത് തുക ട്രഷറിയിൽ എത്തിയെന്ന് അറിയാമോ?

അറിവിൽപ്പെട്ടിട്ടില്ല.

**ഓണക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട നടപടികൾ**

310(2250) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് സപ്ലൈകോ വഴി വിതരണം ചെയ്ത ഓണക്കിറ്റിലെ ഏതെല്ലാം ഇനങ്ങളാണ് ഭക്ഷ്യയോഗ്യമായിരുന്നില്ലെന്ന് കണ്ടെത്തിയത് എന്നറിയിക്കാമോ?

ഓണക്കിറ്റിലൂടെ വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളിൽ ഏതാനും ലോഡ് ശർക്കരയും മുളകുപൊടിയുടെ ഒരു ബാച്ചുമാണ് ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയത്.

(ബി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഭക്ഷ്യയോഗ്യമല്ലാത്ത ശർക്കര വിതരണം ചെയ്ത സപ്ലൈയർമാരെ ഒരു വർഷത്തേയ്ക്കും നിലവാരം കുറഞ്ഞ പർപ്പടകം വിതരണം ചെയ്ത സപ്ലൈയറെ മൂന്ന് മാസത്തേയ്ക്കും വിലക്കിയിട്ടുണ്ട്. ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റിയുടെ (HOMC) ശിപാർശയുടെയും ടെണ്ടർ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പേമെന്റ് കട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗുണനിലവാരം പരിശോധിക്കാനുള്ള സമിതി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഭക്ഷ്യക്കിറ്റിലെ സാധനങ്ങളിൽ കണ്ടെത്തിയ ഗുണനിലവാര വ്യതിയാനങ്ങൾ പരിശോധിച്ച ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റി (HOMC) താഴെപറയുന്ന നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. ഭക്ഷ്യ യോഗ്യമല്ലെന്ന് കണ്ടെത്തിയ ശർക്കരയ്ക്ക് പേമെന്റ് നൽകേണ്ടതില്ല. സബ് സ്റ്റാൻഡേർഡായ ശർക്കരയിൽ കണ്ടെത്തിയ ഗുണനിലവാര വ്യതിയാനത്തിന് വിലയുടെ ഇരട്ടി തുക പെനാൽറ്റിയായി ഈടാക്കുക. ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ചിട്ടുള്ള ലോട്ടുകളുടെ പേമെന്റ് തടഞ്ഞു വയ്ക്കുക. ഗുണനിലവാര വ്യതിയാനം കണ്ട സ്റ്റോക്കുകൾ തിരിച്ചെടുക്കുന്നതുവരെ പേമെന്റ് നൽകേണ്ടതില്ല. ശരിയായ ലേബൽ ഇല്ലാതിരുന്ന ലോട്ടുകൾക്ക്, പർച്ചേസ് ഓർഡർ നല്കിയ തീയതിയിലെ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ഹോൾസെയിൽ റേറ്റ് മാത്രം വിലയായി നല്കുക. മേൽ ശിപാർശകളിന്മേൽ സപ്ലൈകോ നടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച സപ്ലൈകോ ശാഖകൾ**

311(2251) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2020 വരെ പുതിയതായി സപ്ലൈകോയുടെ എത്ര ശാഖകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2020 വരെ സപ്ലൈകോയുടെ ഒരു ശാഖ (വട്ടവിള സപ്ലൈകോ സൂപ്പർ മാർക്കറ്റ്) അനുവദിച്ചിട്ടുണ്ട്.

(ബി) അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ സപ്ലൈകോയുടെ പുതിയ വില്പന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടിയുള്ള നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനം സംബന്ധിച്ച് സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ/ നെയ്യാറ്റിൻകര ഡിപ്പോ മാനേജർ മുഖേന ആവശ്യമായ സാധ്യതാ പഠനം നടത്തുന്നുണ്ട്. നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള 700 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം കണ്ടെത്തി 5 വർഷത്തേക്ക് വാടകരഹിതമായും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായുള്ള 1 ലക്ഷം രൂപയും അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൂടി ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

## വള്ളിക്കുന്നിലെ പുതിയ മാവേലി സ്റ്റോറുകൾ

312(2252) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കണ മെന്നാവശ്യപ്പെട്ട് എത്ര നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചേലാമ്പ്ര പഞ്ചായത്തിൽ കൊളകുത്ത് ദേവകിയമ്മ മെമ്മോറിയൽ ഫാർമസി കോളേജിന് സമീപം പുതിയ മാവേലി സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നിവേദന പ്രകാരം അനുയോജ്യമായ കെട്ടിട സൗകര്യം കണ്ടെത്തുന്നതിന് ഡിപ്പോതലത്തിൽ ശ്രമം നടത്തിവരുന്നു. അതോടൊപ്പം നിലവിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരം 5 വർഷ വാടക രഹിത കെട്ടിടവും 1 ലക്ഷം രൂപയും അനുവദിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് വിപണന സാധ്യതയുടേയും, ജീവനക്കാരുടെ ലഭ്യതയുടേയും കൂടി അടിസ്ഥാനത്തിൽ പുതിയ സപ്ലൈകോ വിൽപ്പനശാല അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി) കാലതാമസം ഒഴിവാക്കി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിപണന സാധ്യതയുള്ള പ്രദേശത്ത് അനുയോജ്യമായ കെട്ടിട സൗകര്യവും ജീവനക്കാരുടെ ലഭ്യതയും നിലവിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന അനുവദിക്കേണ്ട അടിസ്ഥാന സൗകര്യവും ലഭ്യമായാൽ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല.

## വാണിമേൽ മാവേലി സ്റ്റോർ വിപുലീകരണം

313(2253) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോർ വിപുലീകരണത്തിന് ശിപാർശ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ശിപാർശയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ശിപാർശ പരിഗണിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ശിപാർശ പരിഗണിക്കാൻ സത്വര നടപടി സ്വീകരിക്കാമോ?

(ബി - ഡി) നാദാപുരം മണ്ഡലത്തിലെ വാണിമേൽ മാവേലി സ്റ്റോറിന് ലഭ്യമായ കെട്ടിടത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷം കൂടുതൽ വിസ്തൃതിയുള്ള 668 ച.അടി കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

## നെല്ല് സംഭരണം

314(2255) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ നെല്ല് സംഭരണംവഴി കർഷകരുടെ നെല്ല് കയറ്റി അയച്ചതിനുള്ള തുക നൽകുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ?

സപ്ലൈകോ മുഖേന സംഭരിക്കുന്ന നെല്ലിന്റെ തുക കർഷകർക്ക് നൽകുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ ഒന്നുംതന്നെയില്ല.

(ബി) ഇത്തരത്തിൽ മങ്കട നിയോജകമണ്ഡലത്തിലുൾപ്പെട്ട കർഷകരുടെ അപേക്ഷ ലഭ്യമായതിൽ തുക നൽകുവാൻ കാലതാമസം നേരിട്ടിട്ടുണ്ടോ;

ഇല്ല.

(സി) ഇത്തരത്തിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ്; കാലയളവ്, തുക എന്നിവ സംബന്ധിച്ച വിവരം മങ്കട നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ കർഷകർക്ക് നൽകുവാൻ കുടിശ്ശികയൊന്നും തന്നെയില്ല.

**റേഷൻകടകൾ വഴി വ്യാജ മട്ട അരി വിതരണം**

315(2256) ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിച്ച വില കുറഞ്ഞ അരി പോളിഷ് ചെയ്ത് റെഡ് ഓക്സൈഡ് ചേർത്ത് മട്ട അരി എന്ന വ്യാജേന റേഷൻ കടകളിലെത്തിക്കുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ?

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിച്ച വില കുറഞ്ഞ അരി പോളിഷ് ചെയ്ത് റെഡ് ഓക്സൈഡ് ചേർത്ത് മട്ട അരി എന്ന വ്യാജേന റേഷൻ കടകളിലെത്തിക്കുകയാണെന്ന ആരോപണ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് അമ്പത്തിയാറ് സ്വകാര്യ മില്ലുകൾ സർക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ടോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടപ്പു സീസണിൽ 50 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(സി) ഇതുപ്രകാരം നൂറ് കിലോ നെല്ല് നൽകുമ്പോൾ 64.5 കിലോ അരി തിരികെ സപ്ലൈകോയ്ക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

മില്ലുകാരുമായിട്ടുള്ള കരാർ പ്രകാരം 100 കിലോ നെല്ല് നൽകുമ്പോൾ കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരം 68 കിലോ അരി തിരികെ സപ്ലൈകോയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ഔട്ട്ടേൺ റേഷ്യോ

സംബന്ധിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പരിഗണിച്ച് ആയത് 64.5% ആയി സംസ്ഥാന സർക്കാർ കുറവു ചെയ്തിട്ടുണ്ട്.

(ഡി) എന്നാൽ കർഷകരിൽനിന്ന് സംഭരിക്കുന്ന ഗുണമേന്മയുള്ള നെല്ല് അരിയാക്കി മില്ലുകൾ വൻ വിലയ്ക്ക് സ്വകാര്യ മൊത്ത കച്ചവടക്കാർക്ക് മറിച്ചു വിൽക്കുകയും പകരം തമിഴ്നാട്, ആന്ധ്ര, മൈസൂരു എന്നിവിടങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ വെള്ള അരി തവിടുപയോഗിച്ച് യന്ത്രസഹായത്തോടെ പോളിഷ് ചെയ്ത് മട്ടയാക്കുകയും ചെയ്യുന്ന കാര്യം നേരത്തെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ?

കേരളത്തിൽ നിന്നുള്ള ഗുണനിലവാരം കൂടിയ നെല്ല് കുത്തിയ അരി മില്ലുടമകൾ അവരുടെ ബ്രാൻഡിൽ വിൽപന നടത്തുകയും, അന്യസംസ്ഥാനത്തിൽനിന്നും കൊണ്ടുവരുന്ന ഗുണനിലവാരവും വിലയും കുറഞ്ഞ അരി പകരമായി സപ്ലൈകോയ്ക്ക് നൽകി വൻ ലാഭമുണ്ടാക്കുന്നുവെന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖലാ ഓഫീസിൽ പി.ഇ.03/2020/സി.ആർ.ഇ. നമ്പരായി പ്രാഥമികാന്വേഷണം നടന്നുവരുന്നു. സപ്ലൈകോയുടെ ധാന്യ സംസ്കരണ കരാർ എടുത്തിട്ടുള്ള മില്ലുകൾ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിന് മോശമായ അരി നൽകുന്നുവെന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ വി.ഇ.05/ 2020/എസ്.ഐ.യു-1 നമ്പരായി വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(ഇ) എങ്കിൽ റേഷൻ വ്യാപാരികളും കാർഡ് ഉടമകളും ഇതു സംബന്ധിച്ച് നൽകിയ പരാതിയിൽ ഭക്ഷ്യ വകുപ്പ് ഇപ്പോൾ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ വെള്ളയരി തവിടുപയോഗിച്ച് യന്ത്രസഹായത്തോടെ പോളിഷ് ചെയ്ത് മട്ടയാക്കി റേഷൻകടകൾവഴി വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സൗജന്യ കിറ്റുകൾ

316(2257) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കേരളത്തിലെ പൊതുവിതരണത്തിനും സൗജന്യ കിറ്റുകൾക്കുമായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പൊതുവിതരണത്തിനായി 10697.67 കോടി രൂപയും 2020-21 കാലയളവിൽ സൗജന്യ കിറ്റുകൾക്കായി 2845.79 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) എത്ര കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നതെന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു *.

**ഓണക്കിറ്റ്**

317(2258) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഓണക്കിറ്റിലെ ശർക്കരയ്ക്ക് ഗുണനിലവാരമില്ലെന്നും തൂക്കത്തിൽ കൃത്രിമമുണ്ടെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൂക്ക കുറവുള്ള ശർക്കര സപ്ലൈയറുടെ ചെലവിൽ തൂക്കം കൃത്യമാക്കി റീപാക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഗുണനിലവാര വ്യതിയാനം കണ്ടെത്തിയ ഉടൻ തന്നെ സ്റ്റോക്ക് പിൻവലിക്കുന്നതിനും പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

(ബി) ഇതിനു പുറമേ ശർക്കരയിൽനിന്ന് ചത്ത പാറ്റയുടെയും തവളയുടെയും അവശിഷ്ടങ്ങളും കൂടാതെ ജനങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ചില വസ്തുക്കളും കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ സോഷ്യൽ മീഡിയയിൽ ധാരാളം ഉണ്ടായിരുന്നെങ്കിലും സപ്ലൈകോയിൽ പരാതി ലഭിച്ചത് കൊയിലാണ്ടി ഡിപ്പോയുടെ കീഴിലുള്ള ഉള്ളേരി സൂപ്പർ മാർക്കറ്റിൽനിന്നും വിതരണം ചെയ്ത കിറ്റിൽ പാൻപരാഗിന്റെ കവർ കണ്ടെത്തിയത് മാത്രമാണ്. ഈ പരാതിക്കാരന് ശർക്കര മാറ്റിനല്കിയിട്ടുണ്ട്.

(സി) എങ്കിൽ ഇതുസംബന്ധമായി സർക്കാർ ഏതുതലത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭക്ഷ്യക്കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാര വ്യതിയാനം സംബന്ധിച്ച് സപ്ലൈകോ അന്വേഷിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തത്. ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥകൾക്ക് വിരുദ്ധമായി നിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമെതിരെ നടപടി സ്വീകരിക്കാനും സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

## തീരദേശ പരിപാലന നിയമം

318(2259) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ നിലവിൽ ബാധകമായിട്ടുള്ള നിയന്ത്രണങ്ങൾ എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

2011 CRZ വിജ്ഞാപനവും ടി വിജ്ഞാപന പ്രകാരമുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനുമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ നിലവിൽ ബാധകമായിട്ടുള്ള നിയന്ത്രണങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഏതെല്ലാം പ്രവൃത്തികളെ/നിർമ്മാണങ്ങളെയാണ് തീരദേശ പരിപാലന നിയമത്തിന്റെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) തീരദേശ മേഖലയിൽ 50 വർഷത്തിന് മുകളിലായി തലമുറകളായി അധിവസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾ അല്ലാത്ത കുടുംബങ്ങൾക്ക് തീരദേശ പരിപാലന നിയമത്തിൽ ഇളവ് അനുവദിച്ച് ഭൂമിക്ക് പട്ടയം നൽകുന്നതിനും കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിനും സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരഭാഗത്തേക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമാണ്. പ്രസ്തുത 500 മീറ്റർ തീരദേശ നിയന്ത്രണ മേഖലയിൽ കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്ന വികസന പ്രവർത്തനങ്ങൾക്ക് തീരദേശ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിപാലന അതോറിറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്. കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നത് അതിന്റെ ഉപയോഗവും വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരവും പരിഗണിച്ചാണ്. പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വേലിയേറ്റ സ്വാധീനമുള്ള കായൽ, നദികൾ, തോടുകൾ എന്നിവയിൽ നിന്നും 100 മീറ്റർ അല്ലെങ്കിൽ അവയുടെ വീതി, ഏതാണോ കുറവ് അത്രയും ഭാഗം വികസന നിഷിദ്ധ മേഖല (NDZ) ആണ്. കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും NDZ-ൽ പെടുന്ന ദൂരപരിധിക്കുള്ളിൽ നിബന്ധനകൾക്ക് വിധേയമായി മത്സ്യബന്ധനത്തൊഴിലാളികൾക്കും/ പരമ്പരാഗത തീരദേശ വാസികൾക്കും നിലവിലെ തറ വിസ്തീർണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ഭവനങ്ങളുടെ പുനർ നിർമ്മാണങ്ങളും, അറ്റകുറ്റ പണികളും അനുവദനീയമാണ്. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൈർഘ്യത്തിൽ അവികസിത മേഖലയും 200-500 മീറ്റർ വരെ നിയന്ത്രണ മേഖലയുമാണ്. CRZ III- ൽ കടലിൽ നിന്നും 100-നും 200-നും പരിധിയിൽ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരദേശ വാസികൾക്കും 100m2 വരെ തറ വിസ്തീർണ്ണമുള്ള പുതിയ ഭവന നിർമ്മാണം അനുവദനീയമാണ്.

## വിഴിഞ്ഞം രാജ്യാന്തര തുറമുഖം - പുലിമുട്ട് നിർമ്മാണം

319(2260) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ്; എത്ര കി.മീ. ദൂരത്തിലാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്; അതിൽ എത്ര കിലോമീറ്റർ പൂർത്തിയായി; വിശദമാക്കുമോ?

3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 676 മീറ്റർ ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

(ബി) പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് ലഭിക്കുന്നതിന് ഉണ്ടായിരുന്ന തടസ്സം നീങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുവരാനുള്ള ഉത്തരവാദിത്വം കരാർ കമ്പനിക്കാണ്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി സ്വന്തമായും സ്വകാര്യ പങ്കാളികളുമായി ചേർന്നും പുതിയ

ക്വാറികൾ ആരംഭിക്കുന്നതിന് കരാർ കമ്പനി നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെ മൂന്ന് ക്വാറികൾക്ക് അനുമതികൾ ലഭിച്ച് ഖനന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. മറ്റു ക്വാറികളുടെ അനുമതികൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്.

(സി) ഈ പദ്ധതിക്കായി കപ്പൽ വഴി കരിങ്കൽ നിക്ഷേപിക്കുന്ന പണി ആരംഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കും; വിശദമാക്കുമോ?

പദ്ധതിക്കായി ബാർജ് മുഖേന കരിങ്കൽ നിക്ഷേപിക്കുന്നതിന് വേണ്ടിയുള്ള Load Out Facility-കൾ കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ, മുതലപ്പൊഴി ഹാർബർ എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥലങ്ങളിലെ Stock Yard-കളിൽ പാറയുടെ സംഭരണം പുരോഗമിച്ചുവരികയാണ്. കാലാവസ്ഥ മെച്ചപ്പെടുന്ന മുറയ്ക്ക് ബാർജ് മുഖേനയുള്ള കരിങ്കൽ നിക്ഷേപിക്കുന്ന പണികൾ പുനരാരംഭിക്കുമെന്നാണ് കരാർ കമ്പനി അറിയിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. പാറയുടെ ലഭ്യതക്കുറവും കോവിഡ് മഹാമാരിയും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 3-11-2020 ൽ നടത്തിയ വീഡിയോ കോൺഫറൻസിംഗിൽ 2021 ഡിസംബറോടുകൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂർത്തീകരിക്കാനാകുമെന്ന് അറിയിച്ചിട്ടുണ്ട്.

### കൊല്ലം തുറമുഖത്തെ ചരക്ക്- ഗതാഗത സർവ്വീസ്

320(2261) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും തുറമുഖത്തെ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിനുമായി കേന്ദ്രസർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് തുറമുഖത്ത് ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും ആയതിൻ മേൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ആരംഭിക്കുന്നതിനുവേണ്ടി താത്കാലികമായി ഒരു കൗണ്ടർ ഒരുക്കിയിട്ടുണ്ട്. കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിന് 162 ലക്ഷം രൂപ ചെലവിൽ ഗേറ്റ്ഹൗസ് സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. താത്കാലിക സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ തുടർനടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

## കൊല്ലം പാസഞ്ചർ ഷിപ്പ് ടെർമിനൽ നിർമ്മാണം

321(2262) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഘട്ടത്തിൽ തുറമുഖത്തുനിന്നും പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി കേരള മാരിടൈം ബോർഡ് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സംവിധാനം ആരംഭിക്കുന്ന മുറയ്ക്ക് ശ്രീലങ്കയുമായി ബന്ധിച്ച് പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ച് സ്വകാര്യ ഏജൻസികൾ മാരിടൈം ബോർഡിനെ സമീപിക്കുന്നുണ്ടെന്നും ആയത് മാരിടൈം ബോർഡ് പരിശോധിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

(ബി) പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി-എക്സിറ്റ് പോയിന്റായി കൊല്ലം തുറമുഖത്തെ പ്രഖ്യാപിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെട്ട പ്രൊപ്പോസലാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇക്കാര്യം ഏത് ഫയലിലാണ് പരിശോധിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ആരംഭിക്കുന്നതിനുവേണ്ടി താത്കാലികമായി ഒരു കൗണ്ടർ ഒരുക്കിയിട്ടുണ്ട്. കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിന് 162 ലക്ഷം രൂപ ചെലവിൽ ഗേറ്റ്ഹൗസ് സമുച്ചയത്തിന്റെ നിർമ്മാണമാരംഭിച്ചിട്ടുണ്ട്. താത്കാലിക സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് ഇമിഗ്രേഷൻ വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ തുടർ നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം 10429/ഇ 2/2014/മതുവ. ഫയലിൽ കൈകാര്യം ചെയ്തുവരുന്നു.

## കോന്നിയിലെ ജില്ലാ പൈതൃക മ്യൂസിയം

322(2263) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നിയിൽ അനുവദിച്ച ജില്ലാ പൈതൃക മ്യൂസിയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ആയതിന്റെ ഉദ്ഘാടനം എന്നത്തേക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

കോന്നി ആനത്താവളത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് വകുപ്പിന് ലഭ്യമായിരുന്ന ചെറിയ ഹാൾ വനം വകുപ്പിന് തിരികെ നൽകി പകരം വനം വകുപ്പിന്റെ കൈവശമുള്ള വലിയ ഹാൾ ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി വനം വകുപ്പ് മന്ത്രിയുമായി 12-2-2019-ൽ യോഗം ചേരുകയും കെട്ടിടം വകുപ്പിന് ലഭ്യമാക്കുന്നതിന് തീരുമാനമാകുകയും ചെയ്തു. കെട്ടിടം കൈമാറുന്നതിലേക്ക് വനം വകുപ്പ് 18-8-2019-ൽ ലഭ്യമാക്കിയിരുന്ന കരട് ധാരണാപത്രം അംഗീകരിച്ച് 27-8-2019-ന് തിരിച്ചയച്ചിട്ടുണ്ട്. ധാരണ പ്രകാരമുള്ള വലിയ ഹാൾ വനം വകുപ്പിൽ നിന്നും ലഭിച്ചാൽ മാത്രമേ ഇവിടെ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## കൊച്ചിയിലെ അവർ ലേഡി ഓഫ് ഹോപ്പ് സംരക്ഷിത സ്മാരകമാക്കുന്നതിന് നടപടി

323(2264) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപ്പിനെ സംരക്ഷിത സ്മാരകമാക്കുന്നതിനായുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിജ്ഞാപനം എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന ഔർ ലേഡി ഓഫ് ഹോപ്പ് ചർച്ച് പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്മാരകത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ മുതലായ റവന്യൂ വിവരങ്ങൾ തുടങ്ങിയവയിൽ വ്യക്തത വരുത്താനുള്ളതിനാലാണ് താമസം നേരിടുന്നത്.

## കല്ല്യാശ്ശേരി മാടായി പള്ളിയുടെ സംരക്ഷണം

324(2265) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാടായി പള്ളിയെ ചരിത്രസ്മാരകമായി സംരക്ഷിക്കുന്നത് സംബന്ധിച്ച് പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാടായി പള്ളിയുടെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മാലിക് ദിനാർ സ്ഥാപിച്ച മാടായിപ്പള്ളി നിലവിൽ പുതിയ കെട്ടിട നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് പുനർ നിർമ്മിക്കപ്പെട്ടതാണെന്നും നിരവധി പുതുക്കലുകൾക്കും മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ, പുരാവസ്തുപരമായ പ്രാധാന്യം പൂർണ്ണമായും നഷ്ടപ്പെട്ടുപോയ മാടായിപ്പള്ളി 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് യോഗ്യമല്ലെന്ന് കാണുന്നു. കേരളത്തിലെ പുരാവസ്തു മൂല്യമുള്ള മുസ്ലീം പള്ളി കെട്ടിടങ്ങൾ മിക്കതും പുരാവസ്തു സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള അറിവില്ലായ്മയും അശ്രദ്ധയും നിമിത്തം അശാസ്ത്രീയമായി പുതുക്കി പണിയുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ മുസ്ലീം പള്ളിയായ കൊടുങ്ങല്ലൂർ പള്ളിയിലെ പോലും പുരാവസ്തുക്കൾ നീക്കം ചെയ്യപ്പെട്ട സാഹചര്യം ശ്രദ്ധേയമാണ്. കണ്ണൂർ മാടായിപ്പള്ളിയുടെ അവസ്ഥയും അത് തന്നെയാണ്. ഇനി വളരെ ചെറിയ എണ്ണം പുരാവസ്തു പള്ളി കെട്ടിടങ്ങൾ മാത്രമേ കേരളത്തിൽ അവശേഷിക്കുന്നുള്ളൂ. അവയുടെയെങ്കിലും സംരക്ഷണത്തിന് അടിയന്തര നടപടി ആവശ്യമാണ്. പ്രസ്തുത സാഹചര്യത്തിൽ, സംസ്ഥാനത്തെ പുരാവസ്തു പ്രാധാന്യമുള്ള മുസ്ലീം പള്ളി കെട്ടിടങ്ങളും വസ്തുവകകളും നിയമപ്രകാരം സംരക്ഷിക്കുന്നതിനാവശ്യമായ

നടപടികളും, ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും സംസ്ഥാന പുരാവസ്തു വകുപ്പുമായി കൂട്ടിച്ചേർന്ന് സ്വീകരിക്കുവാൻ കേരള സംസ്ഥാന വഖഫ് ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുരാവസ്തു - പൈതൃക പ്രാധാന്യമുള്ള മുസ്ലീം പള്ളികളുടേയും വസ്തു വകകളുടേയും സംരക്ഷണത്തിന് സംസ്ഥാന വഖഫ് ബോർഡിൽനിന്നും സ്വീകരിക്കുന്ന നടപടികളിൽ സാദ്ധ്യമായ സഹായങ്ങൾ നൽകുന്നതിന് പുരാവസ്തുവകുപ്പ് സന്നദ്ധമാണെന്ന് വഖഫ് ബോർഡിനെ അറിയിച്ചിട്ടുമുണ്ട്.

## മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയുടെ പുനരുദ്ധാരണം

325(2266) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നിയോജകമണ്ഡലത്തിലെ മട്ടാഞ്ചേരി വില്ലേജിലെ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം ചെയ്തിട്ടുള്ളതും 2019 സെപ്റ്റംബറിൽ ഭാഗികമായി തകർന്നുവീഴുകയും ചെയ്ത കറുത്ത ജൂതപ്പള്ളിയുടെ (സിനഗോഗ്) സ്ഥലമെടുപ്പിനും പുനരുദ്ധാരണത്തിനുമായി അനുവദിച്ച തുക എത്രയെന്നും പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

കൊച്ചി നിയോജകമണ്ഡലത്തിലെ മട്ടാഞ്ചേരി വില്ലേജിലെ കറുത്ത ജൂതപ്പള്ളി (സിനഗോഗ്) വില നൽകി ഏറ്റെടുക്കുന്നതിനായി ഒന്നാം ഗഡുവായി 91.45 ലക്ഷം രൂപയും രണ്ടാം ഗഡുവായി 75,77,956 രൂപയും അനുവദിച്ചിട്ടുണ്ട്. 2019 സെപ്റ്റംബറിൽ ഭാഗികമായി തകർന്നുവീണ മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളിയ്ക്ക് (സിനഗോഗ്) താൽക്കാലിക മേൽക്കൂര പണിയുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. താൽക്കാലിക മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും, നാട്ടുകാരിൽ ചിലർ തടസ്സപ്പെടുത്തിയത് കാരണം നിലവിൽ പണികൾ നിർത്തിവെച്ചിരിക്കുകയാണ്.

## കണ്ണൂർ ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

326(2267) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

7.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം നിർമ്മാണം ടെണ്ടർ നടപടി പൂർത്തിയാക്കി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

മ്യൂസിയം മൃഗശാലാവകുപ്പിന് കീഴിൽ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന നടന്നുവരുന്നു. പ്രസ്തുത ടെണ്ടർ നപടികൾ പൂർത്തീകരിച്ച് 2021 മാർച്ച് മാസത്തോടുകൂടി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ട്രാംവെ റെയിൽ മ്യൂസിയം

327(2268) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

പുരാവസ്തു വകുപ്പ് മുഖേന ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിന് 142 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടത്തിൽ അറ്റകുറ്റ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) എന്തെല്ലാമാണ് നിർദ്ദിഷ്ട ട്രാംവെ റെയിൽ മ്യൂസിയം നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ, മ്യൂസിയം ഗ്യാലറി സജ്ജീകരണം എന്നിങ്ങനെ രണ്ടു ഭാഗമായാണ് പ്രവൃത്തി ക്രമീകരിച്ചിരിക്കുന്നത്. ചരിത്രമായി മാറിയ ചാലക്കുടി ട്രാംവേയുടെ അനുഭവം സന്ദർശകർക്ക് ലഭ്യമാക്കുന്ന വിധത്തിൽ മ്യൂസിയം ഗ്യാലറികൾ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രാംവേയുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതോടൊപ്പം നിലവിലെ ദൃശ്യ-ശ്രവ്യ സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാംവേയുടെ വിസ്മയകരമായ പ്രവർത്തനാനുഭവങ്ങൾ ആവിഷ്കരിക്കാനും പദ്ധതിയിൽ ഉദ്ദേശിക്കുന്നു.

## മുസിരിസ് പൈതൃക ഗവേഷണ കേന്ദ്രം

328(2269) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മുസിരിസ് പൈതൃക ഗവേഷണ കേന്ദ്രത്തിൽനിന്നും ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു എന്നറിയിക്കുമോ?

മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡിൽ ഈ സർക്കാർ അധികാരത്തിൻ വരുമ്പോൾ ജീവനക്കാരെ സപ്ലൈ ചെയ്തിരുന്നത് ഫോഴ്സ് വൺ ഗാർഡിംഗ് സർവ്വീസ് എന്ന സ്ഥാപനമാണ്. അവരുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ടെണ്ടർ നടപടി പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന തൃശ്ശൂർ ഡിസ്ട്രിക്ട് ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ആർ.1379 എന്ന സ്ഥാപനത്തിനെയാണ് ജീവനക്കാരെ സപ്ലൈ ചെയ്യുന്നതിന് നിയമിച്ചിട്ടുള്ളത്.

(ബി) പിരിച്ചുവിട്ട ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ എന്നറിയിക്കുമോ;

(സി) ശമ്പള കുടിശ്ശിക എന്നേത്തേക്ക് നൽകുമെന്ന് അറിയിക്കുമോ?

(ബി&സി) ജീവനക്കാരെ പിരിച്ചുവിട്ടില്ല. അതിനാൽ ശമ്പള കുടിശ്ശിക നൽകാനില്ല.

## പുകയില പണ്ടകശാലയുടെ സംരക്ഷണം

329(2270) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിന്റെ വ്യാപാര-വാണിജ്യ ചരിത്രവുമായി ബന്ധപ്പെട്ടതും വാസ്തുശിൽപഭംഗിയുള്ളതുമായ പുകയില പണ്ടകശാലയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണായി പ്രവർത്തിച്ച് വരുന്ന നൂറ് വർഷത്തിലേറെ പഴക്കമുള്ള ഈ സ്മാരകത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

പുകയില പണ്ടകശാലയുടെ ചരിത്ര-പുരാവസ്തു പ്രാധാന്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

## പ്രാചീന സ്മാരകങ്ങളുടെ സംരക്ഷണം

330(2271) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരകങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. വിഴിഞ്ഞം ശിലാക്ഷേത്രം, തിരുവനന്തപുരം (അന്തിമവിജ്ഞാപനം)
2. വാഴവേലിൽ തറവാട് വീട്, പത്തനംതിട്ട (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും)
3. മാന്നാർ തൃക്കുരട്ടി മഹാദേവക്ഷേത്രം, ആലപ്പുഴ (അന്തിമ വിജ്ഞാപനം)
4. മറയൂർ മുനിയറകൾ, ഇടുക്കി (അന്തിമ വിജ്ഞാപനം)
5. എരട്ടച്ചിറ കോവിലകം, തൃശ്ശൂർ (അന്തിമ വിജ്ഞാപനം)
6. മാളയിലെ യഹൂദ സ്മാരകങ്ങൾ, തൃശ്ശൂർ (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും)

7. സി.എസ്.ഐ. സെന്റ് ജോൺസ് ഇംഗ്ലീഷ് ചർച്ച്, കണ്ണൂർ (അന്തിമ വിജ്ഞാപനം)

8. മാനാഞ്ചിറ ശ്രീഭദ്രകാളിക്ഷേത്രം, മുതലക്കുളം, കോഴിക്കോട്. (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും)

9. പഴയ ജയിൽ മന്ദിരം, പാണാപ്പുഴ, കണ്ണൂർ (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും)

10. ഡോ. പൽപ്പുവിന്റെ ജന്മഗൃഹം (അന്തിമ വിജ്ഞാപനം)

11. GVHSS പയ്യാമ്പലം, കണ്ണൂർ. (പ്രാഥമിക വിജ്ഞാപനവും, അന്തിമവിജ്ഞാപനവും)

12. സെന്റ് റാഫേൽസ് ചർച്ച്, എഴുപുന്ന ആലപ്പുഴ (അന്തിമ വിജ്ഞാപനം)

13. ഇളയിടത്തു വലിയ കോയിക്കൽ കൊട്ടാരം (പ്രാഥമിക വിജ്ഞാപനം)

14. കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (പ്രാഥമിക വിജ്ഞാപനം)

15. ഓച്ചിറ വലിയക്കുളങ്ങര ക്ഷേത്ര കളിത്തട്ടുകൾ (പ്രാഥമിക വിജ്ഞാപനം)

16. ആറ്റിങ്ങൽ കൊട്ടാരം, തിരുവനന്തപുരം. (പ്രാഥമിക വിജ്ഞാപനം)

(ബി) കേരള പ്രാചീനസ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്രസ്മാരകങ്ങൾ കണ്ടെത്തുന്നതിനും അവയെ സംരക്ഷിത സ്മാരകങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പൂരാവശിഷ്ട നിയമത്തിന്റെ പരിധിയിൽ കൂടുതൽ സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്ന നടപടി പുരാവസ്തു വകപ്പ് സ്വീകരിച്ചുവരുന്നു.

(സി) നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃകനിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുന്നതിന് നവീനവും ശാസ്ത്രീയവുമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്വപരമോ കലാശില്പപരമോ ആയ പ്രത്യേകതകളുള്ളതും നൂറ് വർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളുമാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ച് വരുന്നത്. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുകയെന്നതാണ് വകുപ്പിന്റെ സംരക്ഷണ നയം. നിലവിൽ 185 സംരക്ഷിത സ്മാരകങ്ങൾ വകുപ്പിന്റെ പട്ടികയിലുണ്ട്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾ അനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിടത്ത് അവ പ്രയോജനപ്പെടുത്തിയും നവീന രീതികൾ അവലംബിക്കേണ്ടതായ ഇടങ്ങളിൽ അവ ഉപയോഗപ്പെടുത്തിയുമുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് വളരെ ശാസ്ത്രീയമായും, ആവശ്യമായ സമയം ഉപയോഗപ്പെടുത്തി സൂക്ഷ്മമായുമാണ് ഓരോ പ്രവൃത്തിയും നിർവ്വഹിക്കുന്നത്. രാസസംരക്ഷണത്തിൽ പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് വകുപ്പ് മുഖ്യമായും സ്വീകരിക്കുന്നത്. സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇതിൽ പ്രധാനം. ദൈനംദിന പരിരക്ഷ നൽകാൻ കഴിയുന്ന അത്രയും സ്മാരകങ്ങൾക്ക് അത് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാരകങ്ങളെ ജീർണ്ണിപ്പിക്കുന്ന ചെറുതരം ജീവികളെയും ചിതലിനെയും മറ്റും തടയുന്നതിന് കൃത്യമായ ഇടവേളകളിൽ സ്മാരകങ്ങൾക്ക് രാസസംരക്ഷണം നടത്തുന്നു.

## ഇടനാട് ളുക്കപാലത്തിന്റെ സംരക്ഷണം

331(2272) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിലെ ചരിത്ര പൈതൃകങ്ങളോടുകൂടിയ പഴക്കം ചെന്ന പാലങ്ങൾ പുരാവസ്തു വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ചെങ്ങന്നൂരിലെ ഇടനാട് ളുക്കപാലം സംരക്ഷിക്കുന്ന വിഷയം പുരാവസ്തു വകുപ്പിന്റെ പരിഗണനയിൽ ഉൾപ്പെടുത്തുമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ ഇടനാട് ളുക്ക് പാലത്തിന്റെ ചരിത്ര പുരാവസ്തു പ്രാധാന്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പുരാവസ്തു വകുപ്പിനെ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടി

332(2273) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

പുരാവസ്തു വകുപ്പിനെ കുടുതൽ ജനകീയമാക്കുന്നതിനും വിവിധ മ്യൂസിയങ്ങളെയും സംരക്ഷിത സ്മാരകങ്ങളെയുംക്കുറിച്ച് നവമാധ്യമങ്ങൾ വഴി പൊതുജനത്തിന് അറിയുന്നതിലേക്കുമായി വകുപ്പ് യൂട്യൂബ് ചാനൽ ആരംഭിക്കുകയുണ്ടായി. വിവിധ സ്മാരകങ്ങളെ കുറിച്ച് ഹ്രസ്വചിത്രങ്ങൾ തയ്യാറാക്കി അവ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തി. ധാരാളം സന്ദർശകർ എത്തുന്ന പത്മനാഭപുരം കൊട്ടാരത്തിന് മാത്രമായി ഒരു വെബ്സൈറ്റ് തയ്യാറാക്കുകയുണ്ടായി. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും പൈതൃകാവബോധം വളർത്തുന്നതിലേക്കും

നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്ന പുരാവസ്തുക്കളെക്കുറിച്ച് മനസ്സിലാക്കുന്നതിലേയ്ക്കുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ എന്നിവയുടെ ഭാഗമായി എക്സിബിഷനുകളും സെമിനാറുകളും വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. മലബാർ മേഖലയുടെ പൈതൃകത്തെ മുൻനിർത്തി 2018 മാർച്ച് 24 മുതൽ 26 വരെ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി. ടി പരിപാടിയിൽ സെമിനാറുകൾ, എക്സിബിഷനുകൾ സാംസ്കാരിക സദസ്സുകൾ, വിവിധ സാംസ്കാരിക കലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. മറുനാടൻ മലയാളികളിൽ പൈതൃകാവബോധം വളർത്തുന്നതിനായി സാംസ്കാരിക വകുപ്പ് 2016-17 സാമ്പത്തിക വർഷത്തിൽ (2017 ഫെബ്രുവരി 25 മുതൽ 27 വരെ) ഹൈദരാബാദിൽ സംഘടിപ്പിച്ച പൈതൃകോത്സവത്തിൽ വകുപ്പ് പങ്കെടുക്കുകയും സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിൽ (2017 ഒക്ടോബർ 14 മുതൽ 16 വരെ) ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ന്യൂഡൽഹി-കേരള സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പങ്കെടുക്കുകയും സെമിനാർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുകയുമുണ്ടായി. തിരുവനന്തപുരം നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട പൈതൃക സ്മാരകങ്ങളെ കോർത്തിണക്കി 'Trivandrum Heritage Walk' എന്ന പേരിൽ Audio Visual Tour Guide mobile app തയ്യാറാക്കുകയുണ്ടായി. ഇതുപോലെ മലബാർ മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി 'Explore Malabar' എന്ന പേരിലും Audio Visual Tour Guide mobile app തയ്യാറാക്കുകയുണ്ടായി. പുതിയ സാങ്കേതികവിദ്യകളുടെകൂടി സഹായത്തോടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിൽ ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു.

(ബി) വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുവാൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

പുരാവസ്തു വകുപ്പിനുകീഴിലുള്ള മ്യൂസിയങ്ങളെ ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിനും പുത്തൻ സാങ്കേതിക

വിദ്യകൾകൂടി കൂട്ടിയിണക്കി പുതിയ മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം ആധുനിക രീതിയിൽ സജ്ജീകരിച്ച് നാടിന് സമർപ്പിച്ചു. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം, ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം, ഗാന്ധി സ്മൃതി മ്യൂസിയം എന്നീ പുതിയ മ്യൂസിയങ്ങൾ സജ്ജീകരിക്കുകയും നാടിന് സമർപ്പിക്കുകയും ചെയ്തു. ഇവയെല്ലാം തീമാറ്റിക് ഇന്ററാക്ടീവ് മ്യൂസിയങ്ങളായാണ് സജ്ജീകരിച്ചിരിക്കുന്നത്. ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൺ ബംഗ്ലാവിൽ സ്ഥാപിക്കുന്ന എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, പാലക്കാട് മണിഅയ്യർ ഹാളിൽ സ്ഥാപിക്കുന്ന പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം എന്നീ പുതിയ മ്യൂസിയങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവ ആധുനിക രീതിയിൽ സജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തിയായി വരുന്നു. സന്ദർശകർക്ക് കൂടുതൽ സംവേദനക്ഷമമാകുന്ന മട്ടിലാണ് പുതിയ മ്യൂസിയങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനു സഹായിക്കുന്ന രീതിയിൽ ആധുനിക സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ശുചിമുറികൾ നിർമ്മിക്കുന്നതിനും സന്ദർശക സൗഹൃദ പരിസര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1880, 1883, 1884, 1886, 1889, 1890, 1891, 1894, 1906, 1907, 1913, 1938, 1959, 1962, 1966, 1968, 1987, 1989, 1998, 2001, 2014, 2019, 2020, 2022, 2023, 2033, 2037, 2042, 2046, 2047, 2049, 2051, 2052, 2053, 2055, 2058, 2059, 2060, 2062, 2063, 2068, 2072, 2073, 2074, 2075, 2077, 2116, 2117, 2118, 2121, 2122, 2123, 2124, 2134, 2135, 2136, 2137, 2145, 2149, 2157, 2163, 2245, 2254 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10. 00 A.M.]

## II. അടിയന്തരപ്രമേയം

### സി. ആന്റ് എ. ജി. ഓഡിറ്റ് റിപ്പോർട്ട്

മി. സ്പീക്കർ: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) 2018-19 സാമ്പത്തിക വർഷത്തിൽ നടത്തിയ മസാല ബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ്, ഓഫ് ബഡ്ജറ്റ് കടമെടുപ്പാണെന്നും ഇത് ഭരണഘടനയുടെ 293-ാം വകുപ്പിൽ നിശ്ചയിച്ച പരിധികളെ ബൈപ്പാസ് ചെയ്യുന്നതും ഷെഡ്യൂൾ 7-ലെ പട്ടിക ഒന്നിലെ 37-ാം എൻട്രിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നതും അതുവഴി ഭരണഘടനയുടെ ലംഘനമാണെന്നുമുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ഉണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ കിഫ്ബി സംബന്ധിച്ച പരാമർശങ്ങൾ ഗുരുതരമായ അടിയന്തര സാഹചര്യം സൃഷ്ടിച്ചിരിക്കുന്നുവെന്നും ആയത് നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമുള്ള വാദത്തിന് ഒരു അടിസ്ഥാനവുമില്ല. ഈ നിഗമനങ്ങളിലേയ്ക്ക് സി. ആന്റ് എ. ജി. എത്തിച്ചേരുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ചട്ടവിരുദ്ധമാണ്, സി. ആന്റ് എ. ജി.-യുടെതന്നെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് തുറന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രിവിലേജ് ലംഘിച്ചതിന് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രിവിലേജ് കമ്മിറ്റി അതുസംബന്ധിച്ചുള്ള തെളിവെടുപ്പുകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാനിരിക്കുകയാണ്.

അക്കാര്യം വിശദമായി പരിശോധിക്കാനും ചർച്ച ചെയ്യാനും സന്ദർഭമുണ്ടാകും. സർക്കാരിന് പറയാനുള്ളത് കേൾക്കാതെ പെട്ടെന്ന് ഇത്തരം സ്തോഭജനകമായ വെളിപ്പെടുത്തൽ നടത്തി അടിയന്തരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ചില കേന്ദ്രങ്ങൾ ശ്രമിച്ചതെന്ന കാര്യം ഈ അടിയന്തര പ്രമേയത്തോടെ വ്യക്തമാകുകയാണ്. സി. ആന്റ് എ. ജി. റിപ്പോർട്ട് അവസാന തീർപ്പോ കോടതിവിധിക്ക് തുല്യമായ വിധിയോ അല്ല. പ്രമേയാവതാരകൻതന്നെ പറഞ്ഞവിധം, ഈ നിയമസഭയ്ക്ക് അല്ലെങ്കിൽ അതിന്റെ ചെറുരൂപമായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത് പരിശോധിച്ച് ഏത് പാരഗ്രാഫും ഡ്രോപ് ചെയ്യാവുന്നതാണ്. അങ്ങനെയിരിക്കെ ഇത്തരമൊരു പരാമർശം എങ്ങനെയാണ്

ഗുരുതരമായതും നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം സൃഷ്ടിക്കുന്നതെന്നും എനിക്ക് മനസ്സിലാകുന്നില്ല. ഏതെങ്കിലും അടിയന്തര സാഹചര്യം സൃഷ്ടിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തെയും സർക്കാരിനെത്തന്നെയും ഗുരുതര പ്രതിസന്ധിയിലാക്കാൻ ചിലർ നടത്തിയ ശ്രമത്തോട് കേരള നിയമസഭയിലെ ബഹുമാനപ്പെട്ട പ്രതിപക്ഷം യോജിക്കുന്നുണ്ടോ എന്നറിയാൻ സർക്കാരിന് താൽപ്പര്യമുണ്ട്. കിഫ്ബിയുടെ നിയമസാധുത സംബന്ധിച്ച് സി. ആന്റ് എ. ജി. എത്തിച്ചേർന്നിരിക്കുന്ന നിഗമനങ്ങൾ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായം അറിയുന്നതിനും താൽപ്പര്യമുണ്ട്. അതിനാൽ ഇക്കാര്യം ഉചിതമായ സമയത്ത് ചർച്ച ചെയ്യുന്നതിന് സർക്കാരിന് വിരോധമില്ല.

മി. സ്പീക്കർ: സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നൽകിയ നോട്ടീസ് സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്കിടയ്ക്ക് ഉച്ചയ്ക്കുശേഷം 1.30-ന് പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണയായി ഉച്ചയ്ക്ക് 12.00 മണിക്കാണ് അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച നടത്താറുള്ളത്.

മി. സ്പീക്കർ: ശരി. 12.00 മണിക്ക് അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച തുടങ്ങാം. ആകെ ഒന്നര മണിക്കൂർ മാത്രമാണ് ചർച്ചയ്ക്കായി അനുവദിച്ചിരിക്കുന്ന സമയം. അതിനുശേഷം ബഡ്ജറ്റ് ചർച്ച തുടരുന്നതാണ്. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്ന സാഹചര്യത്തിൽ ഇന്നത്തെ സബ്മിഷനുകൾ ഒരു മിനുട്ടിനുള്ളിൽ അവതരിപ്പിക്കണം. അതിന്റെ മറുപടികൾ മേശപ്പുറത്ത് വച്ചാൽമതി. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അതിന്റെ പകർപ്പുകൾ നൽകേണ്ടതുമാണ്.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്രാന്വേഷണ ഏജൻസികൾ സർക്കാർ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ജോയി: സർ, വളരെ ഗുരുതരമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

കേന്ദ്ര ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങളെക്കുറിച്ച് പല രീതിയിലുള്ള പരാതികളും അഭിപ്രായങ്ങളും പൊതുസമൂഹത്തിന്റെ മുന്നിൽ

ഉയർന്നുവന്നിട്ടുണ്ട്. സ്വർണ്ണക്കടത്തിന്റെ ഉറവിടവും അത് സംസ്ഥാനത്ത് വ്യാപിച്ച്, എത്തിച്ചേരുന്ന സ്ഥലവും കണ്ടെത്താനാണ് ശക്തമായ അന്വേഷണം നടത്തേണ്ടത്. എന്നാൽ ഇവിടെ നടക്കുന്നത് എന്താണ്; സ്വർണ്ണക്കടത്ത് ഇപ്പോഴും തുടരുന്നതായിട്ടാണ് പത്രവാർത്തകളിൽ നാം ദിനംപ്രതി കാണുന്നത്. കഴിഞ്ഞ ദിവസം കരിപ്പൂർ വിമാനത്താവളത്തിൽ കസ്റ്റംസ് ഉദ്യോഗസ്ഥരെ കൈക്കൂലി വാങ്ങിയതിന് സി.ബി.ഐ. അറസ്റ്റ് ചെയ്തതായുള്ള വാർത്തയും കാണാനിടയായി. 2020 ജൂണിൽ നയതന്ത്ര ബാഗേജിലൂടെ സ്വർണ്ണം കടത്തിയ സംഭവത്തിന് മുൻപ് ഇരുപതോ ഇരുപത്തിയൊന്നോ തവണ ഈ രീതിയിൽ സ്വർണ്ണം കടത്തിയിട്ടുണ്ടെന്നാണ് വാർത്ത. എട്ട് മാസം മുൻപ് ആരംഭിച്ചതാണ്, അനുസ്യൂതം ഇതിന്റെ അന്വേഷണം തുടരുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതുവരെ ഇത് തുടരുമെന്ന അർത്ഥത്തിലാണ് ഇക്കാര്യങ്ങളെ കൊണ്ടുപോകുന്നത്.

ഇതുമായി ബന്ധപ്പെട്ട് ഒരു കസ്റ്റംസ് ഉദ്യോഗസ്ഥൻ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസറോട് ഏത് രീതിയിലാണ് പെരുമാറിയത് എന്നതിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടന വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടിയുടെ ഭാഗമായി ചെയ്യുന്ന കാര്യങ്ങൾപോലും കുറ്റമായി കണ്ട് അവരെ തേജോവധം ചെയ്യാൻ ശ്രമിക്കുകയാണ്. കേന്ദ്രത്തിലെ എല്ലാ ഏജൻസികളും അങ്ങനെ ശ്രമിക്കുന്നുവെന്ന് പറയുന്നില്ല. ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ.) പല ഉദ്യോഗസ്ഥരെയും വിളിച്ചുവരുത്തുകയും അവരോട് മാന്യമായി പെരുമാറുകയും ചെയ്ത സംഭവങ്ങളുമുണ്ട്. എന്നാൽ ഇപ്പോൾ കസ്റ്റംസിലെ ഒരു അസിസ്റ്റന്റ് കമ്മീഷണർ സംസ്ഥാന സർക്കാരിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസറെ വിളിച്ചുവരുത്തി ഭീഷണിപ്പെടുത്തുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഒന്നിലധികം തവണ അദ്ദേഹത്തെ കൈപൊക്കി അടിക്കാനൊരുങ്ങി. വളരെ മോശമായ പദപ്രയോഗം നടത്തി. 'നിന്റെ അമ്മയ്ക്ക് എത്ര വയസ്സായി, അവർക്ക് ഹാർട്ട് അറ്റാക്ക് വരാതിരിക്കണമെങ്കിൽ ഞങ്ങൾ പറയുന്നതുപോലെ നീ സമ്മതിക്കണം' എന്ന തരത്തിലുള്ള ഭീഷണി മുഴക്കിയിരിക്കുകയാണ്. പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിന് അനുസൃതമായാണ് കസ്റ്റംസ് പ്രിവന്റീവിലെ അന്വേഷണ ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ടത്. ഈ ഉദ്യോഗസ്ഥൻ നിഷ്പക്ഷ രാഷ്ട്രീയ താൽപ്പര്യങ്ങൾ മുൻനിർത്തി വ്യാജ തെളിവുകൾ സൃഷ്ടിച്ച് ആരുടെയൊക്കെയോ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതനുസരിച്ചുള്ള കള്ളമൊഴി നൽകാൻ

തയ്യാറാകാത്ത സാക്ഷികളെയൊക്കെ പീഡിപ്പിക്കുന്ന നിലപാടാണ് അന്വേഷണ ഏജൻസികളിൽ ചിലർ സ്വീകരിക്കുന്നതെന്ന വിമർശനം പരക്കെ ഉയരുകയാണ്. അന്വേഷണ ഏജൻസികളിലെ ചിലരുടെ ഇത്തരം നടപടികൾ നിയമവാഴ്ച നിലനിൽക്കുന്ന ഒരു രാജ്യത്ത് അനുവദനീയമാണോയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ജോലിയുടെ ഭാഗമായി തങ്ങളുടെ ശ്രദ്ധയിൽ വരുന്ന കാര്യങ്ങൾ അന്വേഷണത്തിന് സഹായകരമെങ്കിൽ അത് നൽകാൻ സദാ സന്നദ്ധരായി കസ്റ്റംസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം സർക്കാർ ഉദ്യോഗസ്ഥർ തയ്യാറാണ്. കേന്ദ്ര സർക്കാരിലെ ഒരു അസിസ്റ്റന്റ് കമ്മീഷണറും അദ്ദേഹത്തിന്റെ ഒന്നോരണ്ടോ കീഴുദ്യോഗസ്ഥരും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടെ മുകളിലാണെന്നാണോ ചിന്ത? രാജവാഴ്ചയുടേയും സാമ്രാജ്യത്വത്തിന്റേയും കാലത്ത് സാമന്തപ്രവിശ്യകളുടെ പദവിയാണോ ഇന്ത്യൻ ഭരണഘടനയിൽ സംസ്ഥാനങ്ങൾക്കുള്ളത്? യൂണിയനുകളും സംസ്ഥാനങ്ങളും സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ തന്നെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഒരു ഫെഡറൽ സംവിധാനത്തിൽ കേന്ദ്രവും സംസ്ഥാനവും പ്രാദേശിക സർക്കാരുകളും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന തുല്യപദവിയുള്ള ഭരണഘടനാ സ്ഥാപനങ്ങളാണ്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി സർക്കാരിന്റെ രാഷ്ട്രീയ നേതൃത്വത്തെ അധിക്ഷേപിക്കാൻ ആരാണ് ഈ അസിസ്റ്റന്റ് കമ്മീഷണർക്കും അദ്ദേഹത്തിന്റെ കൂട്ടാളികൾക്കും അധികാരം നൽകിയിരിക്കുന്നത്? സംസ്ഥാന സർക്കാരിനെ രാഷ്ട്രീയമായി ആക്രമിക്കാൻ കേന്ദ്രം ഭരിക്കുന്ന കക്ഷി ചിലരുടെ ഒത്താശയോടെ സ്വീകരിക്കുന്ന ക്രമരഹിതവും ജനാധിപത്യവിരുദ്ധവുമായ കുത്സിത നീക്കങ്ങളുടെ ഭാഗമായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. സത്യസന്ധമായി ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ നേരിടുന്ന ദുരവസ്ഥയിലേക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കസ്റ്റംസ് വകുപ്പിലെ അസിസ്റ്റന്റ് പ്രോട്ടോകോൾ ഓഫീസർ ശ്രീ. ഹരികൃഷ്ണന് കസ്റ്റംസ് ആക്ടിലെ 108-ാം വകുപ്പുപ്രകാരമുള്ള സമൻസ് അയയ്ക്കുകയും തുടർന്ന് അദ്ദേഹം എറണാകുളത്തുള്ള കസ്റ്റംസ് പ്രിവന്റീവ് ഓഫീസിൽ 2021 ജനുവരി 5-ന് ഹാജരാകുകയും ചെയ്തു. മടങ്ങിവന്നശേഷം ജനുവരി 7-ന് ശ്രീ. ഹരികൃഷ്ണൻ ഉചിതമാർഗ്ഗേണ ചീഫ് സെക്രട്ടറിക്ക് തനിക്കുണ്ടായ അനുഭവങ്ങളെക്കുറിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു. ശ്രീ. ഹരികൃഷ്ണനോട് തീരെ മാന്യമല്ലാത്ത രീതിയിൽ പെരുമാറിയതായി അദ്ദേഹം

അറിയിച്ചിട്ടുണ്ട്. ഹാജരായ അവസരത്തിൽ ചില പ്രത്യേക രീതിയിൽ കാര്യങ്ങൾ പറയാൻ അദ്ദേഹത്തെ നിർബന്ധിക്കുകയും അതിന് തയ്യാറായില്ലെങ്കിൽ ഭവിഷ്യത്തുകൾ നേരിടേണ്ടിവരുമെന്ന് ഭീഷണിപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്. ശ്രീ. ഹരികൃഷ്ണനുണ്ടായ ദുരനുഭവങ്ങൾ വിവരിച്ച് സംസ്ഥാന ചീഫ് സെക്രട്ടറി 2021 ജനുവരി 11-ന് കേന്ദ്ര ധനകാര്യ സെക്രട്ടറിക്ക് കത്തെഴുതിയിട്ടുണ്ട്. ശ്രീ. ഹരികൃഷ്ണനോട് അപമര്യാദയായി പെരുമാറുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത കസ്റ്റംസ് ഉദ്യോഗസ്ഥന്റെ പേരുവിവരവും കത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. ഈ സംഭവത്തിൽ നിഷ്പക്ഷവും സമയബന്ധിതവുമായ അന്വേഷണം നടത്തണമെന്നും കസ്റ്റംസ് ഉദ്യോഗസ്ഥരുടെ അനുചിതവും ക്രമരഹിതവുമായ പെരുമാറ്റം ഇനിയും ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ചീഫ് സെക്രട്ടറി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ ഇത്തരം നിയമവിരുദ്ധവും അപക്വവും മര്യാദയില്ലാത്തതുമായ പെരുമാറ്റം ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതായതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിർബന്ധമുണ്ട്.

## (2) കുടിവെള്ളക്ഷാമം

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, അരൂർ നിയോജകമണ്ഡലത്തിലെ തീരമേഖലയിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തെക്കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്.നിരവധി തവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയെയും ആദരണീയനായ മുഖ്യമന്ത്രിയെയും ഈ വിഷയം ധരിപ്പിച്ചിട്ടുള്ളതാണ്. അവർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടുകയും കർശനമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതുമാണ്. പക്ഷെ നാളിതുവരെ യാതൊരു നടപടിയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്ന് വളരെ വേദനയോടുകൂടി ഇവിടെ പറയുകയാണ്. തൈക്കാട്ടുശ്ശേരി ജലശുദ്ധീകരണ പ്ലാന്റിൽനിന്നും 30 എം.എൽ.ഡി. പമ്പിംഗാണ് യഥാർത്ഥത്തിൽ ആ മേഖലയ്ക്ക് അത്യാവശ്യം. എന്നാൽ നിലവിൽ 20-24 എം.എൽ.ഡി. പമ്പിംഗ് മാത്രമാണ് നടക്കുന്നത്. ഇതുസംബന്ധിച്ച് നിരവധിതവണ പരാതി പറയുമ്പോൾ, ഒന്നുകിൽ പിറവത്തെ ചൂണ്ടിക്കാണിച്ച് അവിടത്തെ പ്രശ്നമാണെന്ന് പറയും, അതല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മുട്ടാത്തർക്കം പറഞ്ഞുകൊണ്ട് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ പിന്മാറുന്ന കാഴ്ചയാണ് കാണുന്നത്. തീരമേഖലയുടെ അങ്ങേയറ്റത്ത്, dead end-ലേയ്ക്ക് വെള്ളമെത്തിക്കാൻ സാങ്കേതിക പ്രയാസമുണ്ടെന്ന് പറയും. അങ്ങനെ കാലങ്ങളായി കുടിവെള്ളം കിട്ടാത്തൊരു മേഖലയായി ഇത്

മാറിയിരിക്കുകയാണ്. അരൂരിന്റെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച്, പള്ളിത്തോട്, ആലുങ്കൽ, മനക്കോടം, പടിഞ്ഞാറേ മനക്കോടം, പുത്തൻകാവ്, നീണ്ടകര, കുമാരപുരം, മൂർത്തിങ്കൽ, വല്ലേത്തോട്, കെൽട്രോൺ, മുരുഗ കോളനി എന്നിവിടങ്ങളിൽ തെരുവിൽചിറ ഭാഗം കോളനിയിലുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പിലൂടെ ഒരു തുള്ളിവെള്ളം വന്നിട്ട് രണ്ടരവർഷമായി. ആ മേഖലകളിൽ ഈ സമയത്ത് കോവിഡ് ബാധിച്ചവരും ക്വാറന്റീനിൽ കഴിയുന്നവരുമായ ഒട്ടേറെ ആളുകളുണ്ട്. അവർക്ക് കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടിയുള്ള യാതൊരു സാഹചര്യവുമില്ല. നിരവധിതവണ നമ്മൾ ഇക്കാര്യം ബോധ്യപ്പെടുത്തിയപ്പോഴും മതിയായൊരു മറുപടി പറയാൻപോലും വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നിരവധിതവണ നിർദ്ദേശം കൊടുത്തിട്ടുള്ളത് നന്ദിയോടുകൂടി ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. ആ മേഖലയിലെ പ്രശ്നം വളരെ വലുതാണ്. നവംബർ മാസം മുതൽ ചേർത്തല താലൂക്കിന്റെ മിക്കവാറുമുള്ള ഭാഗങ്ങളിൽ വേലിയേറ്റത്തിന്റെ രൂക്ഷതകൊണ്ടുള്ള പ്രയാസം അനുഭവിക്കുകയാണ്. മറ്റ് ജലസ്രോതസ്സുകളിൽ ഉപ്പുവെള്ളമാണ് വരുന്നത്. അവിടത്തെ ജനങ്ങൾക്ക് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കുടിവെള്ളമെത്തിക്കുന്നതിന് ഉത്തരവാദപ്പെട്ട ആളുകൾ അത് ചെയ്യുന്നില്ലെന്നുമാത്രമല്ല, കുളമോ, കിണറോ ഉള്ള സ്ഥലങ്ങളിൽ ഉപ്പുവെള്ളം വരുന്നതുകൊണ്ട് സാധാരണ ആവശ്യങ്ങൾക്ക് ഈ വെള്ളം ഉപയോഗിക്കാൻ പറ്റാത്തൊരു സാഹചര്യവും ആ മേഖലയിൽ നിലനിൽക്കുകയാണ്. എത്രയുംപെട്ടെന്ന് അരൂർ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ട നടപടികളെടുക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും മുമ്പിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപത്തുള്ള 18 ഗ്രാമപഞ്ചായത്തുകൾക്കുംവേണ്ടി ജപ്പാൻ ധനസഹായത്തോടുകൂടി സ്ഥാപിച്ച കുടിവെള്ള വിതരണ പദ്ധതിയിൽ നിന്നുമാണ് അരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നത്. മൂവാറ്റുപുഴ നദി ജലസ്രോതസ്സായ ഈ പദ്ധതിയുടെ സ്ഥാപിതശേഷി, 107 ദശലക്ഷം ലിറ്ററാണ്. റാവാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനിലുണ്ടാകുന്ന പൊട്ടലിന് ശാശ്വത പരിഹാരമായി 3.9 കിലോമീറ്റർ ജി.ആർ.പി. പൈപ്പുകൾ മാറ്റി പകരം എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 21.75 കോടി രൂപയുടെ ഭരണാനുമതി 2016-ൽ നൽകുകയുണ്ടായി, 3500 മീറ്റർ പൈപ്പ് ലൈൻ ഇതിനകം മാറ്റിസ്ഥാപിച്ചു. എന്നാൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന 400 മീറ്റർ ജി.ആർ.പി. പൈപ്പ് മാറ്റിസ്ഥാപിക്കാൻ

എതിർപ്പുകാരണം സാധ്യമായിട്ടില്ല. ആയതിനാൽ സ്രോതസ്സിൽനിന്നും ഒരേസമയം രണ്ട് പമ്പ്സെറ്റുകൾ പ്രവർത്തിക്കുന്നതിനു പകരം ഒരു പമ്പ്സെറ്റാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 50-52 ദശലക്ഷം ലിറ്റർ ശുദ്ധജലം മാത്രമേ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിച്ചിരുന്നുള്ളൂ. ഇപ്പോൾ രണ്ട് പമ്പ്സെറ്റുകൾ ഒരേസമയം നിയന്ത്രിതമായി പമ്പ് ചെയ്ത് ഏകദേശം 8-10 ദശലക്ഷം ലിറ്റർ ശുദ്ധജലം അധികമായി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. തുറവൂർ പഞ്ചായത്ത് ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിൽ കാര്യമായ ജലക്ഷാമം അനുഭവപ്പെടുന്നില്ല. വിതരണ ശൃംഖലയുടെ അവസാന ഭാഗത്തുള്ള തുറവൂർ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം ഇപ്പോൾ അനുഭവപ്പെടുന്നുണ്ട്. 'ജലജീവൻ മിഷൻ' പദ്ധതി മുഖേന വിതരണശൃംഖലകൾ മെച്ചപ്പെടുത്തി തുറവൂർ പഞ്ചായത്തിൽ 2352 കുടിവെള്ള കണക്ഷനുകളും കുത്തിയതോട് പഞ്ചായത്തിൽ 1840 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. പൂർണ്ണതോതിലുള്ള പമ്പിംഗ് സാധ്യമാകുന്നതിന് മറവൻതുരുത്തിൽ 400 മീറ്റർ ജി.ആർ.പി. പൈപ്പ് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഭൂജലനിരപ്പ് ഉയർന്ന പ്രദേശമാകയാൽ വേനൽക്കാലത്തുമാത്രമേ ഈ പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. മേൽപ്രവൃത്തി ഈ വേനൽക്കാലത്തുതന്നെ പൂർത്തിയാക്കുന്നതിനായി ബഹുമാനപ്പെട്ട വൈക്കം എം.എൽ.എ.-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, പുതിയതായി സ്ഥാനമേറ്റ മറവന്തുർ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടർചർച്ചകൾ നടത്തിയിരുന്നു. മേൽവിഷയം സംബന്ധിച്ച് എല്ലാ രാഷ്ട്രീയപാർട്ടികളുമായും പഞ്ചായത്ത് ഭരണസമിതിയുമായും പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല, അതിനുള്ള ശ്രമം തുടരുകയാണ്. ഇക്കാര്യത്തിൽ മറവൻതുരുത്ത് പഞ്ചായത്ത് അധികൃതരുടെ അനുമതി ലഭ്യമായിട്ടുണ്ട്, അവശേഷിക്കുന്ന 400 മീറ്റർ റോഡ് പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിച്ചാൽ മാത്രമേ പമ്പിംഗ് പൂർണ്ണതോതിലാകുകയുള്ളൂ. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി അരൂർ നിയോജകമണ്ഡലത്തിലെ പ്രസ്തുത സ്ഥലം ഉൾപ്പെടെയുള്ള പദ്ധതിപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്. ഈ വിഷയത്തിൽ സ്ഥലം എം.എൽ.എ. തന്നെ മുൻകയ്യെടുക്കുന്നത് വളരെയധികം നന്നായിരിക്കുമെന്ന് തോന്നുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് വിഷയത്തിൽ മുൻകയ്യെടുക്കുന്നതാണ്. പക്ഷേ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള പരിപൂർണ്ണ സഹകരണം

ഉറപ്പാക്കേണ്ടതായിട്ടുണ്ട്. സബ്ഡിവിഷൻ സെക്ഷൻ ഓഫീസ് കാര്യാലയങ്ങൾ തൈക്കാട്ടുശ്ശേരിയിൽനിന്നും 15 കി.മീ. അകലെയുള്ള ചേർത്തലയിലാണ് സ്ഥിതിചെയ്യുന്നത്. യഥാർത്ഥത്തിൽ ബന്ധപ്പെട്ട ഓഫീസ് ഇത്രയും അകലെയായതിനാൽ പദ്ധതിയുടെ പരിശോധനയും മേൽനോട്ടവുമൊക്കെ ശരിയായ രീതിയിൽ നടത്താൻ കഴിയുന്നില്ല. അതുകൊണ്ട് ചേർത്തല എക്സ്റേ കവലയിൽനിന്നും പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് കുത്തിയതോട് ജലസംഭരണിയോടുചേർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ പദ്ധതി പ്രദേശത്ത് നിർമ്മിച്ച ക്വാർട്ടേഴ്സുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്, അതും ഉപയോഗയോഗ്യമാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം പരിശോധിക്കാം. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ സഹകരിക്കുന്നില്ലെന്ന് പറഞ്ഞത് ശരിയല്ല, ഉദ്യോഗസ്ഥർ വളരെയധികം ശ്രമിച്ചിട്ടും നടക്കാത്തതാണ്. രണ്ട് ഗ്രാമപഞ്ചായത്തുകൾ തമ്മിലുള്ള അഭിപ്രായവ്യത്യാസംമൂലമാണ് പ്രസ്തുത പ്രവൃത്തികൾ നടക്കാത്തത്. പദ്ധതിയുമായി ബന്ധപ്പെട്ട രണ്ട് എം.എൽ.എ.മാരും ഒരുമിച്ചുചേർന്ന് വിഷയം പരിഹരിച്ചാൽ നന്നായിരിക്കും.

## IV സബ്മിഷൻ

### (1) <u>വനപാത പദ്ധതി</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, കണ്ണൂർ ജില്ലയുടെ സമഗ്രവികസനത്തിന് ഉപകരിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പുളിങ്ങോത്തുനിന്നും കർണ്ണാടക അതിർത്തി പട്ടണമായ ഭാഗമണ്ഡലത്തിലേയ്ക്കുള്ള വനപാത നിർമ്മാണം അടിയന്തര പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമായാൽ ഈ നാടിനുണ്ടാകുന്നത് വലിയ സാധ്യതകളാണ്. ഈ പദ്ധതി പയ്യന്നൂർ, കല്യാശ്ശേരി, തളിപ്പറമ്പ്, തൃക്കരിപ്പൂർ മണ്ഡലങ്ങളിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടുന്നതാണ്. പുളിങ്ങോത്തുനിന്നും ഭാഗമണ്ഡലത്തിലേയ്ക്ക് നിലവിൽ 18 കി.മീ. മൺപാതയുണ്ട്. പ്രസ്തുത മൺപാതയുടെ നവീകരണത്തിലൂടെ വനപാത യാഥാർത്ഥ്യമാക്കാൻ കഴിയും. 40 വർഷത്തിലധികമായി ഇതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും വലിയ പുരോഗതിയുണ്ടായിട്ടില്ല. ഈ പദ്ധതി പൂർത്തിയായാൽ ഏഴിമല നേവൽ അക്കാദമി-ബാംഗ്ലൂർ അന്തർസംസ്ഥാനപാത യാഥാർത്ഥ്യമാകും. ബാംഗ്ലൂരിലേയ്ക്കുള്ള ദൂരം 80 കി.മീ.ലധികം കുറയും. മൈസൂർ,

ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നവർക്കും ഈ പാത ഉപകരിക്കുന്നതോടൊപ്പം വലിയ വാണിജ്യ സാധ്യതയും ഇതുമൂലം തുറക്കപ്പെടും. മാടായിക്കാവ്, പർശ്ശിനിക്കടവ്, തൃച്ചംബരം തുടങ്ങിയ ക്ഷേത്രങ്ങൾ, പുളിങ്ങോം മഖാം, തലക്കാവേരി തുടങ്ങി ഇരുസംസ്ഥാനങ്ങളിലുമുള്ള ആരാധനാലയങ്ങളിലേയ്ക്കും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും ഈ റോഡുമാർഗ്ഗം എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും. ഏഴിമല നാവിക അക്കാദമി, പെരിങ്ങോം സി.ആർ.പി.എഫ്. കേന്ദ്രം എന്നീ തന്ത്രപ്രധാന സ്ഥാപനങ്ങളുടെ വികസനത്തിനും ഇത് സഹായകരമാകും. പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ റോഡ് നിർമ്മാണം സാദ്ധ്യമാകും. നിലവിൽ മണ്ണ്റോഡുള്ളതിനാൽ വനനശീകരണം ഉണ്ടാകാനിടയില്ല. വിപുലമായ വികസന സാദ്ധ്യതകളും ജനതാത്പര്യവും പരിഗണിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ശക്തമായ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പുളിങ്ങോത്തുനിന്നും ഭാഗമണ്ഡലത്തിലേയ്ക്കുള്ള റോഡ് പദ്ധതിയുടെ ഭാഗമായി 2008-ൽ സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പുളിങ്ങോം പുഴയ്ക്ക് കുറുകെ കർണ്ണാടക അതിർത്തിയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുകയുണ്ടായി. ഈ റോഡ് യാഥാർത്ഥ്യമായാൽ പയ്യന്നൂരിൽനിന്ന് ബാംഗ്ലൂരിലേയ്ക്കുള്ള ദൂരം 80 കിലോമീറ്ററോളം കുറവുവരും.

കർണ്ണാടക വനമേഖലയിലൂടെ കടന്നുപോകുന്നതാണ് പുളിങ്ങോം - ഭാഗമണ്ഡലം റോഡ്. നിലവിൽ ഈ ഭാഗത്ത് 18 കി.മീ. മണ്ണ്റോഡുണ്ട്. ഇത് കർണ്ണാടക വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. പാലം നിർമ്മാണഘട്ടത്തിൽത്തന്നെ അനുബന്ധ റോഡ് നിർമ്മാണത്തിന് കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ, പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ അനുമതി നിഷേധിക്കുകയാണുണ്ടായത്. കർണ്ണാടക സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല നടപടിയുണ്ടായാൽ മാത്രമേ റോഡ് പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. വി. ജോയി എം.എൽ.എ.-യും ഒരേ വിഷയത്തിൽ സബ്മിഷനുകൾ നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് അവതരിപ്പിക്കാവുന്നതാണ്.

2) മ്യൂസിയത്തിന്റെയും തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശിവഗിരി മഠത്തിലെ പ്രോജക്ടുകളുടെ നിർമ്മാണ തടസ്സം വലിയ തോതിലുള്ള പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. വർക്കല ശിവഗിരി മഠത്തിലെ സുപ്രധാന പ്രോജക്ടുകൾ തടസ്സത്തിൽപ്പെട്ട് മുടങ്ങിക്കിടക്കുകയാണ്. 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണമാണ് പ്രധാനമായും മുടങ്ങിയിട്ടുള്ളത്. ശിവഗിരിമഠം ഉൾപ്പെടുന്ന ബ്ലോക്ക് നമ്പർ 187 റീസർവ്വേ നമ്പർ 91-ൽ ഉൾപ്പെടുന്ന സ്ഥലത്താണ് 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയത്തിന്റെ നിർമ്മാണം നിശ്ചയിച്ചിട്ടുള്ളത്. അങ്ങനെയൊരു തീരുമാനമെടുത്തിട്ട് കാലം കുറെയായി. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനം നടത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. സാംസ്കാരിക വകുപ്പിൽനിന്ന് 5 കോടി രൂപ ഇതിനായി അനുവദിച്ചു. നിർമ്മാണത്തിനുള്ള പെർമിറ്റിനായി ശിവഗിരിമഠം അധികൃതർ അപേക്ഷ നൽകിയിട്ട് ഇപ്പോൾ ഒരു വർഷം പിന്നിടുന്നു. നിർദ്ദിഷ്ട മ്യൂസിയം നിർമ്മാണത്തിനായി, ശ്രീനാരായണ ധർമ്മ പരിപാലന സംഘം ട്രസ്റ്റ് നിശ്ചയിച്ചിട്ടുള്ള സ്ഥലവുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രശ്നങ്ങളും തടസ്സങ്ങളും നിലവിൽ ഇല്ലാതിരിക്കെ ഇതുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. അതുപോലെ ശിവഗിരിമഠത്തിലെ തീർത്ഥാടന ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും ചില തടസ്സങ്ങളുണ്ട്. ശിവഗിരിമഠത്തിന്റെ ഉടമസ്ഥതയിലുള്ള, മുൻ സർവ്വേ നമ്പർ 193/ 39, 42-ൽ ഉൾപ്പെട്ടതും ശിവഗിരി കുന്നിന്റെ താഴ്വരയിൽ ടി.എസ്. കനാലിന്റെ ഏകദേശം സമാന്തരമായി മഴവെള്ളം ഒഴുകിപ്പോകുന്ന തോടുൾപ്പെടെയുള്ള ഭാഗങ്ങളിൽ വിവിധ സർക്കാരുകളുടെ നേതൃത്വത്തിൽ വ്യത്യസ്ത കാലഘട്ടങ്ങളിലായി ശിവഗിരി തീർത്ഥാടന സമ്മേളനത്തിനും ശിവഗിരിയിലെ മറ്റ് യോഗങ്ങൾക്കും ഉപയുക്തമാകുംവിധം നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സാഹചര്യത്തിൽ, ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള തടസ്സവാദങ്ങൾക്കും എതിരഭിപ്രായങ്ങൾക്കും എന്തെങ്കിലും സാംഗത്യമുള്ളതായി തോന്നുന്നില്ല. ശിവഗിരി തീർത്ഥാടനത്തിന്റെ വ്യാപ്തിയും ജനബാഹുല്യവും കണക്കിലെടുത്ത് ശിവഗിരി തീർത്ഥാടനത്തിനായി താത്കാലിക പന്തൽ തയ്യാറാക്കിയ, ശിവഗിരി കുന്നിനോടുചേർന്ന തോടിനു സമീപത്തുള്ള സർവ്വേ നമ്പർ 192/25 എന്ന റവന്യൂ ഭൂമിയും ശിവഗിരി മഠത്തിന് മുമ്പ് പതിച്ചുനൽകിയിരുന്നതാണ്. ഒരു സ്ഥിരം തീർത്ഥാടക ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായി ശിവഗിരിമഠം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂലമായ

തീരുമാനം ലഭിക്കാത്തതിനാൽ സ്ഥിരം ഓഡിറ്റോറിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണ്. ഇക്കാര്യത്തിൽ ശ്രീനാരായണീയ സമൂഹത്തിനും വിശ്വാസികൾക്കും ശക്തമായ പ്രതിഷേധമുണ്ട്. വർഷന്തോറും ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശിവഗിരിമഠത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകണം. ഇതുമായി ബന്ധപ്പെട്ട നിർവ്വഹണത്തിൽ ഏതെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അത് മറികടക്കുന്നതിനുള്ള ഉചിതമായ നടപടികൾ സർക്കാർതലത്തിൽ സ്വീകരിക്കണം. മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാർതന്നെ പ്രത്യേക നോഡൽ ഓഫീസറെ നിയമിക്കണം. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അടിയന്തരമായി വിളിച്ചുചേർക്കണം. കഴിഞ്ഞ ദിവസം ഞാൻ ശിവഗിരിമഠത്തിൽ പോയപ്പോൾ മഠാധിപതിയും ബന്ധപ്പെട്ട സ്വാമിമാരും ചേർന്ന് ഒരു നിവേദനം നൽകിയിട്ടുണ്ട്. അവിടെ മുനിസിപ്പാലിറ്റിയും സർക്കാരിന്റെ വിവിധ ഏജൻസികളും തടസ്സം സൃഷ്ടിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയാത്ത ശോചനീയാവസ്ഥയാണ്. ആയതിനാൽ ഇതിന് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ജോയിക്ക് ഒരു മിനിട്ട് സംസാരിക്കാം.

ശ്രീ. വി. ജോയി: സർ, ഞാൻ വളരെ നേരത്തെതന്നെ ശിവഗിരിയുമായി ബന്ധപ്പെട്ട ഒരു സബ്മിഷൻ നൽകിയിരുന്നു. ശിവഗിരി എന്റെ മണ്ഡലത്തിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ആറേഴുമാസം മുമ്പുതന്നെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെയും ബന്ധപ്പെടുത്തി ഒരു യോഗം ചേർന്നിരുന്നു. അവിടെ കുറച്ച് പ്രശ്നങ്ങളുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ അന്ന് സ്വീകരിച്ചതാണ്. പക്ഷെ ഉദ്യോഗസ്ഥതലത്തിൽ കുറച്ചധികം വൈകിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ചില സാങ്കേതികമായ പ്രശ്നങ്ങൾ തന്നെയാണ് ഇതിലുള്ളത്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് 5 കോടി

രൂപ അനുവദിച്ചു. പക്ഷേ അന്ന് ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസിനുപോയതും സ്റ്റേ ഉത്തരവ് വാങ്ങിയതും ശ്രീനാരായണീയരായ ആളുകൾ തന്നെയാണ്. കോടതിയുടെ സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നാണ് ഞങ്ങൾ പരിശോധിച്ചപ്പോൾ കണ്ട വസ്തുത. ഏതായാലും നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് അവിടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ ഇതുമായി ബന്ധപ്പെട്ട എല്ലാവരുടെയും യോഗം വിളിച്ചിട്ടുണ്ട്, ആ യോഗത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ശിവഗിരിമഠത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ. സാന്ദ്രാനന്ദ സ്വാമികൾ ഈയടുത്ത ദിവസം എന്നെ വന്നുകണ്ടപ്പോൾ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നു. നാളെ 11.30-ന് യോഗം വിളിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ആ യോഗത്തിൽ കാര്യങ്ങൾ ചർച്ച ചെയ്ത് സ്ഥിതിഗതികൾ പരിശോധിക്കാം.

## (3) ഷഫീക്കിന്റെ മരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശി 36 വയസ്സുള്ള ഷഫീക്ക് പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടു. മുട്ടക്കച്ചവടം നടത്തി ഉപജീവനം നടത്തിവരുന്ന ഷഫീക്കിനെ ഒരു കേസുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി പോലീസ് കസ്റ്റഡിയിലെടുത്തതാണ്. അറസ്റ്റുവിവരം എന്താണെന്നറിയുന്നതിനുവേണ്ടി വീട്ടുകാർ അന്വേഷണം നടത്തിയപ്പോൾ എറണാകുളം ജില്ലയിലെ ഉദയംപേരൂർ സ്റ്റേഷനിലെ പോലീസാണ് കൊണ്ടുപോയതെന്ന് മനസ്സിലായി. ഇതിനുശേഷം ഷഫീഖിനെ അതിഗുരുതരമായ അവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യുകയും അവിടെവച്ച് മരണപ്പെടുകയുമാണുണ്ടായത്. തലയിലേറ്റ ആഴത്തിലുള്ള മൂന്ന് മുറിവുകളാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടുണ്ട്. നെറ്റിയിലും പുരികത്തിലും പരിക്കേറ്റിരുന്നു. തലയ്ക്കുപിന്നിൽ ശക്തമായ പ്രഹരമേറ്റതിനാലാണ് മരണമുണ്ടായതെന്ന് വിദഗ്ദ്ധരായ ഡോക്ടർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പോലീസ് അവനെ തല്ലിക്കൊന്നുവെന്ന് പിതാവ് വാവിട്ട് കരഞ്ഞ് ആവലാതിപ്പെടുന്നത് ഞങ്ങളെല്ലാം കേട്ടതാണ്. സഹോദരൻ ഷമീർ ഇതൊരു കൊലപാതകമാണെന്ന് പരാതിപ്പെടുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദികളെ കണ്ടെത്തിയില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യുമെന്ന് സഹോദരൻ മെഡിക്കൽ കോളേജിൽവച്ച് പരസ്യമായി പറഞ്ഞിട്ടുണ്ട്. ഷഫീക്കിന്റെ ഭാര്യ ഹൃദ്രോഗിയാണ്. നിരാലംബരായ രണ്ട് കുട്ടികളും

പൊട്ടിപ്പൊളിഞ്ഞ ഒരു വീടുമാണ് അവർക്കുള്ളത്. ഈ കുടുംബത്തിന് വീട് നൽകണം, കുട്ടികളെ ഗവൺമെന്റ് ദത്തെടുക്കണം, ഭാര്യയ്ക്ക് ജോലി നൽകണം. ഒരു കാര്യംകൂടി പറയാനുണ്ട്. കസ്റ്റഡി മരണത്തെ സംബന്ധിച്ച് ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ട്. ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻവേണ്ടി ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഷഫീക്കിന്റെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിനോടൊപ്പം അദ്ദേഹം വേറൊരു കാര്യംകൂടി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതൊരു കസ്റ്റഡി മരണമാണെങ്കിൽ, സാധാരണ നിലയ്ക്ക് സി.ബി.ഐ. അന്വേഷണത്തിനാണ് സർക്കാർ മുൻഗണന കൊടുക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കും. അദ്ദേഹം സൂചിപ്പിച്ച രണ്ടാമത്തെ കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. യുക്തമായ തീരുമാനമുണ്ടാകും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(4) ആദിവാസി ഭൂമിപ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്: സർ, എല്ലാ മേഖലയിലും എസ്.സി./എസ്.ടി. വിഭാഗങ്ങളെ നമ്മളെല്ലാവരും സഹായിക്കുന്നു,അതിന് അനുഗ്രഹിക്കുന്നുവെന്നാണ് പൊതുവെ പറയാറുള്ളത്. വീടില്ലാത്തവർക്ക് വീട് കൊടുക്കുന്നു, പത്ത് ശതമാനം സംവരണം കൊടുക്കുന്നു. ഇതൊക്കെയുണ്ടെങ്കിലും ഇന്നും എസ്.സി./എസ്.ടി. വിഭാഗങ്ങൾ അനുഭവിക്കുന്ന ദുരിതം നമുക്ക് നിഷേധിക്കാൻ കഴിയില്ല. എന്റെ നിയോജകമണ്ഡലമായ എരുമേലിയിലെ എരുത്വാപുഴ എന്ന പ്രദേശത്തെ കോളനിയിൽ പോയപ്പോൾ നൂറോളം ആദിവാസികൾ നല്ല വീടുപോലുമില്ലാതെ, യാതൊരു മാർഗ്ഗവുമില്ലാതെ ദുഃഖിക്കുന്നതാണ് കണ്ടത്. ഞാൻ ഈ സബ്മിഷൻ ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രിയെക്കൂടി ഉൾപ്പെടുത്തി ചോദിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ അദ്ദേഹം വരാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ചോദിക്കുന്നത്. ബഹുമാന്യനായ റവന്യൂ വകുപ്പിന്റെ അടുത്തകാലത്തെ ഉത്തരവിൽ പറയുന്നത് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട, സ്വന്തമായി ഭൂമിയും വീടുമില്ലാത്ത അനേകംപേർ സംസ്ഥാനത്ത് ഇപ്പോഴും അവശേഷിക്കുന്നു എന്നാണ്. അതുപോലെ 1993-ലെ കേരള ഭൂപതിവ് പ്രത്യേക ചട്ടങ്ങൾപ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർ കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം

നൽകുന്നതിനും സുപ്രീംകോടതിയുടെ അനുമതി ലഭിച്ച 19,000 ഏക്കർ ഭൂമി ഭൂരഹിതർക്ക് നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതിനും 27.04.2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിനൊരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ആ കമ്മിറ്റിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതായി അറിയുന്നില്ല. പൂഞ്ചവയൽ, ദേവിയാർ, പെരിഞ്ചാംകുട്ടി തുടങ്ങിയ പ്രദേശങ്ങളിലെ ആദിവാസി ഭൂമി പ്രശ്നങ്ങളും മേൽപ്പടി സമിതി പരിഗണിക്കേണ്ടതാണ്. 19,000 ഏക്കർ ഭൂമി പതിച്ചുനൽകുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതി ലഭിച്ചതാണ്. ഈ ഭൂമി പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാറ്റി വയ്ക്കുന്നതിൽ എന്താണ് തടസ്സം? ഇത് വളരെ പ്രധാനപ്പെട്ട കാര്യമല്ലേ; നമ്മളെല്ലാവരും എപ്പോഴും പാവപ്പെട്ട ഈ വിഭാഗക്കാരെ സംരക്ഷിക്കുന്നതിനായി നിൽക്കുന്നുവെന്നാണ് പറയുന്നത്. 1957-ൽ ഐക്യ കേരളം രൂപീകൃതമായിട്ട് അറുപത്തിയഞ്ച് വർഷമായെങ്കിലും ആദിവാസി വിഭാഗങ്ങളുടെ ജീവിതം എത്രയോ മോശമാണ്; അവരെ സഹായിക്കാനും ബാദ്ധ്യത ഏറ്റെടുക്കാനുമുള്ള ഉത്തരവാദിത്വം പൊതുപ്രവർത്തകർ നിറഞ്ഞുനിൽക്കുന്ന ഈ സഭയ്ക്കില്ലേ? 19,000 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട ഉത്തരവ് കണ്ടതുകൊണ്ടാണ് ഞാൻ പറയുന്നത്, അങ്ങ് ഒരു മടിയുംകൂടാതെ മുഴുവൻ ഭൂമിയും ആദിവാസികൾക്കും പട്ടികജാതി വിഭാഗക്കാർക്കും മാറ്റിവയ്ക്കണം. അവർക്ക് വീട് വച്ചുകൊടുക്കാനുള്ള നടപടിയുംകൂടി സ്വീകരിച്ചുകഴിഞ്ഞാൽ ആ പ്രശ്നം പരിഹരിക്കപ്പെടില്ലേ; എന്തിനുവേണ്ടിയാണ് ഇനിയും നീട്ടിക്കൊണ്ടു പോകുന്നത്; നൂറുകൊല്ലം കഴിഞ്ഞാലും പാവപ്പെട്ട ആദിവാസികളെ രക്ഷിക്കാൻ കഴിയുമോ? ആദിവാസികളെന്നുപറഞ്ഞാൽ വനഭൂമിയിൽ താമസിച്ചിരുന്നവരാണ്. ഇപ്പോഴും ജീവിക്കുന്നത് വനവിഭവങ്ങൾകൊണ്ടാണ്. ഇപ്പോൾ അതിനോടുചേർന്ന് ഭൂമി കിട്ടിയിരിക്കുന്ന സാഹചര്യത്തിൽ അതവർക്ക് പതിച്ചുകൊടുത്ത് വീടും വച്ചുകൊടുത്തുകഴിഞ്ഞാൽ അവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമാകും. ആ നിലയിലേയ്ക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു തീരുമാനമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച സബ്മിഷനുള്ള മറുപടി ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശമനുസരിച്ച് ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗക്കാർ പതിച്ചുകൊടുക്കേണ്ട ഭൂമിയുടെ കാര്യത്തിൽ, ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ്, 1-1-1977-ന് മുമ്പ് കൈവശം വച്ചുവരുന്ന ഭൂമി പട്ടികവർഗ്ഗക്കാർക്ക് കൈവശരേഖ മാത്രം നൽകിക്കൊണ്ടിരുന്നതിനുപകരം അവർക്ക് പട്ടയം കൊടുക്കാനുള്ള തീരുമാനമെടുത്തതും അത് നടപ്പാക്കാൻ

തുടങ്ങിയതും. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പല പ്രദേശങ്ങളിലും പല ജില്ലകളിലും പട്ടയം നൽകിയിട്ടുണ്ട്. അതുപോലെ 19,000 ഏക്കർ ഭൂമിയെ സംബന്ധിച്ച് അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങളിൽ, വിവിധ ജില്ലകളിൽ നൽകിയിട്ടുള്ള കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിവരികയാണ്. പാലക്കാട് ജില്ലയിൽ 4361 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നു. അതിൽ 2686 കുടുംബത്തിന് 879.44 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 203.64 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചതിൽ 62 പേർക്ക് 40.38 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 3008.8 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 1608 കുടുംബങ്ങൾക്ക് 1217.89 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 53 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 37.20 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 130 കുടുംബങ്ങൾക്ക് 30.36 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ഉൾപ്പെടെയുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

### (5) താലൂക്ക് രൂപീകരണം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. കേരളത്തിൽ താലൂക്ക് ആസ്ഥാനമില്ലാത്ത ഏക ജില്ലാ ഭരണസിരാകേന്ദ്രമാണ് മലപ്പുറം. പതിനൊന്ന് ജില്ലകളുടെ പേരിൽത്തന്നെ താലൂക്കുകളും ഇടുക്കി, വയനാട് ജില്ലാഭരണകേന്ദ്രങ്ങൾ ആസ്ഥാനമായി താലൂക്കുകളുമുണ്ട്. എന്നാൽ മലപ്പുറം ഉൾപ്പെടുന്നത് മഞ്ചേരി ആസ്ഥാനമായ ഏറനാട് താലൂക്കിലാണ്. തഹസിൽദാറുടെ കാര്യാലയവും ജില്ലാ ആസ്ഥാനത്തുനിന്ന് 12 കിലോമീറ്റർ അകലെയായതിനാൽ അടിയന്തര ഘട്ടങ്ങളിൽ വകുപ്പുതല ഏകോപനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ജില്ലാ ആസ്ഥാനത്തും പരിസരവില്ലേജുകളിലും താമസിക്കുന്നവർക്ക് താലൂക്കാഫീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 15 മുതൽ 25 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം മലപ്പുറം നഗരവും പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി താലൂക്കുകളുൾപ്പെടുന്ന സമീപ വില്ലേജുകളും കൂട്ടിച്ചേർത്ത് മലപ്പുറം താലൂക്ക് രൂപീകരിക്കേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാണിക്കുന്നുണ്ട്. താലൂക്ക് അടിസ്ഥാനമാക്കി അതിർത്തികൾ രൂപീകരിച്ചിട്ടുള്ള ആർ.ടി.ഒ., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സിവിൽ സപ്ലൈസ് പോലെയുള്ള ഇതര സർക്കാർ സ്ഥാപനങ്ങളുടെ സേവനം ലഭിക്കുന്നതിനും മലപ്പുറം

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

താലൂക്കിന്റെ അഭാവം പ്രയാസങ്ങൾ സൃഷ്ടിക്കുകയാണ്. അടുത്തിടെ ആർ.ടി. ഓഫീസ് അതിർത്തികൾ പുനർനിർണ്ണയിക്കുകയുണ്ടായി. ഇത്തരം പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് മലപ്പുറം ആസ്ഥാനമായി താലൂക്ക് വേണമെന്ന ആവശ്യം ഉയർന്നുവരുന്നത്. 2011-ലെ സെൻസസ് പ്രകാരം, താലൂക്കുകളുടെ സംസ്ഥാന ശരാശരിയെക്കാൾ ജനസംഖ്യ നിർദ്ദിഷ്ട മലപ്പുറം താലൂക്കിൽ ഇപ്പോഴുണ്ട്. സംസ്ഥാന ശരാശരി ജനസാന്ദ്രത 859.11/ചതുരശ്ര കിലോമീറ്ററുണ്ട്. മലപ്പുറം ജില്ലയുടേത് 1158.57/ചതുരശ്ര കിലോമീറ്ററായിരിക്കെ നിർദ്ദിഷ്ട മലപ്പുറം താലൂക്കിന്റെ ജനസാന്ദ്രത കണക്കാക്കപ്പെടുന്നത് ഇവ രണ്ടിനേക്കാളും ഉയർന്ന 1530.10/ചതുരശ്ര കിലോമീറ്ററാണ്. സംസ്ഥാനത്തെ ശരാശരി താലൂക്ക് വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വിസ്തീർണ്ണത്തിൽത്തന്നെ നിർദ്ദിഷ്ട മലപ്പുറം താലൂക്കിനാവശ്യമായ ജനസംഖ്യാ മാനദണ്ഡം മറികടക്കുന്നുണ്ട്. നിർദ്ദിഷ്ട മലപ്പുറം താലൂക്കിലെ 16 വില്ലേജുകളിൽ ആറ് വില്ലേജുകളെ എൻ.എച്ച്. 966-ഉം ഏഴ് വില്ലേജുകളെ SH71, SH72 എന്നിവയും ബാക്കി മൂന്ന് വില്ലേജുകളെ MDR 113, MDR 142 എന്നീ റോഡുകളും ആസ്ഥാന നഗരമായ മലപ്പുറത്തെ നേരിട്ട് ബന്ധിപ്പിക്കുന്നു. എന്നാൽ ഈ വില്ലേജുകൾക്ക് ഏറനാട്, പെരിന്തൽമണ്ണ താലൂക്ക് ആസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ പരിമിതമായ റോഡുകൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ഭൂരിപക്ഷം വില്ലേജുകളിൽനിന്നും മറ്റ് വില്ലേജുകളിലേയ്ക്ക് പോകുന്നതിന് മലപ്പുറം വഴി സഞ്ചരിക്കേണ്ട സ്ഥിതിയാണുള്ളത്. അതുകൊണ്ട് മലപ്പുറം ആസ്ഥാനമായി പുതിയൊരു താലൂക്ക് രൂപീകരിക്കുന്നതോടുകൂടി ജനങ്ങൾക്കും ഭരണപരമായ കാര്യങ്ങൾക്കും കൂടുതൽ എളുപ്പമാകും. അനുകൂലമായ മറുപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, മലപ്പുറം ജില്ലയുടെ പ്രത്യേകതയും അവിടത്തെ ഓരോ താലൂക്കുകളിലുമുള്ള വില്ലേജുകളുടെ എണ്ണവും ജനസംഖ്യാനുപാതത്തിൽ അതിരുകളിൽ വരുത്തേണ്ട പുനർനിർണ്ണയവുമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കും. വിശദമായ മറുപടി ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

## (6) ട്രാൻസ്ജെൻഡറുകളുടെ പ്രശ്നങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഭരണഘടന അനുശാസിക്കുന്ന ലിംഗനീതിയും ലിംഗസമത്വവും പല കാരണങ്ങളാലും അനുഭവിക്കാൻ കഴിയാതെപോകുന്ന വിഭാഗമാണ് ട്രാൻസ്ജെൻഡറുകൾ. പ്രായപൂർത്തിയാകുമ്പോഴാണ് ഇത്തരം ആളുകൾക്ക് അവരുടെ പ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിയുന്നത്. പക്ഷെ അപ്പോൾ വലിയ മാനസിക സംഘർഷം, മറ്റുള്ളവരുടെ അവഹേളനം തുടങ്ങി നിരവധി പ്രശ്നങ്ങൾ അവർ അനുഭവിക്കേണ്ടി വരുന്നുണ്ട്. അത് അവരുടെ തുടർപഠനം വരെ അവസാനിപ്പിക്കുന്ന നിലയിലേയ്ക്കെത്തുന്നുണ്ട്. അതുപോലെ ഇവരുടെ ഐഡന്റിറ്റി വീട്ടിൽപ്പോലും പറയാൻ പറ്റാത്ത നിരവധി കേസ്സുകളുണ്ട്. പറഞ്ഞാൽത്തന്നെയും വീട്ടുകാർ അത് അംഗീകരിക്കാതെ അവരെ വീട്ടിൽനിന്നും പുറന്തള്ളുന്ന അവസ്ഥയുമുണ്ട്. ഇത്തരത്തിൽ വീടുവിട്ട് പോകേണ്ടിവരികയും എവിടെയും താമസിക്കാൻ കഴിയാതെ വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടി വരികയും തൻമൂലം തൊഴിലില്ലായ്മ ഉണ്ടാകുക തുടങ്ങി നിരവധി പ്രയാസങ്ങളാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പോലീസ് സ്റ്റേഷൻ, സ്കൂൾ, വീട്, സമൂഹം തുടങ്ങി എവിടെ പോയാലും അവർക്ക് അവഗണനയും അവഹേളനവുമുണ്ടാകുന്നു. ഇക്കൂട്ടത്തിലുള്ള അഭ്യസ്തവിദ്യരായ ആളുകൾക്കുപോലും തൊഴിലവസരം ലഭ്യമാകാറില്ല. തൊഴിൽ കിട്ടിയാൽത്തന്നെയും അവിടെയും അവർ ഒറ്റപ്പെടൽ അനുഭവിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ അത് അവരിലേയ്ക്കെത്തിക്കാനും ധൈര്യമായി അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുമുള്ള സാഹചര്യമുണ്ടാകുകയും വേണം. ഇവരുടെ ഇത്തരം നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശക്തമായ ഇടപെടലും നടപടികളുമുണ്ടാകണം എന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ട്രാൻസ്ജെൻഡർ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കിവരികയാണ്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇന്ത്യയിൽത്തന്നെ ആദ്യമായി ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. 2016 മുതൽ നമ്മൾ ഈ നയം നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ 'മഴവില്ല്' എന്ന പേരിൽ ഒരു അമ്പ്രല്ല സ്കീം, ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചുകൊണ്ട് തിരിച്ചറിയൽ കാർഡ് വിതരണം, നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയൊക്കെ പാസ്സായിട്ടുള്ള ട്രാൻസ്ജെൻഡേഴ്സിന് തുടർവിദ്യാഭ്യാസ പരിപാടി

തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനായി ഒരു വർഷത്തിൽ ഒരു ലക്ഷം രൂപ വീതം അവർക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. മാത്രമല്ല, സ്കൂളുകളിൽ ഏഴാം ക്ലാസ് മുതൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന രീതിയും സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് അവരെയും മുന്നോട്ട് കൊണ്ടുവരികയാണ്. അതുപോലെതന്നെ ട്രാൻസ്ജെൻഡേഴ്സിനുള്ള ഹോസ്റ്റൽ സൗകര്യം, അവരുടെ സംരംഭകത്വ വികസനത്തിനാവശ്യമായിട്ടുള്ള തൊഴിൽ പരിശീലനം, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ്, തയ്യൽ തുടങ്ങി നിരവധി പരിശീലന പരിപാടികൾ എന്നിവ നൽകുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം കൊടുക്കുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ധനസഹായം കൊടുക്കുന്നുണ്ട്. വനിതാ വികസന കോർപ്പറേഷൻ മുഖേന മൂന്ന് ലക്ഷം രൂപ വരെ തൊഴിലിനായുള്ള വായ്പ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഒറ്റത്തവണ 50,000 രൂപ എന്നുള്ള നിലയ്ക്ക് അവർക്ക് തൊഴിലിനുള്ള സഹായവുമുണ്ട്. ട്രാൻസ്ജെൻഡറുകൾക്കായി ഷോർട്ട് സ്റ്റേ ഹോമുകളും ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ ബോധവത്കരണ പരിപാടി സമൂഹത്തിലാകെ നടത്തിക്കൊണ്ടിരിക്കുകയാണ്.

### (7) ബി.പി.എൽ. സ്കോളർഷിപ്പ്

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജിൽ 2018-19-ൽ പ്രവേശനം നേടിയ ബി.പി.എൽ. കുടുംബങ്ങളിൽപ്പെടുന്ന 38 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയുന്നില്ല. രണ്ട് വർഷമായി അവർക്ക് അർഹമായ സ്കോളർഷിപ്പ് ഗവൺമെന്റ് വിതരണം ചെയ്യുന്നില്ല. ഫീസ് അടച്ചില്ലെന്നുള്ള കാരണം പറഞ്ഞ് മാനേജ്മെന്റുകളുടെ ഭാഗത്തുനിന്ന് വിദ്യാർത്ഥികളെ തുടർ പഠനത്തിന് അനുവദിക്കുന്നില്ല. പരീക്ഷ എഴുതാൻപോലും അവർക്ക് കഴിയുന്നില്ല. ഇവരെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2017-18 മുതൽ നീറ്റ് മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തേണ്ടിവന്നപ്പോൾ ഗവൺമെന്റിന് മാനേജ്മെന്റുമായുള്ള കരാർ ഒഴിവാക്കേണ്ടതായി വന്നിരുന്നു. അങ്ങനെയുള്ള മെരിറ്റ് സീറ്റ് ഇല്ലാതായപ്പോൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ ഘടനയിലുള്ള ഫീസ് നിശ്ചയിച്ച് കൊടുക്കേണ്ടിവന്നു. ആ സാഹചര്യത്തിൽ വളരെ പാവപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനാണ് സർക്കാർ മുൻകയ്യെടുത്തുകൊണ്ട് സ്കോളർഷിപ്പ് കൊണ്ടുവന്നത്. എൻ.ആർ.ഐ. സീറ്റിൽ അഡ്മിഷൻ നൽകുമ്പോൾ

മാനേജ്മെന്റിന് കിട്ടുന്ന തുകയിൽനിന്നും 5 ലക്ഷം രൂപ സർക്കാരിന് കൊടുക്കാൻ നിർദ്ദേശിക്കുകയും ആ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുറച്ച് കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കാനുമായിരുന്നു നിശ്ചയിച്ചിരുന്നത്. അതത് ജില്ലാ കളക്ടർമാരുടെ സർട്ടിഫിക്കറ്റനുസരിച്ചാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 88 കുട്ടികൾക്ക് ആദ്യത്തെ വർഷം സ്കോളർഷിപ്പ് കൊടുത്തു. അപ്പോൾ മാനേജ്മെന്റ് കോടതിയെ സമീപിച്ചു. 2017-18-ൽ ഈ സ്കോളർഷിപ്പ് താൽക്കാലികമായി നിർത്തിവയ്ക്കാൻ കോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനെതിരെ ഗവൺമെന്റ് അപ്പീൽ കൊടുത്തിട്ടുണ്ട്. കോടതി വിധി വരുന്ന മുറയ്ക്ക് മാത്രമേ ഈ സ്കോളർഷിപ്പ് കൊടുക്കാൻ സാധിക്കുകയുള്ളൂ.

(8) മഞ്ചേരി മെഡിക്കൽ കോളേജ്

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിച്ചിട്ട് ഇപ്പോൾ 8 വർഷം പൂർത്തിയായി. രണ്ട് ബാച്ച് വിദ്യാർത്ഥികൾ വിജയകരമായി പഠനം പൂർത്തീകരിച്ച് വിവിധ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ചു കൊണ്ടിരിക്കുകയാണ്. മൂന്നാമത്തെ ബാച്ച് ഹൗസ് സർജൻസി ചെയ്തുവരികയാണ്. ആശുപത്രി വികസനത്തിനായി ബഹുമാനപ്പെട്ട മന്ത്രിതന്നെ സ്ഥലം സന്ദർശിച്ച് 7 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപ ആവശ്യമാണെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിനായി 50 ലക്ഷം രൂപയെങ്കിലും കണ്ടിജൻസി ചാർജ്ജിനത്തിൽ അടിയന്തരമായി അനുവദിക്കേണ്ടതാണ്. പക്ഷെ, അതുണ്ടാകാത്തതിനാൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു പുരോഗതിയുമുണ്ടായിട്ടില്ല. അതുപോലെതന്നെ മെഡിക്കൽ കോളേജ് പൂർത്തീകരിക്കുന്നതോടുകൂടി അവിടെയുള്ള രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ ഒരു മെഡിക്കൽ കോളേജിന്റെ നിലവാരമനുസരിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ അവിടെയുണ്ടാകണം. വലിയ പ്രതീക്ഷയോടുകൂടി ജനങ്ങൾ ആഗ്രഹിക്കുന്ന ഒന്നാണിത്. പുതിയ ഡോക്ടർമാർ വരിക എന്നതിനപ്പുറമായി രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കേണ്ടതുണ്ട്. അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനുവേണ്ടി ഞാൻ എഴുതിക്കൊടുത്തിരുന്നെങ്കിലും ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വച്ചിട്ടുള്ളത്. അവിടെയൊരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. അതുപോലെതന്നെ ന്യൂറോളജി, നെഫ്രോളജി, ന്യൂറോ സർജറി, യൂറോളജി, ഗ്യാസ്ട്രോളജി, ഫിസിക്കൽ മെഡിസിൻ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങളുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തേയ്ക്കുവേണ്ടി 92 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. അതുപോലെതന്നെ, അവിടെ

കോവിഡ് ഹോസ്പിറ്റലായി പ്രഖ്യാപിച്ചതിനുശേഷം നോൺ കോവിഡ് രോഗികൾക്ക് ചികിത്സിക്കാൻ യാതൊരു സൗകര്യവുമില്ലാതെ പ്രയാസപ്പെടുന്ന സ്ഥിതിയാണുള്ളത്. അത് പലതവണ ബഹുമാനപ്പെട്ട മന്ത്രിയുടെയും മറ്റ് ഉത്തരവാദപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും നോൺ കോവിഡ് രോഗികളെ ചികിത്സിക്കാൻ സൗകര്യമില്ലാതെ വളരെയേറെ പ്രയാസപ്പെടുകയാണ്. അതോടൊപ്പം അവിടെ പ്രവർത്തിച്ചിരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം പുനഃസ്ഥാപിക്കേണ്ടതുണ്ട്. അതുപോലെ മഞ്ചേരിയിൽ തന്നെയുള്ള ചെരണിയിൽ, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള അഞ്ചേക്കർ സ്ഥലത്ത് ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലെ ഇടക്കാല ബജറ്റ് പ്രസംഗത്തിൽ (293-ാം ഖണ്ഡിക) 10 കോടി രൂപ നീക്കിവച്ചിരുന്നു. എന്നാൽ, ഞാൻ പ്രയോരിറ്റി വച്ച് എഴുതിക്കൊടുത്തെങ്കിലും ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ബഡ്ജറ്റിലും ജനറൽ ആശുപത്രിക്കായി ഫണ്ട് അനുവദിക്കാതെ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചത്. അതുകൊണ്ട് മഞ്ചേരി മെഡിക്കൽ കോളേജിൽ രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങളുണ്ടാക്കുന്നതിനുവേണ്ടി ജനറൽ ഹോസ്പിറ്റൽ ചെരണിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും മെഡിക്കൽ കോളേജിന് സ്ഥലമെടുപ്പും മറ്റും പൂർത്തീകരിക്കുന്നതിനുവേണ്ടിയും അങ്ങ് അടിയന്തരമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മഞ്ചേരി മെഡിക്കൽ കോളേജിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നല്ല പരിഗണനയാണ് കൊടുത്തിട്ടുള്ളത്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള ഒട്ടേറെ കാര്യങ്ങളില്ലാത്തതിനാൽ അംഗീകാരം നഷ്ടപ്പെട്ടേയ്ക്കുമോ എന്നൊരു ഭയം തന്നെയുണ്ടായിരുന്നു. പക്ഷെ അടിയന്തരമായി 22 തസ്തികകൾ സൃഷ്ടിച്ചും ഫാക്കൽറ്റി ഒഴിവുകൾ നികത്തിയും ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. അതുപോലെതന്നെ ലൈബ്രറിയും മറ്റ് ഉപകരണങ്ങളുമെല്ലാം അവരുടെ നിർദ്ദേശത്തിലുണ്ടായിരുന്നു. അതെല്ലാം പൂർത്തിയാക്കിക്കൊടുത്തതിന്റെ ഫലമായി ഇപ്പോൾ മഞ്ചേരി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം ലഭിച്ചിരിക്കുന്നു എന്നുള്ളത് ഏറെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒട്ടേറെ കാര്യങ്ങളിൽ ചിലത് ചെയ്തുവരികയാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ആധുനിക ഉപകരണങ്ങൾ ഒന്നൊന്നായി കൊണ്ടുവരികയാണ്. ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രി രോഗീസൗഹൃദമാക്കിയിട്ടുണ്ട്.

അതുപോലെതന്നെ പുതുതായി കാത്ത് ലാബ് അനുവദിച്ചിട്ടുണ്ട്. ഒൻപത് നിലകളിലായി ഒ.പി. ബ്ലോക്ക്, ലാബ് കോംപ്ലക്സ്, മോർച്ചറി കോംപ്ലക്സ്, റേഡിയോളജി ഇൻവെസ്റ്റിഗേഷൻ കോംപ്ലക്സ് തുടങ്ങിയവയ്ക്കുവേണ്ടി 8.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 103 കോടി രൂപ മുതൽമുടക്കിക്കൊണ്ട് ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു, അത് മെഡിക്കൽ കൗൺസിലിന്റെ പ്രധാന നിർദ്ദേശമായിരുന്നു. ഹോസ്റ്റൽ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സി.ടി. സ്കാൻ, മാമോഗ്രാഫി, അൾട്രാ സൗണ്ട് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുകയുണ്ടായി. പി.ജി. കോഴ്സുകൾ ആരംഭിച്ചു. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇനി അടുത്ത ഘട്ടമായി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള സ്പെഷ്യാലിറ്റി ബ്ലോക്കും സ്ഥലമെടുപ്പും ഗവൺമെന്റിന്റെ പരിഗണനയിലാണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ സ്ഥലം തീരെ പരിമിതമാണ്, അതിനാൽ അത്യാവശ്യമായി സ്ഥലമെടുപ്പ് നടത്തിയേ മതിയാകൂ, അതുമായി ഗവൺമെന്റ് മുന്നോട്ടുപോകും, യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, പല ആശുപത്രികളും കോവിഡ് ആശുപത്രികളായി മാറിയപ്പോൾ നോൺ കോവിഡ് വിഭാഗത്തിന് പ്രശ്നംവന്നിട്ടുണ്ട്. അത് മറ്റ് ആശുപത്രികളിലൊക്കെ പരിഹരിച്ചുവരികയാണ്. ഭാവിയിൽ മഞ്ചേരി മെഡിക്കൽ കോളേജിലും നോൺ കോവിഡ് വിഭാഗം പുനഃസ്ഥാപിക്കും. കോവിഡ് പൂർണ്ണമായും നിയന്ത്രണത്തിലാകുന്ന ഘട്ടത്തിൽ നമുക്ക് അങ്ങനെ ചെയ്യാൻ സാധിക്കുന്നതാണ്. അതും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

### (9) ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരള ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡി ജനാധിപത്യവൽക്കരിക്കണമെന്ന് ആവശ്യപ്പെടുന്ന സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഏറെക്കാലത്തെ ചർച്ചകൾക്കുശേഷമാണ് കേരള ആരോഗ്യ സർവ്വകലാശാല രൂപം കൊള്ളുന്നത്. 2006-2011-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. പി. കെ. ശ്രീമതി ടീച്ചർക്ക് ആരോഗ്യ വകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോഴാണ് Kerala University of Health Sciences Act (KUHS Act) ഈ സഭ അംഗീകരിച്ചത്. ഒട്ടേറെ ബാലാരിഷ്ടതകൾ താണ്ടിയാണ് സർവ്വകലാശാല അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിപ്പിച്ചത്. ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റാണ് ആരോഗ്യ സർവ്വകലാശാലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചതും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതും. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെയും ഇടപെടലുകളെത്തുടർന്നാണ് ഈ നേട്ടങ്ങളെല്ലാം ഉണ്ടായത്. ആരോഗ്യ

സർവ്വകലാശാലയുടെ നിയമത്തിൽ ചില ന്യൂനതകൾ നിലനിൽക്കുന്നുണ്ട്. അധികാരം സമ്പൂർണ്ണമായി വൈസ് ചാൻസലർ കേന്ദ്രീകൃതമാണ് എന്നതാണത്. വി.സി.-ക്കും ഗവേണിംഗ് ബോർഡിക്കുമാണ് സമ്പൂർണ്ണമായ അധികാരം. ഈ നിയമസഭയിലെ നാല് എം.എൽ.എ.-മാർ കെ.യു.എച്ച്.എസ്. സെനറ്റിലുണ്ട്. എന്നാൽ, ജനറൽ ബോഡി യോഗത്തിൽ പോയിരുന്ന് തിരികെ വരിക എന്നതല്ലാതെ എം.എൽ.എ.-മാർക്കോ, സെനറ്റിനോതന്നെ പ്രത്യേകമായ അധികാരങ്ങളില്ല. സെനറ്റിന്റെ ഒന്നാമത്തെ യോഗം അംഗീകരിച്ച് സർക്കാരിന് നൽകിയ ഒരു പ്രമേയമാണ് ഗവേണിംഗ് ബോഡി ജനാധിപത്യ വൽക്കരിക്കണമെന്ന ആവശ്യം. അത് അംഗീകരിച്ച് അതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല എന്നുള്ളതായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ തസ്തികകൾ സൃഷ്ടിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം ശക്തമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിന് വലിയ മുൻഗണന നൽകിയിട്ടുണ്ട്. ഇത്തവണത്തെ ബഡ്ജറ്റിലും വളരെ മുന്തിയ പരിഗണനയാണ് സർവ്വകലാശാലയ്ക്ക് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗവേണിംഗ് കൗൺസിലിൽ എം.എൽ.എ.-മാരുടെയും സെനറ്റ് അംഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തി തെരഞ്ഞെടുക്കപ്പെട്ട സമിതിയായി കൗൺസിലിനെ പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ ഭേദഗതികൾ സർവ്വകലാശാലാ നിയമത്തിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം കേരള ആരോഗ്യ സർവ്വകലാശാലയുടെ ഒന്നാമത് സെനറ്റ് യോഗത്തിൽ ശ്രീ. കെ. വി. അബ്ദുൾ ഖാദർ എം.എൽ.എ. അവതരിപ്പിച്ചിരുന്നു. അത് സെനറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് 2010-ലെ കേരള ആരോഗ്യ സർവ്വകലാശാല നിയമമനുസരിച്ച് പ്രൊവിഷൻ ഉണ്ടായിരുന്നില്ല. നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങളാണ് ഇതിലുണ്ടായിരുന്നത്. ഇനി അത് മാറ്റി ജനപ്രതിനിധികളെയടക്കം ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെങ്കിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണ്. അതിന്റെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(10) എൽ.എസ്.ജി.ഡി. പ്രവൃത്തികൾ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൽ.എസ്.ജി.ഡി. വകുപ്പ് മുഖാന്തരം നടപ്പാക്കണമെന്ന് നിർദ്ദേശിച്ച ആലത്തൂർ മണ്ഡലത്തിലെ ബഡ്ജറ്റ് വർക്കുകളൊന്നും ഈ സാമ്പത്തിക വർഷത്തിൽപ്പോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ചുള്ളിമട മാരാക്കാവ് മലയഭഗവതി-ചിതലിപ്പാലം റോഡ്, അതുപോലെ ഗായത്രിപ്പുഴയ്ക്ക് കുറുകെ തൃപ്പാളൂർ ശിവക്ഷേത്രത്തിലേയ്ക്കുള്ള തൂക്കുപാലം, അരിയക്കോട് ചെക്ക് ഡാം, കയറാംകുളം-ഇലമന്ദം-രക്കീരാംപറമ്പ് കിഴക്കേത്തറ-ചിമ്പക്കോട്-പെരുങ്കുന്നം കനാൽ ബണ്ട് റോഡ് ആലത്തൂർ ബൈപ്പാസ് റോഡ്, ആലത്തൂർ പഞ്ചായത്തിലെ അക്വാട്ടിക് അക്കാദമി നിർമ്മാണം ഇതെല്ലാം പഞ്ചായത്തിന്റെ സ്വന്തം ആസ്തി വകകളിലാണ് നടപ്പാക്കപ്പെടേണ്ടത്. അതിനാവശ്യമായ നിർദ്ദേശങ്ങൾ എൽ.എസ്.ജി.ഡി.-ക്ക് കൊടുത്തെങ്കിലും അതിന്റെ പ്രാഥമികമായ പ്രവർത്തനങ്ങൾപോലും ആരംഭിക്കാതിരുന്ന ഘട്ടത്തിൽ ഉന്നതതലയോഗം ജില്ലാതലത്തിൽ വിളിച്ചുചേർത്തു. അപ്പോൾ അവർ വിവിധ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതിൽ പ്രധാനമായത്, "ഏതെങ്കിലും അക്രെഡിറ്റഡ് ഏജൻസികളെക്കൊണ്ട് സോയിൽ ടെസ്റ്റ് നടത്തുന്നതിനും ഡിസൈനുകൾ തയ്യാറാക്കുന്നതിനുമുള്ള പണമില്ല, അതിന് പ്രത്യേകമായ ഫണ്ട് ലഭിച്ചിട്ടില്ല, അത് അന്വേഷിക്കണം" എന്നൊക്കെയാണ്. ഇതിനിടയിൽ എക്സിക്യൂട്ടീവ് എൻജിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരും മാറുന്ന എന്നിങ്ങനെയുള്ള പല തടസ്സങ്ങളുമുണ്ടായി. അവസാനം ജില്ലാ പഞ്ചായത്തുതന്നെ ഇതിന് ഫണ്ട് വകയിരുത്തി. ഇപ്പോഴും എ.എസ്.-ഉം ടി.എസ്.-ഉം നേടുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾപോലും വേണ്ടത്ര വേഗതയിൽ നടന്നിട്ടില്ല എന്നതുകൊണ്ടാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ട് ഈ ബഡ്ജറ്റ് വർക്കുകൾ ശ്രദ്ധിക്കാൻ, വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടക്കേണ്ട പ്രവർത്തനങ്ങളായതുകൊണ്ട് ഇതിന്റെ ഏകോപന ചുമതല ജില്ലാതലത്തിൽ ആർക്കെങ്കിലും നൽകണമെന്ന അഭ്യർത്ഥനകൂടി മുന്നോട്ടുവച്ചുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ആറ് പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ലാന്റ് സർവ്വേ, സോയിൽ

ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവയുള്ള സംഖ്യ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും മറ്റും ശ്രമഫലമായി ആ ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമായാൽ അടിയന്തരമായി പണി നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിന് പാലക്കാട് ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നതാണ്.

### (11) പാരിസ്ഥിതിക സംവേദന മേഖല

ശ്രീ. കെ. സി. ജോസഫ്: സർ, വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണ വനമേഖലകളുടെയും ബഫർ സോണിന് പുറത്തുള്ള പരിസ്ഥിതിലോല മേഖലകളുടെ നിർണ്ണയം സംബന്ധിച്ച ആശയക്കുഴപ്പം വലിയ ആശങ്കകളാണ് മലയോര മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ളത്. പാലക്കാട്-തൃശ്ശൂർ ജില്ലകളിലെ ചൂലന്നൂർ, പീച്ചി, വാഴാനി വന്യജീവി സങ്കേതങ്ങൾക്കുപുറമേ കണ്ണൂർ ജില്ലയിലെ ആറളം, കൊട്ടിയൂർ, ഇടുക്കി ജില്ലയിലെ മതികെട്ടാൻചോലയടക്കമുള്ള നിരവധി മേഖലകളിൽ ജനങ്ങളാകെ ഭയാശങ്കയിലാണ്. 2019 ഒക്ടോബർ 23-ന് കാബിനറ്റ് വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷിത വനങ്ങളുടെയും ബഫർ സോണിന് പുറത്തേയ്ക്കുള്ള ഒരു കിലോമീറ്ററായി പാരിസ്ഥിതിക സംവേദന മേഖല ലിമിറ്റ് ചെയ്യാൻ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം സീറോയിൽത്തന്നെ തുടരണമെന്നാണ്. ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുകയെന്നതാണ് എല്ലാ കാലത്തും കേരളത്തിന്റെ സമീപനം. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ വച്ച്, എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തി. കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും ഇക്കാര്യത്തിൽ വളരെ നന്നായി പ്രവർത്തിച്ചു. പക്ഷേ ഇപ്പോഴും E.S.A.(Environmental Sensitive Area)-യെ സംബന്ധിച്ചുള്ള ആശങ്കകൾ നിലനിൽക്കുകയാണ്. ആശങ്കകൾ ദൂരീകരിക്കണം. നിർബന്ധമായും ജനവാസ കേന്ദ്രങ്ങളെയും കൃഷി ഭൂമികളെയും ഒഴിവാക്കണം. അതുപോലെ വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷിത വനമേഖലകളുടെയും പുറത്തേയ്ക്ക് പരമാവധി ഒരു കിലോമീറ്ററിനപ്പുറത്തേയ്ക്ക് കണക്കാക്കാൻ പാടില്ല. ഈ കാര്യത്തിലുള്ള സംസ്ഥാന ഗവൺമെന്റ് നിലപാട് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്)

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, പീച്ചി-വാഴാനി വന്യമൃഗ സങ്കേതം എന്റെ മണ്ഡലത്തിൽപ്പെടുന്നതാണ്. ആ മണ്ഡലത്തിലെ പീച്ചി-പാണഞ്ചേരി വില്ലേജുകളും ഈ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ, ഗവൺമെന്റ് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുകയും പാരിസ്ഥിതിക സംവേദന മേഖല ഒരു കിലോമീറ്ററിനകത്താക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തു. കേന്ദ്രം പല കാര്യങ്ങളിലും എതിർപ്പ് പ്രകടിപ്പിക്കുകയാണ്. പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള 250-ഓളം തൊഴിലാളികളുടെ ഏക വരുമാനമായ വാണിയമ്പാറ എസ്റ്റേറ്റ് നിലനിൽക്കുകയാണ്. അതിനകത്താണ് 50 തൊഴിലാളികളുടെ 'ലയം' എന്നു വിളിക്കപ്പെടുന്ന വീടുകൾ നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ നേരത്തെ നമ്മൾ ചർച്ച ചെയ്തിട്ടുള്ള പാലക്കാട്-തൃശ്ശൂർ ഭാഗത്തേയ്ക്ക് പോകുന്ന ഹൈവേതന്നെ കണക്കനുസരിച്ച് ഇതിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ വരും. പ്രധാനപ്പെട്ട നിരവധി സ്കൂളുകൾ, 400 കുട്ടികൾ പഠിക്കുന്ന വാണിയമ്പാറ ഇ.കെ.എം. സ്കൂൾ, മേരി മാതാ ഹയർ സെക്കണ്ടറി സ്കൂൾ, കല്ലിംഗപാടത്തെ സർക്കാർ സ്കൂൾ, നിരവധി പള്ളികൾ, ആരാധനാലയങ്ങൾ, മോസ്ക് തുടങ്ങി പാണഞ്ചേരി പഞ്ചായത്തിന്റെ ഓഫീസുപോലും നിലനിൽക്കുന്നത് ഈ പറയുന്ന അതിർത്തിക്കകത്താണ്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾ വലിയ ആശങ്കയിലാണ്. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എടുത്തുകൊണ്ടിരിക്കുന്ന നിലപാടുകൾ ജനങ്ങളുടെ സാമൂഹിക ജീവിതത്തെ ആക്രമിക്കുന്ന രീതിയിലുള്ള പ്രശ്നം വരികയാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ട് ഈ മേഖല നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റ് ഒരു പ്രൊപ്പോസൽ സമർപ്പിച്ചുവെന്ന വാർത്ത അറിയാൻ കഴിഞ്ഞു, വളരെ അഭിനന്ദനാർഹമാണ്. പക്ഷേ അതുകൊണ്ട് പ്രശ്നം തീരുന്നില്ല. പീച്ചി-വാഴാനി സങ്കേതം സീറോ ബഫർസോണാക്കിയുള്ള നിയമം നടപ്പിലാക്കപ്പെടാതിരുന്നാൽ ജനങ്ങൾ വലിയ ആശങ്കയിലാകും. തൊഴിലാളികൾ, പഠിക്കുന്ന കുട്ടികൾ, വീടുകൾ, നിലവിലുള്ള പഞ്ചായത്തുൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ ഭാഗത്തുണ്ട്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ ആശങ്ക പരിഹരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും ഈ കാര്യങ്ങൾ ജനങ്ങളെ നേരിട്ട് ബോദ്ധ്യപ്പെടുത്താനുമുള്ള ഒരു സംവിധാനംകൂടി ഉണ്ടാകണമെന്നാണ് .

11.00 P.M.]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2014-ൽ ഹരിത ട്രൈബ്യൂണൽ അംഗീകരിച്ചതും ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടതുമായ ഇ.എസ്.എ. (Ecologically Sensitive Areas)-യുടെ അതിർത്തികൾ സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ബയോഡൈവേഴ്സിറ്റി ബോർഡാണ്. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷിത വനമേഖലകളുടെയും വനംവകുപ്പുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു.

നിലവിൽ ചൂലന്നൂർ, പീച്ചി-വാഴാനി എന്നീ വന്യജീവി സങ്കേതങ്ങളുടെ ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഡ്രാഫ്റ്റ് വിജ്ഞാപനമാണ് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ജനവാസ മേഖല പരമാവധി ഒരു കിലോമീറ്ററിനുള്ളിൽത്തന്നെ നിർത്തിക്കൊണ്ടാണ് 13-11-2019-ൽ മേൽപ്പറഞ്ഞ രണ്ട് വന്യജീവി സങ്കേതങ്ങളുടെയും അതിർത്തികൾ ഡ്രാഫ്റ്റ് വിജ്ഞാപനമായി സമർപ്പിച്ചിട്ടുള്ളതും അതിനെത്തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് 2020 നവംബറിലെ ഉത്തരവുകൾവഴി ചൂലന്നൂർ മയിൽ സങ്കേതത്തിനും ഇതേ തീയതിയിലെ മറ്റൊരു ഉത്തരവുവഴി വാഴാനി വന്യജീവി സങ്കേതത്തിന്റെയും ഡ്രാഫ്റ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൽ പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ വിജ്ഞാപനപ്രകാരം വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽനിന്നും ചുരുങ്ങിയത് പൂജ്യം മുതൽ പരമാവധി 6.2 കിലോമീറ്റർ ദൂരത്തിലാണ് നിലകൊള്ളുന്നത്. ജനവാസ മേഖലയിലെ പരമാവധി ദൂരം ഒരു കിലോമീറ്ററിനുള്ളിൽ നിർത്തി തൊട്ടടുത്ത വനം ഡിവിഷനുകളിലെ വനഭൂമി പരമാവധി ചേർത്തിട്ടുള്ള രീതിയിലാണ് ഇക്കോ സെൻസിറ്റീവ് സോൺ ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളത്. ചൂലന്നൂർ മയിൽ സങ്കേതത്തിന്റേത് ചുരുങ്ങിയത് ജനവാസ മേഖലയിൽനിന്ന് നൂറ് മീറ്റർ മുതൽ പരമാവധി മൂന്നുകിലോമീറ്റർ (വനമേഖല ഉൾപ്പെടെ) വരെയാണ് ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളത്. ഇവ രണ്ടിലും ജനവാസ മേഖല ഒരു കിലോമീറ്ററിലധികം ഒരു സ്ഥലത്തും ഡീമാർക്കേറ്റ് ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ പിന്നീട് പലയിടത്തുനിന്നും ജനവാസമേഖല ഉൾപ്പെട്ടുവന്നിട്ടുണ്ടെന്നുള്ള പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ തീരുമാനം പുനഃപരിശോധിക്കുകയും ജനവാസ മേഖല ഇക്കോ സെൻസിറ്റീവ്

സോണിൽനിന്ന് പൂർണ്ണമായും ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രണ്ട് വന്യജീവി സങ്കേതങ്ങളിലും 12-10-2020-ൽ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പ്രൊപ്പോസൽ വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പീച്ചി-വാഴാനി വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ മുമ്പ് 131.54 ചതുരശ്ര കിലോമീറ്ററായിരുന്നത് പുനഃപരിശോധിച്ച് 54.9 ചതുരശ്ര കിലോമീറ്ററായി കുറച്ചുകൊണ്ടുള്ള നിർദ്ദേശമാണ് പുനഃപരിശോധിച്ചതിനുശേഷം നൽകിയിട്ടുള്ളത്. ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ ഇ.എസ്.എ. 8.86 ചതുരശ്ര കിലോമീറ്ററായിരുന്നു. അത് ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി 0.747 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞിട്ടുണ്ട്. അങ്ങയും ശ്രീ. കെ. രാജനും ചൂണ്ടിക്കാണിച്ചതുപോലെയുള്ള പ്രദേശങ്ങളിലുമെല്ലാം ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കണമെന്നാണ് മൊത്തത്തിൽ തീരുമാനമെടുത്തിരിക്കുന്നത്. അതനുസരിച്ചുള്ള നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ കൂടിയായിരിക്കും ഫൈനൽ നോട്ടിഫിക്കേഷൻ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ....... (മൈക്ക് ഓഫ്)

ശ്രീ. കെ. സി. ജോസഫ്:സർ, അവസരം നൽകണം. (......മൈക്ക് ഓഫ്.....)

മി. ചെയർമാൻ: എല്ലാ കാര്യങ്ങൾക്കുമുള്ള മറുപടി അദ്ദേഹം നൽകിയിട്ടുണ്ട്.

(12) മാനന്തവാടി മാതൃകാ ഡിഗ്രി കോളേജിന്റെ പ്രവർത്തനം

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിലെ എന്റെ മണ്ഡലമായ മാനന്തവാടിയിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പ്രകാരം ഒരു മാതൃകാ കോളേജ് അനുവദിച്ചിരുന്നു. പ്രസ്തുത കോളേജ് പ്രവർത്തിക്കാനാവശ്യമായ സ്ഥലം രേഖാമൂലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നു. പ്രിൻസിപ്പലിനെയും നിയോഗിച്ചിരുന്നു. പ്രാഥമികമായി ആവശ്യമുള്ള കോഴ്സുകളും നിശ്ചയിച്ചിരുന്നു. എന്നാൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചില്ല. കോളേജിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കാൻ സാധിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) രണ്ടാം ഘട്ടത്തിൽ ഘടകം അഞ്ചിൽ ഉൾപ്പെടുത്തി വയനാട് ജില്ലയ്ക്ക് അനുവദിച്ച മോഡൽ ഡിഗ്രി കോളേജ് വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളുമായാണ്

റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് മുന്നോട്ടുപോകുന്നത്. 2019 ഫെബ്രുവരി 3-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കോളേജിന്റെ ഡിജിറ്റൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ പത്തേക്കർ ഭൂമി റൂസയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി കൈമാറി കിട്ടിയ വിവരം റൂസ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ദേശീയ റൂസയെ അറിയിക്കുകയും ചെയ്തു. എന്നാൽ ഇതുവരെ കേന്ദ്ര വിഹിതമൊന്നും ലഭിച്ചിട്ടില്ല. കേന്ദ്ര വിഹിതം ലഭിക്കുന്നമുറയ്ക്കുതന്നെ കോളേജ് തുടങ്ങാനുള്ള നടപടികൾ അടിയന്തരമയി ആരംഭിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4, പതിനഞ്ചാം സമ്മേളനത്തിലെ 210, പതിനെട്ടാം സമ്മേളനത്തിലെ 65, പത്തൊൻപതാം സമ്മേളനത്തിലെ 11, 20, 182, 1646 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5758 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2146 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3594 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിലെ 1401 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

### 1. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ റിപ്പോർട്ട്

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി X -ന്റെ റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി(ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X -ന്റെ അദ്ധ്യക്ഷനായ ഞാൻ കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയഞ്ച് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 4. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ

ശ്രീ. ബി. സത്യൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമതും ഒൻപതാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 5. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 6. ഹർജികൾ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 7. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII ധനകാര്യം

## 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഏറെ അഭിമാനത്തോടെ സ്വാഗതം ചെയ്യുകയാണ്. 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾ ലോകം മുഴുവൻ ഉറ്റുനോക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... ചർച്ചയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് വിതരണം ചെയ്യേണ്ടതാണ്.

(ചർച്ചയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് വിതരണം ചെയ്തു.)

മി. ചെയർമാൻ: ശ്രീ. സി. കെ. ശശീന്ദ്രൻ, അങ്ങേയ്ക്ക് തുടരാം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, അഴിമതിയിൽ മുങ്ങിക്കുളിച്ച യു.ഡി.എഫ്. സർക്കാർ നാടിനുതന്നെ അപമാനമായിരുന്നു. 2016-ലെ തെരഞ്ഞെടുപ്പിൽ ജനകീയ കോടതിയിൽ യു.ഡി.എഫ്.-നെ ശിക്ഷിച്ചിട്ടും അത് തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ലെന്നുള്ളതാണ് ഏറെ ഖേദകരം. പ്രതിപക്ഷധർമ്മംപോലും നിർവ്വഹിക്കാൻ യു.ഡി.എഫ്.-ന് സാധിക്കുന്നില്ല. കേരളത്തിലെ ബി.ജെ.പി.-യുടെ മെഗാഫോണായി യു.ഡി.എഫ്. മാറിയിരിക്കുകയാണ്. ദേശീയ നേതൃത്വത്തിന്റെ അഭിപ്രായങ്ങൾപോലും കേരളത്തിലെ കോൺഗ്രസ് നേതാക്കൾക്ക് സ്വീകരിക്കാൻ കഴിയുന്നില്ല. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വെൽഫെയർ പാർട്ടിയുമായി ഉണ്ടാക്കിയ സഖ്യം ദേശീയ നേതൃത്വം അംഗീകരിക്കാത്തതാണ്. ശ്രീമതി സോണിയ ഗാന്ധി, ശ്രീ. രാഹുൽ ഗാന്ധി തുടങ്ങിയവരെ കേന്ദ്ര ഏജൻസികൾ വേട്ടയാടുകയാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ രാഷ്ട്രീയ ഇടപെടൽ യു.ഡി.എഫ്.-ന് തിരിച്ചറിയാൻ കഴിയുന്നില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ വർദ്ധിച്ചുവരുന്ന ജനസമ്മതിയിൽ വിഭ്രാന്തിപൂണ്ട് ബി.ജെ.പി.-യുടെ നാവായി യു.ഡി.എഫ്. നിയമസഭയിൽ പ്രവർത്തിക്കുന്ന ലജ്ജാകരമായ കാഴ്ചയാണ് കാണാൻ കഴിയുന്നത്. മുസ്ലീംലീഗ് യു.ഡി.എഫ്.-നെ ഹൈജാക്ക് ചെയ്യുമ്പോൾ നിസ്സഹായതയോടെ നോക്കിനിൽക്കാനേ കോൺഗ്രസ്സിന് കഴിയുന്നുള്ളൂ. കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം കേരളത്തിൽ ചില പുതിയ പരീക്ഷണങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അത് കോൺഗ്രസ്സിന്റെ ആഭ്യന്തര രാഷ്ട്രീയ പ്രശ്നങ്ങളാണ്. ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. ആല മാറിക്കെട്ടിയാൽ മച്ചി പശു പ്രസവിക്കില്ലെന്ന് നമുക്കറിയാം. യു.ഡി.എഫ്.-നെ അത്രയേറെ ജനങ്ങൾ തിരസ്കരിച്ചിരിക്കുകയാണ്. 2016-ൽ എൽ.ഡി.എഫ്.-ൽ 91 എം.എൽ.എ.-മാർ ഉണ്ടായിരുന്നുവെങ്കിൽ നിലവിൽ 96 പേരുണ്ടെന്ന് കാണുവാൻ കഴിയും. എൽ.ജെ.ഡി.-യും കേരള കോൺഗ്രസ്സ്(എം.)-ഉം യു.ഡി.എഫ്. വിട്ടത് ഈ കാലയളവിലാണ്. ലീഗിന്റെ രണ്ട് എം.എൽ.എ.-മാർക്ക് സഭയിൽ വരാൻ കഴിയാത്ത സാഹചര്യത്തെ സംബന്ധിച്ച് ലീഗ് നേതൃത്വം അഭിപ്രായം പറയണം. ത്രിതല പഞ്ചായത്തിലെ എൽ.ഡി.എഫ്.-ന്റെ വൻമുന്നേറ്റം യു.ഡി.എഫ്.-ന് അംഗീകരിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലെ കണക്കുമായി അവർ ഇപ്പോഴും സംതൃപ്തി അടയുകയാണ്. അതിനുശേഷം നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലും ഇപ്പോൾ നടന്ന ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലുമുണ്ടായ എൽ.ഡി.എഫ്. മുന്നേറ്റത്തെ അംഗീകരിക്കാൻ കഴിയാത്ത മാനസികാവസ്ഥയിലാണ് യു.ഡി.എഫ്. ഇപ്പോഴും. ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചാണ് കേരളം മുന്നോട്ടുപോകുന്നത്. പൗരത്വ ഭേദഗതി ബിൽ, കാർഷിക പരിഷ്കരണ നിയമം, കേന്ദ്രം നടപ്പിലാക്കിയ ജനദ്രോഹ നടപടികൾ എന്നിവയ്ക്കെതിരെ നിയമസഭ പ്രത്യേക സമ്മേളനം

ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കില്ലെന്ന നിലപാട് പ്രഖ്യാപിച്ചു. ഹൈന്ദവ വർഗ്ഗീയ താൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ആർ.എസ്.എസ്. നിയന്ത്രണത്തിലാണ് നരേന്ദ്ര മോദി സർക്കാർ. നരേന്ദ്ര മോദി സർക്കാരിന്റെ വർഗ്ഗീയ നീക്കങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ കഴിയാത്ത കോൺഗ്രസ്സ് കൂടുതൽ ദുർബലപ്പെടുകയാണ്. കഴിഞ്ഞ അഞ്ചുവർഷം എൽ.ഡി.എഫ്. സർക്കാർ ഒന്നുംചെയ്തില്ലെന്ന അധരവ്യായാമമാണ് യു.ഡി.എഫ്. നേതാക്കൾ നടത്തിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. കാലത്തെ സാമ്പത്തിക വളർച്ച 4.9 ശതമാനമായിരുന്നുവെങ്കിൽ എൽ.ഡി.എഫ്. കാലത്ത് അത് 5.9 ശതമാനമാണ്. യു.ഡി.എഫ്. അഞ്ചുവർഷംകൊണ്ട് നൽകിയ പെൻഷൻ തുക 9.011 കോടി രൂപയാണെങ്കിൽ എൽ.ഡി.എഫ്. സർക്കാർ നൽകിയത് 32.034 കോടി രൂപയാണ്. യു.ഡി.എഫ്. -ന്റെ ഭരണകാലത്ത് പെൻഷൻ നൽകിയവരുടെ എണ്ണം 34 ലക്ഷവും എൽ.ഡി.എഫ്. -ന്റെ ഭരണകാലത്ത് 59.4 ലക്ഷവുമാണ്. പൊതുവിതരണം ശക്തിപ്പെടുത്താൻ യു.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് 5242 കോടി രൂപയും എൽ.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് 10697 കോടി രൂപയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് യു.ഡി.എഫ്. നൽകിയത് 503 കോടി രൂപ, എൽ.ഡി.എഫ്. നൽകിയത് 1703 കോടി രൂപ. പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം യു.ഡി.എഫ്.-ന്റെ കാലത്ത് 4.9 ലക്ഷം കുറവും എൽ.ഡി.എഫ്.-ന്റെ കാലത്ത് 6.79 ലക്ഷം കൂടുതലുമാണ്. നെൽവയൽ വിസ്തൃതി യു.ഡി.എഫ്.-ന്റെ കാലത്ത് 1.7 ലക്ഷം ഹെക്ടറും എൽ.ഡി.എഫ്.-ന്റെ കാലത്ത് 2.23 ലക്ഷം ഹെക്ടറുമാണ്. എൽ.ഡി.എഫ്. നടപ്പിലാക്കിയ ആർദ്രം, ലൈഫ്, ഹരിത കേരള മിഷൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവ നാടിന്റെ മുഖച്ഛായതന്നെ മാറ്റി മറിച്ചതായി കാണാൻ സാധിക്കും.

കിഫ്ബിവഴി കണ്ടെത്തിയ അധിക സാമ്പത്തിക സമാഹരണം വികസന പ്രവർത്തനങ്ങളിൽ റിക്കോർഡ് വളർച്ച രേഖപ്പെടുത്തിയിരിക്കുകയാണ്. ഇതിനെയും തകർക്കാൻ കേന്ദ്ര ഏജൻസികളോടൊപ്പം കൂട്ടുനിൽക്കുകയാണ് പ്രതിപക്ഷമെന്നുള്ളതാണ് ഏറെ ഖേദകരം. കർഷകരുടെയും തോട്ടം തൊഴിലാളികളുടെയും ആദിവാസികളുടെയും നാടാണ് വയനാട്. ഈ ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചതായി കാണാൻ കഴിയും. കർഷക ക്ഷേമബോർഡ് രൂപീകരണം, പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾക്കുള്ള തറവില നിശ്ചയിച്ചത് എന്നിവയെല്ലാം ആശ്വാസകരമാണ്.

ഇഞ്ചിക്ക് കൂടി തറവില നിശ്ചയിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മാർക്കറ്റിൽ ഏത്തവാഴക്കുലയ്ക്ക് 16 രൂപയുള്ളപ്പോൾ 24 രൂപയ്ക്കാണ് കേരള സർക്കാർ സംഭരിക്കുന്നത്. കാപ്പി കൃഷിക്കാരുടെ നാടാണ് വയനാട്. കാപ്പിക്കുരുവിന് ഈ ബഡ്ജറ്റിൽ തറവില നിശ്ചയിച്ചിരിക്കുകയാണ്. മാർക്കറ്റിൽ 60 രൂപ വിലയുള്ള കാപ്പിക്കുരുവിന് സർക്കാർ 90 രൂപ പ്രഖ്യാപിച്ചിരിക്കുന്നു. അമ്പത്തയ്യായിരത്തോളം വരുന്ന വയനാട്ടിലെ കാപ്പികൃഷിക്കാർക്ക് ഇത് ഏറെ സഹായകരമായി മാറും. ജില്ലയിലെ മുഴുവൻ കാപ്പികൃഷിക്കാരും ഈ നടപടിയെ സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വയനാട്ടിലെത്തി കാപ്പി കൃഷിക്കാരുമായി ചർച്ച നടത്തി അവരുടെ നിർദ്ദേശങ്ങൾ മുഖവിലയ്ക്കെടുത്തതിൽ അവർ ഏറെ സന്തുഷ്ടരാണ്. വയനാട് കാർബൺ ന്യൂട്രൽ ജില്ലയായി മാറുകയാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ് ഇതിന് നേതൃത്വം നൽകുന്നത്. മരംനടുന്ന കർഷകർക്ക് 50 രൂപ പ്രകാരം ട്രീ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. കാർബൺ ന്യൂട്രൽ ജില്ലയാകുന്നതോടുകൂടി കാപ്പിക്കുരുവിന്റെ വില ഇരട്ടിയാകും. മറ്റ് കാർഷികോൽപ്പന്നങ്ങൾക്കും ലോകമാർക്കറ്റിൽ, ഓക്സിജൻ കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശത്തെ കാർഷികോൽപ്പന്നങ്ങൾ എന്ന നിലയിൽ വലിയ ഇടം നേടാൻ കഴിയും. മലബാർ കോഫി ഫെബ്രുവരി മാസത്തിൽ സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 90 രൂപയ്ക്ക് കാപ്പി കർഷകരിൽ നിന്ന് സംഭരിക്കുകയാണ്.

ആദിവാസികളുടെ ജീവിതത്തിൽ നല്ല മാറ്റം വരുത്താൻ ഗവൺമെന്റിന് കഴിഞ്ഞു. 241 മെന്റർ ടീച്ചർമാരെ നിയമിച്ചു, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ആദ്യം 125 പോലീസുകാർക്കും രണ്ടാം ഘട്ടത്തിൽ 85 പേർക്കും ജോലി ലഭിച്ചു. മൂന്നാം ഘട്ടത്തിന്റെ ഇന്റർവ്യൂ ഇന്ന് വയനാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. 622 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകി. അവർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഗോത്രജീവിക പദ്ധതിയിലൂടെ നൂറുകണക്കിന് ആദിവാസികൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി. കേരളത്തിന്റെ ചരിത്രത്തിൽ ആദിവാസിയായ ജോഗിയെ വെടിവച്ച് കൊന്നത് യു.ഡി.എഫ്. സർക്കാരാണ്. ജോഗിയുടെ കുടുംബത്തെ അവർ തിരിഞ്ഞു നോക്കിയില്ല. ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് ജോഗിയുടെ മകൾ ശ്രീമതി സീതയ്ക്ക് ജോലി നൽകിയത്. യു.ഡി.എഫ്. സർക്കാർ വെടിവച്ച് കൊന്ന് അനാഥമാക്കിയ ജോഗിയുടെ കുടുംബത്തിന് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ 10 ലക്ഷം രൂപ നൽകി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഭൂമിക്കുവേണ്ടി സമരം ചെയ്ത 1476

ആദിവാസികളെയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ ജയിലിലടച്ചത്. വെള്ളമുണ്ട പഞ്ചായത്തിൽനിന്നും അറസ്റ്റ് ചെയ്തുകൊണ്ടുപോയ ശാന്ത കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്ന് പ്രസവിച്ചു. നവജാത ശിശു മരണപ്പെട്ടു, ജയിലിൽ തന്നെ അടക്കം ചെയ്തു. പിന്നീട് ശാന്തയും മരിച്ചു. ഈ സമരത്തിൽ ആദിവാസി ക്ഷേമസമിതി നേതാക്കളായ മുൻ എം.എൽ.എ. കൂടിയായ ശ്രീ. കെ. സി. കുഞ്ഞിരാമൻ, ശ്രീ. പി. വി. വേലായുധൻ, ശ്രീ. ഇ. എ. ശങ്കരൻ, ശ്രീമതി സീതാ ബാലൻ, പരേതനായ ചന്തു ഇവരെല്ലാം ജയിലിൽ അടയ്ക്കപ്പെട്ടവരാണ്. ഈ സമരത്തിന്റെയുംകൂടി ഉത്പന്നമാണ് ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പിന്തുണ നൽകിയപ്പോൾ പാസ്സാക്കിയ വനാവകാശ നിയമമെന്ന് കാണാൻ കഴിയും.

തോട്ടം തൊഴിലാളികളുടെ കൂലി 355 രൂപയെന്നത് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വർദ്ധിപ്പിച്ചു. നിലവിൽ ഡി.എ. ഉൾപ്പെടെ 407 മുതൽ 412 രൂപ വരെയാണ് തോട്ടം തൊഴിലാളികളുടെ കൂലി. യു.ഡി.എഫ്. സർക്കാർ ജോലി ഭാരം വർദ്ധിപ്പിച്ചിട്ടാണ് കൂലി ഉയർത്തിയത്. 12 കിലോ ചപ്പ് (ഇല) അധികം പറിക്കണമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അദ്ധ്വാനഭാരം വർദ്ധിപ്പിക്കാതെ കൂലി ഉയർത്തി.

തോട്ടം തൊഴിലാളികളുടെ ലൈഫ് ഭവന നിർമ്മാണ പദ്ധതി ഉടൻ ആരംഭിക്കാൻ കഴിയണം. പ്രിയപ്പെട്ട ശ്രീ. പി. വി. അബ്ദുൾ വഹാബ്, എം.പി തോട്ടം തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനുവേണ്ടി സർക്കാരിന് ഒരേക്കർ സ്ഥലം മേപ്പാടിയിൽ സംഭാവനയായി നൽകിയിട്ടുണ്ട്. എച്ച്.എം.എൽ. മാനേജ്മെന്റ് തോട്ടം തൊഴിലാളികളോട് കാണിക്കുന്ന ദ്രോഹനടപടികൾ പിൻവലിക്കുന്നതിനായുള്ള ഇടപെടൽ നടത്തണം. സമരകാലത്ത് നൽകാനുള്ള ആയിരം രൂപ കുടിശ്ശിക തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിരവധി തോട്ടം തൊഴിലാളി കുടുംബങ്ങളെ എ.പി.എൽ. ലിസ്റ്റിൽനിന്ന് ബി.പി.എൽ.-ന്റെ മുൻഗണനാ ലിസ്റ്റിലേയ്ക്ക് മാറ്റാൻ കഴിഞ്ഞുവെന്നുള്ളതും ഏറെ ശ്രദ്ധേയമാണ്. വയനാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ബഡ്ജറ്റിൽ 300 കോടി രൂപ അനുവദിക്കുകയും 2021-22-ൽ ഇത് യാഥാർത്ഥ്യമാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. 2020 ഒക്ടോബർ 28-ന്റെ നാഷണൽ മെഡിക്കൽ കമ്മീഷൻ അമെന്റ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം നോർത്ത്-ഈസ്റ്റേൺ സംസ്ഥാനങ്ങളിലും മലയോര മേഖലകളിലും 250 ബെഡ്ഡുകളുള്ള ആശുപത്രിയെ മെഡിക്കൽ കോളേജാക്കി മാറ്റാവുന്നതാണ്. വയനാട് 40 ശതമാനത്തോളം വനമുള്ളതും ഏറ്റവും കൂടുതൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശവുമാണ്.

കേന്ദ്രത്തിന്റെ ആസ്പിരേഷൻ ജില്ലകളുടെ പട്ടികയിൽപ്പെട്ട ജില്ലയാണ് വയനാട്. ഈ സൗകര്യങ്ങൾ ഇക്കാര്യത്തിൽ നമുക്ക് ഉപയോഗിക്കാവുന്നതാണ്. 2012-ൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതായിരുന്നു. 2018-ലെ പ്രളയത്തെത്തുടർന്നാണ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം നിലച്ചത്. യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിക്കുകയും തുടർന്ന് എൽ.ഡി.എഫ്. സർക്കാർ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പ്രദേശത്തുതന്നെ മെഡിക്കൽ കോളേജ് ആരംഭിക്കാൻ, മെഡിക്കൽ കമ്മീഷൻ മുന്നോട്ടുവച്ച എല്ലാ സൗകര്യങ്ങളും അവിടെ നിലവിലുണ്ട്. കൂടാതെ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 300 കോടി രൂപയ്ക്ക് പുറമെ കേന്ദ്ര സർക്കാരിൽനിന്ന് ആസ്പിരേഷൻ ജില്ലയെന്ന നിലയ്ക്കുള്ള 300 കോടി രൂപയുംകൂടി ലഭ്യമാക്കുവാൻ കഴിയും.

അരിവാൾ രോഗികളുടെ പ്രശ്നങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവന്നതിന്, അരിവാൾ രോഗികളുടെ കൂട്ടായ്മയുടെ പ്രവർത്തകയായ സരസ്വതിക്ക് 'സ്ത്രീരത്ന' അവാർഡ് ആരോഗ്യ വകുപ്പുമന്ത്രിയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറാണ് നൽകിയത്. പുതിയ മെഡിക്കൽ കോളേജിൽ ഹീമോഗ്ലോബിനോപ്പതി റിസർച്ച് ആന്റ് കെയർ സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനം അരിവാൾ രോഗികളുൾപ്പെടെയുള്ള ജനിതക രോഗികൾക്ക് ഏറെ ആശ്വാസകരമാകും. പഴശ്ശി സൊസൈറ്റിക്ക് ട്രൈബൽ കോളേജ് പ്രഖ്യാപിച്ചതും ആദിവാസി മേഖലയിൽ പുതിയ ഉണർവ്വുണ്ടാക്കും. വന്യമൃഗശല്യം തടയുന്നതിനുവേണ്ടി 110 കോടി രൂപയ്ക്കുപുറമെ 22 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. ജില്ലയിൽ 16 കോടി രൂപ ചെലവഴിച്ച് 32 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ട്. അനുവദിച്ച തുക ഉപയോഗിക്കുന്നതിൽ വനം വകുപ്പിന്റെ ശ്രദ്ധ്ക്കാന്തി കുറേക്കൂടി ശക്തമായുണ്ടാകണം. കഴിഞ്ഞ 16-ാം തീയതിയാണ് വയനാട് ജില്ലയിലുള്ള മേപ്പാടിയിലെ തോട്ടംതൊഴിലാളിയായ പാർവ്വതിയെ ആന ചവിട്ടി കൊന്നത്. ഫോറസ്റ്റ് റേഞ്ചർ കടുവയുടെ ആക്രമണത്തിൽനിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ടതും നമ്മൾ കണ്ടതാണ്.

പ്രീ-പ്രൈമറി ടീച്ചർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചത് സന്തോഷകരമാണ്. എന്നാൽ, 2012-നുശേഷം ആരംഭിച്ച സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലുള്ള 8,991 അദ്ധ്യാപകർക്കുകൂടി ഇതിന്റെ ഗുണം ലഭ്യമാക്കണം. I.T.D.P-യ്ക്ക് കീഴിലുള്ള കിന്റർഗാർട്ടൻ, വികാസ്‌വാടി അദ്ധ്യാപകർക്കും ഹെൽപ്പർമാർക്കുംകൂടി വേതന വർദ്ധനവ് പ്രഖ്യാപിക്കണം. ആകെ 11 സ്ഥാപനങ്ങളിലായി 26 ജീവനക്കാർ മാത്രമാണുള്ളത്. ദേശീയപാത 766-ലെ രാത്രികാല യാത്രാനിരോധന പ്രശ്നത്തിൽ എലവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തിന് തുക മാറ്റിവച്ചതും സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ സൂചിപ്പിച്ച, തലശ്ശേരി-മൈസൂർ, നിലമ്പൂർ-

നഞ്ചൻകോട് എന്നീ റെയിൽവേ പാതകളുടെ നിർമ്മാണത്തിന് കെ.ആർ.ഡി.സി.എൽ. (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-നെ ചുമതലപ്പെടുത്തുകയാണ്. നിലമ്പൂരിൽനിന്നും ആരംഭിച്ച് മീനങ്ങാടിയിൽ ഒത്തുചേരുന്ന ഒരു മാപ്പ് കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സർവ്വേയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള 8 കോടി രൂപയിൽ ആദ്യഗഡുവായ 2 കോടി രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. വെറ്ററിനറി സർവ്വകലാശാലയുടെ ആസ്ഥാനം വയനാടാണ്. ആ സർവ്വകലാശാലയ്ക്കുള്ള ഗ്രാന്റ് കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയതുപോലെ 10 ശതമാനം വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തെ വിജ്ഞാന സമൂഹമായി രൂപാന്തരപ്പെടുത്തുമ്പോൾ ലോകമെമ്പാടും വിന്യസിച്ചുകിടക്കുന്ന മലയാളികളുടെ ജീവിതത്തെ അത് വലിയ രീതിയിൽ മെച്ചപ്പെടുത്തും. ദീർഘവീക്ഷണത്തോടെ ഒരു പുത്തൻ കേരളത്തെ കെട്ടിപ്പടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റെന്ന് കാണാൻ കഴിയും. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയും ബഡ്ജറ്റിനെ പൂർണ്ണമായും അംഗീകരിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. യഥാർത്ഥത്തിൽ വാഗ്ദാനങ്ങളുടെ ശവപ്പറമ്പാണ് ഈ ബഡ്ജറ്റ്. സമയച്ചുരുക്കം കാരണം ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ചുമാത്രം ഞാൻ പറയാം. മലയോര ഹൈവേയ്ക്ക് 3,500 കോടി രൂപയും തീരദേശ ഹൈവേയ്ക്ക് 6,580 കോടി രൂപയും തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്ക് 4,219 കോടി രൂപയും കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2,509 കോടി രൂപയും വ്യവസായ പാർക്കുകൾക്ക് 6,700 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു കല്ലെങ്കിലും വച്ചിട്ടുണ്ടോ? എന്തെങ്കിലുമൊരു നടപടിയെടുത്തിട്ടുണ്ടോ? എല്ലാംകൂടി കൂട്ടിയാൽ 41,608 കോടി രൂപ നേരെ ആവിയായി പോയതായാണ് കാണുന്നത്. അതുകൊണ്ടാണ് ഈ ബഡ്ജറ്റ് വാഗ്ദാനങ്ങളുടെ ഒരു ശവപ്പറമ്പാണെന്ന് ഞാൻ പറഞ്ഞത്. ഈ ശവപ്പറമ്പിലേയ്ക്ക് നോക്കിയാൽ ധാരാളം തലയോട്ടികളും കാണാൻ സാധിക്കും. മൊബൈൽ ഫോൺ നിർമ്മാണത്തിനുവേണ്ടി യൂണിറ്റ് തുടങ്ങുമെന്ന് പറഞ്ഞു, എവിടെയാണ് തുടങ്ങിയത്? ഗൾഫിൽ പബ്ലിക്ക് സ്കൂളും പ്രൊഫഷണൽ കോളേജും തുടങ്ങുമെന്ന് പറഞ്ഞു, എവിടെയാണ് തുടങ്ങിയത്? ഇപ്പോൾ നമുക്കാവശ്യമായ ഡീസൽ കടൽ മാലിന്യത്തിൽനിന്ന് വരുന്നതാണല്ലോ,

അതുകൊണ്ടുവരുമെന്നാണ് പറഞ്ഞത്. ഖരമാലിന്യത്തിൽനിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞു. എന്ത് ഊർജ്ജമാണ്? ഇതുകേട്ടാൽ ഉള്ള ഊർജ്ജംകൂടി നഷ്ടപ്പെട്ടുപോകില്ലേ; ഐ.ടി., ബയോ ടെക്നോളജി, ടൂറിസം എന്നീ മേഖലയിൽ പത്ത് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞു. ആർക്കാണ് തൊഴിൽ കിട്ടുന്നത്? കൃഷി, നിർമ്മാണ-ചെറുകിട വ്യവസായ മേഖലയിൽ 15 ലക്ഷം പേർക്ക് തൊഴിലെന്ന് പറഞ്ഞു, ആർക്കാണ് തൊഴിൽ? പട്ടികജാതി വിഭാഗത്തിൽപ്പെട്ട പതിനായിരം ആളുകൾക്ക് പുതിയ ജോലി കൊടുക്കുമെന്ന് പറഞ്ഞു. ഒരു സംസ്ഥാനത്തെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ളവരെ കളിപ്പിക്കുന്നതിനുവേണ്ടി ഇതിൽ കൂടുതൽ എന്തെങ്കിലും പറയേണ്ടതുണ്ടോ? യഥാർത്ഥത്തിൽ ജനങ്ങളെ കളിപ്പിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സമീപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമെടുക്കാം. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ എനിക്ക് സ്നേഹം തോന്നിയൊരു ആളാണ്. കാരണം അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് നല്ല ജ്ഞാനവും ദീർഘവീക്ഷണവുമുണ്ടാകുമെന്നുള്ള പ്രതീക്ഷയായിരുന്നു. കടമെടുക്കുന്ന പണം സർക്കാരിന്റെ മൂലധനച്ചെലവിനുവേണ്ടി വിനിയോഗിക്കാതെ കടബാധ്യത നിറവേറ്റുന്നതിനുവേണ്ടി വിനിയോഗിക്കുന്നത് എന്ത് സാമ്പത്തിക ശാസ്ത്രമാണ്? അങ്ങ് പഠിച്ച സാമ്പത്തിക ശാസ്ത്രത്തിൽ അതില്ലെന്ന് എനിക്കറിയാം. അത് അറിഞ്ഞുകൊണ്ടു തന്നെയാണ് ചോദിച്ചത്. മൂലധന ചെലവ് ചുരുക്കി ധനകമ്മി മൂടിവയ്ക്കാനായി ശ്രമിക്കുന്നത് എന്ത് സാമ്പത്തിക ശാസ്ത്രമാണ്? ഇത് സമീപഭാവിയിൽ യഥാർത്ഥ വളർച്ചാനിരക്ക് വീണ്ടും കുറയ്ക്കാനിടവരും. വളർച്ചാ നിരക്കിന്റെ കഥ ഞാൻ പറയേണ്ടതില്ലല്ലോ. 2014-15-ൽ റവന്യൂ കമ്മി 13,796 കോടി രൂപയായിരുന്നത് വർദ്ധിച്ച് 2018-19-ൽ 17,462 കോടി രൂപയായി. 3,666 കോടി രൂപയുടെ വർദ്ധനവാണ് വന്നിട്ടുള്ളത്. 2014-15-ൽ ധനക്കമ്മി 18,642 കോടി രൂപയായിരുന്നത് 2018-19-ൽ 26,958 കോടി രൂപയായി. 8,316 കോടി രൂപയുടെ കമ്മി വർദ്ധനവാണുണ്ടായത്. ഇത് എന്ത് സാമ്പത്തിക ശാസ്ത്രമാണ്? ഫിസ്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഒരു വ്യവസ്ഥയും ഇവിടെ പാലിക്കാൻ പറ്റിയിട്ടില്ലല്ലോ; പ്രസ്തുത നിയമം ഈ ഗവൺമെന്റുതന്നെ കൊണ്ടുവന്നതല്ലേ; അതിലെ ഏതെങ്കിലുമൊരു വ്യവസ്ഥ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഈ സർക്കാരിന് കുറച്ച് അധികവരുമാനം ലഭിച്ചിട്ടുണ്ട്. ആ അധിക വരുമാനം ഓവർഫ്ലോ ചെയ്തു പോയിരിക്കുകയാണ്. പുതുതായി ബാറുകൾ കൊണ്ടുവന്നു. ഒരു ബാറിന് 25 ലക്ഷം രൂപ വച്ച് ഗവൺമെന്റിന്റെ ഖജനാവിൽ വന്നില്ലേ; പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലമുണ്ടായിട്ടുള്ള 300 കോടി രൂപയുടെ അധിക നികുതി ഗവൺമെന്റിന്റെ കയ്യിലില്ലേ; ഇതെല്ലാമുണ്ടെങ്കിലും വീണ്ടും കമ്മി വർദ്ധിച്ച് സംസ്ഥാനം പടുകുഴിയിലേയ്ക്ക്

പോകുന്നവെന്നുള്ളതാണ് ഈ സംസ്ഥാനത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടെയും മനസ്സിനെ വേദനിപ്പിക്കുന്നത്. വളർച്ചാനിരക്ക് വളരെ കൂടിയിരിക്കുകയാണെന്ന് നേരത്തെ സംസാരിച്ചവർ സൂചിപ്പിച്ചു. 2018-19-ലെ വളർച്ചാനിരക്ക് 6.49 ശതമാനമായിരുന്നത് 2019-20-ൽ 3.46 ശതമാനമായി. അത് എങ്ങോട്ടാണ് വളർന്നത്? നമ്മുടെ വളർച്ച താഴോട്ടാണുണ്ടായത്. നമ്മൾ വളരെ അപകടത്തിലേയ്ക്ക് പോകുകയാണ്. അങ്ങ് മാത്രമല്ല, കേരളം അപകടത്തിലേയ്ക്ക് പോകുകയാണ്. പൊതുസമൂഹവും ഒരു തലമുറയും തകർന്നുപോകുകയാണ്. അത് തകർക്കുന്നതിനുവേണ്ടി കൂട്ടുനിൽക്കുന്നത് യഥാർത്ഥത്തിൽ ഗുണകരമാണോ? നമ്മുടെ വരുമാനമാർഗ്ഗങ്ങൾ പലതും വേണ്ടെന്ന് വച്ചു. കോൺട്രാക്ട് വർക്കുകൾക്ക് 0.1 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി ലഭിക്കേണ്ട സാഹചര്യത്തിൽ ആർക്കെങ്കിലും 200 രൂപ സ്റ്റാമ്പ് പേപ്പറിൽ ഒപ്പിട്ട് എഗ്രിമെന്റ് വയ്ക്കാമെന്ന് സമ്മതിച്ചിട്ടുണ്ടോ? 200 രൂപ സ്റ്റാമ്പ് പേപ്പറിൽ എഴുതി ഒപ്പിട്ടാൽ എത്ര കോടി രൂപയുടെ എഗ്രിമെന്റും അവർക്ക് കൊടുക്കുമെന്നുള്ള നില ഈ ഗവൺമെന്റ് എടുത്തത് ശരിയാണോ? നമുക്ക് കിട്ടേണ്ട വരുമാന നഷ്ടമല്ലേ? അതുകൊണ്ട് നമ്മുടെ സമൂഹത്തിൽ വന്നിട്ടുള്ള ഈ അവസ്ഥ വളരെ ദയനീയമാണ്. ആ ദയനീയാവസ്ഥയുടെ അടിസ്ഥാനത്തിലാണ് പൊതുകടം 2.41 ആയി വർദ്ധിച്ചിട്ടുള്ളത്. ഒരു കാര്യംകൂടി പറയാം.

<u>മി. ചെയർമാൻ</u>: പ്ലീസ്...., അങ്ങ് മാതൃക കാണിക്കേണ്ട ആളാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മറ്റുള്ളവർക്ക് കുറച്ച് സമയം കൂടുതൽ കൊടുത്തിട്ടുള്ളത് റിക്കോർഡ് പരിശോധിച്ചാൽ മനസ്സിലാകും. ഞാനും അങ്ങുമായി ഒരു തർക്കമില്ലല്ലോ; ഇവിടെ സാമാന്യ നീതിയല്ലേ പ്രശ്നം? ഞാൻ ആരുടെയും സമയം എടുത്തുകൊണ്ടുപോയിട്ടില്ല. പറയുന്നതുകേട്ടാൽ, ഞാൻ ആരുടെയോ സമയം എടുത്തുകൊണ്ട് പോക്കറ്റിലിട്ട് ഓടിയെന്ന് തോന്നുമല്ലോ; നീതി വേണമെന്നാണ് ഞാൻ പറയുന്നത്.

കടത്തിന്റെ 51.22 ശതമാനം കേരളം 2026-ൽ തിരിച്ച് അടയ്ക്കേണ്ടി വരുമെന്ന് ധനകാര്യ വകുപ്പുമന്ത്രിക്കറിയാമല്ലോ; നമ്മൾ എവിടെനിന്ന് ഇത് തിരിച്ചടയ്ക്കുമെന്നാണ് പറയുന്നത്? ഈ നിലയിൽ താഴോട്ടേയ്ക്ക് ഒഴുകിയാണ് പോകുന്നതെങ്കിൽ എവിടെനിന്നാണ് തിരിച്ചടയ്ക്കാൻ പറ്റുന്നത്? സി. ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് 12.00 മണിക്ക് ചർച്ചയുള്ളതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. പക്ഷെ, അങ്ങേയ്ക്ക് ഭരണഘടനയ്ക്ക് മുകളിലൂടെ പറക്കുന്നതിനുള്ള ചിറകുകളുണ്ടോ? അങ്ങേയ്ക്ക് സി. ആന്റ് എ.ജി.-യെ തകർക്കണമെന്ന ഒരു നിലപാടെടുക്കാൻ ഭരണഘടനയ്ക്കകത്ത് നിന്നുകൊണ്ട് കഴിയുമോ? ഞാനിത്

ചോദിച്ചാൽ അങ്ങ് പറയും, ഇവിടെ ബി.ജെ.പി.-യെ സഹായിക്കാനാണെന്ന് പറയും. സി.ആന്റ് എ.ജി. ബി.ജെ.പി.-യാണോ? ഇവിടെ ഭരണഘടന എഴുതിയത് ബി.ജെ.പി.-യാണോ? ഭരണഘടന സൃഷ്ടിക്കുമ്പോൾ എന്റെ പാർട്ടിക്കുള്ള പങ്കാളിത്തം അങ്ങേയ്ക്ക് കൃത്യമായി അറിയാമായിരിക്കുമല്ലോ; ആ ഭരണഘടനയ്ക്ക് അതീതമായി പറന്നുയരുന്ന ഒരു പരുന്തായി ധനകാര്യ വകുപ്പുമന്ത്രി മാറരുത്.

മി. ചെയർമാൻ : പ്ലീസ്..... പ്ലീസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നിർത്തുകയാണ്. അല്ലെങ്കിലും വിമർശനം കൂടുമ്പോൾ റെസ്യൂം ചെയ്യണമെന്ന് പറയുന്നത് സ്വാഭാവികമാണ്, ഞാനത് അംഗീകരിക്കുകയും ചെയ്യുന്നു. ഞാൻ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് പ്രത്യാശ നൽകുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തെ ശവപറമ്പാക്കി മാറ്റിയിരിക്കുകയാണെന്ന് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. 2011 മുതൽ 2016 വരെ കേരളം നരകതുല്യമായിരുന്നു. ആ അവസ്ഥയിൽനിന്ന് കേരളത്തെ സ്വർഗ്ഗതുല്യമാക്കിയത് 2016-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കഴിഞ്ഞ അഞ്ച് വർഷം ഈ ഗവൺമെന്റ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വമ്പിച്ച ഭൂരിപക്ഷം നേടിയത്. ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും നഗരസഭകളിലും ജില്ലാ പഞ്ചായത്തുകളിലും ഇടതുപക്ഷം അധികാരത്തിൽ വന്നു. കേരളത്തെ നരകതുല്യമാക്കിയ യു.ഡി.എഫ്.-നെ ഇല്ലാതാക്കി സ്വർഗ്ഗതുല്യമാക്കിയ ഇടതുപക്ഷത്തെ ശക്തിപ്പെടുത്താൻ കേരളത്തിലെ ജനങ്ങൾ ഒപ്പം നിൽക്കുന്നുവെന്നതിന്റെ തെളിവാണിത്.കടമെടുത്ത് ഇത്തരത്തിൽ ചെലവഴിക്കാൻ സാധിക്കുമോ എന്നദ്ദേഹം ചോദിച്ചു. ഒരു വിഷൻ ഉണ്ടെങ്കിൽ തീർച്ചയായും കടമെടുക്കൽ നല്ലതാണ്. അങ്ങനെ കടമെടുത്തതുകൊണ്ടാണ് കിഫ്ബി കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലമായി ഏതാണ്ട് 54000 കോടി രൂപയുടെ വികസനം കേരളത്തിൽ നടപ്പാക്കിയത്. നിരവധി റോഡുകൾ, പാലങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ അങ്ങനെ സമൂഹത്തിന്റെ നാനാമേഖലയിലും സമഗ്രമായ വികസനമെത്തിക്കാൻ കിഫ്ബി വഴി കഴിഞ്ഞുവെന്നുള്ളത് നമുക്ക് കാണാൻ കഴിയും. നല്ല വിദ്യാഭ്യാസം കൊടുക്കുന്നു; നല്ല വിദ്യാഭ്യാസം കൊടുക്കുന്നതുകൊണ്ടാണ് ലോകത്തിൽ എവിടെയും മലയാളികൾ ജോലി

ചെയ്യുന്നത്. അവർ മലയാളികളായതുകൊണ്ടല്ല; അവർക്ക് വിദ്യാഭ്യാസമുള്ളതുകൊണ്ടാണ് അവർ ജോലി ചെയ്യുന്നത്. അവർക്കു കിട്ടുന്ന വരുമാനം കേരളത്തിലെത്തുന്നു. നല്ല റോഡുണ്ടാകുമ്പോൾ ആ റോഡിലൂടെ നല്ല ധാരാളം വാഹനങ്ങൾ വരുന്നു, ടൂറിസ്റ്റുകൾ വരുന്നു, പെട്രോൾ പമ്പുകളിൽ പെട്രോൾ അടിക്കുന്നു. അങ്ങനെ സാമ്പത്തികമായി വലിയ വരുമാനം ഇവിടെയുണ്ടാകുമ്പോൾ അതിന്റെ നികുതി കേരളത്തിന് ലഭിക്കുന്നു. കടമെടുത്താൽ ഏതുവഴിയിലൂടെ തിരിച്ചടയ്ക്കുമെന്ന വിഷനുണ്ടെങ്കിൽ ആ വിഷൻ നമുക്ക് തീർച്ചയായും ഗുണകരമാണ്. അത് കേരളത്തിൽ നടപ്പാക്കുന്നത് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായതിനുശേഷമാണ്. ഈ സർക്കാർ വളരെ ദീർഘവീക്ഷണത്തോടുകൂടിയാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. കേന്ദ്രവും ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം കൂടുതൽ ശക്തമായി തിരിച്ചു വരികയാണെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. 2011- 2016 കാലത്ത് സംസ്ഥാനത്തിന്റെ ശരാശരി സാമ്പത്തിക വളർച്ച 4.9 ശതമാനമായിരുന്നുവെങ്കിൽ ഇപ്പോൾ അത് 5.9 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. കോവിഡ് കാലത്ത് എല്ലാ ജനങ്ങളെയും ചേർത്തു നിർത്തിയ ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അത് കേരളത്തിൽ ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. അടിസ്ഥാന മേഖലകൾക്കും സാധാരണ ജനവിഭാഗങ്ങൾക്കും പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് അവരെ ഉത്തേജിപ്പിക്കുകയും ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്നതിനുള്ള നിരവധി പദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിരിക്കുന്നത്. ക്ഷേമ പെൻഷനുകൾ 1,600 രൂപയാക്കിയത് ചെറിയ കാര്യമാണോ; കേവലം 600 രൂപയായിരുന്ന പെൻഷൻ കൃത്യമായി കൊടുക്കാൻ കഴിയാത്ത യു.ഡി.എഫ്. ഗവൺമെന്റ്, അവർ അധികാരത്തിൽ വന്നാൽ 6,000 രൂപ എല്ലാ മാസവും കൊടുക്കുമെന്ന വലിയ പ്രഖ്യാപനം നടത്തുന്നു. 600 രൂപ കൊടുക്കാൻ സാധിക്കാത്തവർക്ക് 6,000 രൂപ എങ്ങനെ കൊടുക്കാൻ സാധിക്കും. 600 രൂപ പോലും പൂർണ്ണമായി കൊടുക്കാതെ, 18 മാസത്തെ കുടിശ്ശിക കൊടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ഓരോ വർഷവും ഘട്ടംഘട്ടമായി നൂറു രൂപ വീതം വർദ്ധിപ്പിച്ച് 2020 ജനുവരിയിൽ 1,500 രൂപയാക്കിയതാണ് ഈ ബഡ്ജറ്റിലൂടെ 1,600 രൂപയാക്കിയിരിക്കുന്നത്. ഏകദേശം 59.5 ലക്ഷം ആളുകൾ കേരളത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നുണ്ട്. ഈ സാമ്പത്തിക പ്രതിസന്ധിയിലും സാധാരണ ജനങ്ങൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ചെറുപ്പക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് കാർഷിക-

പരമ്പരാഗത മേഖല ഉൾപ്പെടെ സർവ്വതലസ്പർശിയാക്കി. പുതിയ കാലത്തിന്റെ പ്രത്യേകതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഏറ്റവും പ്രധാനമായി നമ്മൾ പരിഗണിച്ചത് വിദ്യാഭ്യാസ മേഖലയാണ്. സാങ്കേതിക വിദ്യാഭ്യാസം കൂടുതൽ നടപ്പിലാക്കാൻ സാധിക്കുന്ന ഡിജിറ്റൽ കേരളത്തിലേയ്ക്ക് മാറുകയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ വിപുലമാക്കുന്നതിനും ഉന്നതവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ്, കോളേജുകളിൽ ഏതാണ്ട് 20,000 പേർക്ക് അധിക പഠന സൗകര്യം, അഫിലിയേറ്റഡ് കോളേജുകളിലെ മുഴുവൻ ക്ലാസ് മുറികളുടെയും ഡിജിറ്റലൈസേഷൻ എന്നിവയെല്ലാം ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് നടപ്പാക്കാൻ വേണ്ടിയാണ്. കഴിഞ്ഞ നാല് വർഷവും അവതരിപ്പിച്ച ബഡ്ജറ്റുകളിൽ എന്തെല്ലാം പ്രഖ്യാപിച്ചിട്ടുണ്ടോ അതെല്ലാം കൃത്യമായി നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. അടിസ്ഥാനപരമായി വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്ക് മുൻതൂക്കം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസരംഗം എന്നിവയെ ശക്തിപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ആ നിലയിലാണ് മുന്നോട്ടുപോകുന്നത്. ഏതൊക്കെ മേഖലകളാണ് വിപുലമാക്കേണ്ടത്, ശക്തിപ്പെടുത്തേണ്ടത്, എന്തെല്ലാമാണ് ചെയ്യേണ്ടത് എന്നിവയെല്ലാം കൃത്യമായി, വളരെ സൂക്ഷ്മതയോടെ, ജാഗ്രതയോടെ അടിവരയിട്ടുകൊണ്ടാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇവിടെ അങ്ങ് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ചില കാര്യങ്ങൾ വിട്ടുപോയിട്ടുണ്ട്. അതിലൊന്ന് കള്ള് ചെത്ത് തൊഴിലാളികളുമായി ബന്ധപ്പെട്ട മേഖലയാണ്. ആ മേഖലയെ സഹായിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. അതുപോലെ കെ.എസ്.ആർ.ടി.സി. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ ഒട്ടേറെ കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. ശമ്പളവും പെൻഷനും കൃത്യമായി കൊടുത്തിരുന്നില്ല. എത്രയോ ആളുകളാണ് ആത്മഹത്യ ചെയ്തത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഒരാൾപോലും ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടില്ല. കോവിഡ് മഹാമാരി വന്നത്

മുതൽ, കഴിഞ്ഞ ഫെബ്രുവരി മുതൽ ഈ ബഡ്ജറ്റ് സമ്മേളനം ചേരുന്ന സമയം വരെ പരിശോധിച്ചാൽ, കെ.എസ്.ആർ.ടി.സി. അടഞ്ഞുകിടന്നപ്പോഴും കൃത്യമായി ശമ്പളം കൊടുത്ത ഒരു ഗവൺമെന്റാണിത്. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താനുള്ള നല്ല പരിശ്രമം നടത്തണം. സർവ്വീസുകൾ കൃത്യമായി പോകണമെങ്കിൽ ആവശ്യത്തിന് ജീവനക്കാർ വേണം. അതുകൊണ്ട് നേരത്തെയുണ്ടായിരുന്ന എംപാനൽ അടക്കമുള്ള ജീവനക്കാരെ തിരിച്ചെടുത്ത് തൊഴിലാളി ദാരിദ്ര്യം ഇല്ലാതാക്കി ആ മേഖലയെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമമുണ്ടാകണം. അതിന് അടിയന്തരമായി അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്കുള്ള ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനാവശ്യമായ നിർദ്ദേശം നൽകണം. പത്ത് വർഷമായി തൊഴിൽ ചെയ്തുവരുന്ന കാഷ്വൽ, കരാർ, ദിവസവേതന തൊഴിലാളികളെ സ്ഥിരപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ പെൻഷൻ ഇപ്പോൾ 1,600 രൂപയാക്കി. കർഷകത്തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇപ്പോൾ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്; നല്ല കാര്യമാണ്. അക്കാര്യത്തിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായമാണ് നൽകിയിട്ടുള്ളത്. കർഷകത്തൊഴിലാളി അംഗങ്ങളുടെ അംശദായം ഇപ്പോൾ 20 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന് ആനുപാതികമായി സർക്കാരിന്റെ വിഹിതവും വർദ്ധിപ്പിക്കണം. നിയമത്തിൽ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആനുപാതികമായ തുക വർദ്ധിപ്പിക്കുകയും ഭൂമി ക്രയവിക്രയവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സെസ്സ് പ്രത്യേകമായി സൂക്ഷിച്ചിരിക്കുകയുമാണ്. ആ സെസ്സ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് കൊടുത്താൽ ഇന്നുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. അതുപോലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയണം. ഇപ്പോൾ ആകെ ചികിത്സാ സഹായം മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. മറ്റാനുകൂല്യങ്ങളൊന്നും വർദ്ധിപ്പിച്ചിട്ടില്ല. ആ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതി നാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ള ഒരു കാര്യം. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും വമ്പിച്ച ഭൂരിപക്ഷത്തിൽ കേരളത്തിൽ അധികാരത്തിൽ വരാൻ പോകുകയാണ്. ഇവിടെ യു.ഡി.എഫ്. പ്രത്യാശയിലാണെന്ന് നമുക്കറിയാം. പ്രതിപക്ഷത്തുള്ളവർ പ്രസംഗിക്കുമ്പോൾ, കേരളം ശവപ്പറമ്പാണ്, ഈ അവസ്ഥയിലാക്കിയത് എൽ.ഡി.എഫ്. ആണ്,

ഇവിടെ സാമ്പത്തിക പ്രതിസന്ധിയാണ്, ജനങ്ങളെ കൊള്ളയടിക്കുകയാണ് എന്നൊക്കെ പറയാറുണ്ട്. ഒരു കാര്യം മാത്രം ആലോചിച്ചാൽ മതി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഓഖി ദുരന്തമുണ്ടായി; ഓഖി ദുരന്തമുണ്ടായപ്പോൾ എൽ.ഡി.എഫ്. ഇപ്പോൾ തകരുമെന്ന് യു.ഡി.എഫ്. പറഞ്ഞു, തകർന്നോ; ഇല്ല. ഈ ഗവൺമെന്റ് അതിനെ നേരിട്ടു. നിപ്പ വൈറസ് വന്നപ്പോഴും ഇപ്പോ ശരിയാക്കാമെന്ന് പറഞ്ഞ് വീണ്ടും നിങ്ങൾ പ്രത്യാശയോടെ കാത്തിരുന്നു. ശരിയാക്കിയോ ഞങ്ങളെ; ഞങ്ങളവിടെയും നിയന്ത്രിച്ചില്ലേ? അതുകഴിഞ്ഞ് രണ്ട് വെള്ളപ്പൊക്കം വന്നു. അപ്പോഴും ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ചു. ഏറ്റവും അവസാനം കോവിഡ്-19 വന്നപ്പോൾ പറഞ്ഞതെന്താണ്? കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ലെന്നും ഈ കേരളം തകർന്നുപോകുകയാണെന്നുമാണ്. തകർന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ഈ ഗവൺമെന്റ് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയില്ലേ, പാവപ്പെട്ട എല്ലാ മനുഷ്യർക്കും ഭക്ഷണമെത്തിച്ചു കൊടുത്തു, എല്ലാവർക്കും സൗജന്യമായി മരുന്ന് എത്തിച്ചുകൊടുത്തു, എല്ലാ മാസവും കൃത്യമായി അരിയും പലവ്യഞ്ജനവും എത്തിച്ചുകൊടുത്തു, അങ്ങനെ കേരളത്തിലെ ജനങ്ങളെ ഒരുമിച്ച് നിർത്തി. ബി.ജെ.പി.-ക്കെതിരായി നിങ്ങൾ എന്തെങ്കിലും പറഞ്ഞോ? കേന്ദ്രത്തിൽ ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. ബി.ജെ.പി. പാക്കേജ് പ്രഖ്യാപിച്ചോ? ശ്രീമതി നിർമ്മലാ സീതാരാമൻ ഈ തക്കം നോക്കി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൊള്ളയടിക്കാനും വിറ്റഴിക്കാനും വേണ്ടിയുള്ള പരിശ്രമം നടത്തി. എന്നാൽ ഇവിടെ മുഖ്യമന്ത്രി എന്താണ് ചെയ്തത്? കാർഷികമേഖലയിൽ, വ്യാവസായിക മേഖലയിൽ, മൃഗസംരക്ഷണ മേഖലയിലടക്കമുള്ള ആളുകളെ സംരക്ഷിക്കാൻ വേണ്ടിയുള്ള പാക്കേജ് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കേരളത്തെ രക്ഷിക്കാൻ ഇടതുപക്ഷത്തിനേ കഴിയൂ. കേരളത്തിലെ ജനങ്ങളെ എൽ.ഡി.എഫ്. സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തതുകൊണ്ട് ജനങ്ങൾ ഇടതുപക്ഷത്തിനൊപ്പമാണ്. ഫിലമെന്റ് പോയ ബൾബ് പോലെയാണ് ഇപ്പോൾ കോൺഗ്രസ്. അത് ഇനി ഒരിക്കലും കത്തില്ല. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഫിലമെന്റ്രഹിത കേരളം പദ്ധതി നടപ്പാക്കാൻ പോകുകയാണ്. ഈ ഗവൺമെന്റ് എല്ലാ വീടുകളിലും എൽ.ഇ.ഡി. ബൾബുകൾ സൗജന്യമായി കൊടുക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് അതിശക്തമായി ഇനിയും അധികാരത്തിൽ വരുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് പ്രസംഗം കണ്ടപ്പോൾ സുകുമാർ അഴീക്കോടിനെപ്പറ്റി വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞ ഒരു കഥയാണ് ഓർമ്മ വരുന്നത്. ഒരിക്കൽ സുകുമാർ അഴീക്കോട് ഒരു കത്ത് വൈക്കം മുഹമ്മദ് ബഷീറിനയച്ചു. കത്ത് ലഭിച്ച വൈക്കം മുഹമ്മദ് ബഷീർ തിരിച്ചും മറിച്ചും നോക്കിയെങ്കിലും ഒന്നും മനസ്സിലായില്ല. പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും അഴീക്കോടിന്റെ കത്ത് വായിക്കാൻ സാധിക്കുന്നില്ല. അവസാനം ഒരു പോംവഴി കണ്ടെത്തി. ഒരു തരത്തിലും മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കാത്ത ഡോക്ടർമാരുടെ കുറിപ്പുകൾ നിഷ്പ്രയാസം വായിച്ചെടുക്കുന്ന മരുന്നുകടക്കാരൻ തന്നെ ശരണം. അങ്ങനെ കത്തുമായി മരുന്നുകടയിലെത്തി. അവർ കത്ത് നോക്കിയശേഷം കുറച്ച് മരുന്നെടുത്തു നൽകി. ബഷീർ ഒന്നും പറയാതെ കത്തും മരുന്നും കൈപ്പറ്റി. കത്തുമായി അടുത്ത ആശ്രയമെന്ന നിലയിൽ തൊട്ടടുത്ത പച്ചക്കറി കടയിൽ എത്തി. പച്ചക്കറിക്കടക്കാരൻ കത്ത് നോക്കി കുറേ പച്ചക്കറികൾ എടുത്തു നൽകി, അങ്ങനെ മരുന്നും പച്ചക്കറികളും ലഭിച്ചെങ്കിലും കത്തിലുള്ളത് മാത്രം മനസ്സിലായില്ല. ഇപ്പോൾ ഇതുപോലെയാണ് ബഡ്ജറ്റ് കണ്ടപ്പോഴുള്ള കേരള ജനതയുടെ അവസ്ഥ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് ജനങ്ങൾ തിരിച്ചും മറിച്ചും നോക്കിയിട്ടും ഒന്നും മനസ്സിലാകുന്നില്ല. ജനങ്ങൾക്ക് ഇപ്പോൾ ആകെയുള്ള സമാധാനം വെറും രണ്ടുമാസം മാത്രം കാലാവധിയുള്ള സർക്കാരാണല്ലോ എന്നതാണ്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ഈ ബഡ്ജറ്റ് അപ്രായോഗികവും യാഥാർത്ഥ്യത്തിന് നിരക്കാത്തതുമാണ്. ഇപ്പോൾ തന്നെ കടത്തിനുമുകളിൽ കടം കയറി നിൽക്കുന്ന കേരളത്തിന്റെ പൊതുകടം 3 ലക്ഷം കോടി രൂപയിൽ അധികമായിട്ടുണ്ട്. കേരളം ഇതുവരെ മൊത്തം കടമെടുത്ത തുകയേക്കാൾ കൂടുതലാണ് ഈ അഞ്ചുവർഷം എടുത്ത കടം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1.57 ലക്ഷം കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ പൊതുകടം 3 ലക്ഷം കോടി രൂപയിലെത്തിയിരിക്കുകയാണ്. ഉദ്ധരണികളും കവിതകളും മാറിയിട്ടുണ്ടെന്നുള്ളതും പ്രസംഗത്തിന്റെ ദൈർഘ്യവും കൂടിയെന്നുള്ളതുമല്ലാതെ ഈ ബഡ്ജറ്റിനെപ്പറ്റി പ്രത്യേകിച്ചൊന്നും പറയാനില്ല. കഴിഞ്ഞ അഞ്ചുവർഷം അവതരിപ്പിച്ച ബഡ്ജറ്റിലെ പല പ്രഖ്യാപനങ്ങളും ഈ ബഡ്ജറ്റിലും ഇടംപിടിച്ചിട്ടുണ്ട്. വീണ്ടും വീണ്ടും പദ്ധതികൾ പ്രഖ്യാപിക്കുന്നുവെന്നല്ലാതെ ഒരു കാര്യവും നടക്കുന്നില്ല. ഈ സർക്കാർ മുമ്പ് അവതരിപ്പിച്ച 5 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കി, അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് എന്ന നിയമസഭാ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭിക്കുന്നില്ല. പരിശോധിക്കുന്നു, പരിശോധിച്ചുവരുന്നു എന്നുള്ള ഉത്തരങ്ങൾ മാത്രമാണ്.

കഴിഞ്ഞ ബഡ്ജറ്റിൽ മലയാളം സർവ്വകലാശാല കെട്ടിടത്തിന് 9 കോടി, പൊന്നാനി കർമ്മ റോഡ്- 10 കോടി, എടപ്പാൾ മിനി സിവിൽ സ്റ്റേഷൻ- 1.2 കോടി എന്നിങ്ങനെ കുറേ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഒന്നും നടന്നില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടനപത്രികയിലെ 25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. വീണ്ടും 20 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനവുമായി വന്നിരിക്കുകയാണ്. സർവ്വകലാശാലകളിലും മറ്റുമുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കത്തിനെതിരെ ഉദ്യോഗാർത്ഥികൾക്ക് കോടതി കയറേണ്ടി വന്നു. പിൻവാതിൽ നിയമനങ്ങൾ യഥേഷ്ടം നടന്നുകൊണ്ടിരിക്കുന്നു. ബഡ്ജറ്റ് വകയിരുത്തലുകളിൽ ചെലവഴിക്കാത്ത വിഹിതം 2017-18-ൽ 7.89 ശതമാനവും 2018-19-ൽ 10.38 ശതമാനവും ആണ്. ഇത് ബഡ്ജറ്റ് പോരായ്മയാണ് കാണിക്കുന്നത്. ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കാതെ ശമ്പളപരിഷ്കരണം നടത്തുമെന്ന് പറയുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. സർക്കാർ ജീവനക്കാരുടെ ആകെയുള്ള നാല് ഗഡു ഡി.എ. കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ എന്ന് നൽകുമെന്ന് പോലും പറയുന്നില്ല. ഈ സർക്കാർ പി.എസ്.സി.-യെ നോക്കുകുത്തിയാക്കി. മന്ത്രിമാരുടെ ബന്ധുക്കൾക്കും പാർട്ടി അണികൾക്കും സ്വർണ്ണക്കടത്ത് കേസിലെ പ്രതികൾക്കും പിൻവാതിൽ നിയമനങ്ങൾ നടത്തിയെന്നല്ലാതെ വേറെയൊന്നും ചെയ്തില്ല. കേരളത്തിലെ സർവ്വകശാലകളെ സെന്റർ ഓഫ് എക്സലൻസാക്കും, ഇതിന് കിഫ്ബി വഴി പണം കണ്ടെത്തുമെന്ന പ്രഖ്യാപനം 2016-ലെ ബഡ്ജറ്റിലുമുണ്ടായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ സ്കൂൾ കുട്ടികൾക്ക് 15,000 രൂപയ്ക്ക് വാഗ്ദാനം ചെയ്ത ലാപ്ടോപ് പദ്ധതി വെള്ളത്തിൽ വരച്ച വരപോലെയായി. ഈ പദ്ധതിയുടെ പേരിൽ കുട്ടികളെ കെ.എസ്.എഫ്.ഇ. ചിട്ടിയിൽ ചേർത്ത് പണം പിരിച്ചെടുത്തു. ഈ വർഷം ഇതുപോലെ ഒരു വീട്ടിൽ ഒരു ലാപ്ടോപ് പദ്ധതിയുമായി വന്നിരിക്കുകയാണ്. അതുപോലെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷനടിക്കാൻ വേണ്ടി മാത്രം പ്രഖ്യാപിച്ച കെ-ഫോൺ പദ്ധതിയുടെ അവസ്ഥയും മറ്റൊന്നല്ല. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം നടപ്പിലാക്കിയ സൗജന്യ റേഷൻ പദ്ധതി അട്ടിമറിച്ചാണ് എ.പി.എൽ. വിഭാഗത്തിന് കുറഞ്ഞ നിരക്കിൽ അരി നൽകുമെന്ന് പറയുന്നത്.

എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. എല്ലാവർഷവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാര്യമാണ്. കഴിഞ്ഞ 5 വർഷവും ആവശ്യപ്പെടുകയും വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളിൽ ശിപാർശ ചെയ്യുകയും ചെയ്ത പ്രവൃത്തിയാണ് മലപ്പുറം ജില്ലയിലെ എന്റെ നിയോജകമണ്ഡലമായ തിരൂരങ്ങാടിയിൽപ്പെട്ട എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി. അതിന്റെ

കെട്ടിടനിർമ്മാണത്തിനും സ്ഥലമേറ്റെടുപ്പിനുമായി 30 കോടി രൂപ കഴിഞ്ഞ 4 വർഷത്തെ ബഡ്ജറ്റ് ചർച്ചാവേളയിൽ ആവശ്യപ്പെടുകയും സബ്ജക്ട് കമ്മിറ്റിയുടെ സ്കൂട്ടിണിയിൽ അംഗീകരിക്കുകയും ചെയ്തതാണ്. പക്ഷേ ഒരു പൈസയും നീക്കിവച്ചില്ല. പണം അനുവദിച്ചില്ല. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽനിന്നും ആദ്യബാച്ച് കഴിഞ്ഞ വർഷം വിജയകരമായി പഠനം പൂർത്തീകരിച്ച് പുറത്തിറങ്ങി. എന്നിട്ടും പണം അനുവദിക്കാത്തത് രാഷ്ട്രീയ വിരോധമല്ലാതെ മറ്റെന്താണ്? പരപ്പനങ്ങാടിയിലെ ചെട്ടിപ്പടിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കാൻ പണം അനുവദിച്ചില്ലെന്ന് മാത്രമല്ല, ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക ഇതുവരെ റിലീസ് ചെയ്തുകൊടുത്തിട്ടില്ല. തിരുവനന്തപുരം മെയിൻ സെന്ററിന് പുറമെ പരപ്പനങ്ങാടിയിലും കാസർഗോഡുമാണ് സർക്കാർ മേഖലയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇവിടത്തെ താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷമായി ശമ്പളംപോലും കൊടുത്തിട്ടില്ല. അതുപോലെ സർക്കാർ പ്രഖ്യാപിച്ച സ്കൂൾ ചലഞ്ച് പദ്ധതി - 50% തുക മാനേജ്മെന്റും 50% സർക്കാരും വഹിക്കാമെന്ന് പറഞ്ഞ് ഉത്തരവിറക്കി. ഇതുപ്രകാരം പൂർത്തീകരിച്ച സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാകുന്നില്ല. ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഇക്കാര്യത്തിൽ ഞങ്ങൾക്ക് ഉത്തരവാദിത്തമില്ല എന്നാണ് പറയുന്നത്. വകുപ്പുകൾ തമ്മിൽ കൂട്ടുത്തരവാദിത്തമില്ലാത്ത ഈ സർക്കാരിൽനിന്നും ഇത്തരം പൊള്ളയായ വാഗ്ദാനങ്ങളല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കാൻ കഴിയുന്നത്.

ഏറ്റവും വേദനാജനകമായ ഒരു കാര്യമാണ് ഞാൻ അടുത്തതായി പറയാൻ പോകുന്നത്. പരപ്പനങ്ങാടിയിലെ തീരപ്രദേശത്ത്, ചാപ്പപ്പടിയിൽ ശ്മശാനം കടലെടുത്തുകൊണ്ടിരിക്കുകയാണ്. സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് എഞ്ചിനീയർമാർ അതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി. 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ്. അതിന് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഖബർസ്ഥാനിലെ ശവശരീരങ്ങൾ കടലിലൂടെ ഒഴുകുന്ന അവസ്ഥയുണ്ടാകുകയാണ്. അവിടത്തെ ജനങ്ങളെല്ലാം വളരെ രോഷാകുലരാണ്. കാരണം, ശവശരീരങ്ങൾ കടലിലൂടെ ഒഴുകുന്നത് കാണേണ്ട ഗതികേട് അവർക്ക് വരുമോയെന്നുള്ള സംശയത്തിലാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഏത് സ്കീം പ്രകാരമുള്ള എസ്റ്റിമേറ്റാണ്; ആരാണ് അനുവാദം നൽകേണ്ടത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ജലവിഭവ വകുപ്പിന്റെ സ്കീമാണ്. ഖബർസ്ഥാനിൽ അടക്കം ചെയ്തിട്ടുള്ള പൂർവ്വികരുടെ മൃതദേഹങ്ങൾ കടലിൽ ഒഴുകുന്നത് കണ്ടതിനുശേഷം മാത്രമേ സർക്കാർ തീരുമാനമെടുക്കുകയുള്ളൂ എന്ന നിലപാടാണോ? ഇതുസംബന്ധിച്ച ഫയൽ ഇപ്പോഴും ചീഫ് എഞ്ചിനീയറുടെ ഓഫീസിലാണ്. മൃതദേഹങ്ങളോട് വേണോ ഈ ക്രൂരത?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണുള്ളത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ചീഫ് എഞ്ചിനീയറുടെ ഓഫീസിലാണ് ഫയലുള്ളത്. സ്വപ്നാ സുരേഷിനും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കും കോടികൾ കട്ടുമുടിക്കുന്നതിന് എല്ലാ ഒത്താശയും നൽകി, പാർട്ടിക്കാരുടെ അക്കൗണ്ടുകളിലേയ്ക്ക് പ്രളയ ഫണ്ട് വിട്ടുനൽകി, ലൈഫ് മിഷൻ അഴിമതിക്ക് കൂട്ടുനിന്നു, ബഹുമാനപ്പെട്ട ഹൈക്കോടതി പോലും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട സ്പ്രിംഗ്ലർ അഴിമതി തുടങ്ങിയവയ്ക്കുള്ള താൽപ്പര്യം ഇതുപോലെയുള്ള അടിയന്തരകാര്യങ്ങൾക്ക് കാണിക്കാത്തതിന്റെ ലോജിക്ക് എന്താണെന്ന് മനസ്സിലാകുന്നില്ല. ഈ പ്രവൃത്തിക്ക് അനുമതി നൽകാതെ ഇനിയും കാലതാമസം ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും ശക്തമായ സമരപരിപാടികൾ തീരപ്രദേശത്ത് ആരംഭിക്കും. അതിന് എം.എൽ.എ. എന്ന നിലയിൽ ഞാൻ നേതൃത്വം കൊടുക്കേണ്ടിവരുമെന്നുള്ള കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

എൽ.എസ്.ജി.ഡി.-കളുടെ പദ്ധതി വിഹിതം ഗണ്യമായി വെട്ടിക്കുറച്ചതുകാരണം എല്ലാ പദ്ധതികളും പാതിവഴിയിലാണ്. 2015-ൽ പുതിയ നഗരസഭകൾ രൂപീകരിച്ചെങ്കിലും അവയ്ക്കുള്ള പദ്ധതി വിഹിതം ഗ്രാമപഞ്ചായത്തിന് നൽകുന്നതു പോലെയാണ് ഇപ്പോഴും നൽകുന്നത്. ഗ്രാമപഞ്ചായത്തുകളാകുമ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ള വിഹിതം ലഭിക്കുമായിരുന്നു. നഗരസഭകളിൽ ഗ്രാമപഞ്ചായത്തുകളെക്കാൾ ഇരട്ടി വാർഡുകളുള്ളതിനാൽ ഈ അനീതി തീർച്ചയായും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇതിന് മുൻകാല പ്രാബല്യം കൂടി നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

എം.എൽ.എ. ഫണ്ടിൽനിന്നും പണം വകയിരുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ പോലും നൽകുന്നില്ല. തിരൂരങ്ങാടി നഗരസഭയിലെ കാച്ചടി കുടിവെള്ള പദ്ധതിക്ക് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാൽപ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റി വഴി പൂർത്തീകരിക്കാൻ നിശ്ചയിച്ചിരുന്ന ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്തിട്ട് രണ്ട് വർഷത്തോളമായി. രണ്ട് ദിവസം മുമ്പ് കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ച കത്തിൽ പറയുന്നത്, നിരവധി തവണ ടെണ്ടർ ചെയ്തിട്ടും ടി പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുക്കാൻ ആരും തയ്യാറല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, മൂന്ന് കൊല്ലമായി ഈ വർക്കുകൾ ചെയ്യുന്ന കരാറുകാർക്കുള്ള പണം കൊടുക്കാത്തതുകൊണ്ടാണ് അവർ പുതിയ കരാറുകൾ എടുക്കാത്തതെന്നാണ്.

മി. ചെയർമാൻ: അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കേണ്ടതാണ്. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ക്ഷേമപെൻഷനുകളുടെ തുക കൂട്ടുമെന്ന് പറയുന്ന ധനകാര്യ വകുപ്പുമന്ത്രി ഗുണഭോക്താക്കളെ വെട്ടിനിരത്തുന്ന നടപടിയാണ് സ്വീകരിക്കുന്നത്. മാനദണ്ഡങ്ങൾ കടുപ്പിക്കാതെ എല്ലാവർക്കും പെൻഷൻ ലഭ്യമാക്കുന്ന സാഹചര്യമുണ്ടാകണം. അതാണ് യു.ഡി.എഫ്. സർക്കാർ ചെയ്തിരുന്നത്. ഇപ്പോൾ നിബന്ധനകൾ കടുപ്പിച്ച് ആളുകളെ ഒഴിവാക്കാൻ കാരണങ്ങൾ കണ്ടെത്തുകയാണ്. നാലുചക്ര വാഹനങ്ങളുണ്ടെങ്കിൽ ക്ഷേമപെൻഷൻ പാടില്ലെന്നാണ് സർക്കാർ പറയുന്നത്. വികലാംഗർ, ആരോരുമില്ലാത്ത പ്രായമായവർ എന്നിവർക്കുപോലും പെൻഷൻ നൽകുന്നില്ല.

കൊറോണ കാലത്ത് അടച്ചിട്ടിരുന്ന ഷോപ്പുകൾക്ക് നൽകിയിരുന്ന വൈദ്യുതി ബില്ലുകളിലെ ഇളവുകൾ പലിശയടക്കം ഇപ്പോൾ ഈടാക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇതുപോലെ കുഴിയിലകപ്പെട്ടിരിക്കുന്നവരെ പടുകുഴിയിലേക്ക് തള്ളിവിടുന്ന നടപടിയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്... മൂന്ന് മിനിട്ടായി. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഹയർസെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ ഉപഭാഷ അനുവദിക്കാൻ മിനിമം പത്ത് കുട്ടികൾ മതിയെന്ന് 1991-ൽ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരമാണ് ഇതുവരെ നിയമനങ്ങൾ നടന്നിട്ടുള്ളത്. എന്നാൽ 16-12-2019-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവ് പ്രകാരം, ഹിന്ദി, മലയാളം, അറബിക് എന്നീ വിഷയങ്ങളിൽ മിനിമം 25 കുട്ടികൾ വേണമെന്നും ഉറുദു, കന്നട, സംസ്കൃതം പോലുള്ള വിഷയങ്ങളിൽ പത്ത് കുട്ടികൾ മതിയാകുമെന്ന രീതിയിൽ നിർദ്ദേശം നൽകിയതായി അറിയുന്നു. ഈ വിവേചനം അവസാനിപ്പിക്കണം.

2020-ൽ കൊറോണ മഹാമാരി പടർന്നുപിടിക്കുന്നതിന് മുമ്പ് പോസ്റ്റിംഗ് ഓർഡർ ലഭിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപക ഉദ്യോഗാർത്ഥികൾക്ക് രണ്ട് തരം നീതിയാണ് നടപ്പാക്കുന്നത്. 2020 ഫെബ്രുവരി 10-ന് ഇക്കണോമിക്സ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും 2020 ജനുവരി 7-ന് ഇംഗ്ലീഷ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും 2020 ജനുവരി 13-ന് ഫിസിക്സ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുമാണ് പോസ്റ്റിംഗ് ഓർഡർ നൽകിയത്. എന്നാൽ ഇതിൽ ഫിസിക്സ് അദ്ധ്യാപകരെ മാത്രം ജോയിൻ ചെയ്യാൻ അനുവദിക്കുകയും മറ്റുള്ളവരെ ജോയിൻ ചെയ്യാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന വിവേചനം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ തുല്യമായ നീതി എല്ലാവർക്കും ലഭ്യമാക്കണം. കേരളത്തിലെ ജനവിഭാഗങ്ങൾക്ക് ഒരു പ്രയോജനവും ലഭിക്കാത്ത ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എസ്. രാജേന്ദ്രൻ: ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. കോൺഗ്രസ് ഒരു കാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചിട്ടും ബി.ജെ.പി.-യുടെ ഭരണകാലം എത്തിയിട്ടും സുബ്രഹ്മണ്യ ഭാരതിയുടെ ആഗ്രഹം ഇപ്പോഴും സഫലമായിട്ടില്ല. സഖാവ് ശ്രീ. പിണറായി വിജയന്റെ ഭരണത്തിലൂടെ, ഡോ. ടി. എം. തോമസ് ഐസക്ക് അവതരിപ്പിച്ച ബഡ്ജറ്റിലൂടെ കേരളത്തിൽ ആനുകൂല്യം ലഭ്യമാകാത്ത ഒരാളുപോലുമില്ലെന്ന് പറയാൻ സാധിക്കും. ഇപ്പോൾ ഡൽഹിയിൽ കൃഷിക്കാരുടെ സമരം നടക്കുന്ന അവസരമാണ്. അവിടെയും കോൺഗ്രസിന് രാഷ്ട്രീയപരമായും നേതൃത്വപരമായും പങ്ക് വഹിക്കാൻ കഴിയുന്നില്ല. ഇന്ത്യയിൽ ഒരു സ്ഥലത്തും അവർക്ക് മൈക്കിലൂടെ പ്രസംഗിക്കാനുള്ള അവസരവും ധൈര്യവും ഉണ്ടാകുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഏതായാലും ഇടതുപക്ഷം കേരളത്തിലുള്ളതുകൊണ്ടാണ് അതിനെ അനുകൂലിക്കുന്നവർക്ക് നിയമസഭയിൽ പ്രസംഗിക്കാനൊരവസരം ലഭിച്ചതെന്ന് നമുക്ക് പറയാതിരിക്കാൻ നിവൃത്തിയില്ല.

തമിഴ്നാട്ടിലെ വള്ളിയൂരിലെ മുരുകൻ എന്നയാൾ കേരളത്തിൽ യാത്ര ചെയ്യവേ അപകടത്തിൽ മരണപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ തമിഴ്നാട്ടിലെ ജനങ്ങളോട് പൊറുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, അദ്ദേഹം അന്ന് പറഞ്ഞതുപോലെ കേരളത്തിൽ അപകടത്തിൽപ്പെടുന്ന എല്ലാവർക്കും സൗജന്യമായ ചികിത്സ നൽകുവാനുള്ള ഉത്തരവുനൽകി. അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചത് രാഷ്ട്രീയവും ഭാഷയും കണ്ടുകൊണ്ടല്ല. റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിനുള്ളിലെ ചികിത്സ സൗജന്യമായി ഗവൺമെന്റ് വഹിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഇത്തരത്തിൽ ഗവൺമെന്റ് വളരെ ഗൗരവമായി, വരാൻ പോകുന്ന പ്രയാസം മുന്നിൽക്കണ്ട് ജീവൻ നിലനിൽക്കുന്നതിനുവേണ്ടി നൽകുന്ന സഹായത്തെ കാണാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കവെ, ബഹുമാനപ്പെട്ട അബ്ദു റബ്ബ് ഒരു കുറിപ്പിനെ സംബന്ധിച്ച് പറയുകയുണ്ടായി. മെഡിക്കൽ സ്റ്റോറിലും പച്ചക്കറിക്കടയിലും കൊടുത്ത കുറിപ്പ് എന്താണെന്ന് മനസ്സിലാക്കാൻ കടക്കാർക്ക് കഴിഞ്ഞില്ലെന്ന് പറഞ്ഞു. അതിന്റെ തുടർച്ചയായി വേണമെങ്കിൽ നമുക്ക് പറയാം, പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടുള്ള ജനങ്ങളുടെ പ്രതികരണം ഈ ഗവൺമെന്റിന് അവർ നൽകിയ കുറിപ്പാണ്. അതാണ് അദ്ദേഹം ചിന്തിച്ചതെങ്കിൽ തീർച്ചയായും പച്ചക്കറിയായും മരുന്നുകളായും ജനങ്ങൾക്ക് നൽകിയ സഹായം കണ്ടുകൊണ്ടാണ് ഈ ഗവൺമെന്റുമായി അവർ സഹകരിക്കുന്നതെന്ന് കരുതാൻ സാധിക്കണം.

ഞാൻ 14-ാം കേരള നിയമസഭയിൽ അംഗമായി വന്നപ്പോൾ എന്റെ ആദ്യത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞത്, ഇടുക്കി കേരളത്തിന്റെ ഭാഗമാണെന്നാണ്. ഇടുക്കി ജില്ലയിലെ പട്ടയം, മരംവെട്ടൽ എന്നിവ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ട് മൂന്ന് മന്ത്രിമാരെ ഇടുക്കി ജില്ലയിലേക്ക് അയച്ചു. അവിടത്തെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പഠിക്കുകയും മരം മുറി, സർവ്വേ നമ്പർ ഉൾപ്പെടെയുള്ള സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തു. കോൺഗ്രസിനെ വിശ്വാസത്തിലെടുത്ത് യോഗങ്ങൾ വിളിച്ചു ചേർത്തു, ഉത്തരവുകൾ കൊടുത്തു, പട്ടയങ്ങൾ നൽകി. ഇതെല്ലാം സാധൂകരിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം കൊണ്ടാണ്. ഇക്കാര്യത്തിൽ മുൻ എം. പി. ശ്രീ. ജോയ്സ് ജോർജ് ഉൾപ്പെടെയുള്ളവർ നിർണ്ണായക പങ്കുവഹിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ സങ്കീർണ്ണമായ പ്രശ്നങ്ങൾപോലും പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇനി ഉദ്യോഗസ്ഥതലത്തിൽ നടപ്പിലാക്കേണ്ട ചില കാര്യങ്ങൾ മാത്രമാണുള്ളത്. ആ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കാന്തല്ലൂർ, മറയൂർ, വട്ടവട ഉൾപ്പെടെയുള്ള കാർഷിക മേഖലയിൽ പച്ചക്കറി ഉത്പാദനത്തിനുവേണ്ടി പ്രത്യേകമായ സഹായങ്ങളും അതിനാവശ്യമായ പദ്ധതികളുമുണ്ടായി. വെളുത്തുള്ളിക്കും മറയൂർ ശർക്കരയ്ക്കും പേറ്റന്റ് ലഭ്യമാക്കി. ഈ ഗവൺമെന്റിന്റെ കാലത്താണ് ആ പ്രദേശത്തെ വൈദ്യുതി പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചത്. ഏത് ഭാഗത്താണ് റോഡ് ഇല്ലാത്തത്? പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ബഡ്ജറ്റിലൂടെയല്ലാതെ കിഫ്ബി പദ്ധതിയിലൂടെയും നിരവധി പദ്ധതികൾ യാഥാർത്ഥ്യമാക്കി. കിഫ്ബി പദ്ധതിയുടെ ദീർഘവീക്ഷണത്തിനും കാഴ്ചപ്പാടിനും ഈ ഗവൺമെന്റിനെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-യിൽ നൂറ് കോടി രൂപ കണ്ടിട്ടില്ലെന്നാണ് പറഞ്ഞത്. അന്നും ഒരു മന്ത്രിയുണ്ടായിരുന്നു. അതിൽനിന്നും വ്യത്യസ്തമായി ആ സ്ഥാപനത്തെ രക്ഷപ്പെടുത്താനാണ് കിഫ്ബി പദ്ധതിയിലൂടെ ഈ സർക്കാർ ശ്രമിക്കുന്നത്. തീർച്ചയായും ഈ ഗവൺമെന്റ് വളരെയേറെ ഗുണകരമായ പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളത്.

ഈ അവസരത്തിൽ ഞാൻ പഠിച്ച ഒരു ചരിത്രം ഓർക്കുകയാണ്. തമിഴ്നാട്ടിൽ കെ. കാമരാജും കേരളത്തിൽ മഹാനായ ഇ.എം.എസ്.-ഉം മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ആളിയാർ-പറമ്പിക്കുളം പ്രോജക്ട് ഡാമിലെ വെള്ളം തമിഴ്നാടിന് കിട്ടുന്നതുമായി ബന്ധപ്പെട്ട കരാറിനെ സംബന്ധിച്ച തർക്കമുണ്ടായിരുന്നത്. കരാർ പുതുക്കുന്നതിനുള്ള കാലതാമസവും തടസ്സവും എന്താണെന്ന് മുഖ്യമന്ത്രി കെ. കാമരാജ് അവിടത്തെ ചീഫ് സെക്രട്ടറിയെ വിളിച്ച് ചോദിച്ചു. രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് എഞ്ചിനീയർമാർ, സെക്രട്ടറിമാർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിമാർ, വകുപ്പുമന്ത്രിമാർ, മുഖ്യമന്ത്രിമാർ എന്നിവർ തമ്മിൽ ആലോചിക്കണമെന്നും പിന്നീടത് ശരിയാണോയെന്ന് പരിശോധിക്കണമെന്നും അതിനുശേഷം കരാർ വയ്ക്കണമെന്നും അപ്പോൾ അത് പുതുക്കിക്കൊടുക്കാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിന് ഒരു വർഷത്തെ സമയമെടുക്കും. അപ്പോൾ ജനങ്ങൾക്ക് വെള്ളം കിട്ടുന്നതെങ്ങനെയാണ്? ഇതിന്റെ തടസ്സം മാറാൻ എന്ത് ചെയ്യണമെന്ന് ആലോചിച്ചു. കെ. കാമരാജും മഹാനായ ഇ.എം.എസ്.-ഉം സിവിൽ സർവ്വീസുള്ളവരല്ല. ഐ.എ.എസ്. പോലെയുള്ള ഉന്നത സ്ഥാനത്തേയ്ക്ക് പോയവരല്ല. എങ്കിലും ജനങ്ങളുടെ ആവശ്യമെന്താണെന്ന് മനസ്സിലാക്കിയ തമിഴ്നാട് മുഖ്യമന്ത്രിയായ കെ. കാമരാജ് കേരളത്തിലെ മുഖ്യമന്ത്രിയെ വിളിക്കാമെന്ന് പറഞ്ഞു. അങ്ങനെ ഇ.എം.എസ്.-നെ നേരിട്ട് വിളിച്ചതായിട്ടാണ് ചരിത്രം പറയുന്നത്. കരാർ ഒപ്പിടുന്നതിന് എന്താണ് തടസ്സമെന്ന് കെ. കാമരാജ് മഹാനായ ഇം.എം.എസ്.-നോട് ചോദിച്ചപ്പോൾ, ഞാൻ ബഹുമാനപ്പെട്ട കെ. കാമരാജിനെ പൂർണ്ണമായും വിശ്വസിക്കുന്നു, എന്താണ് വേണ്ടത്; എന്നാണ് ഇ.എം.എസ്. ചോദിച്ചത്. കരാർ വേണമെന്ന് കെ.

കാമരാജ് പറഞ്ഞപ്പോൾ ഉടനടി ഞാനത് അയച്ചുതരാമെന്ന് ഇ.എം.എസ്. പറഞ്ഞു. ഞാനത് വായിക്കാതെത്തന്നെ ഒപ്പിട്ട് തരാമെന്ന് മുഖ്യമന്ത്രിയായ കെ. കാമരാജും സമ്മതിച്ചു. കെ. കാമരാജ് ഇം.എം.എസ്.-നോട് പറഞ്ഞത്, നമ്മൾ രണ്ടുപേരും ജയിലിൽ ഒരേ സമയത്ത് ഒരു മുറിയിൽ ഒരുമിച്ച് കിടന്നു. ജനങ്ങൾക്കുവേണ്ടി ജീവിതം പങ്കുവയ്ക്കാനും പരസ്പരം ഭരണം പങ്കുവയ്ക്കാനും ഭരണത്തിന്റെ സ്വാധീനം കിട്ടാനും ഭരണത്തിലൂടെ ജനങ്ങളുടെ പ്രയാസം തീർക്കാനുമാണ് നമ്മൾ ജയിലിൽ കിടന്നത്. രണ്ട് രാഷ്ട്രീയമാണെങ്കിലും നമ്മൾ രണ്ടുപേരും രണ്ട് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിമാരാണ്. എങ്കിലും ആശയം ഒന്നായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായെന്നാണ് പുസ്തകത്തിൽ പറയുന്നത്.

കിഫ്ബിയിലൂടെ ആനുകൂല്യം കൈപ്പറ്റാത്ത ഏതെങ്കിലും എം.എൽ.എ.-മാർ ഇവിടെയുണ്ടോ; അത് വേണ്ടെന്ന് പറയാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ; ആനുകൂല്യം കിട്ടിയില്ലെന്ന് പറയാൻ ആർക്കെങ്കിലും കഴിയുമോ; ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഇവിടെ കാമരാജിനേക്കാൾ വലിയ കോൺഗ്രസ്സുകാർ ആരാണുള്ളത്? കെ. കാമരാജ് പറഞ്ഞു, ഐ.എ.എസ്.-ഉം ഐ.പി.എസ്.-ഉം പഠനം നടത്തിയിട്ടുള്ളവർക്ക് 58 വർഷക്കാലം വരെ ഏത് ഫയലും നീക്കാം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അത് ആരുടെയും ഔദാര്യമല്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഔദാര്യമല്ല. ഔദാര്യം കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ചിന്താഗതിയാണ്. ഔദാര്യം ഈ സർക്കാരിന്റെ ചിന്താഗതിയാണ്. ആ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ എന്നുള്ളതാണ് വിഷയം. ഞാൻ തർക്കത്തിലേയ്ക്ക് വരുന്നില്ല. അഞ്ച് വർഷക്കാലത്തിനുള്ളിൽ ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കുക എന്നുള്ളതാണ് ഭരണകൂടത്തിലിരിക്കുന്നവരുടെ ചിന്താഗതി. ഉദ്യോഗസ്ഥർ കണക്കാക്കുന്നതുപോലെ അമ്പതോ അറുപതോ വർഷത്തേയ്ക്ക് നീട്ടിക്കൊണ്ടുപോകുകയല്ല വേണ്ടതെന്നാണ് കെ. കാമരാജ് അന്ന് നൽകിയിട്ടുള്ള സന്ദേശമെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഈ സർക്കാർ ജനങ്ങൾക്ക് നൽകിയിട്ടുള്ള ഒട്ടനവധി ആനുകൂല്യങ്ങളുണ്ട്. എന്റെ മണ്ഡലത്തിലും ഫ്ലൈ ഓവർ വന്നു. മൂന്നാറിലെ ഹോസ്പിറ്റൽ തുടങ്ങിയ ചില പദ്ധതികളുടെ പ്രഖ്യാപനമുണ്ടായിട്ടുണ്ട്. ഇതെല്ലാം യാഥാർത്ഥ്യമാകുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐ.ടി.ഡി.പി. ഏകാദ്ധ്യാപകരുടെ വേതനം 7000-8000 രൂപ മാത്രമേയുള്ളൂ. അത് പരിഷ്കരിക്കണം. തോട്ടം തൊഴിലാളികൾക്ക് 1000 രൂപ നൽകുകയും കോവിഡ് കാലത്ത് പട്ടിണി ഒഴിവാക്കാൻ സൗജന്യ റേഷൻ നൽകിയതും അവർക്ക് വലിയ ആശ്വാസമാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ നടത്തിയ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്.

12.00 Noon]

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ഭേദഗതി നോട്ടീസ് നൽകാനുള്ള അവസാന തീയതി ഇന്ന് വൈകുന്നേരം 7 മണിയെന്നാണ് നിശ്ചയിച്ചിരുന്നത്. പ്രസ്തുത സമയപരിധി പരിമിതമാണെന്നും അത് ദീർഘിപ്പിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭേദഗതി നൽകാനുള്ള സമയം 21-1-2021 രാവിലെ 9.00 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## VIII അടിയന്തരപ്രമേയ ചർച്ച

### സി. ആന്റ് എ.ജി. ഓഡിറ്റ് റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2018 മാർച്ചിൽ അവസാനിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച റിപ്പോർട്ടിലെ നിരീക്ഷണങ്ങളാണ് ഈ അടിയന്തരപ്രമേയത്തിലെ ഉള്ളടക്കമെന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഓഡിറ്റ് നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രാവിലെ പ്രതിപക്ഷത്തിനോട് ചോദിച്ചു. ഈ ഓഡിറ്റിലെ നിരീക്ഷണങ്ങളോട് ഞങ്ങൾ യോജിക്കുന്നുവെന്നാണ് ഒറ്റ വാചകത്തിലുള്ള മറുപടി. കാരണം ഇതാദ്യമായിട്ടുള്ള ഓഡിറ്റ് നിരീക്ഷണമല്ല. കിഫ്ബി ബിൽ ഈ നിയമസഭയിൽ വന്നപ്പോൾ റൂൾ 303 ഉപയോഗിച്ചുകൊണ്ട് നടത്തിയ ലീഗൽ ഒബ്ജക്ഷൻ, ആ ബില്ലിന്റെ വിശദമായ ചർച്ചാവേള, മസാല ബോണ്ട് 9.72 ശതമാനം പലിശയ്ക്ക് നൽകൽ, വിദേശത്തുനിന്ന് കൊള്ളപ്പലിശയ്ക്ക് കടമെടുത്തതിനെ സംബന്ധിച്ച് ഈ നിയമസഭയിൽ ഞാൻ തന്നെ അവതരിപ്പിച്ച അടിയന്തരപ്രമേയം, നിരവധി അവസരങ്ങളിൽ കിഫ്ബി സംബന്ധിച്ച ചർച്ചകളിൽ ഞങ്ങളുന്നയിച്ച ആശങ്കകൾ, ഉത്കണ്ഠകൾ തുടങ്ങി പ്രതിപക്ഷം സഭയിൽ പറയാത്തതൊന്നും ഈ ഓഡിറ്റ് റിപ്പോർട്ടിലില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങൾ പറഞ്ഞതിന്റെ ആവർത്തനം മാത്രമാണ് ഇതിലുള്ളത്. അത് മനസ്സിലാക്കിയതുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, ഇത് നിങ്ങളാഗ്രഹിച്ചതുപോലെ അല്ലെങ്കിൽ നിങ്ങൾ ഗൂഢാലോചന നടത്തിയതുപോലെ സി.ആന്റ് എ.ജി.-യെക്കൊണ്ട്

എഴുതിച്ചുവെന്ന്. ധനകാര്യ വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞതിൽ എനിക്ക് സങ്കടമുണ്ട്. കിഫ്ബിയുടെ ഫണ്ട് എവിടെ നിന്നാണ്? കിഫ്ബി സെൽഫ് ജനറേറ്റിംഗായിട്ടുള്ള ഒരു ഗവൺമെന്റിന്റെ ഇൻസ്ട്രുമെന്റാലിറ്റിയാണോ? അല്ല. സംസ്ഥാനത്തിന്റെ പെട്രോളിയം സെസ്സിൽനിന്നും മോട്ടോർ വാഹന നികുതിയുടെ വിഹിതത്തിൽനിന്നുമാണ് ഫണ്ട്. 2018-19 വരെ ആ ഇനത്തിൽ 3372.85 കോടി രൂപ അതിനുവേണ്ടി നീക്കിവച്ചിരുന്നു. 2018-19-ലെ കടമെടുപ്പ്, അതായത് കിഫ്ബിക്കുവേണ്ടി മാത്രം നടത്തിയ കടമെടുപ്പ് 3005.77 കോടി രൂപയാണ്. അതിൽ 2150 കോടി രൂപ 9.72 ശതമാനം പലിശയ്ക്ക് മസാല ബോണ്ട് വിറ്റഴിച്ച് വാങ്ങിയതാണ്. ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയെ വിമർശിച്ചിരിക്കുന്നുവെന്നാണ് മന്ത്രി വളരെ തന്ത്രപൂർവ്വം പറഞ്ഞത്. ഈ ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയെയാണോ വിമർശിച്ചിരിക്കുന്നത്? കിഫ്ബിയെയല്ല വിമർശിച്ചിരിക്കുന്നത്. കിഫ്ബിയുടെ ഓഫ് ബഡ്ജറ്റ് കടമെടുപ്പിനെ സംബന്ധിച്ചാണ്. പെർഫോമൻസ് ഓഡിറ്റിംഗ്, ഫിനാൻസ് ഓഡിറ്റിംഗ്, കംപ്ലയൻസ് ഓഡിറ്റിംഗ് എന്നിങ്ങനെ പല തരത്തിലുള്ള ഓഡിറ്റിംഗുണ്ട്. ഫിനാൻസ് റിപ്പോർട്ടെന്ന് പറയുന്നത് കംപ്ലയൻസ് ഓഡിറ്റിംഗാണ്. ഭരണഘടനയുടെ പ്രൊവിഷൻസ്, വിവിധ നിയമങ്ങളുടെ പ്രൊവിഷൻസ്, ഗവൺമെന്റ് കാലാകാലങ്ങളിൽ രൂപീകരിച്ചിരിക്കുന്ന റൂൾസ് ആന്റ് റെഗുലേഷൻസ് ഇതെല്ലാം ഗവൺമെന്റിന്റെ ട്രാൻസാക്ഷനുകളിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; കംപ്ലൈ ചെയ്തിട്ടുണ്ടോ എന്നാണ് കംപ്ലയൻസ് ഓഡിറ്റ്. Constitutional Validity പരിശോധിക്കാൻ സി.ആന്റ് എ.ജി.-ക്ക് അധികാരമില്ലെന്നുവരെ പല എൽ.ഡി.എഫ്. നേതാക്കന്മാരും പറയുന്നതുകേട്ട് ആളുകൾ മൂക്കത്ത് വിരൽ വയ്ക്കുകയാണ്. Constitutional Validity പരിശോധിക്കാനുള്ള അധികാരം ഭരണഘടനാ സ്ഥാപനമായ സി.ആന്റ് എ.ജി.-യ്ക്കുണ്ട്. അവരത് പരിശോധിച്ചിട്ട് കിഫ്ബി ആർട്ടിക്കിൾ 293 ബൈപ്പാസ് ചെയ്തുവെന്ന് പറഞ്ഞു. ആർട്ടിക്കിൾ 293 -ൽ, ഒരു സംസ്ഥാനത്തിന് ഇൻഡ്യയ്ക്ക് പുറത്തുനിന്ന് ലോൺ എടുക്കാൻ പാടില്ലായെന്നാണ് പറയുന്നത്. ഭരണഘടനയുടെ ആ പ്രൊവിഷനുകളിൽ ഒരു നിയമവും നിൽക്കില്ല. ആ ഭരണഘടനയുടെ പ്രൊവിഷനാണ് ഏറ്റവും വലിയ നിയമം. ആർട്ടിക്കിൾ 293 കൃത്യമായി ബൈപ്പാസ് ചെയ്തിട്ടാണ് വിദേശത്തുപോയി മസാല ബോണ്ട് വിറ്റ് ലോൺ വാങ്ങിയത്. മാത്രമല്ല, ഇൻഡ്യൻ ഭരണഘടനയുടെ 7-ാമത്തെ ഷെഡ്യൂളിലെ ഒന്നാമത്തെ പട്ടികയിലെ 47 എൻട്രിയുടെ വയലേഷനാണിത്. 7-ാം ഷെഡ്യൂൾ എന്നുപറയുന്നത്, യൂണിയൻ ലിസ്റ്റാണ്. യൂണിയൻ ലിസ്റ്റിൽ ആദ്യപട്ടികയിലെ 37-ാം എൻട്രി എന്നുപറയുന്നത്, ഫോറിൻ ലോൺസാണ്. അത് ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പരിമിതിയിൽ നിൽക്കുന്ന, യൂണിയന്റെ പരിമിതിയിൽ നിൽക്കുന്ന കാര്യമാണ്. You are

encroaching the domain of the Union Govt. ആ യൂണിയൻ ഗവൺമെന്റിനുമാത്രമുള്ള domain-ലേയ്ക്ക് എൻക്രോച്ച് ചെയ്തിരിക്കുന്ന കിഫ്ബി, അതാണ് മൂന്നാമത്തെ പോയിന്റ്. നാലാമത്, അക്കൗണ്ടുകളിലോ ബഡ്ജറ്റ് ഡോക്യുമെന്റുകളിലോ ഡിസ്പോസൽ സ്റ്റേറ്റുമെന്റുകളിലോ ഒന്നും ഇതുസംബന്ധിച്ചുള്ള ട്രാൻസാക്ഷനെക്കുറിച്ച് സൂചിപ്പിക്കുന്നില്ല, ഇത് മറച്ചുവയ്ക്കുന്നു. ഇന്നലെ ഇവിടെ കൊടുത്ത സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നു, 2007-ലെ റെഗുലേഷൻസ് ഓൺ ഓഡിറ്റ് അക്കൗണ്ട്സിൽ വ്യവസ്ഥ ചെയ്തപ്രകാരം സർക്കാരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ല, അറിയിച്ചിട്ടില്ല, കരട് റിപ്പോർട്ട് സർക്കാർ കണ്ടിട്ടില്ല എന്നൊക്കെയാണ് ധനമന്ത്രിയുടെ വാദം. ഈ ഓഡിറ്റ് റിപ്പോർട്ടിലെ നിഗമനത്തിൽ ആദ്യത്തെ പാരഗ്രാഫ് വായിക്കാം. 'കിഫ്ബിക്ക് ലഭിക്കുന്ന വായ്പകളുടെ മുതലിനും പലിശയ്ക്കും ഗ്യാരണ്ടി ഈ സർക്കാർ നൽകുന്നതിനാൽ ഇത്തരം കടമെടുപ്പുകളെ ആകസ്മിക ബാധ്യതകൾ എന്ന് വിശേഷിപ്പിക്കാമെന്നായിരുന്നു' കിഫ്ബിയുടെ മറുപടി. കിഫ്ബി തിരിച്ചടവിൽ മുടക്കം വരുത്തിയാൽ മാത്രമേ ഇത് സർക്കാരിന്റെ ബാധ്യതയാകുകയുള്ളൂ. സർക്കാരിൽനിന്നും എല്ലാവർഷവും ലഭിക്കുന്ന പെട്രോളിയം സെസ്സും നികുതിവിഹിതവും ഉപയോഗിച്ച് ബാധ്യതകൾ അനായാസം തിരിച്ചടയ്ക്കാനാകുമെന്നും കിഫ്ബി പ്രസ്താവിച്ചു. ഈ നിഗമനത്തിലെത്താൻ സി.ആന്റ് എ.ജി. കിഫ്ബിക്ക് അവസരം കൊടുത്തില്ലെന്ന വാദം നിരർത്ഥകമാണ്. അത് നിലനിൽക്കുന്നതല്ല.

എക്സിറ്റ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ് സർക്കാരിന് ലഭിച്ചിട്ടില്ലെന്നാണ് മന്ത്രിയുടെ വാദം. ഇത് ഗവർണർക്ക് കൊടുത്തിരിക്കുന്ന റിപ്പോർട്ടിൽ എഴുതിയിരിക്കുകയാണ്. ഞാൻ ആധികാരികമായി പറയുന്നു, ആ എക്സിറ്റ് മീറ്റിംഗിൽ ധനകാര്യ സെക്രട്ടറി പങ്കെടുത്തില്ല, ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു. ആ എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് സംസ്ഥാന ഗവൺമെന്റിന് സി.ആന്റ് എ.ജി. അയച്ചുകൊടുത്തിട്ടുണ്ട്. ധനകാര്യ സെക്രട്ടറി ഒപ്പിട്ട് അത് തിരിച്ചുകൊടുക്കേണ്ട ഒരു നടപടിക്രമമുണ്ട്. എന്നാൽ ധനകാര്യ സെക്രട്ടറി ഒപ്പിട്ട് അത് സി.ആന്റ് എ.ജി.-ക്ക് തിരിച്ചയച്ചിട്ടില്ല. എന്നിട്ട് സി.ആന്റ് എ.ജി. എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് റിപ്പോർട്ട് അയച്ചിട്ടില്ലായെന്ന് മന്ത്രി ഗവർണറെയും ഈ നിയമസഭയെയും തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് ഞങ്ങൾ തെളിയിക്കാം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സി.ആന്റ് എ.ജി. എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് അയച്ച് സർക്കാരിന് നൽകിയെന്നുള്ള വിവരം ഇത്ര ആധികാരികമായി അങ്ങ് തിരിച്ചറിഞ്ഞോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് കിട്ടിയിട്ടില്ലെന്ന് പറഞ്ഞത് തെളിയിക്കാം. സി.ആന്റ് എ.ജി. ഇതിന് മറുപടി പറഞ്ഞിട്ടില്ല. ഞാൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനാണ്. എനിക്ക് ഇത്രയും ഇൻഫർമേഷൻ കിട്ടാൻ ഒരു ബുദ്ധിമുട്ടുമില്ല. മറുപടി മനസ്സിലായി. ഞാൻ ആധികാരികമായി പറയുന്ന, എക്സിറ്റ് മീറ്റിംഗിന്റെ റിപ്പോർട്ട് ധനകാര്യവകുപ്പിലേയ്ക്ക് സി.ആന്റ് എ.ജി. അയച്ചിട്ടുണ്ട്. കിട്ടിയിട്ടില്ലായെന്നുപറഞ്ഞ് അങ്ങ് എല്ലാവരെയും കബളിപ്പിക്കുകയാണ്. ഇനി ഏറ്റവും രസകരമായ ഒരു കാര്യം, ഇത് രാഷ്ട്രീയമാണ്. ഡൽഹിയിൽ വച്ച് പിണറായി സർക്കാരിനെ രാഷ്ട്രീയമായി അപമാനിക്കാൻ ഇത് എഴുതിച്ചേർത്തതാണ്. അവിടെ മോദി ഗവൺമെന്റും കോൺഗ്രസ്സും കൂടി ഗൂഢാലോചന നടത്തി ഈ ഗവൺമെന്റിനെ അപമാനിക്കാൻ എഴുതിച്ചേർത്തതാണ്. ഈ റിപ്പോർട്ട് വരുന്നതിനുമുൻപ് പാർലമെന്റിൽ സി.ആന്റ്.എ.ജി. 2017-ൽ അവസാനിപ്പിക്കുന്ന ഒരു റിപ്പോർട്ട് വച്ചു. ഞാൻ ഇക്കണോമിക് ടൈംസിൽ വന്ന വാർത്ത വായിക്കാം. India's National Auditor has criticized the Narendra Modi Government for borrowing through off budget channels to finance capital and revenue spending in 2016-17. A practice that masks the true extent of physical and revenue deficit. അതായത്, നരേന്ദ്രമോദി ഗവൺമെന്റ് ഓഫ് ബഡ്ജറ്റായി പണമെടുക്കുന്നതിനെ സി.ആന്റ് എ.ജി. വിമർശിച്ചു. ഇതിനുമുമ്പ് പാർലമെന്റിന്റെ ടേബിളിൽ ആ റിപ്പോർട്ട് വച്ചിട്ടുണ്ട്. ഇൻഡ്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷൻ, പവർ ഫിനാൻസ് കോർപ്പറേഷൻ എന്നിവർ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിനു വേണ്ടിയാണെന്നുള്ള രീതിയിൽ ഓഫ് ബഡ്ജറ്റായി കടമെടുക്കുന്നത് ശരിയല്ലായെന്ന് നരേന്ദ്ര മോദി ഗവൺമെന്റിനെ സി.ആന്റ് എ.ജി. വിമർശിച്ചപ്പോൾ അങ്ങ് ചെയ്തതുപോലെ, ആ റിപ്പോർട്ട് കയ്യിൽ കിട്ടിയപ്പോൾ ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ അത് ലീക്ക് ചെയ്ത് പത്രസമ്മേളനം നടത്തിയോ? വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ അവർക്ക് അവരുടേതായ സ്റ്റാന്റുണ്ട്. നമുക്ക് നമ്മുടെ സ്റ്റാന്റുണ്ട്. ആ സ്റ്റാൻഡിൽ അവർ വിമർശിച്ചു. പിണറായി ഗവൺമെന്റിനെ അപമാനിക്കാൻവേണ്ടി രാഷ്ട്രീയമായിട്ടാണ് ഈ റിപ്പോർട്ട് എഴുതിച്ചേർത്തതെന്നാണ് പറയുന്നത്. സംസ്ഥാന ഗവൺമെന്റിനെ വിമർശിക്കുന്നതിനുമുമ്പ് കേന്ദ്രഗവൺമെന്റിന്റെയും നിരവധി സംസ്ഥാന ഗവൺമെന്റുകളുടെയും ഈ ഓഫ് ബഡ്ജറ്റ് കടമെടുപ്പിനെക്കുറിച്ച് അതിശക്തമായി അവർ വിമർശിച്ചിട്ടുണ്ട്. നമ്മുടെ 15-ാമത് ഫിനാൻസ് കമ്മീഷന്റെ പ്രസന്റേഷനുമായി പോയപ്പോൾ സി.ആന്റ് എ.ജി. വളരെ വ്യക്തമായിട്ട് ഈ നിരീക്ഷണം നടത്തിയിട്ടുണ്ട്. എന്ത് രാഷ്ട്രീയമാണ് ഇതിനകത്ത് വരുന്നത്; തന്ത്രപൂർവ്വം ഇതൊരു രാഷ്ട്രീയ വിഷയമാക്കി മാറ്റി നമ്മുടെ കെടുകാര്യസ്ഥതയെയും ചെയ്ത തെറ്റിനെയും ന്യായീകരിക്കാനും അതിന്റെ പിറകിൽ രാഷ്ട്രീയ നിറം

കലർത്തി സി.ആന്റ്.എ.ജി. പോലുള്ള ഒരു ഭരണഘടനാ സ്ഥാപനത്തെ ഇങ്ങനെ മോശമാക്കുന്നത് ശരിയാണോ? യു.പി.എ. ഗവൺമെന്റ് ഭരിക്കുമ്പോൾ ആ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച വിനോദ് റായ് ഒന്നരലക്ഷം കോടി രൂപയുടെ പ്രശ്നം, 2 ജി സ്പെക്ട്രം ഇടപാടുമായി ബന്ധമുണ്ട് എന്നുപറഞ്ഞപ്പോൾ ഞങ്ങൾ അതിന് പൊളിറ്റിക്കലായിട്ടുള്ള മറുപടി അല്ലെങ്കിൽ പാരാവൈസ് മറുപടി കോൺഗ്രസ്സ് പാർട്ടി കൊടുത്തു. ഞങ്ങൾ കോടതിയിൽ പോയി. കോടതി സി.ആന്റ് എ.ജി. -യുടെ കാൽക്കുലേഷൻ തെറ്റാണെന്ന് പറഞ്ഞു. അല്ലാതെ സി.ആന്റ് എ.ജി. എന്ന സ്ഥാപനത്തെ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി അപമാനിക്കാൻ വേണ്ടിയാണോ ഞങ്ങൾ ശ്രമിച്ചത്? ഇതൊരു ഭരണഘടനാ സംവിധാനമുള്ള നാടല്ലേ; നമ്മൾ തെറ്റ് ചെയ്യുമ്പോൾ നമ്മുടെ സൗകര്യത്തിനനുസരിച്ച് അതിനെ മറച്ചുവയ്ക്കാൻ ഇതുപോലെയുള്ള സ്ഥാപനങ്ങളെ വിമർശിക്കുന്നത് ശരിയാണോ?

കണ്ടിജന്റ് ഫണ്ട് അല്ലെന്നാണ് മന്ത്രിയുടെ വാദം. എന്താണ് കണ്ടിജന്റ് ഫണ്ട്. ഇതിനെസംബന്ധിച്ചുള്ള പ്രധാനപ്പെട്ട കാര്യം, ഒരു പബ്ലിക് സെക്ടർ സ്ഥാപനം എന്നുപറയുമ്പോൾ അവർക്ക് സ്വന്തമായി വരുമാനമുണ്ട്. സ്വന്തമായി വരുമാനമുള്ളപ്പോൾ നമ്മൾ ഗ്യാരണ്ടി കൊടുത്താൽ അവർ കടമെടുക്കും. ഒരു ലക്ഷം രൂപ അവർ അടയ്ക്കാനുണ്ട്, 90,000 രൂപയെ അവരുടെ കയ്യിലുള്ളൂ എങ്കിൽ നമ്മൾ 10,000 രൂപകൂടി കൊടുത്ത് സഹായിക്കും. അതാണ് കണ്ടിജന്റ് ലയബിലിറ്റി. കിഫ്ബി എങ്ങനെ കണ്ടിജന്റ് ലയബിലിറ്റിയാകും; കിഫ്ബിയുടെ കോർപ്പസ് എന്നുപറയുന്നത്, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പ്രളയ സെസ്സിൽനിന്നും മോട്ടോർ വാഹന നികുതിയിൽനിന്നും കൊടുക്കുന്ന പണം ഉപയോഗിച്ച് കോർപ്പസ് ഉണ്ടാക്കുന്ന ഒരു സ്ഥാപനം. അതായത്, സെൽഫ് ജനറേറ്റിംഗ് അല്ലാത്ത, ഇൻകം ജനറേറ്റിംഗ് അല്ലാത്ത ഒരു സ്ഥാപനത്തിന് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലാണ് ചാർജ്ജുള്ളത്. അത് കണ്ടിജന്റ് ഫണ്ട് അല്ലായെന്നുള്ള നിലപാട് നിലനിൽക്കുന്നതല്ല. ഇതെല്ലാം വളരെ വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം, ബഡ്ജറ്റ് ഡോക്യുമെന്റുകളിലോ മറ്റ് അക്കൗണ്ടുകളിലോ ഡിസ്പോസൽ സ്റ്റേറ്റുമെന്റുകളിലോ ഒന്നും ഇത്തരം കടമെടുപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ള ആരോപണം കൂടി നിലനിൽക്കുകയാണ്. ഇവിടെ ആദ്യം മന്ത്രി പറഞ്ഞത് എന്താണ്; എന്ത് സി.ആന്റ് എ.ജി., ആർ.ബി.ഐ-യുടെ കയ്യിൽനിന്നും ഞങ്ങൾക്ക് എൻ.ഒ.സി. കിട്ടിയിട്ടുണ്ടെന്നാണ് പറഞ്ഞത്. സി.ആന്റ് എ.ജി.-യെക്കാൾ വലുതാണോ ആർ.ബി.ഐ; ആർ.ബി.ഐ-യെക്കാൾ വലുതാണോ സി.ആന്റ് എ.ജി.? അണ്ടിയാണോ മൂത്തത് മാങ്ങയാണോ മൂത്തത്; ആകെ സംശയമായി. ആളുകളെ ഇങ്ങനെ തെറ്റിദ്ധരിപ്പിച്ച് വേറെ വഴിയിലൂടെ കൊണ്ടുപോകാൻ മന്ത്രി ഭയങ്കര മിടുക്കനാണ്. ആർ.ബി.ഐ-യുടെ എൻ.ഒ.സി. എന്താണെന്ന് ഈ സഭ

അറിയണം. അവർ എൻ.ഒ.സി. കൊടുത്തിട്ട് പറയുകയാണ്, This communication is issued from the foreign exchange angle under the provision of Foreign Exchange Management Act and should not be construed to convey the approval by any other Statutory Authority or Government under any other laws or regulations. അത് വേറെ രീതിയിൽ വ്യാഖ്യാനിക്കരുത്. FEMA (Foreign Exchange Management Act)-യുടെ കാര്യം മാത്രമാണ് ആർ.ബി.ഐ. അഡ്രസ് ചെയ്തിരിക്കുന്നത്. Nothing in the approval should be construed as approval from the credit angle and of the financial or any other aspect of the company. If further approval or permission is required from any other Regulatory Authority or Government under the relevant laws or regulations, the applicant should take the approval of the concerned agency before effecting the concerned transaction. Further it should not be construed as regularizing or validating any irregularities contravention or other lapses if any under the provisions of any other laws. നിങ്ങൾക്കെവിടെനിന്നാണ് എടുക്കേണ്ടത് അവിടെ നിന്ന് അപ്രൂവൽ വേറെ വാങ്ങണം. FEMA മാത്രമാണ് ആർ.ബി.ഐ. പരിശോധിച്ചിരിക്കുന്നത്. വേറെയൊന്നും ആർ.ബി.ഐ. പരിശോധിച്ചിട്ടില്ലെന്നാണ് പറയുന്നത്.

മി. സ്പീക്കർ: അങ്ങയുടെ സമയം അവസാനിച്ചു. പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, മസാല ബോണ്ട് കടമെടുക്കുന്ന സമയത്ത് കിഫ്ബിയുടെ ആ ബോർഡ് യോഗത്തിൽ വച്ച് സംസ്ഥാനത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും എതിർത്തില്ലേ? അതിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. ഞാനത് വായിക്കേണ്ടല്ലോ? ധനകാര്യ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും എതിർത്തു, ഇങ്ങനെ വാങ്ങേണ്ട കാര്യമില്ലെന്ന് പറഞ്ഞു. ഇത് എ.ജി. റിപ്പോർട്ടല്ല. സംസ്ഥാനത്ത് എ.ജി. അല്ല ഈ റിപ്പോർട്ട് കൊടുക്കുന്നത്. സി.ആന്റ് എ.ജി.-യാണ് റിപ്പോർട്ട് കൊടുക്കുന്നത്. ഇവിടെ ഇത് ഫൈനലൈസ് ചെയ്ത്, ഡ്രാഫ്റ്റ് റിപ്പോർട്ടായാൽ നേരെ ഡൽഹിയിലേയ്ക്ക് അയയ്ക്കും. അതാണ് അവരുടെ ഹൈറാർക്കി. എ.ജി. റിപ്പോർട്ടിലെ സിഗ്നേറ്ററി സി.ആന്റ് എ.ജി.-യാണ്. റിപ്പോർട്ടിൽ സി.ആന്റ് എ.ജി.-ക്ക് കോൺസ്റ്റിറ്റ്യൂഷണൽ വാലിഡിറ്റിയെ സംബന്ധിച്ച് ചേർക്കാം. മറ്റൊരു കാര്യം, 2018-ലെ ഇതേ ആഡിറ്റ് റിപ്പോർട്ടിൽ ഇതേ കാര്യം, ഓഫ് ബഡ്ജറ്റിൽ കടമെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അന്ന് അങ്ങത് ചോർത്തിക്കൊടുത്തില്ലല്ലോ? അന്ന് അങ്ങ് എന്തുകൊണ്ടാണ് ചോർത്താതിരുന്നത്? അന്ന് വിദേശത്തുനിന്നും ലോണെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടില്ല. കാരണം അന്ന് വിദേശത്തുനിന്നും ലോണെടുത്തിട്ടില്ല. 2017-18-ലാണ് ലോണെടുത്തത്.

ഡോ. ടി. എം. തോമസ് ഐസക്: അതിൽ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ഭരണഘടനാവിരുദ്ധമാണെന്ന് എഴുതിയിട്ടുണ്ടോ? അങ്ങത് വായിച്ചുനോക്കണം.

ശ്രീ. വി. ഡി. സതീശൻ: ഞാനത് വായിക്കാം. "ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 2(93)(i) സർക്കാരിന്റെ കടമെടുക്കലുകളെ നിയന്ത്രിക്കുന്നു" എന്നുപറഞ്ഞാണ് എഴുതിയിരിക്കുന്നത്. ഭരണഘടനയുടെ 2(93)(i) വയലേറ്റ് ചെയ്തിരിക്കുന്നു, ബൈപ്പാസ് ചെയ്തിരിക്കുന്നു. 2018 മാർച്ചിൽ സഭയുടെ മേശപ്പുറത്തുവച്ച ആഡിറ്റ് റിപ്പോർട്ടിൽ ഇത് പറഞ്ഞശേഷം ഇപ്പോൾ എന്തിനാണ് ചോർത്തിയത്?

മി. സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിപ്പോൾ അവസാനിപ്പിക്കാം. ധനകാര്യ വകുപ്പുമന്ത്രി എന്തിനാണിത് ചെയ്തത്? ഇത് സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ വലിയ വിവാദം ഉണ്ടാകുമെന്നും ഇത് ചർച്ചയുമാകുമെന്നും അദ്ദേഹത്തിനറിയാം. അദ്ദേഹം പ്രതിരോധത്തിലാകും, പിന്നീട് ഒരുമാസം കഴിഞ്ഞ് തെരഞ്ഞെടുപ്പ് വരും. അദ്ദേഹത്തിന്റെ ബുദ്ധിയിൽ ഉദിച്ചതാണിത്. കാരണം ഭരണഘടനാ പ്രൊവിഷനും നടപടിക്രമങ്ങളും അസംബ്ലിയുടെ പ്രിവിലേജും ലംഘിച്ചുകൊണ്ട് അദ്ദേഹമത് ചോർത്തി, അദ്ദേഹം അഗ്രസീവായി, ഒഫൻസീവായി. ഇപ്പോൾ പ്രതിക്കൂട്ടിൽ നിൽക്കേണ്ടയാളാണ് അദ്ദേഹം. ഇതിന്റെ പ്രൊസീഡ്യുവർ പറഞ്ഞ് നേരത്തെ തന്നെ അഗ്രസീവായി നിന്നു. ഈ തന്ത്രമാണ് അദ്ദേഹം ചെയ്തത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പല കാര്യങ്ങളെക്കുറിച്ചും കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്നുണ്ട്. ആ കേന്ദ്ര ഏജൻസികൾക്കെതിരെ എൽ.ഡി.എഫ്. സമരം ചെയ്യുന്നുണ്ട്. ആ കേന്ദ്ര ഏജൻസികളുടെ കൂട്ടത്തിൽ, വളരെ ബുദ്ധിപൂർവ്വം സി.ആന്റ് എ.ജി.-യെ പ്രതിഷ്ഠിച്ചു. സി.ബി.ഐ.-യും കസ്റ്റംസും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലും തമ്മിലുള്ള വ്യത്യാസം അറിയാത്ത ധനകാര്യ വകുപ്പുമന്ത്രിയല്ല ഇത്. അദ്ദേഹം കാര്യങ്ങൾ മറച്ചുവയ്ക്കുകയാണ്. ആ കേന്ദ്ര ഏജൻസിയുടെ കൂട്ടത്തിൽ കൂട്ടാൻ പറ്റാവുന്ന ഒരു സ്ഥാപനമാണോ സി. ആന്റ് എ.ജി.? സാധാരണ സഖാക്കൾ ഇതറിയാതെ സി.ആന്റ് എ.ജി.-യ്ക്കെതിരെ മുദ്രാവാക്യം വിളിച്ചു. മുഖ്യമന്ത്രിയെക്കൊണ്ട് സി.ആന്റ് എ.ജി.-യ്ക്കെതിരെ പറയിപ്പിച്ചു. ഇത്രയും കൗശലക്കാരനായ ഒരു മന്ത്രി ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. സഞ്ചിതനിധിയിലെ നികുതിപ്പണം ഉപയോഗിക്കുകയും ഭരണഘടനാലംഘനം നടത്തി വിദേശത്തുനിന്നും കടമെടുക്കുകയും ചെയ്ത കിഫ്ബിയുടെയും അതിന് കുടപിടിച്ചുകൊടുത്ത സർക്കാരിന്റെയും നടപടിയാണ് ഇന്ന് ചർച്ചയ്ക്ക്

വിധേയമാക്കുന്നത്. നിങ്ങളൊക്കെ കിഫ്ബിയുടെ പണമെടുത്തിട്ടില്ലേയെന്ന് ഇവിടെ ചോദിച്ചു, എനിക്ക് നാലുവർഷം മുമ്പ് 52 കോടി രൂപയുടെ പദ്ധതി തന്നു. ഞാൻ അദ്ദേഹത്തോട് നേരിട്ട് നന്ദിപറഞ്ഞു. സർക്കാരിന്റെ പണമല്ലേ; ജനങ്ങളുടെ നികുതിപ്പണമല്ലേ; പ്രതിപക്ഷത്തിന് വേണ്ടെന്ന് പറയാൻ സാധിക്കുമോ? എടുത്തു. ദൈവം വിചാരിച്ചിട്ടുപോലും 52 കോടി രൂപയുടെ പദ്ധതിയിൽ ഒരു ഡിസൈൻ തയ്യാറാക്കാൻപോലും കിഫ്ബി കാരണം സാധിച്ചിട്ടില്ല. എല്ലാവരുടെയും സ്ഥിതി അതാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ നോട്ടിൽ കണ്ടതിനെപറ്റിയല്ല പറയുന്നത്, പ്രൊസീഡ്യുവറൽ ലാപ്സിനെക്കുറിച്ചാണ്. അങ്ങനെ വളരെ ബുദ്ധിപൂർവ്വം സി.ആന്റ് എ.ജി. റിപ്പോർട്ട് വലിയ വിവാദമാക്കി. മോദി ഗവൺമെന്റിനെയും സംസ്ഥാന ഗവൺമെന്റുകളെയും വിമർശിച്ചിട്ടുള്ള സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുന്നിലിത് വരുമ്പോൾ ഗവൺമെന്റിന് ക്ലിയർ ചെയ്യാം. ഇന്നലെ റിപ്പോർട്ട് വയ്ക്കുന്നതിനുമുമ്പുവരെ അദ്ദേഹം ചെയ്തത് ശരിയല്ലാത്ത നടപടിക്രമമാണ്. നിയമസഭ പാസാക്കിക്കൊടുക്കേണ്ട തുകയാണിത്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള പണമാണ് എടുത്തു കൊടുക്കുന്നത്. നമ്മുടെ സോവറിംഗ് ഗ്യാരണ്ടി കൊടുത്തിട്ടാണ്, ആരുടെയും സ്വർണ്ണം പണയംവച്ചിട്ടല്ല ഈ ലോൺ എടുത്തത്. 9.72 ശതമാനം കൊള്ളപ്പലിശയ്ക്കാണ് മസാലബോണ്ട് വിറ്റത്. ഈ സംസ്ഥാനത്തിന്റെ സോവറിംഗ് ഗ്യാരണ്ടി കൊടുത്ത് കടമെടുത്തതാണ്. അതിന്റെ ഉത്തരം ജനങ്ങളോട് പറയാനുള്ള ബാധ്യത ഈ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കുമുണ്ട് എന്നുമാത്രം ഓർമ്മപ്പെടുത്തുന്നു. അപകടകരമായ ഈ നീക്കങ്ങളിൽനിന്ന് ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പും കിഫ്ബിയും പിന്തിരിയണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ അടിയന്തര പ്രമേയത്തിന്റെ ഉള്ളടക്കത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ശ്രീ. വി. ഡി. സതീശന് കാര്യങ്ങൾ അറിയാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല, പക്ഷേ സഭയിൽ തികച്ചും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുകയും അത് മാധ്യമങ്ങളുടെ കൂട്ടുപിടിച്ച് ജനങ്ങളിലേയ്ക്കെത്തിക്കാൻ ശ്രമിക്കുകയും ചെയ്താൽ അത് സത്യമാണെന്ന് കുറേ ആളുകളെങ്കിലും ധരിക്കുമെന്ന മിഥ്യാധാരണയാണ് അദ്ദേഹത്തെ ഇതിന് പ്രേരിപ്പിച്ചതെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഇവിടെ സി.ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. സി.ആന്റ് എ.ജി. ആഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചും അതിന്റെ റെഗുലേഷൻ 206 പ്രകാരം വളരെ കൃത്യമായി പറയുന്ന കാര്യങ്ങളെക്കുറിച്ചും എങ്ങനെയാണ് അദ്ദേഹത്തിന് മനസ്സിലാകാതെ പോകുന്നത്. അതുപ്രകാരം ആഡിറ്റ് റിപ്പോർട്ടിൽ

ഉൾപ്പെടുത്തുന്ന ഏതൊന്നിനെക്കുറിച്ചും സർക്കാരിന് വിശദീകരണം നൽകാൻ അവകാശമുണ്ട്. അങ്ങനെ അവകാശമുണ്ടെന്നിരിക്കെ, എ.ജി.-യുടെ റിപ്പോർട്ടിൽ ഇല്ലാത്തതും എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സിൽ ഇല്ലാത്തതും എക്സിറ്റ് മീറ്റിംഗിൽ ഉന്നയിക്കാത്തതും ഡ്രാഫ്റ്റ് റിപ്പോർട്ടിലില്ലാത്തതും സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ മൂന്ന് പേജായി അഡീഷണലായി ചേർത്തതും വളരെ നിസ്സാരമായാണ് അദ്ദേഹം ഇവിടെ വിശദീകരിക്കുന്നത്. ഇതൊരു ഭരണഘടനാ പ്രശ്നമാണ്. ഇത് സർക്കാരിനുനേരെയുള്ള വെല്ലുവിളിയാണ്. ഇത്തരത്തിൽ ചെയ്യുന്നതിന് സി.ആന്റ് എ.ജി.-യ്ക്ക് എന്തധികാരം, എന്തവകാശം? അതേക്കുറിച്ച് ഒരുവാക്കെങ്കിലും പറയാൻ ബഹുമാനപ്പെട്ട വി. ഡി. സതീശൻ തയ്യാറായില്ല. അദ്ദേഹത്തിനുശേഷം പ്രതിപക്ഷത്തുനിന്ന് സംസാരിക്കാൻ അവകാശമുള്ളവർ അതിന് തയ്യാറാകണമെന്നാണ് എനിക്ക് ആദ്യം പറയാനുള്ളത്. രണ്ട്, ഭരണഘടനയിലെ 293 വകുപ്പുപ്രകാരമുള്ള സംസ്ഥാനത്തിന്റെ അധികാരാവകാശത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സംസ്ഥാനത്തിനെക്കുറിച്ച് ഒരു നിർവ്വചനം ഭരണഘടനയിലുണ്ട്. ആ നിർവ്വചനത്തിലുൾപ്പെടുന്ന ഒരു സംവിധാനമാണോ കിഫ്ബി? അതിന് മറുപടി പറയാൻ ശ്രീ. വി. ഡി. സതീശൻ തയ്യാറായാൽ ഞാനിപ്പോൾ വഴങ്ങിത്തരാം. സംസ്ഥാനത്തിന്റെ നിർവ്വചനത്തിലുൾപ്പെടുന്നതാണോ കിഫ്ബി. ആ നിർവ്വചനത്തിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ് 293 ആർട്ടിക്കിൾ 7-ൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, വഴങ്ങുമോ?

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ അവസരം തരാം.....(ബഹളം).... ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങൾ ....(ബഹളം).... ശ്രീ. വി. ഡി. സതീശൻ സംസാരിക്കുന്ന സമയം എന്റെ സമയത്തിൽ നിന്നും കുറവ് വരുത്തില്ലല്ലോ?

മി. സ്പീക്കർ: അങ്ങ് സംസാരിച്ചശേഷം വഴങ്ങിയാൽ മതി.

ശ്രീ. ജെയിംസ് മാത്യു: എന്റെ സമയത്തിൽനിന്നും കുറവ് ചെയ്യില്ലെങ്കിൽ ഞാൻ വഴങ്ങാം.

മി. സ്പീക്കർ: അങ്ങയുടെ സമയം നഷ്ടമാകും.

ശ്രീ. ജെയിംസ് മാത്യു: എനിക്ക് വളരെ കുറച്ച് സമയമേയുള്ളൂ. ആർട്ടിക്കിൾ 293 പ്രകാരം ഓഫ് ബഡ്ജറ്റിനെക്കുറിച്ചും സ്റ്റേറ്റ് ലിസ്റ്റിനെക്കുറിച്ചുമൊക്കെ പരാമർശിക്കുന്ന കാര്യങ്ങളുടെ വിശദാംശം ശ്രീ. വി. ഡി. സതീശന് അറിയാത്തതല്ല. പക്ഷേ നിങ്ങളത് മറച്ചുവയ്ക്കുകയാണ്. ഓഫ് ബഡ്ജറ്റെന്ന്

ഉദ്ദേശിക്കുന്നതെന്താണ്? അദ്ദേഹം കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് സി.ആന്റ് എ.ജി. നടത്തിയിട്ടുള്ള റിപ്പോർട്ടിന്റെ പരാമർശം ഇവിടെ വായിച്ചു. അത് വളരെ ശരിയാണ്. ബഡ്ജറ്റ് പ്രൊവിഷനിലുൾപ്പെടുത്തി ബോറോയിംഗ് നടത്തുന്നതിന് തീരുമാനിച്ചതാണ് കൂടുതലായത്. അത് ഏതൊക്കെയാണെന്ന് വളരെ കൃത്യമായി പറയുന്നു. ദീൻദയാൽ ഉപാദ്ധ്യായ യോജനയും ജൽ ജീവൻ മിഷനും ബഡ്ജറ്റിൽ ഉൾപ്പെടുത്തി അവതരിപ്പിച്ചതാണ്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി അവതരിപ്പിച്ച ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മെന്റിലുൾപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ഓഫ് ബഡ്ജറ്റായി പണം വകയിരുത്തി കടം വാങ്ങുന്നതിന് പരിധിയുണ്ട്. ഇവിടെ ആ പ്രശ്നം ഉദിക്കുന്നില്ല. എന്തുകൊണ്ട്? ബഡ്ജറ്റിൽ ഉൾപ്പെടുത്തി അവതരിപ്പിച്ച ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ഓഫ് ബഡ്ജറ്റായി പണം വകയിരുത്തി കടം വാങ്ങുന്നതിന് പരിധിയുണ്ട്. ഇവിടെ ആ പ്രശ്നമുദിക്കുന്നില്ല, എന്തുകൊണ്ട്? ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മെന്റിൽ കിഫ്ബിയുടെ ഒരു വർക്കും ഉൾപ്പെട്ടിട്ടില്ല. പിന്നെ എവിടെയാണ് ഉൾപ്പെട്ടിട്ടുള്ളത്; ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് ആവശ്യമായ രീതിയിൽ തുക കടമെടുക്കുന്നതിനായി കിഫ്ബി ആക്ട് നിലവിൽ വന്നതിനുശേഷം സാധ്യമാകുന്ന വഴികളല്ലാതെ മറ്റൊന്നും ആരാഞ്ഞിട്ടില്ല. ആ വഴികളനുസരിച്ച്, മസാല ബോണ്ട് എടുക്കുന്നതിന് അനുവാദം നൽകിക്കൊണ്ട്, അതിന്റെ അവസാന ഭാഗത്ത് ആർ.ബി.ഐ. പറഞ്ഞ കാര്യമെന്താണ്? മറ്റെന്തെങ്കിലും തരത്തിൽ സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻസുണ്ടെങ്കിൽ അത് മറികടക്കുന്നതിന് ഈ അനുമതി കാര്യമാകുന്നില്ല എന്നാണ്. സംസ്ഥാനമാണ് ഈ ബോറോയിംഗ് നടത്തുന്നതെങ്കിൽ ഒരു സംശയവുമില്ല, അത് ശരിയാണ്. മസാല ബോണ്ട് എടുക്കുന്നതിനുവേണ്ടി ആർ.ബി.ഐ. കൊടുത്ത അനുമതിപത്രത്തിന്റെ അവസാനത്തെ വാചകം കേരള സംസ്ഥാനത്തിന് ബാധകമാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഓഫ് ബഡ്ജറ്റ് ബോറോയിംഗായിട്ടല്ല കിഫ്ബി പണമെടുക്കുന്നത്. അതൊരു ബോഡി കോർപ്പറേറ്റാണ്. ബഹുമാന്യനായ വി. ഡി. സതീശൻ, കിഫ്ബി ഒരു ബോഡി കോർപ്പറേറ്റാണെന്ന് ഒരിക്കലെങ്കിലും താങ്കൾ സമ്മതിക്കുമോ; എന്താണ് കോർപ്പറേറ്റ് ബോഡിയും ബോഡി കോർപ്പറേറ്റും തമ്മിലുള്ള വ്യത്യാസം; ഒരു ബോഡി കോർപ്പറേറ്റ് എങ്ങനെയാണ് രൂപപ്പെടുന്നത്; അതിന്റെ ഐഡന്റിറ്റി എന്താണ്; ആ ബോഡി കോർപ്പറേറ്റിന് മസാല ബോണ്ട് എടുക്കുന്നതിനുള്ള അവകാശം എങ്ങനെയുണ്ടാകുന്നു? NHAI (National Highway Authority of India) പണം കടമെടുത്തത് ഇതേ വഴിയിലാണ്. ഒരു തെറ്റും ഇതിലില്ല. യഥാർത്ഥത്തിൽ എന്താണ് പ്രശ്നം? ഒന്നാമത്തേത് ഭരണഘടനാ വിരുദ്ധമല്ല. ഭരണഘടനാപരമായി ആർട്ടിക്കിൾ 293, യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്,

കൺകറന്റ് ലിസ്റ്റ് പ്രകാരം വിദേശ നാണയ വിനിമയവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ഉത്തരവാദിത്തവും അവകാശവും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ്. ആ റിസർവ് ബാങ്കിനോടാണ് അനുമതി ചോദിച്ചത്, അവർ അനുമതി കൊടുക്കുകയും ചെയ്തു. ഓഫ് ബഡ്ജറ്റാണോ അല്ലയോ എന്നൊക്കെ റിസർവ് ബാങ്കിന് അറിയുമോ; ബഡ്ജറ്റ് പ്രൊവിഷനിലൂടെയാണോ ഇത് ചോദിച്ചിട്ടുള്ളതെന്ന് അറിയുമോ? സംസ്ഥാനങ്ങൾക്ക് ബാധകമാകുന്ന കാര്യമാണെങ്കിൽ, സംസ്ഥാനമാണ് ഈ മസാലാ ബോണ്ട് ഇറക്കുന്നതെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻസ് ബാധകമാണ്. അതാണ് യഥാർത്ഥത്തിൽ പറഞ്ഞത്. ഇതൊന്നും അങ്ങേയ്ക്ക് അറിയാത്ത കാര്യമല്ല. പക്ഷെ അങ്ങയുടെ ആവശ്യമെന്താണ്; പുകമറ സൃഷ്ടിച്ചുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കണം. മസാലാ ബോണ്ട് ഇറക്കിക്കൊണ്ട് എടുത്ത കടത്തെക്കുറിച്ച് ഇവിടെ കൃത്യമായി പറഞ്ഞു. ഒരു തെറ്റുമില്ല, വളരെ ശരിയാണ്. ഇനി ഇതിനെതിരായി ഇപ്പോൾ ഉണ്ടായ പ്രശ്നമെന്താണ്? 2018-ൽ പ്രശ്നമില്ലായിരുന്നു, 2020-ൽ ധനകാര്യ വകുപ്പുമന്ത്രി ഒഫൻസീവായി എന്ന് പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെയാകാൻ കാരണം; രഞ്ജിത് കാർത്തികേയൻ, മാത്യു കുഴൽനാടൻ, സുനിൽരാജ് എന്നീ പേരുകൾ താങ്കൾക്ക് ഓർമ്മവരുമോ? അതിന്റെ കൂടെ ശ്രീ. വി. ഡി. സതീശന്റെയും ശ്രീ. പി. ടി. തോമസിന്റെയും കൂടി പേര് ഉൾപ്പെടുത്തിയാൽ ഈ സർക്കാരിനെതിരെ നടന്ന ഒരു ഭീമൻ ഗൂഢാലോചനയാണ് ഇതിന്റെ പിറകിൽ നടന്നതെന്ന് മനസ്സിലാകും. ഭാരതീയ വിദ്യാവിചാർ സമിതിയുടെ കൺവീനറായ രഞ്ജിത് കാർത്തികേയൻ എന്ന് പറയുന്ന ആർ.എസ്.എസ്.കാരൻ, കിഫ്ബിയും മസാല ബോണ്ടും ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞ് രണ്ടുതവണ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഓപ്പൺ കോർട്ടിലെ കമന്റ് കേട്ടപ്പോൾ കേസ് ആദ്യം പിൻവലിച്ചു. രണ്ടാമതും കേസ് കൊടുത്തു, ഓപ്പൺ കോർട്ടിലെ കമന്റ് കേട്ടപ്പോൾ രണ്ടാമതും കേസ് പിൻവലിച്ചു. രഞ്ജിത് കാർത്തികേയൻ മൂന്നാമത് കേസ് കൊടുത്തപ്പോൾ സി.ആന്റ് എ.ജി.-യെക്കൂടി കക്ഷി ചേർത്തു. ഞങ്ങൾ പറഞ്ഞതിന്റെ ആവർത്തനമാണ് സി. ആന്റ് എ.ജി. പറഞ്ഞതെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. ശരിയാണ്, അതാണ് പ്രശ്നം. ഇവിടെ ശ്രീ. വി. ഡി. സതീശനും കൂട്ടരും പറഞ്ഞതിന്റെ ആവർത്തനം അതിൽ എഴുതി വച്ചിരിക്കുകയാണ്. എങ്കിൽ ഒരൊറ്റ കാര്യം ചോദിക്കട്ടെ; ഭരണ ഘടനാവിരുദ്ധമായ, റിസർവ് ബാങ്കിന്റെ നോംസിന് വിരുദ്ധമായ ഒരു നടപടിക്രമമാണ് കിഫ്ബി ചെയ്തതെങ്കിൽ, സർക്കാർ ചെയ്തതെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കാൻ ഒരു അതോറിറ്റിയുമില്ലാത്തത്; ശ്രീ. വി. ഡി. സതീശനാണോ ഇതിന്റെയെല്ലാം കുത്തകാവകാശം; ഒരു അടിയന്തര പ്രമേയം കൊണ്ടാണോ ഇതിനെ നേരിടേണ്ടത്?

ഭരണഘടനാവിരുദ്ധമായ ഒരു നടപടിക്രമമാണെങ്കിൽ, രാജ്യത്തിന്റെ വിദേശനാണയ വിനിമയ ചട്ടങ്ങളുടെ ലംഘനമാണെങ്കിൽ ഒരു സംശയവുമില്ല, അത് കൈകാര്യം ചെയ്യുന്നതിന് നിയമപരമായ വ്യവസ്ഥകളും കാര്യങ്ങളുമുണ്ട്. എന്തുകൊണ്ടാണ് അത്തരത്തിൽ ഏതെങ്കിലുമൊരു വ്യവസ്ഥയ്ക്ക് വിധേയമായി ഇത് കൈകാര്യം ചെയ്യുന്നതിനുള്ള ഒരു നീക്കംപോലും നടത്താൻ കേന്ദ്രഗവൺമെന്റിന് സാധിക്കാത്തത്? നിങ്ങൾ ആലോചിക്കണം, ശ്രീ. വി. ഡി. സതീശനെപ്പോലെ ഒരാൾ നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുവേണോ ഒരു സംസ്ഥാന സർക്കാരിന്റെ ഭരണഘടനാവിരുദ്ധ പ്രവർത്തനം നേരിടാൻ? ഈ സർക്കാരിനെ ഒന്ന് കുലുക്കാൻ ശ്രീ. അമിത് ഷാ കണ്ണൂർ ജില്ലയിൽക്കൂടി കാൽനടയായി നടന്നില്ലേ; കുലുങ്ങിയില്ലല്ലോ; സത്യത്തിൽ, കോമൺസെൻസിന് നിരക്കുന്ന കാര്യങ്ങളാണോ നിങ്ങൾ ഈ പറയുന്നത്: ഭരണഘടനാ വിരുദ്ധമായ ഒരു പ്രവൃത്തി ചെയ്തെങ്കിൽ ഈ സർക്കാർ ബാക്കിയുണ്ടാകുമോ; ശ്രീ. വി. ഡി. സതീശനെക്കാൾ മുമ്പേ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ചേർന്ന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ഈ സർക്കാരിനെ എന്നേ പിരിച്ചുവിടുമായിരുന്നു? കേന്ദ്ര സർക്കാർ അനങ്ങുന്നില്ല, ഒരു കോടതിയും അനങ്ങുന്നില്ല, നിങ്ങൾ ആലോചിച്ചുനോക്കൂ. രഞ്ജിത് കാർത്തികേയൻ മൂന്നാം തവണ സി.ആന്റ് എ.ജി.-യെക്കൂടി കക്ഷി ചേർത്ത് കേസ് കൊടുത്തപ്പോൾ, കേസ് ലിസ്റ്റ് ചെയ്യാൻ കോടതിയിൽ സമ്മർദ്ദം വന്നുകാണും. ഹൈക്കോടതിയിൽ വരുന്ന കേസുകൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മനസ്സിലാകുമല്ലോ; കേസ് ലിസ്റ്റ് ചെയ്യാൻ എന്തിനാണ് അനാവശ്യമായ ഒരു വ്യഗ്രത? സി.ആന്റ് എ.ജി. റിപ്പോർട്ട് വരുന്നതിന് തൊട്ടുമുമ്പുള്ള സമയമാണ്; അപ്പോൾ ലിസ്റ്റ് ചെയ്ത് കേസ് ഹൈക്കോടതി പരിഗണിച്ചാൽ ആ കേസിൽ ഒരു കക്ഷിയായ സി.ആന്റ് എ.ജി. കോടതിയിൽ പറയും, 'ഇത് ഭരണഘടനാ വിരുദ്ധമാണ്, റിസർവ് ബാങ്കിന്റെ നോംസിന് വിരുദ്ധമാണ്" എന്ന്. പ്രിയപ്പെട്ട വി. ഡി. സതീശാ, ഇത്രയും ഹൈക്കോടതിയുടെ മുമ്പിൽ പറഞ്ഞാൽ ഹൈക്കോടതി ഈ സർക്കാരിനെതിരെ നടത്തുമായിരുന്ന പരാമർശമെന്താണെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. അങ്ങനെ സർക്കാരിനെതിരെ ഒരു പരാമർശം നടത്തിയാൽ ഈ സർക്കാർ നിലനിൽക്കുമോ; അപ്പോൾ എന്താണ് നിങ്ങളുടെ ഉദ്ദേശ്യം? രഞ്ജിത് കാർത്തികേയൻ എന്നൊരു ആർ.എസ്.എസ്.-കാരൻ മാത്യു കുഴൽനാടൻ എന്ന കോൺഗ്രസിന്റെ വക്താവിനെ ഉപയോഗിച്ച് ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും ആ കേസിൽ സി.ആന്റ് എ.ജി.-യെ കക്ഷി ചേർത്ത് അവരെക്കൊണ്ട് ഇത് ഭരണഘടനാവിരുദ്ധമാണെന്ന് കോടതിയിൽ പറയിക്കുകയും വേണം, അതായിരുന്നു നിങ്ങളുടെ ഉദ്ദേശ്യം. സി.ആന്റ് എ.ജി. ഒരു ഭരണഘടനാ സ്ഥാപനമാണ്. നിങ്ങൾ സാമാന്യബുദ്ധിക്ക് നിരക്കുന്ന കാര്യം

ആലോചിക്കൂ. ഒരു ഭരണഘടനാ സ്ഥാപനം മറ്റൊരു ഭരണഘടനാ സ്ഥാപനമായ കോടതിയുടെ മുമ്പിൽ പറയുകയാണ്, ഇത് ഭരണഘടനാ വിരുദ്ധമാണെന്ന്. അതിന്റെ മുമ്പിൽ സംസ്ഥാന സർക്കാരിന്റെ എ.ജി.-യ്ക്കോ അല്ലെങ്കിൽ ഏതെങ്കിലുമൊരാൾക്കൊ വാദിച്ച് അങ്ങനെയല്ലെന്ന് പറയാൻ സാധിക്കുമോ? പറയാൻ സാധിക്കും, പക്ഷെ അപ്പോഴേയ്ക്കും വർഷം ഒന്നോ രണ്ടോ കഴിഞ്ഞിരിക്കും. അപ്പോഴാണ് ഇത് അങ്ങേയറ്റം ഭരണഘടനാ വിരുദ്ധവും സഭയോടുള്ള അവഹേളനവും ജനങ്ങളെ വെല്ലുവിളിക്കുന്നതും ഒരു സംസ്ഥാനത്തിന്റെ വികസനത്തെയാകെ തുരങ്കംവയ്ക്കുന്നതുമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെ പറഞ്ഞതിന്റെ പേരിൽ അദ്ദേഹത്തിനെതിരെ ചട്ടലംഘനത്തിന് നിങ്ങൾ നോട്ടീസ് കൊടുത്തല്ലോ; ആ നോട്ടീസിന് അദ്ദേഹം കൊടുത്ത മറുപടി ശ്രീ. വി. ഡി. സതീശൻ ഒന്ന് മനസ്സിരുത്തി വായിക്കണം, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി അതിന്മേലെടുത്ത തീരുമാനം പരിശോധിക്കണം.

ശ്രീ. വി.ഡി. സതീശൻ ആണത്രെ ഈ രാജ്യത്തെ ഭരണഘടനാ പ്രശ്നങ്ങളുടെ അന്തിമ വാക്ക്, ഇതെന്തൊരു കഥയാണ്; ഇങ്ങനെയാണോ? ഇപ്പോഴുള്ള പ്രശ്നമെന്ന് പറയുന്നത് ........(ബഹളം)...... അവിടെയിരിക്ക് ഞാൻ സംസാരിക്കട്ടെ, ഇപ്പോഴത്തെ പ്രശ്നം.......(ബഹളം)....... സർ, എന്നെ സംസാരിക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ:</u> എല്ലാവരും സീറ്റിൽ ഇരിക്കൂ...(ബഹളം).... ...പ്ലീസ്.. ഇരിക്കൂ..

<u>ശ്രീ. ജെയിംസ് മാത്യു</u>: അഴിമതി നടത്തിയും സദാചാര മൂല്യങ്ങൾ കാറ്റിൽപ്പറത്തിയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്ന് വിട്ടൊഴിഞ്ഞത് അപമാനകരമായ ഒരു അവസ്ഥയിലാണ്. ആ അവസ്ഥയ്ക്ക് കാരണക്കാരായ ആളുകളെ അഞ്ച് വർഷം നിങ്ങൾ നിശബ്ദരാക്കിയിരുത്തി. അതിൽ ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ പകരക്കാരനായി വന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വേണ്ടത്ര പോര എന്ന തോന്നൽ ചില ചാനലുകൾ സൃഷ്ടിച്ചു, ഞങ്ങൾ ഈ സഭയിൽ പറഞ്ഞു, ഇപ്പോൾ കോൺഗ്രസിനും അത് ബോധ്യമായി. ഇതാണ് പ്രശ്നം. അഞ്ച് വർഷം ശ്രീ. പിണറായി വിജയൻ സർക്കാരിനെതിരെ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ഗുളിക കഴിക്കുന്നതുപോലെ പത്രസമ്മേളനം നടത്തിയ പ്രതിപക്ഷനേതാവ് ഇപ്പോഴെവിടെ; രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും പിണറായി വിജയൻ സർക്കാരിനെതിരെ പത്രസമ്മേളനം നടത്തി, എന്നിട്ടെന്തുപറ്റി; ....(ബഹളം)... ഇപ്പോൾ അദ്ദേഹം മൂലയ്ക്കായി. പ്രശ്നമെന്താണ്; പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ

അവതരിപ്പിക്കാൻ ശ്രമിക്കുന്നു. ഈ കേരളം മറക്കാനാഗ്രഹിച്ച പഴയകാല ചരിത്രമുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ ചരിത്രം. അത് ഞങ്ങളെക്കൊണ്ട് ചർച്ച ചെയ്യിപ്പിക്കാനാണ് വീണ്ടും ആ പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി ഡൽഹിയിൽനിന്ന് നിങ്ങൾ കൊണ്ടുവരുന്നത്. അത് ഇവിടെ നടക്കില്ല. കേന്ദ്രസർക്കാർ, ബി.ജെ.പി., ശ്രീ. നരേന്ദ്രമോദി, ശ്രീ. അമിത് ഷാ, സി.ഐ.എ., എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ്, എൻ.ഐ.എ. എന്നിവരെല്ലാം നോക്കിയിട്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അതിജീവിച്ചു. അതിന്റെ മുമ്പിലാണ് നിങ്ങളുടെ കിഫ്ബിക്കെതിരായ പോരാട്ടം. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി എന്റെയും നിങ്ങളുടെയും മണ്ഡലത്തിൽ കേരള മക്കൾക്കുവേണ്ടി ഒരു സർക്കാർ ചെയ്തത് വേണ്ടെന്ന് പറയാൻ നിങ്ങൾ തയ്യാറാണോ; നിങ്ങൾ പറയൂ, ഇതിലെന്ത് ഭരണഘടനാ വിരുദ്ധതയാണുള്ളത്; ഇതിൽ എന്ത് ആർ.ബി.ഐ. ചട്ട ലംഘനം; ഇതിലെന്ത് തെറ്റ്; നാടിനും ജനങ്ങൾക്കുംവേണ്ടി ഒരു സർക്കാർ വലിയ ഇച്ഛാശക്തിയോടുകൂടി ചെയ്തതാണ്. തിരിച്ചുകൊടുക്കാനുള്ള കെൽപ്പുണ്ടെന്ന് ബോധ്യപ്പെടുക മാത്രമല്ല, ആ കെൽപ്പ് എങ്ങനെയാണ് പ്രാവർത്തികമാക്കുകയെന്ന് നിയമംമൂലം ഉറപ്പുവരുത്തി, ഇങ്ങനെയൊന്ന് ചരിത്രത്തിൽ ഉണ്ടാകുമോ? വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ നിയമംമൂലം ഉറപ്പുവരുത്തി. ഏത് സർക്കാർ വന്നാലും ഈ നിയമം ലംഘിക്കാൻ പറ്റില്ല, അല്ലെങ്കിൽ നിയമം മാറ്റണം. ഏതായാലും നിങ്ങൾക്ക് ആ ബുദ്ധിമുട്ട് ഒരു കാലത്തും ഉണ്ടാകാൻ പോകുന്നില്ല, നിങ്ങൾ വിഷമിക്കുകയും വേണ്ട. പിണറായി വിജയൻ സർക്കാരാണ് കടമെടുത്തത്. ആ സർക്കാർ അതെങ്ങനെ വീട്ടുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ വീണ്ടും അധികാരത്തിൽവന്ന് അത് കൃത്യമായി നടപ്പാക്കുമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഈ അടിയന്തരപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. എം. ഉമ്മർ:</u> സർ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ വളരെ കൃത്യമായും വസ്തുനിഷ്ഠമായും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. എന്റെ അറിവിന്റെയും എനിക്ക് ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഞാനിവിടെ ചില കാര്യങ്ങൾ പറയാം.

ശ്രീ. ജെയിംസ് മാത്യു പറഞ്ഞിടത്താണ് കാര്യം. അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചത് 60,000 കോടി രൂപയുടെ പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വീണ്ടും അധികാരത്തിൽ വരുമെന്നും ഈ 60,000 കോടി രൂപ അദ്ദേഹംതന്നെ വീട്ടിക്കൊള്ളുമെന്നുമാണ് ശ്രീ. ജെയിംസ് മാത്യു പറഞ്ഞത്.

അങ്ങനെ മുഖ്യമന്ത്രി നേരിട്ടുവാങ്ങി നേരിട്ട് കൊടുക്കുന്ന ഒരു 'വാങ്ങൽ-കൊടുക്കൽ' ബന്ധമല്ല ഇതിനുള്ളത്. ഇതുസംബന്ധിച്ച് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും ഭരണഘടനയുമുണ്ട്. ആ വലയത്തിൽനിന്നുകൊണ്ട് മാത്രമേ ആർക്കും കളിക്കാൻ പറ്റുകയുള്ളൂ. അതാണ് ഇവിടെ ചോദ്യം ചെയ്തിട്ടുള്ളത്. അത്തരത്തിൽ ചോദ്യം ചെയ്യുന്നവർക്കുനേരെ മെക്കിട്ട് കയറിയിട്ട് കാര്യമില്ല. ശ്രീ. വി. ഡി. സതീശനെ വെല്ലുവിളിക്കുകയും അദ്ദേഹം എഴുന്നേൽക്കുമ്പോൾ 'സമയമില്ല' എന്നുപറയുന്നതും ഒട്ടും ശരിയല്ല. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയാനുള്ളൂ. ബഡ്ജറ്റ് വിഹിതം, 2020-21 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് നമ്പർ 28-ൽ എസ്ക്രോ മെക്കാനിസം വഴി, എസ്ക്രോ മെക്കാനിസം എന്നുപറഞ്ഞാൽ, ഇന്ന് പണം ട്രഷറിയിൽ വന്നാൽ അത് നാളെ നേരം പുലരുമ്പോൾ ബന്ധപ്പെട്ട ബാങ്കുകളിലേയ്ക്ക്, ഫിഡിലിൽ കിഫ്ബിയിലേയ്ക്ക് എത്തിച്ചേരുകയാണ്. നികുതിപ്പണം കിഫ്ബിയിലേയ്ക്ക് പോയിട്ടുള്ളതിന്റെ കണക്ക് ഇവിടെ പറയുന്നത്, 5475-98 - മോട്ടോർ വാഹന നികുതിയിൽനിന്ന് കിഫ്ബിക്ക് നൽകുന്ന തുക, ഈ വർഷം ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്തുവച്ച കടലാസിൽ പറയുന്നത് (വോളിയം നമ്പർ II, പേജ് 424) 1,000 കോടി രൂപയാണെന്നാണ്. 5475-97- പെട്രോൾ, ഡീസൽ സെസ്സിൽനിന്ന് എന്നത് വോളിയം II, പേജ് 24-ൽ അച്ചടിച്ച് വന്നിട്ടുള്ള ഒരു ഹെഡ്ഡിൽ പറഞ്ഞിട്ടുള്ളത് പെട്രോൾ, ഡീസൽ ഡെസ്കിൽനിന്ന് എന്നാണ്, തെറ്റായാണ് അടിച്ചുവന്നിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്തുവച്ച കടലാസ്സാണ്. ഇതെല്ലാം എത്ര സുതാര്യമായി, കൃത്യമായി ചെയ്യേണ്ടതാണ്. പെട്രോൾ, ഡീസൽ സെസ്സിൽനിന്ന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിലേയ്ക്കുള്ള വിഹിതം 5,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വകയിരുത്തിയ സംഖ്യ എവിടെയാണ് ചർച്ച ചെയ്യുക എന്നതാണ് പ്രശ്നം. 1,500 കോടി രൂപ ഇത്തവണ വകയിരുത്തി. അടുത്ത വർഷം എത്ര വരും; ഇതിന്റെ ഇരട്ടി വരും. ഈ 60,000 കോടി രൂപയും ഇങ്ങനെ ഈ രാജ്യത്തെ പെട്രോളിയം സെസ്സിൽനിന്നും, നികുതിപ്പണത്തിൽനിന്നും കൊടുക്കുമ്പോൾ ഓഡിറ്റ് ചെയ്യാൻ ഭരണഘടന ചുമതലപ്പെടുത്തിയ ആളുകൾ അതിന്റെ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിക്കും. അങ്ങനെ ചൂണ്ടിക്കാണിക്കുമ്പോൾ അതിന് ന്യായമായ രീതിയിൽ വ്യവസ്ഥാപിതമായ മറുപടി പറയുക എന്നല്ലാതെ, മറുപടി വയ്ക്കേണ്ടിടത്ത് വയ്ക്കുക എന്നതല്ലാതെ, കാള പെറ്റുവെന്ന് കേൾക്കുമ്പോൾ കയറെടുക്കുന്നതുപോലെ റിപ്പോർട്ട് വച്ചുവെന്ന് കേട്ടപ്പോഴേയ്ക്കും എന്തിനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്ര ഹാലിളകി പത്രസമ്മേളനം നടത്തുന്നത്; ഇതിനൊക്കെത്തന്നെ ചില വ്യവസ്ഥകളില്ലേ? ഇവിടെ അതൊന്നും പാലിക്കപ്പെട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി രണ്ടുദിവസം മുമ്പ് വേറൊരു റിപ്പോർട്ട് വയ്ക്കുകയുണ്ടായി. ഏത് വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ആ റിപ്പോർട്ട് വച്ചതെന്ന്

എനിക്കറിയില്ല. ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വച്ചതിനുശേഷം ചർച്ച ചെയ്യപ്പെടേണ്ടതാണ്. അങ്ങനെയുള്ള ഒരു സംഗതി അദ്ദേഹം ആദ്യംതന്നെ പുറത്തുപോയി പറഞ്ഞു. പിന്നീട് ഭരണപക്ഷത്തിന് ഭൂരിപക്ഷമുള്ള കമ്മിറ്റി അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിരിക്കുകയാണ്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. കമ്മിറ്റിയാണ്, ഭൂരിപക്ഷ തീരുമാനമാണ്, അതൊക്കെയുണ്ട്. പക്ഷേ ഇത് ചർച്ച ചെയ്യേണ്ട സ്ഥലത്ത് ചർച്ച ചെയ്യണ്ടേ; ഇപ്പോൾ കിഫ്ബിയുടെ ചർച്ച എവിടെയാണുള്ളത്; നിയമസഭയിലോ സബ്ജക്ട് കമ്മിറ്റിയിലോ; ഈ 60,000 കോടി രൂപ ഏത് ഹെഡ്ഡിലാണ് ചർച്ച ചെയ്യുന്നത്? സബ്ജക്ട് കമ്മിറ്റി VII-ൽ പലവകയിലാണ് 60,000 കോടി രൂപ വരുന്നത്. നിങ്ങൾ ആലോചിച്ചുനോക്കണം, പലവകയിലാണ് 60,000 കോടി രൂപ. അപ്പോൾ കാര്യമായ തുകയാകുമ്പോൾ എത്രയുണ്ടാകും? ഇത്രയുമായിട്ട് കിഫ്ബിക്കുവേണ്ടി ഒരു ഹെഡ് രൂപീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. എത്രയെത്ര പുതിയ ഹെഡ്ഡുകളുണ്ടാകുന്നു; ആ 60,000 കോടി രൂപ നിങ്ങൾക്ക് പലവകയാണ്, കൂട്ടത്തിൽ ചർച്ച ചെയ്യപ്പെടാതെ ഗില്ലറ്റിൻ ചെയ്ത് പോകുന്ന വകുപ്പാണ് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കുക. Rules of Procedure 143-ാം വകുപ്പ് പ്രകാരം ഡിമാന്റ് ഗില്ലറ്റിൻ ചെയ്ത് പോകുകയാണ്. എവിടെയും ചർച്ചയില്ല. ഇപ്പോൾ ഫിഡിലിറ്റി സർട്ടിഫിക്കറ്റ് ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്ത് വച്ചു, മനോഹരമാണ്, ചിത്രങ്ങളുണ്ട്. അതിനകത്ത് കുറേ ന്യൂജെൻ ബാങ്കുകളെ സംബന്ധിച്ചൊക്കെ പറയുന്നുണ്ട് എന്നല്ലാതെ ചർച്ച ചെയ്യാൻ സാധിക്കുമോ; ഏത് ഡിമാന്റിലാണ് വച്ചത്; ന്യൂജനറേഷൻ ബാങ്കുകൾ അവിടെ 500 കോടി രൂപ, ഇവിടെ 1000 കോടി രൂപ, അവിടെ 2500 കോടി രൂപ, പലിശയിത്ര എന്നൊക്കെയുള്ള കണക്കുകൾ കാണാമെന്നല്ലാതെ, ബഹുമാനപ്പെട്ട ജെയിംസ് മാത്യു, നമ്മൾ ഏത് ഹെഡ്ഡിലാണത് ചർച്ച ചെയ്യുക എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കണം. ഈ പലവക ചർച്ച ചെയ്യാറുണ്ടോ? അവസാനം അത് ഗില്ലറ്റിൻ ചെയ്ത് പോകുകയാണ്. കിഫ്ബിയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് മേശപ്പുറത്ത് വയ്ക്കുന്ന ഫിഡിലിറ്റി സർട്ടിഫിക്കറ്റ് ചർച്ച ചെയ്യാൻ ഇടമില്ല. അതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇക്കാര്യം ഞങ്ങൾ ആദ്യം ഉന്നയിക്കുകയല്ല. നേരത്തെ ശ്രീ. വി. ഡി. സതീശൻ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവരൊക്കെത്തന്നെ പലതവണ ഉന്നയിച്ച കാര്യങ്ങൾ സി.ആന്റ് എ.ജി.-യും പറഞ്ഞുവെന്നേയുള്ളൂ. സി.ആന്റ് എ.ജി. ആയതുകൊണ്ട് ഭരണഘടനയിൽ വേറെ മാറ്റമൊന്നുമില്ല, എല്ലാവർക്കും ഭരണഘടന ഒന്നുതന്നെയാണ്, ഒരേ quoting തന്നെയാണ്. ഏതാണ് വകുപ്പെന്ന് ശ്രീ. ജെയിംസ് മാത്യു ചോദിച്ചു. 4-7-2019-ന് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയൊരു റൂളിംഗുണ്ട്. 'കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാസമിതികൾക്ക് പരിശോധിക്കാൻ കഴിയത്തക്കവിധം സഭയുടെ

നടപടിക്രമം ക്രമീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.' ഞാൻ അതിന്റെ പ്രസക്ത ഭാഗം മാത്രം ഇവിടെ വായിക്കുകയാണ്. 'മേൽ സാഹചര്യത്തിൽ അത് ഒഴിവാക്കുന്നതിനായി കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാ സമിതികൾക്ക് പരിശോധിക്കുവാൻ കഴിയത്തക്കവിധം സഭയുടെ നടപടിക്രമം ക്രമീകരിക്കേണ്ടതുണ്ട്. അതുവഴി എക്സിക്യൂട്ടീവിന് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കാനും സാമ്പത്തിക കാര്യങ്ങൾ ലെജിസ്ലേച്ചറിലൂടെ പരിശോധിക്കാനുള്ള അധികാരം ചോർന്നുപോകാതെ സംരക്ഷിക്കപ്പെടാനും കഴിയുമെന്ന് ചെയർ നിരീക്ഷിക്കുന്നു. അതിനാവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർ സഭയെ അറിയിക്കുകയും ചെയ്യുന്നു'. ഇതാണ് റൂളിംഗ്. കൃത്യമായി കാര്യങ്ങൾ ഇവിടെ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ കാര്യങ്ങൾ നന്നായി വിശകലനം ചെയ്ത് നടത്തിയിട്ടുള്ള റൂളിംഗാണ്. അതിനുശേഷം ജനുവരി 14-ാം തീയതി ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് നിങ്ങൾ മേശപ്പുറത്ത് വച്ചല്ലോ. അതിലെങ്കിലും ഒരു ഭേദഗതി വരുത്തേണ്ടതല്ലേ; കിഫ്ബി ചർച്ച ചെയ്യുന്നതിനുവേണ്ടി ചട്ടങ്ങളിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുമെന്ന് പറഞ്ഞിട്ടും ഈ 14-ാം തീയതി മേശപ്പുറത്തുവച്ച സഭാനടപടികളുടെ ചട്ടങ്ങൾ സംബന്ധിച്ച 2019-ലെ മൂന്നാമത് റിപ്പോർട്ടിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. അതിന്റെ ഉദ്ദേശ്യമെന്താണ്; ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ട്, ഞങ്ങൾ വീണ്ടും വരും, ഞങ്ങൾക്ക് തോന്നിയതുപോലെ ചെലവാക്കും. ആരാണിവിടെ ചോദിക്കാൻ എന്നുള്ള അഹന്തയ്ക്ക് ജനങ്ങളുടെ മുമ്പാകെ മറുപടി പറയേണ്ടിവരും എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. വേറൊന്നും പറയാനില്ല. ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ട്. ഒരു സുപ്രഭാതത്തിൽ ഭരണഘടന ഭേദഗതിക്കുവേണ്ടി ശ്രീ. നരേന്ദ്ര മോദി കൊണ്ടുവന്നതുപോലെ ചെയ്യും. അതിന് ആരാണിവിടെ ചോദിക്കാൻ; ഞങ്ങൾക്ക് തോന്നിയതാണ് ഇവിടത്തെ ഭരണം. അതിനെതിരെ ചോദ്യം ചോദിച്ചാൽ 'കയ്യും വെട്ടും, കാലും വെട്ടും, പച്ചക്കൊടിയിൽ പൊതിഞ്ഞുകെട്ടും' എന്ന് കണ്ണൂരിൽ തെരുവിൽക്കൂടി മുദ്രാവാക്യം വിളിച്ച് നടന്നതുപോലെ പറയാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടെന്ന് കരുതുന്നെങ്കിൽ അത് എത്രകാലം എന്നുമാത്രം നിങ്ങൾ ആലോചിച്ചാൽ മതിയെന്നേ എനിക്ക് പറയുവാനുള്ളൂ. ഈ മുദ്രാവാക്യം പത്രത്തിലൊക്കെ വന്നതാണ്. തോന്നിയതുപോലെ മുദ്രാവാക്യം വിളിക്കാനും ഭരിക്കാനും ഭരണഘടനാ ലംഘനം നടത്താനുമൊക്കെ എത്രകാലം നിങ്ങൾക്ക് കഴിയുമെന്ന് നിങ്ങൾ ആലോചിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പ്രിയപ്പെട്ട വി. ഡി. സതീശൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ ആശയങ്ങളെ എതിർക്കുകയാണ്. നമ്മുടെ സാമൂഹ്യ സാഹചര്യത്തിൽ ഭരണഘടനയെക്കുറിച്ചുള്ള ചർച്ച രാജ്യത്തെമ്പാടും വലിയതരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കെ, അതിന്റെ ഫെഡറൽ സ്വഭാവത്തെ എങ്ങനെയെല്ലാം ഹനിക്കുന്നുവെന്ന ചിന്ത പൊതു സമൂഹത്തിലും രാഷ്ട്രീയപാർട്ടികൾക്കിടയിലും ബുദ്ധിജീവികൾക്കിടയിലും രാജ്യത്തെ സ്നേഹിക്കുന്നവർക്കിടയിലും ആശങ്കയോടെ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട ചർച്ച ഇവിടെ നടത്തുന്നത്. ഓരോ ഇന്ത്യൻ പൗരനും ഓരോ സംസ്ഥാനത്തിനുമുള്ള അതിന്റേതായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യതയുണ്ട്. അതിന്റെ മുന്നിൽ നിൽക്കേണ്ട ഒരു ബാധ്യത കേരളത്തിലെ സഭയ്ക്കുണ്ട്. തീർച്ചയായും, ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന സർവ്വാധികാരത്ത സ്വഭാവമുള്ള കാര്യങ്ങളോട് കോൺഗ്രസ്സിനും യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും രണ്ടഭിപ്രായമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ ഒരു സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ സംരക്ഷിക്കാനുള്ള സാധ്യതകളെ നമ്മൾ എല്ലാ അർത്ഥത്തിലും ഈ ചർച്ചയിൽ പ്രകടിപ്പിക്കേണ്ടതുണ്ട്. ഡൽഹി തെരുവിൽ നടക്കുന്ന കർഷക സമരത്തിൽ, നമ്മുടെ ഭരണഘടന വിഭാവന ചെയ്ത പൗരാവകാശങ്ങൾ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചോദ്യം ചെയ്യുന്നുവെന്നത് രാജ്യത്താകെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്. സ്റ്റേറ്റ് എന്നതിനെക്കുറിച്ച്, ഏറ്റവും നന്നായി പറഞ്ഞിട്ടുള്ളത് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല. പക്ഷെ ആർക്കുള്ളതാണ് സ്റ്റേറ്റ്? കേരളത്തിലെ പൗരന്മാരെ പ്രതിനിധീകരിക്കുന്ന, 18 വയസ്സുകഴിഞ്ഞ, വോട്ടവകാശമുള്ളവർ വോട്ട് ചെയ്ത് തെരഞ്ഞെടുത്ത അപ്പുറത്തും ഇപ്പുറത്തുമൊക്കെ ഇരിക്കുന്ന എല്ലാവരുടെയും ബാധ്യതയാണ് പൗരന്മാരുടെ അവകാശം സംരക്ഷിക്കുകയെന്നത്. ഞാൻ മനസ്സിലാക്കുന്നത്, കിഫ്ബിയെന്ന ആശയം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2016-ൽ കൊണ്ടുവന്നതല്ല. ഒരുപക്ഷെ, പ്രായോഗികമായി അത് നടപ്പിലാക്കിയത് 2016-ന് ശേഷമാണ്. അതിനുമുമ്പ്, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അത് കൊണ്ടുവരികയും അതിന്റെ ആഡിറ്റുമായി ബന്ധപ്പെട്ട കാര്യത്തിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് വളരെ കർശനമായൊരു നിലപാടെടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ അത് ഇവിടെ വിശദീകരിച്ചതാണ്, ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. 2016-ൽ എങ്ങനെയാണ് കിഫ്ബിയെന്ന ആശയം കേരളത്തിൽ വന്നത്? സത്യത്തിൽ നമുക്ക് ബഡ്ജറ്റിലൂടെ വികസനത്തിന് പണം കണ്ടെത്താൻ കഴിയാത്ത രീതിയിൽ

നമ്മുടെ സാമ്പത്തിക സ്ഥിതിക്ക് വാർദ്ധക്യം ബാധിച്ച സാഹചര്യമുണ്ടായി. അതുണ്ടാക്കിയതാര് എന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഭരണം നടത്തിയ എല്ലാ കാലത്തും കടമുണ്ടായിട്ടുണ്ട്. ആ സമയത്ത് ഒന്നരലക്ഷം കോടിയിലധികം കടമുണ്ടായിരുന്നു. നമുക്ക് കേരളത്തിന്റെ ആവശ്യങ്ങളും ലോകോത്തര നിലവാരത്തിൽ സംരക്ഷിക്കാൻ, ആരോഗ്യ മേഖലയ്ക്കാണെങ്കിലും വിദ്യാഭ്യാസമേഖലയ്ക്കാണെങ്കിലും പശ്ചാത്തല വികസനത്തിനാണെങ്കിലും മറ്റു മേഖലകൾക്കാണെങ്കിലും നമുക്കില്ലാത്ത ഒരു കാര്യം സമ്പത്തായിരുന്നു. കടമെടുക്കുന്നതിന് നമുക്ക് പരിമിതിയുണ്ടായിരുന്നു. ആ പരിമിതി നൽകിയത് കേന്ദ്രമാണ്. ഏതെങ്കിലും തരത്തിൽ കടമെടുക്കുന്നതിന് ഭരണഘടനാപരമായും നിയമപരമായും സാങ്കേതികപരമായുമുള്ള കേന്ദ്രത്തിന്റെ നിയന്ത്രണങ്ങൾ നമ്മെ അക്ഷരാർത്ഥത്തിൽ ഒരു തടവറയ്ക്കുള്ളിൽ ആക്കിയിരുന്നു. നമുക്ക് വികസനം മുന്നോട്ടുകൊണ്ടുപോയേ കഴിയുമായിരുന്നുള്ളൂ, പ്രത്യേകിച്ച് വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലുമൊക്കെ വികസനം കൊണ്ടുവരുന്നതിനുവേണ്ടി ഇപ്പോഴത്തെ ധനകാര്യവകുപ്പുമന്ത്രി അതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിവച്ച ഒരു സാധ്യത വിപുലമായി ഉപയോഗിക്കാൻ തീരുമാനിച്ചു. അത് വിപുലമായി ഉപയോഗിക്കാൻ തീരുമാനിച്ചത് ഏതെങ്കിലും രഹസ്യസ്വഭാവത്തിലല്ല. ഈ സഭയോട് പറഞ്ഞും എം.എൽ.എ.-മാരോട് നിർദ്ദേശങ്ങൾ നൽകാൻ ആവശ്യപ്പെട്ടും, കിട്ടിയ നിർദ്ദേശങ്ങൾ ഏതെങ്കിലും ഭരണ-പ്രതിപക്ഷമണ്ഡല വ്യത്യാസമില്ലാതെ കേരളത്തിലെ മിക്കവാറും എല്ലാ മണ്ഡലങ്ങളിലേയ്ക്കുമുള്ള പദ്ധതികൾ കിഫ്ബിയിലൂടെ പ്രഖ്യാപിക്കുകയായിരുന്നു. അന്ന് ഒരു ആശങ്ക മാത്രമേ പ്രതിപക്ഷം പ്രകടിപ്പിച്ചിട്ടുള്ളൂ. ഇതൊരു വലിയ വാഗ്ദാനമാണ്, സ്വപ്നമാണ്, ഇതൊക്കെ നടപ്പിലാകുമോയെന്ന് സംശയം പ്രകടിപ്പിച്ചു, പക്ഷെ നടപ്പിലായിത്തുടങ്ങി. അപ്പോൾ തീർച്ചയായും അതുമായി ബന്ധപ്പെട്ട തർക്കങ്ങൾ വന്നു. ഈ പണമെങ്ങനെ തിരിച്ചടയ്ക്കുമെന്ന തരത്തിലുള്ള തർക്കങ്ങളല്ല വന്നത്. ഓരോ മണ്ഡലത്തിലും കൂടുതൽ പദ്ധതികൾ വേണമെന്ന കാര്യത്തിലുള്ള തർക്കങ്ങളാണ് വന്നത്. 2017-ലെ ബഡ്ജറ്റിൽ, 2016-ലെ ബഡ്ജറ്റിലെപ്പോലെ അവതരിപ്പിച്ചില്ലെങ്കിലും സാമാന്യം കിഫ്ബി പദ്ധതികൾ, പ്രത്യേകിച്ച് വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും മറ്റു ചില മേഖലകളിലും പ്രഖ്യാപിച്ചു. പശ്ചാത്തല മേഖലയിൽ ആദ്യം തന്നെ മിക്കവാറും നിർദ്ദേശങ്ങൾ അംഗീകരിച്ച് പോകുകയാണ് ചെയ്തത്. ആ സമയത്ത്, കടമെടുക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് നിബന്ധനകൾ മറികടക്കാൻ ധനകാര്യവകുപ്പുമന്ത്രി ഒരു പുതിയ മാർഗ്ഗം സ്വീകരിച്ചപ്പോൾ എല്ലാവരും സന്തോഷപൂർവ്വം അത് സ്വീകരിക്കുകയായിരുന്നു. അതിന്റെ വർക്കുകൾ ഉദ്ഘാടനം ചെയ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം എല്ലാവരും

ഫോട്ടോ വച്ചിരുന്നു. പ്രശ്നം വന്നത് എപ്പോഴാണ്? അതിന്റെ പേരിൽ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന് നല്ലരീതിയിലുള്ള ഒരു ഇമേജ് വളർന്നുവരുന്നുണ്ടോയെന്നൊരു സംശയം പ്രതിപക്ഷത്തിനുണ്ടായി. അപ്പോൾ തർക്കങ്ങളായി, കോടതിയിൽ കേസായി. അങ്ങനെ ബി.ജെ.പി.-യുടേയും കോൺഗ്രസ്സിന്റെയുമൊക്കെ ആളുകൾ കേസിന്റെ കാര്യത്തിലാണെങ്കിലും യോജിക്കപ്പെട്ടു. നമ്മുടെ സമൂഹത്തിൽ പൊതുവായി കണ്ടുവരുന്ന ഒരു പ്രവണത, കേന്ദ്രവിരുദ്ധ സ്വഭാവമുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ നയിക്കുന്ന സംസ്ഥാന ഗവൺമെന്റാണെങ്കിൽ ആ സംസ്ഥാന ഗവൺമെന്റിനെതിരെ പിടിമുറുക്കാൻ, അതിനുവേണ്ടി കാലുമാറ്റത്തിനായി കോടിക്കണക്കിന് രൂപ ഉപയോഗിക്കുകയാണ്. അങ്ങനെ ചെയ്യുന്നതിന് പ്രയാസമുള്ള ഈ സംസ്ഥാനത്ത്, നിയമപരമായിട്ടല്ലാതെ, കേന്ദ്ര ഗവൺമെന്റിന്റെ അധികാരമുപയോഗിച്ച് സംസ്ഥാനത്തെ ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമ്പോൾ കോൺഗ്രസ്സെടുക്കേണ്ട നിലപാടെന്താണ്? കേരളത്തിൽ എൽ.ഡി.എഫ്. അവർക്കെതിരായ നിലപാടെടുക്കുമ്പോൾ തീർച്ചയായും ഇവിടെ ജനാധിപത്യപരമായി തർക്കങ്ങളുണ്ടാകാം. ആ തർക്കത്തിന് കാർക്കശ്യ സ്വഭാവമുണ്ടാകാം, അതിൽ തീയും പുകയുമെല്ലാം ഉണ്ടാകാം, ഒരുപക്ഷെ അത് കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിന് അനുകൂലമായ ഒരു രാഷ്ട്രീയം വളർത്താനുള്ള ഉപകരണമായി മാറാം. അങ്ങനെ മാറുന്നതിൽ തീർച്ചയായും ഒരപകടമുണ്ട്. നാം നാട്ടിലെ മനുഷ്യരുമായി ഏത് കാലത്തും ചേർന്നുനിന്നിട്ടുണ്ട്. ഓഖി, നിപ, പ്രളയം എന്നിവയൊക്കെ യുണ്ടായപ്പോൾ കേന്ദ്ര ഗവൺമെന്റ് ചില പരിമിതികളോ, നമ്മെ ശ്വാസംമുട്ടിക്കാനുള്ള സംവിധാനങ്ങളോ കൊണ്ടുവന്നപ്പോൾ നമ്മൾ അതിനെ മറികടന്നവരാണ്. ഇപ്പോൾ കോവിഡ് വന്നപ്പോഴും, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി രാവിലെ ചോദ്യോത്തരവേളയിൽ വിശദീകരിച്ചതുപോലെ മനുഷ്യത്വപരമായ നിലപാടുകളെടുത്തുകൊണ്ട് രാജ്യത്തിനും ലോകത്തിനും മാതൃകയായവരാണ്.

1.00 P.M.]

ഇവിടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ വിശദീകരണമെല്ലാം ഈ സഭയ്ക്കുള്ളിൽ നടത്തിയതാണ്. കേന്ദ്രഗവൺമെന്റിന്റെ രാഷ്ട്രീയാവശ്യത്തിനുള്ള ഉപകരണമായി കേരളത്തിലെ കോൺഗ്രസ് മാറാൻ പാടില്ല. അതുകൊണ്ട് നമ്മുടേതായ വഴിയിലൂടെ നമ്മൾ മുന്നോട്ടുപോകുകയാണ്. കേന്ദ്രഗവൺമെന്റ് വഴിയടയ്ക്കാൻ ശ്രമിച്ചപ്പോഴും നമ്മൾ പുതിയൊരു വഴി തുറന്ന് മുന്നോട്ടുപോകുകയാണ്. ആ തുറക്കാൻപോകുന്ന വഴിയിലെ സാമ്പത്തികസ്ഥിതി വിശകലനം ചെയ്യേണ്ടതും പരിശോധിക്കേണ്ടതും

എങ്ങനെയാണെന്നും അത് ചെയ്യാനുള്ള അവകാശം ആർക്കാണെന്നുമുള്ള കാര്യത്തിൽ ഒരു നിലപാടെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റല്ല, മറിച്ച് അങ്ങനെയൊരു കർശനമായ നിലപാടെടുത്ത് ഈ സഭയിൽത്തന്നെ പ്രഖ്യാപിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി തന്നെയാണ്. ബന്ധപ്പെട്ട സംവിധാനങ്ങളെ ഇക്കാര്യങ്ങളെല്ലാം അറിയിച്ചിട്ടുള്ളതുമാണ്. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതുകഴിഞ്ഞ് ഇപ്പോൾ ഭരണത്തിന്റെ അവസാനകാലത്ത് ഇത്തരമൊരു ആശയം കേന്ദ്രഗവൺമെന്റിന്റെ താത്പര്യങ്ങൾക്കനുസരിച്ച് ഇവിടെ ഉന്നയിച്ച് വിവാദമുണ്ടാക്കുന്നത് എന്തിനുവേണ്ടിയാണ്? രണ്ടുകാര്യം ഇതുസംബന്ധിച്ച് പരിശോധിക്കാം. അതിലൊന്ന്, കടമെടുത്ത പണം ചെലവഴിച്ചത് എങ്ങനെയാണെന്നാണ്. അത് ഏതെങ്കിലും തെറ്റായ കാര്യത്തിനാണോ, വികസന കാര്യത്തിനല്ലാതെ ചെലവഴിച്ചിട്ടുണ്ടോ, എന്നെല്ലാം നോക്കാം. ഈ സഭയിൽത്തന്നെ പ്രഖ്യാപിച്ച രീതിയിലാണ് പ്രസ്തുത സ്ഥാപനത്തിന്റെ ബോർഡ് രൂപീകരിച്ചത്. ആ ബോർഡിലെ ഏതെങ്കിലും അംഗത്തെക്കുറിച്ചോ ബോർഡിന്റെ നടപടി ക്രമങ്ങളെക്കുറിച്ചോ ആക്ഷേപമുണ്ടോ തുടങ്ങിയ കാര്യങ്ങളെല്ലാം ഈ സഭയിൽ പ്രഖ്യാപിക്കുമ്പോൾ വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ അത് പറയാം. പക്ഷേ, കേന്ദ്രഗവൺമെന്റ് അവരുടെ സ്വാധീനമുപയോഗിച്ച് ഒരു സംസ്ഥാന ഗവൺമെന്റിനെ ശ്വാസംമുട്ടിക്കാൻ ശ്രമിച്ചിട്ടും ശ്വാസം കിട്ടാനുതകുന്ന വിധത്തിലുള്ള പുതിയ വഴികൾ അന്വേഷിക്കുമ്പോൾ, ആ വഴിയെക്കുറിച്ച് ഒരുപാട് ചർച്ച ചെയ്ത് പ്രശ്നമുണ്ടാക്കുന്നത് നല്ലതല്ല. അതുകൊണ്ട് ഞാൻ ഈ അടിയന്തരപ്രമേയത്തിന്റെ ആശയങ്ങളെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഇപ്പോൾ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഇവിടെ കിഫ്ബി പദ്ധതിയിൽ പണം വിനിയോഗിച്ചതിനെക്കുറിച്ചോ അതിൽ കൊടുത്ത പദ്ധതികളെക്കുറിച്ചോ അല്ല അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അടിയന്തര പ്രമേയത്തിനാധാരമായ വിഷയം സി. ആന്റ് എ.ജി നടത്തിയ ഗുരുതരമായ ഒരു പരാമർശമാണ്. 'കിഫ്ബി 2018-19 സാമ്പത്തിക വർഷത്തിൽ നടത്തിയ മസാല ബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ് ഓഫ് ബഡ്ജറ്റ് കടമെടുപ്പാണെന്നും, ഇത് ഭരണഘടനയുടെ 293-ാം വകുപ്പിൽ നിശ്ചയിച്ച പരിധികളെ ബൈപ്പാസ് ചെയ്യുന്നതും ഷെഡ്യൂൾ 7-ലെ പട്ടിക 1-ലെ 37-ാം എൻട്രിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നതും അതുവഴി ഭരണഘടനയുടെ

ലംഘനവുമാണ് ' എന്ന സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് പുറത്തുവന്നു. സി. ആന്റ് എ.ജി. പറഞ്ഞതിൽ അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കാൻ നമുക്കൊരു സംവിധാനമുണ്ട്, അതാണ് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി. സി. ആന്റ് എ. ജി. റിപ്പോർട്ടിൽ അഡീഷണലായി പരാമർശങ്ങൾ എഴുതിച്ചേർത്തുവെന്ന് ശ്രീ. ജെയിംസ് മാത്യു ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതിനെക്കുറിച്ച് സൂചിപ്പിച്ചു. നിയമ വ്യവസ്ഥകളെ മാനിച്ചുകൊണ്ട് നിയമാനുസൃതമായും ഭരണഘടനാനുസൃതമായും ഇക്കാര്യങ്ങൾ പരിശോധിക്കുകയെന്നതാണ് നിയമസഭയുടെ ഇതുവരെയുള്ള കീഴ്വഴക്കം. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയുള്ള കീഴ്വഴക്കം അങ്ങനെയാണ്. അതനുസരിച്ച് പി.എ.സി.-യിൽ ഈ വിഷയം പരിശോധിക്കാം. സി.ആന്റ് എ.ജി. റിപ്പോർട്ട് നിയമസഭയിൽ വച്ചശേഷം പരിശോധിക്കാം. അതിന് തയ്യാറാകുന്നതിനുപകരം മുൻകൂറായി ഇക്കാര്യത്തിൽ ചെയ്ത നടപടികൾ മുഴുവൻ തെറ്റാണ്. ആ തെറ്റായ നടപടികളെയാണ് പ്രതിപക്ഷം ഇവിടെ ചോദ്യം ചെയ്തിട്ടുള്ളത്. നേരായ മാർഗ്ഗം സ്വീകരിക്കാതെ തെറ്റായ മാർഗ്ഗത്തിലേയ്ക്ക് കടന്നുപോകുമ്പോൾ അതിനെ എതിർക്കുന്നതിനായി പ്രമേയം അവതരിപ്പിച്ച ശ്രീ. വി. ഡി. സതീശന്റെമേൽ കുതിരകയറുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്, ഇത് ശരിയാണോ? ഒരു നല്ല പാർലമെന്റേറിയനെന്ന നിലയിൽ അദ്ദേഹം ഏറ്റവും മികച്ച രീതിയിൽ വിഷയം ഇവിടെ അവതരിപ്പിച്ചു. അതിന്റെ മെരിറ്റിലേയ്ക്ക് കടന്നാൽ വെട്ടിലാകുമെന്നതുകൊണ്ട് അതിനുപകരം മറുന്യായങ്ങൾ പറയുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. സംസ്ഥാന സർക്കാർ വായ്പയെടുക്കുന്നതിനെ യു.ഡി.എഫ്. എതിർക്കുകയാണോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ ഇവിടെ ചോദിച്ചു. സംസ്ഥാന സർക്കാർ വായ്പയെടുക്കുന്നതിനെ യു.ഡി.എഫ്. എതിർക്കുന്നില്ല, വായ്പകൾ എടുക്കേണ്ടിവരും. എന്നാൽ ആർട്ടിക്കിൾ 293 ബൈപ്പാസ് ചെയ്തിരിക്കുകയാണ്. ഇന്ത്യയ്ക്കകത്തുനിന്നും വായ്പയെടുക്കാം. ഇന്ത്യയ്ക്ക് പുറത്തുനിന്നുമുള്ള വായ്പ, വിദേശ വായ്പയായതിനാൽ പ്രസ്തുത ആർട്ടിക്കിൾ ലംഘിക്കപ്പെട്ടുവെന്ന വിഷയമാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. മറ്റൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 9.72% പലിശയ്ക്കാണ് വായ്പയെടുത്തത്. മസാല ബോണ്ടിനെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്ത സമയത്തും ഈ വിഷയം ഉയർന്നുവന്നിരുന്നു. ഇത്രയും കൂടിയ നിരക്കിലുള്ള പലിശയ്ക്ക് എന്തിനാണ് നമ്മൾ വായ്പയെടുത്തത്; കുറഞ്ഞ പലിശയ്ക്ക് ഇന്ത്യയ്ക്കകത്തുനിന്നും വായ്പ ലഭ്യമാക്കാൻ നിരവധി അവസരങ്ങളുണ്ടായിരുന്നല്ലോ; അത് പ്രയോജനപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണ്? ഇന്ത്യയ്ക്കകത്തുനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാകുന്ന സാധ്യതകളെ പ്രയോജനപ്പെടുത്താൻ തയ്യാറാകാതെ ഇത്രയും കൂടിയ പലിശയ്ക്ക്

വായ്പയെടുത്തത് കേരളത്തെ കടക്കെണിയിലാക്കുന്ന, വലിയ സാമ്പത്തിക ബാദ്ധ്യതയിലേയ്ക്ക് തള്ളിവിടുന്ന നിലപാടായിരുന്നുവെന്ന പ്രശ്നം പ്രത്യേകമായി പ്രതിപക്ഷം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ധനകാര്യ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും മസാല ബോണ്ടിനെ എതിർത്തുവെന്ന് ഇവിടെ വ്യക്തമായി പറഞ്ഞു. എന്നിട്ടും അതിനെയെല്ലാം മറികടന്നുകൊണ്ടാണ് ഗവൺമെന്റ് വായ്പയെടുത്തത്. ഇക്കാര്യത്തിൽ നിരവധി സംശയങ്ങൾ ജനങ്ങൾക്കിടയിലും ഉയർന്നുവന്നിട്ടുണ്ട്. സി. ആന്റ് എ.ജി.-യുടെ പരാമർശം, ജനങ്ങളുടെ സംശയം തുടങ്ങിയ വിഷയങ്ങളെല്ലാം നിലനിൽക്കുമ്പോൾ അവ ദൂരീകരിക്കാനോ തൃപ്തികരമായ മറുപടി പറയാനോ കഴിയാതെ ഗവൺമെന്റ് വെട്ടിലാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഈ വിഷയം വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ടുതന്നെ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കലുമില്ലാത്തവിധം ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ഓരോ നിയോജക മണ്ഡലത്തിലും വികസനത്തിനാവശ്യമായ വിധത്തിൽ വിദ്യാഭ്യാസ-ആരോഗ്യ പരിപാലനരംഗം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും വളരെ നല്ലനിലയിൽ വികസനം നടത്താൻ സാധിച്ചു. നമ്മുടെ സംസ്ഥാനത്തിന് മറ്റുചില മേഖലകളിൽനിന്നും ലഭിക്കേണ്ട സഹായം വേണ്ടപോലെ ലഭ്യമാകാത്ത ഘട്ടത്തിൽ, ഒരു ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സംസ്ഥാനത്തിന്റെ വികസനത്തിന് ഏതെല്ലാം തരത്തിലുള്ള കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ, ആ ചുമതല മാത്രമാണ് അദ്ദേഹവും ഇവിടെ ചെയ്തിട്ടുള്ളത്. അത്തരം സന്ദർഭങ്ങളിലുണ്ടാകുന്ന നിയമപരമായ പ്രശ്നങ്ങളെയും ഗവൺമെന്റിനെതിരായ വെല്ലുവിളികളെയും പ്രതിരോധിക്കാനും ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനും വെല്ലുവിളികളെ നേരിടാനും അദ്ദേഹത്തിന് സാധിക്കുമെന്നത് കഴിഞ്ഞ കാലത്തും പല അവസരങ്ങളിലും തെളിഞ്ഞതാണ്. അത്തരം വെല്ലുവിളികളെ അഭിമുഖീകരിക്കുകയും അതിലെ വസ്തുതകളെ വ്യക്തമാക്കി തന്റെഭാഗം ശരിയാണെന്ന് ബോദ്ധ്യപ്പെടുത്താൻ സാധിക്കുകയും ചെയ്തിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കും. രാഷ്ട്രീയമായി വിഭജിക്കാതെതന്നെ കേരളത്തിലെ എല്ലാ കക്ഷിയിലുംപെട്ട ജനങ്ങൾക്കുവേണ്ടി ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള വികസനങ്ങൾക്കായി പണം സ്വരൂപിക്കുന്നതിനായി വളരെ ഫലപ്രദമായും ന്യായമായുമുള്ള നടപടികൾ

സ്വീകരിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഇപ്പോൾ ഉയർന്നുവന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിലും ജനങ്ങൾ പിന്തുണയ്ക്കുമെന്ന് ഞാൻ കരുതുന്നു. ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, 'ഇത്രയും വർഷങ്ങൾക്കുശേഷം സി. ആന്റ് എ.ജി. മൗലികമായ പ്രശ്നങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അതിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ചുള്ള സംശയങ്ങൾ സ്വാഭാവികമായും ഉയർന്നുവരാം'. ഇത് മലയാളത്തിന്റെ പ്രിയങ്കരനും ആദരണീയനുമായ എഴുത്തുകാരൻ ശ്രീ. എൻ. എസ്. മാധവൻ മലയാള മനോരമ ദിനപത്രത്തിൽ ഈ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയതാണ്. ചിന്തിക്കുന്ന മുഴുവൻ മലയാളികൾക്കും തോന്നുന്ന ഒരു കാര്യമാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. ഈ സഭ കുറച്ചുനാളുകൾക്കുമുമ്പ് കിഫ്ബിയെ സംബന്ധിച്ച ഒരു അടിയന്തരപ്രമേയം ചർച്ച ചെയ്തത് ഞാൻ ഓർക്കുന്നു. അന്ന് ദയനീയമായി ഈ സഭാതലത്തിൽ പരാജയപ്പെട്ട് ഓടിപ്പോയ പ്രതിപക്ഷം ഇന്ന്, സി. ആന്റ് എ.ജി.-യുടെ ഒരു വാറോലയുമായി വീണ്ടും തോൽക്കാനായി കടന്നുവന്നതിൽ അവരോട് സഹതാപം മാത്രമേയുള്ളൂ. കേരളത്തിന്റെ വികസനം സാദ്ധ്യമാക്കാൻ, പശ്ചാത്തല സൗകര്യ വികസന രംഗത്ത് വലിയ വിപ്ലവം കൊണ്ടുവരാൻ, ഇരുപതോ ഇരുപത്തിയഞ്ചോ വർഷങ്ങൾക്കുശേഷം ഒരുപക്ഷെ യാഥാർത്ഥ്യമായേക്കാവുന്ന വൻതോതിലുള്ള വികസനം ഇന്നേ യാഥാർത്ഥ്യമാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ആവിഷ്കരിച്ച ഒരു കാഴ്ചപ്പാട്, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മുമ്പാകെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഞങ്ങൾ അവതരിപ്പിച്ചു. ജനങ്ങൾ അത് വിശ്വാസത്തിലെടുത്തു, അംഗീകരിച്ചു, ഞങ്ങളെ അധികാരത്തിലേയ്ക്ക് കൊണ്ടുവന്നു. അധികാരത്തിൽ വന്നപ്പോൾ ഇടതുമുന്നണിയുടെ ഗവൺമെന്റ് ജനങ്ങൾക്ക് കൊടുത്ത ആ വാഗ്ദാനം പാലിച്ചു, കിഫ്ബിയിലൂടെ വികസന പദ്ധതികളുമായി മുന്നോട്ടുപോയി. അതിന്റെ ആദ്യ പ്രഖ്യാപനങ്ങളുടെ നാളുകളിൽ ഈ നിയമസഭാതലത്തിൽ എന്തെല്ലാം പരിഹാസങ്ങൾ നാം കേട്ടു. 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്നും ആകാശകുസുമമെന്നും ധനകാര്യ വകുപ്പുമന്ത്രിയെ ആക്ഷേപിച്ചു. മലയാളത്തിലെ പരിഹാസപരമായ എല്ലാ പ്രയോഗങ്ങളും വാക്കുകളും ഇവിടെ ഉപയോഗിച്ചു. എന്നാൽ ഈ അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ യു.ഡി.എഫ്. ജനപ്രതിനിധികളുടെ നിയോജകമണ്ഡലങ്ങളിൽ ഫോട്ടോഷോപ്പിന്റെ അനന്തമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി, ഭംഗികൂട്ടിയ സ്വന്തം മുഖം ആലേഖനം ചെയ്ത ഫ്ലക്സ് ബോർഡുകൾ കിഫ്ബി പദ്ധതിയുടെ പേരിൽ നിറഞ്ഞുനിൽക്കുകയല്ലേ. കേരളത്തിൽ കിഫ്ബി പദ്ധതികളില്ലാത്ത ഏതെങ്കിലും മണ്ഡലമുണ്ടോ? ചിലത് തുടങ്ങിക്കഴിഞ്ഞു, ചിലത് മുന്നോട്ടുപോകുന്നു, ചിലത് പണി പൂർത്തിയാക്കി ഉദ്ഘാടനവും കഴിഞ്ഞു. ഈ നിമിഷത്തിൽ അഭിമാനത്തോടെ, അതിലേറെ

ആഹ്ലാദത്തോടെ പറയട്ടെ, വികസിത മുതലാളിത്ത രാജ്യങ്ങളിലെ നിർമ്മാണത്തെപ്പോലും വിസ്മയിപ്പിക്കുമാറ് engineering aesthetics-ന്റെ എല്ലാ സങ്കേതങ്ങളെയും പ്രതിഫലിപ്പിച്ചുകൊണ്ട് മഹത്തായ രണ്ട് മേൽപ്പാലങ്ങളുണ്ടായി, അതിൽ ഒന്ന് എന്റെ നിയോജകമണ്ഡലത്തിലുള്ളത് ഉദ്ഘാടനം ചെയ്യപ്പെട്ടുകഴിഞ്ഞു, അടുത്തത് യു.ഡി.എഫ്. അംഗത്തിന്റെ നിയോജക മണ്ഡലത്തിലുമാണ്. ഇവിടത്തെ സ്കൂളുകളിലും ആശുപത്രികളിലും വന്ന മാറ്റം, കേരളത്തിലാകെ വന്ന മാറ്റം കാലത്തിന്റെ കൈകൾക്ക് മായ്ച്ചുകളയാനാകാത്ത വികസനത്തിന്റെ അടയാളങ്ങൾ തീർത്തിരിക്കുകയാണ്. ഈ സർക്കാർ ജനങ്ങളുടെ ഹൃദയത്തിൽ ഇടംപിടിച്ച് മുന്നോട്ടുപോകുകയാണ്. അപ്പോൾ സംഘ്പരിവാറിനും യു.ഡി.എഫ്.-നും സഹിക്കുന്നില്ല. സംഘപരിവാർ കേന്ദ്ര അധികാരം ദുർവിനിയോഗം ചെയ്തുകൊണ്ട് കേന്ദ്ര ഏജൻസികളെ അഴിച്ചുവിട്ട് ഈ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ ശ്വാസംമുട്ടിച്ചില്ലാതാക്കാൻ ശ്രമിക്കുന്നു. കേന്ദ്ര ഏജൻസികളെക്കുറിച്ച് നമുക്ക് മുമ്പും അറിയാം. മഹാന്മാരായ ന്യായാധിപന്മാർ കോടതിയുടെ മുമ്പാകെ നടത്തിയിട്ടുള്ള അഭിപ്രായ പ്രകടനങ്ങളുണ്ട്. ജസ്റ്റിസ് ആർ. എം. ലോധ 'കൂട്ടിലടച്ച തത്ത' എന്ന് വിശേഷിപ്പിച്ചത് ഇത്തരം ഏജൻസികളെയായിരുന്നു. ജസ്റ്റിസ് മധു അഗർവാൾ 'ഡൽഹിയിലെ രാഷ്ട്രീയ യജമാനന്മാരുടെ താളത്തിനൊത്ത് ചുവടുവയ്ക്കുന്നവർ' എന്ന് ആക്ഷേപിച്ചത് ഇത്തരം ഏജൻസികളെയായിരുന്നു. ജസ്റ്റിസ് അൽത്തമാസ് കബീർ ഒരിക്കൽ പറഞ്ഞു, ഇങ്ങനെയാണ് ഏജൻസികളുടെ പോക്കെങ്കിൽ ഇന്ത്യയെ രക്ഷിക്കാൻ ഈശ്വരനുപോലുമാകില്ലെന്ന്. ജസ്റ്റിസ് S. P. Bharucha-യെപ്പോലെയുള്ളവർ അത് ആവർത്തിച്ചു. അന്ന് കോൺഗ്രസിനോടൊപ്പമായിരുന്നു കേന്ദ്ര രാഷ്ട്രീയാധികാരം. ഇപ്പോൾ കാലം മാറി. കോൺഗ്രസ്സും വേട്ടയ്ക്കിരകളായി മാറിത്തുടങ്ങി. അപ്പോഴോ അമ്മയും മകനും കോടതി വരാന്തയിൽ നിൽക്കുന്നു; കോൺഗ്രസിന്റെ ദേശീയ നേതാക്കന്മാർ, ശ്രീമതി സോണിയ ഗാന്ധിയും. ശ്രീ. രാഹുൽ ഗാന്ധിയും. അച്ഛനും മകനും തമിഴ്നാട്ടിൽ ജയിലിൽ കിടന്നു; ശ്രീ. ചിദംബരവും ശ്രീ. കാർത്തിക് ചിദംബരവും. ശ്രീ. ഡി. കെ. ശിവകുമാർ ഉൾപ്പെടെയുള്ളവരുടെ അനുഭവങ്ങൾ ഇവിടെ ഇരിക്കുന്ന നേതാക്കന്മാരെക്കാൾ വലിപ്പമുള്ള കോൺഗ്രസ്സിന്റെ ദേശീയ നേതാക്കന്മാർ അവസാനം മനസ്സുമടുത്തുപറഞ്ഞു, ഇത് ഡി.ടി.ഡി. (Dirty Tricks Department) ആണെന്ന്. ദേശവ്യാപകമായി നിങ്ങൾ സമരമാരംഭിച്ചു. പക്ഷേ വാളയാർ ചെക്ക്പോസ്റ്റിന് ഇപ്പുറം നിന്നാൽ നിങ്ങളുടെ നിലപാടുമാറി. ഇവിടെ ബി.ജെ.പി.-യുമായി കൈകോർക്കുന്നു. നിങ്ങൾ കേന്ദ്ര ഏജൻസികളുടെ മുന്നിൽ മുട്ടുമടക്കി നട്ടെല്ല് വളച്ച് ശിരസ്സ് കുനിച്ച് മൂത്രമൊഴിച്ച് നിൽക്കുന്നു. നിങ്ങൾ ഇടതുപക്ഷത്തെ തോൽപ്പിക്കാനും കേരളത്തെ ഇല്ലാതാക്കാനും ഇടതുപക്ഷ മുന്നണി ഗവൺമെന്റിനെതിരായി പുകമറ സൃഷ്ടിക്കാനുമാണ് ശ്രമിക്കുന്നത്. നിങ്ങൾ ഇപ്പോൾ സി.ആന്റ് എ.ജി.-യുടെ ഒരു വാറോലയുമായി വന്നിരിക്കുകയാണ്.

സി.ആന്റ് എ.ജി.-യെ എടുത്ത് തലയിൽ വയ്ക്കുകയാണ്. ആരാണ് സി.ആന്റ്.എ.ജി.? സി.ആന്റ് എ.ജി.-യുടെ ഭരണഘടനാപരവും നിയമാനുസൃതവുമായ ഉത്തരവാദിത്വങ്ങൾ അവർ നിർവ്വഹിച്ചാൽ ഞങ്ങൾ അവരെ ആദരിക്കും, ബഹുമാനിക്കും. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമായ നടപടി സ്വീകരിച്ചാൽ ഞങ്ങൾ തുറന്നുകാണിക്കും, എതിർക്കും. കണക്ക് പരിശോധിക്കാൻ വരുന്നവൻ കണക്ക് പരിശോധിച്ച് പൊയ്ക്കൊള്ളണം. തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനെ, ഈ സഭയെ, നിയമനിർമ്മാണത്തെ, കേരളത്തിലെ ജനങ്ങളെ അപമാനിക്കാൻ ശ്രമിച്ചാൽ ഞങ്ങൾ മുട്ടുമടക്കില്ല. സി.ആന്റ്.എ.ജി.-യുടെ റിപ്പോർട്ടുകൾ വെള്ളംചേർക്കാതെ വിഴുങ്ങിക്കൊള്ളണമെന്ന് നിങ്ങളെ ആരാണ് പഠിപ്പിച്ചത്? ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ Arun Kumar Agarwal v. Union of India and Others എന്ന 2013-ലെ കേസിലെ ജഡ്ജ്മെന്റ് വായിച്ചുനോക്കണം. ഈ സഭയ്ക്ക് അധികാരമുണ്ട്. സി.ആന്റ് എ.ജി. പരമ അബദ്ധങ്ങൾ എഴുതിവച്ചാൽ ചുരുട്ടിക്കൂട്ടി ആ കടലാസ്സുകെട്ട് ചവറ്റുകൊട്ടയിലേയ്ക്ക് വലിച്ചെറിയാനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട സഭയ്ക്കുണ്ട്. അത് ഇന്ത്യയുടെ സുപ്രീംകോടതി അംഗീകരിച്ചിട്ടുള്ളതാണ്. നമ്മുടെ ജനാധിപത്യ അവകാശത്തെ പരിഹസിച്ചുകൊണ്ട്, അപമാനിച്ചുകൊണ്ട് നിലപാട് സ്വീകരിക്കുമ്പോൾ ആത്മാഭിമാനത്തിന്റെ കണികയെങ്കിലുമുള്ള തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കക്ഷിഭേദമില്ലാതെ സി.ആന്റ്.എ.ജി.-യുടെ രാഷ്ട്രീയ താൽപ്പര്യത്തോടെയുള്ള നടപടികളെ എതിർക്കാനുള്ള ആർജ്ജവം കാണിക്കുകയല്ലേ വേണ്ടത്? അധികാരാസക്തി സമനില തെറ്റിച്ച നിങ്ങൾക്ക് അതിന് കഴിയുന്നില്ല. ഇനി ആയുസ്സറുതിക്കുമുമ്പ് ഈ നിയമസഭാവളപ്പിലേയ്ക്ക് രാഷ്ട്രീയാധികാരത്തിന്റെ അകമ്പടിയോടെ കടന്നുവരാനാവില്ലെന്ന തിരിച്ചറിവ് നിങ്ങളുടെ സമനില തെറ്റിച്ചിരിക്കുന്നു. സി.ആന്റ്.എ.ജി.-യുടെ നാണംകെട്ട രാഷ്ട്രീയക്കളിയോടൊപ്പം നിന്ന് സംഘ്പരിവാറിന്റെ വിശ്വസ്തസേവകന്മാരായി നിങ്ങൾ മാറുന്നു. 1999 മുതലുള്ള 9 ഓഡിറ്റുകൾ കഴിഞ്ഞു. ഇന്നുവരെ ഭരണഘടനാ സാധുതയെ സംബന്ധിച്ച് ഒരു വാക്ക് പറഞ്ഞിട്ടില്ലല്ലോ. 2016-നുശേഷം മൂന്ന് ഓഡിറ്റുകൾ കഴിഞ്ഞു. ഇതുവരെ സി.ആന്റ് എ.ജി. പറഞ്ഞോ; ഈ അഞ്ചാംകൊല്ലം തെരഞ്ഞെടുപ്പ് വരുമ്പോൾ അവർ പറയുകയാണ് ഭരണഘടനാപരമല്ല എന്ന്. അത് പറയാൻ സി.ആന്റ് എ.ജി.-യ്ക്ക് എന്ത് അധികാരമാണുള്ളത്; ആര് കൊടുത്തു ഈ അധികാരം? സഭ പാസ്സാക്കിയൊരു നിയമം ഭരണഘടനാപരമാണോയെന്ന് പരിശോധിക്കാനുള്ള അധികാരം ഈ രാജ്യത്തെ കോടതികൾക്കാണ്. ഒരു സി.ആന്റ് എ.ജി.-യുടെയും മുമ്പിൽ അത് അടിയറവ് വച്ചിട്ടില്ല, വയ്ക്കുകയുമില്ല. ഇനി വാദഗതി എന്താണ്? ആർട്ടിക്കിൾ 293-ന്റെ ലംഘനം. അതാണല്ലോ അടിയന്തരപ്രമേയത്തിൽ പരാമർശിക്കപ്പെട്ട ഒരു കാര്യം. എന്താണ് 293? ഭരണഘടനയെന്ന് പറഞ്ഞ് പേടിപ്പിക്കാൻ നോക്കുന്നോ? വായിക്കുമ്പോൾ

മനസ്സിലാകും. 293 - Borrowing by States ആണ്, കിഫ്ബി സ്റ്റേറ്റല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷമേ, ഒന്നാംക്ലാസിൽ പഠിക്കുന്ന കുട്ടിയോട് ചോദിച്ചാൽ അവൻ പറയും ഇന്ത്യയിൽ എത്ര സ്റ്റേറ്റുണ്ട്, എന്താണ് സ്റ്റേറ്റ് എന്ന്. കിഫ്ബി എന്നുപറഞ്ഞാൽ ഒരു സ്റ്റേറ്റല്ല, കേരളത്തിലെ മുഴുവൻ ആളുകൾക്കും അറിയുന്നൊരു കാര്യമല്ലേ? കിഫ്ബി നിയമം 4(2) പ്രകാരം ഇതൊരു ബോഡി കോർപ്പറേറ്റാണ്. എന്താണ് സ്റ്റേറ്റ് എന്ന് ഭരണഘടന വിശദീകരിക്കുന്നുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 12(36) വായിച്ചുനോക്കണം. Territorial jurisdiction ആണ് സ്റ്റേറ്റ് എന്ന് ഇന്ത്യൻ ഭരണഘടന വിശദീകരിക്കുന്നു. അതുകഴിഞ്ഞപ്പോൾ അടിയന്തരപ്രമേയത്തിലെ അടുത്തവാചകം സി.ആന്റ് എ.ജി. പറഞ്ഞത് അതുപോലെ പറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും വിഡ്ഢ്യാസുരന്മാർ അബദ്ധം പറഞ്ഞാൽ ആ അബദ്ധം തൊണ്ടതൊടാതെ വിഴുങ്ങണമെന്ന് നിങ്ങൾ എന്തിന് വാശിപിടിക്കണം? നിങ്ങൾക്ക് സ്വന്തമായൊരു വിവേചനശക്തിയില്ലേ, ബുദ്ധിയില്ലേ? നിങ്ങൾ പറയുന്നു, ഷെഡ്യൂൾ -7 പട്ടിക 1-ലെ 37-ാം എൻട്രിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നു. എൻട്രിയും പട്ടികയും എന്താണ്? നമുക്കത് പരിശോധിക്കാം. വിദേശ വായ്പാവകാശം കേന്ദ്രത്തിനാണെന്നാണ് പ്രമേയാവതാരകൻ ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെയല്ല. ഏത് ഭരണഘടനാപ്രകാരമാണ്, നിങ്ങൾ ആരെയാണ് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്; ഈ സഭയെയോ ഈ പ്രബുദ്ധകേരളത്തെയോ? അത് വിദേശ വായ്പാവകാശമല്ല, ഷെഡ്യൂൾ 7 സ്വയംഭൂവായി ജനിച്ചുവീണതല്ല, ആർട്ടിക്കിൾ 246 പ്രകാരമുള്ളതാണ്. എന്താണ് ആർട്ടിക്കിൾ 246? Subject-matter of laws made by Parliament and by the Legislatures of States. നിയമനിർമ്മാണാവകാശം എന്നാണ്. വായ്പാവകാശമല്ല. നിയമനിർമ്മാണാവകാശത്തെക്കുറിച്ചാണ് പരാമർശിക്കപ്പെട്ട പട്ടികയിലെ ഷെഡ്യൂളിൽ പറയുന്നത്. അതിലെ ഒന്നാം ലിസ്റ്റിലെ ഇനം 37-ൽ നിങ്ങൾ പറയുന്നത് വിദേശ വായ്പകൾ, അത് വിദേശ വായ്പയെടുക്കുന്ന അവകാശത്തെക്കുറിച്ചല്ല, വിദേശവായ്പ എടുക്കുന്നത് സംബന്ധിച്ച് നിയമം നിർമ്മിക്കാനുള്ള അവകാശത്തെക്കുറിച്ചാണ്. ആ നിയമ നിർമ്മാണാവകാശം പാർലമെന്റിനാണ്. അതുപയോഗിച്ച് ഇന്ത്യൻ പാർലമെന്റ് The Foreign Exchange Management Act (FEMA) 1999 എന്ന നിയമമുണ്ടാക്കി. ആ നിയമം മസാല ബോണ്ടിനെ external commercial borrowing ഗണത്തിൽപ്പെടുത്തിയ വായ്പയാക്കി ഐഡന്റിഫൈ ചെയ്തു. FEMA നിയമത്തിലെ 6(3)(d) വകുപ്പുപ്രകാരം ഈ മസാല ബോണ്ട് സംബന്ധിച്ച കാര്യങ്ങളെല്ലാം റെഗുലേറ്റ് ചെയ്യാനുള്ള ആധികാരികമായ അവകാശം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കൊടുത്തു. FEMA Act 6(3)(d) പ്രകാരം കൈവന്ന അധികാരമുപയോഗിച്ച് റിസർവ് ബാങ്ക് ഒരു മാസ്റ്റർ സർക്കുലർ പുറപ്പെടുവിച്ചു. RBI/FED/2015-16/15 പ്രകാരം ആ മാസ്റ്റർ സർക്കുലറിന്റെ മൂന്നാംവകുപ്പിൽ മസാല ബോണ്ട് ആർക്കൊക്കെ വാങ്ങാം, പുറപ്പെടുവിക്കാം എന്നതുസംബന്ധിച്ച

വ്യവസ്ഥ ഈ രാജ്യത്തിന്റെ മുമ്പാകെ വച്ചു. നിങ്ങൾ ദയവുചെയ്ത് നിങ്ങളുടെ രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണട മാറ്റി ആ മാസ്റ്റർ സർക്കുലറിന്റെ വകുപ്പ് 3.3.2., ആർക്കൊക്കെ മസാല ബോണ്ട് പുറപ്പെടുവിക്കാമെന്നുള്ളത് വായിച്ചുനോക്കണം. 3.3.2. Eligible borrowers ആരാണെന്ന് കൃത്യമായി ആ സർക്കുലറിൽ പറയുന്നു. "Any corporate or body corporate is eligible to issue such bonds". ഇത് വായിച്ചിട്ട് മനസ്സിലായിട്ടില്ലേ? ഇംഗ്ലീഷ് വായിക്കാനറിയാവുന്നവരോട് ചോദിക്കുവെന്ന് കഴിഞ്ഞദിവസം ആരെയോ വെല്ലുവിളിച്ചല്ലോ, ഞങ്ങൾക്ക് വലിയ ഇംഗ്ലീഷൊന്നും അറിയില്ല, ഞങ്ങൾ ഇവിടെ ജനിച്ചുവളർന്നവരാണ്. പക്ഷേ ഞങ്ങൾ പഠിച്ച ഇംഗ്ലീഷ് പ്രകാരം വളരെ വ്യക്തമാണ്. ആരാണ് ബോഡി കോർപ്പറേറ്റ്? കിഫ്ബി നിയമം വകുപ്പ് 4(2) വായിച്ചുനോക്കണം. The Board shall be a body corporate. മനസ്സിലായോ? ഇന്ത്യൻ ഭരണഘടന പ്രകാരം പാർലമെന്റിന് കൊടുത്ത അധികാരമുപയോഗിച്ച് പാർലമെന്റ് പാസ്സാക്കിയ നിയമം, ആ നിയമം വഴി കൈവന്ന അധികാരമുപയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലറിലെ 3.3.2. പ്രകാരം നിയമാനുസൃതം മസാല ബോണ്ട് പുറപ്പെടുവിക്കാവുന്ന ബോഡി കോർപ്പറേറ്റാണ് കിഫ്ബിയെന്ന് ഏത് കൊച്ചുകുട്ടിക്കാണ് മനസ്സിലാകാത്തത്? ഇത് സി.ആന്റ് എ.ജി.-ക്ക് മനസ്സിലായിട്ടില്ലെങ്കിൽ സി.ആന്റ് എ.ജി.-യെ ഞങ്ങൾ പഠിപ്പിക്കും, ഈ നാട് പഠിപ്പിക്കും. കേരളത്തിന്റെ വികസന പദ്ധതികൾ ഈ നാടിനെ പുതിയ വികസന പദ്ധതികളുടെ വ്യോമസിംഹാസനങ്ങളിലേയ്ക്ക് കൈ പിടിച്ചുയർത്തുമ്പോൾ, ഈ നാട്ടിൽ പുതിയ ആശുപത്രിയും പള്ളിക്കൂടവും റോഡും പാലവും വരുമ്പോൾ, വികസനം അണമുറിയാത്ത മഴ പോലെ പെയ്ത് കേരളം പുതിയൊരു നാടായി മാറുമ്പോൾ, ആ നേട്ടങ്ങൾ തിരിച്ചറിയുന്ന ജനങ്ങൾ അവസരം കിട്ടുമ്പോഴെല്ലാം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റെ പതാകയ്ക്കുകീഴിലേയ്ക്ക് കടന്നുവരുമ്പോൾ നിങ്ങൾക്കും നില തെറ്റും, സഹിക്കില്ല. പക്ഷേ സംഘപരിവാർ ഒന്ന് ഇരിക്കാൻ പറയുമ്പോൾ മുട്ടുകാലിലിഴയുന്ന ചില കേന്ദ്ര സംവിധാനങ്ങളുടെ രാഷ്ട്രീയതാൽപ്പര്യം പ്രതിഫലിപ്പിക്കുന്ന അവരുടെ വാറോലകളുമെടുത്ത് യുദ്ധത്തിനിറങ്ങി പുറപ്പെടരുത്, തോറ്റോടേണ്ടിവരും. കേരളത്തിലെ ജനങ്ങളുടെ പ്രതിഷേധത്തിന് നിങ്ങൾ ഇരയാകേണ്ടിവരുമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. മസാല ബോണ്ട് നിയമവിരുദ്ധമാണെന്നും അതുവഴി സമാഹരിച്ച പണത്തിന്റെ വിനിയോഗം മരവിപ്പിക്കണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി വന്നല്ലോ. രണ്ടുതവണ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഹർജിക്കാരോട് ചോദിച്ച ചോദ്യങ്ങൾക്ക് വിശദീകരണം കൊടുക്കാനാകാതെ കോടതിയുടെ അനുവാദത്തോടെ ഹർജി തിരിച്ചുവാങ്ങി കേസ് പിൻവലിച്ച് ഓടി രക്ഷപ്പെട്ടില്ലേ? ഇപ്പോൾ മൂന്നാമത് ഹർജി വന്നിരിക്കുന്നു. ആ ഹർജിയാണ് വിചിത്രം. ഹർജിക്കാരൻ ആർ.എസ്.എസ്., ഹർജിക്കാരനുവേണ്ടി വക്കാലത്ത് കോൺഗ്രസ്. സംഘ്പരിവാറും കോൺഗ്രസും

കൈകോർത്തുപിടിച്ച് മൂന്നാംവട്ടം ഹൈക്കോടതിയെ സമീപിച്ചപ്പോൾ അവർക്ക് ഉപയോഗിക്കാനായി ഒരു വാചകം നിങ്ങളുടെയെല്ലാം ഗൂഢാലോചനയുടെ ഭാഗമായി ഇപ്പോൾ സി.ആന്റ് എ.ജി. എഴുതിക്കൊണ്ടുവന്നിരിക്കുകയാണ്. ഇന്ത്യയിൽ മസാല ബോണ്ട് ആദ്യമായാണോ കിഫ്ബി പുറത്തിറക്കുന്നത്; നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മസാല ബോണ്ട് പുറപ്പെടുവിച്ചില്ലേ; നിങ്ങൾക്ക് ഹൃദയ വേദനയുണ്ടായില്ലേ? എന്താണ് ഉണ്ടാകാത്തത്? കേരളം വികസിക്കാൻ പാടില്ല, ഈ നാട് വളരാൻ പാടില്ല, ഇവിടെ പുതിയ വികസന പദ്ധതികളുണ്ടാകരുത്. അതാണ് നിങ്ങളുടെ പ്രശ്നം. നിങ്ങൾക്കിനി അധികാരത്തിന്റെ ഏഴയലത്ത് വരാനാകില്ല, കേരളത്തിലെ ജനങ്ങൾ അനുവദിക്കില്ലെന്ന് തിരിച്ചറിയുമ്പോഴുണ്ടാകുന്ന വിഭ്രാന്തിയാണ് ഇവിടെ പ്രകടിപ്പിച്ചത്. കേരളത്തിലെ കിഫ്ബിയുടെ മാതൃകയിൽ ഇന്ത്യയിലെ പതിനാല് സംസ്ഥാനങ്ങൾ ബോഡി കോർപ്പറേറ്റുകൾ രൂപീകരിച്ചല്ലോ, നിങ്ങൾ ഭരിക്കുന്ന പഞ്ചാബുണ്ടല്ലോ, നിങ്ങൾ ഭരണത്തിൽ പങ്കുവഹിക്കുന്ന സംസ്ഥാനങ്ങളുണ്ടല്ലോ, എന്താണ് നിങ്ങൾക്ക് വേദന തോന്നാത്തത്? കേരളം വികസിക്കരുതെന്ന കാര്യത്തിലാണല്ലോ നിങ്ങൾക്ക് വല്ലാത്ത പിടിവാശിയുള്ളത്. പ്രമേയാവതാരകൻ ഇവിടെ കൊള്ളപ്പലിശ എന്നൊരു പരാമർശം നടത്തി. 7.7 മുതൽ 9 ശതമാനം വരെ പലിശയ്ക്കാണ് കിഫ്ബി വായ്പയെടുത്തിട്ടുള്ളത്. എന്നാൽ കൊള്ളപ്പലിശ എന്നാക്ഷേപിച്ച പ്രമേയാവതാരകന്റെ പാർട്ടി കേരളം ഭരിക്കുമ്പോൾ 2002-ൽ ഇതേ കിഫ്ബി പ്രകാരം വായ്പ വാങ്ങിയതിന്റെ പലിശ 10.5 ശതമാനം ആയിരുന്നു. നിങ്ങൾ പഠിച്ച പള്ളിക്കൂടത്തിൽ 7.7-നേക്കാൾ കുറവാണോ 10.5 എന്ന് എനിക്കറിയില്ല. നിങ്ങൾ ഭരിക്കുമ്പോൾ, 2003 മേയ് മാസം 31-ാം തീയതി 509.91 കോടി രൂപ വായ്പയെടുത്തപ്പോൾ പലിശ നിരക്ക് 11 ശതമാനമായിരുന്നു. 7.7 ശതമാനം മുതൽ 9 ശതമാനം വരെയുള്ള പലിശ നിരക്കിൽ വായ്പയെടുക്കുമ്പോൾ 11 ശതമാനത്തിനും 10.5 ശതമാനത്തിനും വായ്പയെടുത്ത നിങ്ങൾക്കെങ്ങനെ ആക്ഷേപിക്കാൻ മനസ്സുവരുന്നു? നിങ്ങൾ എന്തൊരു വിഭാഗമാണ്; നിങ്ങളെ നയിക്കുന്നത് എന്ത് ബോധമാണ്? കേരളത്തിലെ ജനങ്ങളുടെ ക്ഷമാശേഷിയെ നിങ്ങൾ വെല്ലുവിളിക്കരുതെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതോടൊപ്പം ഒറ്റക്കാര്യം കൂടി പറയാം. ഓഡിറ്റിംഗിനെക്കുറിച്ച് ചിലർ പരാമർശിക്കുന്നുണ്ട്. 14(1) പ്രകാരമുള്ള ഓഡിറ്റിംഗ് പോര എന്നുപറയുന്നു. ആരെയാണ് തെറ്റിദ്ധരിപ്പിക്കുന്നത്? ഈ ഭൂമിമലയാളത്തിൽ സകല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് 14(1) പ്രകാരമല്ലേ നടത്തുന്നത്; എന്താണ് കുഴപ്പം? നിങ്ങളുടെ ഭരണകാലത്ത് '14(1) പ്രകാരം മാത്രമേ ഓഡിറ്റിംഗിന് സർക്കാർ സമ്മതിക്കൂ' എന്ന് നിങ്ങൾ പറഞ്ഞില്ലേ; അതേ നിലപാടല്ലേ ഇപ്പോൾ ഞങ്ങളും സ്വീകരിച്ചിട്ടുള്ളത്? സർക്കാരിന്റെ പണം മാത്രമല്ല, ഏത് പണവും

ചെലവഴിക്കുന്നത് സംബന്ധിച്ച ആധികാരികവും സമഗ്രവുമായ പരിശോധന ഇതുപ്രകാരം സി. ആന്റ് എ.ജി.-ക്ക് അവകാശമുള്ളതാണ്, അത് അവർ ഉപയോഗിക്കുന്നതാണ്. അക്കാര്യത്തിലുൾപ്പെടെ പുകമറ സൃഷ്ടിക്കാനും ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കാനുമാണ് നിങ്ങൾ ശ്രമിച്ചതെന്ന് മാത്രം സൂചിപ്പിക്കുന്നു. കേരളത്തിന്റെ പശ്ചാത്തല വികസന രംഗത്ത് സമാനതകളില്ലാത്ത കുതിച്ചുചാട്ടം സൃഷ്ടിച്ച, മലയാളിക്ക് അഭിമാനിക്കാൻ കഴിയുന്ന എണ്ണിയാലൊടുങ്ങാത്ത നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത, ഈ കേരളത്തെ ആധുനിക യുഗത്തിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവന്ന ഈ ഗവൺമെന്റിനെ താഴെയിറക്കാനും ഇല്ലാതാക്കാനും നശിപ്പിക്കാനും പുകമറയിൽ നിർത്താനും സംഘ്പരിവാർ കേന്ദ്രങ്ങളിലെ ഗൂഢാലോചനയുടെ ഭാഗമായി ഇവിടെ ഭരണഘടനാ സ്ഥാപനങ്ങളെ ദുരുപയോഗം ചെയ്യുമ്പോൾ അധികാരക്കൊതികൊണ്ട് സംഘ്പരിവാറിന്റെ ഈ രാഷ്ട്രീയ ദുഷ്ടലാക്കുള്ള, ശത്രുതാപരമായ ഗൂഢാലോചനയോടൊപ്പം നിന്ന് കേരളത്തിനെതിരെ പൊരുതിയവർ, കേരളത്തെ ഒറ്റിക്കൊടുക്കാൻ നിന്നവർ, കേരളത്തിന്റെ ശത്രുക്കളെന്ന് ഈ നാട് തിരിച്ചറിയും, നിങ്ങളെ അവർ ഒറ്റപ്പെടുത്തും എന്നത് ഓർമ്മയിരിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ അടിയന്തരപ്രമേയത്തിൽ എന്റെ അഭിപ്രായം രേഖപ്പെടുത്തി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഭരണപക്ഷത്തുനിന്ന് ചില മൈതാന പ്രസംഗങ്ങളാണ് നമുക്ക് കേൾക്കാൻ കഴിഞ്ഞത്. പക്ഷേ നമ്മൾ ചർച്ച ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് ഭരണപക്ഷത്തുനിന്ന് ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്കുള്ള ഉത്തരമെന്ന നിലയിൽ എന്തെങ്കിലും കാര്യമാത്രപ്രസക്തമായി മുന്നോട്ടുവയ്ക്കാൻ വാദഗതികളിലൂടെ അവർക്ക് സാധിച്ചോയെന്നുള്ളത് ഇത് കേൾക്കുന്ന മുഴുവൻ ആളുകൾക്കും ബോധ്യമാകുന്ന കാര്യമാണ്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.....ഇരിക്കൂ... ഇരിക്കൂ.....

ശ്രീ. വി. ടി. ബൽറാം: സർ, ഇവിടെ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും ഭരണപക്ഷത്തിലെ മുഴുവൻ അംഗങ്ങളും logical fallacy-കളുടെ തണൽ പിടിച്ചുകൊണ്ടാണ് പുകമറ സൃഷ്ടിച്ച് മുന്നോട്ടുപോകുന്നത്. ....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... മിണ്ടാതിരിക്കൂ. ....(ബഹളം).....

ശ്രീ. വി. ടി. ബൽറാം: സർ, ഏറ്റവും പ്രധാനപ്പെട്ട fallacy എന്നുപറയുന്നത് appeal to emotions ആണ്. ....(ബഹളം)..... സഭ ഓർഡറിലാക്കണം.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... നിങ്ങൾ മിണ്ടാതിരിക്കൂ. ശ്രീ. എം. സ്വരാജ് പ്രസംഗിച്ചപ്പോൾ എല്ലാവരും നിശബ്ദരായിരുന്നല്ലോ. നിങ്ങളെല്ലാവരും മിണ്ടാതിരിക്കൂ. ....(ബഹളം)..... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ടി. ബൽറാം: സർ, സഭ ഓർഡറിലായാൽ ഞാൻ തുടരാം.

മി. സ്പീക്കർ: സഭ ഓർഡറിലാണ്. അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ സമയം കുറച്ച് പോയിട്ടുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സ്പീക്കർ, ചട്ടം 307 പ്രകാരമാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ഒറ്റക്കാര്യമേയുള്ളൂ. ബഹുമാന്യനായ തൃത്താല അംഗം ഇവിടെ പ്രസംഗം തുടങ്ങിയപ്പോൾ 'മൈതാന പ്രസംഗം' എന്ന് ആക്ഷേപാർത്ഥത്തിൽ ഒരു പ്രയോഗം നടത്തി. ലോകത്തിലെയും ഇന്ത്യയിലെയും കേരളത്തിലെയും മഹത്തായ പല പ്രസംഗങ്ങളും നടന്നിട്ടുള്ളത് മൈതാനത്താണ്. മഹാത്മാഗാന്ധിയും എബ്രഹാം ലിങ്കണും മുതൽ സി. കേശവൻ വരെയുള്ളവർ ചരിത്ര പ്രസംഗങ്ങൾ നടത്തിയിട്ടുള്ളത് മൈതാനത്താണ്. ദുസ്സൂചനയുള്ള ആ വാക്ക് മലയാള ഭാഷയ്ക്കും കേരള ചരിത്രത്തിനും എതിരായുള്ള ഒരു പ്രയോഗമാണ്. അത് രേഖയിൽനിന്ന് നീക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മൈതാന പ്രസംഗം ഒരു ചീത്തക്കാര്യമല്ലല്ലോ.

ശ്രീ. വി. ടി. ബൽറാം: സർ, അദ്ദേഹം പറഞ്ഞ മുഴുവൻ വാദഗതികളും കഴിഞ്ഞ ദിവസം ഇതേ പദപ്രയോഗം നടത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് തിരിച്ചുപറഞ്ഞ് അദ്ദേഹത്തെ ബോധ്യപ്പെടുത്തിയാൽ മതി. ഞാൻ മൈതാന പ്രസംഗത്തെ മോശമാക്കിയല്ലല്ലോ ഇവിടെ പറയുന്നത്. പക്ഷേ, ഒരു വിഷയത്തെക്കുറിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ കൃത്യമായ വാദഗതികളും വിമർശനങ്ങളും പ്രതിപക്ഷത്തുനിന്ന് മുന്നോട്ടുവച്ചാൽ അതിനുള്ള മറുപടിയില്ലാതെ ഈ സഭയിലില്ലാത്ത മറ്റേതോ കേൾവിക്കാർക്കുവേണ്ടി അദ്ദേഹം പ്രസംഗിക്കുന്നു എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. അതെല്ലാവർക്കും ബോധ്യമായിട്ടുമുണ്ട്.

ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയടക്കം ഭരണപക്ഷത്തുള്ള മുഴുവൻ ആളുകളും logical fallacy-കളുടെ തടവറയിൽ അതിനെ പുകമറയാക്കിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ഏറ്റവും പ്രധാനമായും appeal to emotions ആണ്. കിഫ്ബിയുടെ കെടുകാര്യസ്ഥതയെയും അതിന്റെ നടപടിക്രമങ്ങളിലെ ലാപ്സസിനെയും വസ്തുതാപരമായി

ചൂണ്ടിക്കാണിക്കുമ്പോൾ ഒറ്റയടിക്ക് ഗോൾ പോസ്റ്റ് ഷിഫ്റ്റ് ചെയ്യുകയാണ്. 'നിങ്ങൾ കിഫ്ബിയെ എതിർക്കുകയല്ലേ, കേരളത്തിലെ വികസനത്തെ അട്ടിമറിക്കുകയല്ലേ' എന്ന് പറഞ്ഞുകൊണ്ട് ഇമോഷൻസിനെ അപ്പീൽ ചെയ്യുന്ന തരത്തിലുള്ള പ്രതികരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ഞങ്ങൾ പറയാത്ത കാര്യങ്ങളാണ് ഞങ്ങൾക്കെതിരായിട്ടുള്ള വിമർശനവും ഞങ്ങളുടെ വാദങ്ങളുമായി ഇവിടെ ഉയർത്തിക്കൊണ്ടിരിക്കുന്നത്. കിഫ്ബി നിയമം നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയതാണ്. കിഫ്ബിക്കോ മസാല ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനോ ഞങ്ങൾ എതിരല്ല. മസാല ബോണ്ട് വിദേശത്തുനിന്ന് ഇഷ്യൂ ചെയ്ത് അവിടെനിന്ന് പണം ശേഖരിക്കുന്നതിനെക്കുറിച്ചാണ് വിമർശനമുയർന്നിട്ടുള്ളത്, ആ വിമർശനമാണ് പ്രതിപക്ഷം ഉയർത്തിയിട്ടുള്ളത്. ആ വിമർശനം തന്നെയാണ് ഭരണഘടനാ വിരുദ്ധമെന്ന നിലയിൽ സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലും വന്നിട്ടുള്ളത്. ഇത് ഭരണഘടനയുടെ പ്രാഥമികമായ കാര്യങ്ങൾ അറിയാവുന്ന മുഴുവൻ ആളുകൾക്കുമറിയാം. ഇവിടെ സ്റ്റേറ്റിനെക്കുറിച്ച് പറഞ്ഞു. സ്റ്റേറ്റ് എന്നുപറയുന്നത് ഇന്ത്യയിലെ ഇരുപത്തെട്ടോ ഇരുപത്തിയൊൻപതോ മുപ്പതോ സംസ്ഥാനങ്ങളാണ് എന്നുള്ള അഭിപ്രായമല്ല ഞങ്ങൾ പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മൾ പാസ്സാക്കിയ നിയമത്തിൽ ഇങ്ങനെ വിദേശത്തുനിന്നും അതുപോലെയുള്ള പുതിയ ഇൻസ്ട്രുമെന്റ്സ് എടുത്ത് വായ്പയെടുക്കാൻ വേണ്ടിയുള്ള ഭേദഗതിയാണുണ്ടായിരുന്നത്. അങ്ങയോടുള്ള എന്റെ ചോദ്യമിതാണ്, ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു, 'സി.ആന്റ് എ.ജി. പറഞ്ഞതുപോലെ, കിഫ്ബിയുടെ വായ്പകൾ, മസാല ബോണ്ട് മാത്രമല്ല, മുഴുവൻ വായ്പകളും ഭരണഘടനാ വിരുദ്ധമാണെന്നാണ്. അതിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു' എന്നാണ് പറഞ്ഞത്. അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ അങ്ങനെയൊരു പരാമർശമേ നടത്തിയിട്ടില്ല. അദ്ദേഹംതന്നെ അത് നിഷേധിക്കുകയാണ്. ഇല്ലാത്ത ഗോൾ പോസ്റ്റുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സ്ട്രോമാൻ ഫാലസികളുമായി മുന്നോട്ടുപോകുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 12-ൽ പറയുന്നത് മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതിൽ സ്റ്റേറ്റിനെ ഡിഫൈൻ ചെയ്യുന്നുണ്ട്. സംസ്ഥാനങ്ങളെന്ന നിലയിൽ സാധാരണഗതിയിൽ നമ്മൾ അർത്ഥമാക്കുന്ന കാര്യമാണ്. പക്ഷേ അതിനുശേഷം, സ്റ്റേറ്റ് എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഏതൊക്കെ സ്ഥാപനങ്ങൾ വരുമെന്നുള്ളത് സംബന്ധിച്ച് കാലാകാലങ്ങളിൽ സുപ്രീംകോടതിയുടെ നിരവധി വിധിന്യായങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി

പ്രോജക്ട് ആന്റ് എക്യുപ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച്, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഭാരത് പെട്രോളിയം ഇങ്ങനെയുള്ള നിരവധി സ്ഥാപനങ്ങൾ സ്റ്റേറ്റ് എന്നതിന്റെ നിർവ്വചനത്തിൽ വരുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ആർ. ഡി. ഷെട്ടി കേസിൽ സ്റ്റേറ്റിനെക്കുറിച്ചുള്ള കൃത്യമായ ഒരു നിർവ്വചനമുണ്ട്. ഈ കേസിൽ സ്റ്റേറ്റിന്റെ നിർവ്വചനത്തെക്കുറിച്ച് പറയുന്നതിനുവേണ്ടി കൃത്യമായിട്ടുള്ള ടെസ്റ്റുണ്ട്. Deep and pervasive control test എന്നാണ് അതിനുപറയുന്ന പേര്. ഒരു സ്ഥാപനത്തിൽ സ്റ്റേറ്റിന് deep and pervasive control ഉണ്ടെങ്കിൽ അത് സ്റ്റേറ്റ് തന്നെയാണ്. 'Functional character being Governmental in its essence' ആണെങ്കിൽ അത് സ്റ്റേറ്റാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ കിഫ്ബിയുടെ ചെയർമാൻ? മന്ത്രിയല്ലേ ഇതിന്റെ വൈസ് ചെയർമാൻ? ഇതിന്റെ മുഴുവൻ തീരുമാനങ്ങളുമെടുക്കുന്നത് ഇവർ അറിഞ്ഞുകൊണ്ടാണെന്നല്ലേ പറയുന്നത്. മുഴുവൻ ഫണ്ടും സംസ്ഥാന ഗവൺമെന്റിൽ നിന്നല്ലേ? ഈ സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നതുമാത്രമല്ലല്ലോ, ഈ നിയമസഭയിൽ വച്ച എല്ലാ രേഖകളിലും പറയുന്നുണ്ടല്ലോ. ഇതിന്റെ കോർപ്പസ് എവിടെ നിന്നാണ്? സംസ്ഥാന ഗവൺമെന്റിൽ നിന്നല്ലേ അത് വരുന്നത്. 2018-19 വരെയുള്ള വർഷത്തിനുള്ളിൽ 3372 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിലേയ്ക്ക് വരേണ്ട തുകയല്ലേ ഇതിലേയ്ക്ക് മാറിയിരിക്കുന്നത്. അതല്ലേ കിഫ്ബിയുടെ കോർപ്പസ്; പിന്നെ എങ്ങനെയാണ് അത് ബഡ്ജറ്ററിയല്ല എന്നുപറയുന്നത്? ഇത് യഥാർത്ഥത്തിൽ ബഡ്ജറ്ററി ട്രാൻസ്ഫറാണ്. മൂലധന ചെലവിന്റെ ഭാഗമായി മറ്റൊരു ഇൻസ്റ്റിറ്റ്യൂഷന് ഗവൺമെന്റ് കൈമാറുന്ന തുകയാണ് 3372 കോടി രൂപ. ബഹുമാനപ്പെട്ട ജെയിംസ് മാത്യൂ, എം.എൽ.എ. പറഞ്ഞത് ആ കാര്യത്തിൽ ശരിയാണ്. ഇത് ബഡ്ജറ്റിനകത്ത് വരേണ്ടതാണ്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനുള്ളിൽ എന്തുകൊണ്ട് ഇത് വരുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ വിമർശനം. ഇതിന്റെ മസാല ബോണ്ട് വിദേശത്ത് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത് അവിടെനിന്ന് ഉയർന്ന പലിശയ്ക്ക് കടമെടുക്കുന്നു എന്നുള്ളതിനെയാണ് ഞങ്ങൾ എതിർത്തത്. നമുക്കറിയാം, ലണ്ടനിലെ ഇപ്പോഴത്തെ പലിശ നിരക്ക്, London Inter - Bank Offered Rate (LIBOR) വെറും 0.75 ശതമാനമാണ്. അത് ഡോളറിലാണ്. റുപ്പി കൺവർട്ട് കൂടി ചേർത്താൽ മൂന്നോനാലോ ശതമാനം കൂടി കൂട്ടിയാലും മൊത്തത്തിൽ അതിൽ വരേണ്ട പലിശ നിരക്ക് 4 മുതൽ 4.5 ശതമാനം വരെയാണ്. അവിടെയാണ് അതിന്റെ അഞ്ച് ശതമാനം ഉയർന്ന തുകയ്ക്ക് 9.723 ശതമാനം കൂപ്പൺ റേറ്റിൽ ഈ തുക എടുക്കുന്നത്. ആ തുക എടുത്തിട്ട്

പ്രോജക്ടുകൾക്കുവേണ്ടി ചെലവാക്കാൻ സാധിക്കുന്നുണ്ടോ? അതിന് സാധിക്കുന്നില്ലെന്നതാണ് അവസ്ഥ. 30-9-2019 വരെ പ്രോജക്ടുകൾക്കുവേണ്ടി കിഫ്ബി ചെലവഴിച്ചത് വെറും 868 കോടി രൂപ മാത്രമാണ്. ഈ സഭയിൽ അവതരിപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. പക്ഷെ അതിനിടയിൽ കിഫ്ബിയുടെ ഈ കടമെടുപ്പിന്റെ ഫിനാൻസ് കോസ്റ്റായി 161 കോടി രൂപ നമുക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് 37 കോടി രൂപ ചെലവാക്കേണ്ടിവന്നു. അങ്ങനെ 868 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കാൻ 200 കോടിയോളം രൂപ ഓവർഹെഡ് വരികയാണ്. ഇങ്ങനെയുള്ള മിസ് മാനേജ്മെന്റാണ് ഞങ്ങൾ പറയുന്നത്. ഡെബ്റ്റ് മാനേജ്മെന്റിൽ ഈ ധനകാര്യവകുപ്പ് വലിയ രീതിയിൽ പരാജയപ്പെട്ടതുകൊണ്ട്, അതവർക്ക് ശ്രദ്ധിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് ഇത്തരത്തിൽ ഉയർന്ന പലിശനിരക്കിൽ ലോണെടുത്ത് അത് ഈ നിലയിലുള്ള ദുരുപയോഗത്തിലേയ്ക്കും ധൂർത്തിലേയ്ക്കും നയിച്ചത്. യഥാർത്ഥ്യത്തിൽ സഭ ഇത് ചർച്ച ചെയ്യുന്ന വേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നമുക്ക് നൽകിയിരുന്ന ഉറപ്പെന്തായിരുന്നു; സഭയ്ക്ക് നൽകിയിരുന്ന വാഗ്ദാനമെന്തായിരുന്നു? 'ഇതൊരു സ്ഥിരം സംവിധാനമല്ല, നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടും. നമ്മൾ 30% വീതം ഓരോ വർഷവും റവന്യൂ വരുമാനം വർദ്ധിപ്പിക്കും. റവന്യൂ ചെലവിന്മേൽ ഗണ്യമായിട്ടുള്ള നിയന്ത്രണം കൊണ്ടുവരും. അങ്ങനെ ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ, പരമാവധി മൂന്ന് വർഷങ്ങൾക്കുള്ളിൽ റവന്യൂ കമ്മി പൂജ്യമാക്കും, ധനകമ്മി മൂന്ന് ശതമാനത്തിനുള്ളിൽ നിർത്തും, അങ്ങനെ വരുമ്പോൾ ഈ തിരിച്ചടവ് നമുക്കൊരു ബാധ്യതയാകില്ല' എന്നതായിരുന്നു. യഥാർത്ഥത്തിൽ ഇവിടെ ഉണ്ടായതെന്താണ്? 2017-18-ൽ നമുക്ക് 27,000 കോടി രൂപയുടെ പ്ലാനുണ്ടാകുമ്പോൾ അടുത്ത വർഷം അതൊരു പത്ത് ശതമാനം കൂട്ടി വയ്ക്കുക എന്നതാണ് സാധാരണ ഗതിയിലുണ്ടാകേണ്ടത്. അടുത്ത വർഷം 30,000 കോടി രൂപയും പിന്നീട് 35,000 കോടി രൂപയും, 40,000 കോടി രൂപയുമാകേണ്ടതാണ്. അങ്ങനെ പ്ലാൻ സൈസ് വർദ്ധിക്കുന്നില്ല, ക്യാപിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിക്കുന്നില്ല. അതിനുപകരം വെറും 3,000 കോടി രൂപ കിഫ്ബിയിലൂടെ അധികമായി ചെലവഴിക്കുന്നു എന്നുള്ളതാണ് വസ്തുത. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ ഭാഗമായിട്ടുള്ള 3,373 കോടി രൂപ അല്ലെങ്കിൽത്തന്നെ നമുക്ക് ചെലവഴിക്കാമായിരുന്നു. ഇതുപോലെയുള്ള എല്ലാ പ്രോജക്ടും നടപ്പാക്കാമായിരുന്നു. കിഫ്ബി ഇപ്പോൾ നടപ്പാക്കിയത് എത്രയാണ്? ആകെ 6000 കോടി രൂപയല്ലേ? 6000 കോടി രൂപയിൽ 3300 കോടി രൂപയുടെ പദ്ധതികൾ അല്ലെങ്കിൽത്തന്നെ നടപ്പാകുമായിരുന്നു. അപ്പോൾ 2700 കോടി രൂപയുടെ വികസനമാണോ ഈ അഞ്ച് കൊല്ലംകൊണ്ട് കിഫ്ബി ഉണ്ടാക്കിയ

വലിയ വികസനം? എനിക്ക് മനസ്സിലാകുന്നില്ല. എന്റെ വ്യക്തിപരമായ അനുഭവം പറയുകയാണ്, ഇവിടെ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് 'ഇത് വേണ്ട എന്ന് പറയുമോ' എന്ന് ചോദിച്ചല്ലോ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എന്റെ മണ്ഡലത്തിലെ ഒരു റോഡിനുവേണ്ടി ഇതേ മോട്ടോർ വെഹിക്കിൾസ് ടാക്സ് ഉപയോഗിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ജില്ലാ ഫ്ലാഗ്ഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി 120 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആ പദ്ധതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിലേയ്ക്ക് മാറ്റി. അഞ്ച് വർഷമായിട്ടും അതിന്റെ ഡി.പി.ആർ. അംഗീകരിച്ചിട്ടില്ല. ഇതുതന്നെയാണ് എല്ലാവരുടെയും അവസ്ഥ, ഞങ്ങൾ പറയുന്നത് അതാണ്. ഞാൻ ആ ഘട്ടത്തിൽ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ച്, ഇത് നിങ്ങൾ കിഫ്ബിയിലേയ്ക്ക് മാറ്റരുത്, ബഡ്ജറ്റിലൂടെതന്നെ അനുവദിക്കണം എന്ന് പറഞ്ഞിരുന്നു. ബഡ്ജറ്റിലൂടെ അനുവദിക്കാനുള്ള തീരുമാനം അന്ന് എടുത്തിരുന്നെങ്കിൽ, അത് കിഫ്ബിയിലേയ്ക്ക് മാറ്റിയില്ലായിരുന്നെങ്കിൽ നാല് കൊല്ലം മുൻപ് ആ റോഡ് പൂർത്തിയാകുമായിരുന്നു. ഇപ്പോഴും ഡി.പി.ആർ. അംഗീകരിച്ചിട്ടില്ല. 140 നിയോജകമണ്ഡലങ്ങളിലെ ഹൈടെക് സ്കൂളുകളിൽ 100 എണ്ണംപോലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പിന്നെ എവിടെയാണ് വികസനം? ഞാൻ മൊത്തത്തിൽ പറയട്ടെ, 6,000 കോടി രൂപ മാത്രമേ കിഫ്ബി വഴിയുള്ള വികസനമായി ഇവിടെ നടന്നിട്ടുള്ളൂ എന്ന് പറയുമ്പോൾ ഒരു വലിയ വികസന സ്തംഭനത്തിലേയ്ക്കാണ് നമ്മൾ പോകുന്നതെന്ന് മനസ്സിലാകും. യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ ധൂർത്തിനുവേണ്ടിയുള്ള, പണം കണ്ടെത്തുന്നതിനുള്ള ഒരു ഉപായമായിട്ടാണ് കിഫ്ബി മാറിയിട്ടുള്ളത്. റവന്യൂ ചെലവും മൂലധനച്ചെലവും ഉണ്ടല്ലോ. മൂലധനച്ചെലവ് മുഴുവൻ ബഡ്ജറ്റിൽ നിന്നെടുത്ത് കിഫ്ബിയുടെ തലയ്ക്ക് വച്ചുകൊടുക്കുന്നു. ഹെലികോപ്റ്റർ വാങ്ങാനും ധൂർത്തടിക്കാനുമൊക്കെ റവന്യൂ ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപാധിയായി ഇതിനെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ ഈ നിലയിലുള്ള ധൂർത്തിനുവേണ്ടി ബഡ്ജറ്റിലൂടെ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ കിഫ്ബിയുടെ തലയിൽ വച്ചുകൊണ്ട് സംസ്ഥാനത്തെ വലിയൊരു സാമ്പത്തിക അരാജകത്വത്തിലേയ്ക്കാണ് കൊണ്ടുപോകുന്നത്. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ഇത് വലിയ രീതിയിലുള്ള ഒരു ഹവാല-റിവേഴ്സ് ഹവാല ഏർപ്പാടിനുവരെ ഇടവരുത്തുന്നുണ്ടോ എന്നുള്ള സംശയത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. Round-Tripping-നെക്കുറിച്ച് ദേശീയ തലത്തിൽ വലിയ ചർച്ചകളും അന്വേഷണങ്ങളും നടക്കുകയാണ്. കിഫ്ബിയുടെ ബോണ്ടുകൾ എല്ലാ രാജ്യങ്ങളിൽനിന്നും വാങ്ങാൻ സാധിക്കും. അമേരിക്കയിലോ കാനഡയിലോ ഉള്ള

ഒരാൾക്ക് ആ ബോണ്ടുകൾ ഇപ്പോൾ കൈവശമുണ്ടെങ്കിൽ അവർക്കത് കേരളത്തിലും ഇന്ത്യയിലും വിൽക്കാനും സാധിക്കും. ഇവിടെ ആളുകൾ അതിന്റെ മൂല്യം രൂപയിൽ അടച്ചാൽമതി, അവർക്കത് ഡോളറിൽ അവിടെ കിട്ടും. കുറച്ചുകഴിഞ്ഞ് അവരത് വിൽക്കുമ്പോൾ വീണ്ടും അത് മാറ്റം ചെയ്യാൻ സാധിക്കും. ഈ നിലയിലുള്ള ഹവാല-റിവേഴ്സ് ഹവാല ഏർപ്പാടുകൾക്കുപോലും ഇത് ഇടവരുത്തുന്നുണ്ടോ എന്നുള്ള ഗുരുതരമായിട്ടുള്ള ആശങ്കകൾ ഉയർന്നുവരികയാണ്. നമ്മുടെ സാമ്പത്തിക പരമാധികാരത്തിന്മേലുള്ള ഒരു കടന്നുകയറ്റമായി ഇത് മാറുന്നത് ഈ നിലയ്ക്കാണ്. ആരൊക്കെയാണ് കിഫ്ബിയുടെ ഈ മസാലാ ബോണ്ടുകൾ ഇപ്പോൾ കൈവശം വച്ചിരിക്കുന്നത് എന്നതിനെക്കുറിച്ച് എന്തെങ്കിലും ഒരു കണക്കോ വിവരമോ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാൻ സാധിക്കുമോ? ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇത് ആദ്യം സബ്സ്ക്രൈബ് ചെയ്ത original allottees ആരൊക്കെയാണ് എന്നുള്ളതിനെക്കുറിച്ച് കണക്കുകളുണ്ട്. പക്ഷെ അത് ഇപ്പോൾ ആരുടെ കയ്യിലാണ്? ഇപ്പോൾ ഈ ബോണ്ടുകൾ കൈവശം വച്ചിരിക്കുന്നവർ ആരൊക്കെയാണ് എന്നുള്ളതിനെക്കുറിച്ച് ഒരു കണക്കുമില്ല, ഒരു വിവരവുമില്ല. ഇതിനെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം അപേക്ഷ കൊടുത്താൽ ആരൊക്കെയാണ് കിഫ്ബിയുടെ പ്രധാനപ്പെട്ട ഷെയർ ഹോൾഡേഴ്സ് എന്നെങ്കിലും പറയാൻ സാധിക്കുമോ? ഈ നിലയിലുള്ള ദുരൂഹതയാണ് ഇതിന്റെയൊക്കെ മറവിലുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: സർ, അതുകൊണ്ടാണ് പറയുന്നത്, ഇതിന്റെ നിയമവിരുദ്ധത അന്വേഷിക്കുമ്പോൾ, ഇതിലെ ഭരണഘടനാ വിരുദ്ധത ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ കിഫ്ബിയിലെ പ്രോജക്ടുകൾ പറഞ്ഞുകൊണ്ട് 'നിങ്ങളുടെ മണ്ഡലത്തിൽ സ്കൂളുണ്ടായില്ലേ; നിങ്ങളുടെ മണ്ഡലത്തിൽ റോഡുണ്ടായില്ലേ' എന്നിങ്ങനെയുള്ള മുട്ടാപ്പോക്ക് ന്യായങ്ങളല്ല മുന്നോട്ട് വയ്ക്കേണ്ടത്. ഗവൺമെന്റ് കിഫ്ബിയിലൂടെ മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് വാശിപിടിച്ചാൽ ഞങ്ങൾ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് അടക്കം മറ്റ് മാർഗ്ഗമില്ല, കാരണം ഞങ്ങളെയും ജനങ്ങൾ തെരഞ്ഞെടുത്തതാണ്. ഈ ഗവൺമെന്റിനുമേൽ, ഈ സഭയുടെമേൽ, ഈ നാടിന്റെ ഖജനാവിനുമേൽ എന്തെങ്കിലും ഒരു ഭാരം ഈ ഗവൺമെന്റ് അടിച്ചേൽപ്പിക്കുമ്പോൾ അത് 140 നിയോജക മണ്ഡലങ്ങളിലേയ്ക്കും തുല്യമായി വീതിക്കപ്പെടും, സ്വാഭാവികമാണ്. അതിന്റെ ഗുണവും ദോഷവും ഞങ്ങൾകൂടി അനുഭവിക്കണം.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ടി. ബൽറാം: സർ, അതുകൊണ്ടാണ് പറയുന്നത് ഇതിൽ ഭരണഘടനാപരമായ ചോദ്യങ്ങൾ സി.ആന്റ് എ.ജി. ഉയർത്തുമ്പോൾ അതിന് രാഷ്ട്രീയമായിട്ടുള്ള മുട്ടാപ്പോക്ക് ന്യായങ്ങളല്ല വേണ്ടത്. ഇതിനെക്കുറിച്ച് തുറന്ന് സംവദിക്കാനും സംശയനിവാരണം നടത്താനും ഇതിലെ സുതാര്യത ഉറപ്പുവരുത്താനും ഈ ഗവൺമെന്റ് തയ്യാറാകണമെന്നുമാത്രമാണ് ഈ അവസരത്തിൽ എനിക്ക് ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ നടന്ന ചർച്ച വളരെ നല്ലതായിരുന്നു. ശ്രീ. ജെയിംസ് മാത്യുവിന്റെയും ശ്രീ. എം. സ്വരാജിന്റെയും പ്രസംഗം കഴിഞ്ഞപ്പോൾ, എനിക്കിനി ബാക്കി എന്താണ് പറയാനുള്ളത് എന്ന ചിന്തയായിരുന്നു. സി. ആന്റ് എ.ജി. റിപ്പോർട്ട് കൊണ്ട് ഒരു ഗുണമുണ്ടായി. എല്ലാവരും ഇതിനെ സംബന്ധിച്ച് പഠിച്ചു. അത് ഈ ചർച്ചയിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഞാനൊരു ചോദ്യം ചോദിച്ചിരുന്നു, 'സി. ആന്റ് എ.ജി. റിപ്പോർട്ടിലെ നിഗമനങ്ങൾ പ്രതിപക്ഷം അംഗീകരിക്കുന്നുണ്ടോ' എന്ന്, its on record. ഒറ്റ വാക്കിൽ ഞാൻ പറയാം 'ഞങ്ങൾ അംഗീകരിക്കുന്നു' എന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. എന്താണ് അതിന്റെ അർത്ഥം? ശ്രീ. വി. ടി. ബൽറാം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നത്, ഈ ഉദാരവത്കരണ നയങ്ങൾ മുഴുവൻ നടപ്പാക്കാൻ വേണ്ടി നേതൃത്വം നൽകിയ പാർട്ടിയുടെ വക്താവ് പറയുകയാണ് 'ഞങ്ങൾക്കാകെ എതിർപ്പുള്ളത് മസാല ബോണ്ട് മുഖേന വിദേശത്തുനിന്നും വായ്പ എടുക്കുന്നതിനെക്കുറിച്ച് മാത്രമാണ് എന്നാണ്. സി. ആന്റ് എ.ജി.-യുടെ നിഗമനം മസാല ബോണ്ട് ഭരണഘടനാ വിരുദ്ധമാണെന്നാണ്. ശ്രീ. വി. ഡി. സതീശൻ കൃത്യമായി പറഞ്ഞതുപോലെ, 293-ാം വകുപ്പിന്റെ ലംഘനമാണ്, ഭരണഘടനാ വിരുദ്ധവുമാണ്. ശരി, ഇങ്ങനെയൊരു പ്രസ്താവന നിങ്ങൾ കൃത്യമായി നടത്തിയത് വളരെ നല്ലത്. നമുക്കിതുമായി ജനങ്ങളുടെ അടുത്ത് പോകാം. ഓരോ മണ്ഡലത്തിലും നിങ്ങളുടേതടക്കം കിഫ്ബി പ്രോജക്ടുകളുണ്ട്. ഞങ്ങൾ പറയാൻ പോകുന്നത് വളരെ ലളിതമായ കാര്യമാണ്. ഇത് ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞുനടക്കുന്നവരാണ് അപ്പുറത്തുള്ളത്. വികസന പ്രവർത്തനങ്ങൾ വേണമെങ്കിൽ ഇടതുപക്ഷം ഭരണത്തിൽ തുടരണം. കിഫ്ബി ഭരണഘടനാ വിരുദ്ധമാണെന്നുള്ള സി.ആന്റ് എ.ജി. നിഗമനത്തിനൊപ്പം നിങ്ങൾ നിൽക്കണോ വേണ്ടയോ എന്നുള്ളത് ഒന്ന് ആലോചിക്കണം. ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ അതിന്റെ കൂടെ കൂടിയിട്ടില്ല, അത് ഞാൻ സമ്മതിച്ചിട്ടുണ്ട്. 'നിങ്ങൾ എന്തിനാണ് ഇത്ര വേവലാതിപ്പെടുന്നത്, ഇത് നമ്മളൊന്ന് ചർച്ച ചെയ്തുകഴിഞ്ഞാൽ എന്താണ് കുഴപ്പം, അത് വ്യക്തമാക്കുന്നതിനല്ലേ സഹായിക്കുക?'

എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ ഭരണഘടനയെക്കുറിച്ചായിരുന്നില്ല, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഴുവൻ ഇതിന് നിയമസഭയുടെ കൂടുതൽ മേൽനോട്ടം വേണം, അതിനുള്ള ഓർഡർ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയത് നടപ്പായിട്ടില്ല എന്നിങ്ങനെയുള്ള കാര്യങ്ങളായിരുന്നു ഉന്നയിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ,......

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ പോയിന്റ് പറഞ്ഞു തീർത്തതിനുശേഷം ഞാൻ വഴങ്ങാം. ഇവിടെ ഒരു പൊതുവായ ചർച്ച വന്നത് ഇത്രയൊക്കെ വായ്പ എടുത്തിട്ട് എന്ത് നടന്നുവെന്നുള്ളതാണ്. രണ്ട് വർഷം മുമ്പുള്ള സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചിട്ടാണ് എന്ത് നടന്നുവെന്ന് ചോദിക്കുന്നത്. 'അവിടെ ആ പ്രോജക്ട് നടന്നില്ല, ഈ പ്രോജക്ട് നടന്നില്ല' എന്നെല്ലാം പറയുകയാണ്. ഇന്ന് കിഫ്ബിയിൽനിന്നുള്ള ചെലവ് 7300 കോടി രൂപയാണ്. ദേശീയപാത സ്ഥലമെടുപ്പിനുള്ള 700 കോടി രൂപയുടെ പ്രൊപ്പോസൽ വന്നു. ആ 700 കോടി രൂപ അനുവദിക്കുന്നതോടുകൂടി 8,000 കോടി രൂപയായി. ഈ മാർച്ചിനുള്ളിൽ ചുരുങ്ങിയത് 10,000 കോടി രൂപ, ചിലപ്പോൾ 12,000 കോടി രൂപ കിഫ്ബി ഫിനാൻസ് ചെയ്യും. സമാനതകളില്ലാത്ത വികസന പ്രവർത്തനമാണുള്ളത്. ബാധ്യതയുണ്ടെന്നത് ശരിയാണ്. പക്ഷെ അതുവച്ച് നമ്മൾ 60,000 കോടി രൂപയുടെ പ്രോജക്ടുകളിൽ ലിവറേജ് ചെയ്യുകയാണ്. അൽപ്പം കാലതാമസം വന്നാലും നാലഞ്ച് വർഷത്തിനുള്ളിൽ ഇവയൊക്കെ യാഥാർത്ഥ്യമാകുമ്പോൾ കേരളം എങ്ങനെ മാറുമെന്ന് ചിന്തിക്കണം. അപ്പോഴാണ് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട് വരുന്നത്. ഞാൻ അതിന്റെ നടപടിക്രമങ്ങളെക്കുറിച്ചെല്ലാം രാവിലെ പറഞ്ഞു. ഇന്നിപ്പോൾ പ്രിവിലേജസ്, എഥിക്സ് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമുക്കത് പിന്നീട് ചർച്ച ചെയ്യാം. സി.ആന്റ് എ.ജി.-യുടെ നിഗമനത്തിന്റെ ഉള്ളടക്കം പരിശോധിക്കണമെന്നാണ് ശ്രീ. വി. ഡി. സതീശൻ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ വാദം, മസാല ബോണ്ട് ഭരണഘടനാ വിരുദ്ധമാണെന്നതാണ്, അവിടെനിന്നാണ് തുടങ്ങേണ്ടത്. ആർഗ്യുമെന്റ് എന്താണ്; ആർഗ്യുമെന്റ് സംബന്ധിച്ച് ശ്രീ. എം. സ്വരാജും പറഞ്ഞു. Entry 37 of the List I of the Seventh Schedule of the Constitution of India gives powers for raising foreign loans only to the Central Government. ശ്രീ. എം. സ്വരാജ് പറഞ്ഞകാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. ഇത് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിന്റെ ലിസ്റ്റുകളാണ്. അല്ലാതെ ആർക്ക് വായ്പയെടുക്കാമെന്ന് നിർണ്ണയിക്കുന്നതല്ല ഷെഡ്യൂൾ 7. സെൻട്രൽ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ്

എന്നിവയെക്കുറിച്ച് സി.ആന്റ് എ.ജി. എന്ന ഭരണഘടനാ സ്ഥാപനം പഠിപ്പിക്കുകയാണ്. ഈ ലിസ്റ്റിലെ 37-ാമത്തെ ഇനം പ്രകാരം കേന്ദ്ര സർക്കാരിന് മാത്രമേ വായ്പയെടുക്കാൻ സാധിക്കുകയുള്ളൂവെന്നാണ് പറയുന്നത്. എങ്ങനെ ഈ സ്ഥാപനത്തിന് ഇങ്ങനെ റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുന്നു?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ആദ്യം പറഞ്ഞ കാര്യത്തിൽ ഞാനൊരു സംശയം പ്രകടിപ്പിക്കുകയാണ്. അങ്ങ് പറഞ്ഞു, കിഫ്ബി ഭരണ ഘടനാവിരുദ്ധമാണെന്ന് പറഞ്ഞത് പ്രതിപക്ഷം അംഗീകരിച്ചിരിക്കുന്നു എന്ന്. കിഫ്ബി ഭരണഘടനാവിരുദ്ധമാണെന്ന് സി.ആന്റ് എ.ജി. പറഞ്ഞിട്ടില്ല. കിഫ്ബിയിലെ ഓഫ്-ബജറ്റ് കടമെടുപ്പും വിദേശ കടമെടുപ്പും ഭരണഘടനാ വിരുദ്ധമാണെന്നാണ് പറഞ്ഞത്. ഞാനത് ആവർത്തിക്കുകയായിരുന്നു. അങ്ങ് ഇപ്പോൾ തൃപ്പൂണിത്തുറ അംഗം പറഞ്ഞ കാര്യങ്ങളൊക്കെ ആവർത്തിച്ചു. ഞാൻ പറയട്ടെ, അങ്ങ് ഫോറിൻ ലോൺ എടുക്കുകയാണ്. ഫോറിൻ ലോൺ എടുക്കാൻ സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ പാടില്ലായെന്നുതന്നെയാണ്. അതുകൊണ്ട് വിദേശ കടമെടുക്കാമെന്നുള്ള നിയമനിർമ്മാണം നടത്താനുള്ള ഭരണഘടനാപരമായ അധികാരമില്ല. നിങ്ങൾ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് വിദേശത്തുനിന്നും കടമെടുത്തത്. ഈ വാദഗതി ഉന്നയിക്കുന്ന അങ്ങേയ്ക്ക് പറയാമോ; സ്റ്റേറ്റ് ഗവൺമെന്റിന് വിദേശത്തുനിന്നും കടമെടുക്കാൻ സാധിക്കുമോ? കടമെടുക്കാൻ സാധിക്കില്ല. അങ്ങേയ്ക്ക് വ്യക്തമായി അറിയാവുന്നതല്ലേ; അങ്ങ് വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. രണ്ട് കാര്യങ്ങൾക്ക് അങ്ങ് മറുപടി പറയണം. സ്റ്റേറ്റ് എന്നാൽ എന്താണെന്നും ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കുവരെ അറിയാമെന്നും അങ്ങ് പറഞ്ഞു. ഇന്ത്യയിൽ എത്ര സ്റ്റേറ്റുണ്ടെന്നും എത്ര കേന്ദ്രഭരണപ്രദേശങ്ങളുണ്ടെന്നും ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കുപോലും അറിയാം. ആ സ്റ്റേറ്റാണോ ആർട്ടിക്കിൾ 12-ലെ സ്റ്റേറ്റിന്റെ ഡെഫനിഷൻ. ഇന്ത്യൻ ഓയിൽ കോർപ്പറേഷനും ഭാരത് പെട്രോളിയം കോർപ്പറേഷനും സ്റ്റേറ്റാണെന്നാണ് തൃപ്പൂണിത്തുറ അംഗം എന്നെ പഠിപ്പിച്ചത്. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് അറിയാവുന്ന കാര്യം എനിക്കറിയില്ലായെന്നാണ് പറഞ്ഞത്. സ്റ്റേറ്റ് എന്ന് പറഞ്ഞാൽ ഒന്നാം ക്ലാസ്സിലെ കുട്ടികൾ പഠിക്കുന്ന സ്റ്റേറ്റല്ല, ഭരണഘടന പ്രകാരം ആർട്ടിക്കിൾ 12. ധാരാളം സ്റ്റേറ്റ് വേറെയുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ഇഷ്ടംപോലെയുണ്ടായിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശൻ ഇരിക്കൂ. ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് ഞാൻ സമയം അനുവദിക്കാം. (....ബഹളം....) Shri M. Ummer, we will debate. (....ബഹളം....).

<u>ശ്രീ. എം. സ്വരാജ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഇവിടെ സംസാരിച്ചതെല്ലാം റിക്കോർഡിലുള്ളതാണ്, ലോകം മുഴുവൻ കേട്ടിട്ടുള്ളതുമാണ്. സ്റ്റേറ്റിനെ സംബന്ധിച്ച് ഭരണഘടനയിലെ രണ്ട് ആർട്ടിക്കിളായ 12-ഉം 36-ഉം ഞാൻ പറഞ്ഞിരുന്നു. അത് ബഹുമാന്യനായ പറവൂർ അംഗം കേട്ടിട്ടില്ലെങ്കിൽ കേൾക്കുക. അതുമാത്രമേ എനിക്ക് മറുപടിയായി പറയാനുള്ളൂ.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിനെ എൻഡോഴ്സ് ചെയ്തിട്ട് അദ്ദേഹം പറയാത്ത കാര്യങ്ങൾ ഞാൻ പറഞ്ഞുവെന്നുള്ളതാണ്. എട്ട് മിനിറ്റ് നേരം കൊണ്ട് പറഞ്ഞത് ആവർത്തിക്കേണ്ടല്ലോ എന്നതുകൊണ്ട് അദ്ദേഹം പറഞ്ഞതിനെ എൻഡോഴ്സ് ചെയ്തിട്ടാണ് ഞാൻ തുടങ്ങിയത്. പറയാത്ത ചില കാര്യങ്ങൾ ഞാൻ കൂട്ടിപ്പറഞ്ഞുവെന്നേയുള്ളൂ. അതിനെ എൻഡോഴ്സ് ചെയ്യുകതന്നെയാണ് ചെയ്തത്. അതിൽ സംശയമൊന്നുമില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, സി. ആന്റ് എ.ജി. പറഞ്ഞതെന്താണ്; മസാല ബോണ്ട് ഭരണഘടനാവിരുദ്ധം, കിഫ്ബി ബോറോയിംഗ്സ് എല്ലാം ഓഫ്-ബജറ്റാണ്, ഓഫ്-ബജറ്റ് ബോറോയിംഗ് എല്ലാം ഭരണഘടനാവിരുദ്ധവുമാണെന്നാണ്.അതുതന്നെയല്ലേ പറഞ്ഞത്. കിഫ്ബിയെന്ന സ്ഥാപനം ഭരണഘടനാ വിരുദ്ധമല്ല, പക്ഷെ അതിന്റെ എല്ലാ പ്രവൃത്തികളും ഭരണഘടനാവിരുദ്ധമാണെന്നാണ് പറഞ്ഞിരിക്കുന്നത്. (....ബഹളം....) രണ്ടാമത്തെ ചോദ്യം, സ്റ്റേറ്റ് എന്നാലെന്ത് എന്നതാണ്. ശ്രീ. വി. ടി. ബൽറാം പറഞ്ഞപ്പോൾ അദ്ദേഹത്തോട് ഞാൻ പറയാൻ ഉദ്ദേശിച്ചത് ഇതുതന്നെയാണ്. നിങ്ങൾ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും പേരുകളാണ് പറഞ്ഞത് അതൊന്നും സംസ്ഥാനത്തിന്റെ സ്ഥാപനങ്ങൾ പോലുമല്ല. ഏതായാലും നിങ്ങൾ മനസ്സിലാക്കിക്കോളൂ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടക്കുന്ന കേസ്സിലെ കേന്ദ്ര പ്രശ്നം സ്റ്റേറ്റിന്റെ നിർവ്വചനമാണ്. അത് ഇന്ത്യൻ ഭരണഘടനയിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. 'India is a Union of States' എന്നാണ് സ്റ്റേറ്റിനെ നിർവ്വചിക്കുന്നത്. ആ നിർവ്വചനത്തിൽ കിഫ്ബിയും പൊതുമേഖലാ സ്ഥാപനങ്ങളും വരില്ല. അവയെല്ലാം ബോഡി കോർപ്പറേറ്റുകളാണ്. അങ്ങനെയാണ് ഈ നിയമസഭ നിയമം പാസ്സാക്കിയിട്ടുള്ളത്. അതെല്ലാം മറന്നിട്ട് ഇത് സംസ്ഥാന സർക്കാർ തന്നെയാണെന്ന് പറയുകയാണ്. ഇതാണെന്റെ വാദം. .....(....ബഹളം....)

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ,.......

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്റെ വാദം തീർക്കട്ടെ, അതിനുശേഷം വഴങ്ങാം, ഇപ്പോൾ അങ്ങ് അവിടെ ഇരിക്കു. എന്താണ് ഷെഡ്യൂൾ എന്നുപോലും കൃത്യമായി പറഞ്ഞിട്ടില്ല. എന്തിനാണ് ഇത്ര ധൃതിയിലുള്ള എഴുത്ത്. അടുത്ത സെന്റൻസ് നോക്കണം, സാധാരണ അങ്ങനെ വരുന്നതാണോ; Hence, they appear to be in violation of the provisions of the Constitution and an encroachment by state on the powers of the Centre. If this model is to be followed by other states, ഇന്ത്യയിലെ ധനകാര്യ ബാധ്യതകൾ കൈവിട്ടുപോകും. ധൃതിയിൽ പറയുന്ന ഈ രീതി സാധാരണ സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടുകളിൽ വരുന്ന ഒരു ശൈലിയല്ല. ശ്രീ. ജെയിംസ് മാത്യു ഒരു നടപടിക്രമം പറഞ്ഞല്ലോ, ഒന്നാംഘട്ടം കോടതിയിൽ കേസ് കൊടുത്തു, രണ്ടാംഘട്ടത്തിലും മൂന്നാംഘട്ടത്തിലും സി.ആന്റ് എ.ജി. വരുന്നു, അപ്പോഴേയ്ക്കും അവരുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് ചർച്ച ചെയ്തുകഴിഞ്ഞു. ആ ഡ്രാഫ്റ്റ് റിപ്പോർട്ടിൽ ഓഫ്-ബജറ്റ് ബോറോയിംഗിനെക്കുറിച്ച് കൃത്യമായൊരു പാരഗ്രാഫുണ്ട്. ശ്രീ. വി. ഡി. സതീശനാണ് അതിന്റെ ആദ്യഭാഗം ഉദ്ധരിച്ചത്, അങ്ങ് വായിച്ചുനോക്കുക. എവിടെയെങ്കിലും ഓഫ്-ബജറ്റ് ബോറോയിംഗ് ഭരണഘടനാ വിരുദ്ധമാണെന്ന് പറയുന്നുണ്ടോ; പ്രൊപ്രൈറ്റിയെക്കുറിച്ചല്ലേ പറയുന്നുള്ളൂ. എല്ലാം ധൃതിയാണ്, സംസ്ഥാന സർക്കാരിനോട് ചർച്ചയില്ല, ഒരിടത്തും പരിശോധനയുമില്ല. എവിടെനിന്നോ എഴുതിയുണ്ടാക്കിയ മൂന്ന് പേജെടുത്ത് ചേർത്തുവച്ചിട്ട് നിയമസഭയിൽ അവതരിപ്പിക്കുവെന്ന് പറഞ്ഞ് വരികയാണ്. സഭയോട് ഇതിനേക്കാൾ വലിയ അനാദരവ് ഈ ഭരണഘടനാ സ്ഥാപനം കാണിക്കാനുണ്ടോ; അതുകൊണ്ട് വളരെ കൃത്യമായി വിവരിച്ചതുപോലെ, ഈ മസാല ബോണ്ട് എടുക്കുന്നത് സംസ്ഥാന സർക്കാരല്ല. ഈ നിയമസഭ രൂപം നൽകിയിട്ടുള്ള ഒരു ബോഡി കോർപ്പറേറ്റാണ്. ഇതിന് നിയമം തയ്യാറാക്കിയത് നമ്മളല്ല, കിഫ്ബി നിയമമല്ല വായ്പയെടുക്കാനുള്ള അവകാശം നൽകിയത്. ആർട്ടിക്കിൾ 246 പ്രകാരം കേന്ദ്ര സർക്കാർ നിയമം രൂപീകരിച്ചു. കേന്ദ്ര സർക്കാരിന്റെ Foreign Exchange Management Act (FEMA)-ൽ നിയമസഭ രൂപം നൽകിയ ബോഡി കോർപ്പറേറ്റിന് വായ്പയ്ക്ക് അവകാശമുണ്ട്. ഈ വിവാദം മുഴുവൻ നടന്നിട്ടും റിസർവ് ബാങ്ക് അവകാശമില്ലായെന്ന് എവിടെയെങ്കിലും പറഞ്ഞോ? ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് കൃത്യം ശരിയാണ്. FEMA ആംഗിളിൽ മാത്രമേ ഞങ്ങൾ നോക്കുന്നുള്ളൂ. ഇത് തിരിച്ചടയ്ക്കാനുള്ള കഴിവ് കിഫ്ബിക്കുണ്ടോ അതിനുള്ള റേറ്റിംഗുണ്ടോ എന്നാണ്. നമ്മൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽനിന്നും വായ്പയെടുക്കുമ്പോൾ അവിടത്തെ ചട്ടങ്ങൾ പരിപാലിച്ചിട്ടുണ്ടോ എന്നൊന്നും റിസർവ് ബാങ്ക് ഗ്യാരന്റി ചെയ്യുന്നില്ല. അതൊക്കെ റിസർവ് ബാങ്കിന്റെ ബോഡികൾ നോക്കേണ്ടതാണ്. ബോഡി കോർപ്പറേറ്റ്സ് ഇനിമുതൽ മസാല

ബോണ്ട് ഇറക്കേണ്ടയെന്ന് കേന്ദ്ര സർക്കാരിന് തീരുമാനിക്കാം, റിസർവ് ബാങ്കിന് തീരുമാനിക്കാം. പക്ഷെ അന്ന് വാങ്ങിയപ്പോൾ അതിനുള്ള അവകാശമുണ്ട്, അത് നമ്മൾ ഉപയോഗപ്പെടുത്തി. എന്തിനാണ് അവകാശം ഉപയോഗപ്പെടുത്തിയത്; അത് എന്തിനാണെന്ന് ചോദിച്ചാൽ, ഞാൻ പറയാം. നമ്മൾ ഒരു മെസേജ് ഇന്റർനാഷണൽ മാർക്കറ്റിൽ കൊടുക്കുകയാണ്. കേരളമെന്നൊരു കൊച്ചു സംസ്ഥാനത്ത് കിഫ്ബി എന്നൊരു ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിയുണ്ട്, ആ കമ്പനിക്ക് ഇന്റർനാഷണൽ, മാർക്കറ്റിൽ, ലണ്ടൻസ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇത്തരത്തിൽ വായ്പയെടുക്കാനുള്ള കഴിവുണ്ടെന്നൊരു മെസേജ് കൊടുക്കുകയാണ്. കാരണം, ഒന്നും രണ്ടും കോടി രൂപയല്ല 60,000 കോടി രൂപയാണ് സംസ്ഥാനത്തിനുവേണ്ടി മൊബിലൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. അതിന് പ്രാപ്തിയുണ്ടെന്നുള്ള മെസേജ് കൊടുക്കാൻ തീരുമാനിച്ചതാണ്. അതിന്റെ ഡയറക്ടർ ബോഡി വന്നപ്പോൾ ചീഫ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും എതിർത്തില്ലേ; അവരോട് അഭിപ്രായം പറഞ്ഞോ; ബാക്കിയുള്ളവരെന്താ കുറഞ്ഞ ആൾക്കാരാണോ; കിഫ്ബിയുടെ ഡയറക്ടർ ബോർഡ് എന്നുപറയുന്നത് സർക്കാർ ഒരു കാര്യം പറഞ്ഞാൽ അംഗീകരിച്ചുപോകുന്നവരാണോ? അങ്ങനെയുള്ളവരല്ല അവർ. ചർച്ച ചെയ്ത് ഏകകണ്ഠമായിട്ടാണ് തീരുമാനിച്ചിരിക്കുന്നത്. വ്യത്യസ്ത അഭിപ്രായം പറയുന്നതും ഏകകണ്ഠമായ തീരുമാനവും തമ്മിൽ വലിയ വ്യത്യാസമാണ്. അങ്ങനെ അഭിപ്രായങ്ങൾ ആർക്കെങ്കിലുമുണ്ടെങ്കിൽ സെക്രട്ടറിയാണെങ്കിലും അല്ലാത്ത ആളാണെങ്കിലും അഭിപ്രായം പറയാനും സമർത്ഥിക്കാനുമൊക്കെ സ്വാതന്ത്ര്യം നൽകുന്ന ഒരു ബോർഡുതന്നെയാണ് നമുക്ക് വേണ്ടത്. രണ്ടാമത്തെ കാര്യം, സി.ആന്റ് എ.ജി.-യുടെ നിലപാട് മസാല ബോണ്ടുകഴിഞ്ഞാൽ, ഇത് ഓഫ് ബഡ്ജറ്റ് ബോറോയിംഗാണെന്നാണ്. എന്താണ് ഓഫ്-ബഡ്ജറ്റ് ബോറോയിംഗ്?

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ബഹുമാനപ്പെട്ട അംഗം വളരെ ബുദ്ധിപൂർവ്വം ഇതെല്ലാംകൂടി മിക്സ് ചെയ്യുകയാണ്. കിഫ്ബി ഭരണഘടനാ വിരുദ്ധമാണെന്ന് ഓഡിറ്റിൽ പറഞ്ഞുവെന്നാണ് അങ്ങ് ആദ്യം പറഞ്ഞത്. അങ്ങനെ പറഞ്ഞിട്ടില്ല. എല്ലാ ഓഫ്-ബഡ്ജറ്റ് കടമെടുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്ന് ഈ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. വിദേശത്തുനിന്നും ലോണെടുക്കാനുള്ള അധികാരം സംസ്ഥാനത്തിനില്ല. ആ അധികാരം ഉപയോഗിച്ചിരിക്കുന്നത് ഭരണ ഘടനാവിരുദ്ധമാണ്. ഞാൻ അത് വളരെ വ്യക്തമായി പറഞ്ഞതാണ്. With in the territory of India-യിൽ നിന്നുമാത്രമേ ഒരു സ്റ്റേറ്റിന് ലോണെടുക്കാൻ സാധിക്കൂ. പുറത്തുനിന്ന് മസാല ബോണ്ട് ഇഷ്യൂ ചെയ്യാൻ കിഫ്ബിക്ക് അധികാരമില്ലെന്ന് പ്രതിപക്ഷത്തുനിന്നും ആരെങ്കിലും പറഞ്ഞിട്ടുണ്ടോ; ഈ ഓഡിറ്റ് റിപ്പോർട്ടിൽ

പറഞ്ഞിട്ടുണ്ടോ; എന്തിനാണ് അങ്ങ് എല്ലാംകൂടി മിക്സ് ചെയ്ത് പറയുന്നത്. ഇതെല്ലാം പ്രത്യേകംപ്രത്യേകമായിട്ടുള്ള കാര്യങ്ങളാണ്. ഞങ്ങൾ സംസാരിച്ചതും സി.ആന്റ് എ.ജി. റിപ്പോർട്ടും ഈ സഭയുടെ റിക്കോർഡിലുള്ളതാണ്. അതുകൊണ്ട് ദയവുചെയ്ത് അത് തെറ്റിദ്ധരിപ്പിച്ച് പറയരുതെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വളരെ ലളിതമായിട്ടൊരു കാര്യം പറയാം, ഇവിടെ കിഫ്ബി സി.ആന്റ് എ.ജി.-ക്ക് കൊടുത്ത റിപ്പോർട്ടിൽ ഇത് കണ്ടിജന്റ് ലയബിലിറ്റിയാണെന്ന് പറയുന്നു. എങ്ങനെയാണ് ഇത് കണ്ടിജന്റ് ലയബിലിറ്റിയാകുന്നത്? എനിക്ക് അറിയേണ്ടൊരു കാര്യം, ഇതിനകത്ത് ഗവൺമെന്റ് ഗ്യാരന്ററായി നിൽക്കുന്ന, ഗവൺമെന്റിന്റെ എക്സ്ചെക്കറിൽനിന്ന് പണം കൊടുക്കുന്ന, സ്വന്തമായി വരുമാനം ജനറേറ്റ് ചെയ്യാൻ കഴിയാത്ത ഒരു സ്ഥാപനത്തിന് അവിടെ വരുന്ന ഈ ബാദ്ധ്യത എങ്ങനെയാണ് കണ്ടിജന്റ് ലയബിലിറ്റിയാകുകയെന്ന് അങ്ങൊന്ന് വിശദീകരിക്കാമോ?

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, സ്റ്റേറ്റിന്റെ കാര്യം പറഞ്ഞപ്പോൾ ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. R.D. Shetty vs. The International Airport Authority of India and others എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു സ്ഥാപനത്തെ സ്റ്റേറ്റായി നിർവ്വചിക്കണമെങ്കിൽ, അതിനെ ആ നിലയ്ക്ക് വിലയിരുത്തണമെങ്കിൽ കൃത്യമായിട്ടുള്ള ചില ടെസ്റ്റുകൾ പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ടെസ്റ്റുകളാണ്, Functional character Governmental in essence, അതിന്റെ ഉള്ളടക്കത്തിൽ/അന്തരാർത്ഥത്തിൽ ഗവൺമെന്റൽ ഫങ്ഷനാണ് ഈ സ്ഥാപനം ചെയ്യുന്നതെങ്കിൽ അത് സ്റ്റേറ്റാണ്. രണ്ടാമത്തെ കാര്യം, deep and pervasive state control, ആഴത്തിലും പരപ്പിലുമുള്ള സ്റ്റേറ്റ് കൺട്രോൾ ഈ സ്ഥാപനത്തിലുണ്ടോ; ഈ സ്ഥാപനത്തിന് ഇല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ ഇതിന്റെ ചെയർമാൻ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയല്ലേ ഇതിന്റെ വൈസ് ചെയർമാൻ. ഇതിലെ ഓരോ പ്രോജക്ടും നിയമസഭയിൽ പറയുന്നതല്ലേ; അങ്ങയുടെ വകുപ്പിന് deep and pervasive state control ഉള്ള ഒരു സ്ഥാപനമല്ലേ; അങ്ങനെയുള്ള ഒരു സ്ഥാപനത്തെ സ്റ്റേറ്റല്ല എന്ന് വേറെ ഏതെങ്കിലും സന്ദർഭത്തിലുള്ള ന്യായവാദങ്ങൾവച്ചുകൊണ്ട് വിശദീകരിക്കുന്നത് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ രണ്ട് ചോദ്യങ്ങളിലേയ്ക്കും ഞാൻ വരാം. ഓഫ്-ബഡ്ജറ്റ് ബോറോയിംഗ് എന്നുവച്ചാൽ എന്താണ്; ഓഫ്-ബഡ്ജറ്റ് ബോറോയിംഗാണെങ്കിൽ രണ്ട് കാര്യങ്ങൾ വേണം. ബഡ്ജറ്റിന്റെ അക്കൗണ്ടിൽ ഈ ചെലവ് വരണം. രണ്ട്, സർക്കാരല്ല വായ്പയെടുക്കുന്നത്,

സർക്കാരിന് പുറത്ത് വേറെ സ്ഥാപനങ്ങളെക്കൊണ്ടാണ് വായ്പയെടുപ്പിക്കുന്നത് അതാണ് ഓഫ്-ബഡ്ജറ്റ് ബോറോയിംഗ്, എന്നിട്ട് കൊടുക്കുന്നു. ഉദാഹരണത്തിന്, റിസർവ് ബാങ്കിന്റെ വളരെ വിശദമായിട്ടുള്ള റിപ്പോർട്ട് പ്രകാരം 2019-2020-ൽ ഇന്ത്യാ സർക്കാരിന്റെ ഓഫ്-ബഡ്ജറ്റ് ബോറോയിംഗിനെക്കുറിച്ച് പറയുന്നുണ്ട്. ഏതെല്ലാം പ്രോഗ്രാമെന്ന് പറയുന്നുണ്ട്, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന, സ്വച്ഛ് ഭാരത് മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന ഇങ്ങനെയുള്ള സ്കീമുകൾ മുഴുവൻ ഓഫ്-ബജറ്റ് ബോറോയിംഗിൽനിന്നാണ്. അത് ഏത് സെക്ടറിലുള്ളതാണ്, ഏതൊക്കെ ഏജൻസികൾ എത്ര ശതമാനം വീതമാണ് എന്നെല്ലാം പറഞ്ഞതിനുശേഷം ഇതുപോലെ സി.ആന്റ് എ.ജി.-യും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇനിമുതൽ ഞങ്ങൾ ബഡ്ജറ്റ് ഡോക്യുമെന്റിൽ ഓഫ്-ബഡ്ജറ്റ് ബോറോയിംഗ് പറയുമെന്ന് ശ്രീമതി നിർമ്മല സീതാരാമന്റെ ആദ്യത്തെ ബജറ്റിൽ പറഞ്ഞിരുന്നു. പക്ഷേ ഓഫ്-ബഡ്ജറ്റ് ബോറോയിംഗ് ഫിസ്കൽ ഡെഫിസിറ്റിൽ കണക്കുകൂട്ടാൻ ഉപയോഗപ്പെടുത്തില്ല. സർക്കാരിന്റെ വായ്പയായി ഇന്നും കരുതുന്നില്ലെന്ന്. ശ്രീമതി നിർമ്മല സീതാരാമന്റെ ബഡ്ജറ്റ് റെക്കോർഡ് അനുസരിച്ച് 2019-2020-ൽ ആകെ ഓഫ്-ബഡ്ജറ്റ് ബോറോയിംഗ് 57,000 കോടി രൂപ, 2019-20 റിവൈസ്ഡ് 1,77,000 കോടി രൂപ. അടുത്ത വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-21-ൽ 1,86,000 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ഓഫ്-ബഡ്ജറ്റ് ബോറോയിംഗാണ്. ബഡ്ജറ്റിന്റെ രേഖയിൽ പറയുന്നതാണ്. പക്ഷേ അത് ഫിസ്കൽ ഡെഫിസിറ്റിന് ആരെങ്കിലും കൂട്ടുന്നുണ്ടോ; കേരളത്തിൽ ഇത് ഓഫ്-ബഡ്ജറ്റ് ബോറോയിംഗല്ല, ഇതാണ് നമ്മുടെ വാദം. കാരണം, ബോഡി കോർപ്പറേറ്റ് എടുക്കുന്നതാണ്. ബഡ്ജറ്റിൽ വച്ചിട്ടുള്ള സ്കീമിനുവേണ്ടിയിട്ടുള്ള വായ്പയല്ല എന്ന് പറഞ്ഞിട്ടും അതല്ല, കേന്ദ്രസർക്കാരിനാകാം, പക്ഷേ 293-ാം വകുപ്പ് പ്രകാരം 3 ശതമാനത്തിനപ്പുറം വായ്പ സംസ്ഥാനം എടുക്കാൻ പാടില്ല, അതിനെ മറികടക്കുന്ന ഈ ഓഫ്-ബജറ്റ് ബോറോയിംഗ്. കേന്ദ്ര സർക്കാരിന്റെ ഓഫ്- ബഡ്ജറ്റ് ബോറോയിംഗോ? ഇത് ഓഫ്-ബഡ്ജറ്റ് ബോറോയിംഗല്ല എന്നുള്ളതാണ് കേരള സർക്കാരിന്റെ നിലപാട്. കിഫ്ബി എന്നുപറയുന്ന ഒരു ബോഡി കോർപ്പറേറ്റ് സ്ഥാപനം വായ്പയെടുത്ത് ഇത് നടപ്പാക്കുകയാണ്. അപ്പോൾ അടുത്ത ചോദ്യമായി വരുന്നത്, ഇങ്ങനെ ചെയ്യുമ്പോൾ ഇതിന്റെ പേമെന്റ്; ഇത് ഡയറക്ട് ലയബിലിറ്റിയാണോ, കണ്ടിജന്റ് ലയബിലിറ്റിയാണോ എന്നുള്ളതാണ് രണ്ടാമത്തെ തർക്കവിഷയം. സി.ആന്റ് എ.ജി.-യുടെ നിലപാട് ഇത് ഡയറക്ട് ലയബിലിറ്റിയാണെന്നാണ്. ശ്രീ. എ. പി. അനിൽ കുമാർ, ഇത് കണ്ടിജന്റ് ലയബിലിറ്റി എന്നല്ല, ഡയറക്ട് ലയബിലിറ്റി ആണെന്നുള്ളതാണ്. കേരള സർക്കാരിന്റെ നിലപാട് ഇതൊരു കണ്ടിജന്റ് ലയബിലിറ്റിയാണെന്നാണ്.

കാരണം കിഫ്ബിക്ക് തുക തിരിച്ചടയ്ക്കാൻ കഴിയാതെ വന്നാൽ സർക്കാരിന്റെമേൽ ഈ ഭാരമുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ തെറ്റിദ്ധരിക്കുന്നതുപോലെ ഇത് ഡയറക്ട് ലയബിലിറ്റിയല്ല. മറിച്ച് കണ്ടിജന്റ് ലയബിലിറ്റിയാണെന്നാണ് സർക്കാർ പറയുന്നത്. കിഫ്ബി വായ്പയെടുക്കുന്ന പണങ്ങൾക്ക് ഗ്യാരന്റി കൊടുക്കാമെന്ന് നിയമസഭതന്നെ പാസ്സാക്കിയ നിയമത്തിലുണ്ട്. നേരത്തെ ഇങ്ങനെയുള്ള വായ്പകൾ കണ്ടിജന്റ് ലയബിലിറ്റി മാത്രമല്ല, ക്വാട്ട് ആന്റ് ക്വാട്ട് ഡയറക്ടാണെന്ന് വ്യാഖ്യാനിക്കാൻ പറ്റുന്ന ഒന്നല്ലേ നമ്മുടെ ആന്വിറ്റി പ്രോഗ്രാം. ഏറ്റവും കൂടുതൽ ആന്വിറ്റി പ്രോഗ്രാംസ് എടുത്തിട്ടുള്ളത് യു.ഡി.എഫ്.-ന്റെ ഭരണകാലത്തല്ലേ; എന്താണ് ആന്വിറ്റി പ്രോഗ്രാം എന്നുപറയുന്നത്? നൂറ് കോടി രൂപയുടെ ഒരു കെട്ടിടമോ സ്റ്റേഡിയമോ പണിയാൻ തീരുമാനിക്കുന്നു. 20 വർഷംകൊണ്ടേ അതിന്റെ വായ്പാ തുക നൽകുകയുള്ളൂ. 20 വർഷംകൊണ്ട് എത്രരൂപ നൽകണം, ലോവസ്റ്റ് റേറ്റിൽ ടെന്റർ ക്വാട്ട് ചെയ്യുന്ന ആൾക്ക് കൊടുക്കും. അവർ 20 വർഷക്കാലത്തെ പലിശയും ആ കാലത്തെ മെയിന്റനൻസ് ചാർജ്ജുംകൂടി കണക്കിലെടുത്ത് ക്വാട്ട് ചെയ്യുന്നു. അങ്ങനെയല്ലേ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെയെല്ലാം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ. അങ്ങനെയല്ലേ തിരുവനന്തപുരത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയവും.

2.00 P.M.]

ഇവിടെയുള്ള പ്രതിപക്ഷനേതാക്കളോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് എപ്പോഴെങ്കിലും നിങ്ങളുടെ annuity liability മുഴുവൻ സർക്കാരിന്റെ വായ്പയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? കിഫ്ബിയെന്ന് പറയുന്നത് ഒരു annuity programme തന്നെയാണ്. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പകുതി, പെട്രോൾ സെസ്സിന്റെ ഒരു ഭാഗം എന്നിവ കിഫ്ബിക്ക് കൈമാറുന്നു. അത് കൃത്യമായി നൽകണമെന്ന് നിർണ്ണയിക്കപ്പെട്ടതാണ്. അത് കിഫ്ബിക്ക് ലഭിക്കുമ്പോൾ ഈ തിരിച്ചടവിനുള്ളിൽ തങ്ങളുടെ ലയബിലിറ്റി നിർത്തിക്കൊണ്ട് വായ്പയെടുക്കും. ഓരോ പ്രോജക്ടും എടുക്കുമ്പോൾ അതിന്റെ ലയബിലിറ്റി എത്ര വരും; ആ വർഷം വരുമാനം എത്രയായിരിക്കും തുടങ്ങി ലഭിക്കുന്ന വരുമാനത്തിന്റെ അപ്പുറത്തേയ്ക്ക് ബാധ്യത ഒരുകാലത്തും ഉയരില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് ഏറ്റവും മികവാർന്ന ഒരു അസ്സറ്റ് ലയബിലിറ്റി സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ പറയുന്നതുപോലെയല്ല സി. ആന്റ് എ.ജി. പറയുന്നത്. സംസ്ഥാന സർക്കാരിൽ നിന്നുമാത്രമാണോ കിഫ്ബിക്ക് വരുമാനം? അല്ല. ഇപ്പോൾ നാലിലൊന്ന് പ്രോജക്ടുകൾ പലിശയടക്കം തിരിച്ചടവുള്ളതാണ്. പെട്രോകെമിക്കൽ പാർക്കിന് വേണ്ടിയെടുത്ത തുകയിൽ 400 കോടി രൂപ തിരിച്ച് കിട്ടിക്കഴിഞ്ഞു. എന്തടിസ്ഥാനത്തിലാണ് കിഫ്ബിക്ക് സർക്കാരിന്റെ വരുമാനം

മാത്രമേയുള്ളൂവെന്ന് പറയുന്നത്? കൊടുക്കുന്ന വായ്പയ്ക്ക് ലഭിക്കുന്ന തിരിച്ചടവും വരുമാനമാണ്. കിഫ്ബിയുടെ മോഡൽ growing annuity മോഡലാണ്. It is a business model. ഇതിന്റെയടിസ്ഥാനത്തിൽ എത്ര വിസ്മയകരമായിട്ടുള്ള മാറ്റമാണ് നാട്ടിലിപ്പോൾ വന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾതന്നെ ആലോചിക്കണം. കൂട്ടായിട്ടാണ് നിയമം പാസ്സാക്കിയത്. ഇക്കാര്യത്തെ സംബന്ധിച്ച് കൂടുതൽ ജാഗ്രത ഏതെല്ലാം കാര്യത്തിൽ വേണമെന്നത് കൂട്ടായി ചർച്ച ചെയ്യേണ്ട കാര്യമാണ്. എന്തിനാണ് വഴിപിരിഞ്ഞത്? ഇലക്ഷൻ അടുത്തുവന്നപ്പോഴാണ് വഴിപിരിഞ്ഞത്. അതിന് കാരണമുണ്ട്, നാട്ടിൽ ഇക്കാര്യങ്ങളൊക്കെ നടക്കുന്നു, അതിന്റെ ആരവം വരുന്നു. രാഷ്ട്രീയമായി ഇതിന്റെ ഗുണം ഞങ്ങൾക്ക് ലഭിക്കുമോയെന്ന ശങ്ക കാരണം ലൈഫ് പദ്ധതി വേണ്ടെന്ന് പറഞ്ഞതുപോലെ കിഫ്ബിയും വേണ്ടെന്ന് പറയാനായി നിങ്ങളുണ്ടാക്കിയ ഒരു വലിയ പ്രോഗ്രാമും പ്രോജക്ടുമുണ്ട്. സി. ആന്റ് എ.ജി. XXXXX*. ഔദ്യോഗികമായി വരുന്നതിനുമുൻപ് ഈ നിയമസഭയിൽ വന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട പ്രിൻസിപ്പൽ എ.ജി.-യെക്കുറിച്ച് വളരെ മോശമായ പരാമർശം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തുകയുണ്ടായി. XXXXX* അത് വളരെ തെറ്റായ പരാമർശമാണ്. എ.ജി.-യെക്കുറിച്ചുള്ള പ്രസ്തുത പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യണം. അതേസമയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ വെല്ലുവിളിക്കുന്നു. ഞാനോ മറ്റാരെങ്കിലുമോ ഔദ്യോഗികമായി എ.ജി. സൂക്ഷിക്കേണ്ട ഏതെങ്കിലുമൊരു രേഖ ഞങ്ങളിവിടെ ഹാജരാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം ഇവിടെ പറയണമെന്ന് ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എ.ജി.-യെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ പിൻവലിക്കാം. എന്നാൽ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ഭരണഘടനാ സ്ഥാപനങ്ങളെയെല്ലാം കേന്ദ്ര സർക്കാർ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താനായി തകർത്തുകൊണ്ടിരിക്കുകയാണ്. സി. ആന്റ് എ.ജി.-യായി കൊണ്ടുവന്നിരിക്കുന്ന ആളെക്കൂടി ഓർത്താൽ മതി. ഇത് യാദൃശ്ചികമല്ല. സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് തന്നുവെന്ന് ശ്രീ. വി. ഡി. സതീശനിവിടെ പറഞ്ഞു. ശ്രീ. വി. ഡി. സതീശൻ,

---

* പിൻവലിച്ചു.

നിങ്ങൾ ഭരിക്കുമ്പോഴായാലും ശരി സർക്കാരിൽ ഒരു കാര്യം വന്നാൽ നമ്മുടെ തപാലിൽ കാണും. വ്യക്തിപരമായി ആളുകളെ നിർത്തി ഇതുമായി ബന്ധപ്പെട്ട് വരുന്ന സകല വകുപ്പുകളിലെയും മുഴുവൻ തപാലും പരിശോധിച്ചു, അങ്ങനെയൊന്നില്ല. എവിടെ നിന്നാണ് താങ്കൾക്ക് ഈ വിവരം ലഭിച്ചത്. നിങ്ങൾ പി.എ.സി. ചെയർമാനായതിനാൽ ഏതോ വഴിയിൽ നിങ്ങൾക്ക് കിട്ടുമെന്ന് പറഞ്ഞു. എവിടെ നിന്നാണ് ലഭിച്ചതെന്ന് പറയൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിയമസഭയിൽ അങ്ങ് പ്രതിപക്ഷത്ത് ഇരുന്നിട്ടുണ്ട്. ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിരിക്കുകയാണ്. നിങ്ങളെല്ലാം ഗവൺമെന്റുകളുമായി ബന്ധപ്പെട്ട പല രേഖകളും ഇവിടെ ഹാജരാക്കിയിട്ടുണ്ട്, പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അങ്ങ് പൂർണ്ണമായും നിഷേധിച്ചാൽ ഞാനത് ഗൗരവത്തിലെടുക്കും. സി.ആന്റ് എ.ജി. റിപ്പോർട്ടിന്റെ എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് എ.ജി.-യുടെ ഓഫീസിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. ധനകാര്യ സെക്രട്ടറി ഒപ്പിട്ട് തിരിച്ചയച്ചിട്ടില്ല. എ.ജി.-യുടെ ഓഫീസിൽനിന്നും എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചുവെന്നത് അങ്ങ് നിഷേധിച്ചാൽ ഞാൻ തെളിയിക്കാമെന്നാണ് പറഞ്ഞത്. എ.ജി. ഇത്തരത്തിൽ എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നോയെന്ന് ചോദിച്ചുകൊണ്ട് വിവരാവകാശ നിയമമനുസരിച്ച് എ.ജി.-യിൽ കത്ത് നൽകുന്നതുൾപ്പെടെ അനേകം വഴികൾ ഇക്കാലത്തുണ്ട്. ഞാനൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിനകത്ത് രണ്ട് താക്കോലുകളിട്ട് പൂട്ടി സേഫിൽ വച്ചാലും അതൊന്നും ഇപ്പോഴത്തെ കാലത്ത് രഹസ്യമല്ല. അത് ഞങ്ങളുടെ കയ്യിലും കിട്ടും. അങ്ങനെയുള്ള പലകാര്യങ്ങളും ഞാൻ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ എ.ജി.-യുടെ അടുത്ത് നിന്നുമുള്ള രേഖകളൊന്നും ഞങ്ങളാരും ഇവിടെ ഹാജരാക്കിയിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാനിക്കാര്യം നിഷേധിക്കുന്നു. ശ്രീ. വി. ഡി. സതീശൻ എത്രയും പെട്ടെന്ന് വിവരാവകാശ നിയമപ്രകാരം എ.ജി.-ക്ക് കത്ത് നൽകി ലഭിക്കുന്ന തെളിവ് നൽകണം. ധനകാര്യ വകുപ്പിൽ കത്ത് നൽകിയാലും മറുപടി ലഭിക്കും. എ.ജി.-യെ മാത്രമല്ല ധനകാര്യ വകുപ്പിനെയും നിങ്ങൾക്ക് വിശ്വസിക്കാം. ഞാൻ ദീർഘിപ്പിക്കുന്നില്ല. പറയാനായി രണ്ട് വാല്യങ്ങളുണ്ട്. എഥിക്സ് കമ്മിറ്റിയിൽ നടന്നിട്ടുള്ള വിശദമായ പ്രതിപാദനമാണ്. എ.ജി.-യുടെ റിപ്പോർട്ടിലെ ഓരോ കാര്യങ്ങളെക്കുറിച്ചും അതിന്റെ നടപടിക്രമങ്ങളെക്കുറിച്ചും സമയപരിമിതി കാരണം ഞാൻ വിശദീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രതിപക്ഷത്ത് നിന്ന് ഉന്നയിച്ച കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ മറുപടി പറഞ്ഞിട്ടില്ല. നഗ്നമായ ഭരണഘടനാലംഘനം ഇവിടെയുണ്ടായിരിക്കുന്നു. അത് ചൂണ്ടിക്കാണിച്ച ഭരണഘടനാ സ്ഥാപനത്തെ ഇകഴ്ത്തിക്കാണിക്കാനുള്ള നീക്കങ്ങളാണ് നടന്നത്. വാസ്തവത്തിൽ ഭരണഘടനാ തത്വങ്ങളും ഭരണഘടനയും ലംഘിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി രാജിവച്ചൊഴിയുകയാണ് വേണ്ടത്. അദ്ദേഹത്തിന്റെ മറുപടിയിൽ ഞങ്ങൾ തൃപ്തരല്ല. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീമതി യു. പ്രതിഭ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2021-22-ലെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. നവകേരളത്തിന്റെ കുതിപ്പിന് കൂടുതൽ കരുത്തേകാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്ക് കഴിയും. കോവിഡ്-19 കാലത്തെ മാനസിക സമ്മർദ്ദം നൽകിയ ആഘാതത്തിൽനിന്ന് കരകയറാൻ ഒപ്പമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്രതീക്ഷാനിർഭരമായ വരികളെഴുതിയ കുരുന്ന് പ്രതിഭകളുടെ ഭാവനകൾകൂടി ചേർത്തവതരിപ്പിച്ച് ഭാവി കേരളത്തിന്റെ സാഹിത്യ മേഖലയ്ക്ക് വലിയ തരത്തിലുള്ള സംഭാവന നൽകാൻ കഴിയുന്ന തരത്തിലുള്ള കുറിപ്പുകളും ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആ കുഞ്ഞുങ്ങൾക്ക് നൽകിയ

അംഗീകാരത്തെ എത്ര അഭിനന്ദിച്ചാലാണ് മതിയാകുക. ആകാശത്തെ പറവകളെ നോക്കുവിൻ അത് വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല പക്ഷേ അതിന്റെ സൃഷ്ടാവ് അതിനുവേണ്ടി എല്ലാം കരുതി വച്ചിട്ടുണ്ട്. കോവിഡ്-19 പ്രതിസന്ധിയിൽപ്പെട്ടുപോയ സാധാരണ മനുഷ്യർക്ക് സൃഷ്ടാവിന്റെ രൂപത്തിലാണ് ഇന്ത്യകണ്ട ഏറ്റവും മികച്ച മുഖ്യമന്ത്രിയും മികവുറ്റ മന്ത്രിമാരും ഏറ്റവും മികച്ച സേവനങ്ങൾ നൽകി അവരെ ചേർത്തുപിടിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, സാംസ്കാരികം, സഹകരണം, വൈദ്യുതി, ജലസേചനം, പശ്ചാത്തല വികസനം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും വലിയ തരത്തിലുള്ള കുതിച്ചുചാട്ടങ്ങൾ കഴിഞ്ഞ നാലരവർഷക്കാലം നമുക്ക് കാണാൻ കഴിഞ്ഞു. പണ്ട് കാലത്ത് ചില തറവാടുകളിൽനിന്നും വൈകുന്നേരം ഒരു ചോദ്യം വരുമായിരുന്നു; 'അത്താഴ പട്ടിണിക്കാരുണ്ടോ' എന്ന്. കേരളത്തിലെ ഗവൺമെന്റ് ആ ചോദ്യം ആവർത്തിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ, വിശക്കുന്ന ഒരു വയറും ഈ കേരളത്തിലുണ്ടാകരുതെന്ന് പറഞ്ഞ ഗവൺമെന്റ് കോവിഡ്-19 കാലത്ത് വിശക്കുന്ന വയറുകൾക്കുവേണ്ടി 'അത്താഴ പട്ടിണിക്കാരുണ്ടോ' എന്ന് ചോദിച്ചുകൊണ്ട് പഞ്ചായത്തുകളിലൂടെ 1137 കമ്മ്യൂണിറ്റി കിച്ചനുകൾ തുടങ്ങി. വാഗ്ദാനങ്ങളുടെ ശവപ്പറമ്പാണ് ഈ ബഡ്ജറ്റെന്ന് വളരെ മുതിർന്നൊരംഗം പറയുന്നതുകേട്ടു. ഇങ്ങനെയുള്ള നട്ടാൽ കുരുക്കാത്ത തരത്തിലുള്ള നുണ പറയാൻ എങ്ങനെയാണ് കഴിയുന്നത്. കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ നന്മയും തിന്മയും തമ്മിലും നേരും നുണയും തമ്മിലായിരുന്നു മത്സരം. അവിടെ നന്മയും നേരും വിജയിച്ചു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വലിയ ഭൂരിപക്ഷത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പഞ്ചായത്ത് ഭരണം അധികാരത്തിലേയ്ക്ക് വന്നു. അത് ഈ നാട്ടിലെ ജനങ്ങൾക്ക് കേരളത്തിലെ ഗവൺമെന്റിനോടുള്ള വിശ്വാസം കൊണ്ടാണെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കാർക്കും സംശയമില്ല. എങ്ങനെയാണ് ശവപ്പറമ്പെന്ന് ആക്ഷേപിച്ചതെന്ന് എനിക്കറിയില്ല. അങ്ങേയറ്റം വേദനാജനകമായിട്ടുള്ളൊരു പ്രസ്താവനയായിട്ടാണ് ഞാനതിനെ കാണുന്നത്. പ്രകടന പത്രികയിൽ പറഞ്ഞ 98% കാര്യങ്ങളും പൂർത്തിയാക്കിയൊരു ഗവൺമെന്റാണിത്. പക്ഷേ, അത് പറയുമ്പോഴും പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കൊടുത്തതിനുശേഷമുള്ളൊരു ബഡ്ജറ്റാണ് നമ്മൾ കഴിഞ്ഞ രണ്ട് തവണയായി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ നമുക്ക് ലഭിച്ചിരുന്ന 42 ശതമാനം വിഹിതത്തിൽനിന്ന് സംസ്ഥാനങ്ങൾക്കുള്ള വിഹിതം കുറഞ്ഞുവെന്ന യാഥാർത്ഥ്യം നമ്മൾ കാണേണ്ടതായിട്ടുണ്ട്. അതുപോലെ സെസ്സും സർചാർജ്ജും 12 ശതമാനം കൂട്ടുകയാണ്. കോർപ്പറേറ്റ് ടാക്സ് മുപ്പതിൽനിന്നും ഇരുപത്തിരണ്ട് ശതമാനമായി കുറയാൻ പോകുകയാണ്. ഇതൊക്കെയാണ് ഈ ബഡ്ജറ്റിന്റെ സാമ്പത്തിക വസ്തുതകളെന്നിരിക്കെ കേരളത്തിന്റെ വളർച്ചാനിരക്ക് താഴോട്ട്

പോകുകയാണെന്ന് പ്രതിപക്ഷത്തിരുന്ന് പറഞ്ഞവർ കേരള സംസ്ഥാന സമ്പദ് വ്യവസ്ഥ നേരിടുന്ന പ്രതിസന്ധികൾ എന്തുകൊണ്ടാണ് മറന്നുപോകുന്നത്. ബോധപൂർവ്വം മറക്കുന്നതാണെന്ന് കരുതാൻ കഴിയില്ല. 1957 മുതലുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ഓരോ കാലഘട്ടത്തിലും മാറിമാറി വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയ ക്ഷേമ വികസന പ്രവർത്തനങ്ങളുടെ ആകെത്തുക തന്നെയാണ് നമ്മൾ ഇപ്പോൾ കാണുന്നത്. ചരിത്രത്തിലെ ഏറ്റവും മികവാർന്ന പ്രവർത്തനങ്ങളിലേയ്ക്ക് പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോയി എന്ന പ്രത്യേകതയാണ് നമുക്ക് കാണാൻ കഴിയുന്നത്. കോവിഡ്-19 മഹാമാരി നൽകിയ പ്രതിസന്ധി ചെറുതായിരുന്നോ? രാജ്യം അടച്ചിട്ടപ്പോൾ ലോകത്തിന്റെ സമ്പദ് വ്യവസ്ഥതന്നെ തകരുകയും വലിയ നിരാശയിലേയ്ക്ക് പോകുകയും ചെയ്തതിന്റെ ഫലമായി സ്വാഭാവികമായും വളർച്ചാ നിരക്കിനെ അത് ബാധിച്ചു. ഉൽപ്പാദനവും വ്യവസായവും തൊഴിലില്ലായ്മയും ഉൾപ്പെടെ വലിയൊരു പ്രതിസന്ധിയായിരുന്നു. പ്രളയം തന്ന സാമ്പത്തിക ആഘാതമുൾപ്പെടെയുള്ളവയെ അതിജീവിച്ചൊരു ബജറ്റാണെന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്ക് ബോദ്ധ്യമുണ്ട്. ആ അവസരത്തിൽ കേരളത്തിലെ ഗവൺമെന്റ് ഇവിടത്തെ ജനങ്ങളോട് മുണ്ട് മുറുക്കി ഉടുക്കാൻ പറഞ്ഞിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും നൽകുന്ന വാഗ്ദാനങ്ങൾ പൊള്ളയല്ലെന്ന് ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം 17 ഇനങ്ങളടങ്ങുന്ന ഭക്ഷ്യ കിറ്റ് നൽകിയെന്ന് പറയുന്നത് ചെറിയൊരു കാര്യമാണോ? ഇപ്പോഴും ഭക്ഷ്യധാന്യ കിറ്റുകൾ ജനങ്ങളുടെ കയ്യിലെത്തുകയാണ്. വലിയൊരു ബുദ്ധിമുട്ട് ജനങ്ങൾക്കുണ്ട്, കാരണം അവരുടെ ദൈനംദിന ജീവിതത്തിന്റെ താളം തെറ്റി. പലരുടേയും തൊഴിൽ നഷ്ടപ്പെട്ടു. പക്ഷേ, അപ്പോഴും ആ കുടുംബങ്ങളെ ചേർത്ത് പിടിക്കുവാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങളാണ് ഏറ്റവും മികവാർന്ന രൂപത്തിൽ എടുത്തുകാണിക്കേണ്ടത്. 88.42 ലക്ഷം കുടുംബങ്ങൾക്ക് ഇപ്പോഴും ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ട്. ഇതിനുപുറമെ 26 ലക്ഷം വിദ്യാർത്ഥികൾക്കും ഒരുലക്ഷം മത്സ്യത്തൊഴിലാളികൾക്കും ഭക്ഷ്യധാന്യ കിറ്റ് നൽകി. ഡൽഹിയിൽ നിന്ന് 1200 കിലോമീറ്റർ സൈക്കിൾ ചവിട്ടിയ പാവപ്പെട്ടൊരു പെൺകുട്ടിയുടെ ചിത്രം നമ്മുടെയെല്ലാം മനസ്സിൽ വേദനയായിനിന്നു. എന്തുകൊണ്ടാണത്? അവർക്ക് യാത്രാമാർഗ്ഗമില്ല, തൊഴിൽ നഷ്ടപ്പെട്ടു, നാട്ടിലേയ്ക്ക് മടങ്ങാൻ കഴിയുന്നില്ല. മരിച്ച് കിടക്കുന്ന അമ്മയുടെ മുന്നിൽ വിറങ്ങലിച്ചു നിൽക്കുന്ന ഒന്നുമറിയാത്ത പിഞ്ചുകുഞ്ഞിന്റെ മുഖവും ഇന്ത്യാ മഹാരാജ്യത്തെ തൊഴിലാളികളുടേയും കേരളത്തിലെ അതിഥി തൊഴിലാളികളെന്ന് വിശേഷിപ്പിക്കുന്ന മറ്റ് നാട്ടിൽനിന്ന് ജോലിക്ക് വന്ന പാവപ്പെട്ട തൊഴിലാളികളുടെ വേദനിക്കുന്ന ചിത്രവും നമ്മുടെ ആരുടേയും മനസ്സിൽനിന്ന് പോയിട്ടില്ല. പക്ഷേ കേരളത്തിൽ 1.5 ലക്ഷം അതിഥി തൊഴിലാളികൾക്കടക്കം സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നൽകിയിട്ടുള്ളൊരു

സംസ്ഥാനമാണ് കേരളം. സമയക്കുറവുള്ളതുകൊണ്ട് എല്ലാ മേഖലയിലും നടന്ന വികസന പ്രവർത്തനങ്ങളിലേയ്ക്ക് ഞാൻ കടന്ന് പോകുന്നില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് കാർഷിക മേഖലയിൽ ശ്മശാന മൂകതയായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. കൃഷി അവരുടെ അജണ്ടയിൽപ്പോലുമുണ്ടായിരുന്നില്ല. എന്നാൽ നമ്മൾ അവിടെ നിന്നെല്ലാം മാറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന വാക്കുകളാണ് നമുക്കെല്ലാം പ്രചോദനം. അദ്ദേഹം പറഞ്ഞിട്ടുണ്ട്, വിവാദങ്ങൾക്ക് പുറകെപോകാൻ നമുക്കാർക്കും സമയമില്ല. കാരണം കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റ്. അതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കാണ് ഞങ്ങൾ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. വലിയ വികസന പ്രവർത്തനങ്ങളോടൊപ്പം സമാന്തരമായിത്തന്നെ ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം നിയമസഭയിലെ ഒരംഗം ഈ സർക്കാർ ചെറുപ്പക്കാരെ വഞ്ചിച്ചുവെന്ന് പറഞ്ഞിരുന്നു. ഈ ഗവൺമെന്റല്ല, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് ചെറുപ്പക്കാരെ വഞ്ചിച്ചത്. ഏകദേശം 151513 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. ഓരോ മേഖലയിലും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിന്റെ രേഖകളെല്ലാം എല്ലാവർക്കും ഇവിടെനിന്ന് ലഭിക്കുന്നതാണ്. പെൻഷന്റെ കാര്യം എന്നെ ഏറ്റവും കൂടുതൽ വിസ്മയിപ്പിച്ചൊരു കാര്യമാണ്. കാരണം, പറയുന്ന വാഗ്ദാനങ്ങളൊക്കെ വെള്ളത്തിൽ വരച്ച വരയാണ് കോൺഗ്രസ്സിനെങ്കിൽ, ഇടതുപക്ഷം അങ്ങനെയല്ല. യു.ഡി.എഫ്. കാലത്തെ കുടിശ്ശികയടക്കം നൽകുകയാണ്. അതിനൊന്നും യാതൊരു അവകാശവാദവുമില്ല. 1725 കോടി രൂപയുടെ കുടിശ്ശികയാണ് സർക്കാർ കൊടുത്തു തീർത്തത്. അന്ന് 38 ലക്ഷം പേർ പെൻഷൻ വാങ്ങിയിരുന്നുവെങ്കിൽ ഇപ്പോൾ 61 ലക്ഷം പേരാണ് പെൻഷൻ വാങ്ങുന്നത്. അതിനായി 11,000 കോടി രൂപയാണ് പ്രതിവർഷം ചെലവഴിക്കുന്നത്. ഏറ്റവും അതിശയിപ്പിക്കുന്ന കണക്ക് യു.ഡി.എഫ്.-ന്റെ കാലത്ത് അവർക്ക് അഞ്ച് വർഷക്കാലംകൊണ്ട് 9311 കോടി രൂപ മാത്രമാണ് പെൻഷൻ നൽകാൻ കഴിഞ്ഞതെങ്കിൽ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഈ ചുരുങ്ങിയ നാലരവർഷംകൊണ്ട് 30515 കോടി രൂപയാണ് നൽകിയത്. ഈ വ്യത്യാസം കേരളത്തിലെ ജനങ്ങൾക്കറിയാം. പ്രാഥമികവും അടിസ്ഥാന വുമായിട്ടുള്ള ആവശ്യങ്ങളായ പാർപ്പിടവും ഭക്ഷണവുമടക്കം നൽകുന്നു. റോഡുകൾ, മേൽപ്പാലങ്ങൾ, അടിപ്പാതകൾ, അതിവേഗ ഇടനാഴികൾ അടക്കമുള്ള വലിയ പ്രോജക്ടുകൾ ഒരുഭാഗത്തുകൂടി പ്രാവർത്തികമാക്കുന്നു. നമ്മളെല്ലാം ഈ മാറ്റങ്ങൾ കാണുന്നുണ്ട്. തിരുവനന്തപുരം പട്ടണത്തിലൂടെ സഞ്ചരിച്ചാൽ മുമ്പെങ്ങുമില്ലാത്ത തരത്തിലുള്ള വിസ്മയകരമായ മാറ്റങ്ങളുണ്ട്. കേരളം മുഴുവൻ ആ മാറ്റങ്ങളുണ്ട്.

കന്യാകുമാരി മുതൽ കാസർഗോഡ് വരെ വളരെ വ്യക്തമായ രൂപത്തിൽ ആ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഒരു ഭാഗത്ത് ക്ഷേമപ്രവർത്തനങ്ങളും മറുഭാഗത്ത് വലിയ പ്രോജക്ടുകളും നടപ്പാക്കുന്നുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് അടിച്ചു പൊളിക്കാൻവേണ്ടി മാത്രമാണ് കടമെടുത്തത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് പാവപ്പെട്ട ജനങ്ങൾക്ക് ആനുകൂല്യം നൽകാനും അവർക്കിവിടെ നന്നായി ജീവിക്കാനുള്ള സാഹചര്യമൊരുക്കാനും അവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ സ്കൂളുകൾ മെച്ചപ്പെടുത്താനും ആശുപത്രികൾ മെച്ചപ്പെടുത്താനുമാണ്. കടമാണെന്ന് കരുതി യു.ഡി.എഫ്. വിഷമിക്കേണ്ട കാര്യമില്ല. കടമെടുത്താൽ കൊടുത്തു തീർക്കാൻ അറിയാവുന്ന ധന മാനേജ്മെന്റുള്ള ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. അതുകൊണ്ട് ഈ ഗവൺമെന്റ് തുടരേണ്ടത് നാടിന്റെ ആവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. ആശാ വർക്കർമാരുടെ ഓണറേറിയത്തെ സംബന്ധിച്ച് വളരെ കൗതുകകരമായിട്ടുള്ളൊരു നിരീക്ഷണം നടത്തി. സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണിയുടെ കാലത്താണ് 300 രൂപ ആദ്യമായി ആശാ വർക്കേഴ്സിന് നൽകുന്നത്. അതിനുശേഷം ഒരിക്കൽ യു.ഡി.എഫ്. ഗവൺമെന്റ് ആകെ 600 രൂപ വർദ്ധിപ്പിച്ച് 900 രൂപയായി. ഇന്ന് കേരളത്തിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു ആശാവർക്കർ അഭിമാനത്തോടെ ജോലി ചെയ്യുന്നു. ഒട്ടേറെ ശ്രമകരമായ ജോലികൾ അവർ ഈ കോവിഡ്-19 കാലത്ത് ചെയ്തിട്ടുണ്ട്. അവർക്ക് അവരുടെ ജോലിക്കനുസരിച്ച് പതിനായിരവും പന്ത്രണ്ടായിരവും രൂപയാണ് ലഭിക്കുന്നത്. കോവിഡ്-19 കാലത്ത് പ്രത്യേക ഇൻസെന്റീവ് നൽകി. 900 രൂപയിൽനിന്ന് 12,000 രൂപ എന്ന വർദ്ധനവ് ചെറുതാണോ? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറിനോട് നമുക്കാർക്കും ദേഷ്യമില്ല. അദ്ദേഹം സൗമ്യനാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി യു.ഡി.എഫ്.-നെ നയിക്കുമെന്ന ഒരു സന്തോഷ വാർത്ത കേട്ടു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി യു.ഡി.എഫ്.-നെ നയിച്ചോട്ടെ, കേരളത്തെ ശ്രീ. പിണറായി വിജയൻ നയിക്കും. ഞങ്ങൾക്കാർക്കും അതിലൊരു സംശയവുമില്ല. അവിടെ ചില നേതാക്കന്മാരുടെ ഇടയിൽ ചില അസ്വാരസ്യങ്ങളൊക്കെ കണ്ടു. യു.ഡി.എഫ്.-ഉം, ബി.ജെ.പി.-യും ഉയർത്തുന്ന എല്ലാ നുണപ്രചരണങ്ങളെയും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ തകർത്തെറിഞ്ഞു. നൂറ് ആട് ഉണ്ടെന്നിരിക്കെ ഒരാടിനെ നഷ്ടമാകുന്ന ഇടയൻ കാണാതാകുന്ന ഒന്നിനെയുംകൂടി കണ്ടെത്താൻ ശ്രമിക്കുന്ന കരുതലാണ് കേരളത്തിലെ ഗവൺമെന്റിന് ജനങ്ങളോടുള്ളത്. കേരള ജനതയെ പ്രതിസന്ധി കാലഘട്ടത്തിൽ നെഞ്ചോട് ചേർത്ത് ഇടതുപക്ഷ മുന്നണി ഭരണം തുടരേണ്ടത് നമ്മുടെ നാടിന്റെ ആവശ്യമാണ്. കാൻസർ രോഗികൾക്ക് ഉൾപ്പെടെ, എല്ലാ ക്ഷേമപെൻഷനുകളും 1,600 രൂപയായി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ 1,500 രൂപയാണെന്ന്

ഞങ്ങൾക്കറിയാമെങ്കിലും വരും ദിവസങ്ങളിൽ അത് 1,600 രൂപയായി മാറും. കാൻസർ രോഗികൾക്കും പ്രത്യേകമായി വർദ്ധനവ് നൽകണമെന്ന് പറയുകയാണ്. 'ജലജീവൻ മിഷൻ' പദ്ധതികൾ നന്നായി നടപ്പിലാക്കുന്നുണ്ട്. നഗരസഭയിലെ 'അമൃത്' പദ്ധതി കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. നമ്മുടെ നാട്ടിലെ ചെറുതും വലുതുമായ ഗ്രാമീണ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയുടെ ഭാഗമാക്കുന്നതിന് ബഡ്ജറ്റിൽ ഒരു ശിപാർശയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കോവിഡ്-19 കാലത്ത് നമ്മുടെ നാടിനെ യാതൊരു ഭയാശങ്കയുമില്ലാതെ നയിച്ച ശുചീകരണതൊഴിലാളികൾക്കും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത ജീവനക്കാർക്കും പ്രത്യേകമായ ഒരു ആരോഗ്യ പരിരക്ഷാ പാക്കേജ് പ്രഖ്യാപിക്കുന്നതിന് അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെയധികം സന്തോഷത്തോടെയും അഭിമാനത്തോടെയും 2021-22-ലെ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 2016-ൽ അധികാരമേറ്റതിനുശേഷം ആദ്യം ചെയ്തത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ ധവളപത്രം എന്നൊരു ഡോക്യുമെന്റ് ഇറക്കുകയായിരുന്നു. അതിലെ ഒന്നാം അദ്ധ്യായത്തിൽ അദ്ദേഹം പറയുന്നത്, മോശപ്പെട്ട സാമ്പത്തിക സാഹചര്യത്തിലേയ്ക്ക് സംസ്ഥാനത്തെ എത്തിച്ചതിൽ ചെറുതല്ലാത്ത രീതിയിൽ പങ്കുവഹിക്കുന്ന മൂന്ന് വശങ്ങൾ ഇവയാണ്, ഓരോ വർഷവും സംസ്ഥാനത്തിന് താങ്ങുവാൻ കഴിയുന്നതിന് അതീതമായി യഥാർത്ഥ പദ്ധതി വലിപ്പം നിശ്ചയിച്ചിരിക്കുന്നു, മതിയായ വിഭവലഭ്യത ഉറപ്പുവരുത്താതെ പദ്ധതികൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുന്നു. സത്യം പറഞ്ഞാൽ അഞ്ചുവർഷം കഴിഞ്ഞ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഈ വാക്കുകൾ അദ്ദേഹത്തിന് ബൂമറാങ്ങായി മാറിയിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി ഇടതുപക്ഷം എന്താണ് ചെയ്തത്? എനിക്ക് മുമ്പ് സംസാരിച്ച കായംകുളം എം.എൽ.എ.-യടക്കമുള്ള ആളുകൾ പറഞ്ഞതെല്ലാം തെറ്റാണ്. സാധാരണ പി.ആർ. ഏജൻസിയിലൂടെയും ക്യാപ്സ്യൂളുകളിലും നമുക്ക് കള്ളം പ്രചരിപ്പിക്കാം. പക്ഷെ ബഡ്ജറ്റ് ആധികാരികമായിട്ടുള്ള ഡോക്യുമെന്റാണ്. ഇക്കണോമിക് റിവ്യൂ ഡോക്യുമെന്റ് ആധികാരികമായിട്ടുള്ള രേഖയാണ്. 2011-12 മുതൽ 2015-16 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ അഞ്ചുവർഷത്തെ ഭരണം നോക്കുകയാണെങ്കിൽ ആവറേജ് വളർച്ച 7.06 ശതമാനമാണ്. ഡോ. ടി. എം.

തോമസ് ഐസക്കിന്റെ വാക്കുകളിൽ ഈ സർക്കാരിന്റെ കാലത്തുള്ള വളർച്ച 5.09 ശതമാനമാണ്. എന്നുവച്ചാൽ യു.ഡി.എഫ്. സർക്കാരിന്റെ സമയത്തുള്ളതിനേക്കാൾ താഴോട്ടുള്ള ആവറേജ് വളർച്ചയാണ് അഞ്ചുവർഷത്തെ ഇടതുപക്ഷ ഭരണത്തിന്റെ ബാക്കിപത്രമായിട്ടുള്ളത്. നേരത്തെ കായംകുളം എം.എൽ.എ. എവിടെനിന്നോ കിട്ടിയ ഒരു കാപ്സ്യൂൾ പെൻഷന്റെ കാര്യം പറഞ്ഞു. 9,011 കോടി രൂപയുടെ ക്ഷേമപെൻഷൻ മാത്രമാണ് യു.ഡി.എഫ്. കൊടുത്തതെന്ന് പറഞ്ഞത് തെറ്റാണ്. 32 ലക്ഷത്തിലധികം ആളുകൾക്ക് സാമൂഹ്യക്ഷേമ വകുപ്പുവഴി അഞ്ചുവർഷംകൊണ്ട് 14,400 കോടി രൂപയുടെ പെൻഷൻ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് കൊടുത്തു. തൊഴിൽ വകുപ്പുവഴി കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിത തൊഴിലാളി പെൻഷൻ, മരംകയറ്റ തൊഴിലാളി പെൻഷനടക്കം 1,511 കോടി രൂപ ഈ ഇനത്തിൽ യു.ഡി.എഫ്. സർക്കാർ കൊടുത്തു. അതോടൊപ്പം 2003-ൽ കൃഷിവകുപ്പ് 60 വയസ്സ് കഴിഞ്ഞ മൂന്നര ലക്ഷം കർഷകർക്ക് രണ്ട് വർഷംകൊണ്ട് 400 കോടി രൂപയുടെ പെൻഷൻ കൊടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള കണക്കുകൾ കൃത്യമായി പറയുമ്പോൾ കണക്കില്ലാതെയാണ് ഇവർ കാര്യങ്ങൾ പറയുന്നത്. പി.എസ്.സി.-യുടെ കാര്യം പറഞ്ഞപ്പോൾ ആർക്കാണ് ബുദ്ധിമുട്ടുണ്ടായതെന്നാണ് നേരത്തെ സംസാരിച്ച ആളുകൾ ചോദിച്ചത്. നേരത്തെ ഈ നാട്ടിൽ ഒന്നരലക്ഷം ആളുകൾക്ക് പിൻവാതിലിലൂടെ നിയമനം നൽകി പിൻവാതിൽ നിയമനത്തിന് സർവ്വകാല റെക്കോർഡ് വരിച്ച സർക്കാരാണ് ഇടതുപക്ഷ മുന്നണി സർക്കാർ. ധാരാളം പിൻവാതിൽ നിയമനങ്ങൾ നടത്തി. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് കിട്ടിയിട്ടും ജോലി കിട്ടാതെ ആളുകൾ സെക്രട്ടേറിയറ്റിന് മുൻപിൽ സമരം ചെയ്യുന്നത് ഇന്നലെയും ഞാൻ കണ്ടതാണ്. തിരുവനന്തപുരത്ത് അനു എന്ന കുട്ടി ആത്മഹത്യ ചെയ്യുമ്പോൾ, അവരുടെ മുന്നിലൂടെയാണ് സർക്കാർ വണ്ടിയിൽ, സംസ്ഥാനം കൊടുക്കുന്ന ഏറ്റവും വലിയ ശമ്പളമായ മൂന്നര ലക്ഷം രൂപയും വാങ്ങിച്ചുകൊണ്ട്, പത്താംക്ലാസ്സ് മാത്രം പാസ്സായിട്ടുള്ള സ്വപ്ന സുരേഷും കൂട്ടരും പോയിട്ടുള്ളത്. എത്രയോ ആളുകൾ യൂത്ത് കോൺഗ്രസ്സിനെ സമീപിച്ചു. നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയിലെ അംഗമാണ് ഞാൻ. സമിതിയംഗങ്ങൾ മുൻകയ്യെടുത്ത് റാങ്ക് പട്ടികയിലെ ഉദ്യോഗാർത്ഥികളെ തെളിവെടുപ്പിനായി വിളിച്ചു. ഇത്രയും സിറ്റിംഗ് നടത്തിയിട്ട് ഇതുവരെ ഒരാൾക്കെങ്കിലും സമിതിയുടെ ഭാഗമായി അഡീഷണലായി ജോലി കൊടുക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? ഞാനൊരു കഥ പറയുകയാണ്, തമിഴിലെ ഏറ്റവും പ്രധാനപ്പെട്ട കാവ്യമാണ് 'ചിലപ്പതികാരം'. ചിലപ്പതികാരത്തിൽ

കണ്ണകിയുടെ കഥയിൽ ജീവൻ നഷ്ടപ്പെട്ട്, ഭർത്താവിന്റെ മരണശേഷം ആ ക്രോധാഗ്നിയിൽ പാണ്ഡ്യരാജാവിന്റെ മധുരാപുരി കത്തിച്ച കണ്ണകിയുടെ കഥ നമുക്കറിയാം. ഈ വരും ദിവസങ്ങളിൽ ജോലി കിട്ടാതെ കഷ്ടപ്പെട്ട് കരയുന്ന സാധാരണക്കാരായ കണ്ണകിമാരുടെ ക്രോധാഗ്നിയിൽ ഈ സർക്കാർ വെന്ത് ചാമ്പലാകാൻ പോകുകയാണെന്നുള്ള കാര്യം ഞാൻ ഉറപ്പിച്ചുപറയുകയാണ്. യു.ഡി.എഫ്. വളരെ പ്രത്യാശയോടെയാണ് മുന്നോട്ടുപോകുന്നത്. ഈ നാടിനെ മുന്നോട്ട് കൊണ്ടുപോകുവാൻ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'ന്യായ്' പദ്ധതി. പാവപ്പെട്ട ആളുകൾക്ക് ഓരോ മാസവും 6,000 രൂപ കിട്ടുന്ന പദ്ധതി ആകാശത്തുനിന്ന് ഉണ്ടാക്കിയതല്ല. വിശ്വവിഖ്യാതനായ നൊബേൽ സമ്മാനം ലഭിച്ചിട്ടുള്ള അഭിജിത് ബാനർജി എന്ന ഇക്കോണമിസ്റ്റും ശ്രീ. രാഹുൽ ഗാന്ധി അടക്കമുള്ള ആളുകളുമായി നടത്തിയ ചർച്ചയുടെ ഭാഗമാണ് ന്യായ് എന്ന ആശയം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ കൊണ്ടുവന്നത്. ആ ആശയത്തെ ഡോ. രഘുറാം രാജനെപ്പോലുള്ള പ്രധാന ഇക്കോണമിസ്റ്റുകൾ സപ്പോർട്ട് ചെയ്യുകയാണ്. ലോകം മുഴുവനുമുള്ള വലത്/ഇടതുപക്ഷ ഇക്കോണമിസ്റ്റുകൾ ന്യായ് പദ്ധതിയെ സപ്പോർട്ട് ചെയ്യുകയാണ്. അതിന് കാരണം, സാധാരണക്കാരായ ആളുകളെ സോഷ്യലിസത്തിന്റെ ശരിയായ വഴിയിലൂടെ മുകളിലോട്ട് കൊണ്ടുപോകാൻ പ്രാപ്തിയുള്ള പദ്ധതിയാണ് ന്യായ് പദ്ധതി. ആ പദ്ധതിയെ എതിർക്കുന്നത് ബി.ജെ.പി.-യാണെങ്കിൽ മനസ്സിലാക്കാം. അവരുടെ തീവ്ര വലതുപക്ഷ നയങ്ങൾക്ക് ന്യായ് പദ്ധതി എതിരാണ്. പക്ഷേ എന്തുകൊണ്ടാണ് ഇടതുപക്ഷവും സി.പി.ഐ.(എം.)-ഉം എൽ.ഡി.എഫ്.-ഉം സോഷ്യൽ മീഡിയയിൽ ന്യായ് പദ്ധതിയെ എതിർക്കുന്നതിന്റെ കാരണമെന്ന് എനിക്ക് മനസ്സിലായി. നിങ്ങൾക്കെല്ലാം മാടമ്പി സ്വഭാവമാണ്. ഈ രാജ്യത്ത് അഞ്ചോ ആറോ സർക്കാരുകൾ കിറ്റ് കൊടുക്കുന്നുണ്ട്. കോൺഗ്രസ്സ് ഭരിക്കുന്ന ഛത്തീസ്ഗഢിലും രാജസ്ഥാനിലും പഞ്ചാബിലും തമിഴ്നാട്ടിലും കിറ്റ് കൊടുക്കുന്നുണ്ട്. അവിടെ കിറ്റ് കൊടുക്കുന്നവർ 'ദാ കിറ്റ് പിടിച്ചോ, ഇത് സർക്കാരിന്റെ ഔദാര്യമാണ് എന്ന് പറയുന്നില്ല. മറ്റാളുകൾ കിറ്റ് കൊടുക്കുന്നതും ഭാവിയിൽ യു.ഡി.എഫ്. വരുമ്പോൾ ന്യായ് പദ്ധതിയിലൂടെ കൊടുക്കുന്നതും ഒരു ഔദാര്യത്തിന്റെയും ഭാഗമായിട്ടല്ല, നാട്ടിലെ സാധാരണക്കാരായ ആളുകളുടെ അവകാശത്തിന്റെ ഭാഗമായിട്ടാണ്. അവരുടെ ആത്മാഭിമാനം സംരക്ഷിക്കുവാൻ, പിൻവാതിലിലൂടെയല്ലാതെ മുൻവാതിലിലൂടെ തലയുയർത്തി മുന്നോട്ടുപോകാനാണ് ന്യായ് പദ്ധതി ആവിഷ്കരിക്കുന്നത്. ഭരണംതന്നെ കുട്ടിച്ചോറാക്കിയ, യാതൊരു സാംഗ്റ്റിറ്റിയും ഇല്ലാത്ത ഈ സർക്കാരിന്റെ 2021-22 വർഷത്തെ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ആന്റണി ജോൺ:</u> സർ, ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ പ്രതിപക്ഷം കണ്ണടച്ച് വിമർശിക്കുന്നത് കേരളത്തിൽ ഒരു തുടർ ഭരണമുണ്ടാകുമെന്ന് അവർക്ക് ഉത്തമബോധ്യമുള്ളതുകൊണ്ടാണ്. അതിൽനിന്നും വന്നിട്ടുള്ള വിഭ്രാന്തിമൂലം എന്തും വിളിച്ചുപറയുന്നതിനും തെറ്റായ നിലപാടുകൾ സ്വീകരിക്കുന്നതിനും പ്രതിപക്ഷം തയ്യാറായി മുന്നോട്ടുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. വാഗ്ദാനങ്ങളുടെ ശവപ്പറമ്പെന്നാണ് ഇവിടെ മുൻപ് സംസാരിച്ച പല അംഗങ്ങളും സൂചിപ്പിച്ചത്. ആരാണ് വാഗ്ദാനങ്ങൾ കൊടുത്ത് ജനങ്ങളെ പറ്റിച്ചിട്ടുള്ളതെന്ന് കേരളത്തിലെ ജനങ്ങൾ അവരുടെ ജീവിത അനുഭവത്തിൽനിന്നും തിരിച്ചറിയുന്നുണ്ട്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ നൽകിയ മറുപടി വീക്ഷിക്കുമ്പോഴെങ്കിലും നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കണം. ഇവിടെ വാഗ്ദാനങ്ങൾ നൽകി പറ്റിച്ചിട്ടുള്ളതാരാണ്? ഇവിടെ മുമ്പ് സംസാരിച്ച എന്റെ പ്രിയസുഹൃത്ത് ശ്രീ. കെ. എസ്. ശബരീനാഥൻ 'ന്യായ്' പദ്ധതിയെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിക്കുകയുണ്ടായി. അതിൽ ഒരു തർക്കവുമില്ല. അത്തരം പദ്ധതികൾ കൊണ്ടുവന്നാൽ കേരളത്തിലെ മുഴുവൻ ജനങ്ങളും സ്വാഗതം ചെയ്യും. പക്ഷേ, കേരളത്തിന്റെ അനുഭവമെന്താണെന്ന് പരിശോധിക്കേണ്ടതാണ്. പാവപ്പെട്ട കുടുംബങ്ങളുടെ അക്കൗണ്ടുകളിലേയ്ക്ക് മാസം 6,000 രൂപ നിരക്കിൽ 72,000 രൂപ വീതം ഒരു വർഷം കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങളെ എങ്ങനെ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കും? 2016-ൽ അധികാരം വിട്ടൊഴിയുമ്പോൾ 19 മാസക്കാലത്തെ ക്ഷേമപെൻഷനല്ലേ നിങ്ങൾ കുടിശ്ശികയാക്കി പോയിട്ടുള്ളത്. അന്ന് 6,000 രൂപയൊന്നും ആയിരുന്നില്ലല്ലോ; തുച്ഛമായ 600 രൂപപോലും കൊടുക്കാത്ത ആളുകളെ വീണ്ടും അധികാരത്തിലെത്തിച്ചാൽ 6,000 രൂപ കിട്ടുമെന്ന് എങ്ങനെ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കും? 2018-ലെ പ്രളയത്തിനുശേഷം കെ.പി.സി.സി. ആയിരം വീടുകൾ നിർമ്മിച്ചുകൊടുക്കുമെന്നുപറഞ്ഞു. ഇത്തരം പ്രഖ്യാപനങ്ങളൊക്കെ നടത്തുന്ന ആളുകൾ കേരളത്തിലെ ജനങ്ങളെ വെല്ലുവിളിക്കുന്ന സമീപനമല്ലേ സ്വീകരിക്കുന്നത്? ഇപ്പോൾ 6,000 രൂപ കൊടുക്കുമെന്ന് പറയുമ്പോഴും നിങ്ങൾ ആയിരം വീട് നിർമ്മിച്ചു കൊടുക്കുമെന്നു പറയുമ്പോഴും ജനങ്ങൾ പരിഹാസത്തോടെയാണ് അതിനെ പുച്ഛിച്ചുതള്ളുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പരിശോധിക്കാം. എന്തെല്ലാം കോലാഹലങ്ങളായിരുന്നു കേരളത്തിൽ. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന മാധ്യമങ്ങളെയും കൂട്ടുപിടിച്ചുകൊണ്ട് ഇടതുപക്ഷത്തെ പരാജയപ്പെടുത്തുന്നതിനുവേണ്ടിയുള്ള വലിയ ഇടപെടൽ നടത്തിയില്ലേ; എന്തെല്ലാം സമരകോലാഹലങ്ങൾ കേരളത്തിലുണ്ടാക്കി. ഇവിടെ ഇടതുപക്ഷത്തെ

പരാജയപ്പെടുത്തുന്നതിനായി യു.ഡി.എഫ്.-നുവേണ്ടി ഓവർടൈം വർക്ക് ചെയ്തു മാധ്യമങ്ങളില്ലേ; അങ്ങനെയുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തിലെ മാധ്യമങ്ങൾ മുന്നോട്ടു പോകുമ്പോഴും ഗ്രാമ-നഗര വ്യത്യാസമില്ലാതെ മുഴുവൻ മേഖലകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ജനങ്ങൾ തെരഞ്ഞെടുത്ത അനുഭവമാണ് ഇവിടെയുണ്ടായിട്ടുള്ളത്. അതുകൊണ്ട്, നിങ്ങൾ ഇനിയെങ്കിലും നിലപാട് തിരുത്താൻ തയ്യാറാകണം. എന്തെല്ലാമായിരുന്നു മാധ്യമങ്ങളിലെ ചർച്ച? ചില ചാനൽ അവതാരകരും യു.ഡി.എഫ്.-ന്റെ പ്രതിനിധികളായി വന്നിരിക്കുന്നവരുമൊക്കെ പറയുന്നതു കേട്ടാൽ നേരം വെളുക്കുന്നതിനുമുമ്പ് കേരളത്തിലെ മുഖ്യമന്ത്രി അറസ്റ്റു ചെയ്യപ്പെടുമെന്ന ഒരു പ്രതീതിയല്ലേ ജനിപ്പിച്ചിട്ടുള്ളത്. അങ്ങനെയൊരു സമീപനം സ്വീകരിച്ചുകൊണ്ട്, എന്തു നുണയും വിളിച്ചുപറയാൻ കഴിയുന്ന തരത്തിലുള്ള ഒരു മാനസികാവസ്ഥയിലേയ്ക്ക് കേരളത്തിലെ യു.ഡി.എഫ്. നേതാക്കൾ മാറി. എന്നിട്ടും യു.ഡി.എഫ്. കാലാകാലങ്ങളായി വിജയിച്ചിരുന്ന മേഖലകളിലൊക്കെ വലിയ ഇടതുമുന്നേറ്റം കേരളത്തിലുണ്ടായിട്ടുണ്ട്. വർഷങ്ങളായുള്ള ചരിത്രം പരിശോധിച്ചാൽ, തെരഞ്ഞെടുപ്പ് നടക്കുന്ന വേളയിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റുകൾക്കെതിരായ ഭരണവിരുദ്ധ വികാരം കേരളത്തിലുണ്ടാകാറുണ്ട്. എന്നാൽ ഈ തെരഞ്ഞെടുപ്പ് ഫലം പരിശോധിച്ചാൽ കേരളത്തിൽ ഒരു സ്ഥലത്തും ഭരണവിരുദ്ധ വികാരമുള്ളതായി കാണാൻ കഴിയില്ല. എന്ത് ദുഃസ്ഥിതിയിലാണ് കേരളത്തിലെ യു.ഡി.എഫ്. ഇന്ന് എത്തിനിൽക്കുന്നത്; തെരഞ്ഞെടുപ്പിൽ ഒരു മുദ്രാവാക്യം പോലും മുന്നോട്ടുവയ്ക്കാൻ കഴിയാത്തത്ര ദയനീയ സ്ഥിതിയിലേയ്ക്ക് കേരളത്തിലെ കോൺഗ്രസും യു.ഡി.എഫ്.-ഉം മാറിയില്ലേ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനു മുമ്പ് ബഹുമാന്യനായ കെ.പി.സി.സി. അദ്ധ്യക്ഷൻ തെരഞ്ഞെടുപ്പ് മുദ്രാവാക്യം മാധ്യമങ്ങളോട് പറയാൻ തയ്യാറായി മുന്നോട്ടു വരികയുണ്ടായി. 'അഴിമതിക്കെതിരെ ഒരു വോട്ട്' എന്ന അവരുടെ തെരഞ്ഞെടുപ്പ് മുദ്രാവാക്യം പ്രഖ്യാപിക്കുന്ന വേളയിൽത്തന്നെ കൂടെനിന്ന ആളുകൾ ഓരോന്നോരോന്നായി അഴിക്കുള്ളിലാകുന്ന കാഴ്ചയാണ് കേരളം കണ്ടത്. എത്രയോ ഉദാഹരണങ്ങൾ നമുക്കറിയാം. മലയാളികൾക്ക് അപമാനമായിട്ടുള്ള പാലാരിവട്ടം മോഡൽ കേരളത്തിന് സംഭാവന ചെയ്തയാളുകളാണ് യു.ഡി.എഫ്.കാർ. കഴിഞ്ഞ ദിവസം അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ തൃക്കാക്കര അംഗം ഉൾപ്പെടെ ബഹുമാന്യനായ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്ന സമീപനം സ്വീകരിച്ചില്ലേ. അഴിമതി, അഴിമതി എന്ന് നിങ്ങൾ പറയുന്നു. എവിടെയാണ് അഴിമതി? നിങ്ങൾക്കൊപ്പം നിൽക്കുന്ന ആളുകളാണ് അഴിമതിക്കാർ. പാലാരിവട്ടം മോഡൽ കേരളത്തിന് സംഭാവന ചെയ്ത യു.ഡി.എഫ്.-നെ കേരളത്തിലെ ജനങ്ങൾ

തിരിച്ചറിഞ്ഞിട്ടുണ്ട്. ആ പാലാരിവട്ടത്തിന് ഏറെ അകലെയല്ല വൈറ്റിലയും കുണ്ടന്നൂരും. ഇച്ഛാശക്തിയോടുകൂടിയ ഒരു ഗവൺമെന്റ് ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ രണ്ട് പാലങ്ങൾ അവിടെ നിർമ്മിച്ചിട്ടുള്ളത്. ഇതുമൂന്നും തമ്മിൽ അധികം അകലമില്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെയുള്ള സമീപനം സ്വീകരിച്ചിട്ടുള്ള ആളുകളാണ് അഴിമതിയെന്ന് പറഞ്ഞുകൊണ്ട് ഇടതുപക്ഷത്തിനെതിരായി മുന്നോട്ടുവരുന്നത്. ഇങ്ങനെ നിരവധിയായിട്ടുള്ള ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. കഴിഞ്ഞ മന്ത്രിസഭയിലുണ്ടായിരുന്നവരുടെയും ഭരണത്തിന് നേതൃത്വം കൊടുത്ത കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയുമെല്ലാം നേതാക്കന്മാരുടെ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച് ചോദ്യോത്തര സമയത്ത് ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഈ സഭയിൽ മറുപടി നൽകിയിട്ടുണ്ട്. ഞാനത് വീണ്ടും ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ആ നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. കൊറോണ വ്യാപിച്ച കാലഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ച സമീപനം കക്ഷിരാഷ്ട്രീയത്തിനതീതമായി മുഴുവനാളുകളും അംഗീകരിക്കുന്നതല്ലേ? ഈ രാജ്യത്തെ മറ്റൊരു ഗവൺമെന്റിനും ചെയ്യാൻ കഴിയാത്ത തരത്തിൽ ഈ ഗവൺമെന്റ് ഇപെട്ടില്ലേ. കോവിഡ്-19 എന്നുള്ളത് ലോകത്തിലെ തന്നെ ആദ്യാനുഭവമല്ലേ? അങ്ങനെയൊരു മഹാമാരിക്ക് മുന്നിൽ പകച്ചുനിൽക്കുകയല്ല സംസ്ഥാന സർക്കാർ ചെയ്തത്, മറിച്ച് ധീരമായി കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചു. ഒരുവേളയിൽ രാജ്യം അടച്ചിടാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തീരുമാനിച്ചതനുസരിച്ച് സംസ്ഥാനം അടച്ചിട്ടപ്പോഴും ഒരാളും പട്ടിണി കിടക്കില്ലെന്ന് ഉറപ്പു വരുത്തുന്ന സമീപനം സംസ്ഥാനം സ്വീകരിച്ചു. അതിന്റെ ഭാഗമായി സൗജന്യ റേഷൻ, ഭക്ഷ്യകിറ്റുകൾ എന്നിവ കൊടുത്തു. ക്ഷേമപെൻഷൻ വീട്ടിലെത്തിച്ചു കൊടുത്തു. ക്ഷേമപെൻഷനുകൾ ഒന്നും കിട്ടാത്ത ആളുകൾക്ക് 1,000 രൂപ വീതം സാമ്പത്തിക സഹായം കൊടുത്തു. സൗജന്യ കോവിഡ് ചികിത്സ ലഭ്യമാക്കി. രാജ്യത്തെ പല മേഖലകളിലും കൂട്ടപ്പലായനങ്ങൾ നമ്മൾ കണ്ടു. കേരളത്തിൽ അതിഥി തൊഴിലാളികളെയുൾപ്പെടെ ഗവൺമെന്റ് സംരക്ഷിച്ചു. അങ്ങനെ വളരെ മാതൃകാപരമായി പ്രവർത്തിച്ച ഒരു ഗവൺമെന്റിനെതിരായിട്ടാണ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തിൽ പ്രതിപക്ഷം മുന്നോട്ടുവരുന്നത്. 2016 മുതൽ ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്ന 2021 വരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും, ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള മാറ്റം വളരെ വ്യക്തമായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം എടുത്തു പറയുന്നുണ്ട്. അത് ഇനിയെങ്കിലും മനസ്സിലാക്കാൻ തയ്യാറാകണം. യു.ഡി.എഫ്. ഇപ്പോൾ പരാജയത്തിന്റെ കാരണം അന്വേഷിച്ച് നടക്കുകയാണ്. കൂടുതൽ നടക്കേണ്ടതില്ല, നിങ്ങളുടെ കയ്യിലിരുപ്പ്

തിരുത്തിയാൽ മതി. ഈ നാട് ഗുരുതരമായ പ്രതിസന്ധി നേരിടുമ്പോൾ രാഷ്ട്രീയ ദുരുദ്ദേശ്യത്തോടുകൂടി പ്രവർത്തിച്ചതാണ് ഇന്നത്തെ ദയനീയമായ പതനത്തിനുള്ള പ്രധാന കാരണമെന്ന് ഇനിയെങ്കിലും യു.ഡി.എഫ്.-ഉം കോൺഗ്രസ്സും തിരിച്ചറിയണമെന്നു മാത്രമാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ജനകീയ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സർവാത്മനാ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. എന്റെ എതിർപ്പ് വെറും രാഷ്ട്രീയ കാരണങ്ങൾ കൊണ്ടല്ല. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള ധനാഗമന മാർഗ്ഗങ്ങൾ എന്താണ്? ഇതെല്ലാം വരുന്ന നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള വെറും വാചകമടി മാത്രമായിട്ടേ കാണാൻ കഴിയുകയുള്ളൂ. നിർദ്ദേശങ്ങൾ പലതും പ്രായോഗികതയില്ലാത്തതും കഴിഞ്ഞ വർഷങ്ങളിലെ നിർദ്ദേശങ്ങളുടെ ആവർത്തനവുമാണ്. ധനം എവിടെ എന്നു ചോദിച്ചാൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു മറുപടിയേ ഉള്ളൂ, കടം വാങ്ങും. ഇടത് സർക്കാരിന്റെ സാമ്പത്തികശാസ്ത്രം കടംവാങ്ങൽ സാമ്പത്തികശാസ്ത്രമാണോ എന്ന് തോന്നിപ്പോകും. ഇപ്പോൾ സംസ്ഥാനം നേരിടുന്നത് ഏറ്റവും വലിയ കടക്കെണിയാണ്. സംസ്ഥാനത്തിന്റെ സഞ്ചിതകടം മൂന്നുലക്ഷം കോടി രൂപയിലെത്തി. ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ സഞ്ചിതകടം ഏകദേശം അഞ്ചുലക്ഷം കോടി രൂപയിലെത്തും. 2016-ൽ ഒരുലക്ഷത്തി നാൽപ്പതിനായിരം കോടി രൂപയായിരുന്നു കടമെങ്കിൽ നാലര വർഷംകൊണ്ട് ഈ സർക്കാർ വരുത്തിവച്ച കടം മൂന്നുലക്ഷം കോടി രൂപയാണ്. നാലര വർഷത്തെ ഇടതുഭരണത്തിൽ വളർന്നത് കേരളമല്ല, കടം മാത്രമാണ്. വികസനമെല്ലാം കടം വാങ്ങിയ പണം കൊണ്ടാണെങ്കിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും എങ്ങോട്ടു പോകുന്നുവെന്നറിയാൻ കേരളത്തിലെ ജനങ്ങൾക്കവകാശമുണ്ട്. വികസന പദ്ധതികളെക്കുറിച്ച് സർക്കാരിനോട് ചോദിച്ചാൽ, എല്ലാത്തിനുമുള്ള പണം കിഫ്ബിയിൽ നിന്ന് കണ്ടെത്തുമെന്നാണ് പറയുന്നത്. കിഫ്ബിയിലേയ്ക്കുള്ള പണത്തിന്റെ വരവ് എവിടെ നിന്നാണ്? സംസ്ഥാനത്തിന് അനുവദനീയമായ പരിധിക്കുപുറത്ത് കടം വാങ്ങാനുള്ള ഒരു ഉപാധിയാണ് കിഫ്ബി എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സി.ആന്റ് എ.ജി.-യുടെ ഓഡിറ്റ് പോലും അനുവദിക്കാതെ കിഫ്ബി ഒരു സമാന്തര സംവിധാനമായി പ്രവർത്തിക്കുന്നത് സർക്കാർ എപ്പോഴും പറയാറുള്ള ഫെഡറൽ സംവിധാനത്തിന് യോജിച്ചതല്ല. കേരളത്തിന്റെ ഭാവിതലമുറയെ സാമ്പത്തിക അരാജകത്വത്തിലേയ്ക്കും തൊഴിലില്ലായ്മയിലേയ്ക്കും എത്തിക്കുമെന്നുള്ള ആശങ്ക ഏതൊരാൾക്കും

മനസ്സിലാകും. ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവച്ച മിക്ക പദ്ധതികളും കേന്ദ്രപദ്ധതികൾ പേരുമാറ്റി അവതരിപ്പിച്ചത് മാത്രമാണെന്ന് വ്യക്തമാണ്. സ്റ്റാർട്ട് അപ് ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ പദ്ധതികൾ സ്റ്റാർട്ട് അപ് കേരള, ഡിജിറ്റൽ കേരള എന്നു മാറ്റുന്നുവെന്നേയുള്ളൂ. റബ്ബറിന്റെ താങ്ങുവില 170 രൂപയായി ഉയർത്തുമെന്ന് പറയുന്നു. ഇപ്പോൾ റബ്ബറിന്റെ വില 165 രൂപ വരെയെത്തിയിട്ടുണ്ട്. റബ്ബറിന്റെ വില 200 രൂപയിലെത്തിക്കുവാനുള്ള നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നു. ഇപ്പോൾ ഒന്നരലക്ഷം വീടുകൾ നിർമ്മിച്ചുകൊടുക്കുമെന്ന് പറയുന്നു. 2020-2022-ഓടുകൂടി എല്ലാവർക്കും വീട് എന്നത് ഇന്ത്യയൊട്ടാകെ മോദി സർക്കാർ 2014 മുതൽ തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്.ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറയുന്നു. ഇപ്പോഴുള്ള ഒഴിവുകളിൽപോലും പിൻവാതിലിലൂടെ നിയമനം നടത്തുന്ന സർക്കാരാണ് പുതിയ തൊഴിലവസരങ്ങളെക്കുറിച്ച് പറയുന്നത്. പി.എസ്.സി. നിയമനങ്ങൾപോലും അട്ടിമറിക്കപ്പെടുന്നു. പി.എസ്.സി.-യുടെ വിശ്വാസ്യത ഇത്രയധികം തകർന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടുണ്ടോ; പാവപ്പെട്ടവരുടെ മക്കൾക്ക് എങ്ങനെ തൊഴിൽ ലഭിക്കും; സ്വാധീനവും ശിപാർശയുമല്ലേ ജോലി കിട്ടുവാനുള്ള മാനദണ്ഡമായിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് സഹായം ചെയ്യുമെന്ന നിർദ്ദേശം കണ്ടു, കോടികൾ ചെലവഴിച്ച് കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക് ബസുകളുടെ അവസ്ഥയെന്തായി? ഇതെല്ലാം ഉപയോഗശൂന്യമായി എവിടെയോ കാടുകയറി കിടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, 'കാട്ടിലെ തടി തേവരുടെ ആന'. കോവിഡ് കാലത്തെ ഭക്ഷ്യ കിറ്റ് വിതരണം തുടരുമെന്ന് പറയുന്നു, നല്ലതുതന്നെ. 90 കോടി ഇന്ത്യക്കാർക്ക് ഭക്ഷ്യധാന്യങ്ങളും പയറുവർഗങ്ങളും കേന്ദ്രസർക്കാർ നൽകുന്നുണ്ട്. അതുകൂടി ഈ അവസരത്തിൽ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. കേന്ദ്രസർക്കാരിനെ വിമർശിക്കുവാൻ അവസരം നോക്കിയിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കേന്ദ്രപദ്ധതികളിലൂടെയും മറ്റ് കേന്ദ്ര ധനസഹായ മാർഗ്ഗങ്ങളിലൂടെയും കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത് ഇന്നുവരെ ലഭിച്ചിട്ടില്ലാത്ത രീതിയിലുള്ള സഹായങ്ങളാണ്. കേരളത്തിലുണ്ടായിട്ടുള്ള എല്ലാ ദുരന്തങ്ങളുടെയും സമയത്ത് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള സഹായ സഹകരണങ്ങളെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഇതു തന്നെയാണ് 'സബ് കാ സാത്, 'സബ് കാ വികാസ്'. ഈ സർക്കാരിന്റെ മുൻഗണന ഏതുകാര്യത്തിലാണെന്ന് ഇപ്പോൾ ജനങ്ങൾക്കെല്ലാം മനസ്സിലായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഫയലുകൾ കത്തിക്കുന്ന കാര്യത്തിലും മിന്നലിനെ വിളിച്ചുവരുത്തി സി.സി.ടി.വി. കേടാക്കുന്നതുംവരെ എത്തിനിൽക്കുന്നു ഈ സർക്കാരിന്റെ ഭരണമികവ്. കള്ളക്കടത്ത്, കഞ്ചാവ് കടത്തുകേസുകൾ

അട്ടിമറിക്കാൻ ഗവേഷണം നടത്തുന്ന ഒരു സർക്കാരിന് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെക്കുറിച്ചോ ജനങ്ങളെക്കുറിച്ചോ എന്ത് ഉത്തരവാദിത്ത ബോധമാണുള്ളത്? സർക്കാർ നടപ്പാക്കുന്ന പദ്ധതികളെല്ലാം അഴിമതി ലക്ഷ്യം വച്ചുകൊണ്ടുള്ളത് മാത്രമാണ്. കേരളം ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല, ഇടത് അടിച്ചുമാറ്റൽ മുന്നണിയാണ്. അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ പൊള്ളയായ ബജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജറ്റാണ് എല്ലാ സന്ദർഭങ്ങളിലെയുംപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കുതിച്ചുയർന്ന ചെലവും കുറഞ്ഞനിരക്കിലുള്ള വരവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് വൻതോതിൽ കടമെടുക്കുകയെന്ന ഒരു പ്രക്രിയ മാത്രമാണ് കഴിഞ്ഞ അഞ്ചുവർഷം ഈ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത്. നിയമസഭയിൽത്തന്നെ നൽകിയ കണക്കുപ്രകാരം 14,010 കോടി രൂപയുടെ നികുതി കുടിശ്ശികയിൽനിന്ന് സർക്കാരിന് പിരിച്ചെടുക്കാൻ കഴിഞ്ഞത് വെറും 138 കോടി രൂപയാണ്. ഈ സർക്കാരിന്റെ ധൂർത്ത് സമാനതകളില്ലാത്തതാണ്. 100 കോടി രൂപയാണ് പരസ്യത്തിനുവേണ്ടി ഈ സർക്കാർ വിനിയോഗിച്ചത്. നിർത്തിയിടാൻ മാത്രമായി വാടകയ്ക്കെടുത്ത ഒരു ഹെലികോപ്റ്ററുണ്ട്, അതിന്റെ വാടകയിനത്തിൽ കൊടുക്കുന്നത് ഒന്നരക്കോടി രൂപയാണ്. അഴിമതി/കൊലപാതക കേസുകൾ നടത്താൻ ചെലവാക്കിയത് 24 കോടി രൂപയാണ്. ദുരിത കാലത്ത് അനാവശ്യ നിർമ്മിതികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയത് 700 കോടി രൂപ. അനേകം പിൻവാതിൽ നിയമനങ്ങളിലൂടെ കോടിക്കണക്കിന് രൂപയുടെ ശമ്പളം നൽകി. താറുമാറായ സാമ്പത്തികനിലയിൽ നിന്നുകൊണ്ട് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന പദ്ധതിയും ഡിജിറ്റൽ ഇക്കോണമിക് പദ്ധതിയും തറയില്ലാതെ മേൽക്കൂര നിർമ്മിക്കുന്നതിന് തുല്യമാണ്. ഗവൺമെന്റ് ഈ വിഷയങ്ങളെ ആധികാരികമായി അഡ്രസ്സ് ചെയ്യണമായിരുന്നു. എനിക്ക് തോന്നുന്നത്, ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് പിൻവാതിൽ നിയമനങ്ങളും അനധികൃത നിയമനങ്ങളും തിരുകിക്കയറ്റലുകളുമാണ്. സ്ഥിരപ്പെടുത്തലുകൾ ഇപ്പോഴും യഥേഷ്ടം തുടരുകയാണ്. ഞാൻ ഒരു സ്ഥാപനത്തിന്റെയും പേരെടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല, പക്ഷേ അനേകം സ്ഥാപനങ്ങളിൽ ഇത് നടക്കുന്നു. ഇത് അഭ്യസ്തവിദ്യരായ, തൊഴിലന്വേഷകരായ യുവാക്കളോടുചെയ്യുന്ന കൊടും ക്രൂരതയാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഇതവസാനിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്. കാർഷികമേഖലയെ അപ്പാടെ അവഗണിച്ച സാഹചര്യമാണുള്ളത്. റബ്ബറിന്റെ അടിസ്ഥാനവില കഴിഞ്ഞ ഉമ്മൻചാണ്ടി ഗവൺമെന്റാണ് 150 രൂപയായി വർദ്ധിപ്പിച്ചത്. നിങ്ങൾ അധികാരത്തിൽ വന്ന് അഞ്ചുവർഷമായിട്ടും അതിൽനിന്ന് ഒരു രൂപപോലും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ 20 രൂപ വർദ്ധിപ്പിച്ച് 170 രൂപയാക്കി. ഇന്നത്തെ ഉല്പാദനച്ചെലവ് കണക്കാക്കുമ്പോൾ ഏകദേശം 250 രൂപയെങ്കിലും ഒരു കിലോ റബ്ബറിന് ലഭിക്കണം. റബ്ബറിന്റെ അടിസ്ഥാനവില 200 രൂപയെങ്കിലുമായി ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുമെന്ന് ഞങ്ങൾ കരുതിയതാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 150 രൂപ അടിസ്ഥാന വില പ്രഖ്യാപിക്കുമ്പോൾ അന്നത്തെ വിപണി വില കിലോഗ്രാമിന് 70 രൂപയായിരുന്നു. ഇന്ന് 140-150 രൂപ റബ്ബറിന് വിപണിയിൽ വിലയുണ്ട്. റബ്ബറിന്റെ അടിസ്ഥാനവില വർദ്ധിപ്പിക്കാനുള്ള തീരുമാനം അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അത് ജനങ്ങളുടെ പൊതുവായ വികാരവും കർഷകരുടെ താൽപ്പര്യവുമാണ്. ഏകദേശം 12 ലക്ഷം വരുന്ന റബ്ബർ കർഷകർ കേരളത്തിലുണ്ട്, അവരെ അവഗണിക്കരുത്. കാർഷിക മേഖലയിലെ പ്രതിസന്ധി അങ്ങ് കണ്ടില്ലെന്ന് നടിക്കരുത്. ഈ വേനൽമഴയിലുണ്ടായ നാശം ചെറുതല്ല. നെൽകൃഷി അപ്പാടെ നശിച്ചിരിക്കുകയാണ്, പതിനായിരക്കണക്കിന് കർഷകരെ കടക്കെണിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം അവർക്കുണ്ടായിട്ടുണ്ട്. അവർ ഇന്ന് നേരിടുന്ന ഈ പ്രതിസന്ധിയെ പ്രത്യേക സാഹചര്യമായി കണക്കാക്കി നെൽക്കർഷകർക്ക് അടിയന്തര ധനസഹായം എത്തിക്കുവാനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ബഡ്ജറ്റിൽ അനവധി പ്രഖ്യാപനങ്ങൾ അങ്ങ് നടത്തിയിട്ടുണ്ട്. എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സന്ദർഭങ്ങളിലെല്ലാം പറഞ്ഞ അങ്ങയുടെ ഒരു പൊള്ളത്തരം തുറന്നുകാട്ടുകയാണ്. ഇത് ഞാൻ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അങ്ങയോട് പറഞ്ഞതാണ്. കഴിഞ്ഞ ബഡ്ജറ്റിലും അതിന്റെ മുമ്പിലത്തെ ബഡ്ജറ്റിലും അങ്ങ് പറഞ്ഞതാണ് ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്-വെയർ പാർക്കിന്റെ നിർമ്മാണം ത്വരിതഗതിയിൽ മുമ്പോട്ടുപോകുന്നു, നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതമാണ് എന്ന്. ഇത്തവണത്തെ ബഡ്ജറ്റിലും അങ്ങ് പറഞ്ഞിരിക്കുന്നത് നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമെന്നാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. അവിടെ അതിനുള്ള ഭൂമിപോലും ഏറ്റെടുത്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. അവിടെ യു.ഡി.എഫ്. സർക്കാർ ഏറ്റെടുത്ത 15 ഏക്കർ ഭൂമിയല്ലാതെ ഒരു സെന്റ് ഭൂമിപോലും വ്യവസായ വകുപ്പോ കിൻഫ്രയോ

ഏറ്റെടുത്തിട്ടില്ല. ആ പദ്ധതി അതുപോലെതന്നെ നിൽക്കുന്നു. പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന, ഹാർഡ്‍വെയർ മേഖലയിൽ വിപ്ലവകരമായ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന ഏറ്റവും വലിയ പദ്ധതിയാണ് ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‍വെയർ പാർക്ക്. അതൊരു മണ്ഡലത്തിന്റെയോ ഒരു ജില്ലയുടെയോ കാര്യം മാത്രമായി ഒതുക്കാൻ കഴിയുന്ന ഒന്നല്ല. സംസ്ഥാനത്തിന്റെ മുന്നേറ്റത്തിൽ ഏറെ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന, വലിയ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ്. ആ പദ്ധതിയെ ഇങ്ങനെ അപമാനിച്ച് പോകുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? എല്ലാ ബഡ്ജറ്റിലും പ്രഖ്യാപനങ്ങൾ മാത്രമാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. തുടരെത്തുടരെ പ്രഖ്യാപനങ്ങൾ മാത്രം നടത്തി ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ്. ഇനിയെങ്കിലും ഈ പദ്ധതിക്ക് തുക അനുവദിക്കുവാനും ഭൂമി ഏറ്റെടുക്കുവാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇത് ഗവൺമെന്റ് അടിയന്തരമായി ഇടപെടേണ്ട ഒരു വിഷയം തന്നെയാണ്. ആ പദ്ധതി പുനരുജ്ജീവിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഒരിക്കൽകൂടി സൂചിപ്പിക്കുന്നു. ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കഴിഞ്ഞ വർഷവും ബഡ്ജറ്റ് ചർച്ചയിൽ ഞാൻ ഉന്നയിച്ച വിഷയമാണ്. അന്ന് മറുപടി പ്രസംഗത്തിൽ അങ്ങ് തിരുത്തുമെന്ന് പറഞ്ഞു, അതിന്റെ തനിയാവർത്തനം ഈ ബഡ്ജറ്റിൽ വീണ്ടുമുണ്ടാകുന്നു. ഇതുതന്നെയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. എം.എൽ.എ.-മാരോട് അവരവരുടെ മണ്ഡലത്തിലെ 20 വർക്കുകൾ ചോദിച്ചു, 20 വർക്കുകൾക്കും ടോക്കൺ പ്രോവിഷൻ മാത്രം വച്ചു. ഏറ്റവും പ്രധാനപ്പെട്ട വർക്കുകൾക്ക് മുൻഗണന കൊടുത്തുകൊണ്ടെങ്കിലും എം.എൽ.എ-മാർക്ക് ഫണ്ട് നൽകേണ്ടതല്ലേ; ഭരണകക്ഷിയിൽപ്പെട്ടവർക്ക് എത്ര തുക കൊടുത്തുവെന്ന് എനിക്കറിയില്ല. നിങ്ങൾ എപ്പോഴും പറയുന്നത് എല്ലാ പദ്ധതികളും രാഷ്ട്രീയ വ്യത്യാസം കൂടാതെ ചെയ്യുന്നുണ്ടെന്നാണ്. രാഷ്ട്രീയ വ്യത്യാസം വച്ചുകൊണ്ടുതന്നെയാണ് പല പദ്ധതികളെയും നിങ്ങൾ കാണുന്നത്. വർക്കുകൾ കൊടുക്കുമ്പോൾ തത്തുല്യമായ നിലയിൽ, പ്രധാനപ്പെട്ട വർക്കുകൾ എം.എൽ.എ.-മാരോട് ചോദിച്ചുവാങ്ങിയിട്ടുണ്ടെങ്കിൽ അത് അംഗീകരിക്കുന്ന ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പരിപൂർണ്ണമായി എതിർക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ബഡ്ജറ്റിലെ റബ്ബർ വിലസ്ഥിരതാ ഫണ്ടിനെപ്പറ്റി ശ്രീ. അനൂപ് ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ചു. ഞങ്ങളെല്ലാം പ്രതീക്ഷിച്ചത് 250 രൂപയായി അത് വർദ്ധിപ്പിക്കുമെന്നാണ്. സത്യത്തിൽ

യു.ഡി.എഫ്. ഗവൺമെന്റ് വിലസ്ഥിരതാ ഫണ്ട് 150 രൂപയാക്കുമ്പോൾ റബ്ബറിന്റെ വില 70 രൂപയായിരുന്നു. 70 രൂപയായി റബ്ബറിന്റെ വില തകർന്നപ്പോഴാണ് കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് 80 രൂപ നഷ്ടം സഹിച്ചുകൊണ്ട് 150 രൂപ പ്രഖ്യാപിച്ചത്. ഇപ്പോൾ ഓപ്പൺ മാർക്കറ്റിൽ റബ്ബറിന് 160 രൂപ വിലയുണ്ട്. 160 രൂപയുള്ളപ്പോൾ വില സ്ഥിരതാ ഫണ്ട് 150 രൂപയായി നിൽക്കുന്നുവെന്നുള്ളതാണ് വിരോധാഭാസം. ഇവിടെ ഗവൺമെന്റിന് ഒരു നഷ്ടവുമില്ല. ബഡ്ജറ്റിൽ അങ്ങ് 170 രൂപ പ്രഖ്യാപിച്ചു. സത്യത്തിൽ റബ്ബർ കർഷകർക്ക് അതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനം കിട്ടുന്നുമില്ല, ഗവൺമെന്റിന് നഷ്ടവും വരുന്നില്ല. 20 രൂപ കൂട്ടിയെങ്കിലും അതുകൊണ്ട് ഒരു കാര്യവുമുണ്ടാകുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് നഷ്ടം സഹിച്ച് റബ്ബർ കർഷകരെ സഹായിച്ചതുപോലെ റബ്ബറിന്റെ അടിസ്ഥാന വില 250 രൂപയാക്കണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. 250 രൂപയാക്കിയാലും യു.ഡി.എഫ്. -ന്റെ കാലത്തുള്ള 80 രൂപയുടെ നഷ്ടമേ ഇവിടെ വരുന്നുള്ളൂ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഉല്പാദനച്ചെലവിന്റെ 50 ശതമാനം കൂട്ടി റബ്ബർ കൃഷിക്കാർക്ക് വില കൊടുക്കേണ്ടതാണെന്ന് 2007 മുതൽ ശിപാർശ ചെയ്തുപോരുന്നു. ഇപ്പോൾ ആനുപാതികമായ ഉല്പാദനച്ചെലവ് കൂടി കൂട്ടിയാൽ നിശ്ചയമായും 250 രൂപ അർഹതപ്പെട്ടതാണ്. റബ്ബർ കർഷകരുടെ ഈ വിഷയം ആത്മാർത്ഥതയോടെ കൈകാര്യം ചെയ്യാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിലസ്ഥിരതാ ഫണ്ട് 250 രൂപയായി വർദ്ധിപ്പിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, വിലസ്ഥിരതാ ഫണ്ടിന്റെ ഒരു വർഷത്തെ കുടിശ്ശികയുണ്ട്. ഇക്കാര്യം ഞാൻ കഴിഞ്ഞ പ്രസംഗത്തിലും ശ്രദ്ധ ക്ഷണിക്കലിലും ചൂണ്ടിക്കാണിച്ചുവെങ്കിലും ഒരു മാറ്റവുമുണ്ടായിട്ടില്ല. ഈ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി ബഹു. ധനകാര്യ മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റബ്ബർ ബോർഡ് അംഗീകരിച്ചയച്ച ഏതെങ്കിലും ബിൽ പെൻഡിംഗുണ്ടോ? ഇന്ന് സഭ കഴിഞ്ഞ് വന്നാൽ നമുക്ക് പരിശോധിക്കാം.

ശ്രീ. മോൻസ് ജോസഫ്: റബ്ബർ ബോർഡ് അംഗീകരിച്ചതും കൊടുക്കാതെ പെൻഡിംഗുണ്ടെന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. തീർച്ചയായും അങ്ങേയ്ക്ക് അതിന്റെ വിശദമായ നോട്ട് നൽകാം.

ഇവിടെ വ്യാപാരികൾ ഉന്നയിച്ചിരിക്കുന്ന ഒരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2020 ഫെബ്രുവരി മുതൽ ഇതുവരെയുള്ള റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ഒരു മാസം കൂടി നീട്ടിക്കൊടുക്കണമെന്ന ആവശ്യം

വ്യാപാരികൾ ഉന്നയിച്ചിട്ടുണ്ട്. സമയം നീട്ടി കൊടുക്കാതിരുന്നാൽ അവർക്ക് വലിയ നഷ്ടം വരികയാണ്, ഫൈൻ നൽകേണ്ടിവരികയാണ്. കോവിഡ് പശ്ചാത്തലത്തിൽ വ്യാപാരികളെ ഇക്കാര്യത്തിൽ സഹായിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് അങ്ങേയ്ക്ക് നിവേദനം തന്നിട്ടുണ്ട്. അത് പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഇക്കണോമിക് റിവ്യൂ വെളിപ്പെടുത്തുന്നതെന്താണ്? കേരളത്തിന്റെ സാമ്പത്തിക വളർച്ച 3.45% ആയി ഇടിഞ്ഞിരിക്കുന്നു, സാമ്പത്തികവളർച്ച താഴോട്ടാണ്. കേരളം കടക്കെണിയിൽ അകപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ കടബാദ്ധ്യത പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു, തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നു. എവിടെയാണ് പുരോഗതി? കേരളത്തിന്റെ പരാജയത്തിന്റെ ചിത്രങ്ങളാണ് ഈ വർഷത്തെ ഇക്കണോമിക് റിവ്യൂ വരച്ചുകാണിക്കുന്നത്. ഈ പശ്ചാത്തലത്തിൽ തീർച്ചയായും ഗവൺമെന്റ് കൂടുതൽ ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കേണ്ടതായിരുന്നു. എന്റെ വിനീതമായ മറ്റൊരു അഭ്യർത്ഥന, റബ്ബർ കൃഷിക്കാരുടെ കാര്യം പറഞ്ഞതുപോലെതന്നെ ഭിന്നശേഷിക്കാരായവരും വിധവകളായ സഹോദരിമാരും അമ്മമാരും കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ അവഗണിക്കപ്പെട്ട നിൽക്കുന്ന ഒരു സാഹചര്യമുണ്ട്. മരുന്ന് വാങ്ങിക്കാനുള്ള കാശുപോലും അവർക്കില്ല. ഇവിടെ ക്ഷേമ പെൻഷനുകൾ 1,600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും വിധവകളുടെയും പെൻഷൻ തുക കഴിയുന്നിടത്തോളം വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ അങ്ങ് ധാരാളം പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂരിപക്ഷവുംനടക്കാതെ പോയ പാക്കേജുകളാണ്. വിധവകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമത്തിനുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിച്ച് അവർക്ക് കുറച്ച് സഹായം നൽകാൻ കഴിഞ്ഞാൽ ഏറ്റവും വലിയ നന്മയായിരിക്കും എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിലൂടെ കടന്നുപോകുമ്പോൾ ടെന്നിസന്റെ മനോഹരമായ നാല് വരികൾ ചെറിയ ക്ലാസിൽ പഠിച്ചത് ഞാൻ ഓർക്കുകയാണ്.

" Ring out the old, ring in the new,

Ring, happy bells, across the snow:

The year is going, let him go;

Ring out the false, ring in the true."

എന്നാണ് ആ കവിത. കഴിഞ്ഞ കാലത്തെ വിസ്മരിച്ചുകൊണ്ട് പുതിയ കാലത്തിലേയ്ക്ക് കടന്നുപോകാനുള്ള ഒരു ആഹ്വാനമാണത്. ഒരു ഡിസംബറിന്റെ പശ്ചാത്തലത്തിലാണ് ആ കവിതയെഴുതിയതെന്നാണ് എന്റെ ഓർമ്മ. ധാരാളം ദുരന്തങ്ങൾ ഏറ്റുവാങ്ങിയ ഒരു കാലം കടന്നുപോയതിനുശേഷം, ഒരു പാൻഡമിക് കാലം കടന്നുപോയശേഷം അവതരിപ്പിച്ച ഈ ബഡ്ജറ്റിലൂടെ കടന്നു പോകുമ്പോൾ ശുഭാപ്തിവിശ്വാസത്തോടുകൂടിയുള്ള ഒരു കാഴ്ചപ്പാട് ഇതിന്റെ ഓരോ വരികളിലും കാണാൻ കഴിയും. അതുകൊണ്ടുതന്നെയായിരിക്കണം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക്, പുതിയ തലമുറയിലെ എഴുത്തുകാരായ കുട്ടികളെ കൂട്ടുപിടിച്ചുകൊണ്ട്, അവരുടെ ഭാവനയേയും സങ്കല്പങ്ങളേയുമൊക്കെ വളരെ പോസിറ്റീവായി കാണുന്ന ഒരു മനോഭാവം ഈ ബഡ്ജറ്റിന്റെ എല്ലാ തലങ്ങളിലുമെത്തിക്കാൻ കഴിഞ്ഞത്. കേവലമായ കുറേ കണക്കുകൾക്കപ്പുറത്ത്, സമീപകാല ബഡ്ജറ്റുകൾക്ക് അടിസ്ഥാനപരമായ ഒരു വിഷനുണ്ട്. പ്രതിസന്ധികളെ മറികടക്കാനുള്ള സാധ്യതകളെ എങ്ങനെ പൂർണ്ണമായും രൂപപ്പെടുത്തിയെടുക്കാൻ കഴിയുമെന്നുള്ള ഒരു നല്ല കാഴ്ചപ്പാട് ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ടുണ്ട്. അതിലെ ഒന്നുരണ്ട് കാര്യങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്. കാരണം കാലം വളരെയേറെ മാറിക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ സാമ്പത്തികക്രമങ്ങളിലും കാഴ്ചപ്പാടുകളിലുമൊക്കെ മാറ്റമുണ്ടാകുമ്പോൾ കേരളവും ആ മാറ്റത്തോടൊപ്പം സഞ്ചരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരുപക്ഷേ ആ മാറ്റത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്, വിദ്യാഭ്യാസ-വ്യവസായ-ആരോഗ്യമേഖലകളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ്. കേരളത്തെ ഒരു നോളഡ്ജ് ഹബ്ബായി മാറ്റിക്കൊണ്ടുള്ള ഒരു വലിയ ഡിജിറ്റൽ പ്ലാറ്റ്ഫോം എന്ന ആശയം ഈ ബഡ്ജറ്റിൽ കാണാം. ഒരുപക്ഷേ ഇതൊക്കെ നടപ്പാക്കാൻ കഴിയുമോ എന്ന് ചിന്തിക്കുമ്പോൾ, നടപ്പാക്കാൻ കഴിയുന്ന ഒരുപാട് കാര്യങ്ങൾ പണ്ട് നമ്മൾ സ്വപ്നം കണ്ടയാളുകളാണ്. ഞാൻ ഈ വേദിയിൽ നിൽക്കുമ്പോൾ, പതിമൂന്ന് ബഡ്ജറ്റുകൾ ഇവിടെ അവതരിപ്പിച്ച, അന്തരിച്ച മാണിസാറിനെ ഓർക്കുകയാണ്. അദ്ദേഹം 2013-ലെ ബഡ്ജറ്റിൽ പറഞ്ഞൊരു ആശയം പിന്നീട് കേരളത്തിൽ നടപ്പിലാക്കി. അന്ന് മുന്നോക്കസമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ഞാൻ ഓർക്കുകയാണ്. ഇന്ന്, ആ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായ പിന്നോക്കം നിൽക്കുന്നയാളുകൾക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തിലേയ്ക്ക് ഗവൺമെന്റ് മാറി. അതോടൊപ്പംതന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നയാളുകൾക്ക് പഠനത്തിനുള്ള സ്കോളർഷിപ്പ് 2013-ൽ മാണി

സാർ പ്രഖ്യാപിച്ചു. ആ ബഡ്ജറ്റുകൾ മുതൽ ഇതുവരെയുള്ള ബഡ്ജറ്റുകൾ പരിശോധിക്കുമ്പോൾ ഇതുപോലെയുള്ള ഒരുപാട് ആശയങ്ങൾ കടന്നുവന്നിട്ടുണ്ട്. ഇങ്ങനെ രൂപപ്പെടുത്തിയ ആശയങ്ങളാണ് നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടുനയിച്ചത്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് ബ്രെയിൻ ഡ്രെയിൻ. ഇപ്പോൾ നമ്മുടെ കുട്ടികൾ എല്ലാവരും പുറത്തുപോകാൻ ആഗ്രഹിക്കുന്ന ഒരു കാലഘട്ടമാണ്. കാരണം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നമുക്ക് എടുത്തുകാണിക്കാൻ സർവ്വകലാശാലകളില്ല. യഥാർത്ഥത്തിൽ ഗവേഷണ പഠനകേന്ദ്രങ്ങളായി മാറേണ്ട സർവ്വകലാശാലകൾ ഇപ്പോഴും പരമ്പരാഗതമായ രീതി പിന്തുടരുകയാണ്. ആ രീതിയിൽ നിന്ന് മാറ്റമുണ്ടാകേണ്ട ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുകയാണ്. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നുവെന്നുള്ളതാണ് പാൻഡമിക് കാലത്തെ എങ്ങനെ ക്രിയാത്മകമായി മാറ്റിയെടുക്കാൻ കഴിയുമെന്നുള്ളതിന്റെ ഏറ്റവും വലിയൊരു പ്രത്യേകത. പ്രത്യേകിച്ച് തൊഴിൽമേഖലകളുടെ സാദ്ധ്യതകൾ മാറുന്നു. ആഗോളമാന്ദ്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ നമുക്ക് എങ്ങനെ മാറാൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ, കരിക്കുലത്തിലെ മാറ്റങ്ങൾ, പഠനസമ്പ്രദായത്തിന്റെ മാറ്റങ്ങൾ, ആധുനികതയിലേയ്ക്ക് പോകാനുള്ള ഇത്തരം ചിന്തകൾ ഈ ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട അന്തഃസത്തയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പംതന്നെ, മാരിടൈം സാദ്ധ്യതകൾ വളരെയേറെ വർദ്ധിക്കുകയാണ്. ഈ ബഡ്ജറ്റിൽ ഞാൻ കണ്ട പ്രത്യേകത, ഏതാണ്ട് 560 കിലോമീറ്ററുള്ള നമ്മുടെ കടലോരത്തിന് വളരെ വികസനസാദ്ധ്യതകളുണ്ട്. ബഡ്ജറ്റിലൂടെ ആ വികസന സാദ്ധ്യതകളെ വളരെ കൃത്യമായി ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ടെന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു കാര്യം. അതോടൊപ്പം തന്നെയാണ് വ്യവസായ ഇടനാഴി. ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യത്തെ ബഡ്ജറ്റിൽ കൊച്ചി-ബാംഗ്ലൂർ ഇടനാഴിയെ സംബന്ധിച്ചുള്ള ഒരു പരാമർശമുണ്ടായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ഇപ്പോൾ അടുത്തകാലത്ത് സംസ്ഥാന ഗവൺമെന്റ് കൊച്ചി-ബാംഗ്ലൂർ ഇടനാഴി അംഗീകരിക്കുകയും ചെയ്ത സാഹചര്യമുണ്ട്. കാർഷിക മേഖലയിലെ ഉല്പന്നങ്ങളെ വാല്യൂ ആഡഡ് പ്രോഡക്ടുകളാക്കി മാറ്റുകയും അത്തരമൊരു കോറിഡോർ രൂപപ്പെടുത്തുകയും ചെയ്യുമ്പോൾ കേരളത്തിന്റെ ബ്രാൻഡഡ് ഉല്പന്നങ്ങളുമായി മുമ്പോട്ടുപോകാൻ ഒരുപാട് സാധ്യതകളുണ്ട്. ഇത്തരത്തിൽ വളരെയേറെ കാഴ്ചപ്പാടുകളുള്ള ഈ ബഡ്ജറ്റിലെ സാധ്യതകളെ എങ്ങനെ വിലയിരുത്താൻ കഴിയുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

3.00 P. M.]

ഇതിൽ കാതലായ മറ്റൊരു വിഷയമുണ്ട്. കഴിഞ്ഞ ദിവസം ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, അറിവിനെ യഥാർത്ഥത്തിൽ സാമാന്യവത്കരിക്കാൻ കഴിയുന്നുവെന്നുള്ളതാണ്. അതിനെ ജനകീയവത്കരിക്കാൻ കഴിയുന്ന വലിയ ആശയമുണ്ട്. ഇന്റർനെറ്റ് ഒരുകാലത്ത് അപ്രാപ്യമായിരുന്ന നമ്മുടെ

സമൂഹത്തിലെ മുഴുവൻ വീടുകളിലും ഇപ്പോൾ ആ സൗകര്യം എത്തിയിട്ടുണ്ട്. ആ സാധ്യതകളെ ജനകീയതയോടൊപ്പംതന്നെ ആധുനികതയും കൂടി ക്ലബ്ബ് ചെയ്യാനുള്ള വളരെ ബോധപൂർവ്വമായ ശ്രമം ഇക്കാര്യത്തിലുണ്ട്. കിഫ്ബിയെ കുറ്റം പറയുമ്പോഴും യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ ആരോഗ്യരംഗത്തുണ്ടായത് വലിയ മാറ്റങ്ങളാണ്. അകത്തുകയറിയാൽ രോഗം പിടിപെടുന്ന പഴയ ഇരുട്ട് നിറഞ്ഞ ആശുപത്രികളുടെ സ്ഥാനത്ത് വെളിച്ചമുള്ള ആശുപത്രികൾ, രോഗികൾ വന്നാൽ വീടിന്റെ പ്രശാന്തതയിൽ നിന്നുകൊണ്ട് ചികിത്സയുടെ സാധ്യതകൾ തിരിച്ചറിയാൻ കഴിയുന്ന തരത്തിലേയ്ക്ക് കാത്ത് ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് കടന്നുവന്നതിന്റെ പിന്നിൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. ഓടിട്ട കെട്ടിടങ്ങളുടെ സ്ഥാനത്ത് ഇന്ന് ഞങ്ങളുടെ കുട്ടികൾ ഫാനിട്ട മുറിയിൽ ഇരിക്കുകയാണ്. അൺ എയ്ഡഡ് മേഖലയിൽനിന്നും എയ്ഡഡ് മേഖലയിലേയ്ക്ക് വിദ്യാർത്ഥികൾ കടന്നുവരുന്നെങ്കിൽ അത് രക്ഷകർത്താക്കൾക്ക് വിദ്യാഭ്യാസ മേഖലയിലുള്ള വിശ്വാസംമൂലമാണ്. കഴിഞ്ഞ കാലയളവിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളെയും ഒരുമിച്ച് നിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, അങ്ങ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് ഗംഭീരമാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് കുഴപ്പമൊന്നുമില്ല. നിങ്ങൾ ഇപ്പുറത്തുനിന്നും അപ്പുറത്തേയ്ക്ക് ചാടി. ഞങ്ങളെപ്പോലുള്ള ആളുകൾ ജീവന്മരണ പോരാട്ടം നടത്തിയാണ് മാണിസാർ ബഡ്ജറ്റ് അവതരിപ്പിച്ചത്. അന്ന് ഇവർ തടസ്സപ്പെടുത്തിയത് ശരിയാണെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, മാണി സാർ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു. അതിനുശേഷം അതിന് കൂട്ടുനിന്നവർ തന്നെ കെ. എം. മാണിയെയും രാഷ്ട്രീയ പൈതൃകത്തെയും തള്ളിപ്പറയാൻ കാണിച്ച രാഷ്ട്രീയ സമീപനത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണ്?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, മാണി സാറിന് നോട്ടെണ്ണുന്ന മെഷീനുണ്ടെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല. അതുകൊണ്ട് നോട്ടെണ്ണുന്ന മെഷീനുള്ള ആളുകളുടെ കൂടെപ്പോയി നോട്ടെണ്ണുന്നതിനോട് അങ്ങ് അനുകൂലിക്കുന്നുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ അതിലേയ്ക്ക് കടന്നാൽ ഒരുപാട് പറയേണ്ടി വരും. മാണി സാറിനെതിരെ കൊണ്ടുവന്ന സി.ഡി. തന്ത്രപരമായി നിർമ്മിച്ചതാണെന്ന് ബഹുമാനപ്പെട്ട കോടതി കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റ് ചർച്ചയിൽ അദ്ദേഹത്തിന്റെ പേര് കടന്നുവരുന്ന എന്നുള്ളതിൽ ഞങ്ങൾക്കൊക്കെ അഭിമാനമുണ്ട്. ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ, മാണി സാറിന്റെ പൈതൃകം ഇല്ലാതാക്കാൻ ആര് വിചാരിച്ചാലും നടക്കില്ല. ഞങ്ങളുടെ പാർട്ടിക്ക് തിരി കൊളുത്തിയത് മന്നത്ത് പദ്മനാഭനാണ്. അദ്ദേഹം കൊളുത്തിയതൊന്നും പോയിട്ടില്ല. കേരള കോൺഗ്രസ്സിനെ ഇല്ലാതാക്കാൻ ആര് വിചാരിച്ചാലും കഴിയില്ല.

കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളെയും ഒരുമിച്ച് നിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മഹാഭാരതത്തിൽ വിദുരർ പറയുന്ന വാക്കുണ്ട്. വിദുരരുടെ ഉപദേശത്തിന് 'വിദുര നീതി' എന്നാണ് പറയുന്നത്. വിദുരർ പറയുന്നതിന്റെ അർത്ഥം ഇതാണ്. കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മം കൊണ്ടും ജനങ്ങളെ സന്തുഷ്ടരാക്കുന്നവരെ ജനങ്ങളും സന്തുഷ്ടരാക്കുമെന്നാണ്. കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഫലത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിദുരരുടെ വാക്കുകൾക്ക് യഥാർത്ഥത്തിൽ പ്രസക്തിയുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

റബ്ബറിന് 170 രൂപ അടിസ്ഥാന വിലയാക്കിയെങ്കിൽപോലും മാർക്കറ്റ് വില ഏതാണ്ട് അതിനോട് അടുത്തുവരുന്ന സാഹചര്യത്തിൽ റബ്ബറിന് 200 രൂപയെങ്കിലും അടിസ്ഥാന വില ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാകണം. കിഫ്ബി പ്രോജക്ടുമായി ബന്ധപ്പെട്ട വലിയ പ്രശ്നം നമ്മുടെ മുന്നിൽ നിൽക്കുന്നത് ഭൂമി ഏറ്റെടുക്കലാണ്. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് വളരെ പ്രധാനപ്പെട്ടതാണ്. കോട്ടയം, ഇടുക്കി ജില്ലകളിൽ ഒരു ഓഫീസുണ്ടെങ്കിലും അടിസ്ഥാനപരമായി റവന്യൂ ഇൻസ്പെക്ടർമാരുടെ കുറവ് ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വലിയ തടസ്സമാണ്. കിഫ്ബി പ്രോജക്ടുകൾക്ക് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തിയെങ്കിലും നമുക്ക് അത് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

അങ്കണവാടി അദ്ധ്യാപകർക്ക് 2,000 രൂപ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞെങ്കിലും നേരത്തെ 2,000 രൂപയായിരുന്നു. അതിനുശേഷമുള്ള വർദ്ധനവ് ആണോയെന്ന ചിന്ത ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്.

കെ-ടെറ്റുമായി ബന്ധപ്പെട്ട് ചില ആശങ്കകളുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം സൂചിപ്പിച്ചതാണ്. കെ-ടെറ്റിന്റെ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് പല ഡെപ്യൂട്ടി ഡയറക്ടർമാരും വ്യത്യസ്തമായ രീതിയിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. അതുകൊണ്ട് അവരുടെ ഇൻക്രിമെന്റും പ്രൊബേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ചില ബുദ്ധിമുട്ടുകളുണ്ട്. ആ ഉത്തരവിൽ വ്യക്തത വരുത്താൻ ഗവൺമെന്റ് ശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അത് എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകണം.

ആരോഗ്യ രംഗത്ത് ഈ മാറ്റങ്ങളെല്ലാം ഉണ്ടാകുമ്പോഴും കായിക മേഖലയ്ക്ക് കുറേക്കൂടി പ്രാധാന്യം നൽകണം. ഇനിയുള്ള കാലഘട്ടത്തിന്റെ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ എന്നുപറയുന്നത് ഇമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ കുട്ടികൾ നല്ല ഇമ്മ്യൂണിറ്റിയുള്ളവരായി വളരണമെങ്കിൽ കായിക മേഖലയ്ക്ക് കുറേക്കൂടി പ്രാധാന്യം കൊടുക്കണം. അതിനുള്ള സൗകര്യങ്ങളുണ്ടാക്കണം.

ഡിവിഷൻ ഫാൾമൂലം ജോലി നഷ്ടപ്പെട്ട പ്രൊട്ടക്റ്റഡ് അദ്ധ്യാപകരിൽ പുനർ നിയമനം ലഭിച്ചവർ പി.എഫ്. വിഹിതം അടയ്ക്കുന്നുണ്ടെങ്കിലും വായ്പയെടുക്കാനുള്ള സൗകര്യമില്ലെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്.

വൈകല്യമുള്ള കുട്ടികളുടെ കാര്യം സൂചിപ്പിച്ചു. കൗൺസിലിംഗിന് പുതിയതായി കൂടുതൽ ആളുകളെ നിയമിക്കുമെന്ന് പറഞ്ഞു. പഠനവൈകല്യമുള്ള കുട്ടികൾക്ക് യഥാർത്ഥത്തിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശമനുസരിച്ച് കൗൺസിലിംഗിനേക്കാൾ കൂടുതൽ വേണ്ടത് പഠന പിന്തുണ നൽകുന്ന സംവിധാനമാണ്. അതിനുള്ള സംവിധാനം തീർച്ചയായും ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ കൂടുതലായി നിയമിച്ചുകൊണ്ട് അക്കാര്യത്തിൽ മാറ്റമുണ്ടാക്കണം. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയോജനപ്രദമാകുന്ന ഒരുപാട് നിർദ്ദേശങ്ങളുണ്ട്. ആധുനികതയെയും ജനകീയതയേയുമെല്ലാം കൂട്ടിച്ചേർത്ത സംവിധാനത്തിൽ കേരളത്തിന്റെ ഒരുപാട് സാധ്യതകൾ തിരിച്ചറിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എതിർപ്പിനപ്പുറത്തേയ്ക്ക് അക്കാദമിക് സാധ്യതകൾ വിലയിരുത്താൻ കഴിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ജാതി, മതം, പണം എന്നീ വേർതിരിവില്ലാതെ ഒരു മതേതര തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ആറ് ലക്ഷത്തിലധികം കുട്ടികളാണ് നമ്മുടെ വിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നിട്ടുള്ളത്. പൊതുവിദ്യാലയത്തിലെ മക്കളുടെ കവിതകൾ കൊണ്ടാണ് തന്റെ ആറാമത്തെ ബഡ്ജറ്റ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഈ സമൂഹത്തിന്റെ നന്മ ലാക്കാക്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടന്നത്. സർക്കാരിന് പ്രതിബന്ധത ആരോടാണെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്ന ബഡ്ജറ്റാണിത്. അതിനാലാണ് കേരളീയ സമൂഹമാകെ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തത്. ബഡ്ജറ്റ് മികവ് ചർച്ച ചെയ്യാൻ ഈ മാസം 23-ന് 27 രാജ്യങ്ങളിലെ വിദഗ്ദ്ധരുമായുള്ള ഓൺലൈൻ സംവാദത്തിൽ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുക്കുകയാണ്. നമ്മുടെ അടുത്ത തലമുറയെ വിശ്വസിച്ച് അവരുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും മുതൽമുടക്കി കൂടുതൽ ശോഭനമായ ഭാവിയും ശക്തമായ സമ്പദ് വ്യവസ്ഥയുമുണ്ടാക്കും. ഏപ്രിൽ ഒന്ന് മുതൽ റബ്ബറിന്റെ തറവില 170 രൂപയായി നിശ്ചയിച്ചു. ആർക്കാണ് എതിർക്കാൻ കഴിയുക? നെല്ലിന്റെ സംഭരണവില 28 രൂപയാക്കി ഉയർത്തി. നാളികേരത്തിന്റെ സംഭരണവില 27 രൂപയിൽനിന്ന് 32 രൂപയാക്കി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 9011 കോടി രൂപയുടെ പെൻഷൻ വിതരണം ചെയ്തു. ഈ സർക്കാർ ഇതുവരെ 32034 കോടി രൂപ നൽകിക്കഴിഞ്ഞു. 2015-16-ൽ 34 ലക്ഷമായിരുന്നത് ഇപ്പോൾ 48.6 ലക്ഷം പേരാണ് ക്ഷേമപെൻഷൻ വാങ്ങുന്നത്. ക്ഷേമപെൻഷൻ വാങ്ങുന്നവരുൾപ്പെടെ ആകെ 59.5 ലക്ഷം പെൻഷൻകാരുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ 30 ശതമാനം ആളുകൾ ഈ സർക്കാരിന്റെ കാലത്ത് ആദ്യമായി പെൻഷൻ വാങ്ങിയവരാണ്. പ്രവാസി പെൻഷൻ 3500 രൂപയാക്കി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായ മറ്റ് സാമൂഹ്യപെൻഷനുകൾ 600 രൂപയിൽനിന്ന് 1600 രൂപയാക്കി. അങ്കണവാടി ജീവനക്കാരുടെ പെൻഷൻ സ്വന്തം ഫണ്ടിൽനിന്ന് നൽകി. അങ്കണവാടി ടീച്ചർമാർക്ക് പ്രതിമാസ പെൻഷൻ 2000 രൂപയായും ഹെൽപ്പർമാർക്ക് 1500 രൂപയായും ഉയർത്തി. ഇരുവരുടെയും പ്രതിമാസ അലവൻസ് 10 വർഷത്തിൽ താഴെയുള്ളവർക്ക് 500 രൂപ വീതവും അതിനുമുകളിലുള്ളവർക്ക് 1000 രൂപയായും വർദ്ധിപ്പിച്ചു. ആരും ശ്രദ്ധിക്കാത്ത സ്കൂൾ പാചകത്തൊഴിലാളികൾക്ക് ദിവസം 50 രൂപവച്ച് വർദ്ധിപ്പിച്ചു. സാക്ഷരതാമിഷന് 18 കോടി രൂപ വകയിരുത്തി. പ്രേരക്മാരെ തദ്ദേശഭരണസ്ഥാപനങ്ങളിൽ പുനർവിന്യസിപ്പിച്ചു. കർഷകത്തൊഴിലാളി അതിവർഷ ആനുകൂല്യത്തിന് 100 കോടി രൂപ അനുവദിച്ചു.

പൊതുവിതരണ രംഗത്ത് കഴിഞ്ഞ സർക്കാർ ആകെ 5242 കോടി രൂപയാണ് ചെലവഴിച്ചത്. ഈ സർക്കാർ ഇതുവരെ 10697 കോടി രൂപയാണ് ചെലവാക്കിയത്. മാവേലി സ്റ്റോറിൽ 2015-16-നുശേഷം വില ഉയർത്തിയിട്ടില്ല. ഇന്ത്യയിൽ പ്രതിമാസ ശരാശരി 6.70 ശതമാനം വിലക്കയറ്റമുണ്ടായപ്പോൾ 6.1 ശതമാനം വിലക്കയറ്റമാണ് കേരളത്തിലുണ്ടായത്. 15 ലക്ഷം അർഹരായ കുടുംബങ്ങളെ ചുവപ്പ് കാർഡിന്റെ ലിസ്റ്റിലുൾപ്പെടുത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 503 കോടി രൂപയും ഈ സർക്കാരിന്റെ കാലത്ത് 1703 കോടി രൂപയുമാണ് ചെലവഴിച്ചത്. ഇതിനുപുറമെ പ്രളയ ദുരിതാശ്വാസത്തിനായി 3729 കോടി രൂപകൂടി ചെലവായിട്ടുണ്ട്. 2011-16 കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് 7780 കിലോമീറ്റർ റോഡുകൾ പുനരുദ്ധരിക്കുകയും നവീകരിക്കുകയും ചെയ്തുവെങ്കിൽ 2016-21 കാലയളവിൽ ഇതുവരെ 11580 കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു. 4530 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണം ഉടൻ പൂർത്തീകരിക്കും.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4.9 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് വാട്ടർ അതോറിറ്റി നൽകിയത്. എൽ.ഡി.എഫ്. സർക്കാർ ഇതിനകം 11.02 ലക്ഷം കണക്ഷനുകൾ നൽകി. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 17.14 ലക്ഷം കണക്ഷനുകൾ പുതുതായി നൽകി. ഒരു കാലഘട്ടത്തിൽ പൊതുആരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്ന ജനങ്ങളുടെ ശതമാനം കുറഞ്ഞുവന്നു, 38 ശതമാനമായി താഴ്ന്നു. 2019-ൽ ഇത് 48 ശതമാനമായി. കോവിഡ് കാലത്ത് മഹാഭൂരിപക്ഷം ജനങ്ങളും പൊതു ആരോഗ്യ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചത്. ശിശുമരണ നിരക്ക് 12 ശതമാനമായിരുന്നത് ഇപ്പോൾ 7 ശതമാനമായി താഴ്ന്നു. പ്രവാസി ക്ഷേമനിധിയിലെ അംഗത്വം 1.1 ലക്ഷത്തിൽനിന്ന് 5.6 ലക്ഷമായി ഉയർത്തി. സാമൂഹ്യപെൻഷൻ 1,600 രൂപയാക്കി. ഈ ഗവൺമെന്റ് വരുമ്പോൾ അത് 600 രൂപയായിരുന്നു. സൗജന്യ ഭക്ഷണകിറ്റ് വിതരണവും അവധിയില്ലാതെ തുടരുകയാണ്. ദുർബ്ബല വിഭാഗങ്ങളോടുള്ള പ്രതിബദ്ധത ബഡ്ജറ്റ് ആവർത്തിച്ചുറപ്പിക്കുന്നു.

നെല്ലിന്റെയും റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില ഉയർത്താനുള്ള തീരുമാനം സമരം ചെയ്യുന്ന കർഷകരോടുള്ള ഐക്യദാർഢ്യം ഉറപ്പിക്കുന്നതാണ്. കേന്ദ്രസർക്കാരിനോടുള്ള കേരളത്തിന്റെ മറുപടിയാണിത്. സർക്കാർ വിദ്യാലയങ്ങളിൽ 6.79 ലക്ഷം വിദ്യാർത്ഥികൾക്ക് പുതുതായി പ്രവേശനം നൽകി. രക്ഷിതാക്കളുടെ സാമ്പത്തിക ഭാരം ഗണ്യമായി കുറച്ചു. 2.75 ലക്ഷം വീടുകൾ നിർമ്മിച്ച് ഭവനരഹിതരായവരെ പുനരധിവസിപ്പിച്ചു. ഇതിനോടൊപ്പം നമ്മുടെ വിദ്യാലയങ്ങൾക്കും ആശുപത്രികൾക്കും കിഫ്ബിയിലൂടെയും മറ്റും പണം നൽകി അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചതിന്റെ ഫലമായി എത്ര കുടുംബങ്ങളുടെ ബഡ്ജറ്റാണ് സംരക്ഷിക്കാൻ കഴിഞ്ഞത്. ധാരാളം ആളുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ ആശ്രയിക്കുന്ന സാഹചര്യമുണ്ടായി.

കോവിഡ് മഹാമാരിയുടെ കാലത്ത് സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം പദ്ധതി' പ്രഖ്യാപിച്ചു. പച്ചക്കറി, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പാൽ, മുട്ട, ഇറച്ചി എന്നീ മേഖലകളിൽ കുതിപ്പുണ്ടായി. പച്ചക്കറിക്ക് തറവില നിശ്ചയിച്ചു. എല്ലാ വീട്ടിലും പച്ചക്കറി എന്നതിലേയ്ക്ക് ജനങ്ങളുടെ അവബോധം ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. പച്ചക്കറിയുടെയും കിഴങ്ങിന്റെയും വികസനത്തിനായി 50 കോടി രൂപ. വർഷംതോറും ഒരു കോടി ഫലവൃക്ഷ തൈകൾ, ദശവത്സര പരിപാടിയിലൂടെ അമ്പതിനായിരം കോടി രൂപ അധികവരുമാനം സംസ്ഥാനത്ത് സൃഷ്ടിക്കുമെന്നാണ് കണക്ക്. അതിനായി 220 കോടി രൂപയും നെൽകൃഷി വികസനത്തിന് 116 കോടി രൂപയും നീക്കിവച്ചു. ഇതിൽ ഹെക്ടറിന് 5500 രൂപ വീതം ധനസഹായം. നാളികേര കൃഷിക്ക് 75 കോടി രൂപ വകയിരുത്തി. പച്ചക്കറി ഉല്പാദനത്തിൽ 23 ശതമാനത്തിന്റെ സാമ്പത്തിക വർദ്ധനവുണ്ടായെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നു. നൂതന സാമ്പത്തിക വിദ്യകളുപയോഗപ്പെടുത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചു. കൃഷിഭൂമിയുടെ അളവ് വർദ്ധിപ്പിച്ചു. നെല്ലുല്പാദനം കൂട്ടി. കരനെൽകൃഷി 46 ശതമാനമായി വർദ്ധിച്ചു.

ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ഇവിടെ ഭിന്നശേഷിക്കാരായ കുട്ടികൾ ബഡ്സ് സ്കൂളുകളിലൂൾപ്പെടെ പോകുന്നില്ല. വിദ്യാർത്ഥികൾ വീട്ടിൽത്തന്നെ നിൽക്കുന്നതുകൊണ്ട് അമ്മമാർക്ക് തൊഴിലെടുക്കാനും കഴിയുന്നില്ല. അതുകൊണ്ട് ഒട്ടേറെ പ്രയാസങ്ങളുണ്ട്. അമ്മമാർക്ക് തൊഴിലിനുപോകാൻ കഴിയാത്ത ഈ സാഹചര്യത്തിൽ അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ള ആലോചന നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കേരളം എൽ.ഡി.എഫ്.-നോടൊപ്പമാണ്, സർക്കാർ ഒപ്പമുള്ളതിനാൽ ജനങ്ങളും തുടർഭരണത്തിനായി ഒപ്പമുണ്ടെന്നുള്ളതിന്റെ നിദാനമാണ് കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പ്. ഇത്രയേറെ സാമ്പത്തിക പ്രതിസന്ധിയിലും കേരളത്തിലെ ജനതയെയാകെ കൂട്ടുപിടിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ ആറാമത്തെ ബഡ്ജറ്റ് കേരളീയ പൊതുസമൂഹമാകെ അംഗീകരിച്ചതിന്റെ തെളിവുകളാണ് വാർത്താ മാധ്യമങ്ങളിലും വിഷൻ മീഡിയകളിലും പ്രിന്റ് മീഡിയയിലും പൊതുജനമാകെ ചർച്ച ചെയ്യുന്ന സാഹര്യമുണ്ടായത്. കോൺഗ്രസ്സ് തുടങ്ങിവച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി എല്ലാവിധ സ്ഥാപനങ്ങളും സ്വകാര്യ മേഖലയ്ക്ക് വിറ്റ് കാശാക്കുമ്പോൾ, ബി.ജെ.പി. അതിനേക്കാൾ വേഗതയിൽ മുന്നോട്ടുപോകുമ്പോൾ, കേരളീയ സമൂഹത്തെയാകെ കണ്ടുകൊണ്ട് ഇത്തരമൊരു

ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ, എന്തിനാണ് പ്രതിപക്ഷം ഈ ബഡ്ജറ്റിനെ എതിർക്കുന്നതെന്ന് എനിക്കറിയില്ല. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റിലൂടെ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി കഴിഞ്ഞ അഞ്ച് വർഷങ്ങളിലും ജനങ്ങളെ കബളിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെയും ആ വഞ്ചന ആവർത്തിച്ചിരിക്കുകയാണ്. ഒട്ടും യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണിത്. മാത്രമല്ല, ഈ ബഡ്ജറ്റ് ചാപിള്ളയാണ്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ ഒരിക്കലും നടപ്പാക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രിക്കുതന്നെ ഉത്തമബോധ്യവുമുണ്ട്. ഇതൊരു ബഡായി ബഡ്ജറ്റാണെന്നാണ് പൊതുവെയുള്ള ആക്ഷേപം. കേരളത്തിന്റെ വികസനത്തിന് ചെലവാക്കാനാവശ്യമായ വരുമാനം സ്വരൂപിക്കാനും നികുതി വരുമാനവും നികുതിയേതര വരുമാനവും പ്രതീക്ഷിക്കുന്ന നിരക്കിൽ വർദ്ധിപ്പിക്കാനും സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ റവന്യൂ വരുമാനം 2018-19-നെ അപേക്ഷിച്ച് 2019-20-ൽ 2629.8 കോടി രൂപയോളം കുറഞ്ഞു. അതുപോലെ കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതത്തിലും 2019-20-ൽ 2790.82 കോടി രൂപയോളം കുറവുണ്ടായി. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2018-19-ൽ 9 ശതമാനമായിരുന്നത് 2019-20-ൽ 0.6 ശതമാനമായി കുറഞ്ഞു. ഉദ്ബുദ്ധരായ കേരള ജനതയെ കബളിപ്പിക്കാനുള്ള ശ്രമം ഇടതുപക്ഷത്തെ പരിഹാസ്യരാക്കുമെന്ന് മനസ്സിലാക്കുന്നത് നന്ന്. ഈ ബഡ്ജറ്റിൽ മലപ്പുറം ജില്ലയെ പരിപൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ തിരുവനന്തപുരം വിമാനത്താവളവുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ വരികയുണ്ടായി. കോഴിക്കോട് വിമാനത്താവളം കേരളത്തിലെ ഏക പൊതുമേഖലാ വിമാനത്താവളമാണ്. 2006-ൽ അന്തർദ്ദേശീയ വിമാനത്താവളമായി പ്രഖ്യാപിച്ച വിമാനത്താവളമാണ് കോഴിക്കോട് വിമാനത്താവളം. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അർഹിക്കുന്ന പരിഗണന ആ വിമാനത്താവളത്തിന് നൽകുന്നില്ലെന്നുള്ളത് പരിശോധിച്ചാൽ നമുക്ക് ബോധ്യപ്പെടും. 2002-ൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പ്രഖ്യാപിച്ച വിമാനത്താവളം, ഏറ്റവും കൂടുതൽ പ്രവാസികൾ ഉപയോഗിക്കുന്ന വിമാനത്താവളം, ഏറ്റവും കൂടുതൽ വരുമാനമുള്ള വിമാനത്താവളം എന്നിങ്ങനെയുള്ള സവിശേഷതകളുള്ള വിമാനത്താവളമാണ് കോഴിക്കോട് വിമാനത്താവളം. ഇപ്രാവശ്യം കണ്ണൂർ വിമാനത്താവളത്തിന്റെ

അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി കോടികളുടെ പ്രഖ്യാപനം മന്ത്രി നടത്തുകയുണ്ടായി. കോഴിക്കോട് വിമാനത്താവളത്തെ തീരെ പരിഗണിച്ചതായി കാണുന്നില്ല. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സഹായങ്ങൾ അടിയന്തരമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്രാവശ്യം കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് രാജ്യത്തെ 21-ഓളം എംബാർക്കേഷൻ പോയിന്റുകൾ 10 ആക്കി ചുരുക്കുകയുണ്ടായി. അതിൽ കോഴിക്കോട് വിമാനത്താവളം ഉൾപ്പെട്ടിട്ടുണ്ട്. ഈ രാജ്യത്ത് ഏറ്റവും കൂടുതൽ തീർത്ഥാടകർ ഹജ്ജിനുപയോഗിക്കുന്ന വിമാനത്താവളമാണ് കോഴിക്കോട് വിമാനത്താവളം. 2002 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ നമുക്കത് ബോധ്യപ്പെടും. ഏറ്റവും കൂടുതൽ ഹാജിമാർ പുറപ്പെടുന്നത് മലബാറിൽ നിന്നാണ്. അവിടെ ഹജ്ജ് എംബാർക്കേഷൻ സൗകര്യം ഇല്ലാതായിരിക്കുകയാണ്. മലബാറിൽ നിന്നും ഹജ്ജിന് പോകേണ്ട തീർത്ഥാടകർ മുഴുവൻ കൊച്ചിയിലേയ്ക്ക് പോകേണ്ട ഗതികേടാണ്. രണ്ടുദിവസം മുമ്പുതന്നെ അവർക്ക് പുറപ്പെടേണ്ടിവരുന്നു. ധാരാളം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടാണ് അവർ കൊച്ചിയിലെത്തുന്നത്. എല്ലാ സൗകര്യങ്ങളുമുള്ള ഹജ്ജ് ഹൗസ്, സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ് എന്നിവയെല്ലാം കോഴിക്കോട് വിമാനത്താവളത്തിന് അടുത്തുതന്നെയാണ്. യാതൊരു ബുദ്ധിമുട്ടും കൂടാതെ ഹജ്ജിന് പോകാനുള്ള സൗകര്യമുണ്ടാകുമ്പോൾ മൈലുകൾ താണ്ടി കൊച്ചിയിലേയ്ക്ക് പോകേണ്ട ഗതികേടാണ്. 2019-ൽ ഏകദേശം 11000 പേരാണ് ഹജ്ജിന് പുറപ്പെട്ടത്. അതിൽ 9000 പേരും കോഴിക്കോട് വിമാനത്താവളം വഴിയാണ് ഹജ്ജിന് പോയത്. രണ്ടായിരത്തിചില്വാനം ആളുകൾ മാത്രമാണ് കൊച്ചിയെ ആശ്രയിച്ചത്. 2020-ൽ ഹജ്ജിന് ബാൻ ഉണ്ടായിരുന്നു. ഇപ്രാവശ്യം ഏകദേശം ആറായിരത്തിചില്വാനം അപേക്ഷകർ വന്നിട്ടുണ്ട്. അതിൽ അയ്യായിരം അപേക്ഷകരും മലബാറിൽ നിന്നുള്ളവരാണ്. അങ്ങനെയുള്ള മലബാർ മേഖലയിലെ തീർത്ഥാടകർക്ക് ഏറ്റവും സൗകര്യപ്രദമായിട്ടുള്ള വിമാനത്താവളത്തെ ഹജ്ജ് എംബാർക്കേഷൻ പോയിന്റിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സംസ്ഥാന ഗവൺമെന്റും അവസരോചിതമായി ഇടപെട്ടിരുന്നുവെങ്കിൽ തീർച്ചയായും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോടിന് ലഭിക്കുമായിരുന്നു. കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് എംബാർക്കേഷൻ സ്ഥാപിക്കേണ്ട ആവശ്യകതയുമായി ബന്ധപ്പെട്ട് ഈ മാസം 14-ാം തീയതി മലയാള മനോരമ, സുപ്രഭാതം എന്നീ പത്രങ്ങൾ എഡിറ്റോറിയൽ എഴുതി.അതുകൊണ്ട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും അതുപോലെതന്നെ കേന്ദ്രഗവൺമെന്റിലും സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ

പറയാനുള്ളത്. അതോടൊപ്പം തന്നെ അതിന്റെ വികസനത്തിനാവശ്യമായിട്ടുള്ള സൗകര്യങ്ങളൊരുക്കുകയും അതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും വേണം. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ ഇവിടെ സംസാരിച്ചു. വികസനത്തിനാവശ്യമായ സ്ഥലം വിട്ടുതരാൻ അവിടത്തെ തദ്ദേശീയർ തയ്യാറാണ്. ഈ വിമാനത്താവളത്തിനാവശ്യമായിട്ടുള്ള സ്ഥലം കൊടുത്തത് തദ്ദേശീയർ തന്നെയാണ്. അവർക്ക് മാർക്കറ്റ് വില കൊടുക്കണം. മാർക്കറ്റ് വില കൊടുക്കുകയാണെങ്കിൽ തീർച്ചയായും അവർ സ്ഥലം വിട്ടുതരാൻ തയ്യാറാണ്.

മറ്റൊരു കാര്യം, എന്റെ നിയോജകമണ്ഡലത്തിലെ ഫയർസ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഞാൻ ഇന്നലെയും മിനിഞ്ഞാന്നും മുഖ്യമന്ത്രിയോട് സംസാരിച്ചിരുന്നു. ഇതിനായി 50 സെന്റ് സ്ഥലം അനുവദിച്ചിരുന്നു. അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുനീങ്ങുകയാണ്. അതിന്റെ MoU ഒപ്പിടാൻ ഇപ്പോഴും ബന്ധപ്പെട്ട വകുപ്പ് തയ്യാറായിട്ടില്ല. ഫയർ സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പുതന്നെ അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുതരാമെന്ന് ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് പറഞ്ഞിട്ടുണ്ട്. ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അപേക്ഷിക്കുകയാണ്.

ചേളാരി ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലാൻ ഫണ്ടിൽ നിന്ന് 275 ലക്ഷം രൂപ ചെലവാക്കി കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ ബേസ്മെന്റ് വർക്ക് നടക്കവെ അവിടെ ഇടതുപക്ഷ യുവജനസംഘടന വന്ന് കൊടി നാട്ടി, അതിന്റെ നിർമ്മാണപ്രവർത്തനം നിലച്ചു. ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് ആ സ്കൂളിന്റെ കെട്ടിടം പൊളിക്കാൻ പോകുകയാണ്, കുട്ടികൾ വഴിയാധാരമാകാൻ പോകുന്നു. ഗ്രൗണ്ടിന്റെ വലിപ്പം കുറയുന്നുവെന്ന് പറഞ്ഞാണ് യുവജനസംഘടന അവിടെ കൊടിനാട്ടിയത്. അതിനുശേഷം പണി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. വികസനപ്രവർത്തനത്തിന് അനുവദിച്ച പണം വരെ ചെലവഴിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. പെരുവള്ളൂർ കുടിവെള്ള പദ്ധതി, തേഞ്ഞിപ്പാലം കടക്കാട്ടുപാറ റെഗുലേറ്റർ, തീരദേശപാതയുമായി ബന്ധപ്പെട്ടുള്ള കുടിവെള്ള പ്രശ്നം എന്നിവയ്ക്കെല്ലാം അനുവദിച്ച ഫണ്ടുപോലും വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യങ്ങൾ പരിശോധിച്ചശേഷം ആ പ്രവൃത്തികൾ തുടങ്ങാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. ഈ ബഡ്ജറ്റിനെ പരിഹസിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് 'ഇതൊരു ബഡായി ബഡ്ജറ്റാണ് ' എന്നു പറഞ്ഞു. അദ്ദേഹം നന്നായി ഹിന്ദി സംസാരിക്കുന്ന ആളാണ്. അദ്ദേഹത്തോട് ഞാൻ പറയുന്നത്, ഇത് 'ബഡായി ബഡ്ജറ്റ്' അല്ല, മറിച്ച് 'ബഡാ ബഡ്ജറ്റ്' അല്ലെങ്കിൽ 'ബഡിയാ ബഡ്ജറ്റ്' എന്ന് ഇതിനെ വിളിച്ചാൽ മതിയെന്നാണ്. എൽ.ഡി.എഫ്.- യു.ഡി.എഫ് കാലം ഒരു താരതമ്യപഠനം നടത്താം. അതിന് സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

2011-2016-ലെ സാമ്പത്തിക വളർച്ച യു.ഡി.എഫ്.-ന്റെ കാലത്ത് 4.9 ശതമാനമായിരുന്നു. നാലുവർഷം ഞങ്ങൾ പിന്നിടുമ്പോൾ സാമ്പത്തിക വളർച്ച 5.9 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ ഡോ. ടി. എം. തോമസ് ഐസക്കിന് കഴിഞ്ഞു. ക്ഷേമപെൻഷൻ യു.ഡി.എഫ്.-ന്റെ കാലത്ത് 48 ലക്ഷം പേർക്ക് കൊടുത്തു. ഞങ്ങൾ ഏതാണ്ട് 60 ലക്ഷം പേർക്ക് 1,600 രൂപ വച്ച് കൊടുത്തു. സാമൂഹിക ക്ഷേമപെൻഷൻ 1,600 രൂപയാക്കി ഉയർത്താൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. ലൈഫ് പദ്ധതിയിൽ ഒന്നരലക്ഷം വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ 6000 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ലൈഫ് പദ്ധതിയെ തകർക്കുന്ന രീതിയിൽ പ്രസംഗിക്കാൻ പ്രതിപക്ഷനേതാവിന് എങ്ങനെ തോന്നുന്നു? ഞങ്ങൾ വന്നാൽ ലൈഫ് പദ്ധതി ഇല്ലാതാക്കുമെന്ന് എങ്ങനെയാണ് ഒരു രാഷ്ട്രീയനേതാവിന് പറയാൻ തോന്നുന്നത്?

ആരോഗ്യ മേഖലയിൽ 4000 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ജനങ്ങളുടെ പൾസും ഹാർട്ട് ബീറ്റും മനസ്സിലാക്കുന്ന ഒരു സർക്കാരാണിത്. അതാണ് ആരോഗ്യമേഖലയിൽ 4000 തസ്തികകൾ സൃഷ്ടിക്കാൻ ഈ സാമ്പത്തികപ്രതിസന്ധിയുടെ കാലത്തുപോലും സർക്കാർ തയ്യാറായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെയും ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകം പ്രശംസിക്കുന്നു. ആശാവർക്കർമാർ കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനം പ്രശംസനീയമാണ്. അതിനുകൊടുത്ത ആദരവാണ് അവരുടെ ഓണറേറിയത്തിൽ 1,000 രൂപയുടെ വർദ്ധനവ് വരുത്തിയത്. തെക്കേ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട മലബാർ ക്യാൻസർ സെന്റർ ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ.യാണ് ഞാൻ. ക്യാൻസർ രോഗികളുടെ പ്രയാസം വളരെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്ന ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് അവർക്ക് കൊടുക്കുന്ന പെൻഷൻ വർദ്ധിപ്പിക്കാൻ ഡോ. ടി. എം. തോമസ് ഐസക് തയ്യാറാകണമെന്ന് ഞാൻ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ഈ ബഡ്ജറ്റിൽ, ആഗോളാടിസ്ഥാനത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. സർവ്വകലാശാലകൾ ആഗോളതലത്തിലുയരണം. അതിന് ഏറ്റവും അനിവാര്യം അദ്ധ്യാപക ഫാൽക്കറ്റികളുണ്ടാകണമെന്നതാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ആയിരം തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്. അത് മാതൃകാപരമാണ്. ഒരു തലമുറയെ വാർത്തെടുക്കുന്ന പ്രക്രിയയിൽ ഏറ്റവും അനിവാര്യമാണ് അദ്ധ്യാപകരുൾപ്പെടുന്ന തസ്തിക. അതിന് ഈ ഗവൺമെന്റ് തയ്യാറായെന്നുള്ളത് അഭിനന്ദനമർഹിക്കുന്ന പ്രവർത്തനമാണ്. കോളേജ്/യൂണിവേഴ്സിറ്റി തുടങ്ങിയവയുടെ നിലവാരമുയർത്തുന്ന പ്രക്രിയയ്ക്കും ഈ സർക്കാർ തയ്യാറായെന്നുള്ളതും എടുത്തുപറയേണ്ടതാണ്. റബ്ബറിന് 170 രൂപ താങ്ങുവില പ്രഖ്യാപിച്ചതോടൊപ്പം നെല്ലിനും നാളികേരത്തിനും താങ്ങുവില പ്രഖ്യാപിച്ചു.

ഈ കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിട്ട വിഭാഗമായ വ്യാപാരികളെ നാം അഡ്രസ് ചെയ്യണം. അവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണം. പ്രത്യേകിച്ചും ദേശീയപാതയിൽനിന്നും ഒഴിഞ്ഞുപോകുന്നവരെ പുനരധിവസിപ്പിക്കാനുള്ള പാക്കേജുകൾ സർക്കാരിന്റെ ഭാഗത്തുണ്ടെങ്കിലും അവരെ സംരക്ഷിക്കണം. കോവിഡ് കാലത്ത് പ്രതിസന്ധി നേരിട്ട വ്യാപാരികൾക്കുവേണ്ടി എന്തെങ്കിലും പ്രഖ്യാപിക്കാൻ ഡോ. ടി. എം. തോമസ് ഐസക് തയ്യാറാകണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്. 50 ലക്ഷം റേഷൻ കാർഡുടമകൾക്ക് 15 രൂപ നിരക്കിൽ 10 കിലോഗ്രാം അരി കൊടുക്കാൻ തയ്യാറായ, സർവ്വതല സ്പർശിയായി ജനങ്ങളുടെ ഹൃദയവികാരം മനസ്സിലാക്കിയ സർക്കാരാണ് ഈ സർക്കാരെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. കേരളം എല്ലാ മേഖലകളിലും മുന്നേറുകയാണ്. നിലവിൽ ഓൺലൈൻ ക്ലാസുകളാണ് നടക്കുന്നത്. പലയിടത്തും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമല്ല. ഈ സാഹചര്യത്തിലാണ് വളരെ ദീർഘവീക്ഷണത്തോടെ ബഹുമാന്യനായ മുഖ്യമന്ത്രി കെ-ഫോൺ പദ്ധതി പ്രഖ്യാപിച്ചത്. എന്ത് നീചമനസ്സാണ് പ്രതിപക്ഷത്തിനുള്ളത്? ആ പദ്ധതിയെ അട്ടിമറിക്കാനും ശ്രമം നടത്തിയില്ലേ? നിങ്ങൾ എന്തെല്ലാം കുത്തിത്തിരുപ്പുണ്ടാക്കി ഗെയിൽ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചിട്ടും അത് യാഥാർത്ഥ്യമായെങ്കിൽ അതിന് സമാനമായി കെ-ഫോൺ പദ്ധതിയും ശ്രീ. പിണറായി വിജയൻ എന്ന വ്യക്തി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമെങ്കിൽ നടപ്പിലാക്കുമെന്ന് വിനയത്തോടെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇ-മൊബിലിറ്റി എന്ന പേരിൽ ഇലക്ട്രിക്കൽ ബസ്സുകൾ വരുന്നു. യു.ഡി.എഫ്.-ന് ഇത്തരത്തിലുള്ള

മാനസികാവസ്ഥയുണ്ടാകാൻ കാരണമെന്താണ്? പുതിയ പദ്ധതികൾ കോൺഗ്രസ് കൊണ്ടുവന്നാലും കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്നാലും അതിന്റെ ഗുണഭോക്താക്കൾ കേരളത്തിലെ പൊതുസമൂഹമാണ്. ഇ-മൊബിലിറ്റി നടപ്പിലാക്കുന്നതോടുകൂടി കേരളം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുന്നതിനെ പാരവയ്ക്കാൻ ശ്രമിക്കുന്നതെന്തിനാണ്? കേരളത്തിലെ യു.ഡി.എഫ്. നേതൃത്വം കോർപ്പറേറ്റുകളുടെ പിണിയാളുകളായും പാദസേവകരായും മാറുന്നു. അതുകൊണ്ടാണ് കെ-ഫോൺ പദ്ധതിയെയും ഇ-മൊബിലിറ്റി പദ്ധതിയെയും അട്ടിമറിക്കാനുള്ള വികൃതമായ മനസ് നിങ്ങൾക്കുണ്ടാകുന്നത്. അത് കേരളീയ സമൂഹം തിരിച്ചറിയുകതന്നെ ചെയ്യും. ഈ സർക്കാർ അടുത്ത അഞ്ചുവർഷംകൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞത് മാതൃകാപരമായ പ്രഖ്യാപനമാണ്. ഇലക്ട്രിസിറ്റി മേഖലയിൽ 17.14 ലക്ഷം പുതിയ കണക്ഷൻ നൽകാൻ ഈ സർക്കാരിന് സാധിച്ചു. ഇത്തരത്തിൽ സർവ്വതല സ്പർശിയായ വികസന പ്രവർത്തനം നടപ്പിലാക്കാൻ കഴിഞ്ഞ നാലര വർഷംകൊണ്ട് കഴിഞ്ഞുവെന്ന് അഭിമാനത്തോടെ ഞങ്ങൾ പറയുന്നു. നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസികൾ. അവരെ മറന്നുകൊണ്ട് കേരളത്തിന് മുന്നേറാൻ സാധിക്കില്ല. ആ പ്രവാസി സമൂഹത്തെ കൃത്യമായി സർക്കാർ അഡ്രസ് ചെയ്യുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് 1.1 ലക്ഷമായിരുന്ന പ്രവാസികളുടെ അംഗത്വം 5.06 ലക്ഷമായി ഉയർത്താൻ ഞങ്ങൾക്ക് സാധിച്ചു. അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി ഉയർത്തിക്കാണിക്കുകയാണ്. ഇങ്ങനെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർവ്വതല സ്പർശിയായ വികസനം നടപ്പിലാക്കി മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷത്തിന് അസൂയയും കുശുമ്പുമാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ഞങ്ങൾ ധർമ്മത്തിന്റെ പക്ഷത്താണ്. അടുത്ത തെരഞ്ഞെടുപ്പ് നേരിടാൻ പോകുന്നത് ധർമ്മവും അധർമ്മവും തമ്മിലാണ്. അധർമ്മത്തിന്റെ പക്ഷത്ത് നയിക്കാൻ നേതാവില്ലാത്തതുകൊണ്ട് കോൺഗ്രസ്സിന് രാവണനെപ്പോലെ പത്ത് തലയാണ്. കോൺഗ്രസിനെ ആര് നയിക്കും? മലയാള മനോരമ ദിനപത്രം നിങ്ങളെ പരിഹസിച്ചില്ലേ? പരിഹസിച്ചുകൊണ്ട് മലയാള മനോരമ പറഞ്ഞു, കോൺഗ്രസ്സിന് പുതിയ മുഖം, ഇതാണ് ആ പുതിയ മുഖം (മലയാള മനോരമ ദിനപത്രം ഉയർത്തിക്കാട്ടി.) മലയാള മനോരമയ്ക്കുപോലും കാർട്ടൂൺ വരയ്ക്കേണ്ട അവസ്ഥയിലെത്തിയില്ലേ; ആ അവസ്ഥയിൽ എന്തുകൊണ്ടെത്തി? ഇതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. ഇടതുപക്ഷ മുന്നണിയെ നേരിടാൻ സാധിക്കാത്ത അവസ്ഥയാണ്. ധർമ്മവും അധർമ്മവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ പത്ത് തലയുള്ള രാവണന്മാരെ നിർത്തി ഇടതുപക്ഷത്തെ നേരിടേണ്ടിവരുന്ന അവസ്ഥയിൽ നിങ്ങളെത്തി. പക്ഷേ ഞാൻ ഉറപ്പിച്ചുപറയുന്നു.

22-ാം തീയതി ഈ സഭാസമ്മേളനം അവസാനിച്ച്, അടുത്ത ജ്ജൂൺ മാസം കോരിച്ചൊരിയുന്ന മഴയത്ത് ഞങ്ങൾ വീണ്ടും വരും, ബഹുമാനപ്പെട്ട സ്പീക്കറുടെ വലതുവശത്തെ ട്രഷറി ബഞ്ചിലിരിക്കാൻ ഇടതുപക്ഷം ശക്തിയോടെ തിരിച്ചുവരും, ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഞാനേറെ ബഹുമാനിക്കുന്ന നേതാവാണ് ശ്രീ. ടി. എ. അഹമ്മദ് കബീർ. വളരെ ചെറിയ പ്രായം മുതൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നയാളാണ് ഞാൻ. 'ട്രമ്പത്തരമെന്ന്' അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്ഷേപിച്ചു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്കകത്ത് നടത്തിയ ഏതെങ്കിലുമൊരു പരാമർശം തെറ്റിയിട്ടുണ്ടോ? നിങ്ങൾ ഒരു ഡി.ജി.പി.-ക്കുവേണ്ടി വക്കാലത്തെടുത്തപ്പോൾ അയാളിപ്പോൾ നിങ്ങളുടെ പിടിയിലല്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, ആ ഡി.ജി.പി. ആരുടെ പക്ഷത്തായിരുന്നുവെന്ന് കാലം തെളിയിച്ചില്ലേ? അതുപോലെ കോൺഗ്രസ്സിനെ നിയന്ത്രിക്കുന്നത് മുസ്ലീംലീഗാണെന്ന് അദ്ദേഹം ഈ സഭാസമ്മേളനത്തിൽ നടത്തിയ പരാമർശം തെറ്റാണെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? മുസ്ലീംലീഗെന്ന രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സിനെ നിയന്ത്രിക്കുന്നു. കോൺഗ്രസ്സിന്റെ ഹൈക്കമാന്റായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെന്ന കുഞ്ഞാപ്പ മാറുന്നു. കോൺഗ്രസ്സിന്റെ സംസ്ഥാന അദ്ധ്യക്ഷൻ എവിടെ മത്സരിക്കണമെന്ന് തീരുമാനിക്കുന്നത് ലീഗാണോ? ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഇവിടെ മത്സരിക്കാൻ പാടില്ലെന്ന് മുസ്ലീംലീഗിന്റെ വയനാട് ജില്ലാ കമ്മിറ്റി പറയുന്നു. കോൺഗ്രസ് എന്ന ദേശീയ പാർട്ടിയുടെ നേതാവ് എവിടെ മത്സരിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശംപോലും ആ പാർട്ടിക്കില്ല എന്നുപറയുമ്പോൾ, ആ പാർട്ടിയെ ലീഗ് ഹൈജാക്ക് ചെയ്തുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ അതിലെന്താണ് കുറ്റം. അതാണ് ശ്രീ. ടി. എ. അഹമ്മദ് കബീർ അഡ്രസ് ചെയ്യേണ്ടിയിരുന്നത്. ഇവിടെ പുതിയൊരു സഖ്യം രൂപപ്പെടുന്നു, കുഞ്ഞാപ്പ-കുഞ്ഞൂഞ്ഞ് സഖ്യം. ആ സഖ്യത്തെ കേരളത്തിലെ ജനങ്ങൾ തിരസ്കരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. നിങ്ങൾ എന്തെല്ലാം കുത്തിത്തിരുപ്പുണ്ടാക്കിയാലും അസത്യങ്ങളും അപവാദങ്ങളും പ്രചരിപ്പിച്ചാലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കേരളത്തിലെ ജനങ്ങൾക്കറിയാം. ഞങ്ങൾ ജനങ്ങൾക്കിടയിലുള്ളവരാണ്. ഇവിടെ നേരത്തെ കിഫ്ബിയെക്കുറിച്ച് ചർച്ച നടത്തിയല്ലോ? കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നവർ നാടിന്റെ ശത്രുക്കളാണ്. നാട്ടിൽ പുതിയ പാലങ്ങളും വിദ്യാലയങ്ങളും ആതുരാലയങ്ങളും വേണ്ടേ? എല്ലാക്കാലത്തും കേരളം ഇങ്ങനെയാകണമെന്നാണോ? കേരളം മാറണമെന്ന് പൊതുസമൂഹം ചിന്തിക്കുന്നു. ത്രിതല മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ നിങ്ങൾ ദാരിദ്ര്യം പറഞ്ഞപ്പോൾ ഞങ്ങൾ വികസനം പറഞ്ഞു, ജനം വികസനത്തിന്റെ കൂടെയാണ്.

അതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കേരളത്തിൽ 99 സീറ്റ് ലഭിച്ചത്. ഞങ്ങൾക്കെതിരായ ഏഷ്യാനെറ്റ് ചാനലും എ.ബി.പി. ന്യൂസും പറഞ്ഞു, ഇടതുപക്ഷം ഭരണത്തിൽ വരുമെന്ന്, ഇടതുപക്ഷം ഭരണത്തിൽ വരുമെന്ന് പറയുന്നത് കേരളത്തിന്റെ പൊതുസമൂഹമാണ്. വികസനമെത്താത്ത വീടുകളുണ്ടോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഒന്നും ചെയ്തില്ലെന്ന് എതിർവശത്തിരിക്കുന്ന യു.ഡി.എഫ്. എം.എൽ.എ.മാർക്ക് ആത്മാർത്ഥമായി നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ? ഇടതുപക്ഷ ജനാധിപത്യമുന്നണി വികസനം നടപ്പാക്കി. ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്? പ്രതിപക്ഷനേതാവിന്റെ സ്ഥിതി മേഘം സിനിമയിലെ ശ്രീനിവാസന്റെ അവസ്ഥയാണ്. അദ്ദേഹം എന്തൊക്കെ ചെയ്തു? പ്രതിപക്ഷനേതാവിന്റെ സ്ഥിതി ശ്രീനിവാസന്റേതാണെങ്കിൽ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ സ്ഥിതി മമ്മൂട്ടിയുടേതുമാണ്. മൂന്നാമൻ കൊണ്ടുപോയി. അതൊക്കെ നിങ്ങളുടെ ആഭ്യന്തരപ്രശ്നം, അതിലേയ്ക്ക് ഞാൻ പോകുന്നില്ല. കോൺഗ്രസ് തകരണമെന്ന് ഒരിക്കലും ആഗ്രഹിക്കുന്ന ആളല്ല ഞാൻ. ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്? കോൺഗ്രസ് തകർന്നടിഞ്ഞു. കോൺഗ്രസ്സിന്റെ സമരങ്ങൾ എങ്ങനെയാണ്? കോൺഗ്രസ്സിന്റെ സമരത്തെ ഞാൻ വിളിക്കുന്നത് ഡിസാസ്റ്റർ ടൂറിസമെന്നാണ്. എന്താണ് ഡിസാസ്റ്റർ ടൂറിസം? ശ്രീമതി പ്രിയങ്കാ ഗാന്ധിയും ശ്രീ. രാഹുൽഗാന്ധിയും ഡിസാസ്റ്റർ ടൂറിസ്റ്റുകളാണ്. നിങ്ങൾ കേവലം ഹാത്രസ്സിൽ പോയി മുഖം കാണിച്ച് പത്ത് ഫോട്ടോഗ്രാഫർമാർക്ക് പോസ് ചെയ്തശേഷം തിരിച്ചുപോകാനുള്ളതല്ല. ശ്രീ. രാഹുൽഗാന്ധിയും ശ്രീമതി പ്രിയങ്കാഗാന്ധിയും ഡിസാസ്റ്റർ ടൂറിസ്റ്റുകളായി മാറിയതിന്റെ ദുരന്തമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ഇന്ത്യയിൽ അനുഭവിക്കുന്നത്. Electoral opposition നിങ്ങൾ തന്നെയെന്നതിൽ തർക്കമൊന്നുമില്ല. എന്നാൽ Ideological opposition ലെഫ്റ്റാണ്. Electoral opposition കോൺഗ്രസ്സാണെങ്കിൽ Ideological opposition ഞങ്ങളാണ്. അതാണ് ഫാർമേഴ്സ് സമരം. ആ സമരത്തിൽ 5000 ട്രാക്ടറുകൾ സമരമുഖത്തേയ്ക്കുപോയപ്പോൾ 5000 ട്രാക്ടറുകളിൽ 500 എണ്ണം അയച്ചത് ആൾ ഇന്ത്യ കിസാൻ സഭയാണ്. ആൾ ഇന്ത്യ കിസാൻസഭ 500 ട്രാക്ടറുകൾ അവിടേയ്ക്കയച്ചു. ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും എവിടെപ്പോയി? ഞങ്ങൾ ഐഡിയോളജിക്കൽ ലെഫ്റ്റ് ഓപ്പോസിഷൻ മാത്രമാണെന്ന കാര്യം ഞാൻ അംഗീകരിക്കുന്നു. സമരമുഖത്ത് നിങ്ങളെവിടെയാണ്? ഞാൻ ചില കോൺഗ്രസ് എം.പി.-മാരുടെ ദൃശ്യങ്ങൾ കണ്ടു. ഫോട്ടോ എടുത്തോളൂവെന്ന് കണ്ണുകൊണ്ട് ആംഗ്യം കാണിക്കുകയാണ്, അതിനുശേഷം അപ്പോൾത്തന്നെ തിരിച്ചുപോകുകയാണ്. ഇതാണോ ഒരു പ്രതിപക്ഷം ചെയ്യേണ്ടിയിരുന്നത്? ഇവിടെനിന്നും പത്തൊമ്പതുപേരെ

ജയിപ്പിച്ചയച്ചു. അവിടെ സമരമുഖത്തുള്ളത് ശ്രീ. കെ. കെ. രാകേഷ്, ശ്രീ. എളമരം കരീം, ശ്രീ. ബിനോയ് വിശ്വം എന്നിവരടങ്ങിയ ഇടതുപക്ഷ നേതൃത്വനിരയാണ്. നിങ്ങളുടെ ഒരു നേതാവും അവിടെയില്ല. നിങ്ങൾക്കതിന് സാധിക്കില്ല. നിങ്ങൾ തകർന്നടിഞ്ഞിരിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ യു.ഡി.എഫ്. ഞങ്ങളെ പരിഹസിച്ചു. അത് ശരിയാണ്. പക്ഷേ നിങ്ങൾ ആലോചിക്കണം, ആസ്ട്രേലിയൻ പര്യടനം നടത്തിയല്ലോ? ആസ്ട്രേലിയൻ പര്യടനത്തിൽ ഒന്നാംടെസ്റ്റിൽ ഇന്ത്യ തകർന്നടിച്ചു. എന്നാൽ രണ്ടും മൂന്നും ഞങ്ങൾ ജയിച്ചു. അതുപോലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു, പക്ഷേ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിലും പിന്നീട് നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഞങ്ങൾ വിജയിച്ചു. വളരെ വ്യക്തമായ രീതിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മേധാവിത്വം ലഭിച്ചിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്കുമുമ്പാകെ നടപ്പിലാക്കിയ വികസന നയം ജനങ്ങൾ ചർച്ച ചെയ്യും. ആ വികസനത്തിനാണ് ജനങ്ങളുടെ വോട്ട്. ഇവിടെ മുസ്ലീംലീഗുണ്ടാക്കിയ രാഷ്ട്രീയ സഖ്യത്തിൽ കോൺഗ്രസ്സിനാണ് കച്ചവട നഷ്ടമുണ്ടായത്. മലപ്പുറത്തുള്ള മുസ്ലീംലീഗ് അവരുടെ ശക്തി കേന്ദ്രങ്ങളെയൊക്കെ സംരക്ഷിച്ചു. ഇതുസംബന്ധിച്ച് ഡോ. എം. കെ. മുനീറിന്റെ അഭിപ്രായം എനിക്കറിയണം. ഞങ്ങൾ പല ഡിബേറ്റുകളിലും പങ്കെടുത്തപ്പോൾ ജമാഅത്തെ ഇസ്ലാമിയെ ശക്തമായി എതിർത്തയാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ശബ്ദത്തിന് മുസ്ലീംലീഗിനകത്ത് യാതൊരു ഒച്ചയുമില്ലെന്ന തെളിവല്ലേ, ജമാഅത്തെ ഇസ്ലാമിയുമായി സഖ്യമുണ്ടാക്കാൻ ഒരു മടിയും മുസ്ലീംലീഗിന് ഇല്ലാതെപോയത്. എങ്ങനെയാണ് ഗ്യാസും ഏണിയും ഒരുമിക്കുന്നത്. ഗ്യാസും ഏണിയും ഒരുമിക്കാൻ പാടില്ലല്ലോ? മതരാഷ്ട്രവാദം മുന്നോട്ടുവയ്ക്കുന്ന വെൽഫെയർ പാർട്ടിയുമായി യാതൊരു മടിയുമില്ലാതെ സഖ്യമുണ്ടാക്കാൻ; ശ്രീ. രാഹുൽ ഗാന്ധിയുടെയും പാണക്കാട് തങ്ങളുടെയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും വെൽഫെയർ പാർട്ടി നേതാവിന്റെയും ഫോട്ടോ ഒരു പോസ്റ്ററിനകത്ത് അടിക്കാൻ മുസ്ലീംലീഗിന് ഒരു മടിയുമുണ്ടായില്ലല്ലോ?

നഷ്ടമാർക്കാണ്? തെക്കൻ കേരളത്തിൽ കോൺഗ്രസ് ഒലിച്ചുപോയി. മലബാറിലെ ചില ലീഗ്കേന്ദ്രങ്ങൾ സംരക്ഷിക്കപ്പെടുന്നതിനപ്പുറത്തേയ്ക്ക് കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് നഷ്ടമുണ്ടായി. അതാണല്ലോ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞത്, ജയിച്ചപ്പോൾ എന്നെ ആരും വിളിച്ചില്ല ഇപ്പോൾ എല്ലാവരും തെറിവിളിക്കുകയാണെന്ന്. നിങ്ങൾ ആലോചിക്കണം. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയപ്രസ്ഥാനം തകർന്നടിഞ്ഞിരിക്കുന്നു. അതിനെ രക്ഷപ്പെടുത്താൻ ഇനി ആർക്കുമാവില്ല.

ഡോ. എം. കെ. മുനീർ: സർ, സഭാ ടി. വി-യിൽ ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിയുമായി നടത്തിയ ഒരു അഭിമുഖം സംപ്രേഷണം ചെയ്തിരുന്നു. അതിൽ അദ്ദേഹം പറയുന്നത്, ഞങ്ങൾ ജമാഅത്തെ ഇസ്ലാമിയുമായി ബന്ധമുണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾക്ക് ഒരു പൊതുശത്രുവുണ്ടായിരുന്നു, ആരാണ് ആ പൊതുശത്രു; കോൺഗ്രസ്സാണ്, കോൺഗ്രസിനെ നേരിടാൻ ഞങ്ങൾ ജമാഅത്തെ ഇസ്ലാമിയുമായി കൈകോർത്തു എന്നാണ്. മതരാഷ്ട്രവാദവുമായി കൈകോർത്തിട്ട് ദേശീയ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട അങ്ങ് ബഹുമാനപ്പെട്ട പാലൊളി മുഹമ്മദ് കുട്ടിയുടെ ഒരു ക്ലാസെങ്കിലും കഴിഞ്ഞിട്ട് ഇങ്ങോട്ട് വരുന്നതായിരുന്നു നല്ലത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ, ജമാഅത്തെ ഇസ്ലാമിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ആളാണ്. പക്ഷെ, അദ്ദേഹത്തിന്റെ ശബ്ദത്തിന് ഒച്ചയില്ലെന്ന് എനിക്കറിയാം. അദ്ദേഹം വളരെ ദുർബലനാണ്. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി പറഞ്ഞിട്ടുള്ളത്, ജമാഅത്തെ ഇസ്ലാമി വോട്ട് ചെയ്തിട്ടുണ്ടാകാമെന്നാണ്. പല ഘട്ടങ്ങളിലും അവർ പല നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇവിടെ നിങ്ങൾ അറിയേണ്ട കാര്യം, ജമാഅത്തെ ഇസ്ലാമിയെ സഖ്യകക്ഷിയാക്കി, സ്വന്തം പോസ്റ്ററിനകത്ത് ഫോട്ടോവച്ച് പ്രിന്റ് ചെയ്യാൻ ഒരു മടിയും കാണിക്കുന്നില്ലെന്നുള്ളതിന്റെ അർത്ഥം മതരാഷ്ട്രവാദികളുമായി നിങ്ങൾ സഖ്യത്തിലേർപ്പെടുന്നു എന്നുള്ളതാണ്. ആ മത രാഷ്ട്രവാദികളുമായി സഖ്യത്തിൽ ഏർപ്പെടുന്നതിന്റെ നഷ്ടമാർക്കാണ്? മതേതരവാദികൾ പോയിയെന്നുള്ളതാണ്. എസ്.ഡി.പി.ഐ.-യുമായി ആരാണ് സഖ്യത്തിൽ ഏർപ്പെട്ടത്? അതെല്ലാം എന്നെക്കൊണ്ട് പറയിക്കണോ; ആർക്കാണ് ചരിത്രമറിയാത്തത്; മുഴപ്പിലങ്ങാട് പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.-യും യു.ഡി.എഫ്.-ഉം ആയി സഖ്യത്തിലാണ്. നിങ്ങൾ പരിശോധനയ്ക്ക് തയ്യാറുണ്ടോ? അതുകൊണ്ട് ഈ രീതിയിൽ രാഷ്ട്രീയസഖ്യമുണ്ടാക്കിയതാണ് കോൺഗ്രസിന്റെ തകർച്ചയ്ക്ക് ആധാരം. ഹൈക്കമാന്റിന് മുമ്പ് വിലയുണ്ടായിരുന്നു. ഇപ്പോൾ ഹൈക്കമാന്റിനോട് പറയുന്നത്, no comments എന്നാണ്. ഹൈക്കമാന്റിനോട് no comments പറയുന്ന പുതിയ നേതൃത്വം. അതുകൊണ്ടാണല്ലോ ശ്രീ. രാഹുൽ ഗാന്ധി വന്ന് കേരളത്തിൽ പ്രസംഗിച്ചപ്പോൾ, ശ്രീ. രാഹുൽ ഗാന്ധി ഇവിടുത്തെ കാര്യങ്ങൾ പറയേണ്ടെന്ന് പറഞ്ഞത്. അപ്പോൾ ഹൈക്കമാന്റ് ലോക്കമാന്റ് ആയപ്പോൾ ഹൈക്കമാന്റിനോട് no comments പറയാൻ തുടങ്ങിയപ്പോൾ അവിടെ കോൺഗ്രസിന് ലൈൻ തെറ്റി. അതുകൊണ്ട് കോൺഗ്രസ് പുനർവിചിന്തനത്തിന് വിധേയമാകണമെന്നാണ് പറയാനുള്ളത്. മഹാത്മാഗാന്ധിയെ സാക്ഷിനിർത്തി

ഞാൻ ഒരിക്കൽക്കൂടി പറയുന്നു, 2021 ജൂൺ മാസത്തിൽ ഞങ്ങൾ വീണ്ടും അധികാരത്തിൽവരും. ബഹുമാനപ്പെട്ട സ്പീക്കറുടെ വലതുവശത്തിരിക്കാൻ ഇടതുപക്ഷം വളരെ ശക്തിയോടുകൂടി വീണ്ടും തിരിച്ചുവരുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റിന്റെ ആമുഖത്തിൽ സ്നേഹയെന്ന കുട്ടിയുടെ കവിതയോടുകൂടിയാണ് 2020-2021-ലേയ്ക്കുള്ള ബഡ്ജറ്റ് അങ്ങ് അവതരിപ്പിച്ചത്. പ്രൊഫ. ഗോപിനാഥ് മുതുകാടിനെപ്പോലെ ഒരു മാന്ത്രികന്റെ എല്ലാ മാന്ത്രിക വിദ്യകളുംകൊണ്ടൊരു മായാജാലമുണ്ടാക്കി. ദൃശ്യമാധ്യമങ്ങളും അച്ചടി മാധ്യമങ്ങളുമെല്ലാം ഈ ബഡ്ജറ്റിനെ പാടിപ്പുകഴ്ത്തി. ക്ഷേമപദ്ധതികളുടെ ഒരു വലിയ പെരുമഴയാണുണ്ടായത്. പല പത്രങ്ങളുടെയും മുഖപ്രസംഗം വായിച്ചുനോക്കിയാൽ മനസ്സിലാകും, ഒരു പത്രത്തിൽ എഴുതിയിരിക്കുന്നത് ഈ ബഡ്ജറ്റ് അപ്രസക്തമാണെന്നാണ്, മറ്റൊരു പത്രം എഴുതിയിരിക്കുന്നത് ഈ ബഡ്ജറ്റ് വ്യർത്ഥമായ വ്യായാമമാണെന്നാണ്. എന്താണ് കാരണം, 2021 ഏപ്രിൽ 1-നാണ് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നത്. അടുത്തമാസം പകുതിയോടുകൂടി അല്ലെങ്കിൽ മാർച്ച് മാസം ആദ്യം ഇലക്ഷൻ പ്രഖ്യാപിക്കാൻ പോകുന്നു, പെരുമാറ്റച്ചട്ടം നിലവിൽ വരാൻ പേകുന്ന എന്നാണ് വാർത്തകളിൽ കാണുന്നത്. ഈ സർക്കാരിന്റെ കാലാവധി ഒരുമാസം പോലുമില്ല. അങ്ങനെയുള്ള ഗവൺമെന്റാണ് അടുത്ത ഒരു കൊല്ലത്തേയ്ക്കുള്ള വാഗ്ദാനങ്ങൾ ഇവിടെ നിരത്തിയിരിക്കുന്നത്. ഇത് ഇടതുപക്ഷ മുന്നണിയുടെ ഒരു മാനിഫെസ്റ്റോ മാത്രമാണ്, കേരളത്തിന്റെ ബഡ്ജറ്റല്ല. ഇവിടെ ചരിത്രം വിലയിരുത്തുമ്പോൾ, കേരളത്തെ കടക്കെണിയിലാക്കിയ ധനമന്ത്രിയാണ് അങ്ങ്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ കേരളത്തിന്റെ പൊതുകടം 1,09,730 കോടി രൂപയായിരുന്നു. അഞ്ചുകൊല്ലത്തെ ഭരണം പൂർത്തിയാക്കി അങ്ങ് അധികാരമൊഴിയുമ്പോൾ കടം 1,90,982 കോടി രൂപയായി മാറി. അതായത് കേരളമുണ്ടായ 63 കൊല്ലംകൊണ്ട് കടം 1,09,000 കോടി രൂപയാണെങ്കിൽ, അഞ്ചുകൊല്ലംകൊണ്ട് കടം 80,000 കോടി രൂപയായി വർദ്ധിച്ചു. അതാണ് അങ്ങയുടെ സംഭാവന. കടബാധ്യത 2016-ൽ 1,57,370 കോടി രൂപയായിരുന്നു, ഇപ്പോൾ 2,51,200 കോടി രൂപയായി. ഇത് ഞാൻ പറയുന്നതല്ല, ഈ സഭയിൽ ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരമാണ് എന്റെ കൈവശമുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി(ഡോ. ടി. എം. തോമസ് ഐസക്): സർ, അപ്പോൾ 80,000 കോടിയായിരുന്നു, നിങ്ങളുടെ ഭരണം കഴിഞ്ഞപ്പോൾ നേരെ ഇരട്ടി 1.6 ലക്ഷം രൂപയായി മാറി. ശരിയല്ലേ, അതല്ലേ ഇപ്പോൾ പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ അഞ്ചുകൊല്ലത്തെ ഭരണം പൂർത്തിയാകുമ്പോൾ കടത്തിന്റെ വർദ്ധന 80,000 കോടി രൂപയായി, ഇത് ശരിയല്ലേ? 2016-ലെ കടബാധ്യത 1,57,370 കോടി രൂപ. ഇപ്പോൾ 2,51,200 കോടി രൂപ. അതായത് 93,000 കോടി രൂപയുടെ ബാധ്യത വർദ്ധിക്കുന്നു. കിഫ്ബിയിലൂടെയുള്ള കടം വേറെ. ഈ സാമ്പത്തിക ബാധ്യത താങ്ങാനുള്ള ശേഷി കേരളത്തിനുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങളുടെ വലിയൊരു നിരയുണ്ട്. ഇവിടെയത് പലരും ചൂണ്ടിക്കാണിച്ചിരുന്നു. തീരദേശ പാക്കേജിനുവേണ്ടി അഞ്ചു കൊല്ലത്തേയ്ക്ക് 5000 കോടി രൂപ, ഒരു കൊല്ലത്തേയ്ക്ക് ആയിരം കോടി രൂപ ചെലവഴിക്കേണ്ടതല്ലേ; കുട്ടനാട് പാക്കേജിനുവേണ്ടി 2400 കോടി രൂപ. വയനാട് പാക്കേജും ബ്രാന്റഡ് കോഫിയും, കാർബൺ ന്യൂട്രൽ വയനാട്, എല്ലാംകൂടി 500 കോടി രൂപ. ഇടുക്കി പാക്കേജിന് 100 കോടി രൂപ, കാസർഗോഡ് പാക്കേജിന് 90 കോടി രൂപ. ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിലും കേട്ടു വ്യവസായ ഇടനാഴിക്കുവേണ്ടി മട്ടന്നൂരിൽ 5000 ഏക്കർ ഭൂമിയേറ്റെടുക്കാൻ 12,000 കോടി രൂപ. കണ്ണൂർ വിമാനത്താവളം കമ്മീഷൻ ചെയ്യുമ്പോൾ അതിന്റെ റൺവേയുടെ നീളം 3050 മീറ്ററായിരുന്നു. നിങ്ങൾ അഞ്ചുകൊല്ലം ഭരണം പൂർത്തിയാക്കുമ്പോൾ ഒരിഞ്ചുപോലും റൺവേ കൂട്ടാൻ സാധിച്ചിട്ടില്ല. ഒന്നാം ഫേസ് 3050, രണ്ടാം ഫേസിൽ 3450, മൂന്നാം ഫേസിൽ 4000. അഞ്ചുകൊല്ലം ഭരിച്ചിട്ട് വിമാനത്താവളത്തിന് ഒരിഞ്ചുപോലും റൺവേ കൂട്ടാതെ നിങ്ങൾ പറയുകയാണ്, മട്ടന്നൂരിൽ അതിനുവേണ്ടി അയ്യായിരം ഏക്കർ ഭൂമി ഏറ്റെടുക്കുമെന്ന്. യഥാർത്ഥ്യബോധമുണ്ടോ? ഒരു കാര്യം പറയാനുള്ളത്, ബഡ്ജറ്റിന്റെ തലേദിവസം ഒരു ഇക്കണോമിക് റിവ്യൂ അവതരിപ്പിച്ചു. അങ്ങൊരു പെർഫോർമൻസ് ബഡ്ജറ്റ് അവതരിപ്പിക്കുകയാണ് ചെയ്യേണ്ടത്. അങ്ങയുടെ പ്രഖ്യാപനങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലായി? അത് പറഞ്ഞാൽ ഈ ബഡ്ജറ്റിന്റെ എല്ലാ കള്ളിയും പുറത്തുവരും. കഴിഞ്ഞ ഒരു വർഷത്തെ കോവിഡ് കാലഘട്ടത്തിൽ, കേരളം നേരിട്ട വലിയൊരു ദുരന്തമായിരുന്നു പ്രവാസികളുടെ മടങ്ങി വരവ്. ഈ ബഡ്ജറ്റിൽ അങ്ങ് പ്രവാസികൾക്കുവേണ്ടി എന്താണ് പറഞ്ഞിരിക്കുന്നത്? 96-ാം നമ്പർ ഖണ്ഡിക മുതൽ 100-ാം നമ്പർ ഖണ്ഡികവരെ പ്രവാസികളുടെ ഏതെങ്കിലുമൊരു പ്രശ്നം അങ്ങ് ചർച്ച ചെയ്തിട്ടുണ്ടോ? ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്, കോവിഡ് വ്യാപനത്തോടുകൂടി വിദേശത്തുനിന്നും 3.77 ലക്ഷം പേരും ഇതര സംസ്ഥാനങ്ങളിൽനിന്നും 6.29 ലക്ഷം പേരും കേരളത്തിലേയ്ക്ക് മടങ്ങിവന്നു. അര

നൂറ്റാണ്ടിനിടയ്ക്ക് പ്രവാസ ജീവിതത്തിൽ ഇത്രയും വലിയ ദുരന്തമുണ്ടായിട്ടില്ല. ഇത്രയുംപേർ മടങ്ങിവന്നിട്ട് അങ്ങെന്താണ് പറയുന്നത്; പ്രവാസിക്ഷേമം-ജൂലൈ മാസത്തിൽ എല്ലാ പഞ്ചായത്തുകളും നഗരസഭകളും ചേർന്ന് പ്രവാസി ഓൺലൈൻ സംഗമങ്ങൾ നടത്തും. മടങ്ങിവന്ന പ്രവാസികൾക്കുള്ള സമ്മാനമാണല്ലോ പ്രവാസി ഓൺലൈൻ സംഗമം. മേൽ സൂചിപ്പിച്ച പ്രവാസി പദ്ധതി നടപ്പിലാക്കിയശേഷം 2021 അവസാനം മൂന്നാം ലോക കേരളസഭ വിളിച്ചുകൂട്ടും. രണ്ടെണ്ണം കൂടിയിട്ടും മതിയായിട്ടില്ലേ? പ്രവാസികളുടെ പേരിൽ കേരളത്തിൽ നടത്തുന്ന ധൂർത്തിന്റെ കഥകൾ എല്ലാവർക്കുമറിയാം. ലോക കേരള സഭകൊണ്ട് എന്തുനേടി? അതിലെ ശിപാർശകൾ നടപ്പിലാക്കാൻ സാധിച്ചോ; മടങ്ങിവരുന്ന പ്രവാസിക്ക് ആശ്വാസം പകരാൻ, അവന്റെ വേദന മാറ്റാൻ സാധിക്കാത്ത ഈ ബഡ്ജറ്റ് നിരർത്ഥകമാണ്. ഇവിടെ എല്ലാവരും പറഞ്ഞു, ഞങ്ങൾ അറബിക്കടലിലായെന്ന്. തദ്ദേശ തെരഞ്ഞെടുപ്പിൽ ഞങ്ങളാകെ പരാജയപ്പെട്ടു, ഞങ്ങൾ സമ്മതിക്കുന്നു, ഞങ്ങൾ പ്രതീക്ഷിച്ച വിജയം ഉണ്ടായിട്ടില്ല. പക്ഷേ, അതുകൊണ്ട് നിങ്ങൾ അഹങ്കരിക്കരുത്. ഒരു ഉറക്കംകൊണ്ട് നേരം വെളുക്കാൻ പോകുന്നില്ല. ലോകസഭാ തെരഞ്ഞെടുപ്പിന്റെ കാര്യം അങ്ങേയ്ക്കറിയാമല്ലോ. 19 സീറ്റിൽ യു.ഡി.എഫ്. ജയിച്ചു. 124 അസംബ്ലി മണ്ഡലങ്ങളിൽ ഞങ്ങളാണ് വിജയിച്ചത്. ആ ഫലമായിരിക്കില്ല നിയമസഭാ തെരഞ്ഞെടുപ്പിലെന്ന് ഞങ്ങൾക്കറിയാം. പക്ഷെ ഒന്നോർക്കണം, 1987-1991 കാലഘട്ടത്തിൽ ഞാൻ ഈ സഭയിലെ അംഗമാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സീറ്റിൽ ഇ. കെ. നായനാരായിരുന്നു. 1991-ൽ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തി. 14 ജില്ലയിൽ 13-ലും എൽ.ഡി.എഫ്. ജയിച്ചു. ആ വിജയത്തിൽ മതിമറന്നുകൊണ്ട് കാലാവധി പൂർത്തിയാക്കാൻ ഒരു വർഷംകൂടി ഉണ്ടായിട്ടും അതിന് കാത്തിരിക്കാതെ നിങ്ങൾ ഇലക്ഷനിലേയ്ക്ക് പോയി. എന്താണ് ഫലമുണ്ടായത്; 14 ജില്ലാ കൗൺസിലിൽ 13-ഉം നിങ്ങൾ ജയിച്ച തെരഞ്ഞെടുപ്പായിരുന്നു അത്. അസംബ്ലി പിരിച്ചുവിട്ട് തെരഞ്ഞെടുപ്പിലേയ്ക്ക് പോയി. ആ ഇലക്ഷൻ റിസൾട്ടിലൂടെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം മടങ്ങിവന്നു. കെ. കരുണാകരൻ മുഖ്യമന്ത്രിയായി. നിങ്ങൾക്കറിയാമല്ലോ, തദ്ദേശ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയമല്ല, അസംബ്ലി തെരഞ്ഞെടുപ്പിന്റേത്. അസംബ്ലി തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയമല്ല, ലോകസഭാ തെരഞ്ഞെടുപ്പിന്റേത്. ഫലങ്ങൾ മാറിമാറി വരും. നിങ്ങൾക്ക് അഹങ്കരിക്കാം. ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. 2021-ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. മടങ്ങിവരും.

ഡോ. ടി. എം. തോമസ് ഐസക്, അങ്ങയുടെ ഈ ബഡ്ജറ്റിന് ബദലായി പുതുക്കിയ റിവൈസ്ഡ് ബഡ്ജറ്റ് ഞങ്ങൾ അവതരിപ്പിക്കും എന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തെ കടക്കെണിയിലാക്കിയ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ ബഡ്ജറ്റിനെക്കുറിച്ച് സാമാന്യം സമഗ്രമായ ചർച്ച ഇവിടെ നടക്കുകയുണ്ടായി. ചില പരിഹാസങ്ങളൊക്കെ വന്നു. കുട്ടികളുടെ കവിതകളെയും ചിത്രങ്ങളെയും കുറിച്ചാണ് ഒരു പരിഹാസം. ഞാൻ അതിൽ പങ്കുചേരുന്നില്ല. അതൊരു celebration ആണ്. പൊതുവിദ്യാഭ്യാസത്തിന്റെ വിജയത്തിന്റെ ആഘോഷമാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല.

പാലക്കാട് കുഴൽമന്ദം ജി.എച്ച്.എസ്.-ലെ കെ. സ്നേഹയുടെ കവിതയോടെയാണ് ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചത്. ആ സ്കൂളിന്റെ അവസ്ഥയെക്കുറിച്ച് ശ്രീ. വി. പി. സജീന്ദ്രൻ വളരെ പരിഹാസരൂപേണ പറഞ്ഞു. ആ ചിത്രം കണ്ടാൽ നമ്മളെല്ലാവരും ഞെട്ടിപ്പോകും. യാഥാർത്ഥ്യം എന്താണ്? 86 വർഷമായി ആ സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2019-20 ൽ 3 കോടി രൂപ അനുവദിച്ചു. ഇപ്പോൾ 1.6 ഏക്കർ സ്ഥലം സംഭാവനയായി കിട്ടിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. എന്നോട് പറഞ്ഞത്. എന്നാൽ കെട്ടിടം ഡിസൈൻ ചെയ്യുന്നതിന് ഒരുപാട് കാലതാമസമുണ്ടായിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ മുൻകയ്യെടുത്ത് എൽ.എസ്.ജി.ഡി.-യെക്കൊണ്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. 7 കോടി രൂപയുടെ എസ്റ്റിമേറ്റാണ്. 3 കോടി രൂപയുടെ എ.എസ്. ക്യാൻസൽ ചെയ്യും. ഈ പുതിയ എസ്റ്റിമേറ്റിന് എ.എസ്. നൽകി നടപ്പാക്കും. ഈ സ്കൂൾ അടുത്തവർഷം എങ്ങനെയായിരിക്കുമെന്ന് നിങ്ങൾ പോയി നോക്കണം, പാലക്കാട്ടുള്ള ഏറ്റവും നല്ല സ്കൂളുകളിലൊന്നായിരിക്കും. ഇങ്ങനെയുള്ള എത്ര സ്കൂളുകളുണ്ട് എന്നുള്ളൊരു അന്വേഷണത്തിലേയ്ക്ക് ഇത് നയിച്ചു. മിക്കവാറും മലബാർ മേഖലയിലാണ്. ഒന്നോ രണ്ടോ മാത്രമേയുള്ളൂ മറ്റ് മേഖലകളിൽ. ഏതാണ്ട് 92 സ്കൂളുകൾ ഇത്തരത്തിൽ വാടക കെട്ടിടങ്ങളിൽ പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്നു. കെട്ടിട ഉടമസ്ഥൻ അതിന് പരിഷ്കാരങ്ങളൊന്നും വരുത്തുന്നില്ല. അതുകൊണ്ടുതന്നെ പുറത്തുനിന്ന് സർക്കാരിന് മുതൽമുടക്കൊന്നും വരുന്നില്ല. ഇങ്ങനെയുള്ള ഒരു ദുരവസ്ഥയിലാണ്. ഈ സ്കൂളുകളൊക്കെ നവീകരിക്കുന്നതിനുവേണ്ടി ഒരു സ്കീം ആരംഭിക്കും. ഈ സ്ഥലം വിട്ടുകൊടുത്ത് വേറെ സ്ഥലം എടുക്കുകയല്ല, ഈ സ്ഥലത്തുതന്നെ സ്കൂൾ പുനർനിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ഒരു സ്കീം തയ്യാറാക്കി നടപ്പാക്കും. സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രസംഗം നടത്തിയിട്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എവിടെയും സൂചിപ്പിച്ചിട്ടില്ലെന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. ബഡ്ജറ്റിനോടൊപ്പം രണ്ട് സുപ്രധാന രേഖകളുണ്ട്. ഒന്ന്, ഇടക്കാല ധനനയം സംബന്ധിച്ച റിപ്പോർട്ട്. രണ്ട്, വ്യയ അവലോകന റിപ്പോർട്ട്. വ്യയ അവലോകന റിപ്പോർട്ട്

സാധാരണഗതിയിൽ രണ്ട് വർഷം മുമ്പുള്ള സ്ഥിതിയെക്കുറിച്ചുള്ള കണക്കുകളാണ്. ഈ വർഷത്തേത് 2019-20-ലേതാണ്. എന്നാൽ ഇത്തവണത്തെ റിപ്പോർട്ടിന് ഒരു പ്രത്യേകതയുണ്ട്. ഒരു രണ്ടാം ഭാഗംകൂടിയുണ്ട്. അക്കൗണ്ട്സിന്റെ അടിസ്ഥാനത്തിലല്ലെങ്കിലും ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ കാര്യങ്ങളെക്കുറിച്ചും അടുത്ത വർഷത്തെ സ്ഥിതി എന്തായിരിക്കും എന്നതിനെക്കുറിച്ചുമുള്ള ഒരു അവലോകനമുണ്ട്. രണ്ടാമത്തേത്, ധനനയ റിപ്പോർട്ടിൽ ഒരു അനുബന്ധമുണ്ട്. ജി.എസ്.ടി.-യിൽനിന്നുള്ള ഭാവി വരുമാനം എങ്ങനെയായിരിക്കുമെന്ന് വിലയിരുത്തുന്നതിനുവേണ്ടി വളരെ സമഗ്രമായ 21 പേജുള്ളൊരു റിപ്പോർട്ടുണ്ട്. ഇത് ബഡ്ജറ്റ് ഡോക്യുമെന്റിന്റെ ഭാഗമാണ്. ഇത്രയും വിശദമായൊരു വിശകലനം ഉണ്ടായിട്ടും 'തമസ്കരിച്ച്' എന്നൊക്കെ പറഞ്ഞാൽ അതിന് ഒരർത്ഥമേയുള്ളൂ, ഇതൊന്നും നോക്കാൻ നിങ്ങൾ തയ്യാറായിട്ടില്ല. ഇത് രണ്ടുംകൂടി ചേർത്താൽ ഒരുപക്ഷേ ഏറ്റവും നീണ്ട ഉപസംഹാരഭാഗം ഈ ബഡ്ജറ്റിന്റേതാണ്. 1900-കളുടെ അവസാനത്തിലുണ്ടായ ധനപ്രതിസന്ധി കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നമ്മെ നിർബന്ധിതരാക്കി. അതിന്റെ ഫലമായി റവന്യൂകമ്മിയും ധനക്കമ്മിയും 2000-ാം ആണ്ടിന്റെ ആദ്യദശകത്തിൽ കുറഞ്ഞുവന്നു. അതിൽ, നിങ്ങൾ ഭരിച്ച കാലത്ത് ചെലവ് ചുരുക്കലിലൂടെയാണത് നേടിയതെങ്കിൽ 10 ശതമാനം വരുമാനമേ കൂടിയുള്ളൂ. പിന്നീടുള്ള ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് വരുമാനം ഏതാണ്ട് 20 ശതമാനംവച്ച് കൂടി. കാര്യം എന്തുതന്നെയായാലും ഈ ധനദൃഢീകരണ പ്രവണത തുടർന്നു. നിങ്ങളുടെ കഴിഞ്ഞ ഭരണകാലത്ത് എന്തുനടന്നു; രണ്ട് വർഷംകൂടി നേരത്തെ പറഞ്ഞതുപോലെ പോയി. അതുകഴിഞ്ഞ് വരുമാനം പത്ത് ശതമാനത്തിലേയ്ക്ക് ഇടിഞ്ഞു, അതിന്റെ ഫലമായി റവന്യൂകമ്മിയും ധനക്കമ്മിയും വർദ്ധിക്കാൻ തുടങ്ങി. അതിനെക്കുറിച്ചുള്ള ധവളപത്രമൊക്കെ ഇറങ്ങി. ഈ സർക്കാർ അധികാരത്തിൽ വന്നു. നിങ്ങളെല്ലാം പറഞ്ഞതുപോലെ റവന്യൂ വരുമാനത്തിൽ വലിയ കുതിപ്പുണ്ടായില്ല. അതിന്റെ കാരണമാണ് ഞാൻ നേരത്തെ പറഞ്ഞ അനുബന്ധ റിപ്പോർട്ട്. ഏതായാലും റവന്യൂ വരുമാനം കൂടാത്തപ്പോഴും ശ്രീ. പി. കെ. ബഷീർ ഇവിടെ പറഞ്ഞതുപോലെ മുണ്ട് മുറുക്കി ഉടുത്തോ; ചെലവ് ചുരുക്കിയോ? കണക്കുകൾ എന്റെ പ്രസംഗത്തിലുണ്ട്. അതുകൊണ്ട് തൃപ്തിയായില്ലെങ്കിൽ അതിന്റെ വിശദമായ കണക്കുകൾ ഞാൻ നേരത്തെ പറഞ്ഞ രേഖകളിലുണ്ട്. അതുപ്രകാരം റവന്യൂകമ്മി- 2016-17-ൽ 2.44, 2017-18-ൽ 2.41, 2018-19-ൽ 2.21, 2019-20-ൽ 1.70 ആയി കുറഞ്ഞു. ധനക്കമ്മി- 2016-17-ൽ 4.17, 2017-18-ൽ 3.83, 2018-19-ൽ 3.41, 2019-20-ൽ 2.79 ആയി കുറഞ്ഞു. ആ fiscal consolidation path നടത്തിയത് ചെലവ് ചുരുക്കിക്കൊണ്ടാണ്. ചില കാര്യങ്ങൾ വേണ്ടെന്ന് വച്ചിട്ടുണ്ട്. പക്ഷേ ഈ

സർക്കാർ ഉത്തരവാദിത്തത്തോടെയാണ് പെരുമാറിയിട്ടുള്ളത്. പുറത്തുനിന്ന് വായ്പയെടുക്കാം, ബഡ്ജറ്റിനുള്ളിലും കൈവിട്ട് കളിക്കാം എന്നുള്ളതല്ല. ഈ ഗൗരവമായ സാമ്പത്തിക സ്ഥിതിയിലും ചെലവ് കുത്തനെ നിയന്ത്രിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കമ്മി കൃത്യമായി കുറയ്ക്കുന്നതിനും കഴിഞ്ഞു. ഇവിടെ എല്ലാവരും പരാമർശിച്ചത് 2020-21-ലെ കണക്കുകളാണ്. നമ്മുടെ വരുമാനം 20 ശതമാനം ഏതാണ്ട് കുറഞ്ഞു. എന്നാലും ചെലവ് 10 ശതമാനമേ കുറഞ്ഞിട്ടുള്ളൂ. അങ്ങനെ ചെലവ് ചുരുക്കാൻ നിന്നില്ല. കാരണം, കോവിഡ് കാലമാണ്. സർക്കാർ സഹായം നൽകണം, ഉത്തേജനം നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ ധനക്കമ്മി കൂടിയിട്ടുണ്ട്. 4.2 ശതമാനമായിട്ടുണ്ട്. റവന്യൂകമ്മിയും കൂടിയിട്ടുണ്ട്. ഇത് കേരളത്തിൽ മാത്രമാണോ; മറ്റ് സംസ്ഥാനങ്ങളിൽ എങ്ങനെയാണ്; ദേശീയതലത്തിൽ എങ്ങനെയാണ്?

4.00 P.M.]

നമ്മുടെ ഉൽപ്പാദനം 3.45 ശതമാനം കുറയും, ഏതാണ്ട് ദേശീയ തലത്തിലും ഇതുതന്നെയാണ് സ്ഥിതി. സംസ്ഥാന സർക്കാർ വളരെ കൃത്യമായി കഴിഞ്ഞ നാലുവർഷം fiscal consolidation path പരിമിതികൾക്കുള്ളിൽനിന്നും തുടർന്നിട്ടുണ്ട്. ഈ വർഷത്തെ തകർച്ചയെന്ന് പറയുന്നത് ദേശീയതലത്തിൽ തന്നെയുള്ളതാണ്. ശ്രീ. കെ. സി. ജോസഫ് ഇവിടെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ രസകരമായ കണക്കുകൾ കടത്തെക്കുറിച്ച് പറഞ്ഞു. എല്ലാവർക്കും കടത്തെക്കുറിച്ചാണ് പറയാനുള്ളത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമ്പോൾ 40,000 കോടി രൂപ കടം, ഇറങ്ങുമ്പോൾ 82,000 കോടി രൂപ കടം, ഇരട്ടിയായി. അതുകഴിഞ്ഞ് പറഞ്ഞത് ശ്രീ. കെ. സി. ജോസഫിന് മനസ്സിലായില്ലായെന്ന് തോന്നുന്നു. 82,000 കോടി രൂപ കടമായിട്ട് നിങ്ങൾ അധികാരത്തിൽ വന്നു, ഇറങ്ങിയപ്പോൾ എത്രയായി? 1.6 ലക്ഷം കോടി രൂപ. ഇപ്പോൾ ബാധ്യതയെല്ലാമടക്കം 3.3 ലക്ഷം കോടി രൂപ. ഇവിടെ ചിലർ പ്രസംഗിച്ചതുപോലെ, 'നാളിതുവരെയെടുത്ത കടത്തിന്റെ അത്രയും കടം നിങ്ങൾ 5 വർഷംകൊണ്ട് എടുത്തില്ലേ' എന്നൊക്കെ പ്രസംഗിക്കാം, പുറത്ത് പ്രസംഗിക്കുമ്പോൾ ആളുകൾ കേൾക്കാനും കയ്യടിക്കാനുമൊക്കെ ഉണ്ടായിയെന്നുവരും. ഏതെങ്കിലും സംസ്ഥാന സർക്കാരിന് ഇഷ്ടംപോലെ വായ്പയെടുക്കാൻ പറ്റുമോ; ഇവിടെ ധനഉത്തരവാദിത്ത നിയമമില്ലേ; ധനഉത്തരവാദിത്ത നിയമത്തിന് വിധേയമായിട്ടല്ലേ പ്രവർത്തിക്കാൻ സാധിക്കൂ? എന്ത് കടക്കെണിയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? ഇപ്പോൾ ചർച്ചാ വിഷയമായിട്ടുള്ള സി. ആന്റ് എ.ജി. ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 46 വായിച്ച് നോക്കണം, ഒരു സംസ്ഥാനം കടക്കെണിയിലാണോയെന്ന് എങ്ങനെയാണ്

പറയുന്നത്? എ.ജി. തന്നെ അംഗീകരിക്കുന്നുണ്ട്. ജി.എസ്.ടി.പി.-യുടെ ഗ്രോത്ത് റേറ്റ് എത്രയാണ്? അത് പലിശയെക്കാൾ കൂടുതലാണെങ്കിൽ ഡെബ്റ്റ് സസ്റ്റെയിനബിളാണ്. കേരളത്തിന്റെ domar gap കൃത്യമായി കൊടുത്തിട്ടുണ്ട്. കേരളത്തിലെ ഡെബ്റ്റ് സസ്റ്റെയിനബിളാണെന്ന് സ്ഥാപിക്കുകയാണ്. പിന്നീട് എ.ജി.-യുടെ ഒരു കൺസേൺ ഉണ്ട്, അത് പി.എ.സി-യിൽ വരുമ്പോൾ നോക്കാം. എന്താണെന്നറിയാമോ; ഇങ്ങനെ യൊക്കെയാണെങ്കിലും ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കുറഞ്ഞു കൊണ്ടിരിക്കുകയാണ്, അതിന്റെ ഫലമായി ഗ്രോത്ത് റേറ്റ് കുറയും, അതുകൊണ്ട് നാളെ ഇത് സസ്റ്റെയിനബിളായി മാറും, എന്തൊരു ദീർഘദർശനമാണെന്ന് നോക്കൂ. ഭാവിയിൽ സസ്റ്റെയിനബിളായി മാറും, കാരണം നിങ്ങളുടെ ഗ്രോത്ത് റേറ്റ് കുറയും. ഞാൻ നേരെ മറിച്ചാണ് പറയുന്നത്, കിഫ്ബി മുഖേനയുള്ള എല്ലാ നിക്ഷേപങ്ങളുടെയും ഫലമായി ഗ്രോത്ത് റേറ്റ് കൂടാൻ പോകുകയാണ്, കാരണം കിഫ്ബി മുഴുവൻ ക്യാപിറ്റൽ എക്സ്പെൻഡിച്ചറാണ്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഇപ്പോൾ പ്രതിപക്ഷനേതാവ് വായിക്കുന്ന ഭാഗത്തിൽ എന്താണ് പറയുന്നത്? ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നല്ലേ, കിഫ്ബിയുടെ മുഴുവൻ പണവും ക്യാപിറ്റൽ എക്സ്പെൻഡിച്ചറാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ഗ്രോത്ത് റേറ്റ് കൂടുകയേയുള്ളൂ, ഇത് തികച്ചും സസ്റ്റെയിനബിളായിട്ടുള്ള കാര്യമാണ്. വേറൊരു വാദം എന്താണെന്നറിയാമോ? കഴിഞ്ഞ സർക്കാരിനെയും ഈ സർക്കാരിനെയും തമ്മിൽ താരതമ്യപ്പെടുത്തുന്നത് എന്തിനാണ്? അന്നത്തെ കാലമാണോ ഇന്നത്തെ കാലം; അതിനെ അപേക്ഷിച്ച് വരുമാനം കൂടിയിട്ടില്ലേ; കപ്പാസിറ്റി കൂടിയിട്ടില്ലേ എന്നൊക്കെയുള്ള വാദമാണ്. ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞ കണക്ക് ശരിയല്ല. യു.ഡി.എഫ്.-ന്റെ സ്ഥിരവിലയിൽ 4.9 ശതമാനമാണ് 5 വർഷത്തെ ശരാശരി വളർച്ചാനിരക്ക്. കഴിഞ്ഞ വർഷവും പറഞ്ഞ കണക്ക് ഇതുതന്നെയാണ്. ഈ വർഷവും ഇതുതന്നെയാണ് പറയുന്നത്. 2019-20-ൽ 3.8 ശതമാനമായി വളർച്ച ചുരുങ്ങിയതിന്റെ ഫലമായിട്ടാണെങ്കിലും എൽ.ഡി.എഫ്.-ന്റെ കാലത്ത് 5.9 ശതമാനം വളർച്ചയുണ്ട്. It's a fact. ഞാൻ തുകയാണ് പറയുന്നതെങ്കിൽ, യു.ഡി.എഫ്.-ന്റെ കാലത്ത് ഇത്ര കോടി, ഇപ്പോൾ ഇത്രകോടി, എന്നുപറഞ്ഞാൽ കണക്കുകൾകൊണ്ട് കളിക്കുകയാണെന്ന് നിങ്ങൾ പറയും. എത്ര കിലോമീറ്റർ റോഡുകളാണ് പണിതത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് പണിതതിന്റെ ഇരട്ടി കിലോമീറ്റർ റോഡുകൾ പണിതു. എത്ര ടാപ്പ് കൊടുത്തു, നിങ്ങളുടെ കാലത്ത് കൊടുത്തതിനേക്കാൾ ഏതാണ്ട് 3 മടങ്ങ് കൂടുതൽ. ഇതൊക്കെ ഫിസിക്കൽ അച്ചീവ്മെന്റ്സാണ്. അത് മുഴുവൻ കാണിക്കുന്നത് മുൻസർക്കാരിന്റെ കാലത്തേക്കാൾ ഈ സർക്കാരിന് മികച്ച സാമ്പത്തിക പ്രകടനമുണ്ടായി യെന്നുള്ളതാണ്. കോവിഡിനെക്കുറിച്ച് പലരും

പരാമർശിക്കുകയുണ്ടായി, ഇന്ന് രാവിലെ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതിനേക്കാൾ നല്ല മറുപടി പറയാനില്ല. രണ്ട് കാര്യങ്ങളെക്കുറിച്ചാണല്ലോ ഇവിടെ പറയുന്നത്. ഒന്ന്, രോഗത്തിന്റെ വ്യാപനം. രണ്ട്, രോഗം വന്നവർക്കുള്ള ചികിത്സ. ചികിത്സ കിട്ടിയില്ലെങ്കിൽ മരിക്കും. ചികിത്സയുടെ കാര്യത്തിൽ കേരളം ഏറ്റവും മികച്ചതാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. ഇവിടെ തർക്കമുള്ളത് ഇന്ന് വ്യാപനത്തിന് വേഗത കൂടുന്നുവെന്നതാണ്. അത് സർക്കാരിന് തീരുമാനിക്കാൻ പറ്റുന്നതാണോ? നമ്മുടെ സാമൂഹിക നിയന്ത്രണത്തിന്റെ ഫലമാണ്. ആദ്യഘട്ടത്തിൽ സാമൂഹിക നിയന്ത്രണങ്ങൾ എത്ര മികച്ചതായിരുന്നു. എന്നാൽ ഒരു ഘട്ടത്തിൽ സമരങ്ങളും മറ്റും വന്നപ്പോൾ സ്ഥിതി മാറി. സമരത്തിനുപോയവർക്കൊക്കെ രോഗം വന്നുവെന്ന അർത്ഥത്തിലല്ല പറഞ്ഞത്. എന്തുമാകാം, എങ്ങനെയും ആകാമെന്നുള്ള നിലപാട് പാടില്ല. അതുകൊണ്ട് അതിന്റെ ഭാരമെടുത്ത് സർക്കാരിന്റെമേൽ വയ്ക്കുണ്ട. ബാക്കിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ പറഞ്ഞതുകൊണ്ട് ഞാൻ അവയൊന്നും ആവർത്തിക്കാൻ നിൽക്കുന്നില്ല. കിഫ്ബിയെക്കുറിച്ച് നമ്മൾ വിശദമായി ചർച്ച ചെയ്തതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല. ഒരു കാര്യം ഞാൻ പറഞ്ഞത് ഓർമ്മിക്കണം, 6000 കോടി രൂപയല്ല ചെലവ്, 7300 കോടി രൂപയാണ്. ഇപ്പോൾ ദേശീയപാതയ്ക്കുള്ള 700 കോടി രൂപ കൂടി കൊടുക്കുമ്പോൾ ഈ ഒരാഴ്ചയ്ക്കുള്ളിൽ ചെലവ് 8000 കോടി രൂപയാകും. മാർച്ച് മാസത്തിനുള്ളിൽ ചുരുങ്ങിയത് 10000 കോടി രൂപയാകും, ചിലപ്പോൾ 12000 കോടി രൂപയെങ്കിലും ചെലവാകുന്ന രീതിയിലേയ്ക്ക് വരും.

ശ്രീ. പി. ജെ. ജോസഫ് പറയുന്നത്, സെമി സ്പീഡ് പോരാ, ഹൈ സ്പീഡ് വേണമെന്നാണ്. എന്നാൽ നമുക്ക് ഇത്രയേ ഇപ്പോൾ സാധിക്കൂ. സ്പീഡ് കൂടുന്നതിനനുസരിച്ച് റെയിൽപ്പാതകൾ തീർത്തും നേരെയായിരിക്കണം, പാതകളിൽ വളവ് പാടില്ല. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹം പറഞ്ഞ 300 കി.മീ. സ്പീഡിൽ വണ്ടിയോടിക്കുന്നതിനുള്ള ചെലവ് താങ്ങാൻ പറ്റുന്നതല്ല. സെമി സ്പീഡ് പാത നിർമ്മിക്കുമ്പോൾ ഇപ്പോൾ നിലവിലുള്ള ട്രാക്കിന് സമാന്തരമായി പുതിയ ട്രാക്ക് കൊണ്ടുപോകാൻ പ്രയാസമാണ്. സെമി സ്പീഡ് റെയിൽപ്പാത നിർമ്മിക്കുമ്പോൾത്തന്നെ ധാരാളം വളവുകൾ നികത്തേണ്ടതായിവരും. അപ്പോൾ ഹൈസ്പീഡാണെങ്കിൽ ഇതിനേക്കാൾ ഒന്നോ രണ്ടോ മടങ്ങ് ചെലവ് വരും. കേരളം ഒരു കൊച്ചു സംസ്ഥാനമല്ലേ. ഇപ്പോഴുള്ള 80 കി.മീ. സ്പീഡിൽ പോകുന്ന ട്രെയിനിനുപകരം 150-200 കി.മീ. സ്പീഡിൽ പോകുകയാണെങ്കിൽ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ അഞ്ചോ ആറോ മണിക്കൂർകൊണ്ട് എത്തിച്ചേരാൻ സാധിക്കും. ആ ഉദ്ദേശ്യത്തിലാണ് നാം നീങ്ങുന്നത്. ഇതിന്റെ പ്രാധാന്യമെന്താണെന്ന് മനസ്സിലാക്കണം. നമ്മൾ എത്രനല്ല

റോഡുകൾ നിർമ്മിച്ചാലും രണ്ടോമൂന്നോ വർഷം കഴിയുമ്പോൾ ട്രാഫിക് ഇരട്ടിയാകും. സസ്റ്റെയിനബിൾ ഡെവലപ്മെന്റിന് ഒറ്റവഴിയേയുള്ളൂ, അതിനായി മോണോ ട്രാൻസ്പോർട്ട് മോഡിൽനിന്നും മൾട്ടിപ്പിൾ മോഡിലേയ്ക്ക് മാറണം. നമുക്ക് ജലപാതകളുമുണ്ട്, ട്രെയിനാണ് ഏറ്റവും വലിയ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം, അത് ഇന്നത്തെ രീതിയിൽപ്പോര, arterial rail track കൂടിവേണമെന്നാണ് നാം പറയുന്നത്. ഇത് ചെയ്യാനായി സമയമെടുക്കും. ഇതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടക്കാൻ പോകുകയാണ്. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ മറ്റൊരു കാര്യം 'തോട്ടപ്പള്ളി സ്പിൽവേ'യെക്കുറിച്ചാണ്. ആ കാര്യത്തിൽ എനിക്ക് അത്ഭുതം തോന്നി. കുട്ടനാട് പാക്കേജിൽ ഏതാണ്ട് സജീവമായ വേഗതയിൽ പൊയ്ക്കൊണ്ടിരിക്കുന്ന പ്രവൃത്തി തോട്ടപ്പള്ളി സ്പിൽവേയുടേതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അവിടെ ഒരു മരംപോലും മുറിച്ചില്ലെന്നാണ് പറയുന്നത്. അതെങ്ങനെ ശരിയാകും, മരം മുറിച്ചതിനും മണൽ നീക്കം ചെയ്യാൻ നോക്കിയതിനുമല്ലേ വലിയ ബഹളവും സമരവുമുണ്ടായത്? ലീഡിംഗ് ചാനലിന്റെ വീതി കൂട്ടിയെന്നത് ശരിയാണ്. അത്തരം ജോലികളെല്ലാം ചെയ്യണമെങ്കിൽ നമ്മളെല്ലാം പരസ്പരം അംഗീകരിക്കണം. കാരണം ധാരാളം കുടിയൊഴിപ്പിക്കൽ ഇതുമായി ബന്ധപ്പെട്ട് വരും. അതേസമയം ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടുന്നതിനായി നടന്നുകൊണ്ടിരിക്കുന്ന ഡ്രഡ്ജിംഗ് പ്രവൃത്തി ഈ വർഷം പൂർത്തിയാകും. അദ്ദേഹം പറഞ്ഞതുപോലെയുള്ള മറ്റുകാര്യങ്ങൾ ചെയ്യണമെങ്കിൽ നമ്മൾ തമ്മിൽ ഒരു സമവായമുണ്ടാക്കേണ്ടിയിരിക്കുന്നു. പാക്കേജ് എന്തായി എന്ന് എല്ലാവരും ചോദിക്കുന്നുണ്ട്. ഇപ്പോൾ ശ്രീ. കെ. സി. ജോസഫ് പറഞ്ഞുനിർത്തിയത് തീരദേശ പാക്കേജിനെക്കുറിച്ചാണ്. പാക്കേജ് എന്നുപറയുന്നത് ഒരു വർഷംകൊണ്ട് ചെയ്യാനുള്ളതല്ല. 5000 കോടി രൂപയുടെ തീരദേശ പാക്കേജിൽ 1500 കോടി രൂപ ഈ വർഷം ചെലവാക്കും. തീരസംരക്ഷണത്തിനായുള്ള ഭിത്തി തുടങ്ങിയ കാര്യങ്ങൾക്കായി 200 കോടി രൂപയെങ്കിലും വരും. കിഫ്ബിയിലുൾപ്പെട്ട 100 കോടിയിലധികം രൂപയുടെ പ്രവൃത്തികളിൽ എ.എസ് (Administrative sanction) നൽകി ടെണ്ടർ വിളിച്ചിരിക്കുകയാണ്. മറ്റുള്ള പ്രവൃത്തികൾക്ക് ഇപ്പോൾ സാങ്ഷൻ കൊടുക്കാൻ പോകുകയാണ്, ഇതാണ് ഒന്നാമത്തേത്. രണ്ടാമത്തേത് പുനർഗേഹം പദ്ധതിയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 200 കോടി രൂപ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി അനുവദിച്ചുകഴിഞ്ഞു. മൂന്നാമതായുള്ളത് ഫിഷിംഗ് ഹാർബറുകളാണ്. ശ്രീ. പി. കെ. അബ്ദു റബ്ബിന്റെയും എന്റെയും മണ്ഡലത്തിൽ 200 കോടി രൂപയുടെ ഫിഷിംഗ് ഹാർബറിന്റെ പണി നടക്കുകയാണ്. ഈ പ്രവൃത്തികളിലെല്ലാം നല്ല പുരോഗതിയുണ്ട്, ഇല്ലെന്ന് അദ്ദേഹം പറയില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതൊക്കെ എല്ലാ കാലത്തും നടക്കുന്ന പ്രവൃത്തികളാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വഴങ്ങാം. തീരദേശ പാക്കേജിൽ ഉൾപ്പെടുത്തി തീരദേശത്തെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാം, തീരദേശത്തെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ബാക്കിയുള്ള സ്ഥലങ്ങളിലേതുപോലെ ഉയർച്ച നൽകാം. തീരദേശത്തെ മുഴുവൻ സ്കൂളുകളും ആശുപത്രികളും ഇതിൽ ഏറ്റെടുത്തിരിക്കുകയാണ്, 68 ഫിഷിംഗ് മാർക്കറ്റുകൾ ഏറ്റെടുത്തിരിക്കുകയാണ്. ഇത്രയും പ്രവൃത്തികൾ ഏതെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ? ഈ ഫിഷിംഗ് മാർക്കറ്റുകളിൽ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളിക്കാണ്. അവിടെ ഓൺലൈൻ വ്യാപാരം നടത്താം, മത്സ്യസംസ്കരണം നടത്താം, ഇതാണ് മൂല്യവർദ്ധന എന്നുപറയുന്നത്, ഇത്തരത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. തീരദേശത്തെ പശ്ചാത്തല സൗകര്യം, ഉപജീവന മാർഗ്ഗങ്ങൾ, കുടിവെള്ളം മുതലായ സൗകര്യങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം ഒരു പാക്കേജായി വച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത്; ഇതെല്ലാം കേരളത്തിൽ നടക്കുന്ന കാര്യങ്ങളാണോ? ഞങ്ങളെല്ലാം തീരദേശത്തെ എം.എൽ.എ.മാരാണ്. 10,000 കോടി രൂപയുടെ തീരദേശ പാക്കേജ് അങ്ങയുടെ ആദ്യബഡ്ജറ്റിൽത്തന്നെ പ്രഖ്യാപിച്ചു. അതിൽ ഒരു രൂപയെങ്കിലും ചെലവാക്കിയോ? ഇടുക്കി പാക്കേജിന് 5000 കോടി രൂപയും വയനാട് പാക്കേജിനായി 4000 കോടി രൂപയും പ്രഖ്യാപിച്ചിരുന്നല്ലോ; കുട്ടനാട് പാക്കേജിനുവേണ്ടിയും പ്രഖ്യാപിച്ചിരുന്നല്ലോ; ഇതൊക്കെ എവിടെ നടപ്പാക്കിയെന്നാണ് അങ്ങ് പറയുന്നത്? അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്, അത് ശരിയല്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞിട്ട് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നില്ല. കഴിഞ്ഞ ഒരു വർഷം തീരദേശത്ത് എന്തെല്ലാം ചെയ്തു, അടുത്ത വർഷം എന്തെല്ലാം പ്രവൃത്തികൾ ചെയ്യും എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി വിശദീകരിക്കും.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ പറയാം. ബഹുമാന്യനായ പ്രതിപക്ഷനേതാവ് കേരളത്തിൽത്തന്നെയാണ് താമസിക്കുന്നതെങ്കിൽ ഇക്കാര്യങ്ങളെല്ലാം നേരിട്ട് മനസ്സിലാകും. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒരു ഹാർബർ മഞ്ചേശ്വരത്ത് മാത്രമാണ് പൂർത്തീകരിച്ചത്. എന്നാൽ ഈ ഗവൺമെന്റ് 5 ഹാർബറുകൾ പൂർത്തീകരിച്ചു.

വെള്ളയിൽ, താനൂർ, ചെല്ലാനം എന്നിങ്ങനെ മൂന്ന് ഹാർബറുകൾകൂടി പൂർത്തീകരിക്കാൻ പോകുകയാണ്. ഇതിന് ഉപയോഗിച്ചത് പ്ലാൻ ഫണ്ട് മാത്രമല്ല, കിഫ്ബിയുടെ സഹായവുമുണ്ടായിട്ടുണ്ട്. മറ്റൊന്നാണ് പുനർഗേഹം പദ്ധതി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരദേശത്ത് താമസിക്കുന്നവരുടെ വീട് നഷ്ടപ്പെട്ടാൽ അവർ ദുരിതത്തിലാകുമായിരുന്നു, സ്കൂളുകളിൽ കെട്ടിക്കിടക്കണമായിരുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് 2312 പേരെ പുനരധിവസിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2450 കോടി രൂപ അനുവദിച്ചതിന്റെ ആദ്യഗഡുവായ 200 കോടി രൂപ വകുപ്പിന് കൈമാറിക്കിട്ടുകയും അത് ചെലവഴിക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ പുതിയതായി 7 ഫ്ലാറ്റുകൾ നിർമ്മിക്കുകയാണ്, തിരുവനന്തപുരത്ത് കാരോട്, ബീമാപള്ളി, കൊല്ലത്ത് ക്യു.എസ്.എസ്. കോളനി എന്നിവിടങ്ങളിലെ ഫ്ലാറ്റുകൾ ഈ ഫെബ്രുവരി മാസം തുറന്നുകൊടുക്കും. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 192 വീടുകൾ മുട്ടത്തറയിൽ തുറന്നുകൊടുത്തു. ഇതെല്ലാം യാഥാർത്ഥ്യമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതെല്ലാം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പ്ലാനിൽ ഉൾപ്പെടുത്തി എല്ലാവർഷവും ചെയ്യുന്ന പദ്ധതികളാണ്. ഇതൊക്കെ എല്ലാ ഗവൺമെന്റുകളുടെയും കാലത്ത് നടക്കുന്നതാണ്. പതിനായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചശേഷം എന്താണ് ചെയ്തത്? വെറുതെ വർത്തമാനം പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കാര്യങ്ങളെല്ലാം വകുപ്പുതിരിച്ച് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഫിഷറീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിങ്ങനെയാണ് കാണുന്നത്. എന്നാൽ ഇതെല്ലാം ഏകോപിപ്പിച്ചതിനെയാണ് പാക്കേജ് എന്നുപറയുന്നത്. തീരദേശത്തിനുവേണ്ടി പ്രത്യേക പണം നീക്കിവച്ച് കണക്ക് പറഞ്ഞില്ലെങ്കിൽ തീരദേശമാകില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഞങ്ങൾ ഇതെല്ലാം കൂട്ടിച്ചേർത്ത്, ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പാക്കുകയാണ്. ഞങ്ങൾ രണ്ടുപേരും പറഞ്ഞപ്പോഴും വളരെ പ്രധാനപ്പെട്ട ഒരു കാര്യം വിട്ടുപോയി, അത് വീടാണ്. പതിനായിരത്തിൽപ്പരം വീടുകൾ ഈ സർക്കാരിന്റെ കാലയളവിൽ കൊടുത്തു. അടുത്ത വർഷം 7500 ലൈഫ് വീടുകൾ തീരദേശത്ത് വച്ചു നൽകുകയാണ്. എന്നിട്ടും തീരദേശത്ത് എന്താണ് നടക്കുന്നതെന്നാണ് ചോദിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, വീടുകളുടെ എണ്ണം മുൻപത്തേതിനെക്കാളും കുറവാണ്. ലൈഫ് മിഷന്റെ ആദ്യഘട്ടത്തിലേതിനേക്കാളും കുറവാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. പി. സി. ജോർജ് മാത്രമാണ് ശമ്പള വർദ്ധനയെക്കുറിച്ച് പറഞ്ഞത്. അദ്ദേഹം പറഞ്ഞത്, ഇത് ശുദ്ധ മര്യാദകേടാണ്, വരുമാനത്തിന്റെ 44 % ശമ്പളവും 24% പെൻഷനും, 18% പലിശ ഇനത്തിലുമാണ് നൽകുന്നതെന്നാണ്. അങ്ങനെയായിരുന്നെങ്കിൽ അതിൽ ഒരു മര്യാദകേടുണ്ടായിരുന്നു. പക്ഷേ അങ്ങനെയല്ല. ഈ ശമ്പളത്തിൽ പകുതി അദ്ധ്യാപകരുടേതും ആശുപത്രി പ്രവർത്തകരുടേതുമല്ലേ; അത് 40-50 ശതമാനത്തോളം വരും. ആരോഗ്യപ്രവർത്തകരും അദ്ധ്യാപകരുമില്ലെങ്കിൽ ഏതുതരത്തിലുള്ള ആരോഗ്യ-വിദ്യാഭ്യാസ സേവനമാണ് നൽകാൻ സാധിക്കുക? അത് വികസന പ്രവർത്തനമാണ്, അങ്ങനെയാണ് കാണേണ്ടത്. ഈ വർഷം പുതിയതായി 4000 അദ്ധ്യാപകരെ നിയമിക്കാൻ പോകുകയാണ്. കുട്ടികളുടെ എണ്ണം കൂടുമ്പോൾ അദ്ധ്യാപകരുടെ എണ്ണവും വർദ്ധിക്കും, ശമ്പളവും വർദ്ധിക്കും. അതൊഴിവാക്കി ശമ്പളം കൊടുക്കില്ലെന്ന നിലപാടെടുത്ത് മുന്നോട്ടുപോകുന്നത് ശരിയല്ല. ഞാൻ പറയാം, " Salary expenditure as a percentage of total revenue " 2015-2016-ൽ 34%, 2020-2021-ൽ പുതുക്കിയ കണക്കുപ്രകാരം 30%, 2021-2022-ൽ 31%. എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ, different scenarios options കൊടുത്തിട്ടുണ്ട്. ഫിസ്കൽ കൺസോളിഡേഷനിലേയ്ക്ക് പോകുകയാണെങ്കിൽ ശമ്പളവും മറ്റും എത്രശതമാനം വച്ച് കൂടാം, മൂലധനച്ചെലവ് എത്ര ശതമാനം വച്ച് കൂടാം എന്ന രീതിയിൽ different scenarios വർക്കൗട്ട് ചെയ്തിട്ടുണ്ട്. അതുപ്രകാരം നമ്മുടെ ഒപ്റ്റിമം റിസൾട്ടിൽ ശമ്പളം, പെൻഷൻ തുടങ്ങിയവയ്ക്ക് പലിശയടക്കം 5-10 ശതമാനം കണ്ട് ഒരുവർഷം വർദ്ധിക്കുകയാണെങ്കിൽ fiscal consolidation-ലൂടെയേ പോകാൻ കഴിയൂവെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ളിൽ നിന്നുകൊണ്ടുള്ള ശമ്പള പരിഷ്കരണവും മറ്റുകാര്യങ്ങളും മാത്രമാണ് നടത്താൻ പോകുന്നത്. ശ്രീ. വി. ഡി. സതീശന്റെ പ്രശ്നം അതൊന്നുമല്ല, 'ശമ്പള പരിഷ്കരണം തന്നെയൊരു കളിപ്പിക്കലാണ്, ചെലവുകൾ തോളത്തുനിന്നും തട്ടിമാറ്റി അടുത്ത സർക്കാരിന്റെ തലയിൽ വയ്ക്കുകയാണ്", എന്നാണ്. കഴിഞ്ഞ ശമ്പള പരിഷ്കരണം എങ്ങനെയാണ് നടപ്പിലാക്കിയത്? ഇപ്പോൾ അങ്ങനെതന്നെ നടപ്പാക്കണമെന്നാണ് ഞാനും പറഞ്ഞിരിക്കുന്നത്, അന്നതിൽ കുഴപ്പമില്ലായിരുന്നോ. കഴിഞ്ഞ സർക്കാർ ചെയ്തതുപോലെതന്നെയാണ് ഞങ്ങളും ചെയ്യുന്നത്. ഏപ്രിൽ 1-ന് എങ്ങനെ നടപ്പാക്കുമെന്നൊരു ചോദ്യവുമുണ്ട്. ഏപ്രിൽ ഒന്നുമുതൽ 1600 രൂപയാണ് പെൻഷൻ. ഇലക്ഷൻ വരും, പരിഷ്കരണ ഉത്തരവിറക്കാൻ കഴിയില്ലെന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. അതുകൊണ്ട് ശമ്പളപരിഷ്കരണത്തിന്റെ ഉത്തരവ് ഇപ്പോഴേയിറക്കും, അത്രയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് ശരിയാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഈ റിപ്പോർട്ട്

ജനുവരിയിൽ സമർപ്പിക്കപ്പെട്ടും; അത് പരിശോധിച്ചുകഴിഞ്ഞ് ഏപ്രിൽ മാസത്തിൽ ഉത്തരവിറക്കും എന്നാണ്. അങ്ങനെയാണെങ്കിൽ മാർച്ച് ആദ്യ ആഴ്ചയാകുമ്പോഴേയ്ക്കും സാധാരണഗതിയിൽ കോഡ് ഓഫ് കോണ്ടാക്ട് നിലവിൽ വരും. കോഡ് ഓഫ് കോണ്ടാക്ട് മാർച്ച് മാസം നിലവിൽ വന്നാൽ ഏപ്രിൽ മാസത്തിൽ ഉത്തരവിറക്കാൻ സാധിക്കില്ല. മാർച്ച് മാസത്തിൽ കോഡ് ഓഫ് കോണ്ടാക്ട് വരുന്നതിനുമുമ്പ് ശമ്പളക്കമ്മീഷനുമായി ബന്ധപ്പെട്ട് ഉത്തരവിറക്കുമെന്ന് അങ്ങ് ഉറപ്പുതന്നാൽ മതി. ബഡ്ജറ്റിൽ അതല്ല പറഞ്ഞത്. ബഡ്ജറ്റിൽ പറഞ്ഞത് വച്ചല്ലേ നമുക്ക് സംസാരിക്കാൻ പറ്റുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഡ്ജറ്റിൽ പറഞ്ഞതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് തെറ്റിദ്ധാരണയുണ്ട്. ഇതുകഴിഞ്ഞ് നമുക്കൊരുമിച്ച് വായിച്ചുനോക്കാം. ഇതുതന്നെയാണ് പറഞ്ഞത്. അല്ലാതെ അങ്ങ് പറഞ്ഞതുപോലെയല്ല. ശ്രീ. കെ. സി. ജോസഫ് പറഞ്ഞ് അവസാനിപ്പിച്ചതും ശ്രീ. വി. ഡി. സതീശൻ ചോദിച്ചുതുടങ്ങിയതും, ഭരണം അവസാനിക്കുമ്പോഴാണോ വലിയൊരു കാഴ്ചപ്പാടൊക്കെ മുമ്പോട്ടുവയ്ക്കുന്നത് എന്നാണ്. എല്ലാത്തിനും ഒരുകാലമുണ്ട്. It's an idea whose time has come. നേരത്തെ പറയാൻ പറ്റുന്നതല്ല. വിജ്ഞാന സമൂഹമെന്നുപറഞ്ഞാൽ അതിന് മൂന്ന് ഘടകങ്ങളുണ്ട്. അതിൽ ഒന്നുമാത്രമാണ് ജോബ് പോർട്ടലിലൂടെ അഭ്യസ്തവിദ്യർക്ക് പരിശീലനം നൽകി ആഗോള കമ്പോളത്തിൽ തൊഴിൽ സാദ്ധ്യതകളെ ഉപയോഗപ്പെടുത്താനുള്ള പരിശ്രമം, അത് ചെയ്യണമെങ്കിൽ മിനിമം ഡിജിറ്റൽ കണക്ടിവിറ്റിയും assured ഇലക്ട്രിസിറ്റിയും വ്യവസായ പാർക്കുകളുമുണ്ടാകണം. കെ-ഫോണില്ലാതെ ഡിജിറ്റൽ കേരള സംവിധാനത്തെക്കുറിച്ച് വർത്തമാനം പറയുന്നതിൽ വല്ല അർത്ഥമുണ്ടോ; അത് വന്നുകഴിഞ്ഞിട്ടല്ലേ പറ്റുകയുള്ളൂ. assured വൈദ്യുതി ഉറപ്പുവരുത്താതെ ഇതിനെക്കുറിച്ച് പറയാൻ പറ്റുമോ; ഇന്ന് assured വൈദ്യുതി എന്നാൽ രണ്ടായിരം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കറണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം കൊണ്ടുപോകാൻവേണ്ടി ലൈൻ ട്രാൻസ്ഗ്രിഡ് 2-ൽ നിന്നുവരും. കറണ്ട് പെട്ടെന്ന് പോകുന്നതുപോലെയുള്ള വൈദ്യുതി വീഴ്ചവരാതിരിക്കാൻവേണ്ടി, ഓരോ ട്രാൻസ്ഫോർമറിൽനിന്നും രണ്ട് കണക്ഷൻ താഴേയ്ക്ക് കൊടുക്കുന്നതാണ് ദ്യുതി, അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. രണ്ടിനുംകൂടി പതിനയ്യായിരം കോടി രൂപയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കിഫ്ബിയുടെയും സർക്കാരിന്റെയും പശ്ചാത്തലസൗകര്യ നിക്ഷേപം ഇങ്ങനെ സ്വപ്നം കാണാനുള്ള പശ്ചാത്തലമൊരുക്കി. അതുകൊണ്ട് അഞ്ചുവർഷത്തെ പ്രവർത്തനങ്ങളുടെ പര്യവസാനത്തിൽ നമ്മൾ പറയുന്നത്, കേരളത്തിൽ ഇങ്ങനെയൊരു ട്രാൻസ്ഫർമേഷൻ വരുത്താം; ഉന്നതവിദ്യാഭ്യാസ മേഖലയുടെ പൊളിച്ചെഴുത്ത്, ഒരു ഇന്നവേഷൻ സ്റ്റാർട്ട് അപ്, നോളജ് ഇൻഡസ്ട്രീസിലേയ്ക്കുള്ള പരിവർത്തനം എന്നിവയുടെയൊക്കെ പശ്ചാത്തലത്തിൽ ഇന്റർനാഷണൽ ജോബ്

പോർട്ടൽവഴി കേരളത്തിലെ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നു. ഈ കണക്ക് എവിടെനിന്ന് കിട്ടിയെന്ന് ചോദിച്ചാൽ, അഞ്ചുലക്ഷം പേർ പ്രൊഫഷണൽ ജോലിയിൽനിന്ന് ബ്രേക്ക് ചെയ്ത് കേരളത്തിൽ വീടുകളിലേയ്ക്ക് എത്തിയിട്ടുണ്ട്. അതിൽ മൂന്ന് ലക്ഷംപേർക്ക് ട്രെയിനിംഗ് വേണ്ട, പുതിയ ജോബ്പോർട്ടൽ ഉണ്ടായാൽ അവിടെ രജിസ്റ്റർ ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് ചെയ്ത് അവർ ജോലി കണ്ടുപിടിച്ചുകൊടുക്കാൻ പറ്റും. അതുകൊണ്ട് മൂന്ന് ലക്ഷമേ പറഞ്ഞിട്ടുള്ളൂ, അഞ്ചുലക്ഷം പറഞ്ഞിട്ടില്ല. കണക്ക് ഇങ്ങനെയാണ്. ഇത് നമ്മുടെ വളർച്ചയെ പുതിയ തലത്തിലേയ്ക്കുയർത്തി. സാമൂഹ്യ-സാമ്പത്തിക നീതിയാണ് കേരളത്തിന്റെ അഭിമാനം. എല്ലാവർക്കും മിനിമം അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ഇത് ഇവിടത്തെ ജനകീയ പ്രസ്ഥാനങ്ങളുടെ ഇടപെടലിന്റെ ഫലമായുണ്ടായതാണ്. നമ്മുടെ സാമ്പത്തികാടിത്തറ പഴയരീതിയിൽ തുടരുകയാണ്. ഇതുവഴി സാമ്പത്തികാടിത്തറയെ പുനഃസംവിധാനം ചെയ്യാൻ പോകുകയാണ്. അതിന്റെ ഫലമായി നീതിപൂർവ്വമായ കേരളത്തിന്റെ ജനാധിപത്യ പ്രോജക്ടിനെ ഭാവിയിൽ നിലനിർത്തും. സഹകരണ മേഖലയ്ക്കാണ് ഏറ്റവും നിർണ്ണായകമായ പങ്കെന്ന കാര്യത്തിൽ സംശയമില്ല. സഹകരണ മേഖലയുടെ തലക്കെട്ടില്ലെന്ന് ചിലർ എനിക്ക് കുറിപ്പ് തന്നു. പക്ഷേ നാല് പാരഗ്രാഫിലുള്ളത് സഹകരണ മേഖലയെക്കുറിച്ചാണ്. കേരള ബാങ്ക്, മറ്റ് സഹകരണ സ്ഥാപനങ്ങൾ, അവർക്ക് ഏർപ്പെടാൻ സാധിക്കുന്ന സേവന മേഖലകൾ എന്നിവ മൊത്തം അടങ്കലാണ്. ഈ പരിവർത്തനത്തിന് സഹകരണ മേഖലയ്ക്കുള്ള പ്രധാന പങ്ക് ടെക്നോളജി കോ-ഓപ്പറേറ്റീവ്സാണ്. സ്കിൽ ഇന്നവേഷൻ, യൂറോപ്പിലും മറ്റും ഇന്നവേഷനെ സഹായിച്ചിട്ടുള്ളത് ഇന്നവേഷൻ കളക്ടീവ്സ് എന്നുപറയുന്നതാണ്. നമ്മുടെ സാഹചര്യത്തിൽ ഇന്നവേഷൻ കളക്ടീവ്സിനുപകരം, ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന ഇന്നവേറ്റീവുകളുടെ സഹകരണാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളുണ്ടാക്കുന്നതിനുള്ള സാദ്ധ്യതകളെ പ്രയോജനപ്പെടുത്തണം. അതുപോലെ നാനാവിധ സേവനങ്ങളും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് നൽകാൻ പറ്റും. അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുതോറും സ്റ്റോറേജുകളും മറ്റും രൂപീകരിക്കുന്നതിന് കോൾഡ് റൂമുകൾ, അതുപോലെ പുറത്തുനിന്നും സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാനുള്ള വിശാലമായ ഗോഡൗണുകളും ഇതിന്റെ ഭാഗമായി കൊണ്ടുവരാവുന്നതാണ്. ആ സേവനങ്ങളുടെ ഭാഗമായി, ഇലക്ട്രിക് ചാർജിന്റെ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ചുകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യമേയുള്ളൂ. സ്ത്രീ-സൗഹൃദ ബഡ്ജറ്റിൽ ഞാൻ കൂടുതൽ പറയുന്നില്ല. ഒറ്റ കാര്യം മാത്രമേ പറയുന്നുള്ളൂ. സ്മാർട്ട് കിച്ചൻ ഹയർപർച്ചേസിന് അപ്പുറമുള്ളതല്ല എന്നതാണ് കണ്ടുപിടിത്തം. അടുക്കളയിലെ ലേബർ സേവിംഗ് അദ്ധ്വാനം കുറയ്ക്കുന്ന എല്ലാവിധ സൗകര്യങ്ങളും സ്ത്രീയുടെ ഇരട്ടഭാരത്തെ ലഘൂകരിക്കുന്നു. അപ്പോൾ ഇത്തരത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താൻ

ശ്രമിക്കുമ്പോൾ കുടുംബത്തിലെ ജോലിഭാരം കുറയ്ക്കാനുള്ള ചില സംവിധാനങ്ങൾകൂടി വേണം. സബ്സിഡി നൽകേണ്ടതുള്ളതാണെങ്കിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് ഹയർപർച്ചേസിന് ലാപ്ടോപ്പുപോലെ എന്തെങ്കിലും ചെയ്യണമോയെന്നുള്ള കാര്യം മഹിളാസംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലേയ്ക്കെത്താം. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണപ്രവർത്തനം ആവശ്യപ്പെട്ട് ധാരാളം ആളുകൾ വന്നിട്ടുണ്ട്. അവയൊന്നും ഞാൻ ഇപ്പോൾ എടുക്കുന്നില്ല. ഇപ്പോൾ റോഡും പാലവും മാത്രം 25,000 കോടി രൂപയുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ ബഡ്ജറ്റിൽ രണ്ടായിരത്തോളം കോടി രൂപയുടെ പുതിയ റോഡുകൾക്കും പാലങ്ങൾക്കും പണം വകയിരുത്തിയിട്ടുണ്ട്. അതിന്റെ പുറത്ത് വീണ്ടും ലോഡ് ചെയ്യാൻ പ്രയാസമാണ്. ചിലർ പറയുന്നത് കിഫ്ബിയിൽ നിന്ന് കൊടുക്കണമെന്നുള്ളതാണ്. നേരത്തെ അനുവദിച്ചത് ഏറ്റെടുത്തിരിക്കുന്നതിനാൽ അതിന്റെ പുറത്തേയ്ക്ക് കൂടുതൽ ലോഡ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. കൊല്ലം ജില്ലയിൽ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് ഒരു സംവിധാനം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. ഏതൊക്കെ റോഡ് എങ്ങനെ എടുക്കണമെന്ന് തീരുമാനിച്ചതിനുശേഷം പ്രത്യേക പരിഗണന നൽകും. കാരണം, അക്കാര്യങ്ങൾക്ക് കുറവുണ്ടെന്നുള്ളത് ഞാൻ തത്വത്തിൽ അംഗീകരിക്കുകയാണ്. പുതിയൊരു കാര്യംകൂടി ഞാൻ പറയുകയാണ് പരിസ്ഥിതി സൗഹൃദ ബഡ്ജറ്റിലെ 21 നദികളുടെ ശുചീകരണത്തിനുള്ള വിശദമായ ഡി.പി.ആർ. കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ സഹായത്തോടെ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്; അത് നടപ്പാക്കും. പണി പൂർത്തിയാക്കൽ അംഗീകൃത പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി അതിലുൾപ്പെടുത്തി ചെയ്യുന്നതാണ്. ഏതാനും പുതിയ പ്രഖ്യാപനങ്ങളിലേയ്ക്ക് പോകുകയാണ്, യു.ജി.സി. ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും എന്നാൽ അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച സംശയങ്ങൾ കാരണം ശമ്പളപരിഷ്കരണം നടപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം 2021 ഫെബ്രുവരി 1 മുതൽ അനുഭവവേദ്യമാക്കും. യു.ജി.സി. പ്രകാരം ശമ്പളം വാങ്ങുന്നവരുടെ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുകയും 2023-24, 2024-25 എന്നീ വർഷങ്ങളിൽ പി.എഫ്.-ൽ നിന്ന് പിൻവലിക്കാനുള്ള അനുമതി നൽകുന്നതുമായിരിക്കും. യു.ജി.സി. പെൻഷൻ പരിഷ്കരണത്തിനുള്ള അനോമലി കമ്മിറ്റി ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് സമയബന്ധിതമായി തീർക്കുന്നതാണ്. അങ്കണവാടി വർക്കർമാരുടെ പ്രതിമാസ പെൻഷൻ 2000 രൂപയിൽനിന്ന് 2,500 രൂപയായി ഉയർത്തുന്നു. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും 1,000 രൂപ വീതം നൽകും. 2267 അദ്ധ്യാപകരും 1907 ആയമാരുമുണ്ട്. അവർക്ക് സാമൂഹ്യസുരക്ഷാ

ക്ഷേമപെൻഷനുകൾക്ക് പുറത്തുള്ള ക്യാൻസർ പെൻഷൻ എന്നിവ സംബന്ധിച്ച് പരിശോധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്. ചികിത്സാ സഹായം, കെയർടേക്കർ സഹായം തുടങ്ങി മറ്റ് സ്കീമുകളിൽനിന്നുള്ള പെൻഷൻ എന്നിവയെല്ലാം പരിഗണിച്ച് ഇതുസംബന്ധിച്ചുള്ള തീരുമാനം അടുത്തുതന്നെ ഇറക്കുന്നതാണ്.

ആചാരസ്ഥാനീയരുടെയും കോലധാരികളുടെയും പ്രതിമാസ വേതനം പരിഷ്കരിക്കുന്നതാണ്. അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു. ഖാദി മേഖലയ്ക്ക് 14 കോടി രൂപയാണ് വകയിരുത്തിയിരുന്നത്, അത് 20 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഖാദി മേഖലയ്ക്ക് നൽകാനുള്ള കുടിശ്ശിക, ക്ഷേമനിധികൾക്ക് കൊടുക്കാനുള്ള അംശദായത്തിന്റെ ആദ്യ ഗഡു എന്നിവ ഈ മാസംതന്നെ കൊടുക്കുന്നതാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, റബ്ബറിന്റെ സംഭരണവില മൂന്ന് മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അത് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതാണ്. മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് അദ്ദേഹത്തിന്റെ ജന്മനാടായ കുമാരനല്ലൂരിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതാണ്. വ്യാപാരി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പൊതുപെൻഷൻ എപ്പോഴൊക്കെയാണോ ഉയർത്തിയിട്ടുള്ളത് അന്നുമുതൽ പെൻഷൻ വർദ്ധന ബാധകമാക്കി കുടിശ്ശിക നൽകുന്നതാണ്. തൃശ്ശൂർ പൂരം, പുലിക്കളി, ബോൺനത്താലെ എന്നിവയ്ക്ക് ടൂറിസം വകുപ്പുവഴി ധനസഹായം അനുവദിക്കുന്നതാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ, നാളികേര വികസന കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം സമഗ്രമായി വിലയിരുത്തി പുനഃസംഘടന സ്കീം നടപ്പിലാക്കും. പുതിയ മുനിസിപ്പാലിറ്റികൾക്ക് ആസ്ഥാന മന്ദിരം പണിയുന്നതിന് എസ്റ്റിമേറ്റുകളുടെ അൻപത് ശതമാനം തുക അധിക സഹായം നൽകും. ഇ. ബാലാനന്ദൻ പഠന കേന്ദ്രത്തിന് അൻപത് ലക്ഷം രൂപ അനുവദിക്കുന്നതാണ്. നിള ഫെസ്റ്റിന് അൻപത് ലക്ഷം രൂപ അനുവദിക്കുന്നതാണ്. പൊന്നാനിയിലെ മഖ്ദൂം സ്മാരക നിർമ്മാണത്തിന് അൻപത് ലക്ഷം രൂപ അനുവദിക്കുന്നതാണ്. സൊസൈറ്റി ഫോർ കോൺട്രാക്ടേഴ്സ് സോഷ്യൽ സെക്യൂരിറ്റിക്ക് ഒറ്റത്തവണ ഗ്രാന്റായി ഒരു കോടി രൂപ അനുവദിക്കുന്നതാണ്. ഒട്ടേറെ സ്റ്റേഡിയങ്ങൾക്കുള്ള അപേക്ഷകൾ കിഫ്ബിക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഞാൻ നേരത്തെ പറഞ്ഞ കാരണംകൊണ്ട്

കിഫ്ബിയിൽ അവ പരിഗണിക്കാൻ കഴിയില്ല. എന്നാൽ കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഹൈസ്കൂൾ സ്പോർട്സ് സ്കൂൾ, സ്പോർട്സ് കോംപ്ലക്സ്, ആനാവൂർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം, സെന്റ് മൈക്കിൾസ് കോളേജ് മിനി സ്റ്റേഡിയം എന്നിവയ്ക്ക് ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽനിന്ന് ധനസഹായം നൽകുന്നതാണ്. National Coastal Rowing Academy ആലപ്പുഴയിൽ സ്ഥാപിക്കുന്നതാണ്. പൊതുമേഖല ഫാക്ടറികളുടെ മുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അതിനായി ഇപ്പോൾത്തന്നെ ഒരു സ്കീമുണ്ട്. അതിൽനിന്ന് പണം കണ്ടെത്തും, അല്ലെങ്കിൽ അധികമായി നൽകും. ആംനസ്റ്റി ഓരോ വർഷവും പ്രത്യേകമായി സ്വീകരിക്കാൻ അനുവദിക്കും. ശ്രീ. വി. കെ. സി. മമ്മത് കോയയും മറ്റ് രണ്ട് അംഗങ്ങളും ആവശ്യപ്പെട്ടതാണിത്. 2004-05 വരെയുള്ള വിൽപ്പന നികുതി കുടിശ്ശിക വാറ്റ് ആംനസ്റ്റിയുടെ വ്യവസ്ഥ പ്രകാരം അടയ്ക്കാൻ അനുവദിക്കുന്നതാണ്. 2005 മുതലുള്ള വിൽപ്പന നികുതി കുടിശ്ശിക പ്രത്യേക ആംനസ്റ്റി സ്കീം പ്രകാരം 2020-21 സാമ്പത്തിക വർഷം വരെ ബാധകമായിരിക്കും. മോട്ടോർ ക്യാബുകളുടെയും ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെയും വാഹന നികുതി കുടിശ്ശിക 2022 മാർച്ച് 30-നകം പത്ത് ദ്വൈമാസിക ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പേരൊന്നും പറഞ്ഞില്ലെങ്കിലും ഗൗരവമായ ഒരു ആക്ഷേപം പറയുകയുണ്ടായി. താങ്കൾ പേര് പറഞ്ഞില്ല, അതിന്റെയൊരു മാന്യതയുണ്ട്, നന്നായി. ഞാനത് പരിശോധിച്ചു. കോൺട്രാക്ട് വർക്കുകളുടെ 0.1 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ട സാഹചര്യത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് വെറും ഇരുനൂറ് രൂപ സ്റ്റാമ്പ് പേപ്പറിൽ ഒപ്പിട്ട് കരാർ നൽകാൻ ധനകാര്യ വകുപ്പിന്റെ ഉത്തരവുണ്ടെന്നാണ് പറഞ്ഞത്. ഇങ്ങനെയൊരു ഉത്തരവ് ധനകാര്യ വകുപ്പ് ഇറക്കിയിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത്, കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവുണ്ട്. അത് എല്ലാ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും ബാധകമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഓഫീസുകളിലെ ആൾത്തിരക്ക് കുറയ്ക്കുന്നതിന് നിലവിൽ പ്ലെയിൻ പേപ്പറിൽ പ്രാഥമിക കരാർ തയ്യാറാക്കിയാൽ മതിയെന്ന ഒരു ഉത്തരവ് 2020 ആഗസ്റ്റ് 4-ന് പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പ്ലെയിൻ പേപ്പറിൽ കൊടുത്തിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞത് വരുമാന നഷ്ടത്തെക്കുറിച്ചാണ്. കോൺട്രാക്ടിന്റെ 0.1 ശതമാനം ഗവൺമെന്റിന് അടയ്ക്കണമെന്നുള്ളതാണ് അതിന്റെ നിബന്ധന. ആ നിബന്ധന നിലനിൽക്കെത്തന്നെ ഒരുപറ്റം ആളുകൾക്ക് വെറും ഇരുനൂറ് രൂപയ്ക്ക് എഗ്രിമെന്റ് ഒപ്പിടുന്നതിനുള്ള അവസരം കൊടുത്തു എന്നുള്ളതാണ് എന്റെ ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം. അങ്ങ് പറഞ്ഞപ്പോഴും അത് കറക്ടാണെന്ന് വന്നു. അങ്ങ് സത്യം പറഞ്ഞതിൽ ഞാൻ സന്തോഷം രേഖപ്പെടുത്തുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നന്ദി. നമ്മുടെ സഹകരണ മേഖലയ്ക്ക് എക്കാലത്തും, നിങ്ങൾ ഭരിക്കുമ്പോഴും ഞങ്ങൾ ഭരിക്കുമ്പോഴും, ഇത്തരത്തിൽ ഇളവുണ്ട്. കേരളത്തിന്റെ ഒരു പാരമ്പര്യമാണത്. ആ ഇളവിന്റെ അടിസ്ഥാനത്തിലാണ് നൽകിയത്. അല്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ്സൊസൈറ്റിക്കുവേണ്ടി പ്രത്യേകമായി നൽകിയിട്ടുള്ളതൊന്നുമല്ല. സ്വകാര്യ കശുവണ്ടി മേഖലയ്ക്ക് പലിശ സബ്സിഡി വായ്പ കഴിഞ്ഞ രണ്ട് വർഷം അനുവദിച്ചു. ഈ വർഷം പറയാത്തതുകൊണ്ട് അത് നിർത്തലാക്കിയെന്ന തെറ്റിദ്ധാരണയുണ്ട്. അത് നിർത്തലാക്കിയിട്ടില്ല, ആ പാക്കേജ് തുടരും. പൊഴിയൂർ ഫിഷിംഗ് ഹാർബർ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതാണ്. അതുകൊണ്ട് ഇത്തവണയും ആവർത്തിച്ചില്ല. പക്ഷേ, അതിന്റെ നിർമ്മാണം 2021-22-ൽ ആരംഭിക്കുന്നതാണ്. ഇപ്പോൾ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച ചില അധിക ആനുകൂല്യങ്ങൾ 498 കോടി രൂപയുടെ അധികച്ചെലവുണ്ടാക്കുന്നുണ്ട്. ഈ അധികച്ചെലവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| റവന്യൂ വരുമാനം | :1,28,375 കോടി രൂപ |
| റവന്യൂ ചെലവ് | :1,45,256 കോടി രൂപ |
| റവന്യൂ കമ്മി | :16,910 കോടി രൂപ |
| മൂലധനച്ചെലവ് (തനി) | :12,546 കോടി രൂപ |

| | |
|---|---|
| വായ്പകളും മുൻകൂറുകളും (തനി) | : (-)1,241 കോടി രൂപ പൊതുകടം |
| (തനി) | : 24,419 കോടി രൂപ |
| പൊതുക്കണക്ക് (തനി) | :6,250 കോടിരൂപ |
| ആകെ കമ്മി | : (-)27 കോടി രൂപ |
| വർഷാരംഭ രൊക്ക ബാക്കി | : 124 കോടി രൂപ |
| വർഷാന്ത്യ രൊക്ക ബാക്കി | : (-)151 കോടി രൂപ |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | : 1,164 കോടി രൂപ |
| നികുതിയിളവുകൾ | : (-)191 കോടി രൂപ |
| അധിക വിഭവ സമാഹരണം | : 200 കോടി രൂപ |
| വർഷാന്ത്യ രൊക്ക ബാക്കി | :(-)1,306 കോടി രൂപ |

ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധികച്ചെലവ്:(-)498 കോടി രൂപ

| | |
|---|---|
| വർഷാന്ത്യ രൊക്ക ബാക്കി | : (-) 1804 കോടി രൂപ |

സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാത്തതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് തദ്ദേശസ്വയംഭരണ വകുപ്പ് പരിഹരിക്കും. ചലഞ്ച് ഫണ്ട് മലപ്പുറത്തും മറ്റും കിട്ടാത്തതിനെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി തന്നാൽ അതിന് മറുപടി നൽകും, ആ പ്രശ്നം കൃത്യമായി പരിഹരിക്കും. അതിനുള്ള നടപടിക്രമങ്ങളൊക്കെ ലഘൂകരിച്ചിട്ടുണ്ട്. അവിടെ ശ്മശാനം കടലെടുത്ത് പോകുന്നു എന്നുള്ള കാര്യവും ഉന്നയിച്ചു. എന്താണ് തടസ്സമെന്ന് നോക്കി അടിയന്തരമായി അത് പരിഹരിക്കാം. കേരള വാട്ടർ അതോറിറ്റിയുടെ അരിയേഴ്സിന്റെ ഒരു ഭാഗം ബഡ്ജറ്റിൽനിന്ന് കൊടുക്കുന്നതിന് ഏർപ്പാടുണ്ടാക്കുന്നതാണ്. ബഡ്ജറ്റ് സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> വോട്ടിംഗ് ഇല്ല. വോട്ട് ഓൺ അക്കൗണ്ടാണുള്ളത്.

ഓർഡർ.... ഓർഡർ..... ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം.

# IX. പ്രമേയം

ചട്ടം 236 (2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ അവസാനം ധനാഭ്യർത്ഥനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കും റിപ്പോർട്ടിനുംവേണ്ടി അയയ്ക്കപ്പെടുമെന്നും ചട്ടം 236-ന്റെ (2)-ാം ഉപചട്ടപ്രകാരം പൊതുചർച്ച അവസാനിച്ച തീയതി മുതൽ നാലാഴ്ചയിൽ കവിയാത്ത കാലാവധിക്കുള്ളിൽ സബ്ജക്ട് കമ്മിറ്റികൾ എല്ലാ ധനാഭ്യർത്ഥനകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭരണഘടന വ്യവസ്ഥയനുസരിച്ച് കാലാവധി പൂർത്തിയാക്കി പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം അടുത്ത നിയമസഭയിൽ രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകളുടെ പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

വ്യവസായവും സ്പോർട്സും യുവവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.)

## അനുബന്ധം

(1) ആദിവാസി ഭൂമി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടി

1993-ലെ കേരള ഭൂമി പതിവ് (1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്നത് ക്രമീകരിച്ചുനൽകൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടിക വർഗ്ഗക്കാർ കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ടും പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് സുപ്രീംകോടതിയുടെ അനുമതി ലഭിച്ച 19,000 ഏക്കർ നിക്ഷിപ്ത വനഭൂമി നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് സമിതി രൂപീകരിച്ചുകൊണ്ടും 27-4-2017-ലെ സ.ഉ.(സാധാ) നമ്പർ 2023/2017/റവ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടിക വർഗ്ഗവിഭാഗത്തിന് 1-1-1977-ന് മുമ്പുള്ള വനഭൂമി കൈമാറ്റത്തിന് കൈവശരേഖ നൽകിക്കൊണ്ടിരുന്നതിന് പകരം പട്ടയം നൽകി വരുന്നുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവരംഗങ്ങളായ സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി 15-5-2017, 15-6-2017 തീയതികളിൽ യോഗം ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്ത് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

പെരിഞ്ചാംകുട്ടിയിൽനിന്നും കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്)- നെ ചുമതലപ്പെടുത്തി.

ആദിവാസി വിഭാഗങ്ങളുടെ പുനരധിവാസത്തിനായി, സുപ്രീംകോടതിയുടെ അനുമതി ലഭിച്ച 19,000 ഏക്കർ വനഭൂമിയിൽ ശേഷിക്കുന്ന ഭൂമിയുടെയും ഭൂരഹിത പട്ടികവർഗ്ഗക്കാരുടെയും ജില്ല തിരിച്ചുള്ള റിപ്പോർട്ട് ബന്ധപ്പെട്ട അഞ്ച് ജില്ലകളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 8-9-2016-ലെ വിധി നടപ്പിലാക്കുന്നതിലേയ്ക്കായി ഭൂരഹിത പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിന് കേന്ദ്ര സർക്കാരിന്റെ സ്റ്റേജ് I&II ക്ലിയറൻസ് ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെട്ട നെല്ലിയാമ്പതിയിൽ ഓറഞ്ച് & വെജിറ്റബിൾ ഫാം നടത്തിവരുന്ന ഭൂമി റവന്യൂ വകുപ്പിന് കൈമാറുകയോ പ്രസ്തുത ഭൂമി നൽകുവാൻ കഴിയില്ലെങ്കിൽ കൃഷി വകുപ്പ് പകരം ഭൂമി റവന്യൂ വകുപ്പിന് നൽകുകയോ ചെയ്യണം. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമുണ്ടാകുന്നതുവരെ ഫാമിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി നിർത്തിവയ്ക്കേണ്ടതാണ്.

പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള തീവ്രശ്രമം ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ച നിക്ഷിപ്ത വനഭൂമി സർവ്വെ ചെയ്ത് കണ്ടെത്തുന്നതിന് ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ തഹസീൽദാർ (എൽ.ആർ.), ഫോറസ്റ്റ് റെയ്ഞ്ചർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, സർവ്വേയർ എന്നിവരടങ്ങുന്ന സ്പെഷ്യൽ ടീമിനെ നിയോഗിക്കേണ്ടതാണ്. അപ്രകാരം കണ്ടെത്തുന്ന ഭൂമി അർഹരായ ആദിവാസികൾക്ക് പതിച്ചുനൽകേണ്ടതുമാണ്. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടി നടന്നുവരികയാണ്.

ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുട്ടി തേക്ക് പ്ലാന്റേഷനിൽനിന്നും കുടിയിറക്കപ്പെട്ട 158 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി അവരുടെ അർഹത പരിശോധിച്ച് ഒരേക്കർ എന്ന പരിധിക്ക് വിധേയമായി പെരിഞ്ചാംകുട്ടിയിൽ ഭൂമി അനുവദിക്കുന്നതിന് ഉത്തരവ് നൽകി. എന്നാൽ അപ്രകാരം ഭൂമി നൽകുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ചില തടസ്സങ്ങൾ നേരിട്ടത് പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 16.08.2019 ൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ മുഖാന്തരം ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. നിക്ഷിപ്ത വനഭൂമി വിതരണം സംബന്ധിച്ച് ബന്ധപ്പെട്ട കളക്ടറേറ്റ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 28.11.2019-ൽ യോഗം ചേരുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് വിശദമായ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നൽകിവരികയാണ്. പാലക്കാട് ജില്ലയിൽ 4361.3027 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നു. അതിൽ 2686 കുടുംബത്തിനു 879.44 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 203.64 ഹെക്ടറിനു കേന്ദ്രാനുമതി ലഭിച്ചതിൽ 62 പേർക്ക് 40.38 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 3008.08 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്, 1608 കുടുംബങ്ങൾക്ക് 1117.89 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 83 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കാസർഗോഡ് 37.20 ഹെക്ടറിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 150 കുടുംബങ്ങൾക്ക് 30.36 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ കൈവശംവച്ചു വരുന്ന കൃഷി ഭൂമി ഉൾപ്പെടെയുള്ള സർക്കാർ പുറംപോക്ക് ഭൂമിക്ക് മറ്റ് വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പട്ടയം നൽകുന്നതുപോലെ തന്നെ പട്ടയം നൽകിവരുന്നുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കരിമണ്ണൂരിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടെ കൈവശം വച്ചിരുന്ന വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകുന്നതിന് സ.ഉ.(സാധാ)നമ്പർ 2019/2020 റവന്യൂ തീയതി 2-6-2020 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിമണ്ണൂരിൽ ഭൂമി കൈവശം വച്ചുതാമസിച്ചുവരുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട 313 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്കും ഉടൻ തന്നെ പട്ടയം നൽകാൻ കഴിയുന്നതാണ്. അതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരികയാണ്. അതുപോലെ ഇടുക്കി, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടെ കൈവശം വച്ചിരിക്കുന്ന വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള ഭൂമി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകുന്നതിന് സ.ഉ.(സാധാ)നമ്പർ 2020/2020/റവ, തീയതി 2-6-2020 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി നടന്നുവരികയുമാണ്.

2. താലൂക്ക് രൂപീകരണം സംബന്ധിച്ച ശ്രീ. പി. ഉബൈദുള്ളയുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടി.

മലപ്പുറം ജില്ലാ ആസ്ഥാനവും മലപ്പുറം മുനിസിപ്പാലിറ്റിയും നിലവിൽ ഏറനാട് താലൂക്കിലാണ് സ്ഥിതി ചെയ്യുന്നത്. മലപ്പുറം ജില്ലാ ആസ്ഥാനത്തുനിന്ന് ഏറനാട് താലൂക്കിലേയ്ക്ക് ഏകദേശം 15 കിലോമീറ്റർ ദൂരമുണ്ട്. ഏറനാട് താലൂക്കിൽ 23 വില്ലേജുകളാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം ഏറനാട് താലൂക്കിലെ ജനസംഖ്യ 9,10,978 ആണ്. 2011-ലെ സെൻസസ് പ്രകാരം മലപ്പുറം മുനിസിപ്പാലിറ്റിയിൽ മാത്രമായി 1,01,386 പേർ അധിവസിക്കുന്നുണ്ട്. ഏറനാട് താലൂക്കിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ താലൂക്കിൽ 24 വില്ലേജുകളാണുള്ളത്. പെരിന്തൽമണ്ണ താലൂക്കിലെ ജനസംഖ്യ 6,06,396 ആണ്. കേരളത്തിലെ മറ്റ് ജില്ലകളിലെ താലൂക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മലപ്പുറം ജില്ലയിലെ താലൂക്കുകളിൽ ജനസംഖ്യ വളരെ കൂടുതലാണ്. ആയതിനാൽ

ഏറനാട് താലൂക്കിലെ മലപ്പുറം മുനിസിപ്പാലിറ്റിയും ആയതിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഏറനാട്, പെരിന്തൽമണ്ണ, തിരൂർ താലൂക്കുകളിലെ ഏതാനും വില്ലേജുകളും ചേർത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും സർക്കാർ സേവനങ്ങൾ വളരെവേഗം ജനങ്ങളിൽ എത്തുന്നതിനും വളരെയേറെ സഹായകരമാകുമെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനഃനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഡാറ്റ ലഭ്യമാക്കുന്നതിനുള്ള നടപടികളും അതുകൂടാതെ എല്ലാ ജില്ലകളിൽ നിന്നും എല്ലാ വില്ലേജുകളുടെയും സർക്കാർ ഭൂമിയുടെയും ഭൂമി ഉടമകളുടെയും കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, ആകെയുള്ള ഭൂവുടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും എണ്ണം, 2011-ലെ ജനസംഖ്യാ നിരക്ക് എന്നീ വിവരങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടീമിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---